# കാർഷിക സംസ്കൃതിയും മലയാള സാഹിത്യവും



എഡിറ്റർ

**ജോസ് കെ. മാനുവൽ**

**ഡോ. ജോസ് കെ. മാനുവൽ**

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്ക് സ്വദേശി. മദിരാശി സർവകലാശാലയിൽനിന്ന് എം.എ., എം.ഫിൽ., പിഎച്ച്.ഡി. ബിരുദങ്ങൾ. മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിന്ന് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്. കൃതികൾ: തിരക്കഥാരചന കഥയും സിദ്ധാന്തവും, സിനിമയുടെ പാഠങ്ങൾ: വികലനവും വീക്ഷണവും, സിനിമയിലെ ശരീരഭാഷ: ഒരു രസാനുഭവ സിദ്ധാന്തപഠനം, നാടകവും സിനിമയും: ഒരു താരതമ്യ വിശകലനം, കഥയും തിരക്കഥയും, മലയാളഭാഷയും സാഹിത്യവും, തിരക്കഥാ സാഹിത്യം: സൗന്ദര്യവും പ്രസക്തിയും, ന്യൂജനറേഷൻ സിനിമ, സൈബർ ആധുനികത @ മലയാളം (പഠനങ്ങൾ) അഭിലോഷിക, യഹൂര - ഒരു കമ്യൂണിസ്റ്റിന്റെ കഥ (നോവലുകൾ) കാലത്തിനൊപ്പം ഒരു പെൺകുട്ടി, കഥയ്ക്കുമുകളിലൂടെ ഡൈവു ചെയ്ത് കഥാകൃത്ത്, ഹർത്താൽ ഒരു കേരളീയോത്സവം (ചെറുകഥാസമാഹാരങ്ങൾ). നവമാധ്യമങ്ങൾ: ഭാഷ സാഹിത്യം സംസ്കാരം, ബൈബിളും മലയാളസാഹിത്യവും, മാറുന്ന മലയാള സിനിമ: ഭാഷ സംസ്കാരം സമൂഹം, അന്വേഷണം പഠനം ഗവേഷണം, സൈബർ ആധുനികത: സംവാദം സംസ്കാരം സംലയനം (എഡിറ്റർ), മികച്ച ചലച്ചിത്രഗ്രന്ഥത്തിനുള്ള കേരളസംസ്ഥാന ചലച്ചിത്ര അവാർഡും (2003, 2010) ഫിലിം ക്രിട്ടിക്സ് അവാർഡും (2003, 2005) ലഭിച്ചിട്ടുണ്ട്. സാംസ്കാരിക സഹകരണസമിതി യുടെ മികച്ച വൈജ്ഞാനിക ഗ്രന്ഥത്തിനുള്ള അവാർഡ്, പൊൻകുന്നം വർക്കി കഥാ അവാർഡ്, തകഴി കഥാ അവാർഡ്, കാവ്യവേദി നോവൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. വിലാസം: അസോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം, ഫോൺ:9446924323 ഇ-മെയിൽ: kjosemanuel@gmail.com വെബ്സൈറ്റ്: www.josekmanuel.in.

ജോസ് കെ. മാനുവലിന്റെ പുസ്തകങ്ങൾ
ഇ-ബുക്കായി വായിക്കുവാൻ സ്കാൻ ചെയ്യുക.

# കാർഷികസംസ്കൃതിയും മലയാളസാഹിത്യവും

*എഡിറ്റർ*

**ഡോ. ജോസ് കെ. മാനുവൽ**

**സ്കൂൾ ഓഫ് ലെറ്റേഴ്സ്**

**&**

**പ്രിന്റിംഗ് & പബ്ലീഷിംഗ് വിഭാഗം**

**മഹാത്മാഗാന്ധി സർവ്വകലാശാല**

കോട്ടയം

Malayalam Language
**Karshika Samskruthiyum Malayalasahithyavam**

Edited by **Dr. Jose K. Manuel**

Published by **School of Letters** in association with
**Department of Printing & Publishing**
**Mahatma Gandhi University**, Kottayam

Rights Reserved
First Published - November 2020

No part of this publication may be reproduced or transmitted in any form or by any means without prior written permission of the publishers

ISBN: 978 - 93 - 80419 - 51 - 0

Price : **₹ 300**

## ഉള്ളടക്കം

**കാർഷിക സംസ്കൃതിയുടെ കേരളപ്പെരുമ**
ഡോ. ജോസ് കെ. മാനുവൽ ...11

1. **കൃഷി ഭക്ഷണം സംസ്കാരം- സാഹിതീയതയുടെ അറിവടയാളങ്ങൾ**
ഡോ. സി. ഗണേഷ്...15

2. **കേരളീയ കാർഷിക സംസ്കൃതിയുടെ ശാസ്ത്രീയ അടിവേരുകൾ**
ഡോ. ഇന്ദുലേഖ കാവിള ...37

3. **കുട്ടനാട്ടിലെ പണിയാളർ : സാഹിത്യവും സംസ്കാരവും**
ഡോ. ആർ. ഗീതാദേവി ...43

4. **തിണപരികല്പന നോവലിൽ:രണ്ടിടങ്ങഴി, വിഷകന്യക, മണ്ണിന്റെ മാറിൽ-ഒരു പുനർവായന**
ഡോ. കെ. ശിശുപാലൻ ...57

5. **പൗരാണിക ഭാരതത്തിലെ കൃഷിവിജ്ഞാനീയം വരാഹമിഹരന്റെ ബൃഹത്സംഹിതയിൽ**
ഡോ.ആനന്ദ് ദിലീപ് രാജ് ...76

6. **പാടം പൂജ**
ഡോ. ബിജുലാൽ എം.വി. ...82

7. **മുതുവാൻ ജനതയുടെ കാർക്ഷിക പൈതൃകം: ഒരു നരവംശ ശാസ്ത്ര വിശകലനം**
ഡോ.കെ.എസ് പ്രദീപ് കുമാർ ...88

8. **ചെറുവയൽ രാമൻ: വിത്തിന്റെ കാവലാൾ**
ഡോ. ഉമൈബാൻ പി എ ...98

9. **കാർഷിക സംസ്കാരം നാടൻ കലകളിൽ**
ഡോ. ബിന്ദു എ. സി. ...107

10. **മധ്യകാല സാഹിത്യങ്ങളിലെ കാർഷിക ചരിത്രം**
ഡോ. ടി. മധു...119

11. **ജീവതയുടെ കൃഷിപാഠം**
ഡോ.ആർ.രാജേഷ്...127

12. **പ്രകൃതി, കൃഷി, ജീവനം - പാലാക്കവിതയിൽ**
ഡോ. സിബി കുര്യൻ ...141

13. **തിരക്കാഴ്ചയിലെ കൃഷിപാഠങ്ങൾ**
സിദ്ധാർത്ഥ ശിവപ്രസാദ് ...147

14. **വൈലോപ്പിള്ളി കവിതകളിലെ കാർഷിക സംസ്കാരം**
ഡോ. രേണു ...155

15. **നമ്മുടെ അടുക്കളത്തോട്ടം തിരിച്ചുപിടിക്കുക**
സജിനി ഡീനാ മാത്യു ...164

16. **'കാവ് എന്ന തനതിടത്തിന്റെ നവീകരണ വീക്ഷണങ്ങൾ'**
ശിവദത്ത് എം. കെ ...171

17. **നാട്ടുചന്തകളുടെ വർത്തമാനവും പ്രാദേശിക സംസ്കാരത്തിന്റെ പരിണാമവും**
മഞ്ജു പി. ...176

18. **കാർഷിക സംസ്കൃതിയുടെ അടയാളപ്പെടുത്തലുകൾ ഒ.എൻ.വി കവിതകളിൽ**
അനഘ വി. യു ...185

19. **ഫേസ്ബുക്ക് കാർഷിക കൂട്ടായ്മകളുംപുത്തൻ കൃഷി കാഴ്ചകളും**
മീര മുരളീധരൻ ...193

20. **കാർഷിക സംസ്കൃതിയും ചെറുകഥാഖ്യാനവും**
സൂര്യ ശ്രീധരൻ ....198

21. **പാരിസ്ഥിതികാവബോധം പഴഞ്ചൊല്ലുകളിൽ**
വിശാൽ ജോൺസൺ ...207

22. **നെല്ലിലെ തിണയിടങ്ങൾ – പാരിസ്ഥിതിക അവബോധത്തിന്റെ ദ്രാവിഡ മുഖം**
പ്രഹേഷ് ടി.പി. ...212

23. **കരിമ്പുകൃഷിയുടെ നാട്ടറിവുകൾ**
ഷീന ജി ...223

24. **ഭക്ഷണസംസ്കൃതിയും നാട്ടറിവുകളും**
ആർഷ സി. ജെ. ...229

25. **'കയറി'ലെ ഫോക്‌ലോറുകൾ**
ഗായത്രി എസ്. ജി. ...234

26. **ഗോത്രകാർഷികസംസ്കൃതി നാരായന്റെ നോവലുകളിൽ**
ബിന്ദു. ജെ. പി. ...241

27. **കാർഷിക സമൂഹങ്ങളുടെ പാരിസ്ഥിതിക വീക്ഷണം**
സി.കെ. സുജിത്കുമാർ ...247

28. **സാഹിത്യലോകം കാർഷിക സംസ്കൃതിൽ ചെലുത്തിയ സ്വാധീനം**
സ്വാതി കൃഷ്ണ ആർ. ...258

29. **കാർഷിക സംസ്ക്കാരവും ഫോക്‌ലോറും**
സിനീഷ് വേലിക്കുനി ...265

30. **കൃഷിയടയാളങ്ങൾ മലയാള ചലച്ചിത്രഗാനങ്ങളിൽ**
സ്നേഹ ജോസ് ...271

31. **'അമ്മക്കിളി'യിലെ ഹരിതദർശനം :**
അനൂപ് കെ. ആർ. ...279

# കാർഷികസംസ്കൃതിയുടെ കേരളപ്പെരുമ

വർത്തമാനകാലം സൈബർ ആധുനികതയുടേതാണ്. ഇന്റർനെറ്റ് വ്യവഹാരങ്ങളുടെ അനന്തമായ സാധ്യതയിലൂടെ ആഗോള സമൂഹം പരസ്പരാശയ വിനിമയത്തിനുള്ളിൽ നിൽക്കുകയാണ്. ആഗോള വിപണി, ആഗോളാടിസ്ഥാനത്തിലുള്ള സൈബർഭാഷ, സൈബർ സംസ്കാരം തുടങ്ങിയവയെല്ലാം പ്രാദേശിക സമൂഹങ്ങളെയും ഭാഷകളെയും സംസ്കാരങ്ങളെയും ഇല്ലാതാക്കുന്ന അവസ്ഥ സ്വാഭാവികതയോടെ സംഭവിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യരാശിയുടെ സൗന്ദര്യാത്മകമായ നിലനിൽപിന്റെയും ലാവണ്യാനുഭവങ്ങളുടെയും അടിസ്ഥാനം ആചാരം, വിശ്വാസം, കല, സാഹിത്യം, ഭക്ഷണം, വസ്ത്രം, ഭാഷ തുടങ്ങിയവയിലെ വൈവിധ്യമാണ്. ഈ തിരിച്ചറിവ് പ്രാദേശിക ഭാഷകൾക്കും സംസ്കാരത്തിനും നിലനിൽപിന്റേതായ പുത്തൻ അന്തരീക്ഷം സൃഷ്ടിച്ചു.

ആധുനികത (Modernism) നഗരവത്ക്കരണ സംസ്കാരത്തിന് കാരണമായെങ്കിൽ ഉത്തരാധുനികത (Postmodernism) ആഗോളീകരണത്തിന് കാരണമായി. ആഗോളീകരണത്തിന്റെ തീക്ഷ്ണമായ അന്തരീക്ഷമാണ് സൈബർ ആധുനികതയിൽ കാണുവാൻ കഴിയുന്നത്. എന്നാൽ സൈബർ ആധുനികതയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി പുത്തൻ രീതിയിലൂള്ള ആഗോള - പ്രാദേശീകരണം (Global - Localization) അനിവാര്യതപോലെ സംഭവിച്ചു. ആധുനികതയ്ക്ക് മുമ്പ് നിലനിന്നിരുന്ന പ്രാദേശീകരണത്തിന്റെ (Localization) സ്വഭാവവും ആഗോളീകരണത്തിന്റെ (Globalization) സവിശേഷമായ രീതിയും സമ്മേളിച്ചാണ് ആഗോളപ്രാദേശീകരണത്തിന്റെ (Glocalization) പിറവി.

സൈബർ സാധ്യതയും വ്യാപ്തിയുമാണ് ഗ്ലോക്കലൈസേഷന്റെ സ്വഭാവം നിർണയിക്കുന്നത്.

ഓൺലൈൻ വിപണികൾ ആഗോളീകരണത്തിന്റെ തീക്ഷ്ണതയാണ് കാണിക്കുന്നതെങ്കിലും ആ വിപണിയിലൂടെ പ്രാദേശികമായി നിർമ്മിക്കുന്ന വസ്തുക്കൾ വരെ ആഗോളവ്യാപകമായി വ്യാപാരം ചെയ്യുവാൻ കഴിയുന്നു. ഫെയ്സ്ബുക്ക്, യൂട്യൂബ്, ടെലഗ്രാം, വിക്കിപീഡിയ തുടങ്ങിയുള്ള സൈബർ ഇടങ്ങൾ പ്രാദേശിക കലകളുടെയും സാഹിത്യത്തിന്റെയും അറിവുകളുടെയും ആഗോളാടിസ്ഥാനത്തിലുള്ള പ്രചാരത്തിന് കാരണമാകുന്നു. രേഖപ്പെടുത്തിയേടുക്കുന്ന ആഘോഷങ്ങൾ, ഉത്സവങ്ങൾ, പാചകകുറിപ്പുകൾ, നാട്ടറിവുകൾ, നാട്ടുവൈദ്യം തുടങ്ങിയവയ്ക്ക് നിലനിൽപിന്റെയും ഒപ്പം ആഗോളാടിസ്ഥാനത്തിലുള്ള വ്യാപനത്തിന്റെയും മണ്ഡലം തുറന്നുകൊടുത്തു. വൈവിദ്ധ്യങ്ങൾ അറിയാനും അനുഭവിക്കാനുമുള്ള ഇടമായി നവമാധ്യങ്ങൾ മാറുന്നത് ഈ കാലഘട്ടത്തിന്റെ സവിശേഷതയാണ്. കേരള സംസ്കാരത്തെപറ്റിയുള്ള വിശേഷിച്ച് കേരളീയ കൃഷിയറിവുകളെയും കാർഷികജീവിതത്തെയും സാഹിത്യത്തിൽ അടയാളപ്പെടുത്തിയതിന്റെ സ്വഭാവം അന്വേഷിക്കുന്ന മുപ്പത്തിയൊന്ന് പ്രബന്ധങ്ങളുടെ സമാഹാരമാണ് *കാർഷിക സംസ്കൃതിയും മലയാളസാഹിത്യ*വുമെന്ന ഗ്രന്ഥം.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിൽവെച്ച് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആൻഡ് സസ്റ്റൈനബിൾ അഗ്രിക്കൾച്ചറുമായി (IUCOFSA) ചേർന്ന് 2020 ഫെബ്രുവരി 12,13,14 തീയതികളിൽ നടത്തിയ ദേശീയസെമിനാറിലെ തിരഞ്ഞെടുത്ത പ്രബന്ധങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. കേരളത്തിന് തനതായ ഒരു കൃഷിരീതിയും അതിനോട് ബന്ധപ്പെട്ടുനിൽക്കുന്ന നാട്ടറിവുകളും, കലകളും സാഹിത്യവുമുണ്ട്. വ്യവസായിക മുന്നേറ്റത്തിൽ അധിഷ്ഠിതമായ പുത്തൻ വികസനരീതികൾ കേരളത്തിന്റെ വൈവിദ്ധ്യമുള്ള കൃഷിരീതിയെ നാശത്തിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്നു. പരമ്പരാഗതകൃഷിയുടെയും അനുബന്ധമേഖലകളുടെയും നാശം, നാട്ടറിവുകളുടെയും, നാട്ടുവൈദ്യത്തിന്റെയും, പ്രദേശിക ഭക്ഷണത്തിന്റെയും രുചിയറിവുകളുടെയും നാശത്തിന് കാരണമായി. കൃഷിയുമായി ബന്ധപ്പെട്ട നിരവധി പ്രാദേശികാഘോഷങ്ങൾ, പാട്ടുകൾ, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയവയും നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ നവമാധ്യമകേന്ദ്രീകൃതമായി ആഗോളാടിസ്ഥാനത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾക്കിടയിൽ നമ്മുടെ കാർഷിക ചരിത്രത്തെയും സംസ്കാരത്തെയും പുതുതലമുറയ്ക്ക് മനസ്സിലാക്കികൊടു

ക്കുകയെന്ന ലക്ഷ്യത്തോടെയാണ് സെമിനാർ സംഘടിപ്പിച്ചത്. 1950 കളിൽ ശക്തമായി തുടങ്ങിയ കോളനീകരണത്തിന്റെ നല്ലതല്ലാത്ത അനുഭവങ്ങളിൽ നിന്നും പുറത്തുവരുവാൻ മൂന്നാം ലോകരാഷ്ട്രങ്ങൾ നാട്ടറിവുകളിലേയ്ക്കും നാട്ടുസംസ്കാരത്തിലേയ്ക്കും തിരിച്ചുവന്നുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഇത്തരത്തിലുള്ള പഠനങ്ങൾക്ക് പ്രസക്തി ഏറെയാണ്.

കേരളത്തിലെ വിവിധ സർവ്വകലാശാലകളിലെയും കോളേജുകളിലേയും അധ്യാപകരും ഗവേഷകരും പങ്കെടുത്ത സെമിനാറിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് ബഹുമാനപ്പെട്ട വൈസ് ചാൻസലർ പ്രൊഫ. ഡോ. സാബു തോമസാണ്. ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം മുന്നോട്ടുവച്ച ചില ആശയങ്ങൾ ശ്രദ്ധേയമാണ്. 'ശാസ്ത്രത്തിന്റെയും അനുബന്ധമേഖലകളുടെയും പുരോഗതിക്ക് വൈവിധ്യമുള്ള സംസ്കാരവും ആ സംസ്കാരത്തെ ഊഷ്മളമാക്കുന്ന ബൗദ്ധികവും കായികവുമായ പ്രവർത്തനങ്ങളും ആവശ്യമാണ്. മനുഷ്യരാശിയുടെ നിലനിൽപ് ഉത്പാദനത്തിൽ അധിഷ്ഠിതമാണ്. നല്ല പരിസ്ഥിതിയിൽ നിന്ന് മാത്രമേ നല്ല ഉത്പന്നങ്ങൾ ഉണ്ടാവുകയുള്ളു. വിഷരഹിതമായ വിളകളും ഭക്ഷണവും ഒരു സമൂഹത്തിന്റെ വളർച്ചയ്ക്ക് അടിസ്ഥാനമാണ്. അതുപോലെ വൈവിധ്യമുള്ള ചെടികളും സസ്യങ്ങളും ഔഷധനിർമ്മാണത്തിന് ഒഴിച്ചുകൂടാനാവാത്തതാണ്. കൃഷിയും അനുബന്ധ മേഖലകളും ശാസ്ത്രത്തെയും ശാസ്ത്രം കൃഷിമേഖലകളേയും പരിഗണിച്ച് പരസ്പരബന്ധത്തോടെ പ്രവർത്തിച്ചാൽ രണ്ട് മേഖലകളിലും അത്ഭുതങ്ങൾ തന്നെ സംഭവിക്കും. കേരളത്തിന്റെ കൃഷികളിലും സസ്യസമ്പത്തിലുമുള്ള വൈവിധ്യം തിരിച്ചറിഞ്ഞ് സംരക്ഷിക്കുവാനുള്ള ചുമതല നമ്മൾക്കോരോരുത്തർക്കുമുണ്ട്.'

സെമിനാറിന്റെ ഉദ്ഘാടനത്തിൽ മുഖ്യപ്രഭാഷണം നടത്തിയത് കെ.വി. ദയാലാണ്. അദ്ദേഹത്തിന്റെ വാക്കുകൾ നാട്ടറിവുകളുടെയും പ്രാദേശികമായ കൃഷിയറിവുകളുടെയും പ്രാദേശിക സംസ്കാരത്തിന്റെയും പ്രസക്തി വ്യക്തമാക്കുന്നതായിരുന്നു. 'പുതുമ നമ്മൾക്ക് ആവശ്യമാണ്. പുതുമയുടെ മോടിയിൽ പരമ്പരാഗത സംസ്കാരത്തെ പിൻതള്ളുന്ന സമൂഹങ്ങൾ പലപ്പോഴും ഒരു ഘട്ടം കഴിയുമ്പോൾ എന്തുചെയ്യണമെന്നറിയാതെ പതറിനിൽക്കുന്ന കാഴ്ചയാണുള്ളത്. ചരിത്രത്തെപ്പറ്റി അഥവാ ഒരു സമൂഹം നൂറ്റാണ്ടുകളിലൂടെ വളർത്തിയെടുത്ത അറിവുകളെപറ്റി അറിയണം. അതിൽ ആ പ്രദേശത്തിന് അനുയോജ്യമായ കൃഷി, വൈദ്യം, ഭക്ഷണം തുടങ്ങിയവയെല്ലാമുണ്ട്. നല്ല അറിവിൽനിന്നാണ് നല്ലതും ചീത്തയും തിരിച്ചറിയാനാവുന്നത്. പാശ്ചാത്യചിന്തക

ളേയും പുതുമകളെയും നല്ലതുപോലെ പഠിക്കാതെ പിൻതുടരുന്നത് അപകടമാണ്. സർവ്വകലാശാലകൾ നമ്മുടെ കൃഷിയെയും സംസ്കാരത്തെയും പറ്റി വിശകലനം ചെയ്യുന്ന ഇത്തരം സെമിനാറുകൾ സംഘടിപ്പിക്കുന്നത് പുത്തൻ തിരിച്ചറിവിന്റെ ഭാഗമായി തന്നെയാണ്. ആ തിരിച്ചറിവ് നമ്മുടെ കേരളീയസംസ്കാരത്തിന്റെ നിലനിൽപിനും ദൃഢതയ്ക്കും കാരണമാകുകതന്നെ ചെയ്യും.'

സെമിനാറിൽ സംബന്ധിച്ച് പ്രബന്ധം അവതരിപ്പിച്ചവരും സംവാദത്തിൽ പങ്കെടുത്തുവരും ഊന്നിപ്പറഞ്ഞകാര്യം കേരളീയ കാർഷികരീതിയുടെ വൈവിദ്ധ്യങ്ങൾ നിറഞ്ഞ സവിശേഷതകളെ പറ്റിത്തന്നെയാണ്. ആ കാർഷിക രീതി മുന്നോട്ടുവച്ച സാധ്യതകൾ പലതരം അറിവുകളായി നമ്മൾക്കിടയിൽ ഇപ്പോഴും ഉണ്ട്. അത് നഷ്ടപ്പെടാതെ പരിപാലിക്കുവാനുള്ള ഉത്തരവാദിത്വം നമ്മൾക്കൊരോരുത്തർക്കും ഉണ്ട്. ഇതര മേഖലകളിലേയ്ക്ക് ജോലി തേടിപോകുന്നവർ കൃഷിയെയും കാർഷിക സംസ്കൃതിയേയും തിരസ്ക്കരിക്കാതിരിക്കുക. പ്രകൃതിയെയും പരിസ്ഥിതിയേയും സംരക്ഷിക്കുക. നാട്ടറിവുകളുടെയും രൂചിക്കൂട്ടുകളുടെയും വൈദ്വത്തിന്റെയും നല്ല വശങ്ങൾ ഉൾക്കൊള്ളുക. ശുദ്ധവായുവും ശുദ്ധജലവും നല്ല ഭക്ഷണവും ആരോഗ്യമുള്ള സമൂഹത്തിന്റെ വളർച്ചയ്ക്കും നിലനിൽപിനും ആവശ്യമാണ്. ഇതെല്ലാം നമ്മൾക്കുള്ളതാണ്. മറ്റ് സംസ്കാരങ്ങളുടെയും അറിവുകളുടെയും അധിനിവേശത്തിൽ ഇവയെല്ലാം നഷ്ടപെടാതെ കരുതലോടെ ഇരിക്കാനുള്ള ജാഗ്രത നമ്മൾക്കാവശ്യമാണ്. സെമിനാർ ഇത്തരത്തിലുള്ള ചിന്തകളാലും ഓർമ്മപ്പെടുത്തലുകളാലും സജീവമായിരുന്നു.

സെമിനാറിന്റെ വിജയത്തിനായി പ്രവർത്തിച്ചവർ ഏറെപേരുണ്ട്. സ്കൂൾ ഓഫ് ലെറ്റേഴ്സിലെ സഹപ്രർത്തകർ, വിദ്യാർത്ഥികൾ, ഗവേഷകർ എല്ലാവരെയും നന്ദിയോടെ ഓർമ്മിക്കുന്നു. സെമിനാറിൽ പങ്കെടുത്തവർ, ചർച്ചയിലും സംവാദത്തിലും സജീവമായവർ, പ്രബന്ധങ്ങൾ നൽകി സഹായിച്ചവർ എല്ലാവർക്കും സ്നേഹപൂർവ്വം നന്ദി.

**ജോസ് കെ. മാനുവൽ**

# കൃഷി ഭക്ഷണം സംസ്കാരം- സാഹിതീയതയുടെ അറിവടയാളങ്ങൾ

ഡോ. സി. ഗണേഷ്

പ്രബന്ധത്തിന് മൂന്ന് ഭാഗങ്ങളാണുള്ളത്. കൃഷിയും ഭക്ഷണവും എങ്ങനെയാണ് സംസ്കാരചരിത്രവുമായി ബന്ധപ്പെടുന്നതെന്ന് വിശദീകരിക്കുന്നതാണ് ആദ്യഭാഗം.അടുത്തഭാഗത്ത് സാഹിത്യത്തിലെ ഭക്ഷണ പ്രതിനിധാനങ്ങൾ അടയാളപ്പെടുത്തുന്നു. മൂന്നാം ഭാഗത്ത് സംസ്കാരചിഹ്നമായി വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികളിൽ ഭക്ഷണം പരിണമിക്കുന്നത് വിശദീകരിക്കുന്നു.കൃഷിയും ഭക്ഷണവും സംസ്കാരവും പരസ്പരപൂരകത്വത്തോടെ വളരുന്നത് നിരീക്ഷിക്കുന്നു.

**ഒന്ന്**

ഭക്ഷ്യയോഗ്യമായ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം ആരംഭിക്കുന്നതോടെയാണ് മനുഷ്യജീവിതം കാട്ടുജീവിതത്തിൽ നിന്ന് വിമുക്തി നേടുന്നതെന്ന നിരീക്ഷണം ഭക്ഷണത്തെ കൃഷിയുമായി ബന്ധിപ്പിക്കുന്നു. ഭക്ഷ്യവസ്തുക്കളുടെ കൃഷിയാണ് ആദിമകാലത്ത് മനുഷ്യനെ ഒരിടത്തു ജീവിക്കാൻ നിർബന്ധിച്ചതെന്ന് പറയാറുണ്ട്. മറ്റൊന്ന്, പച്ചയായ ഭക്ഷണത്തിൽ നിന്ന് ചുട്ടെടുത്തതോ, വേവിച്ചതോ ആയ ഭക്ഷണത്തിലേക്കുള്ള മാറ്റമാണ്. മനുഷ്യന്റെ പല്ലുകൾക്ക് കടിച്ചുമുറിക്കാൻ പറ്റാത്ത തീറ്റസാധനങ്ങളെ അഭിമുഖീകരിച്ചപ്പോഴാണ് ഭക്ഷണം മൃദുവാക്കുന്ന ഏർപ്പാട് ആരംഭിച്ചതെന്ന് പരിണാമവാദികളായ ജൈവശാസ്ത്രജ്ഞർ വിലയിരുത്തുന്നു.(മിടാനി, കാൾ, കാപ്പെലെർ 2012) ഏതായാലും തീയുടെ കണ്ടുപിടുത്തം ആദിമമനുഷ്യന്റെ ഭക്ഷണബോധത്തിന്റെ മാത്രമല്ല, രുചിചരിത്രത്തിലേയും ഒരു നാഴികക്കല്ലാണ്.

മനുഷ്യനിൽ അന്തർലീനമായ ജൈവചോദനയാണ് ഭക്ഷണം കഴിക്കേണ്ടതേതെന്നും വർജിക്കേണ്ടതേതെന്നുമുള്ള തിരിച്ചറി

വുണ്ടാക്കുന്നത്. സസ്യഭുക്ക്, മാംസഭുക്ക്, മിശ്രഭോജി തുടങ്ങിയ വിഭജനങ്ങൾ വാസ്തവത്തിൽ ഈ ചോദനകളെയാണ് വർഗ്ഗീകരിക്കുന്നത്. മൂന്നാമത്തെ വിഭാഗത്തിൽപെടുന്ന മനുഷ്യൻ രുചിബോധം നിർമ്മിച്ചെടുത്ത പ്രക്രിയ വളരെ സങ്കീർണമാണ്. സസ്യ-മാംസഭുക്കുകളെപ്പോലെ രേഖീയമല്ല, മനുഷ്യൻ എന്ന ജീവഗണത്തിന്റെ ഭക്ഷണരീതി. അത് എല്ലാറ്റിൽ നിന്നും, തെരഞ്ഞുപിടിച്ചുള്ള ചേർത്തെടുക്കലും ഒഴിവാക്കലുംപ്രയോഗിക്കുന്നു. വിവിധ ജീവിതഘട്ടങ്ങളിലെ അറിവനുഭവത്തിൽ നിന്നാവണം മനുഷ്യൻ സ്വകീയമായ ഭക്ഷണശൈലി സ്വന്തമാക്കിയിരിക്കുക. നാവ് എന്ന അവയവം ഭാഷണാവയവം മാത്രമല്ലെന്നും ഭക്ഷണാവയവം കൂടിയാണെന്നുള്ള തിരിച്ചറിവിന്റെ നിമിഷം മുതൽ ജൈവചോദനയെ പരിപാകപ്പെടുത്താനുള്ള ശ്രമം ആരംഭിക്കുന്നു.

പുരാതന ശിലായുഗത്തിൽ മനുഷ്യന്റെ പ്രധാന ആഹാരമാർഗം നായാട്ടും മീൻപിടുത്തവുമായിരുന്നെന്ന് നരവംശശാസ്ത്രം പറയുന്നു.(മാർക് കുർലൻസ്കി 2003) മാംസാഹാരത്തിന്റെ താരതമ്യേന എളുപ്പത്തിലുള്ള ലഭ്യതയും മനുഷ്യന്റെ ആക്രമണത്തിനുള്ള അടിസ്ഥാന ചോദനയുമാണ് ഇതിന് പ്രേരണയായത്. കാർഷികവ്യവസ്ഥിതിയുടെ അരങ്ങേറ്റം വരെയും ഭക്ഷണത്തിനായുള്ള ഈ പോരാട്ടം നിലനിന്നിരിക്കണം.

നായാട്ടുജീവിതത്തിൽ നിന്നുള്ള ഭക്ഷണത്തിന്റെ രുചിപരമായതും പടിപടിയായതുമായ മുന്നേറ്റം അതതു കാലജനതയുടെ പാരിസ്ഥിതികമായ അറിവിന്റെ സാക്ഷ്യപത്രമാണ്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള കൊടുക്കൽവാങ്ങലുകളാണ് വൈവിധ്യമാർന്ന ഭക്ഷണം സാദ്ധ്യമാക്കുന്നത്. എപ്രകാരമാണോ മനുഷ്യന്റെ അസ്തിത്വത്തെ, ഉണ്മയെ അവൻ സ്ഥാപിച്ചെടുക്കുന്നത്, അതിനനുസരണമായാണ് ഭക്ഷണം പാകം ചെയ്യപ്പെട്ടത്.(ലെവിസ്ട്രൗസ് 1994)

പാചകം ഭക്ഷണത്തെ ആസൂത്രിതമായ കർമ്മമാക്കിത്തീർത്തു. സ്ഥലം മാറിമാറി കൃഷി നടത്തുന്ന സഞ്ചരിക്കുന്ന ജനതയിൽ നിന്ന് സ്ഥിരവാസികളായ ജനതയുടെ പിറവിയിലൂടെ കടന്നുവന്ന ആധുനികശാസ്ത്രീയ മുന്നൊരുക്കമാണ് ഒരർത്ഥത്തിൽ പാചകം. വീടുകളുടെ ആരംത്തിലൂടെ വീട്ടുപാചകം നിർബന്ധപ്രതിഭാസമായി. വർദ്ധിച്ച കായികശേഷി ആവശ്യമില്ലാത്തതിനാൽ അത് സ്ത്രീകളുടെ സ്വാഭാവികമായ രംഗവേദിയായി. സ്ത്രീയും പുരുഷനും അവരവരുടേതായ മണ്ഡലങ്ങൾ നിർമ്മിച്ചെടുക്കുകയായിരുന്നു. വീട്ടിലെ നിത്യപാചകം സർവ്വസാധാരണമാണെങ്കിൽ അതിഥിപാചകമെന്ന മറ്റൊരു വിഭാഗവും വൈകാതെ ഉണ്ടായി. അത് അപരനെ സ്വീകരിക്കാനും സന്തോഷിപ്പി

ക്കാനുമായി നടത്തുന്ന ഭക്ഷണവിരുന്നായിരുന്നു. അതിഥിക്കായുള്ള പാചകങ്ങളിൽ സ്ത്രീയും പുരുഷനും പരസ്പരം സഹായിച്ചും തിരുത്തിയും വിശേഷപ്പെട്ട രുചിക്കായി അധ്വാനിച്ചു. ഇങ്ങനെ നിത്യപാചകത്തിന്റേയും അതിഥിപാചകത്തിന്റേയും ആചാരപദ്ധതികളുടേയും മൂല്യസംഹിതകളുടേയും ഭാഗമായി ഭക്ഷണം മാറുന്നതോടെയാണ് ജീവിതത്തിലെ സമസ്തമേഖലയേയും സ്പർശിച്ചു നിൽക്കാനുള്ള സാംസ്കാരികശേഷി അതിന് നേടാനാവുന്നത്. ഭക്ഷണത്തേയും പാചകത്തേയും ബന്ധപ്പെടുത്തിയുള്ള പഠനം പ്രകൃതിയിൽ നിന്നും സംസ്കാരത്തിലേക്കുള്ള പ്രയാണമായി ലെവിസ്ട്രൗസ് ചൂണ്ടിക്കാണിക്കാൻ കാരണമതാണ്.(1964) സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധത്തിന്റെ തുടക്കം ഭക്ഷണത്തിലൂടെയായിരുന്നുവെന്ന് ജൈവശാസ്ത്രജ്ഞനായ ഓവൻ ലൗജോയ് അനുമാനിക്കുന്നു. മനുഷ്യൻ കൈകൾ ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ ഭക്ഷണം കൊണ്ടുപോകുവാൻ കഴിഞ്ഞു. പുരുഷന്മാർ ഭക്ഷണം കൊണ്ടുക്കൊടുക്കാൻ പ്രാപ്തരായി. ഇത്തരത്തിൽ കാട്ടിൽ അലഞ്ഞ് ഭക്ഷണം കൊണ്ടുകൊടുക്കുവാൻ കഴിവുള്ള പുരുഷനെ സ്ത്രീ അംഗീകരിച്ചു. പുരുഷനെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡമായി അവന്റെ ഭക്ഷണം കൊണ്ടുവരാനുള്ള കഴിവ് വിലയിരുത്തപ്പെട്ടു. പുരുഷന്റെ കരുത്തിന്റെ പ്രതീകമായി അത് മാറി. സ്ത്രീയെ തീറ്റിപ്പോറ്റാനുള്ള പുരുഷന്റെ ഈ കഴിവിന് പ്രത്യുപകരാമായി സ്ത്രീ പുരുഷന് ലൈംഗികസുഖം പകർന്നുകൊടുക്കാൻ തയ്യാറായി. പുരുഷന്റെ അതിജീവനവൈഭവം അടുത്ത തലമുറയിലേക്ക് കൈമാറാൻ പ്രത്യുൽപാദനം സഹായകമായി. അതിജീവനം എന്നത് അന്ന് ഭക്ഷണകേന്ദ്രിതം മാത്രമായിരുന്നു.(ഓവൻ ലൗജോയ് 1981)

മനുഷ്യൻ ഇന്നു കാണുന്ന രീതിയിൽ ജീവിതക്രമം പടുത്തുയർത്തിയതെങ്ങനെയെന്ന് നരവംശശാസ്ത്രം വിശദീകരിക്കുന്നുണ്ട്. മനുഷ്യജീവിതത്തെ സ്വാധീനിച്ച ഘടകങ്ങളിൽ പ്രധാനപ്പെട്ടതാണ് കാട് എന്ന അവസ്ഥ. ആവാസവ്യവസ്ഥയിൽ ഒരു കണ്ണിയായിരിക്കുകയും വ്യവസ്ഥയുടെ അലകും പിടിയും നിർണയിക്കുകയും ചെയ്യുന്ന നേതൃസ്ഥാനം വഹിക്കുകയുമായിരുന്നു മനുഷ്യൻ ചെയ്യേണ്ടിയിരുന്നത്. വന്യമൃഗങ്ങൾക്കിടയിലുള്ള അവന്റെ ആവാസം ജീവിതസങ്കൽപങ്ങളിലും സ്വാധീനം ചെലുത്തി. നദികൾ മൂലമുള്ള ജലസമൃദ്ധിയും കാടിന്റെ ഏകാന്തതയും ഭീഷണമായ അന്തരീക്ഷവും എല്ലാം ചേർന്നാണ് കാനനജീവിതകാലത്തെ മനുഷ്യന്റെ ഭക്ഷണക്രമം നിർണയിച്ചത്. മൃഗങ്ങൾക്കും പക്ഷികൾക്കും സസ്യങ്ങൾക്കുമൊക്കെ മനുഷ്യൻ പേരു നൽകുന്നത് അവയെ രുചിച്ചുനോക്കിയാണ്. ചില മൃഗങ്ങളുടേയും പക്ഷികളുടേയും മാംസം ഭക്ഷ്യയോഗ്യമല്ലെന്ന് മനുഷ്യൻ നിശ്ചയിച്ചത് അവ

ഭക്ഷിച്ചുതന്നെയായിരിക്കുമല്ലോ. അനുഭവാത്മകമായ അറിവിൽ നിന്നും ലോകബോധം രൂപപ്പെടുത്തുകയായിരുന്നു മനുഷ്യൻ എന്നു സാരം. രുചിയിലധിഷ്ഠിതമായ ജൈവബോധം അതിന്റെ അടിത്തറയായി പ്രവർത്തിക്കുകയും ചെയ്തു.(ക്രിസ്റ്റീന കാമ്പെൽ 2012, റോബർട്ട് വെൽഷ്

റൊമീലാ ഥാപ്പർ, ഡി.ഡി. കൊസാമ്പി, ആർ.എസ്. ശർമ്മ തുടങ്ങിയ ചരിത്രകാരന്മാർ ഗോത്രവർക്ഷങ്ങളുടെ രൂപീകരണത്തിനു നിയാമകമായത് ഭക്ഷണമായിരുന്നുവെന്ന് സൂചിപ്പിക്കുന്നു.(ഥാപ്പർ 2003, കൊസാമ്പി 1997&1965, ശർമ 2007) വിഭിന്നാഭിപ്രായങ്ങളുണ്ടെങ്കിലും അതുൾക്കൊള്ളുന്ന ഭക്ഷണപ്രാധാന്യം മുൻനിർത്തി പരിശോധിക്കാം. ഗോത്രങ്ങളായി മനുഷ്യഗണം തിരിഞ്ഞത് രക്തബന്ധത്തിന്റെ മാത്രം ബലത്തിലായിരുന്നില്ല എന്നാണ് കൊസാമ്പിയുടെ പ്രധാന നിഗമനം. ഏത് ഭക്ഷണമാണ് സ്ഥിരമായി കഴിക്കുന്നത് എന്നത് അവർക്കിടയിൽ അഭിരുചിപരമായ സംഘങ്ങളെ ഉണ്ടാക്കി. ഇവ പിന്നീട് ഗോത്രങ്ങളായി പ്രവർത്തനമാരംഭിക്കുന്നു. സംഘത്തിലെ അംഗങ്ങൾക്കെല്ലാം ഒരേ ഭക്ഷണമാണ് ആവശ്യം എന്നതിനാൽ വേട്ടയാടൽ കാര്യത്തിൽ അവർക്ക് പൊതുലക്ഷ്യമുണ്ടായി. ഇത് പൊതുവായ വേട്ടയാടലിന് കാരണമായി. അതിനാൽ ഇത്തരം ഗോത്രക്കാർ ഏതെങ്കിലും ഒരു പക്ഷിയെ മാത്രം അല്ലെങ്കിൽ മൃഗത്തെ അല്ലെങ്കിൽ പഴം മാത്രം വേട്ടയാടുന്ന അവസ്ഥയിലേക്ക് മാറിയപ്പോൾ സ്വാഭാവികമായി ആ ഭക്ഷണം ഗോത്രചിഹ്നമായി (tottem) അറിയപ്പെട്ടു. തങ്ങളുടെ ഭക്ഷണത്തിന് സവിശേഷപദവി ലഭിക്കുന്നതോടെ അതിനെ അവർ ദിവ്യഭക്ഷണമായി (divine food) കണക്കാക്കിയപ്പോൾ അത് നിത്യവും ഭക്ഷിക്കുന്നത് ഒഴിവാക്കുകയും ചെയ്തു. പൂർവാധുനികവും ആധുനികവുമായ ലോകത്തെ തങ്ങളുടെ സങ്കീർണമായ സംഘർഷത്തിൽ നിന്നാവും ഇത്തരമൊരു പരിണാമം അവരുടെ ജീവിതത്തിന്റെ ഭാഗമായിത്തീർന്നിട്ടുണ്ടായിരിക്കുക. തങ്ങൾ സ്ഥിരമായി കഴിച്ചുകൊണ്ടിരുന്ന ഭക്ഷണത്തിന് എങ്ങനെയാണ് വിശുദ്ധപദവി നൽകാൻ മനസ്സു വന്നിരിക്കുക, ദിവ്യഭക്ഷണംപെട്ടെന്നൊരു നാൾ ഒഴിവാക്കുന്നതെങ്ങനെ തുടങ്ങിയ സന്ദേഹങ്ങൾ ഈ ചരിത്രനിഗമനത്തെ ചോദ്യം ചെയ്യുന്നുഎങ്കിൽത്തന്നെയും വനജീവിതത്തിൽ നിന്നും ഗോത്രജീവിതത്തിലേക്കും അവിടെ നിന്ന് കാർഷികജീവിതത്തിലേക്കും പിന്നീട് കുറച്ചുകൂടി വിപുലമായ സാമൂഹ്യജീവിതത്തിലേക്കും മനുഷ്യൻ വളർന്നതോടൊത്ത് ഭക്ഷണത്തിന്റെ ഇരതേടലും ഉൽപാദനവും പങ്കുവെക്കലും മാറ്റങ്ങളോടെ വളരുകയായിരുന്നു എന്ന സാമാന്യനിരീക്ഷണത്തിലേക്ക് എത്താൻ ചരിത്രകാരന്മാർക്ക് കഴിഞ്ഞു.

ആര്യജനതയുടെ കാലത്ത് നെല്ല് കൃഷി ചെയ്യാനാരംഭിച്ചു. സിന്ധു നദീതട കാലം മുതലേ ഗോതമ്പും ഗോതമ്പുൽപന്നങ്ങളുമാണ് ഉണ്ടായിരുന്നത്. ഇങ്ങനെ ധാന്യങ്ങളുടെ കാര്യത്തിൽ പുതിയ പരീക്ഷണങ്ങൾക്ക് ആര്യജനത മുതിർന്നു.

കാർഷികവൃത്തിയിലേക്കെത്തിയ മനുഷ്യൻ ലഭ്യമായ വിത്തിനങ്ങളെല്ലാം ഒരുമിച്ചുവിതയ്ക്കുന്ന പുനംകൃഷിയായിരുന്നു ആദ്യം ചെയ്തത്. നെല്ലിനോടൊപ്പം കൃഷിയിടങ്ങളിൽ പച്ചക്കറികൃഷി ചെയ്യുന്നത് നല്ലതാണെന്നവർ തിരിച്ചറിയുന്നു. ഭൂപ്രകൃതിക്കും കാലാവസ്ഥക്കനുസരിച്ചും പലതരം കൃഷികൾ ശീലമാക്കി. കാലവർഷവും തുലാവർഷവും, വേനലും, അവയെ ക്രമപ്പെടുത്താനും തുടങ്ങി. താള്, തകര, തുടങ്ങിയ ഇലവർഗങ്ങൾ ചക്ക, മാങ്ങ തുടങ്ങിയവയുടെ ലഭ്യതക്കനുസരിച്ചുപയോഗിക്കൽ എന്നിവ കേരള ഭക്ഷണപരിസരങ്ങൾ സൃഷ്ടിച്ചു. കഞ്ഞി, പുഴുക്ക് എന്നിവയാണ് ആദ്യകാല കേരളീയരുടെ പ്രധാന ആഹാരം. വീടുകളിൽ കഞ്ഞി പാചകത്തിന്റെ ഭാഗമായി. അമ്പലങ്ങളിലും കഞ്ഞിവിതരണം നടന്നിരുന്നു.

**രണ്ട്**

## സാഹിത്യവിഭവങ്ങൾ

ഭാവനയുടെ വ്യവഹാരമായ സാഹിത്യം രൂപപ്പെടുന്നത് വ്യത്യസ്ത ഭൗതിക-സാമൂഹ്യ സാഹചര്യങ്ങളിലൂടെയാണ്. സാഹിത്യം മനുഷ്യജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളുടേയും സ്പന്ദനങ്ങൾ പിടിച്ചെടുക്കുമ്പോൾ ഭക്ഷണാധാരം കൂടിയായി മാറുന്നു. മനുഷ്യന്റെ അടിസ്ഥാനചോദനയായ ഭക്ഷണവൃത്തി വൈവിധ്യമാർന്ന രീതിയിൽ ആവിഷ്കരിക്കപ്പെടുന്നതിന്റെ ചരിത്രംകൂടിയാണ് സാഹിത്യചരിത്രം. ബംഗാളിസാഹിത്യത്തിലെ ഭക്ഷണപ്രതിനിധാനത്തെക്കുറിച്ച് സുധന്ദ്ര ചക്രവർത്തിയും സത്യജിത്റായ്-സൽമാൻറഷ്ദി-അനിതദേശായ് എന്നിവരുടെ കൃതികളിലെ ഭക്ഷണവിചാരത്തെപ്പറ്റി നയന ചക്രവർത്തിയും ജുംബ ലാഹിരിയുടെ ചെറുകഥയിലെ മിസിസ് സെൻ എന്ന കഥാപാത്രത്തിന്റെ വളർച്ചയിൽ മീൻ ചെലുത്തുന്ന സ്വാധീനത്തെപ്പറ്റി കല്യാൺ ചാറ്റർജിയും എഴുതിയ പ്രബന്ധങ്ങൾ ഇന്ത്യൻ സാഹിത്യത്തെ രുചിബോധത്തിൽ അടയാളപ്പെടുത്തുന്നു.(സുധന്ദ്ര ചക്രവർത്തി, നയന ചക്രവർത്തി, കല്യാൺ ചാറ്റർജി 2011)

വരരുചികഥയിൽ സ്ത്രീയുടെ പാതിവൃത്യത്തെ നിർവചിക്കാനുള്ള കരുത്ത് ഒരുപിടി നെല്ലിനു നൽകുന്നത് കേരളീയബോധത്തിലെ ഭക്ഷണപ്രാധാന്യമല്ലാതെ മറ്റൊന്നല്ല. ശ്രാദ്ധമൂട്ടാനായി

അഗ്നിഹോത്രിയുടെ ഇല്ലത്തെത്തുന്ന കവറ സമുദായക്കാരനായ പാക്കനാർക്ക് അന്തർജനം ഊണുവിളമ്പാൻ മടിക്കുന്നത് പാതിവൃത്യഭീതികൊണ്ടാണെന്നാണ് പറയുന്നത്. എന്നാൽ പാതിവൃത്യം ഇതല്ലെന്നും പറഞ്ഞ് പരീക്ഷണത്തിനൊരുങ്ങുന്ന പാക്കനാർ സ്വന്തം ഭാര്യ നെല്ലുകുത്തി അരിയാക്കി അതിഥിക്ക് നൽകുന്നതും എന്നാൽ അന്തർജനം നെല്ലുകുത്താൻ മടികാണിച്ചുകൊണ്ട് ആതിഥ്യ മര്യാദയില്ലാതെ പ്രവർത്തിക്കുന്നതും നേരിൽ കാണിച്ചുകൊടുക്കുന്നത് പാതിവൃത്യത്തെ അന്നമായി (തിരിച്ചും) കാണുന്നതുകൊണ്ടാണ്. മറ്റൊരു ശ്രാദ്ധമൂട്ടിന് പാക്കനാർ കൊണ്ടുവരുന്ന മാംസം കണ്ട് അറച്ച അഗ്നിഹോത്രിയുടെ അന്തർജനം അതെടുത്ത് എറിഞ്ഞുകളയുമ്പോൾ വീണിടത്ത് കോവൽച്ചെടി വളർന്നുവന്നതായി ഭാവന ചെയ്തിരിക്കുന്നു.

ഭാഗവതത്തിൽ (10-23-11)ഭക്ഷണത്തിന്റെ ആത്മീയമാനം വിവരിക്കുന്ന കഥയുണ്ട്. കാട്ടിൽ യാത്ര നടത്തുന്ന വേളയിൽ ഗോപബാലൻമാർ വിശപ്പകറ്റാൻ കൃഷ്ണനോട് പറയുമ്പോൾ യാഗകർമം നടത്തുന്ന ബ്രാഹ്മണരോട് ചെന്നന്വേഷിക്കാൻ കൃഷ്ണൻ നിർദേശിക്കുന്നു. ഗോപൻമാർ അവരോട് ചെന്ന് ഭക്ഷണം ആവശ്യപ്പെട്ടപ്പോൾ കൃഷ്ണൻ ലോകത്തിന്റെ പരംപൊരുളാണെന്ന് മനസ്സിലാക്കാനാവാതെ പോയതിനാൽ അവർ ഭക്ഷണം നൽകാതെ ഗോപൻമാരെ പറഞ്ഞയയ്ക്കുന്നു. അവർ തിരികെവന്ന് കൃഷ്ണനോട് സംഭവം വിവരിക്കുമ്പോൾ എങ്കിൽ ബ്രാഹ്മണപത്നിമാരോട് ചെന്ന് ആവശ്യപ്പെടാൻ പറയുന്നു. കൃഷ്ണനും ബലരാമനും അടുത്തുണ്ടെന്നും അവരാണ് ഭക്ഷണം ആവശ്യപ്പെട്ടതെന്നുമുള്ള വാക്കുകൾ സ്ത്രീകൾക്ക് അമൃതായിതോന്നുകയും അവർ ഭക്ഷണം നൽകാനായി ഉടൻ തന്നെ കൃഷണനടുത്തേക്ക് ചെല്ലുകയും ചെയ്യുന്നു. ശ്യാമ ശരീരത്തിൽ മഞ്ഞപ്പട്ടു ധരിച്ച് പൂക്കളും മയിൽപ്പീലിയുംകൊണ്ട് അലങ്കരിച്ച്, ഒരുകൈ കൂട്ടുകാരന്റെ തോളിൽചാരി മറുകൈയിൽ താമരപ്പൂ ചുഴറ്റിനിൽക്കുന്ന കൃഷ്ണന്റെ രൂപം ഹൃദയംനിറയെ സ്വീകരിച്ച് ഭക്ഷണം നൽകിയപ്പോൾ കേവലവും വേദനാനിർഭരവുമായ അവരുടെ ജീവിതങ്ങൾ പ്രശാന്തമധുരമായി മാറിയെന്നാണ് ശ്ലോകം പറയുന്നത്. (10-23-11)വർണനാപ്രധാനമായ നമ്പൂതിരിശ്ലോകങ്ങളിൽ പായസം, പപ്പടം തുടങ്ങിയവയെ സൗന്ദര്യബിന്ദുവാക്കുന്ന വരികളുണ്ട്. ആഡംബരപൂർണമായ കാവ്യസംസ്കാരഭാഷ സമ്പന്നതയുടെ സാംസ്കാരികഭാഷയായും മാറുന്നു.

പായസവർണന:

നേന്ത്രപ്പഴം പുതിയ ശർക്കര നാളികേരം
കാന്തൈരമീഭിരിട ചേർന്നു കലർന്നു നിത്യം

സാന്ദ്രീഭവിച്ച മധുരക്കറിയാം തടാകേ
നീന്തിത്തുടിച്ചതു കുടിച്ചു മരിപ്പാനോ ഞാൻ?

മദിരാശിയാത്രയെക്കുറിച്ച് കഥയും പ്രഹസനവുമെഴുതിയ ഒടുവിൽ കുഞ്ഞികൃഷ്ണമേനോന്റേതായി എറണാകുളം ഹോട്ടലിലെ ഊണിനെ കളിയാക്കുന്ന ശ്ലോകമുണ്ട്. ചുണ്ണാമ്പ്ചോറും പുഴക്കൂട്ടുമാതിരിയുള്ള ഉപ്പിലിട്ടതും കയ്പേറുന്ന ഉപ്പേരിയും പൊട്ടച്ചക്കയും മോരും ചേർത്ത കൂട്ടാനും ചേർന്ന ഭക്ഷണം കഴിച്ചാലുടൻ ഛർദിവരുമെന്നദ്ദേഹം പറയുന്നു. ഹോട്ടൽഭക്ഷണത്തെ കളിയാക്കുന്ന ആദ്യകാവ്യഭാഗമാണിത്.

കുഞ്ചൻ നമ്പ്യാർ കേരളീയജീവിതത്തിന്റെ ചന്തവും ചൂരും അനുഭവിച്ച കവിയാണ്. അതിന് നമ്പ്യാരെ സഹായിച്ചതാവട്ടെ കേരളീയഭക്ഷണത്തോടുള്ള അദ്ദേഹത്തിന്റെ താൽപര്യമാണ്. രാജാവ് അമ്പലപ്പുഴപാൽപ്പായസത്തിന് രുചി പോരെന്ന് പരാതിപറഞ്ഞപ്പോൾ സിൽബന്ധികളെല്ലാം അതു ശരിവെക്കുകയായിരുന്നു. എന്നാൽ അമ്പലപ്പുഴപ്പായസമായതിനാൽ അതിൽ കയ്പാണെങ്കിലും അത് തനിയ്ക്ക് ഇഷ്ടപ്പെടാനേ കഴിയൂ എന്ന് നമ്പ്യാർ മറുപടി പറഞ്ഞതായി കഥയുണ്ട്. നമ്പ്യാർകവിതയിലെ ഭക്ഷണവിഭവങ്ങളെക്കുറിച്ച് കൂടുതലന്വേഷിക്കാൻ ഇത് പ്രേരണയാവുന്നു. ബ്രാഹ്മണികത ഭക്ഷണ ആർത്തിയാണെന്നാണ് നമ്പ്യാർ പറഞ്ഞുവച്ചത്. രണ്ട് വല്ലം നിറയെയുള്ള പപ്പടം പൊടിച്ചും രണ്ട് കൊട്ട പഴം കൂടി തൊലിച്ചുമുള്ള പട്ടരുടെ ഊണ് ഗോഷ്ടി മാത്രമാണെന്നാണ് നമ്പ്യാർ കരുതുന്നത്.

അമ്പലപ്പുഴസദ്യയെപ്പറ്റി നമ്പ്യാർ രചിച്ച താഴെപറയുന്ന ശ്ലോകം കാർത്തിക തിരുനാൾ രാജാവിന്റെ മുക്തകണ്ഠമായ പ്രശംസ നേടുകയുണ്ടായി. കേരളീയസദ്യയുടെ വാർപ്പുമാതൃകയായി പിന്നീടറിയപ്പെടുകയും മലയാളി നെഞ്ചേറ്റുകയും ചെയ്ത വരികളാണിത്.

പത്രം വിസ്തൃതമെത്ര തുമ്പമലർ
തോറ്റോടിനോരന്നവും
പുത്തൻ നെയ് തനിയേപഴുത്ത
പഴവും കാളിപ്പഴംകാളനും
പത്തഞ്ഞൂറു കറിയ്ക്കു ദാസ്യമിയവും
നാരങ്ങയും മാങ്ങയും
നിത്യം ചമ്പകനാട്ടിലഷ്ടി തയിർ
മോർ തട്ടാതെ കിട്ടും സുഖം.

ഈ വരികൾക്ക് രണ്ട് വ്യാഖ്യാനങ്ങൾ പ്രചാരത്തിലുണ്ട്.

വ്യാഖ്യാനം 1: വളരെ വലിയ ഇലയിൽ തുമ്പപ്പൂ നിറമുള്ള ചോറ്, പുതിയ നെയ്യ്, പഴുത്ത പഴം, കദളി എന്നിവയും കാളനും പുളിശ്ശേരിയും പത്തഞ്ഞൂറു കറികൾക്കു സമാനമായ നാരങ്ങയും മാങ്ങയും തൈരിൽ വെള്ളംചേർത്ത് മോരാക്കാതെയും തരുന്ന ഊൺ ചെമ്പകശ്ശേരിയുടെ മാത്രം പ്രത്യേകത. വ്യാഖ്യാനം 2 : തുമ്പച്ചെടിയുടെ ഇലപോലുള്ള ചെറിയ ഇല, വെന്തുമലർന്നു തണുത്ത ചോറ്, കനച്ച നെയ്യ്, ചീഞ്ഞളിഞ്ഞ പഴം, പഴകിയ കാളൻ, പത്തഞ്ഞൂറുകറികൾക്കു പിന്നിൽനിൽക്കുന്ന മോശമായ നാരങ്ങയും മാങ്ങയും. തൈരും മോരും ഉണ്ടാവുകയില്ല. ഇതാണ് ചെമ്പകശ്ശേരിയിലെ ഊണ്.

ഭാഷാവ്യവഹാരം എന്ന നിലയ്ക്കല്ല വാസ്തവത്തിൽ ഈ വ്യാഖ്യാനങ്ങളുടെ പ്രസക്തി. ഒരു ദേശത്തിന്റെ രുചി അടയാളപ്പെടുത്തുക എന്ന ധർമം ഇവക്കുണ്ട്. കേരളത്തിലെ ഓരോ ദേശത്തിനും അതിന്റേതായ രുചികർതൃത്വം ഉണ്ടായിരുന്നു. രുചിയുടെ കാര്യമായതിനാൽ അതിന് വ്യത്യസ്താഭിപ്രായവും നിലവിലുണ്ടായിരുന്നുവെന്നാണ് വ്യാഖ്യാനങ്ങൾ തെളിവു നൽകുന്നത്. നാടിന്റെ സംസ്കൃതിയുമായി ഭക്ഷണ വിചാരങ്ങൾക്കുള്ള ബന്ധമാണിവിടെ വ്യക്തമാവുന്നത്.

സദ്യകളിൽ ഏറ്റവും സമ്പുഷ്ടം ഓണസദ്യയാണ്. മണിപ്രവാളകവിതകൾ ഓണത്തെക്കുറിച്ചു പറയുന്നുണ്ടെങ്കിലും ഓണസദ്യ അവർക്ക് വിഷയമേയല്ല. ഓണസദ്യ എന്ന പേരിൽ ഒരു കവിതയുണ്ടാകുന്നത് വർഷങ്ങൾ കഴിഞ്ഞ് വള്ളത്തോളിലാണ്. 1930-കളിൽ അതേപേരിൽ പി കുഞ്ഞിരാമൻനായരും എഴുതിയിട്ടുണ്ട്. ചങ്ങമ്പുഴയും ഇടപ്പള്ളിയും കുട്ടികൾ ഓണമുണ്ണുന്നത് വർണിക്കുന്നു. അടനിവേദ്യം പി കുഞ്ഞിരാമൻ നായർ അവതരിപ്പിക്കുന്നു. തിരുവോണംപോലും തിരുവോണമൊരുകൂട്ടർ/ക്കൊരു പറപാൽപ്പായ സമുണ്ണലല്ലോ/ അരിവാളും തിരുകിക്കൊണ്ടാവയലിൽ പണിചെയ്യും/ ചെറുമൻമാർക്കവിലെന്താസ്വദിക്കാൻ? എന്ന് ചോദിക്കാൻ വയലാർ തയ്യാറായി. അധ:സ്ഥിതജനതയുടെ കുതറലാണിത് കാണിക്കുന്നത്.

ആശാനെ ഓർക്കുമ്പോൾ, ആശാൻ ഒരുതുള്ളിജലംകൊണ്ട് കവിതയിൽ ഇടംപിടിച്ചത് അത് വെറും ജലമല്ലാത്തതുകൊണ്ടാണ്. ലക്ഷ്മിസരസുവിന്റെ എസ്സെൻസ് ഓഫ് ബുദ്ധിസത്തിൽ നിന്ന് മൂലകഥ സ്വീകരിച്ചിരിക്കുന്ന ആശാന്റെ ചണ്ഡാലഭിക്ഷുകിയിൽ കുടിനീരിനായി കേഴുന്ന ബുദ്ധഭിക്ഷു ജാതിചോദിച്ചതില്ലെന്ന് പ്രത്യേകംപറഞ്ഞുകൊണ്ട് ജലത്തെ തെളിനീരാക്കുകയും ജാതി മുക്തമാക്കുകയും ചെയ്യുന്നു.

**കറുപ്പനും വൈലോപ്പിള്ളിയും**

ധീവരനാണ് എന്ന കാരണത്താൽ പണ്ഡിറ്റ് കെ.പി കറുപ്പനെ കൊച്ചി രാജാവ് നടത്തിയ കാപ്പിസൽക്കാരത്തിന് ക്ഷണിക്കാതിരുന്നതാണ് 'ഉദ്യാനവിരുന്ന്' എന്ന കവിതയുടെ രചനാപ്രേരണ.1926 ലാണ് രാജവിരുന്നിന്റെ വിവേചനത്തോടുള്ള പ്രതികരണം എന്ന നിലയിൽ ഈ കവിത പ്രസിദ്ധീകരിക്കുന്നത്. ജാതിമേധാവിത്വത്തിനും വിവേചനത്തിനുമെതിരെ നടന്ന ആദ്യത്തെ ക്രിയാത്മകപ്രതിരോധമായി ഉദ്യാനവിരുന്നിനെ കണക്കാക്കാം.ധീവരനായ വ്യാസനെ നെഞ്ചേറ്റുന്ന സംസ്ക്കാരത്തിൽ അതേ ജാതിയിൽ പിറന്ന തന്നെ ഒഴിവാക്കിയതിനെതിരെ രാജാവിനെ ചോദ്യം ചെയ്യാൻകവി മുതിർന്നത് ചെറിയ കാര്യമല്ല.വൈലോപ്പിള്ളി 1941-ലെഴുതിയ അരിയില്ലാഞ്ഞിട്ട് എന്ന കവിതയിൽ ദാരിദ്ര്യം മൂലം മരിച്ച വൃദ്ധന് അന്ത്യശുശ്രൂഷ നൽകാൻ ഉണക്കലരി ചോദിക്കുമ്പോൾ കുടുംബിനി പറയുന്നത് അതുണ്ടായിരുന്നെങ്കിൽ അദ്ദേഹം മരിക്കുകയില്ലായിരുന്നെന്നാണ്. ശിശുക്കൾ ദൈവജ്ഞരാണെന്ന് പ്രഖ്യാപിക്കുന്ന മാമ്പഴത്തിൽ ദൈവം തരുന്ന ജീവിതകനിയായി മാമ്പഴത്തെ അടയാളപ്പെടുത്തുന്നു.

പുതുകാലകവിതകളിൽ ഏറിയപങ്കും ഭക്ഷണം കൈകാര്യം ചെയ്യുന്നത് ഭക്ഷണസംസ്കാരപരിണാമത്തെ മൂല്യച്യുതിയായി കണ്ടുകൊണ്ടാണ്. അധിനിവേശസംസ്കാരവും ആഗോളവിപണിയും മാനവികതയെ കടത്തിക്കൊണ്ടുപോകുന്നതായി പുതുകവിതകൾ പരിതപിക്കുന്നു. അടുക്കള മുഴുവൻ കിച്ചൺ ആയപ്പോൾ പുറന്തള്ളപ്പെട്ട പുക മുഴുവൻ/ മനുഷ്യമനസ്സിലേക്ക് കുടിയേറി.(നഫീസത്ത്ബീവി) തുടങ്ങിയ വരികളുണ്ടാകുന്നത് ഇങ്ങനെയാണ്. 'ചരിത്രത്തെ വെറും ചപ്പാത്തി മാത്രമാക്കി തിരിച്ചും മറിച്ചുമിട്ട് അവർ അത് ചെയ്യും' എന്ന് പി.എൻ ഗോപീകൃഷ്ണൻ തീവ്രദേശീയതയെ അപഹസിക്കുന്നു.

ഒ.വി.വിജയന്റെ ഖസാക്കിന്റെ ഇതിഹാസത്തിൽ രവി, കൂവൻകാവിലിറങ്ങി ദാഹമകറ്റാൻ ആദ്യം ചെയ്യുന്നത് പെട്ടിക്കടയിൽ കയറി സർബത്ത് കുടിക്കുകയാണ്. 'ഐസിലും തണുപ്പാണ് വെള്ളത്തിന്' എന്നാണ് കടക്കാരൻ സർബത്തിനെക്കുറിച്ച് പറയുന്നത്.ഞാറ്റുപുരയിൽ വച്ച് നനഞ്ഞ് പരന്ന നാല് ഇഡ്ഡലിയാലും രണ്ട് ഗോമാങ്ങകളാലും എരുമപ്പാലൊഴിച്ച കൂജ നിറഞ്ഞ കാപ്പിയാലുമാണ് രവി സ്വീകരിക്കപ്പെടുന്നത്.കുഞ്ഞാമിന മദ്രസക്ളാസിലേക്ക് പോകുമ്പോൾ മയിലിനെറിഞ്ഞുകൊടുക്കുന്നത് വെള്ളയപ്പമാണ്.ബീഡിത്തൊഴിലാളിയായി തിരിച്ചുവരുന്ന നൈസാമലി ഏവർക്കും ചായയും മുറുക്കും വാങ്ങിക്കൊടുക്കുന്നുണ്ട്. അപ്പുക്കിളിയുടെ സങ്കടം മാറ്റാൻ കടലമുറുക്കിനാവുന്നു.അവൻ

നാരുനാരായുള്ള ഇറച്ചിയാലും ചുണ്ടിൽ തേച്ച ചക്കരപ്പാവിനാലുമാണ് ലാളിക്കപ്പെടുന്നത്. വെള്ളക്കള്ളും വീര്യംകൂടിയ അവനീശും ഖസാക്കുകാരുടെ ലഹരി വർദ്ധിപ്പിച്ചു. പത്മ സന്ദർശിക്കുമ്പോൾ രവി മലമ്പുഴ റെസ്റ്റ് ഹൗസിൽ വച്ച് കഴിക്കുന്നത് സ്കോച്ചാണ്.ചൂടുള്ള കഞ്ഞിയും തണുത്ത കഞ്ഞിയും ഖസാക്കുകാർ പലപ്പോഴായി കുടിക്കുന്നുണ്ട്.

'ധർമപുരാണ'ത്തിൽ പ്രജാപതിക്കു തൂറാൻ മുട്ടുമ്പോൾ നാം അസ്വസ്ഥരാവുന്നു. അധികാരപ്രമത്തതയെ ഭാഷാപരമായി അപഹസിക്കാൻ വിജയൻ ബോധപൂർവ്വം തെരഞ്ഞെടുക്കുന്ന വാക്ക് 'തീട്ടം' എന്നാണ്. ഭക്ഷണത്തിന്റെ വിപരീതദ്വന്ദ്വത്തിന്റെ അശ്ലീലപരതയും സൗന്ദര്യയുക്തിയും ധർമപുരാണത്തിന്റെ അന്തരീക്ഷത്തിൽ നിറഞ്ഞു നിൽക്കുന്നു. കോവിലന്റെ 'തറവാടി'ലെ കേശവൻ പിഴച്ചുപെറ്റുണ്ടായ മകനാണ്. തറവാടില്ലാത്ത അമ്മ പ്രസവിച്ചതിനാലായിരിക്കണം, അവൻ സംരക്ഷകനില്ലാതെയാണ് വളർന്നത്. ഒടുവിൽ അകാലത്തിൽ മരിക്കുമ്പോൾ അമ്മയുടെ കൈയിൽ നിന്നും ചുണ്ടു നനച്ചുകൊണ്ടാണ് അവൻ ലോകത്തോടു വിട പറയുന്നത്. അവൻ അപ്പോൾ രുചിച്ചത് ജലമാവാം, മുലപ്പാലുമാവാം. മുലപ്പാലിനും അന്ത്യജലത്തിനുമിടയിൽ ഒരിറക്കിനായുള്ള വെപ്രാളമാണ് ജീവിതം. അനാഥത്വത്തിന്റെ ജലബന്ധമായും 'തറവാട്' വായിക്കാവുന്നതാണ്.

എം. മുകുന്ദന്റെ 'ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു'-ൽ രമേശന് ചരസ്സും ഭാംഗും മതി ഭക്ഷണം വേണ്ടെന്ന് ആഖ്യാതാവ് പറയുന്നു. ലഹരിയുടെ ലോകത്ത് അസ്തിത്വവേദനയുമായി അലയുന്നവന് ലഹരി തന്നെയാവുന്നു ഭക്ഷണം. 'മാവേലി മൻറ'ത്തിൽ കൈപ്പാടനും ഈരയും ഉടമയില്ലാത്ത നാടുതേടി, മണ്ണു തേടി, മാവേലിമൻറം തേടി നടക്കുമ്പോൾ അവർക്ക് ഭക്ഷണം ഒരു പ്രശ്നമേ ആയിരുന്നില്ല. ജീവിതത്തിന്റെ രാഷ്ട്രീയലക്ഷ്യമാണ് മുന്നോട്ടു നയിക്കുന്നതെങ്കിൽ ഭക്ഷണം അവിടെ ഒരു ചെറിയ സംഗതിയായിരിക്കും. സി.ആർ. പരമേശ്വരന്റെ 'പ്രകൃതിനിയമ'ത്തിലെ കഥാപാത്രങ്ങളെല്ലാം താമസിക്കുന്നത് അർശാരോഗികളുടെ കമ്യൂൺ എന്നറിയപ്പെടുന്ന കോളനിയിലാണ്. ഭക്ഷണത്തിന്റെ മാംസസാന്നിദ്ധ്യവും അജീർണതയുമാണ് അർശസിനു കാരണം. നോവലിലെ കോളനിയിലെ അംഗങ്ങൾ വായിച്ച, ചിന്തിച്ച, പ്രവർത്തിയിൽ കാണുന്ന പ്രത്യയശാസ്ത്രം കൊണ്ട് സ്വയം അർശസ് വരിച്ചവരാണ്.

ശ്രീനാരായണഗുരുവിന്റെ ജീവിതം ആസ്പദമാക്കി പെരുമ്പടവം ശ്രീധരൻ രചിച്ച 'നാരായണ'ത്തിൽ ഗുരുവിന്റെ വിശപ്പിനെക്കുറിച്ചുള്ള കാഴ്ചപ്പാട് വിവരിച്ചിട്ടുണ്ട്. അവധൂതന്റെ മതാതീതമായ ഭക്ഷ

ണസങ്കല്പം. 'വിശപ്പ് സഹിക്കാതെ വരുമ്പോൾ ആദ്യം കാണുന്ന വീട്ടിൽ കയറിച്ചെല്ലും. അവിടന്നു കിട്ടുന്നത് കഴിക്കും. വീട് ആരുടേതെന്ന് അന്വേഷിക്കുന്നില്ല. ഹിന്ദുവെന്നോ ക്രിസ്ത്യാനിയെന്നോ മുസ്ലീമെന്നോ ചിന്തയില്ല. കുട്ടിക്കാലത്തുപോലും അതുണ്ടായിരുന്നില്ലല്ലോ..പുലയന്റേയും പാണന്റേയും വീട്ടിൽ നിന്നു കുടിച്ചകഞ്ഞിയുടെ സ്വാദ് എങ്ങനെ മറക്കും'? എന്ന ചോദ്യം ഉപജാതികൾക്കിടയിലെ സ്വാദറിഞ്ഞ രുചിബോധത്തിന്റേതു കൂടിയാണ്.

ഭക്ഷണം കേന്ദ്രപ്രമേയമാകുന്ന നോവൽ മലയാളത്തിൽ പുറത്തിറങ്ങിയത് അടുത്തകാലത്താണ്. വിനുഎബ്രഹാമിന്റെ ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണപര്യവേഷണങ്ങൾ, നാടൻരുചികൾ നഷ്ടമാവുന്ന അവസ്ഥയിൽ അവ തിരിച്ചുപിടിക്കാൻ ശ്രമിക്കുന്ന പ്രവാസി നേരിടുന്ന വെല്ലുവിളികൾ വിഷയമാക്കുന്നു. മധ്യതിരുവിതാംകൂറിൽ നിലനിന്നിരുന്ന പങ്കുകശാപ്പ് നോവലിലുണ്ട്.

## മൂന്ന്

വൈക്കം മുഹമ്മദ് ബഷീർ ഒരെഴുത്തുകാരൻ മാത്രമല്ല, മലയാളത്തിലെ പരമ്പരാഗത സാഹിത്യധാരണകളെയും ആശയാവലികളേയും തിരുത്തിയെഴുതിയ ഒറ്റയാൻ കൂടിയാണ്. ഒരുകാലം വരെ നവോത്ഥാനകാഥികനായി (അതുമാത്രമായി) പരിമിതപ്പെടുത്തി ബഷീറിനെ വായിക്കാനുള്ള ശ്രമമാണ് നടന്നത്. വിശപ്പിന്റെ കാഥികനായി വിലയിരുത്തിയ മലയാളവിമർശനം പുറംകാഴ്ചയിലൊതുങ്ങി. നവോത്ഥാനകഥകളുടെ സവിശേഷപ്പട്ടികയുമായി അവയിലേതെല്ലാം ഗുണങ്ങൾ ബഷീറിലുണ്ടെന്ന് പരിശോധിക്കാനെത്തി ചൂരൽ പിടിച്ച ഹെഡ്മാസ്റ്ററായി അത്തരം വിമർശകർ മാറിയത് അവർ പോലുമറിഞ്ഞില്ല. വിശപ്പ് ദാരിദ്ര്യത്തിന്റെ സൃഷ്ടിയാണെന്ന പതിവുധാരണയുമായി ബഷീർരചനകളെ സമീപിച്ച അവർ ഭക്ഷണബോധമാണ് വിശപ്പെന്ന വസ്തുത മറന്നുപോയിരിക്കുന്നു.

ഏതുരീതിയിലുള്ള ഭക്ഷണാവബോധമാണ് ബഷീർകൃതികളിൽ പ്രവർത്തിച്ചത്? കൊളോണിയൽ ആധുനികത രൂപപ്പെടുത്തി, ജനിപ്പിച്ച സംഘർഷത്തിൽ നിന്നാണ് ബഷീർകൃതികളിൽ ഭക്ഷണബോധം അവബോധമായി പരിണമിച്ചത്. അതിന്റെ ചരിത്രപശ്ചാത്തലം ഇങ്ങനെ:

### ആധുനികത

യുക്തിയിലധിഷ്ഠിതമായും ശാസ്ത്രീയതയിലുറച്ചും ലോകജീവിതപരിണാമങ്ങളെ സ്വാംശീകരിച്ച് രൂപീകരിക്കുന്ന ലോകബോധമാണ് ആധുനികത. യൂറോപ്പിലാരംഭിച്ച നവോത്ഥാനപ്രതിഭാസങ്ങ

ളുടെ തുടർച്ചയായാണ് ആധുനികത പടർന്നുപിടിക്കുന്നത്. കോളനികൾ രൂപ്പെട്ടതോടെ കോളനിരാജ്യങ്ങളിലെ തദ്ദേശീയമോ പ്രാദേശികമോ ആയ അറിവും ജ്ഞാനബോധവും മ്ലേച്ഛമാണെന്നും അവയ്ക്ക് ജീവിതത്തെ മുന്നോട്ടു നയിക്കാനുള്ള പ്രാപ്തിയില്ലെന്നും പ്രചരിപ്പിക്കാൻ ബ്രിട്ടീഷ് അമേരിക്കൻ സാമ്രാജ്യത്വത്തിന് കഴിഞ്ഞു. പാശ്ചാത്യജ്ഞാനവ്യവസ്ഥയുടെ സ്വാധീനം ഇന്ത്യൻ ജനതയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ എളുപ്പത്തിൽ ആവേശിക്കപ്പെടുകയും ആധുനികരാഷ്ട്രസങ്കല്പം ഇവിടെയും സ്വീകരിക്കപ്പെടുകയും ചെയ്തു. ലോകം അതിരുകളാൽ വിഭജിതമാണെന്നും അതാണ് ഓരോ വ്യക്തിയേയും രാഷ്ട്രപൗരനാക്കുന്നതെന്നും വിലയിരുത്തപ്പെട്ടു. കൊളോണിയലിസം ഭാഷ, ഗതാഗതം, ആശയവിനിമയം, വിദ്യാഭ്യാസം, തൊഴിൽ എന്നിവയിൽ മാത്രമല്ല നമ്മുടെ വിശ്വാസസംഹിതകളിലേക്കും എളുപ്പത്തിൽ കടന്നുചെന്നു. ഇന്ത്യയിലെ സവിശേഷമായ മതബോധവുമായി കൈകോർത്താണ് ഇവിടെ കൊളോണിയൽ ആധുനികത വളർന്നുവികസിച്ചത്. ഇത്തരമൊരു ചരിത്രമുഹൂർത്തത്തിലാണ് ബഷീർ എഴുതുന്നത്. ഭക്ഷണം, പാചകം എന്നിവയിലും മേൽപറഞ്ഞ ആധുനികതയുടെ കടന്നുവരവ് അടയാളങ്ങളുണ്ടാക്കി. തദ്ദേശീയഭക്ഷണത്തിന് കുറവുകളുണ്ടെന്നും അതൊട്ടും പുരോഗമനപരമല്ലെന്നും കൊളോണിയൽ ആധുനികത വരുത്തിവെച്ചു. കേരളത്തിന്റെ കുരുമുളകുപൊടി നമ്മേക്കാൾ വിദേശഭക്ഷണത്തോടൊപ്പമാണ് അഭികാമ്യമെന്ന് വരുത്തിത്തീർക്കാനാവർക്ക് കഴിഞ്ഞതോർക്കുക. വംശീയമായ നമ്മുടെ നാട്ടറിവുകൾ ശാസ്ത്രീയമല്ലെന്ന ചിന്ത വളർത്തി ഭക്ഷണബോധത്തിലും രണ്ടാംതരം പൗരന്മാരെ വളർത്തി.

**ആരുടെയൊക്കെ ആഹാരമാണ് ഞാൻ?**

ബഷീറിന്റെ ഭക്ഷണബോധം രൂപപ്പെടുന്നത് അദ്ദേഹം നടത്തിയ വിപുലമായ അരക്ഷിതയാത്രകളിൽ നിന്നും ദേശീയസ്വാതന്ത്ര്യസമരത്തിൽ നിന്നും മതാതീതമായ മനുഷ്യസങ്കല്പത്തിൽ നിന്നും അദ്ദേഹത്തിന്റെ വിശ്വാസപ്രമാണങ്ങളിൽ നിന്നുമാണ്. നവോത്ഥാനകാഥികർ വിശപ്പിനെക്കുറിച്ച് കൂടുതലെഴുതിയത് റിയലിസത്തിന്റെ സഹായത്തോടെയായിരുന്നു. ചില ഭക്ഷ്യക്ഷാമകാലം കേരളജനത അനുഭവിക്കുകയും ചെയ്തിരുന്നു. എന്നാൽ മറ്റ് നവോത്ഥാനകാഥികരിൽനിന്നും വ്യത്യസ്തമായാണ് വിശപ്പിനെ ബഷീർ സമീപിക്കുന്നത്. അലഞ്ഞുതിരിഞ്ഞ് പലപല വേഷങ്ങൾ കെട്ടി ചെറിയൊരു ഒറ്റമുറിയിൽ കഴിയുന്ന വേളയിൽ പിന്നിട്ട ദൂരത്തെ ഓർമിച്ചെടുക്കുമ്പോൾ ബഷീർ സ്വയം ചോദിച്ചുപോവുന്ന വാചകം 'ആരുടെയൊക്കെ ആഹാരമാണ് ഞാൻ' എന്നാകുന്നു. (ജന്മദിനം/ചെറുകഥ). മനുഷ്യൻ സ്വയം

ഇരയാണെന്ന തിരിച്ചറിവാണ് ഇതിനുപിന്നിൽ. അതോടൊപ്പം മറ്റുള്ളവർക്കായി ഇല്ലാതായിത്തീരുന്നതിലെ സുഖവും ആഖ്യാതാവ് അനുഭവിക്കുന്നു. എന്നാൽ ഏത് പരുത്ത അനുഭവത്തേയും സ്വാഭാവികമായി ഉൾക്കൊള്ളാനുള്ള കരുത്ത് ആഖ്യാതാവിനുണ്ട്. 'എവിടെയെല്ലാം എത്രയെത്ര കോടി സ്ത്രീപുരുഷന്മാർ ഈ സുന്ദരമായ ഭൂഗോളത്തിൽ പട്ടിണികിടക്കുന്നു' എന്ന സത്യം മനസ്സിലാക്കാൻ അദ്ദേഹത്തിന് എളുപ്പത്തിൽ കഴിയുന്നു.

എന്നുമാത്രമല്ല, വിശപ്പിനെ കേവലവിശപ്പായി പരിഗണിക്കാത്ത അസാധാരണഭാവനയാണ് ബഷീറിൽ പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് 'അനുരാഗദിനങ്ങളിൽ' എല്ലാവർക്കും പുട്ടു വിളമ്പുന്ന കച്ചവടക്കാരി തന്റെ കാമുകനുമാത്രം പുഴുങ്ങിയ മുട്ട ഉള്ളിൽവെച്ച് നൽകുന്നത്. ലോകജീവിതാരംഭത്തെ മുട്ട പ്രതിനിധീകരിക്കുന്നു. (അതിന്റെ ഇങ്ങേത്തലക്കലെ ലളിതമായ ജനപ്രിയചോദ്യമാണ്, കോഴിയാണോ മുട്ടയാണോ ആദ്യമുണ്ടായത് എന്നത്) വിശപ്പിവിടെ പ്രണയത്തിനായുള്ള വിശപ്പാണ്. വിശപ്പിനെ ശരീരത്തിൽ നിന്നും ഇഴപിരിച്ചെടുക്കുകയാണ് എഴുത്തുകാരൻ. ശരീരത്തിനു നൽകിയ പുഴുങ്ങിയ മുട്ടയിലൂടെ ആത്മാവിന്റെ വിശപ്പിന്റെ വ്യാകരണമാണ് പ്രണയജീവിതത്തിന്റെ മൂല്യസംഹിതയെന്ന രേഖപ്പെടുത്തലാണിത്. എം.എൻ.വിജയൻ ഇതേപ്പറ്റി എഴുതുന്നു, 'കാന്താരിയും ഉപ്പും കൂട്ടി അരച്ച് കപ്പയിൽ തൊടുന്ന അഭിരുചി; പുട്ടിൽവെച്ച് പുഴുങ്ങിയ മുട്ട – ഇത് വിളമ്പുമ്പോൾ വാസ്തവത്തിൽ ബഷീർ അനുരാഗത്തിനെ ഒരു പുതിയ ചിഹ്നം, അനുരാഗത്തിന്റെ പുതിയ ഭാഷ്യം, അനുരാഗത്തെ വിനിമയം ചെയ്യുവാനുള്ള ഒരു പുതിയ നാണയവ്യവസ്ഥ കണ്ടുപിടിക്കുകയാണ് എന്ന് നാം പിന്നീട് മനസ്സിലാക്കും'.

## വിശപ്പിന്റെ പ്രണയവും പ്രണയത്തിന്റെ വിശപ്പും

വിശപ്പിനേയും പ്രണയത്തേയും ഒരേസമയം അനുഭവമായും ഭാവനയായും ബഷീർ ആവിഷ്ക്കരിക്കുന്നു. വിശപ്പാണോ എന്നു ചോദിച്ചാൽ വിശപ്പല്ല. പ്രണയമാണോ എന്നുചോദിച്ചാൽ പ്രണയമല്ല എന്ന് വായനക്കാരെക്കൊണ്ട് പറയിക്കുംവിധം ആസ്വാദനത്തിന്റെ രുചിക്കൂട്ട് ബഷീർ ഒരുക്കുന്നുണ്ട്. ഒരുപക്ഷേ അനുഭവംതന്നെ ഭാവനയാവുകയും ഭാവന അനുഭവമാകുകയും ചെയ്യുന്ന ഉൾപിരിയലിൽ നിന്നാണ് ബഷീറിന്റെ രചനകൾ പിറവിയെടുക്കുന്നത്. മറ്റൊരർത്ഥത്തിൽ വിശപ്പിന്റേയും സ്നേഹത്തിന്റേയും ഏകധ്രുവലോകത്തുനിന്നാണ് ബഷീർ കഥകളത്രയും പറഞ്ഞത്. മതിലുകൾ, ബാല്യകാലസഖി, അനുരാഗത്തിന്റെ ദിനങ്ങൾ എന്നിവ പ്രത്യക്ഷസാക്ഷ്യങ്ങൾ.

ബാല്യകാലസഖിയിൽ സുഹറയും മജീദും തമ്മിലുള്ള പ്രണയത്തിന്റെ തുടക്കം മാമ്പഴത്തിന്റെ പേരിലാണ്. പഴുത്ത മാമ്പഴം സ്വന്തമാക്കുന്നതിൽ എന്നും പരാജയപ്പെടുന്ന സുഹറ, മജീദിനുവെച്ചുകൊടുക്കുന്ന മാന്തലിന്റെ വേദനയിൽ നിന്നാണ് അവർക്കിടയിൽ പ്രണയം മധുരിച്ചു മുന്നേറുന്നത്. മാമ്പഴം തന്നെയാണ് പ്രണയം.

'പൂവൻപഴം' എന്ന ചെറുകഥയിലോ സ്നേഹം ഓറഞ്ചല്ലികളെ പൂവൻപഴമായി തിരിച്ചറിയേണ്ടിവരുന്ന ദാമ്പത്യാനുഭവമാണ്. സ്കൂൾ ഫൈനലുകാരനായ അബ്ദുൾഖാദറിന്റെ ബീവി ജമീലാബീവി ബി. എ. പാസായി ആധുനികചിന്തയുടെ വക്താവായി കഥയിൽ വരുന്നു. സ്വയം പരിഷ്കാരിയാണെന്നു മാത്രമല്ല, നായകന്റെ പരമ്പരാഗതവേഷവും മറ്റും മാറ്റി അയാളെ പരിഷ്കാരിയാക്കാൻ നോക്കുകയും ചെയ്യുന്നു. കൊളോണിയൽ ആധുനികതയാണ് ബീവിയിൽ പ്രവർത്തിക്കുന്നത്. ഒരുനാൾ ബീവി ഖാദറിനോട് പറയുന്നത് പൂവൻപഴം കൊണ്ടുവരാനാണ്. നദിയിൽ കുളിയൊക്കെ കഴിഞ്ഞ് കടവത്തുകടവിലെ കടയിലെത്തി നോക്കുമ്പോൾ പൂവൻപഴം അവിടെയില്ല. അതിനിടെ മഴ വരുന്നു. നേരം വൈകുകയും ചെയ്യുന്നു. നിവൃത്തിയില്ലാതെ, കിട്ടിയ ഓറഞ്ചുമായി തിരികെ വരുന്ന ഖാദറിനെ നോട്ടംകൊണ്ട് കരിച്ചുകളയാനാണ് ബീവി ശ്രമിക്കുന്നത്. നാട്ടിൽ പൂവൻപഴമില്ലെന്നും നാളെ എവിടെനിന്നെങ്കിലും വാഴത്തൈ കൊണ്ടുവരാമെന്നും ഭർത്താവ് പറയുമ്പോൾ 'ഓ അതെല്ലാം കുലച്ചു കായായി പഴുക്കുമ്പോൾ തിന്നുകൊള്ളാ'മെന്നാണ് ഭാര്യയുടെ മറുപടി. മറ്റൊരു വഴിയുമില്ലാതായപ്പോൾ ക്ഷുഭിതനായ ഖാദർ കമ്പെടുത്ത് അവളെ അടിക്കുകയും വെട്ടുകത്തിയെടുത്ത് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. ഭീഷണിക്കുവഴങ്ങി അവൾ ഓറഞ്ച് തിന്നുമ്പോൾ ഖാദർ ചോദിക്കുന്നു: 'ഇതെന്താണ്?' 'പൂവൻപഴം' എന്ന് അവൾ മറുപടി പറയുകയും ചെയ്യുന്നു. വർഷങ്ങൾ കഴിഞ്ഞ് ഒമ്പതുതവണ പെറ്റ് മക്കളും പേരമക്കളുമായിരിക്കുമ്പോൾ 'മഹാറാണീ എന്താണു പണ്ടു നീ പൂവൻപഴം വേണമെന്നു പറഞ്ഞപ്പോൾ രാത്രി പുഴ നീന്തി ഞാനെന്താ കൊണ്ടുവന്നെതെന്നു ചോദിക്കുമ്പോൾ അവൾ പറയുന്ന മറുപടി: 'പൂവൻപഴം' എന്നുതന്നെയാണ്. ആ പൂവൻപഴമാണ് അവരുടെ ദാമ്പത്യത്തെ നയിച്ചത്.

വിശപ്പ് – ഇതേപേരിൽ ഒരു ബഷീർകഥയുണ്ട്. അതിൽ അദ്ദേഹം അനുഭവിക്കുന്ന പ്രശ്നം വാടകമുറിയിൽനിന്ന് സഹമുറിയന്മാരെ വിട്ടുപോയാൽ സ്വന്തമായി അരിവെച്ചുണ്ണാൻ കഴിയില്ല എന്നതാകുന്നു. ഒരു ശരാശരി മനുഷ്യനു കഴിഞ്ഞുപോകാനുള്ള വിലവിവരപ്പട്ടിക കഥയിൽ അദ്ദേഹം നൽകുന്നുണ്ട്. അധികമായി യാതൊന്നുമില്ല. ആഢം

ബരമില്ല. കാലത്തു ചായ, ഉച്ചയ്ക്ക് ഊണ്, വൈകിട്ടു ചായ, അത്താഴം എന്നിവയ്ക്കാണ് അതിൽ പ്രധാനമായി പണം ചെലവിടുന്നത്. ജീവിതത്തിന്റെ സാമ്പത്തികബന്ധത്തിന് വിശപ്പെന്നു പേരിടാമെന്ന് ബഷീർ തിരിച്ചറിഞ്ഞിരിക്കണം.എന്നാൽ 'അമ്മയും മകനും' എന്ന ചെറുകഥയിൽ വിശപ്പ് ഭൗതികാവസ്ഥയും ആത്മവേദനയുമായി മാറുന്നുണ്ട്. 'ഞാൻ ആഹാരമൊന്നും കഴിച്ചിട്ടുണ്ടായിരുന്നില്ല. വിശപ്പറിയാമല്ലോ. ഭയങ്കരമായ വിശപ്പ്. എന്റെ കൈയിൽ ഒരു കാശുപോലുമില്ല...വിശപ്പ്,ദാഹം. ക്ഷീണം, വേദനകൾ വേദനകളുടെ കൊടുങ്കാറ്റ്.............'. ഇവിടെ വിശപ്പറിയാമല്ലോ എന്ന ബഷീറിന്റെ ചോദ്യം മർമസ്പർശിയാണ്. കാരണം ഭൗതികമായ വിശപ്പെന്തെന്നറിഞ്ഞവനു മാത്രമേ അതുണ്ടാക്കുന്ന ആത്മവേദന മനസ്സിലാവുകയുള്ളൂ. വേദനകൾ എന്നുപറഞ്ഞ് നിർത്താൻ കഥാകാരനാവുന്നില്ല. വേദനകളുടെ കൊടുങ്കാറ്റിൽപെട്ടുപോയ ഒറ്റമരത്തിന്റെ ഏകാന്തതയാണ് അവിടെ തെളിയുന്നത്. ഇത്തരം ചില കല്പനകളിൽ മിസ്റ്റിസിസത്തോടും സൂഫിസത്തോടും ബഷീർ അടുത്തുനിൽക്കുന്നു.

**ജലത്തിന്റെ ആത്മീയതലം**

ജലം ബഷീറിന്റെ ഇഷ്ടപ്രതീകമായത്, പ്രകൃതി തന്നെയാണ് ഏറ്റവും വലിയ നിയമമെന്ന തിരിച്ചറിവുകൊണ്ടു മാത്രമല്ല അവധൂതമായ സൂഫിസത്തിന്റെ ഭാവമേഖല ആവേശിച്ചതുകൊണ്ടുകൂടിയാണ്. പൂനിലാവിൽ എന്ന കഥയിൽ എന്തുവേണമെന്ന ചോദ്യത്തിന് കഥാപാത്രത്തിന്റെ മറുപടി, എനിക്കു ദാഹിക്കുന്നു എന്നാണ്. അങ്ങ് ആരാണ് എന്ന യുവതിയുടെ ചോദ്യത്തിന് 'ഞാനൊരു സഞ്ചാരി' എന്നാണ് മറുപടി. അവൾ അകത്തുപോയി ഒരുപാത്രത്തിൽ ജലം കൊണ്ടുവന്നു. ഞാൻ ആ വീടിനെപ്പറ്റി അത്ര ശ്രദ്ധിക്കാതെ വെള്ളം മുഴുവനും അവളെ നോക്കിക്കൊണ്ട് ഒറ്റവലിക്കുകുടിച്ചു.

ഇനി വേണമോ?

വേണം.

ചിരിച്ചുകൊണ്ട് അവൾ വീണ്ടം വെള്ളം കൊണ്ടുവന്നു.  കുടിച്ച് വീണ്ടും ഞാൻ ആവശ്യപ്പെട്ടു. എനിക്കത്രയും ദാഹമുണ്ടായിരുന്നു. അവളുടെ കൈയിൽനിന്ന് എന്റെ അന്ത്യംവരെ വെള്ളം കുടിച്ചാലും മതിവരുകയില്ല എന്നെനിക്കുതോന്നി. ഭവതി വെള്ളംകോരി എനിക്കു തരികയാണെങ്കിൽ നദി വറ്റിപ്പോകും, ലോകത്തിൽ ഒരുതുള്ളിവെള്ളവും ശേഷിക്കുകകയില്ല എന്ന ബഷീറിന്റെ പ്രസ്താവന വെറുതെ ഹാസ്യാത്മകമായി ചിരിച്ചുതള്ളാനാവില്ല. കോഴിമുട്ട സ്നേഹമായതുപോലെ, പൂവൻപഴം സ്നേഹമധുരമായതുപോലെ, മാമ്പഴം പ്രേമ

ചിഹ്നമായതുപോലെ ഇവിടെ ജലം സ്നേഹജലമാണ്. ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന് ഒഴുകുന്നതിനാൽ അത് മതാതീതവുമാണ്. ഇത്തരം പ്രകൃതിബന്ധത്തിൽ നിന്നാണ് മിസ്റ്റിസിസത്തിന്റെ ആത്മീയപരത ബഷീർകൃതികളിൽ വെളിച്ചമാവുന്നത്. ഭൂമിയുടെ ചോരയാണ് വെള്ളം എന്നു നിങ്ങൾക്കു തോന്നാൻ കാരണമെന്താണെന്ന ചോദ്യം ഒരു കഥയുടെ തുടക്കത്തിൽ മുഴങ്ങുന്നതും അതുകൊണ്ടാണ് (ഭൂമിയുടെ ചോര/ചെറുകഥ).

സാമൂഹ്യബന്ധമാണ് ഓരോ വിവാഹവും. വെള്ളം ചിലപ്പോൾ സാമുഹ്യബന്ധത്തിന് തടസ്സമായി ഭവിക്കും. നിശ്ചയിച്ചുറപ്പിച്ച വിവാഹം ആധുനികതയുടെ ഇടപെടലാണ്. സംബന്ധം നിലനിന്ന കാലത്തെ പരിഹസിച്ചുകൊണ്ടാണ് ആധുനികവിവാഹസങ്കല്പവും ഏകഭാര്യാവ്രതവും മറ്റും നമ്മുടെ ബോധമായി പരിണമിക്കുന്നത്. ന്റുപ്പാപ്പാക്കൊരാനേണ്ടാർന്നുവിൽ ഇക്കാക്കയുടെ വിവാഹാലോചന തകരാൻ കാരണം ഒരു ഗ്ലാസ് വെള്ളമാണ്. പുതിയാപ്ല കാണാൻ വരുന്ന നേരം കുടിക്കാൻ കൊടുത്ത ഗ്ലാസിന് മീൻനാറ്റമുണ്ടായത് അയാൾക്കിഷ്ടമായില്ല. വിവാഹം മുടങ്ങി. മീൻനാറ്റം കുഞ്ഞുപാത്തുമ്മയുടെ ബാപ്പയായ മീൻകച്ചവടക്കാരന്റെ പാരമ്പര്യഗന്ധമാണ്. അതയാൾക്ക് നാറ്റമല്ല. എന്നാൽ ആധുനികതയുടെ മൂല്യസംഘർഷമാണ് തെളിയുന്നത്. വലിയ സദ്യനടത്തി, പാപ്പരായ മുസ്ലീം കുടുംബങ്ങൾ അടുത്തുള്ളതിനാൽ കുഞ്ഞുപാത്തുമ്മയുടേയും നിസാർ അഹമ്മദിന്റേയും വിവാഹത്തിന് സദ്യവട്ടമോ ആഘോഷമോ ഇല്ലായിരുന്നുവെന്നും അഞ്ചെട്ടുപേർക്ക് നെയ്ച്ചോർ മാത്രം നൽകി എന്നുപറയുമ്പോഴും ഇതേ സംഘർഷത്തിന്റെ മറ്റൊരു ഭൂമിക ദൃശ്യമാവുന്നു.

ജലത്തെ ജീവജലമായി തിരിച്ചറിയുന്ന അനുഭവം 'ഓർമയുടെ അറ'കളിൽ ഇപ്രകാരമാണല്ലോ ബഷീർ പറയുന്നത്: 'വെള്ളം കിട്ടാതെ വാടിത്തളർന്ന് നിൽക്കുന്ന ഒരു ചെടി നിങ്ങൾ എവിടെയെങ്കിലും കണ്ടിട്ട് നിങ്ങൾ ലേശം വെള്ളം കൊണ്ടുവന്ന് അതിന്റെ ചുവട്ടിൽ ഒഴിച്ചുകൊടുക്കുകയാണെങ്കിൽ അതാണ് നന്മ. വഴിയിൽ കിടക്കുന്ന മുള്ളെടുത്തുകളയുന്നതും നന്മ.

ലോകത്തോടു വിടപറയുന്ന വേളയിൽ ഇറക്കിയ വെള്ളം മനുഷ്യബന്ധങ്ങളുടെ ആത്മീയസ്വത്വമായി മാറുന്നതെങ്ങനെയെന്നു വിശദമാക്കുകയാണ് തേന്മാവിൽ (തേന്മാവ്/ചെറുകഥ). റഷീദും ഭാര്യഅസ്മായും കൂടി ഒരു തേന്മാവ് വളർത്തി വലുതാക്കിയതിനു പിന്നിൽ വൃദ്ധൻ ഇറക്കിയ അവസാനതുള്ളി ജലമാണ്. വഴിയരികത്ത് മരിക്കാറായി കിടന്നിരുന്ന വൃദ്ധന് റഷീദ് വെള്ളം കൊണ്ടുചെന്ന് കൊടുക്കുകയും ആ വൃദ്ധൻ അതിൽ ബിസ്മി ചൊല്ലി പകുതിവെള്ളം

അടുത്തുനിന്നിരുന്ന മാവിൻചുവട്ടിൽ ഒഴിക്കുകയും ബാക്കി കുടിച്ച് ഉടൻ മരിക്കുകയും ചെയ്യുകയാണ്. അസ്മായുടെ വീട്ടിൽനിന്നായിരുന്നു വെള്ളം വാങ്ങിയത്. പിന്നീട് ഇവർ രണ്ടുപേരും വിവാഹം കഴിക്കുകയും ആ മാവ് പറിച്ചെടുത്ത് ഇവരുടെ വീട്ടിൽ വളർത്തുകയും ചെയ്തു. അതിൽ നിറയെ തേനിന്റെ മധുരമുള്ള മാമ്പഴങ്ങളുണ്ടായി. ഇവർക്കുണ്ടായ മകന് ആ വൃദ്ധന്റെ പേരുതന്നെയാണിട്ടത്. യൂസഫ് സിദ്ധിഖ്. മരണാസന്നനായി കിടക്കുമ്പോൾ കിട്ടിയ ജലത്തിൽനിന്ന് ഒരു വിഹിതം വാടിത്തളർന്നുനിന്ന തൈമാവിൻചുവട്ടിൽ ഒഴിച്ചു എന്ന് പറയുന്നുണ്ട്. ആ മാവ് അയാൾ നട്ടതല്ല, മാങ്ങ തിന്ന് വഴിപോക്കർ മാങ്ങയണ്ടി വലിച്ചെറിഞ്ഞുണ്ടായതാണ്. വൃദ്ധൻ മരിച്ചശേഷം റഷീദും ഭാര്യയുംകൂടി ആ തൈമാവാണ് വളർത്തുന്നത്. ഒരു തുള്ളി ജലത്തിനു പറയാനുള്ള ഇക്കഥ തലമുറകൾ തമ്മിലുള്ള പാരസ്പര്യമെന്തെന്ന് കാണിച്ചുതരുന്നു. ഈശ്വരാരാധന തന്നെയായി മാറുന്ന സവിശേഷമാനുഷികതയാണത്. ഇതിനെ പൂരിപ്പിച്ചുകൊണ്ടാണ് ബഷീർ മറ്റൊരിടത്തു കുറിച്ചത്: വാടിത്തളർന്ന ഒരു ചെടി അല്ലെങ്കിൽ ഒരു വൃക്ഷം, ദാഹിച്ചു വലഞ്ഞുവരുന്ന ഒരു പക്ഷി അല്ലെങ്കിൽ ഒരു മൃഗം അല്ലെങ്കിൽ ഒരു സ്ത്രീയോ പുരുഷനോ ഇവർക്ക് ലേശം കുടിനീർ കൊടുത്ത് ആശ്വസിപ്പിക്കുന്നതും മഹത്തായ ഈശ്വരാരാധനതന്നെ.

പ്രകൃതിയെ അമിതമായി ചൂഷണം ചെയ്ത് ഉപഭോക്തൃസമൂഹത്തിലേക്ക് മാറ്റുകയായിരുന്നു ആധുനികചിന്ത ചെയ്തത്. പ്രകൃതിയിൽ നിന്ന് കിട്ടാവുന്ന പരമാവധി മാന്തിയെടുക്കുന്ന മൃഗീയമായ ആസക്തി സാമൂഹ്യാധുനികതയുടെ പാർശ്വഫലങ്ങളിലൊന്നാകുന്നു. എന്നാൽ മിസ്റ്റിസിസത്തിലെ പ്രകൃതി, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള വേർതിരിവിനെയാണ് പ്രാഥമികമായി ചോദ്യം ചെയ്യുന്നത്. മനുഷ്യനും പ്രകൃതിയും ഒന്നായിത്തീരുന്ന സാമഞ്ജസ്യത്തിലാണ് മനുഷ്യൻ കവിതയായി പിറവികൊള്ളുന്നത്.

നാടൻജ്ഞാനവ്യവസ്ഥയ്ക്കുമേൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ നേടിയ പാശ്ചാത്യജ്ഞാനബോധത്തിനു പുറകിൽ നിന്നുകൊണ്ട് നാം നടത്തിയ അധിനിവേശത്തിന്റെ ചിത്രമാണ് കൊളോണിയൽ അറിവ് വ്യവസ്ഥയുടെ കാതൽ. ഇവ തമ്മിലുള്ള വൈരുദ്ധ്യം ബഷീറിലും പ്രവർത്തിച്ചിട്ടുണ്ട്. അതുകൊണ്ടാണ് കുട്ടിച്ചാത്തനും ഒറ്റമുലച്ചിയും ആനമറുതയും ഗുളികനുമൊക്കെ ചേർന്നാണ് ഭക്ഷ്യക്ഷാമം ഉണ്ടാക്കുന്നതെന്ന് 'സ്ഥലത്തെ പ്രധാന ദിവ്യനി'ൽ എഴുതുന്നത്.

**സൂഫിസം, മിസ്റ്റിസിസം, ആധുനികത**

ദൈവം എന്നൊന്നില്ലെങ്കിൽ എന്റെ ആവശ്യത്തിനുവേണ്ടിയെ ങ്കിലും ഞാനൊരു ദൈവത്തെ ഉണ്ടാക്കുമെന്ന് ബഷീർ എഴുതിയിട്ടു ണ്ട്. അല്ലാഹുവിനെ പലയിടത്തും ഓർമ്മിക്കുമ്പോൾ അദ്ദേഹത്തിന്റെ നിയമാവലികൾ പൂർണ്ണമായും തനിക്കറിയില്ലെന്ന് അദ്ദേഹം എടുത്തു പറയുന്നു. അതായത് സംഘടിതമതബോധമല്ല അതിനപ്പുറത്തെ ഗോത്രമതവിധിയാണ് അദ്ദേഹം അംഗീകരിക്കുന്നത്. വംശീയതയുടെ നിരന്തരമൂല്യങ്ങളിലുള്ള വിശ്വാസം ബഷീർ കൃതികളുടെ അന്തർധാ രയാണ്. ദുരന്തങ്ങൾ തുടച്ചുനീക്കാൻ ദൈവത്തോട് സദാ അപേക്ഷി ക്കുന്ന സൂഫിയാണ് ബഷീർ.

വെറ്റില തിന്നാൻ കുഞ്ഞുപാത്തുമ്മ മോഹിക്കുന്നത് 'ന്റെപ്പുപ്പാ ക്കൊരാനേണ്ടാർന്നു' എന്ന നോവലിലാണ്. കെട്ടിക്കാത്ത മുസ്ലീം വനിത വെറ്റില തിന്നുന്നത് ശരിയല്ലെന്ന് കുഞ്ഞിപ്പാത്തുമ്മയ്ക്ക് അറി യുമെങ്കിലും അല്ലാഹുവും പ്രവാചകനായ മുഹമ്മദ്നബിയും അതു സംബന്ധമായി വല്ലതും പറഞ്ഞിട്ടുണ്ടോ എന്ന് കുഞ്ഞിപ്പാത്തു മ്മയ്ക്ക് അറിഞ്ഞുകൂടെന്ന് പറയുന്നു. എന്നിട്ട് വെറ്റില രുചിക്കുന്ന കുഞ്ഞിപ്പാത്തുമ്മ അവധൂതമായ മിസ്റ്റിക് ജീവിതത്തെയാണ് പുൽകു ന്നത്. അതിനെ സാധൂകരിച്ചുകൊണ്ട് അവൾ തനി പച്ചക്കറിയായി മാറുകയും ചെയ്യുന്നു. മുമ്പ് ഉണക്കപ്പരവ, സ്രാവ്, അയില, ചാള എന്നി വയോടൊത്തു വളർന്നവളാണ് ഇറച്ചിക്ക് ഉപ്പുനോക്കാൻപോലും നിൽക്കാതെ മാറിപ്പോകുന്നത് എന്നോർക്കണം.

ഭക്ഷണാവശ്യത്തിന്റെ തലതിരിച്ചിട്ട സൗന്ദര്യശാസ്ത്രത്തിലാ ണല്ലോ 'പാത്തുമ്മയുടെ ആട്' അവസാനിക്കുന്നത്. എഴുത്തുകാരന്റെ ഗമയേയും അസ്തിത്വത്തെയും കൊഞ്ഞനം കുത്തിക്കൊണ്ട് ജീവി തത്തിന്റെ മഹത്തായ എരിച്ചിലിനു മുന്നിൽ സാഹിതീയതയുടെ നിസ്സാരത ബോധ്യപ്പെടുത്തുന്ന തീറ്റ ആടിന്റേതാണ്. ചാരുകസേര യിൽ മുൻവശത്തെ വരാന്തയിൽ ഇരിക്കുമ്പോൾ ആരോ കടലാസു വലിച്ചുകീറുന്ന ശബ്ദം കേട്ട് നോക്കുമ്പോൾ കാണുന്നത് ആട് കിട ക്കയിൽ കയറിനിന്നുകൊണ്ട് ബാല്യകാലസഖിഎന്ന നോവൽ തിന്നു കയാണ്. മുൻകാലുകൾകൊണ്ട് ചവിട്ടിയിട്ട് രണ്ടും മൂന്നും പേജുക ളായി നക്കിനക്കി വായിലാക്കി സ്റ്റൈലായി ചവച്ചുതിന്നുകയാണ്. മൃഗം പുസ്തകം തിന്നുന്ന വൈരുദ്ധ്യം ആധുനികതയുടെ സംഘർഷം തന്നെ.

പൂവൻപഴത്തിലെ ജമീലാബീവി ആധുനികതയുടെ വക്താവാണ്. അതിനാലാണ് അബ്ദുൾഖാദറിനെ തന്നോടൊപ്പം പുരോഗമനവാദിയാക്കാൻ നോക്കുന്നത്. അബ്ദുൾഖാദറിന്റെ സങ്കല്പം ബഷീറിന്റേതുതന്നെ എന്ന് മനസ്സിലാവുന്നുണ്ട്. ബി.എ. പാസ്സായി എന്നുവെച്ച് എന്തുകൊണ്ട് അരിവെച്ചുകൂടാ? ബി.എ. അല്ല എം.എ പിഎച്ച്.ഡി.ക്കാരിയാണെങ്കിലും അരിയും കൂട്ടാനും വെയ്ക്കണം. അറിഞ്ഞുകൂടെങ്കിൽ അബ്ദുൾഖാദർ സാഹിബ് പഠിപ്പിക്കും. ബിരിയാണി മുതൽ ചായ ഉണ്ടാക്കാൻ വരെ മൂപ്പർക്കറിയാം. ബീവിയുടെ പാചകം പൊട്ടയാണെന്ന് സൂചിപ്പിക്കുന്നുണ്ട്. അന്നത്തെ കറികളെല്ലാം പൊട്ടയാണ്. ഉപ്പില്ല, ചിലതിന് എരിവ് കൂടുതൽ എന്നാലും നന്നായെന്നാണ് അഭിപ്രായം പറയുന്നത്. ആധുനികപാചകങ്ങളെല്ലാം വെറും വാക്കാണെന്ന് ഉറപ്പിക്കുകയാണ് ബഷീർ. പാചകപുസ്തകങ്ങളുടെ ആഖ്യാനത്തിൽ കൊളോണിയൽ ആധുനികത പ്രവർത്തിക്കുന്നതിനെക്കുറിച്ച് അർജുന അപ്പാദുരൈ എഴുതിയത് ഓർക്കാം. ബിരിയാണി കഥയിൽ പരാമർശിക്കപ്പെടുന്നു. അടുപ്പിൽ പാചകം ചെയ്ത ബിരിയാണിയോ കറിയോ അല്ല പൂവൻപഴവും മധുരനാരങ്ങയുമാണ് കഥയിൽ വിജയം നേടുന്നത് ബഷീറിന്റെ ഭക്ഷണരാഷ്ട്രീയത്തിന്റെ പ്രകൃത്യവബോധം വ്യക്തമാക്കുന്നു.

സാമൂഹികബന്ധത്തിനു വഴിതുറക്കുന്ന ഘടകമായും അമ്മ, സഹോദരന്മാർ, സഹോദരിമാർ എന്നിവരുമായുള്ള ആത്മബന്ധത്തിനു വഴിമരുന്നായും ഭക്ഷണം ബഷീറിന്റെ രചനകളിൽ കടന്നുവരുന്നുണ്ട്. എന്നാൽ പ്രകൃതിയിലെ ജീവശൃംഖലയെയല്ല ഭക്ഷ്യശൃംഖലയെയാണ് അദ്ദേഹം അംഗീകരിക്കുന്നത്. പാത്തുമ്മയുടെ ആടിൽ വീട്ടിലെ താമസക്കാരെപ്പറ്റി പറയുമ്പോഴാണ് മനുഷ്യരെക്കൂടാതെ എവിടെനിന്നോ വന്ന് കുടിയേറി ഉമ്മയുടെ അഭയാർത്ഥികളായി പാർക്കുന്ന കുറെ പൂച്ചകൾ, അവരെ പേടിച്ചും മച്ചുംപുറത്ത് സദാ ഓടിനടക്കുന്ന കാക്കത്തൊള്ളായിരം എലികൾ, പുരപ്പുറത്തിരുന്നു കരഞ്ഞ് വെപ്രാളം കൂട്ടുന്ന കാക്കകൾ, ഇതിനെല്ലാംപുറമെ എന്റെ ഉമ്മായുടെ സ്വന്തം വകയും വീടു ഭരിക്കുന്നവരുമായ പത്തുനൂറ് കോഴികൾ, അവരുടെ എണ്ണമില്ലാത്ത കുഞ്ഞുങ്ങൾ, ഇവരെ റാഞ്ചിക്കൊണ്ടുപോയി തിന്നുജീവിക്കുന്ന എരിയനും പരുന്തും..

ഭക്ഷണനിരാസത്തെ സമരമാർഗമായി വികസിപ്പിച്ച ഗാന്ധിജിയുടെ നിരാഹാരവ്രതം ബഷീർ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ശാശ്വതമായ വിശപ്പെന്ന സത്യം ബഷീറിനെ ചിരിപ്പിക്കുകയാണ് ചെയ്യുന്നത്. വനിതാ വോളണ്ടിയറെ പോലീസ് ബലാത്ക്കാരം ചെയ്യാനൊരുങ്ങിയതിൽ പ്രതിഷേധിച്ച് ബഷീറടക്കം പതിനാലുപേർ നടത്തുന്ന

നിരാഹാരവ്രതത്തെക്കുറിച്ച് നർമ്മത്തോടെ മാത്രമേ അദ്ദേഹത്തിന് ഓർക്കുവാനാകൂ. ആധുനികതയുടെ വിശപ്പല്ല സൂഫിസത്തിന്റെ വിശപ്പറിയായ്മയാണ് ബഷീറിൽ നിർമ്മം വിതറുന്നത്.
ഭക്ഷണത്തിന്റെ പരിശിഷ്ടം എച്ചിലല്ല, വിസർജ്ജ്യമാണെന്നുപറയാം. വിസർജ്ജ്യം എന്ന പദം തന്നെ ഒരു പ്രശ്നം മുന്നോട്ടുവെയ്ക്കുന്നു. വിസർജ്ജ്യം ആരാണോ നടത്തുന്നത് അവർക്കാണതു വിസർജ്ജ്യമാകുന്നത്. മനുഷ്യവിസർജ്യം രുചിയോടെ തിന്നുന്ന പട്ടിക്ക് വിസർജ്ജ്യമല്ല, ഭക്ഷണപദാർത്ഥമാണത്. 'മാന്ത്രികപ്പൂച്ച'യിൽ മനുഷ്യനെ നടക്കുന്ന കക്കൂസായി ഭാവനചെയ്യുമ്പോൾ ഭക്ഷണത്തിന്റെ അർത്ഥവ്യാപ്തി കൂടിയാണ് തിരിച്ചറിയേണ്ടത്. 'നടക്കുന്ന കക്കൂസാണ് മനുഷ്യർ. സ്ത്രീയും പുരുഷനും. വയറ്റിനകത്ത് കൃമികൾ, വിരകൾ, തലയിൽ പേൻ, ശരീരം മുഴുവൻ അണുക്കൾ, വായ് നാറ്റം, ശരീരം മുഴുവനും നാറും.. ഇത്രയ്ക്ക് വൃത്തികെട്ട നാറ്റം വേറേതെങ്കിലും ജീവിക്കുണ്ടോ.' ഇന്നത്തെ ഭക്ഷണമാണ് നാളത്തെ വിസർജ്ജ്യം. മനുഷ്യൻ മഹത്തായ പദം തന്നെയെങ്കിലും മനുഷ്യൻ സുന്ദരനാണെങ്കിലും അവൻ പേറേണ്ടുന്ന കക്കൂസുകൂടി ചേരുമ്പോഴാണ് അവന്റെ സ്വത്വം തെളിയുന്നത്. ഏതൊരു സുന്ദരശരീരത്തിനുള്ളിലും ഒരു മലിനീകരണശാല കൂടി പ്രവർത്തിക്കുന്നു. ഈ മലിനീകരണശാല പ്രവർത്തിച്ചില്ലെങ്കിൽ സുന്ദരരൂപം നിഷ്പ്രഭമായിപ്പോകും. 'ഭർ..' എന്ന കഥയിലും ബഷീർ ഈ ആശയം അവതരിപ്പിക്കുന്നു.

ഒരുവശത്ത് ആധുനികതയുടെ ഭക്ഷണബോധം മറുവശത്ത് സൂഫിപാരമ്പര്യത്തിന്റെയും മിസ്റ്റിസിസത്തിന്റെയും പ്രകൃതിബോധം. ഇതിനിടയിൽ നിന്നാണ് ബഷീർ ഭക്ഷണത്തെക്കുറിച്ച് വാചാലനാകുന്നത്. ആധുനികതയുടെ സ്വാധീനവും പ്രകൃതിആത്മീയതയുടെ –അങ്ങിനെ വിളിക്കാവുന്ന– പ്രഭാവവും ബഷീർരചനകളിൽ ഭക്ഷണാവബോധത്തിന്റെ കർതൃത്വം നിർണ്ണയിക്കുന്നു. ഈ രണ്ടു ലോകങ്ങളെയും ബഷീർ കണ്ടിട്ടുണ്ട്, ആവിഷ്ക്കരിച്ചിട്ടുണ്ട്. ആധുനികതയുടെ വിഭവങ്ങളും മിസ്റ്റിക് അനുഭൂതിയുടെ വിളമ്പൽരീതിയും ചേർന്ന രുചിക്കൂട്ടാണ് പാചകഭാഷയിൽ ബഷീറിന്റെ ഭക്ഷണാവിഷ്കാരത്തിന്റെ രസതന്ത്രം. 'മരണത്തിന്റെ നിഴലി'ലെ വാക്കുകൾ മേൽപറഞ്ഞ രണ്ടു ലോകത്തെയാവാം പ്രതിനിധീകരിക്കുന്നതെന്ന് വിലയിരുത്താം. 'അതിനകം രണ്ടുലോകമാണ്. ഹാളിൽ ജനങ്ങളിരുന്ന് സാത്വികമായ ആഹാരം കഴിക്കുന്നു. അവരുടെ ഇടയിലൂടെ ഞങ്ങൾ നടന്നു. മറ്റൊരു വാതിൽ. അവിടെ ചിലരഹസ്യം പറച്ചിലുകൾ കഴിഞ്ഞ് വാതിൽ തുറന്നു. മഹായോഗ്യന്മാർ തിന്നുകയും കുടിക്കു

കയും ചെയ്യുന്നു. കത്തികൾ, മുള്ളുകൾ, ഇറച്ചി, റൊട്ടി അതിന്റെയൊക്കെ മുമ്പിൽ പുരുഷന്മാർ മാത്രമല്ല, സ്ത്രീകളുമുണ്ട്'. ഇതാണ് ബഷീറിയൻ രുചി നിർണ്ണയിച്ച രണ്ടു ലോകങ്ങൾ. സാഹിതീയതയുടെ ഇത്തരം അറിവടയാളങ്ങൾ ഭക്ഷണത്തിന്റെ സംസ്കാര വിനിമയത്തെക്കുറിച്ച് പുതുബോധ്യം നൽകുന്നു.

## ഗ്രന്ഥസൂചി


കുഞ്ഞുണ്ണിവർമ, ശിവശങ്കരൻ എം., 1985, മനുഷ്യപരിണാമം, കോഴിക്കോട്: മാതൃഭൂമി ബുക്സ്.

ഭാസ്കരനുണ്ണി, 2000, പത്തൊമ്പതാംനൂറ്റാണ്ടിലെ കേരളം, തൃശൂർ: കേരള സാഹിത്യ അക്കാദമി.

മുകുന്ദൻ എം., 1989, ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു, കോട്ടയം: ഡി.സി. ബുക്സ്.

മണികൺഠൻ പി., 2009, മലയാളിയുടെ സ്വത്വാന്വേഷണങ്ങൾ, തൃശൂർ: കേരള സാഹിത്യ അക്കാദമി.

മാണി വെട്ടം, 1964, പുരാണിക് എൻസൈക്ലോപീഡിയ, കോട്ടയം: സാഹിത്യ പ്രസാധക സഹകരണ സംഘം.

മുഹമ്മദ് ബഷീർ വൈക്കം, 1994, സമ്പൂർണകൃതികൾ, കോട്ടയം: ഡി.സി. ബുക്സ്.

രാജഗോപാലൻ സി. ആർ., 2008, അന്നവും സംസ്കാരവും, സെന്റർ ഫോർ ഇന്നവേഷൻ

ലീന എം. എ., (എഡി.), 2007, നാട്ടുഭക്ഷണം, കോട്ടയം: ഡി. സി. ബുക്സ്.

ലോഗൻ വില്യം,1985 (1857), മലബാർ മാന്വൽ, കോഴിക്കോട്: മാതൃഭൂമി.

വിനു എബ്രഹാം, 2006, ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണപര്യവേക്ഷണങ്ങൾ, കോട്ടയം: ഡി. സി. ബുക്സ്.

വിജയൻ ഒ. വി.,1981, ധർമപുരാണം, കോട്ടയം: ഡി. സി. ബുക്സ്.

വിജയൻ, എം. എൻ. (എഡി.) നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, തൃശൂർ: കേരള സാഹിത്യ അക്കാദമി.

വിഷ്ണുനമ്പൂതിരി എം. വി., 1994, നാടോടിവിജ്ഞാനീയം, കോട്ടയം: ഡി. സി. ബുക്സ്.

ശ്രീധരൻ പെരുമ്പടവം, 2003, നാരായണം,കൊല്ലം:സങ്കീർത്തനം പബ്ലിക്കേഷൻസ്

ശാന്തകുമാർ വി., 2013, നവലിബറലിസത്തെ ഭയക്കുന്നതെന്തിന്, കോട്ടയം: ഡി. സി. ബുക്സ്.

സോമൻ പി.,1990, കാവ്യം അന്നരസമയം, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

ഹരിദാസ് എ. എസ്., 2006, നവകേരളത്തിന്റെ സംസ്കാരവും രാഷ്ട്രീയവും

Bob Ashley, 2004, Food and Cultural Studies, Routledge.

Christina Cambell, 2012, Primates in Perspective, University of Chicago.

Claude Levistrauss, 1994, The Raw and the Cooked:Intro to a Science of Mythology, Pimlico.
Constance Classen, 1994, Aroma: Cultural history of Smell, Routledge.
David Pilbeam, 1972, The Ascent of Man: An Introduction to Human Evolution, Macmillan.
Jukka Grunov, 2001, The Sociology of Taste, Routledge.
John Coveney, 2006, Food Morals and Meaning.
Kosambi D. D., 1965, Ancient India: A History of its Culture and Civilisation, Word Publishing Co.
Kosambi D. D., 1997, The Culture and Civilisationof Ancient India, Vikas, Newdelhi.
Norbert Ezlias1969, The Civilizing Process, Basil blackwell.
Panicker K. N., 1995, Culture Ideology Hegemony, Tulika.
Renee Hetherington, 2012, Living in a Dangerous Climate
Sharma R. S., 2007, India’s Ancient Past, Oxford.
Sharma R. S., 2009, Rethinking India’s Past, Sage.
Supriya chaudhary, Rimi chatterjee (Ed.) 2011, The Ariters Feast, Orient Black Swan.
Susan George, 1982, Food for Biginners, Orient Longman.

# കേരളീയ കാർഷിക സംസ്കൃതിയുടെ ശാസ്ത്രീയ അടിവേരുകൾ

ഡോ. ഇന്ദുലേഖ കാവിള

ഭൂമി സ്വന്തം അച്ചുതണ്ടിനു ചുറ്റും ക്രമമായി കറങ്ങിക്കൊണ്ടിരിക്കുന്നു. സൂര്യനെ ചുറ്റി ക്രമമായി വലം വച്ചുകൊണ്ടും ഇരിക്കുന്നു. ഇതു കാലഗതി. അങ്ങിനെ കാലചക്രം ഉരുണ്ടുകൊണ്ടിരിക്കവേ ഋതുക്കൾ അവയുടെ ക്രമത്തിൽ വന്നും പോയും ഇരിക്കുന്നു. കാലഗതിയിൽ സംഭവിക്കുന്ന നാനാവിധപ്രതിഭാസങ്ങളുടെ നിരീക്ഷണ ശേഖരണ വിശകലന അപഗ്രഥന സഞ്ചയനങ്ങളിലൂടെ ഉരുത്തിരിഞ്ഞുവന്നവയാണ് സംസ്കൃതികൾ. ചെയ്യേണ്ടുന്നതെന്തു, ചെയ്യരുതാത്തതെന്തു, എപ്പോൾ, എവിടെ, എങ്ങനെ എന്ന തിരിച്ചറിവാണ് സംസ്കൃതിയുടെ കാതൽ. നമ്മുടെ ജീവനത്തിൽ അന്തർലീനമായിരിക്കുന്ന – അഥവാ ആയിരുന്ന – കാർഷിക സംസ്കൃതിയുടെ വിവിധ ഭാവങ്ങൾ നാട്ടുഭാഷയിലെ വിവിധ പ്രയോഗങ്ങളിൽ നിലനിൽക്കുന്നുണ്ട്. അത്തരം ഏതാനും പ്രയോഗങ്ങളും അവ പ്രതിനിധാനം ചെയ്യുന്ന പ്രവർത്തനങ്ങളും ഭൗതികശാസ്ത്രദൃഷ്ട്യാ പരിശോധിക്കുകയും അങ്ങനെ ലഭ്യമാകുന്ന തിരിച്ചറിവിന്റെ വെളിച്ചത്തിൽ വർത്തമാനകാലം ആവശ്യപ്പെടുന്ന സംസ്കൃതി എന്ത് എന്ന് ചിന്തിക്കുകയുമാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്.

## കേരളത്തിന്റെ കാർഷിക സംസ്കൃതിയുമായി ബന്ധപ്പെട്ട ചില മലയാളഭാഷാപ്രയോഗങ്ങളും അവയുടെ അപഗ്രഥനവും

ഒരു ചോദ്യം : ജലം എന്നാൽ പൈപ്പിൽ നിന്ന് വരുന്ന, വരേണ്ടുന്ന, നമ്മുടെ മറ്റു വിഹാരങ്ങൾക്കൊന്നും മാറ്റം വരുത്താതെ തന്നെ വിചാരിച്ചാൽ വരുത്താവുന്ന ഒന്നാണോ? ആയിരത്താണ്ടുകളിലൂടെ ഉരുത്തിരിഞ്ഞുവന്ന കേരളത്തിന്റെ കാർഷിക സംസ്കൃതിയ്ക്ക് എന്തെങ്കിലും ഉത്തരം ഈ ചോദ്യത്തിനു നൽകാനുണ്ടോ? മലയാള ഭാഷയിൽ ലീന

മായിരിക്കുന്ന മണ്ണും കൃഷിയുമായി ബന്ധപ്പെട്ട ചില ഭാഷാപ്രയോഗങ്ങൾ കേരളത്തിന്റെ ഭൗതിക സവിശേഷതകളുടേയും കേരളത്തിന്റെ മണ്ണിനുള്ളിലൂടെ മഴവെള്ളം സഞ്ചരിക്കുന്ന രീതികളുടേയും വെളിച്ചത്തിൽ പരിശോധിക്കുകയും പുത്തൻ ശാസ്ത്രം ഉപയോഗിക്കുന്ന പദങ്ങൾ ഉപയോഗിച്ച് മേൽ ചോദ്യങ്ങൾക്ക് ഉത്തരം എന്ന നിലയിൽ അവതരിപ്പിക്കുകയും ആണ് ഈ ഖണ്ഡത്തിൽ. സംസ്കാരങ്ങൾ ജീവന്റെ അടിത്തറയായ പരിസ്ഥിതിയുടെ ജൈവ അജൈവ ഘടകങ്ങളുടെ പ്രവർത്തനപ്രതിപ്രവർത്തനങ്ങളെപ്പറ്റിയുള്ള ശാസ്ത്രീയമായ അവബോധത്തിൻ നിന്നും (മനുഷ്യരുടെ പൊതുസ്വഭാവത്തെപ്പറ്റിയുള്ള അവബോധം കൂടി കൂട്ടിച്ചേർത്തും) ഉയർന്നുവന്നവയാണെന്നുള്ള തിരിച്ചറിവിലേക്ക് വിശകലനം നമ്മെ എത്തിക്കുന്നു.

*1. തെങ്ങിന് തടം തുറക്കുക :* ഇടവപ്പാതിക്കു തൊട്ടു മുൻപ് തെങ്ങിന് ചുറ്റും കിളച്ചു മണ്ണ് കോരി മാറ്റി വട്ടത്തിൽ പൊക്കിയിട്ടു വലിയൊരു കിണ്ണം പോലെ ആക്കിയിടുന്നു. തെങ്ങു പുൽവർഗ്ഗത്തിൽ പെട്ടതാണ്. നിരന്തരം വേരുകൾ പൊട്ടിമുളച്ചുകൊണ്ടിരിക്കും. 60–70 വർഷമായ ഒത്ത ഒരു തെങ്ങിന് ചുറ്റും ഇങ്ങിനെ പത്തു മൂവായിരം പ്രതല സമീപവേരുകൾ 6 മീറ്ററോളം ചുറ്റളവിലേക്കു വളർന്നിട്ടുണ്ടാകും. കൂടാതെ 8 മീറ്ററോളം ആഴത്തിലേക്ക് വളർന്നിറങ്ങുന്ന, തെങ്ങു മറിഞ്ഞു വീഴാതെ പിടിച്ചു നിർത്തുന്ന വിധത്തിൽ ആഴവേരുകളും. നിരന്തരം വളരുന്ന വേരുകളുടെ ചലനം ചെളിയടിഞ്ഞു മണ്ണ് തീരെ ഉറച്ചു പോകാതെ നിലനിർത്തുന്നു. ഓടി ഒഴുകിപ്പോകാനാകാത്ത തരത്തിൽ കിണ്ണത്തിൽ പിടിക്കപ്പെടുന്ന മഴവെള്ളം തടം തുറക്കലിൽ അറ്റു പോകുന്ന വേരുകൾ ഉണങ്ങുന്നതു വഴിയുണ്ടാകുന്ന പാതകളിലൂടെ ദ്രുതഗതിയിൽ മണ്ണിനുള്ളിലേക്കു പടർന്നിറങ്ങുന്നു. ആഴത്തിലോടുന്ന വേരുകൾ ഈ ജലത്തെ ജലചാലകത താരതമ്യേന കുറഞ്ഞ ആഴമണ്ണിലേക്കു ദ്രുതഗതിയിൽ ആഴ്ത്തുകയും ചെയ്യുന്നു.

*2. അതിരും തിടിലും കോരുക :* കേരളത്തിൽ മിക്കവാറും പ്രദേശങ്ങൾ 20 ശതമാനമോ അതിലധികമോ ചരിവുള്ളതാണ്. തറ ചരിവിനൊത്തു പല തട്ടുകളായി കിടക്കുന്നു. വേനൽ മഴക്കു ശേഷം ഇടവപ്പാതിക്കു മുൻപ് തട്ടുകളുടെ അരികുകൾ മണ്ണുകോരി ഉയർത്തുന്നു. ഇത് അതിരു കോരൽ. ഓരോ തട്ടിനും തട്ടിൽ വെള്ളം നിറഞ്ഞു പൊങ്ങിയാൽ വെള്ളം താഴെത്തട്ടിലേക്കു ഒഴുകത്തക്കവണ്ണം പാത്തികളും കോരുന്നു. ഇത് തിടിലു കോരൽ. ഫലത്തിൽ മഴവെള്ളം തട്ടുകളിൽ കെട്ടി നിന്ന് മണ്ണിലേക്കാഴുന്നു. വർഷം അധികതരമെങ്കിൽ തട്ടിൽ വെള്ളം വളരെ അധികം നിറഞ്ഞു അതിരിൽ വച്ച് തട്ട് ഇടിഞ്ഞു മണ്ണും വെള്ളവും കൂടി ഒലിച്ചു നഷ്ടപ്പെട്ടു പോകാതെ ഒരു തട്ടിൽ നിന്ന് മറ്റൊന്നിലേക്കു വെള്ളം

പതിയെ ഒഴുകിപ്പോകത്തക്ക വിധത്തിൽ (പാത്തികൾ നേർക്കുനേരെ അല്ലാത്ത വിധത്തിൽ) സജ്ജീകരിക്കുന്നു. അതായതു രണ്ടു സന്നാഹങ്ങളും കഴിയുന്നത്ര അധികം സമയം വെള്ളം തട്ടിൽ തന്നെ നിന്ന് മണ്ണിലേക്ക് ആഴുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും വേണ്ടി എന്ന് സാരം.
*3. തുലാക്കൊത്ത് :* തുലാവർഷത്തിന്റെ അവസാനമാകുമ്പോഴേക്കും മേൽമണ്ണ് കൊത്തിയിളക്കി അടിമണ്ണിന് ഒരു പുതയാക്കിയിടുന്നു. മഴയ്ക്ക് വെള്ളത്തിലൂടെ ഒഴുകി വരുന്ന ചെളി അടിയുന്നതു കാരണം ഉപരിതല മണ്ണിന്റെ ഉള്ളിൽ നേർത്തു സൂക്ഷ്മമായ നാളികൾ മാത്രമായിരിക്കും ഉണ്ടാകുക. നേർത്ത നാളികളിൽ കൂടി അടിമണ്ണിലെ വെള്ളം മേൽമണ്ണിലേക്കു ഊറിപ്പൊങ്ങി (capillary rise) തുലാമഴയെ തുടർന്ന് വരുന്ന വരണ്ട കാലങ്ങളിൽ ആവിയായി നഷ്ടപ്പെട്ടു പോകും. ഇത് ഒഴിവാക്കാനായിരുന്നു തുലാക്കൊത്ത്.
*4. കാവും കുളവും :* കടുകട്ടിയായ ഒരു കൂട്ടം അന്ധവിശ്വാസങ്ങളുടെ (അന്ധവിശ്വാസങ്ങൾ പൊതുവേ അന്ധമായി വിശ്വസിക്കേണ്ടുന്നവ ആയിരുന്നു. അല്പം ചുഴിഞ്ഞു ചിന്തിച്ചാൽ മാത്രം കാരണം മനസ്സിലാകുന്നവ) സഹായത്തോടെ പട്ടാളച്ചിട്ടയിൽ കുന്നുകൾക്കു മുകളിലോ താഴ്വാരങ്ങളിലോ ആയി സംരക്ഷിക്കപ്പെട്ടിരുന്ന ചെറുവനങ്ങളാണ് കാവുകൾ. കുന്നുകൾക്കു മുകളിലുള്ളവ ഇലയും കമ്പും കായും പൂവും വീണുണ്ടാകുന്ന കട്ടിയുള്ള സ്പോഞ്ച് പോലെയുള്ള പുതയിൽ ധൃതഗതിയിൽ ആഗിരണം ചെയ്തും തട്ടുതട്ടായുള്ള ഇലച്ചാർത്തുകളിൽ തങ്ങിച്ചും മഴവെള്ളത്തെ താഴേക്ക് ഓടിപ്പോകാതെ ദീർഘസമയം പിടിച്ചു നിർത്തി മണ്ണിലേക്കാഴ്ത്തിവിട്ടു. അവിടെ സസ്യജാലങ്ങളുടെ തട്ടുതട്ടായ വേരുപടലങ്ങളും ബാക്ടീരിയ മുതൽ ആന വരെയുള്ള ജന്തുജാലങ്ങളുടെ വിവിധ പ്രവർത്തനങ്ങളും ബഹുസുഷിരിതവും ബൃഹത്സുഷിരിതവും ആക്കി നിറുത്തുന്ന മേൽമണ്ണിലൂടെ ദ്രുതഗതിയിൽ കടത്തി ആഴമണ്ണിലെത്തിച്ചു. അങ്ങിനെ ജലം കുത്തിയൊഴുകി ഫലഭൂയിഷ്ടമായ മേൽമണ്ണും കൊണ്ട് ഓടിക്കളയാതെ കീഴ്മണ്ണിലൂടെ അരിച്ചരിച്ചുനീങ്ങുന്ന അവസ്ഥയിലാക്കി. ഗുരുത്വാകർഷണത്തിൻ കീഴിൽ പതിയെ താഴ്വാരത്തിലേക്കു നീങ്ങുന്ന വെള്ളം അവിടെ തങ്ങി ഉയർന്നു മണ്ണിനു മേലെ പൊങ്ങി ഒഴുകി നഷ്ടപ്പെടാതെ താഴ്വാരത്തെ കാവുകൾ തിരിച്ചു പിടിച്ചു മണ്ണിലാഴ്ത്തുന്നു. നീരൊഴുക്കു ശ്രദ്ധിച്ചു ഉണ്ടാക്കിയിരുന്നതും കാവുകളോടനുബന്ധിച്ച് സംരക്ഷിക്കപ്പെട്ടിരുന്നവയും ആയ വറ്റാത്ത ഉറവയുള്ള കുളങ്ങൾ വേനലിലേക്കുള്ള കരുതൽ ശേഖരങ്ങളായിരുന്നു.
*5. മുണ്ടകൻ കൃഷി:* കേരളത്തിലെ ആകെ നെൽകൃഷിയുടെ ഏകദേശം 5/8 മുണ്ടകൻപാടങ്ങളിലെ കൃഷി ആയിരുന്നു. ആണ്ടിൽ രണ്ടു തവണയായി മുണ്ടകൻ പാടങ്ങളിൽ ഏകദേശം 150 ദിവസം വെള്ളം കെട്ടി

നിറുത്തപ്പെടുന്നു. പാടത്തിലെ കട്ടിച്ചെളിയിൽ കൂടി ഈ സമയം മുഴുവനും ജലം അൽപ്പാല്പ്പമായി അരിച്ച് നീങ്ങി ചെളിക്കടിയിലെ മണ്ണിലേക്ക് പ്രവേശിച്ചു ചുറ്റുമുള്ള പ്രദേശങ്ങളിലേക്ക് പടരുന്നു. കേരളത്തിൽ 1970–കളിൽ നെൽപ്പാടങ്ങൾ 8 മില്യൺ ഹെക്ടർ ഉണ്ടായിരുന്നു. 2015 ആകുമ്പോഴേക്കും അതിനു നാലിലൊന്നിനും താഴെയായി നെൽപ്പാടങ്ങളുടെ വിസ്തിർണ്ണം. പാടം നികത്തൽ വഴി നഷ്ടമായ അത്രയും വിസ്താരം മുണ്ടകൻ പാടങ്ങളിലുടെ മണ്ണിലേക്ക് അരിച്ചു പ്രവേശിച്ചിരുന്ന ജലം (ഏകദേശം 0.2 ബില്യൺ ക്യൂബിക് മീറ്ററിലും അധികം) കേരളത്തിന്റെ ഇന്നത്തെ ആകെ ശുദ്ധജല ഉപഭോഗത്തിന്റെ പത്തിലൊന്നിനു മേലെ വരും. ഭൂഗർഭജലസംഭരണിയിലേക്ക് വർഷാവർഷം നടക്കേണ്ടുന്നതായ തിരിച്ചടവിൽ സംഭവിച്ചിരിക്കുന്ന ഈ കുറവ് ജലസംഭരണിയിലെ കരുതൽ ശേഖരത്തെ അത്രയ്ക്കും കണ്ട് ആണ്ടോടാണ്ട് കുറയ്ക്കുന്നുണ്ട് എന്നുള്ളത് കേരളത്തിന്റെ ജലസുരക്ഷയുടെ കാര്യത്തിലുള്ള ദൈന്യാവസ്ഥയുടെ ആക്കം വ്യക്തമാക്കുന്നു. കേരളത്തിലെ ഒട്ടുമിക്ക പ്രദേശങ്ങളിലെയും ഭൂഗർഭജലത്തിന്റെ ശരാശരി നിരപ്പു പ്രതിവർഷം ഏകദേശം 1 സെന്റീമീറ്റർ വച്ച് താഴ്ന്നു വരുന്നതായിട്ടാണ് കേന്ദ്ര ഭൂഗർഭജല ബോർഡിന്റെ രേഖകളിൽ കാണുന്നതും.

*6. മലദൈവങ്ങളും പുലിദൈവങ്ങളും വനദേവതമാരും നദീദേവതകളും :* കൃഷിയിലേക്കു മാറുന്നതിനു മുൻപ് മനുഷ്യൻ പൊതുവേ പിന്തുടർന്നിരുന്ന ജീവിതരീതികൾ പിന്തുടരുന്നവർക്കിടയിലുള്ള വിശ്വാസങ്ങളിൽ ഇന്നും നിറഞ്ഞു നിൽക്കുന്നവരാണ് ഇവർ. മനുഷ്യന്റെ ആർത്തിയിൽ നിന്നും അശ്രദ്ധമായുള്ള ഇടപെടലുകളിൽ നിന്നും ഇവർ പ്രകൃതി സമ്പത്തുക്കളെ രക്ഷിച്ചു. പ്രകൃതിയെ നേരിട്ടാശ്രയിച്ചിരുന്നവർക്കു ജലം ഒഴുകുന്ന രീതികൾ നേരറിവായിരുന്നു. കാടാണ് കുടിവെള്ളം എന്നും മനുഷ്യന്റെ അമിതമായ കടന്നുകയറ്റം നദികളെ മലിനപ്പെടുത്താം എന്നും ഉള്ള യുക്തിബദ്ധമായ വിശദീകരണങ്ങൾ ശാസ്ത്രകുതുകികൾക്കേ കേൾക്കുവാനും മനസ്സിലാക്കുവാനും ഉള്ള ക്ഷമയുണ്ടാവുകയുള്ളു എന്നും ഉള്ള തിരിച്ചറിയലുകളിൽ നിന്നായിരുന്നിരിക്കാം ഈ ദൈവങ്ങളുടെയും ദേവതമാരുടേയും സൃഷ്ടി. ദൈവഭയം എന്നത് മനുഷ്യഔഖങ്ങളെ വഴിക്കു നടത്തുവാൻ ഇന്നും ഉപയോഗിച്ചു വരുന്ന ഒരു സങ്കേതമാണല്ലോ.

കേരളത്തിലെ മണ്ണിന്റെ അടിയിലെ പാറ മിക്കവാറും ക്രിസ്റ്റലൈൻ (crystalline) ഇനത്തിൽപെട്ട പാറയാണ്. ഒട്ടും തന്നെ സുഷിരിതമല്ലാത്തതിനാൽ ഇതിന് ജല ആഗിരണശേഷി തീരെയില്ല എന്നുതന്നെ പറയാം. പശ്ചിമഘട്ടത്തിൽ നിന്ന് അറബിക്കടലിലേക്ക് ചരിഞ്ഞു കിടക്കുന്ന കേരളക്കര. കേരളക്കരയുടെ 75 ശതമാനത്തോളം അംശം 20

ശതമാനത്തിലും അധികം ചരിവുള്ളതുമാണ്. പാറക്കുമുകളിൽ കെട്ടി നിന്ന് ചരിവിനൊത്തു ഒഴുകി സമുദ്രത്തിലേയ്ക്ക് നീങ്ങുകയല്ലാതെ മണ്ണിലേക്കാഴുന്ന ജലത്തിന് മറ്റൊന്നും ചെയ്യാനാകാത്ത അവസ്ഥയാണ് എന്ന് സാരം. കേരളത്തിലെ മണ്ണ് സാമാന്യം ഉയർന്ന ജലചാലകതയുള്ളത് ആണ് താനും. അതിൽ തന്നെ മേൽമണ്ണ് ഉയർന്ന ജലചാലകതയുള്ളതും ആഴമണ്ണ് താരതമ്യേന ജലചാലകത കുറഞ്ഞതുമാണ്. കേരളത്തിനു മേലെ പെയ്യുന്ന മഴയെ ഏകദേശം പൊഴിയുന്നത്രയും തന്നെ വേഗത്തിൽ കുറഞ്ഞ ജലചാലകതയുള്ള ആഴമണ്ണിലേക്കാഴ്ത്തിയാലേ മേലൊഴുക്കായും ഉയർന്നജലചാലകതയുള്ള പ്രതലസമീപമണ്ണിലൂടെയുള്ള ഒഴുക്കായും ദ്രുതഗതിയിൽ ഒഴുകി നഷ്ടപ്പെട്ടുപോകാതെ വർഷം മുഴുവനും ജലലഭ്യത ഉറപ്പാക്കത്തക്കവണ്ണമുള്ള ജലശേഖരണം സാധ്യമാകുകയുള്ളു. പശ്ചിമഘട്ട മലനിരകളിൽ മലഞ്ചരിവുകളിലെ ആഴമണ്ണിൽ ശേഖരിക്കപ്പെടുന്ന ജലമാണ് ഭൂഗുരുത്വത്തിൻ കീഴിൽ താഴേക്ക് പതിയെ നീങ്ങവേ ഉറവകളായി പൊങ്ങി ഒഴുകി ചേർന്ന് നദികളായി ഒഴുകുന്നത്. അങ്ങിനെ കേരളത്തിന്റെ കാർഷിക സംസ്കൃതി ഭൂപ്രദേശത്തിന്റെ ചരിവിന്റെ രീതിയും മണ്ണിന്റെ ജലചാലകതയുടെ രീതിയും ഭംഗിയാം വണ്ണം അറിഞ്ഞുള്ളതും ജലസുരക്ഷയെ ലാക്കാക്കിയുള്ളതും സൂക്ഷ്മമായി അനുശാസിക്കപ്പെട്ടിരുന്ന ചട്ടവും ചിട്ടയും നിഷ്ഠയും അവകൃത്യമായി അനുസരിക്കപ്പെടുവാൻ വേണ്ടുന്ന സാമൂഹിക മനഃസ്ഥിതിയും ഉറപ്പാക്കിയിരുന്നതും ആയ തികച്ചും ശാസ്ത്രീയമായ ഒന്നായിരുന്നു എന്ന് കാണാം.

**വെള്ളപ്പൊക്ക-വരൾച്ചാ-ചക്രം**

മഴവെള്ളത്തെ ആവാഹിച്ചു നിറുത്തിയിരുന്ന നിബിഡ വനങ്ങൾ തോട്ടങ്ങളും കൃഷിയിടങ്ങളും ജനവാസപ്രദേശങ്ങളുമായി മാറിയതിനാലും കാലാവസ്ഥാവ്യതിയാനം മൂലം അതിവർഷസാധ്യത ക്രമം വിട്ടു കൂടിപ്പോയിക്കഴിഞ്ഞിരിക്കുന്നതിനാലും ദ്രുതഗതിയിലുള്ള മേലൊഴുക്കു അടിഞ്ഞു താഴ്വാരങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നു. കാലവർഷത്തിലൂടെ ലഭിക്കുന്ന ജലം ഭൂരിഭാഗവും മണ്ണിലേക്കാഴാതെ ഒഴുകി നഷ്ടപ്പെടുന്നതിനാലും മണ്ണ് എളുപ്പത്തിൽ ചൂടായി വരണ്ടുപോകാതെ നിലനിർത്തുന്ന ജൈവആവരണം വെള്ളപ്പൊക്കത്തിൽ ഒലിച്ചു നഷ്ടപ്പെടുന്നതിനാലും വെള്ളപ്പൊക്കത്തെ തുടർന്ന് വരൾച്ചയുമുണ്ടാകും എന്ന അവസ്ഥയും ഉണ്ടായ്‌വരുന്നു. വരൾച്ച മണ്ണിന്റെ ജൈവാവരണത്തെ വീണ്ടും ശോഷിപ്പിക്കുന്നതിനാൽ തുടർന്ന് അതിവർഷം വന്നാൽ വെള്ളപ്പൊക്കം ഉണ്ടാകുവാനുള്ള സാധ്യത വർധിക്കുന്നു. അങ്ങിനെ ഒരു വെള്ളപ്പൊക്ക-വരൾച്ചാ-ചക്രം തന്നെ ഉണ്ടാകും എന്ന് കരുതേണ്ടി വരുന്നു. കേരളത്തിലും തൊട്ടടുത്ത് ശ്രീലങ്കയിലും വെള്ളപ്പൊക്ക-വര

ളർച്ചാ–ചക്രങ്ങൾ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു എന്നാണ് സമീപകാല അവസ്ഥയിൽ നിന്ന് മനസ്സിലാക്കേണ്ടിയത്. ശ്രീലങ്കയുടേതു പോലെ ദ്വീപസമാനമായ ഭൂവിതാനമാണ് കേരളത്തിനും. മലമുകളും കടൽക്കരയും തമ്മിലുള്ള അകലം തീരെ കുറവാണ്.

**വർത്തമാനകാലം**

ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിക്കുന്ന കാലത്തു തന്നെ കേരളത്തിലെ ജനസാന്ദ്രത ലോകത്തിലേക്കും അധികമായത് എന്നുള്ളത് ശ്രദ്ധിക്കപ്പെട്ടിരുന്നു. സ്വാതന്ത്ര്യാനന്തരമുള്ള മുക്കാലോളം നൂറ്റാണ്ടുകൊണ്ട് കേരളത്തിന്റെ ജനസംഖ്യ ഏകദേശം മൂന്നിരട്ടികണ്ടു വർദ്ധിച്ചിട്ടുമുണ്ട്. ഏതാനും ദശകങ്ങൾ കൊണ്ട് ജനസംഖ്യയിലും ജീവിതരീതിയിലും, വിശിഷ്യ സ്ഥല–ജല ഉപഭോഗത്തിലും വന്ന വലിയ മാറ്റങ്ങൾ ജലസുരക്ഷയെ അപകടപ്പെടുത്തിയിരിക്കുന്നത് ഒരു സമൂഹം എന്ന നിലയിൽ കണക്കിലെടുത്തു അവസ്ഥയ്ക്ക് യോജിച്ച പുതിയ സംസ്കാരങ്ങൾ രൂപപ്പെടുത്തുവാൻ മെനക്കെട്ടിട്ടില്ല എന്നാണ് നദീശോഷണത്തെപ്പറ്റിയും ജലമലീനികരണത്തെപ്പറ്റിയും ജലദൗർലഭ്യത്തെപ്പറ്റിയും ഉള്ള കണക്കുകൾ ആണ്ടോടാണ്ട് മോശമായിക്കൊണ്ടിരിക്കുന്നതിൽ നിന്ന് മനസ്സിലാക്കേണ്ടത്.

ഭൂവിസ്തൃതിയുടെ 50 ശതമാനമെങ്കിലും പ്രകൃതിക്കുവിട്ടുകൊടുക്കുവാൻ നാം നമ്മുടെ വ്യാപനത്തെ നിയന്ത്രിക്കേണ്ടിയിരിക്കുന്നു. ബ്രിട്ടൻ, ചൈന മുതലായ രാജ്യങ്ങൾ മലമ്പ്രദേശങ്ങളെ അവയുടെ പൂർവ്വ അവസ്ഥയിലേക്ക് തിരിച്ചു കൊണ്ടുപോകുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. ജനസംഖ്യാ വർദ്ധനയ്ക്ക് കടിഞ്ഞാണിടുവാൻ ഐക്യരാഷ്ട്രസഭ നിർദ്ദേശിച്ചിരിക്കുന്നത് സന്തതികൾ തമ്മിലുള്ള വയസ്സകലം കഴിയുന്നത്ര വർദ്ധിപ്പിക്കുക എന്നുള്ളതാണ്. ഇങ്ങിനെ ചെയ്യുക കൊണ്ട് ജനസംഖ്യ ഉയരുന്നതിന്റെ തോത് വളരെ കുറക്കുവാൻ സാധിക്കും. കാലാവസ്ഥാ വ്യതിയാനം സാരമായ ദുർഘടങ്ങൾ (ഓരു കയറുന്നതു വളരെയധികം ഉള്ളിലേക്കെത്തും, ചുഴലിക്കാറ്റും പേമാരിയും കൂടുതൽ കൂടുതൽ ശക്തമാകും – വേനൽ കൂടുതൽ കൂടുതൽ കനക്കും അങ്ങിനെ അങ്ങിനെ......) ഇനിയും ഉരുത്തിരിയിക്കും എന്നുള്ള ഈ അവസ്ഥയിൽ ഈ മണ്ണിൽ ഭാവിയിൽ ജീവിക്കേണ്ടതായ കുഞ്ഞുങ്ങൾക്കും ജീവജാലങ്ങൾക്കും വേണ്ടി ഹരിതഗൃഹവാതകങ്ങൾ കുറയ്ക്കുന്നതിനൊപ്പം തന്നെ ജനസംഖ്യ കുറയ്ക്കുകയും കാടുകളും തണ്ണീർത്തടങ്ങളും തിരിച്ചുപിടിക്കുകയും നാം ചെയ്യേണ്ടിയിരിക്കുന്നു.

# കുട്ടനാട്ടിലെ പണിയാളർ : സാഹിത്യവും സംസ്കാരവും

ഡോ. ആർ. ഗീതാദേവി

യന്ത്രവേഗങ്ങളുടെ ആധുനിക നാഗരികതയ്ക്കു മുൻപ് വൈവിധ്യ മാർന്ന പ്രാദേശികസംസ്കാരം കൊണ്ട് സമ്പന്നമായിരുന്നു നമ്മുടെ നാട്. ഭൗതിക സാഹചര്യങ്ങളിൽ ത്വരിതഗതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ നമ്മുടെ പാരമ്പര്യമുദ്രകളെയും സ്വത്വത്തിന്റെ അടയാളങ്ങളെയും പാടേ മായ്ച്ചു കളയുമ്പോൾ സാധാരണ മനുഷ്യർ ചരിത്രവും സംസ്കാരവും ഇല്ലാത്തവരായി മാറ്റിനിർത്തപ്പെടുന്നു. പ്രാദേശിക സംസ്കാരവും ജന സാമാന്യത്തിന്റെ ചരിത്രവുമൊക്കെ തിരിച്ചറിയപ്പെടണമെങ്കിൽ ഫോക്ക്ലോർ പഠനവും സംസ്കാര പഠനവുമൊക്കെ വലിയ പ്രാധാന്യ ത്തോടെ പരിഗണിക്കപ്പെടണം.

മൺമറഞ്ഞുപോയ സംസ്കാരത്തിന്റെ ഏതെങ്കിലുമൊക്കെ അംശ ങ്ങൾ, ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും അടയാളങ്ങൾ ഓരോ കാലത്തെയും വാമൊഴിപ്പാട്ടുകളിൽ കാണാൻ കഴിയും. അതുകൊണ്ട് കാലത്തിൽ നിന്ന് കവിതയെ അടർത്തിമാറ്റിയാലും കവിതയിൽ നിന്ന് കാലത്തെ അടർത്തിമാറ്റാനാവില്ല. പക്ഷെ പുതിയ സാംസ്കാരിക സാഹ ചര്യങ്ങളിൽ അവയെ കൃത്യമായി വായിച്ചെടുക്കാൻ പ്രയാസമാണെന്നു കാണാം.

കുട്ടനാട്ടിലെ പണിയാളരുടെ മൺമറഞ്ഞുപോയ സംസ്കാ രത്തെക്കുറിച്ചുള്ള ഒരന്വേഷണമാണ് ഈ പ്രബന്ധം. ആവേദകരിൽ നിന്ന് ലഭിച്ച അറിവുകളും വാമൊഴിപ്പാട്ടുകളും കുട്ടനാടൻ ജീവിത പരിചയ വുമാണ് ഇതിന് ഉപാദാനങ്ങൾ. പുത്തൻ മുതലാളിത്തവും ഭൂപരിഷ്ക രണവും കുട്ടനാടിന്റെ കാർഷിക വ്യവസ്ഥിതിയെ പാടേ പരിവർത്തന പ്പെടുത്തിയതോടെ കാർഷിക വൃത്തിയുടെ ഭാഗമായ വാമൊഴിപ്പാട്ടുകൾ അപ്രസക്തമാവുകയും പാട്ടുകളോടൊപ്പം അവരുടെ പ്രാചീനമായ

സംസ്കാരവും മൺമറയുകയും ചെയ്തു. അധഃസ്ഥിതർക്കെന്ത് സംസ്കാരം എന്ന് ആശ്ചര്യപ്പെടാം, എന്നാൽ ഓരോ ജനവിഭാഗവും അവരുടെതായ വംശീയ സ്വത്വങ്ങളെ സൂക്ഷിച്ചുകൊണ്ടാണ് ആധുനിക കാലംവരെ ജീവിച്ചുപോന്നത്. ഓരോ പ്രാദേശികതയ്ക്കുമുള്ളിൽ വ്യത്യസ്തങ്ങളായ ആചാരങ്ങളും അനുഷ്ഠാനങ്ങളും കലയും സാഹിത്യവും ഒക്കെചേർന്ന് രൂപപ്പെടുത്തിയ ജാതീയവും വംശീയവുമായ ജ്ഞാനസമ്പത്ത് (ഇതിനെ ജ്ഞാനം എന്നുപോലും വ്യവഹരിക്കാൻ ആധുനിക സംസ്കാരത്തിന് സാധ്യമായില്ലെന്നുവരാം) ഏറെയും ഇന്ന് നമുക്ക് കൈമോശം വന്നിരിക്കുന്നു. പാശ്ചാത്യാധുനികതയുടെ കാലം വരെ കേരളത്തിൽ, കുട്ടനാട്ടിലും കൃഷിതന്നെ ആയിരുന്നു. ജീവിതത്തിന്റെ അടിസ്ഥാന ഘടകം.

**കുട്ടനാടും കാർഷിക സംസ്കൃതിയും**

കൃഷിയെക്കുറിച്ച് വളരെ പ്രാചീന സങ്കല്പങ്ങൾ നമുക്കുണ്ട്. വള്ളോക്കവിതയും പള്ളുപാട്ടും പൊട്ടൻതെയ്യത്തോറ്റവും പോലെ മധ്യകേരളത്തിലെ തിരുവാതിരയിലും പടയണിയിലും പാടുന്ന പുലവൃത്തപ്പാട്ടുകളും കാർഷിക വൃത്തിയുടെ ചരിത്രത്തെയും മഹത്വത്തെയും പ്രതിനിധാനം ചെയ്യുന്നു. ഖാണ്ഡവ വനദഹന കഥ മുതൽ ധാരാളം പുരാവൃത്തങ്ങളും ഐതിഹ്യങ്ങളും ഉറങ്ങുന്ന മണ്ണാണ് കുട്ടനാട്. സംഘകാലം മുതൽ ഈ പ്രദേശം ആദിചേരന്മാരുടെ ആസ്ഥാനം എന്ന നിലയിൽ പ്രസിദ്ധമായിരുന്നു. കുട്ടനാട്ടുകാർ എന്ന അർത്ഥത്തിൽ കുട്ടുവന്മാർ എന്നാണ് അവർ അറിയപ്പെട്ടിരുന്നത്. വേണാടിനു വടക്ക് കൊല്ലം ജില്ലയിലെ കുറെ ഭാഗങ്ങളും ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളും ചേർന്ന പഴയ കുട്ടനാട് ഇന്ന് കുട്ടനാട് താലൂക്ക് മാത്രമായി ചുരുങ്ങിപ്പോയി.

കുട്ടനാടിന്റെ സാംസ്കാരിക ചരിത്രത്തിൽ അനിഷേധ്യമായ സ്ഥാനമാണ് അവിടുത്തെ പണിയാളരായ പുലയർക്കും പറയർക്കും ഉള്ളത്. അവരുടെ കഠിനാധ്വാനത്തിന്റെയും വീരസാഹസികതയുടെയും നൂറുമേനി വിളവാണ് കുട്ടനാടിന്റെ സമ്പത്ത്. സമുദ്രനിരപ്പിൽ നിന്ന് ഒന്നരമീറ്ററിലധികം താഴ്ന്ന ഈ ഭൂപ്രദേശം കരനിലങ്ങൾ, കരിനിലങ്ങൾ, കായൽനിലങ്ങൾ എന്നിങ്ങനെ വ്യത്യസ്തമായ കൃഷിയിടങ്ങളാൽ സമ്പന്നമാണ്. എ.ഡി.12-ാം ശതകത്തിൽ തെക്കുംകൂർ രാജാവായിരുന്ന 'കുമരൻ ഇയക്കൻ' വള്ളോന്മാരെക്കൊണ്ട് കട്ടകുത്തിച്ച് തരിശായി കിടന്ന ഭൂമിയെ കൃഷിക്ക് ഉപയുക്തമാക്കിയെന്ന് തിരുവല്ലാ ഗ്രന്ഥവരിയിൽ സൂചിപ്പിക്കുന്നു. ഈ കുമരന്റെ നാമത്തിലായിരിക്കണം 'കുമരങ്കരി' എന്ന സ്ഥലം അറിയപ്പെടുന്നത്.[1]

**പുലയരുടെ സംസ്കാരവും എടനാടൻ പാട്ടും**

കുട്ടനാട്ടുകാരുടെ പ്രവർത്തന മണ്ഡലങ്ങളിലെല്ലാം കൃഷിയുടെ അടയാളങ്ങൾ കാണാം. ചാതുർവർണ്യവും ജന്മിത്തവും കുടിയാൻ സമ്പ്രദായവുമൊക്കെ പണിയാളരായ പുലയരുടെയും പറയരുടെയും വംശമഹിമകളെ അധഃകരിക്കുകയും പില്ക്കാലത്ത് അവരെ അധഃസ്ഥിതരായി അടയാളപ്പെടുത്തുകയും ചെയ്ത ചരിത്രം അധികവും രേഖപ്പെടുത്തപ്പെടാത്തതാണ്. പണിയാളുകളിൽ മുൻപന്തിയിൽ നിന്നവരും ഏറ്റവും തമസ്ക്കരിക്കപ്പെട്ടുപോയവരും പുലയരാണ്. അവർക്ക് കൃഷി ഉപജീവനമാർഗ്ഗമായിരുന്നില്ല; ജീവിതം തന്നെയായിരുന്നു. ഇവരുടെ അധ്വാനത്തിന്റെ വർദ്ധിതപാരമ്പര്യത്തിനു കാരണം ജന്മികുടിയാൻ ബന്ധത്തിന്റെ ഈടുവയ്പായിരുന്നു. ആദ്യകാലത്ത് ഈ ബന്ധം അടിമത്തത്തിന്റേതായിരുന്നില്ല. തറ കുത്തിയിയെടുത്ത് തമ്പുരാന് താമസിക്കാൻ ഇടമൊരുക്കിക്കൊടുത്ത അടിയാൻ 'പൊന്നമ്പ്രാനെ' ദൈവത്തെപ്പോലെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു. അടിയാനോട് തമ്പുരാൻ എന്നും കടപ്പെട്ടിരുന്നു. പുഞ്ചപ്പാടം എന്നും പുലയന്റേതു തന്നെയായിരുന്നു. 'പുലപ്പുഞ്ച' 'പുഞ്ചപ്പുലയൻ' എന്നീ പ്രയോഗങ്ങൾ ഈ ബന്ധത്തെ സൂചിപ്പിക്കുന്നു. തലപ്പുലയന് പട്ടിണികൂടാതെ കഴിയാൻ വേണ്ടതും കേറിക്കിടക്കാൻ ഇടവും തമ്പുരാൻ നൽകിയിരുന്നു. കൃഷിയുടെ മുഴുവൻ ചുമതലയും വഹിക്കുന്ന തലപ്പുലയനെ 'ഓണപ്പണിക്കാരൻ' എന്നാണ് വിളിച്ചിരുന്നത്. കുട്ടനാട്ടിൽ ഏഴായിരത്തി അഞ്ഞൂറോളം ഓണപ്പണിക്കാരുണ്ടായിരുന്നു.[2] അവരുടെ കീഴിൽ ജോലി ചെയ്തിരുന്ന കാവൽപ്പുലയന്മാരും മറ്റ് പണിയാളുകളും ചേർന്നതായിരുന്നു കാർഷിക ശൃംഖല. തമ്പുരാനും അടിയാളരും തമ്മിലുള്ള ആത്മബന്ധത്തിന്റെ ചരിത്രമറിയാവുന്നവർ ഇന്ന് ചുരുക്കമാണ്. പില്ക്കാലത്ത് അത് അടിമത്തമായി അധഃപതിക്കുകയും പുലയരുടെ സാംസ്കാരിക സ്വത്വം മാഞ്ഞുപോവുകയും ചെയ്തു.

മറ്റ് സമുദായങ്ങളിൽ നിന്ന് വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങൾ ഇവർ പുലർത്തിപ്പോന്നിരുന്നു. തിരണ്ടുകല്യാണം, കെട്ടുകല്യാണം, പുടവകൊട, മരണാനന്തര ചടങ്ങുകൾ, പ്രസവത്തോടു ബന്ധപ്പെട്ട ആചാരങ്ങൾ ഇവയൊക്കെ പാരമ്പര്യമായി പുലർത്തിപ്പോന്നിരുന്നു. കുടുംബങ്ങൾ 'ഇല്ലം' എന്നാണ് അറിയപ്പെട്ടിരുന്നത്. (പിന്നീട് 'പുലച്ചാള'കൾ മാത്രമായി മാറുന്നുണ്ട്) ഇല്ലം അറിഞ്ഞേ ഇവർ വിവാഹം നടത്തിയിരുന്നുള്ളൂ. ഒരേ ഇല്ലത്തിൽപ്പെടുന്നവർ സഹോദരീസഹോദരന്മാരായിട്ടാണ് കരുതിയിരുന്നത്. തച്ചനില്ലം, വെള്ളായി ഇല്ലം, കോഞ്ചേരിയില്ലം, കരിപ്പട്ടി ഇല്ലം, ഉലഹേന്ദ്ര ഇല്ലം എന്നിങ്ങനെ മുപ്പത്തിരണ്ട് ഇല്ലങ്ങളും നാല്

ഗോത്രവുമാണ് പുലയർക്ക് ഉണ്ടായിരുന്നത്.[3] ചെറ്റപ്പുരകൾ മുതൽ പ്രഭുകുടുംബങ്ങൾ വരെ എല്ലാ ജാതിക്കും അന്ന് ഓലമേഞ്ഞ വീടുകൾ ആയിരുന്നു. സമ്പന്നരുടെ വീടുകൾക്ക് തടിയിൽ തീർത്ത നല്ല മേൽക്കൂരയും വാതിലുകളും കതകുകളും ഉണ്ടായിരുന്നു. ആയുധവിദ്യയും ദൈവാരാധനയും ഒക്കെയുള്ള പുലയരുടെ വീടുകൾക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം തന്നെ ഉണ്ടായിരുന്നിരിക്കണം. അവരുടെ പ്രാചീന സംസ്കാരത്തെ കുറച്ചെങ്കിലും അടയാളപ്പെടുത്തിയിട്ടുള്ളത് വാമൊഴിപ്പാട്ടുകളിലാണ്. തേക്കുപാട്ടുകൾ, ചക്രപ്പാട്ടുകൾ, നടീൽപ്പാട്ടുകൾ, കൊയ്ത്തുപാട്ടുകൾ, കച്ചിപ്പാട്ട്, പൊലിവുപാട്ട് എന്നിങ്ങനെ കാർഷികവൃത്തിയുടെ ഓരോഘട്ടത്തിലും പാടിയിരുന്ന പാട്ടുകളാണ് ഇവരുടെ സാഹിത്യം. ഇതിൽ കഥാഗാനങ്ങളും ഒറ്റപ്പാട്ടുകളും കൂടാതെ കുത്തുപാട്ടുകൾ, പൂട്ടുപാട്ടുകൾ എന്നിവയും കാണാം. വട്ടപ്പാട്ടുകളും വള്ളപ്പാട്ടുകളുമൊക്കെ പഴയകാലത്ത് ഉണ്ടായിരുന്നതായി പറയപ്പെടുന്നുണ്ട്. 'മുടിവെച്ചു തുള്ളൽ' എന്ന അനുഷ്ഠാനം (കല) സവിശേഷ സന്ദർഭങ്ങളിൽ നടത്തിയിരുന്നു.

പുലയരുടെ സാംസ്കാരിക സത്തയെ ഏറ്റവും നന്നായി അടയാളപ്പെടുത്തിയിട്ടുള്ള പാട്ടുകൃതി 'എടനാടൻപാട്ടാ'ണ്. പുലയരുടെയും പറയരുടെയും വീരേതിസാഹസമായിട്ടാണ് അവർ ഇത് സൂക്ഷിച്ചുപോരുന്നത്. എടനാടൻ എന്ന വീരയുവാവ് തന്റെ അച്ഛനെ കൊന്നവരോട് പകരം ചോദിക്കുന്നതാണ് ഇതിലെ ഇതിവൃത്തം. മാവല്ലാച്ചേരിയിലെ കൈമൾക്ക് കോതവെള്ളാട്ടിയിൽ പിറന്നമകനാണ് എടനാടൻ. എടനാടന്റെ ജാതിയെക്കുറിച്ച് സംശയങ്ങളുണ്ടെങ്കിലും പാട്ടിൽത്തന്നെ അത് വ്യക്തമാക്കുന്നുണ്ട്. കൈമളുടെ വെപ്പാട്ടിയായിരുന്നു കോത വെള്ളാട്ടി. വെള്ളാട്ടി എന്നാൽ വേലക്കാരി എന്ന് അർത്ഥം പറയാമെങ്കിലും കുട്ടനാട്ടിൽ നായന്മാരുടെ തുണിയലക്കുന്ന സ്ത്രീകളെയാണ് വെളുത്താട്ടി, വെളുത്തേടത്തി എന്നൊക്കെ പറഞ്ഞിരുന്നത്, അതായത് വെളുത്തേടത്ത് നായർ ഇവരെ ജാതിയിൽ താണവരായി കല്പിച്ചിരുന്നു. കർത്താക്കാന്മാർ മുതൽ വിളക്കിത്തല നായർ വരെ നായർ ജാതിയായിട്ടാണ് കണക്കാക്കിയിരുന്നത്. പട്ടർ(ബ്രാഹ്മണർ), കോയിലധികാരികൾ (ക്ഷത്രിയർ), കർത്താ, കൈമൾ, മേനോൻ, പണിക്കർ, കുറുപ്പ്, പിള്ള, നായർ, ഈഴവർ, കണിയാൻ, വേലൻ, ഐങ്കുടിക്കമ്മാളന്മാർ, മണ്ണാൻ, പുലയർ, പറയർ എന്നിങ്ങനെയായിരുന്നു അന്നത്തെ ജാതിശ്രേണി. എടനാടൻ പാട്ടിന്റെ കാലത്ത് ക്രിസ്ത്യാനികളും (മാപ്പിളമാർ) ഇവിടെയുണ്ടായിരുന്നു എന്ന് പാട്ടിൽ സൂചനയുണ്ട്. കുട്ടനാട്ടിൽ ക്ഷത്രിയർ ഉണ്ടായിരുന്നില്ല. പകരം കർത്താക്കന്മാരോ കൈമൾമാരോ ബ്രാഹ്മണരോ

ഒക്കെയായിരുന്നു കോയിലധികാരികൾ. കർത്താക്കന്മാർ മുതൽ വിളക്കിത്തല നായർ വരെ നായർ ജാതിയായിട്ടാണ് കരുതപ്പെട്ടിരുന്നത്.

മാവല്ലാച്ചേരി തറവാട്ടിൽ സന്തതിയറ്റു പോയതിനാൽ കൈമൾക്ക് വെള്ളാട്ടിപ്പെണ്ണിനു പിറന്ന എടനാടനെ കൂട്ടികൊണ്ടുവന്ന് അക്ഷരവിദ്യയും ആയുധവിദ്യയും പഠിപ്പിച്ചു. കളരി ഗുരുക്കളായ കൈമളുടെ പേരും പ്രശസ്തിയും കേട്ടറിഞ്ഞ് വടക്കെളം കൂറ്റെ കർത്താക്കന്മാർ മക്കളെയും അനന്തിരവരെയും അക്ഷരവിദ്യയും ആയുധവിദ്യയും പഠിപ്പിക്കാൻ അദ്ദേഹത്തെ ആളയച്ചുവരുത്തി. വിദ്യയെല്ലാം പൂർത്തിയായപ്പോൾ കർത്താക്കന്മാരുടെ വകയായ എഴുപുന്നക്കാടും എഴുവന്തുരുത്തിയിലെ പാടവും കൈമൾക്ക് ദക്ഷിണയായി കൊടുത്തു. കൈമളോട് കുടിപ്പക വച്ചിരുന്ന മേനോനും കോയിലും കൂടി എഴുവൻതുരുത്ത് കയ്യേറി കൃഷിയിറക്കുകയും പാട്ടം ചോദിച്ചു ചെന്ന കൈമളെ കൊന്ന് കയ്യും കാലും തലയും അറുത്ത് കെട്ടിത്തൂക്കുകയും ചെയ്തു. അക്കാലത്തെ സാമൂഹ്യ ജീവിതത്തിന്റെയും ജാതിവ്യവസ്ഥയുടെയും ഒരേകദേശ ചിത്രം ഈ പാട്ടിൽ നിന്ന് ലഭ്യമാണ്. വാമൊഴിപ്പാട്ടിലെ കഥകളൊക്കെ വിശ്വസനീയമാണോ എന്നു ചോദിച്ചാൽ അന്നാട്ടിലെ ദേശചരിത്രവും സംസ്കാരവും അറിയുന്നവർക്ക് അതിനുള്ളിലെ പാഠങ്ങൾ തിരിച്ചറിയാൻ കഴിയും എന്നതാണ് വസ്തുത. ആവേദകർ പറഞ്ഞു തന്ന അറിവുകളും ഈ പാട്ടിൽ നിന്ന് വായിച്ചെടുക്കാവുന്ന കാര്യങ്ങളും പലതും സമാനമാണ്. കുട്ടനാട്ടിൽ ചക്രം ചവിട്ടി നിലം വറ്റിച്ച് കൃഷിയിറക്കുന്നതിനും മുമ്പ് വെള്ളം തേക്കൊട്ടക്കൊണ്ട് തേകി വറ്റിച്ചിരുന്ന കാലത്തെ കഥയാണ് എടനാടൻ പാട്ടിൽ പരാമർശിക്കുന്നത്.

“തോണിയും വെച്ചേയവരു കെട്ടിയശേഷം
അവരാളുവടിയാരും തേക്കുതൊടങ്ങി
നാലുവശത്തോട്ടും തോണിതേകുന്നതൊണ്ടേ
പിടിയും വലിയുമായി തേകുന്നതൊണ്ടേ”

തെക്കെളം കൂറും വടക്കെളം കൂറും മേൽക്കോയ്മയോടെ വാണിരുന്ന കാലം എന്ന് പാട്ടിന്റെ ആദ്യഭാഗത്ത് സൂചനയുണ്ട്. തെക്കുംകൂറും വടക്കുംകൂറും പ്രബലരായ രണ്ട് നാട്ടുരാജ്യങ്ങളായിത്തിരുന്നത് പിന്നീടാവാം. അന്നത്തെ കുട്ടനാടിന്റെ വിസ്തൃതമായ ഭൂമിശാസ്ത്രം വച്ചു വേണം പഴയപാട്ടുകളെ മനസ്സിലാക്കാൻ. വൈക്കം, ചേർത്തല, തണ്ണീർമുക്കം, വയലാറ്, എഴുമാൻതുരുത്ത് (കടുത്തുരുത്തി) തുടങ്ങിയ പ്രദേശങ്ങളാണ് പാട്ടിൽ പറയുന്നത്. പ്രധാനസ്ഥലങ്ങളെല്ലാം ജലമാർഗ്ഗം എത്താവുന്നിടവും ആയിരുന്നു.

മാവല്ലാച്ചേരി കൈമളെ വകവരുത്തുന്നതിന് തീരുമാനിച്ച മേനോനും കോയിലും കൂടി ഓണപ്പണിക്കാരൻ ചാത്തപ്പൊലേനെക്കൊണ്ട് എഴുപുന്നക്കാട് വെട്ടിത്തളിപ്പിച്ച് എഴുവന്തുരുത്തിൽ കൃഷിയിറക്കുന്ന രംഗം പാട്ടുകഥയുടെ പഴക്കവും അന്നത്തെ കൃഷിരീതികളും ഓണപ്പണിക്കാരൻ പുലയന്റെ നിലയും വിലയും ഒക്കെ മനസ്സിലാക്കാൻ സഹായിക്കുന്നതാണ്. നാലുമൂന്നേഴായിരപ്പറക്കണ്ടം തെളിച്ച് വെതച്ച് പിടിച്ച ശേഷം അതുകൊണ്ട് മതിപോരാഞ്ഞ് നാല്പത്തിരണ്ടു പുരയിടോം കുത്തിച്ച് അതിൽ എള്ളോട് ചാമ മലവിരിപ്പും വെതപ്പിച്ചു. കുടിവാഴ, പലവാഴ വെച്ച് പൊന്നോലത്തെങ്ങും ഏണിക്കരിഞ്ചേമ്പും നട്ടു. ഇതെല്ലാം ചെയ്യുന്നത് ഓണപ്പണിക്കാരൻ ചാത്തപ്പുലയനും നാൽപ്പത്തിരണ്ട് പുലയരും ചേർന്നാണ്.

"എഴുവന്തുരുത്തുവെട്ടിവാഴാനക്കൊണ്ടേ
കാടുംകരികളും വെട്ടിത്തെളിക്ക
പൂവക്കനാടൊള്ള വെട്ടുപെലേരെ
വെട്ടുപെലയരേ വിളിക്കണേ നീയേ" എന്ന് മേനോൻ പറഞ്ഞതനുസരിച്ച് നാല്പത്തിരണ്ട് 'വെട്ടുപെലയരേ'യും കൂട്ടി എഴുവന്തുരുത്തിലെത്തി കാടും കരിയും വെട്ടിത്തെളിക്കുന്നു.

"ഇനിയെന്തുവേണ്ടിയെന്റെ ചാത്തപ്പെലേനേ" എന്ന് ഓരോ പണിയും കഴിയുമ്പോൾ മേനോൻ ചോദിക്കുന്നുണ്ട്. അതിനുത്തരമായി അടുത്ത ജോലി ചാത്തപ്പൊലയൻ പറയുന്നുണ്ട്:

"നാലുവശത്തുചെറകുത്തണം നമക്കേ"

ചെറകുത്താൻ ചേന്നങ്ങനാട്ടുള്ള നാല്പത്തിരണ്ട് 'വാരപ്പെലയരെ' യാണ് കൊണ്ടുവരുന്നത്. (യന്ത്രങ്ങൾ ഉപയോഗിക്കാൻ തുടങ്ങുന്ന കാലം വരെ കായലിൽ പണിക്കായി മറ്റു പ്രദേശങ്ങളിൽ നിന്ന് ഓണപ്പണിക്കാർ തമ്പുരാന്റെ വള്ളവുമായിപ്പോയി വരവാളെ (ആളന്മാര്) കൊണ്ടുവരുന്ന പതിവ് ഉണ്ടായിരുന്നു.) പണിയാളുകളെ കൊണ്ട് മേനവനും കോയിലും കൂടി എഴുവന്തുരുത്തിലെത്തി ചിറ (പുറം ബണ്ട്) കുത്തിക്കുന്നു:

"നാലുവശത്തേ കയറുകെട്ടിപ്പിടിച്ചേ
കയറും പിടിച്ചേയവരു കുറ്റിയടിച്ചേ
കുറ്റിയടിച്ചേ ചെറകുത്തുന്നതൊണ്ടേ
നാലുവശത്തും ചെറകുത്തുന്നതൊണ്ടേ
ഒത്ത നടുക്കേ നടുച്ചെറകുത്തി"

കുട്ടനാട്ടിൽ പണ്ട് പാടശേഖരങ്ങൾ കുത്തിയൊരുക്കുന്ന രീതിയാണ് ഇതിൽ വിവരിച്ചിട്ടുള്ളത്. ഇങ്ങനെ കയറുകെട്ടി കുറ്റിയടിച്ച് നിർമ്മിച്ച സ്ഥലത്ത് ഓലച്ചെറ്റകെട്ടി കൊമ്പും ചവറുമിട്ട് മീതെ കട്ടവച്ചാണ് പുറം

ചിറ നിർമ്മിക്കുന്നത്. കട്ടവയ്പ് പുലയരുടെ ഒരാചാരം കൂടിയാണ്. തൂശ നിലയിൽ ഒരുക്ക് വച്ച് പിതൃക്കളെയും ദൈവങ്ങളെയും പൂജിച്ചതിനു ശേഷമേ കട്ടകുത്ത് നടത്തുകയുള്ളൂ.

പൂജചെയ്യുന്ന സമയത്ത് വെളക്കത്ത് തേങ്ങാ ഒടച്ച് തേങ്ങാമുറിയിൽ പൂവിട്ട് രാശിനോക്കി ആൾനാശോം അർത്ഥനാശോം വരുമെന്ന് ചാത്ത പ്പൊലയൻ ഫലം പറയുന്നുണ്ട്. ഓലയും തേങ്ങയും അടത്തുന്ന ഓമമ ണ്ണാനും തേങ്ങവീണരാശിനോക്കി ഫലം പറയുന്നുണ്ട്. താണജാതിക്കാ രുടെയിടയിലും ഇത്തരം വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും ആചാര ങ്ങളും നിലനിന്നിരുന്നതായി ഇത് വ്യക്തമാക്കുന്നു.

"പാരയെടുത്തേയവൻ ചാത്തപ്പൊലേനെ
ഏഴുമടലോലയ്ക്കു ആഴിപെളർന്നേയവൻ
ആഴിപെളർന്നേയവനോലചവിട്ടി
ഓലചവിട്ടിയവൻ കറ്റും ചവിട്ടി
കൊമ്പും ചവറുമെടുക്കുന്നേയവനെ
ഏഴുപണിയും പണിതു നെരത്തി
തല്ലി ചവിട്ടിയവൻ പൊത്തിമിനുക്കി
പൊത്തിച്ചവിട്ടിയേചാത്തപ്പെലേനവൻ
മെല്ലനെവെള്ളത്തിൽ താണങ്ങിറങ്ങിയവൻ"

കൃഷിപ്പണിയിൽ പുലയർക്കുണ്ടായിരുന്ന നേതൃത്വവും പ്രാവീണ്യ വുമൊക്കെ ഈ ഭാഗത്ത് വളരെ വ്യക്തമായിപ്പറയുന്നുണ്ട്. കട്ടകുത്തു ന്നതിനിടെ ചാത്തപ്പുലയൻ തമ്പുരാന്റെ വള്ളത്തിൽ നിന്ന് മൂന്നുകുല്യ നെല്ലളന്നുകൊടുത്ത് ചെങ്കണ്ട കാളിയമ്മേടെ ഷാപ്പീന്ന് കള്ളും കറിയും കഴിക്കുന്നുണ്ട്. ഇത് പുലയരുടെ അവകാശമാണ്. കൊയ്ത്തിനും മെതിക്കും പൊലിയളവിനും ഒക്കെ ഇതുപോലെ തലപ്പുലയന് അന വധി അവകാശങ്ങൾ നെല്ലായും കറ്റയായും കൊടുത്തിരുന്നു.

കട്ടകുത്തി പുറം ചിറ ഉറപ്പിച്ചതിനു ശേഷം 'ആളുവടിയാരേം കൂട്ടി' തോണിയും വല്ലവും വച്ചുകെട്ടി പാടത്തെ വെള്ളം തേകിപ്പറ്റിക്കുന്ന കാഴ്ച അവരുടെ അധ്വാനവീര്യത്തെ ഉദാഹരിക്കുന്നു. തുടർന്ന് പോത്തി നെക്കൊണ്ട് നിലം ഉഴുത് പെണ്ണാളെയിറക്കി 'തപ്പിനിരത്തി' മേപ്പുഞ്ച പ്പാടത്ത്

"അരിചെറിയചെറുകറുക മൈല ചെമ്പാവും

അഴകേറും ചെമ്പാവും കറുത്ത ചുട്ട്യാര്യനും" വെതയ്ക്കുന്നു. താഴ്പ്പുഞ്ചപ്പാടവും അതുപോലെ വെതച്ചതിനു ശേഷം എഴുവന്തുരു ത്തിന്റെ 'കന്നിമക്കോണിൽ' ഒരു കളം (കറ്റയടുക്കിവച്ച് മെതിച്ച് കൂട്ടാ നുള്ള ഇടം) വേണമെന്ന മേനോന്റെ ആഗ്രഹം അനുസരിച്ച് കളം മാത്ര മല്ല നാല്പത്തിരണ്ട് പുരയിടവും കുത്തിയൊരുക്കി

"എള്ളോടുചാമ മലവിരിപ്പും വെതച്ചേ
കുടിവാഴപലവാഴവെച്ചു പിടിപ്പിച്ചേ
പൊന്നോലത്തെങ്ങേ വച്ചുപിടിപ്പിച്ചേ
ഏണിക്കരിഞ്ചേമ്പും നട്ടുപിടിപ്പിച്ചേ
വേണുന്ന കൃഷികാര്യം ചെയ്യുന്നതൊണ്ടേ
അതുകൊണ്ടുവാണേ മതിപോരാഞ്ഞിട്ടവനേ
കോയിലും മേനകനുമിരിപ്പാനെക്കൊണ്ടേ
കോയിലെടവാണേ കെട്ടിയവരേ"

ഇങ്ങനെ ചതുപ്പായി കിടന്ന ഇടങ്ങൾ പുലയർ കട്ടകുത്തി ഈടും മാടും ഒരുക്കി പുരയിടങ്ങളാക്കി തമ്പുരാക്കന്മാർക്ക് നല്കിയ ചരിത്ര മാണ് കുട്ടനാടിനുള്ളത്. ആയുധവിദ്യകളെല്ലാം വശമുള്ള മാവല്ലാച്ചേരി കൈമളുടെ ഭൂമിപോലും കോയിലും മേനോനും കയ്യേറുമ്പോൾ, ആളും അധികാരവും ഉള്ളവർ ഭൂമിക്കധിപന്മാരായി മാറിയതിന്റെ ചിത്രം കൂടി ഈ പാട്ടിൽ നിന്ന് വായിച്ചെടുക്കാം.

തീണ്ടലും തൊടീലും നിലനിന്നിരുന്ന കാലമായിരുന്നു അതെന്ന് എട നാടൻ പാട്ടിൽ നിന്ന് മനസ്സിലാക്കാം. എന്നാൽ പിൽക്കാലത്ത് കാണും പോലെ  ജാത്യാചാരങ്ങൾ പാലിക്കാതെ വന്നാൽ കഠിനമായി ശിക്ഷ കൊടുക്കുന്ന സമ്പ്രദായം ഒന്നും ഉള്ളതായി പാട്ടിൽ പരാമർശങ്ങളില്ല. എന്നല്ല ജാതിവ്യവസ്ഥയുടെ ഒരയഞ്ഞ സ്വഭാവം ശ്രദ്ധേയവുമാണ്.

കൈമളിന്റെ കൊലക്ക് പകരം ചോദിക്കാൻ പോയ എടനാടൻ തനിക്ക് ഇപ്പോഴുള്ള വിദ്യയൊന്നും പോരെന്ന് മനസ്സിലാക്കി 'കോട്ടയിൽ കണ്ടൻ' എന്ന ഗുരുവിനെക്കുറിച്ച് കേട്ടറിഞ്ഞ് കൂടുതൽ ആയുധാഭ്യാസം പഠിക്കുന്നതിനായി പോകുന്നു. പറയകുലത്തിൽപ്പെട്ട കണ്ടനെ 'തീണ്ടാ മതി' ദൂരത്തു നിന്നാണ് എടനാടൻ വിളിക്കുന്നത്. എന്നാൽ വിദ്യ പഠി പ്പിക്കുന്നതിന് കണ്ടൻ പറഞ്ഞ വ്യവസ്ഥയനുസരിച്ച് എടനാടൻ ആ വീട്ടിൽ താമസിക്കുകയും കണ്ടൻഗുരുവിന്റെ മകളായ പൊന്നുണ്ണിമാ ണിയെ സംബന്ധം ചെയ്യുകയും ചെയ്യുന്നു. ഗുരുവിൽ നിന്ന് വിദ്യക ളെല്ലാം മനസ്സിലാക്കിയ എടനാടൻ നല്ലമ്മ പറച്ചിയിൽ നിന്ന് 'മയ്യും പൊടിയും മരുന്നും' പഠിക്കുന്നു. തുടർന്ന് പൊന്നുണ്ണിമാണിയിൽ നിന്ന് ആഭിചാര ക്രിയകളും മന്ത്രവാദവും പഠിക്കുന്നുണ്ട്. സ്ത്രീകൾക്ക് ആയു ധവിദ്യയും ആയുർവേദവും മന്ത്രവാദവും ഒക്കെ വശമായിരുന്നു എന്ന സൂചനകൂടി ഇതിൽ നിന്ന് ലഭിക്കുന്നു. അക്കാലത്ത് വിദ്യയഭ്യസിക്കു ന്നതിന് തീണ്ടലില്ലായിരുന്നു എന്ന് എടനാടൻ പാട്ട് മാത്രമല്ല ചെങ്ങന്നൂ രാതിപ്പാട്ടും വ്യക്തമാക്കുന്നുണ്ട്. ജാതി നോക്കാതെ ഗുരുക്കന്മാർ താഴ്പ്പോട്ടും മേൽപ്പോട്ടുമുള്ള വിഭാഗങ്ങൾക്ക് വിദ്യപകർന്നു കൊടുത്തി

രുന്നു എന്ന് കുട്ടനാടിന്റെ ദേശചരിത്രങ്ങളും വാമൊഴിപ്പാട്ടുകളും ആവേദകരും തെളിവു തരുന്നുണ്ട്. പറയരും പുലയരും അധഃസ്ഥിത വിഭാഗത്തിലുള്ള മറ്റു ജാതിക്കാരും ആയുധവിദ്യയും ആയുർവേദവും മന്ത്രവാദം ജോതിഷം, തച്ചുശാസ്ത്രം ഇവയൊക്കെ അറിയുന്നവ രായിരുന്നു എന്നകാര്യം തമസ്കരിക്കപ്പെട്ടുകൂടാ. ക്ഷത്രിയർമുതൽ താഴോട്ടുള്ളവർക്കല്ലാതെ ബ്രാഹ്മണർക്ക് ആയോധനവിദ്യ വശമായിരു ന്നതായി സൂചനകൾ കാണുന്നില്ല.

കണ്ടൻഗുരുവിന്റെയടുത്തുനിന്ന് നേത്രക്കപൂവഞ്ച വേലൻപുലയന്റെ അടുത്തേക്കാണ് പേയും കലികളും അഭ്യസിക്കാൻ എടനാടൻ പോകു ന്നത്. 'പേയും കലികളും' മാത്രമല്ല പുലയന്റെ നാല്പത്തൊന്നു കുടി ദൈവങ്ങളെയും വാങ്ങിയാണ് എടനാടൻ അച്ഛന്റെ ചാവേറിന് തിരിക്കു ന്നത്. പില്ക്കാലത്ത് തമ്പുരാക്കന്മാരുടെ ക്ഷേത്രപരിസരത്തുപോലും പുലയർക്ക് പ്രവേശിക്കുന്നതിന് തീണ്ടലായി എന്നത് വിചിത്രമായിത്തോ ന്നാം. അച്ഛന്റെ ചാവേറിനു പോകുന്ന എടനാടൻ പത്തുജനങ്ങളെ; പത്തു ജാതിയിലുള്ളവരെ കൂട്ടിയാണ് പുറപ്പെടുന്നത്. വേമ്പനാട്ട് കായലിലൂടെ പോകും വഴിയിൽ വാരനാട്ടില്ലം ഭഗവതിനടയിൽ (ചേർത്തല, വേമ്പനാട്ട് കായലിന്റെ തീരത്തുള്ള ക്ഷേത്രം) നേർച്ച കഴിച്ച് പായസം കഴിക്കാനി രിക്കുമ്പോൾ എടനാടന്റെ ഭാര്യാസഹോദരൻ തച്ചെറുകാടൻ മാറിനിന്ന്,

"ഞാണ്ടിയേനം തൊണ്ടിയേനേം തൊട്ടുണ്ണിത്തില്ലേ
ചാക്കാലെടച്ചേരീനേം തൊട്ടുണ്ണത്തില്ലേ
നാങ്കണമുതുവനേം തൊട്ടുണ്ണത്തില്ലേ
വെളുത്തേടൻ നായരേം തൊട്ടുണ്ണത്തില്ലേ
ഞാൻ ചെവരക്കാരൻ ചങ്കരനെതൊട്ടുണ്ണത്തില്ലേ
ഞാൻ കുമ്പം കൊടവയറൻ മാപ്ലചങ്ങാതി
മാപ്ല ചങ്ങാതീനേം തൊട്ടുണ്ണത്തില്ലേ"

എന്ന് പറയുന്നുണ്ട്. ഇതുകേട്ട എടനാടൻ

"ചാവേറിനായിട്ടെറങ്ങിത്തിരിച്ചാലെടാ
പെണ്ണെന്നുമുണ്ടോയെടാ മണ്ണെന്നുവൊണ്ടോ
തീണ്ടെന്നുവൊണ്ടോതീണ്ടാക്കൊളവെന്നുണ്ടോ" എന്നു ചോദിച്ച് പായസമിളക്കുന്ന ചട്ടുകമെടുത്ത് അളിയന്റെ താടിക്കിട്ട് ഒരു തട്ടു കൊടു ത്തു. അതോടെ അവനും കൂട്ടത്തിലിരുന്ന് പായസം കഴിക്കുന്നുണ്ട്. ഇത് അക്കാലത്തെ തീണ്ടലിന്റെ സ്വഭാവമാണ്. എന്നാൽ ആവശ്യമുള്ളപ്പോൾ അതിനെ അതിലംഘിക്കാനും ധീരന്മാർക്ക് കഴിഞ്ഞിരുന്നു എന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. വയലാറ്റിൽ ചെന്ന് ഈഴപ്പണിക്കനെയും കൂട്ടി യാണ് എടനാടൻ മേനോന്റെ മനയിലേക്ക് പോകുന്നത്. ഈഴപ്പണി

ക്കന്റെ ഭാര്യ കോയിലിടത്തിലെ അടിച്ചുതളിക്കാരിയാണ്. വെള്ളാട്ടി പ്പെണ്ണാണ് മേനോന്റെ വീട്ടിലെ അടിച്ചുതളിക്കാരി. ഇതെല്ലാം അക്കാ ലത്തെ അയഞ്ഞ ജാതി വ്യവസ്ഥിതിയെയും സാമൂഹ്യ ക്രമത്തെയും കാണിക്കുന്നുണ്ട്.

ആധുനിക കൃഷിരീതികളെല്ലാം വികസിപ്പിച്ചെടുക്കുന്നതിനു മുൻപേ തികച്ചും ശാസ്ത്രീയമായി മണ്ണിനും മനുഷ്യനും ഹാനികരമല്ലാത്ത നൂറു മേനി വിളവിന്റെ രസതന്ത്രം പുലയർക്കാണ് വശമുണ്ടായിരുന്നത്. കേര ളത്തിലെ ആദിദ്രാവിഡ ഗോത്രസമൂഹം പുലയരാണെന്ന് കരുതപ്പെടുന്നു എന്നും ചേരനാട്ട് മക്കൾ എന്ന അർത്ഥത്തിലാണ് ഇവരെ ചെറുമർ എന്നു വിളിക്കുന്നതെന്നും അഭിപ്രായമുണ്ട്.[4] പറയിപെറ്റ പന്തിരുകുല ത്തിലെ 'വള്ളോൻ' ന്റെ വംശമാണ് പുലയർ എന്നുള്ള വാദത്തെ ശരിവ യ്ക്കുന്നതാണ് പാട്ടിലെ 'തളിരുവള്ളോത്തി'(പുലയസ്ത്രീ) എന്ന പ്രയോ ഗം.

**പറയരുടെ സംസ്കാരവും ചെങ്ങന്നൂരാതി പാട്ടും**

കേരളം ആദിദ്രാവിഡ ഗോത്രങ്ങളുടെ നാടായിരുന്നിരിക്കണം എന്ന സൂചന എം.ജി.എസ്.നാരായണനും ഇളംകുളം കുഞ്ഞൻപിള്ളയും വേലായുധൻ പണിക്കശ്ശേരിയും ഒക്കെ തരുന്നുണ്ട്. പുലയരുടെയും പറ യരുടെയും പഴയകാല ആചാരാനുഷ്ഠാനങ്ങളും ജീവിത രീതിയുമൊക്കെ അതിനെ സാധൂകരിക്കുന്ന തരത്തിലായിരുന്നു. സാമ്പത്തികമായും സാമൂഹികമായും അവർ പിൻനിരയിലേക്ക് തള്ളപ്പെട്ടത് നാടുവാഴിത്തം ശക്തിപ്രാപിച്ച കാലത്തായിരിക്കണം. പുലയരുടെ എന്നപോലെ കുട്ട നാട്ടിലെ പണിയാളരായിരുന്ന പറയരുടെ ജീവിതത്തെക്കുറിച്ചും സംസ്ക്കാരത്തെക്കുറിച്ചും പ്രതിപാദിച്ചിട്ടുള്ളത് വാമൊഴിപ്പാട്ടുകളിലാണ്. അതിൽ പ്രധാനം അവരുടെ ഇടയിലെ വീരനായകനായ ചെങ്ങന്നൂരാ തിയുടെ കഥാഗാനമാണ്. ഇരുപത്തൊന്ന് ആതിമാരും പതിനെട്ട് കളരി കളും നാല് ഇല്ലങ്ങളും പറയർക്ക് ഉണ്ടായിരുന്നു. ചെണ്ട, തപ്പ്, പറ, മരം, കുഴൽ, കിണ്ണം തുടങ്ങിയ വാദ്യങ്ങളാണ് ഇവർ ഉപയോഗിച്ചിരുന്ന ത്. കാളകെട്ട്, മുടിയാട്ടം കടുവകളി, പറയൻതുള്ളൽ, പരുന്താട്ടം തുട ങ്ങിയ കലാരൂപങ്ങളും അവയുടെ പാട്ടുകളും പായ്, മുറം കുട്ട തുടങ്ങി നെയ്ത്തു വിദ്യയും കരകൗശല വിദ്യയും ഇവർക്ക് നല്ല വശമായിരു ന്നു.

വെമ്പാലിനാട് വടക്കുംകൂറും തെക്കുംകൂറുമായി വിഭജിച്ചതിനു ശേഷ മുള്ളതാണ് ചെങ്ങന്നൂരാതി പാട്ടിലെ കഥാകാലം. ഇതിലെ തമ്പുരാൻ തെക്കുംകൂർ രാജാവാണ്. പറയരുടെ സംസ്കാര സമ്പന്നമായ ജീവിത ത്തിലേക്കും തെക്കുംകൂറിന്റെ ചരിത്രത്തിലേക്കും അന്നത്തെ സാമൂഹ്യാ

വസ്ഥകളിലേക്കും വെളിച്ചം വീശുന്ന പാട്ടാണ് ചെങ്ങന്നൂരാതി. തെക്കും കൂറിന്റെ അതിർത്തിയിലെ കാവൽ മരമായ അയനി(ആഞ്ഞിലി) പാണ്ടി രാജാവ് അതിക്രമിച്ച് കടന്ന് മുറിക്കുകയും തെക്കുംകൂർ രാജാവിനോട് യുദ്ധം ചെയ്യുകയും ചെയ്യുന്നു. യുദ്ധത്തിൽ തെക്കുംകൂർ ജയിച്ചെങ്കിലും രാജാവ് തിരിച്ചുപോകുമ്പോൾ പിറകേ പോന്ന പന്ത്രണ്ട് പടനായകന്മാരെയും പാണ്ടി തുലുക്കന്റെ ചങ്ങാതി മൂവക്കലിട്ടി ഒളിച്ചിരുന്ന് വെടിവെച്ച് കൊല്ലുന്നു.

തോക്കുപയോഗിച്ചിരുന്ന കാലം എന്ന സൂചനയും പന്ത്രണ്ട് വീരനായകന്മാരും ചെങ്ങന്നൂരാതിയുടെ അമ്മാവന്മാരായിരുന്ന പറയരായിരുന്നു എന്ന കാര്യവും പാട്ടിൽ പറയുന്നുണ്ട്. അമ്മാവൻമാരെ കൊന്നതിന് പകരം വീട്ടാൻ ചെങ്ങന്നൂരാതിയും മലനാട്ടിലാതിയും കൂടിയാണ് പോകുന്നത്. വീരസാഹസികരായ അവർ മൂവക്കലിട്ടിയുടെയും നെടുമല്ലുകണ്ടയുടെയും തലവെട്ടി തെക്കുംകൂർ തമ്പുരാന് കാഴ്ചവയ്ക്കുന്നു. തമ്പുരാക്കന്മാർക്കു മുന്നിൽ പോലും തലതാഴ്ത്താത്ത ചെങ്ങന്നൂരാതി പതിനെട്ട് കളരിയും പിടിച്ചടക്കുന്ന വീരകഥ ചരിത്രാംശങ്ങൾ നിറഞ്ഞ വെറും കെട്ടുകഥയാണെന്ന് കരുതാൻ പ്രയാസമുണ്ട്. പില്ക്കാലത്ത് തമ്പുരാക്കന്മാർക്കുവേണ്ടി കൊള്ളയും കൊലയും നടത്തിയ വീരസാഹസികരായ പറയരെകുറിച്ച് കുട്ടനാടിന്റെ തനിമയും പാട്ടും, കുട്ടനാടിന്റെ ഇതിഹാസം എന്നീ ഗ്രന്ഥങ്ങളും സൂചിപ്പിക്കുന്നുണ്ട്.

പാലുവം പെണ്ണിനെത്തേടിപ്പോകുന്ന ചെങ്ങന്നൂരാതിയെ അമ്മ പാച്ചോറ് വച്ച് ഊണും കൊടുത്തു വിടുന്ന രംഗം പറയരുടെ ധനസ്ഥിതിയും കുലസ്ഥിതിയും വ്യക്തമാക്കുന്നതാണ്.

“അച്ചുകൊമ്പനണിതാക്കോലെടുക്കുന്നതൊണ്ടേ
കാഞ്ഞിരപ്പെരമുറീടെ പൂട്ടുതുറന്നേ
അരിയിടും പത്താഴം തൊറക്കുന്നെന്റെമ്മ
അരികോരും കൊച്ചുകിണ്ണൻ വലംകയ്യിലെടുത്തേ
ചൂരാണി അണിമൊറത്തിലരികോരിയെടുത്തേ
ചങ്കരൻ ചെറു ചങ്ങഴിക്കൊന്നു മറിച്ചു.
ഇല്ലിമുളം നാഴിക്കുമൊന്നളന്നിട്ടേ
പത്തായപ്പുരപൂട്ടി പുറത്തിറങ്ങുന്നേ

ഉരലിലിട്ടുകുത്തിപേറ്റിയെടുത്ത്” ആണ് അമ്മ പാച്ചോറുവയ്ക്കുന്നത്. പറമ്പിൽ നിന്ന് കോവക്ക, പാവക്ക, മത്തങ്ങ, വഴുതനങ്ങ, ഒക്കെ പറിച്ചെടുത്ത് കറിവയ്ക്കുന്നു. കുഞ്ഞാതി അമ്മയുടെ അനുവാദവും ആശീർവാദവും വാങ്ങിയാണ് യുദ്ധത്തിന് പോയിരുന്നത്. അമ്മയോട് കാണിച്ചിരുന്ന അനുസരണയും സ്നേഹവും ബഹുമാനവു(കുടുംബ

ത്തിൽ സ്ത്രീക്ക് കൊടുത്തിരുന്ന പ്രാധാന്യവും)മൊക്കെ പാട്ടിൽ പലേടത്തും പരാമർശമുണ്ട്.

ചെങ്ങന്നൂരാതി പാലുവംപെണ്ണിനെത്തേടിപ്പോകുമ്പോൾ,

“പാലുവം പാടത്ത് പാലുവന്തമര്

ആയിരം മറവരേം കൊണ്ടുവേലകൊള്ളിച്ച്

ആയിരം കുറവരേം കൊണ്ട് വേലകൊള്ളിച്ച്” നിൽക്കുന്നത് കാണുന്നു. ചെങ്ങന്നൂരാതി വരുന്നതുകണ്ട് തെക്കുംകൂർ തമ്പുരാന്റെ എളം പടയെന്ന് ധരിച്ച് ആളുകൾ ഓടിമാറുന്നുണ്ട്. പാലുവങ്കോയിയുടെ സംഭാഷണം അക്കാലത്തെ നാടുവാഴിത്തത്തിന്റെ ധിക്കാരത്തെ മുഴുവൻ വ്യക്തമാക്കുന്നതാണ്. അതിന് തക്ക മറുപടികൊടുക്കാനുള്ള ധൈര്യം അന്ന് ചെങ്ങന്നൂരാതിക്ക് ഉണ്ടായിരുന്നു.

“പട്ടിക്കള്ളങ്കഴുവേറി, പറക്കഴുവേറി

നിനക്കെന്തെടാ ആചാരമില്ലാത്തെ യാത്തിരക്കാരാ?” എന്ന ചോദ്യത്തിന് “ആചാരമെങ്ങനിരിക്കും പോറ്റിത്തമരേ” എന്ന് ചോദിക്കുന്ന കുഞ്ഞാതി,

“താൻ തന്ന തലയിക്കെട്ടല്ലടാ പാലുവംകോയി

തന്നെ ഞാൻ കാണുമ്പം ഊരാനക്കൊണ്ട്

എന്റെ  അമ്മാവന്മാരായോരുകാലം

തെക്കുംകുറ്റിവല്യമ്പുരാൻ തന്ന തലേക്കെട്ട്” എന്ന് അഭിമാനത്തോടെ പറയുന്നുണ്ട്. തെക്കുംകൂർ രാജാവിന്റെ പടനായകന്മാരായിരുന്ന അമ്മാവനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. രാജാക്കന്മാർ ബഹുമാനാർത്ഥം ചില പ്രത്യേക അധികാരങ്ങൾ അക്കാലത്ത് എല്ലാ ജാതിക്കാർക്കും അനുവദിച്ചുകൊടുത്തിരുന്നു. അതിന്റെ ഭാഗമാണ് അമ്മാവന്മാരുടെ കാലത്ത് കുഞ്ഞാതിയുടെ കുടുംബത്തിന്  നൽകിയ തലയിൽക്കെട്ട് കെട്ടാനുള്ള അധികാരവും.

“അപ്പൻ മരുമകൻ കൂടെ പെൺകൊടുക്കേല

തെക്കും വടക്കും ഞാൻ പെൺകൊടുക്കേല” എന്ന പാലുവനച്ചന്റെ സംഭാഷണം അവരുടെ ജാതിമര്യാദയും ദേശമര്യാദയും സൂചിപ്പിക്കുന്നതാണ്. പാലുവം പെണ്ണിനെയും കൊണ്ട് തിരികെപ്പോകുന്ന ചെങ്ങന്നൂരാതി കുന്നുവനച്ചനോട് യുദ്ധം ചെയ്യുകയും അയാളെ കൊല്ലുകയും ചെയ്യുന്നു. പോരും കൊലയും കണ്ട പാലുവം പെണ്ണ് പേടിച്ചോടി കരിയാവുകോട്ടയിൽ എത്തുകയും ചെങ്ങന്നൂരാതിയുടെ ഗുരുവായ കരിയാപണിക്കൻ അവളെ അവിടെത്താമസിപ്പിച്ച് ആയുധവിദ്യകളെല്ലാം പഠിപ്പിക്കുകയും ചെയ്യുന്നു. സ്ത്രീകൾക്ക്, താഴ്ന്ന ജാതിസ്ത്രീകൾക്കും അക്കാലത്ത് ആയോധന വിദ്യ പഠിക്കുന്നതിന് തടസ്സമുണ്ടായിരുന്നില്ല

എന്ന് ഇത് വ്യക്തമാക്കുന്നു. നൂറ്റൊന്നു തെങ്ങേക്കേറുന്ന ഈഴപ്പണിക്കൻ 'വാണിതപ്പെര'കെട്ടി കള്ളും മരുന്നും ഉപ്പും മുളകുമെല്ലാം കച്ചോടം ചെയ്യുന്നു. അന്ന് ഈഴവർ ചെയ്തിരുന്ന തൊഴിലുകളാണ് കള്ളു ചെത്തും കച്ചവടവും.

കുന്നുവം പെണ്ണിങ്ങത്തേടിപ്പോകുന്ന സന്ദർഭത്തിൽ ചെങ്ങന്നൂരാതി തമ്പുരാന്റെ പടിക്കൽച്ചെന്ന് പണം എണ്ണിക്കൊടുത്ത് തമ്പുരാന്റെ ആനയെ കൂലിക്കുവാങ്ങി ആനപ്പുറത്താണ് പോകുന്നത്. ചെങ്ങന്നൂരാതിയുടെ വീരസാഹസികത മാത്രമല്ല സാമൂഹ്യനിലയും ഇത് വ്യക്തമാക്കുന്നുണ്ട്. പതിനെട്ട് കളരിയും ജയിച്ച കുഞ്ഞാതി പത്തൊമ്പതാമത്തെ കളരിയിൽ ഇല്ലുവനച്ചനോടേറ്റ് ചുരികകൊണ്ട് മരിക്കുന്നു. പത്തൊമ്പതാമത്തെ കളരിയിൽ വച്ച് ഗുരുവിന്റെ പേര് വെളിപ്പെടുത്തേണ്ടിവരുമെന്നും അവിടെ വച്ച് അന്ത്യം സംഭവിക്കുമെന്നും വിദ്യപഠിപ്പിച്ച കരിയാപണിക്കൻ ചെങ്ങന്നൂരാതിയോട് നേരത്തെ തന്നെ പറഞ്ഞിരുന്നു.

തിരണ്ടുകല്യാണം, താലികെട്ട് കല്യാണം, പുടവകൊട, പെൺപണം കൊടുക്കൽ, പിതൃക്കളെ വച്ച് പൂജിക്കൽ, ഭദ്രകാളി ശിവൻ എന്നീ മൂർത്തികളെ ആരാധിക്കൽ, പറയൻ തുള്ളൽ എന്നീ ആചാരാനുഷ്ഠാനങ്ങൾ പറയർ പിൻതുടർന്നു പോന്നിരുന്നു. മന്ത്രവാദം, കളരി സമ്പ്രദായം വൈദ്യം, തിരുമ്മ്, പയറ്റ്, അടിതടവ്, ചുരികയേറ്, വടിതട എന്നീ വിദ്യകളൊക്കെ അക്കാലത്ത് ഇവർ വശമാക്കിയിരുന്നു എന്ന് ചെങ്ങന്നൂരാതിയുടെ കഥയിൽ സൂചിപ്പിക്കപ്പെടുന്നു. പറയർക്കിടയിൽ സ്വന്തമായി ഒരു ഗൂഢഭാഷ നിലനിന്നിരുന്നതായി ആവേദകർ പറയുന്നുണ്ട്. രഹസ്യസ്വഭാവമുള്ള കാര്യങ്ങൾ മറ്റുള്ളവരുടെ സാന്നിദ്ധ്യത്തിൽ പറയുന്നതിനു വേണ്ടിയാണ് ഇത് ഉപയോഗിച്ചിരുന്നത്. കുട്ടനാടൻ പ്രദേശങ്ങളിൽ നിന്ന് മാത്രമേ ഈ വിവരം ലഭിച്ചിട്ടൊള്ളൂ. ഇത് അവരുടെ ഗോത്രഭാഷയുടെ തുടർച്ചയാകാം അല്ലെങ്കിൽ പ്രത്യേക സാമൂഹ്യാവസ്ഥയിൽ സ്വരക്ഷയ്ക്കുവേണ്ടി അവർ നിർമ്മിച്ച ഗൂഢഭാഷയുമാകാം. ഇതിലെ കുറച്ച് പദങ്ങൾ മാത്രമേ ഇന്ന് പ്രായമായവർക്കുപോലും വശമുള്ളൂ. ചെങ്ങന്നൂരാതിപ്പാട്ടിൽ ഈ ഭാഷാ പ്രയോഗങ്ങൾ കാണുന്നില്ലെന്നുള്ളതും പ്രസ്താവ്യമാണ്. കുട്ടനാട്ടിലെ പറയരുടെയും പുലയരുടെയും നാട്ടുഭാഷയിലാണ് ചെങ്ങന്നൂരാതിപ്പാട്ടും എടനാടൻ പാട്ടും രൂപപ്പെടുത്തിയിട്ടുള്ളത്. ഈ രണ്ട് പാട്ടുകൃതികളും കാണുന്നതുപോലെ അവരുടെ സംസ്കാരത്തിന്റെ അടയാളങ്ങൾ മറ്റ് പാട്ടുകളിലും കാണപ്പെടുന്നുണ്ട്.

കേരളത്തിന്റെ ഗ്രാമീണമുഖം മറയുന്നതോടെ കേരളീയ ജീവിതത്തിലെ ആദിദ്രാവിഡമുദ്രകളും മാഞ്ഞുപോവുകയാണ്. ആര്യാധിപത്യത്തിനു ശേഷമുള്ളമുള്ളതുപോലെയല്ല അതിനുമുൻപുള്ള പ്രാചീനകേ

രളത്തിന്റെ സാംസ്കാരിക ചരിത്രം. നാട്ടടയാളങ്ങളിൽ, വാമൊഴികളിൽ, കലാരൂപങ്ങളിൽ നാടൻ പാട്ടുകളിൽ ഒക്കെ സൂക്ഷിക്കപ്പെട്ടിട്ടുള്ള ഈ സംസ്കാരവും അതിന്റെ ചരിത്രവും വീണ്ടെടുക്കാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. ആര്യസംസ്കാരം തീണ്ടാപ്പാടകലെ നിർത്തിയതുപോലെ ആധുനിക സംസ്കാരവും ഇവിടുത്തെ പുലയർ, പറയർ, വേലർ തുടങ്ങിയ ഗോത്രജാതിക്കാരുടെ കലയേയും സംസ്കാരത്തെയും മാനിച്ചിട്ടില്ല. പ്രാകൃതമെന്ന് മുദ്രകുത്തുകയാണ് ചെയ്തത്. പുതിയകാലത്ത് അവയ്ക്ക് സ്ഥാനം ലഭിച്ചതാകട്ടെ കലകളുടെ ബാഹ്യമോടിയിലുള്ള ആകർഷണം കൊണ്ടാണ്, സംസ്കാരത്തോടുള്ള ആദരവുകൊണ്ടല്ല എന്നത് ശ്രദ്ധേയമാണ്. കേരളത്തിന്റെ അതിപ്രാചീനമായ ഒരു സാമൂഹിക സംസ്കാരത്തിലേക്കാണ് ഇത്തരമൊരന്വേഷണം നമ്മെ കൊണ്ടെത്തിക്കുന്നത് എന്ന കാര്യത്തിൽ സംശയിക്കാനില്ല.

## ഗ്രന്ഥസൂചി


കമലാസൻ എൻ.കെ., ***ഒരു കുട്ടനാടൻ ഓർമ്മക്കൊയ്ത്ത്.*** എസ്.പി.സി.എസ് കോട്ടയം.2010

കുഞ്ഞൻപിള്ള ഇളംകുളം, ***ഇളംകുളത്തിന്റെ തിരഞ്ഞെടുത്ത കൃതികൾ.*** നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

കേശവൻ നമ്പൂതിരി എൻ.ഇ.പ്രൊഫ., ***തെക്കുംകൂർ ചരിത്രവും പുരാവൃത്തവും*** എൻ.ബി.എസ്.കോട്ടയം.2015

ഗോപാലകൃഷ്ണൻ പി.കെ., ***കേരളത്തിന്റെ സാംസ്കാരിക ചരിത്രം.*** കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.2012

ദളിത്ബന്ധു, ***കുട്ടനാടിന്റെ ഇതിഹാസം.*** ഹോബി പബ്ലിഷേഴ്സ്. വൈക്കം.2004.

മറിയാമ്മ ജോൺ, ***മാണിക്കം പെണ്ണ്.*** മാനുഷം പ്രസിദ്ധീകരണം. ചങ്ങനാശ്ശേരി.1998.

രാഘവവാര്യർ രാജൻ ഗുരുക്കൾ, ***കേരളചരിത്രം***. വള്ളത്തോൾ വിദ്യാപീഠം. ശുകപുരം.2011.

വിശ്വനാഥക്കുറുപ്പ് കാവാലം, ***കുട്ടനാടിന്റെ തനിമയും പാട്ടുകളും.*** കേരള സാഹിത്യ അക്കാദമി. തൃശ്ശൂർ.1989.

സജിത.കെ.ആർ.(എഡി). ***എടനാടൻ പാട്ട്.*** താപസം.1997.

# തിണപരികല്പന നോവലിൽ: രണ്ടിടങ്ങഴി, വിഷകന്യക, മണ്ണിന്റെ മാറിൽ - ഒരു പുനർവായന

**ഡോ. കെ. ശിശുപാലൻ**

മണ്ണിൽ പണിയെടുക്കുന്ന മനുഷ്യരെ കേന്ദ്രകഥാപാത്രങ്ങളാക്കി എഴുതപ്പെട്ട നോവലുകളാണ് തകഴിയുടെ രണ്ടിടങ്ങഴി(1948), പൊറ്റക്കാടിന്റെ വിഷകന്യക(1948), ചെറുകാടിന്റെ മണ്ണിന്റെ മാറിൽ(1954) എന്നിവ. മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങളും കൃഷിയും കർഷകനും തമ്മിലുള്ള ബന്ധവും ജന്മി-അടിയാൻ, ജന്മി-കുടിയാൻ ബന്ധങ്ങളും കാർഷികബന്ധങ്ങളിലെ പരിണാമങ്ങൾ മനുഷ്യബന്ധങ്ങളെ നിർണ്ണയിക്കുന്നതും മറ്റുമാണ് അവയിലെ പ്രതിപാദ്യങ്ങൾ. ഭൂമിശാസ്ത്രപരമായി കേരളത്തിലെ മൂന്നു വ്യത്യസ്ത ആവാസമേഖലകളിലെ കാർഷികസംസ്കൃതിയുടെ ആവിഷ്കാരമാണവ. ആവാസവ്യവസ്ഥയും(ecosystem) മനുഷ്യനും തമ്മിൽ ചരിത്രാതീതകാലം മുതൽ ഗാഢബന്ധമുണ്ട്. ഓരോ ആവാസവ്യവസ്ഥയും കാട്, മല, മണ്ണ്, വെള്ളം, കാലാവസ്ഥ, മനുഷ്യൻ, സസ്യങ്ങൾ, മൃഗങ്ങൾ, പക്ഷികൾ, ഇതര ജീവജാലങ്ങൾ മുതലായവയെല്ലാം പരസ്പരബന്ധിതവും പരസ്പരാശ്രിതവുമാണ്. അതിനാൽ ആവാസവ്യവസ്ഥകൾ സംന്തുലിത (balanced/stable)മായിരിക്കുക എന്നതു പ്രധാനമാണ്. ആവാസവ്യവസ്ഥയിലെ ഒരു ഘടകമെന്ന നിലയിൽ പരിസ്ഥിതിൽ/പ്രകൃതിയിൽ ഉണ്ടാകുന്ന കരണപ്രതികരണങ്ങൾ മനുഷ്യസ്വാഭാവത്തെയും അവന്റെ വികാരവിചരങ്ങളെയും സ്വാധീനിക്കുക സ്വാഭാവികമാണ്. മറ്റൊരുതരത്തിൽപ്പറഞ്ഞാൽ മനുഷ്യസ്വഭാവത്തെ രൂപീകരിക്കുന്നതിൽ പ്രകൃതിപ്രതിഭാസങ്ങൾക്ക് നിർണ്ണായകമായ പങ്കുണ്ട്. മനുഷ്യനിർമ്മിതിയായ സാഹിത്യത്തിലും അതിന്റെ പ്രതിഫലനമുണ്ടാകും. സാഹിത്യവും ആവാസവ്യവസ്ഥയും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യുന്ന

സാഹിത്യ നിരൂപണത്തെ പരിസ്ഥിതി നിരൂപണം(ലരീരൃശശേരശാ) എന്നു വിശേഷിപ്പിക്കുന്നു. തൊണ്ണൂറുകളിലാണ് പരിസ്ഥിതി സൗന്ദര്യ ശാസ്ത്രം (ലരീ മലവെേലശേര) എന്ന പരികല്പന പടിഞ്ഞാറും തുടർന്ന് ഇവിടെയും പ്രചാരത്തിൽ വന്നത്. എന്നാൽ, പ്രാചീന വിശാല തമിഴകത്തിന്റെ കാവ്യശാസ്ത്രമായ തൊൽകാപ്പിയം തിണ എന്ന പരി സ്ഥിതി നിരൂപണ പദ്ധതി പണ്ടുതന്നെ മുന്നോട്ടുവച്ചിട്ടുണ്ട്. ലോക ത്തിലെ തന്നെ ആദ്യ പരിസ്ഥിതി സൗന്ദര്യശാസ്ത്രകൃതിയുമാണ് തൊൽകാപ്പിയം. തൊൽകാപ്പിയത്തെ പിൻതുടർന്ന് ഒരു തനതു സാഹിത്യനിരൂപണസമ്പ്രദായം മലയാളം ഇതുവരെ വികസിപ്പിച്ചെ ടുത്തിട്ടില്ല. അക്കാര്യത്തിൽ നമുക്കു വഴികാട്ടിയായേക്കാവുന്ന ഒന്നാണ് തിണപരികല്പന. തിണപരികല്പന മുന്നോട്ടുവയ്ക്കുന്ന ദർശനത്തെ അടിസ്ഥാനമാക്കി രണ്ടിടങ്ങഴി, വിഷകന്യക, മണ്ണിന്റെ മാറിൽ എന്നീ നോവലുകളെ പുനർവായിക്കാനുള്ള ശ്രമമാണിവിടെ.

സംഘംകൃതികളെ പൊതുവേ എട്ടുത്തൊകൈ, പത്തുപ്പാട്ട്, പതി നെൺകീഴ്ക്കണക്ക് എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായി തിരിച്ചിരിക്കു ന്നു. ഇവയെത്തന്നെ കാവ്യങ്ങൾ, സൈദ്ധാന്തികകൃതികൾ എന്നിങ്ങ നെയും വിഭജിക്കാം. ഭാഷ, വ്യാകരണം, കാവ്യസിദ്ധാന്തം എന്നിവ വിശ കലനം ചെയ്യുന്ന സൈദ്ധാന്തികകൃതിയാണ് തൊൽകാപ്പിയം. തൊൽകാ പ്പിയത്തിലെ പൊരുളതികാരം കാവ്യശാസ്ത്രചർച്ചയാണ്. പ്രതിപാദ്യ ത്തിന്റെ അടിസ്ഥാനത്തിൽ കാവ്യങ്ങളെ അകംകവിതകൾ, പുറംകവി തകൾ എന്നു വിഭജിച്ചിരിക്കുന്നു. അകംകവിതകളുടെ പ്രമേയം വൈയക്തികാനുഭങ്ങളായ പ്രണയവും വിരഹവുമാണ്. പുറംകവിതകൾ വീരന്മരെക്കുറിച്ചുള്ള വാഴ്ത്തുപാട്ടുകളാണ്. അധികാരരൂപങ്ങൾ, പടയോ ട്ടങ്ങൾ, കൊള്ളകൾ, വിഭവങ്ങളുടെ സമാഹരണം, പുനർവിതരണം, വിനി മയം ഉൾപ്പെടെയുള്ള സാമൂഹികവിഷയങ്ങളാണ് പുറംപാട്ടുകളുടെ ഉള്ള ടക്കം.

അകത്തിണയിൽ കൈക്കിള, മുല്ല, കുറിഞ്ഞി, പാല, മരുതം, നെയ്തൽ, പെരുന്തിണ എന്നിങ്ങനെ ഏഴ് ഇഴകളുണ്ട്. ഇവയാകെ മുല്ല, കുറിഞ്ഞി, പാല, മരുതം, നെയ്തൽ ഇങ്ങനെ അഞ്ചു തിണ(ദേശപ്രകൃ തി)കളെ പ്രതിനിധാനം ചെയ്യുന്നു. ഓരോ തിണയിലും മുതൽപ്പൊരുൾ, കരുപ്പൊരുൾ, ഉരിപ്പൊരുൾ എന്നിങ്ങനെ മൂന്നു ഘടകങ്ങൾ കാണാം. മുതൽപ്പൊരുൾ സ്ഥലത്തെയും കാലത്തെയും കുറിക്കുന്നതാണ്. കാലത്തെ ഋതുക്കളായും ദിവസങ്ങളായും ദിവസത്തെ അഞ്ചുസമയക്ര മമായും വിഭജിച്ചിരിക്കുന്നു. കഥാപത്രത്തിന്റെ സ്വത്വത്തെ നിർണ്ണയിക്കു ന്നതിൽ സ്ഥലകാലങ്ങൾക്ക് പ്രധാന്യമുണ്ടെന്ന് ഇതുസൂചിപ്പിക്കുന്നു.

കരുപ്പൊരു (ജീവിത സാഹചര്യങ്ങൾ) ളിൽ ദൈവം, ആഹാരം, മൃഗം, മരം, പക്ഷി, പറ(വാദ്യം), തൊഴിൽ, രാഗം, ആളുകൾ, നായകൻ, പുവ് എന്നിവ ഉൾക്കൊള്ളുന്നു. പ്രണയവും കലഹവും/യുദ്ധവുമാണ്(പെണ്ണിനോടും മണ്ണിനോടുമുള്ള പ്രണയം) ഉരിയിലെ പ്രതിപാദ്യം. മുതലും കരുവും ചേർന്ന് ഏതു ഭാവത്തെ പ്രമേയമാക്കുന്നു എന്നു വെളിപ്പെടുത്തുന്നതാണ് ഉരിപ്പോരുൾ. തിണകൾ മാറുന്നതനുസരിച്ച് മുതലും കരുവും ഉരിയും മാറും. മുല്ലൈപ്പാട്ടിൽ ഇരുത്തൽ/ഏകാന്തവിലാപം, കുറിഞ്ചിയിൽ പുണർതൽ/സംയോഗം, പാലൈപ്പാട്ടിൽ പിരിതൽ/വിയോഗം, മരുതത്തിൽ ഊടൽ/പരിഭവം, നെയ്തൽപ്പാട്ടിൽ ഇരങ്കൽ/ഏകാന്തവിലാപം എന്നിങ്ങനെയാണ് ഐന്തിണകളിലെ പ്രണയഭാവങ്ങൾ അഥവാ ഉരിപ്പൊരുൾ. കൈക്കിള, പെരുന്തിണ എന്നീ പ്രണയഭാവങ്ങൾ തിണബദ്ധമല്ല. സ്ഥലം, കാലം, കാവ്യപ്രമേയം ഇവതമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നർത്ഥം. അകത്തിണയിലെ ഏഴു തിണകൾക്ക് സമാന്തരമായി പുറത്തിണയിലും ഏഴുവിഭാഗങ്ങളുണ്ട്. പാടാൺ, വഞ്ചി, വെട്ചി, വാകൈ, ഉഴിഞൈ, തുമ്പൈ, കാഞ്ചി എന്നിവയാണവ. ഈ പുറത്തിണകൾക്കും പൂക്കളുടെയും മരങ്ങളുടെയും പേരുകളാണ് നല്കിയിരിക്കുന്നത്. ഈ ഏഴുവിഭാഗങ്ങളിലും വർണ്ണിക്കപ്പെടേണ്ട വിഷയങ്ങളും അവയുടെ ഉൾപ്പിരിവുകളുമുണ്ട്. തുറൈ എന്ന് ഇതറിയപ്പെടുന്നു. രാജാക്കന്മാർ, പടയാളികൾ, യുദ്ധങ്ങൾ, കൊള്ളകൾ, വിജയാഘോഷങ്ങൾ, വിഭവവിതരണം, പുനർവിതരണം, ആട്ടം, പാട്ട്, പടക്കളത്തിലെ തിമിർപ്പ്, വേദന, വിലാപം, മരണം തുടങ്ങിയവയെല്ലാം വഞ്ചി, വെട്ചി, ഉഴിഞൈ തിണകളിൽ ചിത്രീകരിക്കപ്പെടുന്നു. പുറത്തിണ ഇയൽ, സാമൂഹിക ജീവതത്തെ കേന്ദ്രപ്രമേയമാക്കി കാവ്യരചന നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വളരെ വിശദമായി ചർച്ചചെയ്യുന്നുവെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. ഇവിടെയും പ്രകൃതിയും മനുഷ്യനും കവിതയും തമ്മിലുള്ള ജൈവബന്ധത്തിലാണ് തൊൽകാപ്പിയകാരൻ ഊന്നുന്നത്. ചുരുക്കത്തിൽ തിണ ശബ്ദം കാവ്യസംസ്കാരത്തെയും കാവ്യരീതിയെയുമാണ് സൂചിപ്പിക്കുന്നുത്. സ്ഥലരാശി അഥവാ ഭൂപ്രകൃതി സംഘം കവിതകളുടെ ഒരു പ്രധാനചേരുവയാണ്. പലപ്പോഴും അത് മനുഷ്യാവസ്ഥയുടെ/മാനുഷികവികാരങ്ങളുടെ പ്രതീകമെന്ന നിലയിലാണ് കവിതകളിൽ പ്രത്യക്ഷപ്പെടുന്നത്. അതേസമയം, തിണകൾ കാഴ്ചയിലൂടെ, കേൾവിയിലൂടെ, ഗന്ധത്തിലൂടെ, സ്പർശത്തിലൂടെ, രുചിയിലൂടെ[1] അനുഭവാത്മകമാകുന്ന ഒന്നുമാണ്.

സാഹിത്യം പിറക്കുന്നതു ശൂന്യതയിലല്ല. കഥയും കഥാപാത്രങ്ങളും

വ്യാപരിക്കുന്നതും ശൂന്യതയിലല്ല. ദേശം, ഋതുക്കൾ, ഇരവുപകലുകൾ, മനുഷ്യൻ, ജീവനോപാധികൾ, കലകൾ, വിനോദോപാധികൾ, സസ്യ ജന്തുജീവജാലങ്ങൾ, മണ്ണ്, ധാതുക്കൾ, പാറകൾ, കാടുകൾ, മലകൾ, പുഴകൾ, കായൽ, കടൽ എന്നിങ്ങനെ പ്രകൃതിയിലെ സമസ്തവസ്തുക്കളും പരസ്പരപൂരകമായിരിക്കുന്ന പരിതോവസ്ഥയിലാണ് മനുഷ്യജീവതം നിലകൊള്ളുന്നത്. കാവ്യം ഉയിരെടുക്കുന്നത് അവിടെ നിന്നാണ്; അതിൽ നിന്നാണ്. അതിനാൽ കവിതയും പ്രകൃതിയും ഒന്നാണെന്ന ദർശനമാണ് തൊൽകാപ്പിയം അവതരിപ്പിക്കുന്നത്. തിണ കേവലം പ്രദേശമല്ല; ചിലർ കരുതുംപോലെ പ്രണയമല്ല; കവിതയുടെ ഭാവതലമല്ല; ഒരു കുടുംബമല്ല; സാമൂഹിക ഇടപെടലുകളുമല്ല; ഇതെല്ലാം ഉൾക്കൊള്ളുന്ന സവിശേഷമായ ഒരു ആവസവ്യവസ്ഥയും അതിന്റെ സാകല്യത്തെ ഉൾക്കൊള്ളുന്ന കാവ്യശാസ്ത്ര പരികല്പനയുമാണ്. ജീവിതം പെണ്ണിനും മണ്ണിനും വേണ്ടിയുള്ള പോരാട്ടമാണെന്ന ദർശനമാണ് പഴംതമിഴ്പ്പാട്ടുകളും അവയുടെ കാവ്യശാസ്ത്രമായ തൊൽകാപ്പിയവും മുന്നോട്ടുവയ്ക്കുന്നത്.

ഇത് ഇന്നത്തെ സാഹിത്യത്തെസംബന്ധിച്ചും പ്രസക്തമാണ്. സ്ഥലം, കാലം, കാവ്യവസ്തുക്കൾ, പ്രമേയം ഇവയുടെ പാരസ്പര്യം സാഹിത്യത്തിലെ ചർച്ചാവിഷയമാണ്. മറ്റൊരർത്ഥത്തിൽ പെണ്ണും ആണും തമ്മിലും മണ്ണും/പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഇടപെടലാണ് സാഹിത്യത്തിന്റെ എക്കാലത്തെയും വിഷയം. മണ്ണും/പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം സമതുലിതമായിരിക്കണം എന്ന സങ്കല്പം ഹരിത/പാരിസ്ഥിതിക ദർശനം മുന്നോട്ടുവയ്ക്കുന്നു. പരിസ്ഥിതി മനുഷ്യനിൽ ചെലുത്തുന്ന സ്വാധീനവും മനുഷ്യൻ പരിസ്ഥിതിയെ പ്രയുക്തമാക്കുന്നതും ഈ അന്യോന്യബന്ധം സമൂഹത്തെ എങ്ങനെ നിർമ്മിക്കുന്നുവെന്നും ഇന്നത്തെ സാഹിത്യവും വിശദീകരിക്കുന്നുണ്ട്. അതുകൊണ്ടാണ് മണ്ണും/പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം രണ്ടിടങ്ങഴി, വിഷകന്യക, മണ്ണിന്റെ മാറിൽ എന്നി നോവലുകളിൽ എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു എന്ന് അന്വേഷിക്കുന്നത്.

മരുതം തിണയുടെ സ്വാഭാവവും മനുഷ്യപ്രകൃതിയും ഉൾക്കാള്ളുന്നയിടമാണ് കുട്ടനാട്[2]. തൊള്ളായിരത്തി നാല്പതുകളിലെ കുട്ടനാടിന്റ കഥയാണ് തകഴി രണ്ടിടങ്ങഴിയിൽ അവതരിപ്പിക്കുന്നത്. രണ്ടിടങ്ങഴിയിലെ അകത്തിണ മരുതമാണ്. പുറത്തിണ ഉഴിഞൈ( ഉപരോധം) അഥവാ യുദ്ധമാണ്. മുതൽപ്പൊരുളിലെ സ്ഥലം, കുട്ടനാടൻ കായൽനില

ങ്ങളും നദീതടങ്ങളിലെ പാടങ്ങളുമാണ്. ആറുകാലങ്ങളും രാപകലുകളും ചിത്രീകരിക്കപ്പെടുന്നുണ്ട്. കരുപ്പൊരുളിൽ ദൈവം, മാടനും പിശാചും ഉൾപ്പെടുന്ന നാട്ടുദേവതകൾ. തൊഴിൽ കൃഷിയാണ്. പാടത്തെ പണിക്കാരായ പറയരും പുലയരും, ചെറുകിട പാട്ടകൃഷിക്കാരും ജന്മികളും ഇതരസമൂഹങ്ങളുമാണ് ജനങ്ങൾ. ആഹാരം നെല്ലാണ്. എരുത്, പോത്ത് ഇവ മൃഗങ്ങളായി പ്രത്യക്ഷപ്പെടുന്നു. പറയനും പറയത്തിയുമാണ് നായകനും നായികയും. പ്രതിപാദ്യം അഥവാ ഉരിപ്പൊരിൾ, കോരന്റെയും ചിരുതയുടെയും ഗാർഹിക പ്രണയങ്ങളും/കലഹങ്ങളും ജന്മി-അടിയാൻ സംഘർഷങ്ങളുമാണ്. മരുതം തിണയുടെ സ്വഭാവം ഏതാണ്ട് ഒത്തുപോകുന്നുണ്ട് രണ്ടിടങ്ങഴിയിൽ. കുറിഞ്ചിത്തിണൈയുടെ പശ്ചാത്തലത്തിലാണ് വിഷകന്യക രചിച്ചിരിക്കുന്നത്. ആയിരത്തിതൊള്ളായിരത്തിനാല്പതുകളിൽ വയനാട്ടിലേക്കു നടന്ന കുടിയേറ്റമാണ് വിഷകന്യകയുടെ ചരിത്രപശ്ചാത്തലം. വിഷകന്യകയിലെ ദേശത്തിണ മലയുംകാടും നിറഞ്ഞ കുറിഞ്ചിനിലമാണ്. വയനാടൻ കുറിഞ്ചിനിലവും ആറുകാലവും രാവും പകലും വിഷകന്യകയുടെ മുതൽപ്പൊരുളുകളാണ്. കരുപ്പൊരുളിൽ കുടിയേറ്റക്കാരായ ചേട്ടന്മാരും ജന്മികളും പണിയാളുകളും ഉൾപ്പെടുന്നു. കൃഷിയാകട്ടെ, നെല്ല്, തിന, വാഴ, പയർ, മുളക്, മറ്റു കായ്കറികൾ എന്നിവയാണ്. ആന, പുലി, പന്നി തുടങ്ങിയ മൃഗങ്ങളും കാടും പടലും പുല്ലും പുഴയും പൂക്കളുമെല്ലാം ആഖ്യാനത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. പന്നിയും പുല്ലും പനിയും കഥാപാത്രസ്വഭാവത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. പ്രണയാഭവമായി, പുണർതൽ(മത്തായി-മറിയ), കൈക്കിളൈ (അന്തോണി-ആനിക്കുട്ടി), പെരുന്തിണൈ[3](അന്തോണി-മാധവി)എന്നിവയും ആഖ്യാനം ചെയ്യപ്പെടുന്നുണ്ട്. വിഷകന്യയിലെ പുറത്തിണ (വെട്ചി-യുദ്ധസന്നാഹം) പ്രകൃതിയെ കീഴടക്കാൻ മനുഷ്യൻ നടത്തുന്ന പോരാട്ടമാണ്. വിഷകന്യകയിലും കുറിഞ്ചി സ്വഭാവം മിക്കവാറും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഏതാണ്ട് അറുപതുകൊല്ലക്കാലയളവിലെ മൂന്നു തലമുറയുടെ കഥയാണ് മണ്ണിന്റെ മാറിൽ ചിത്രീകരിച്ചിരിക്കുന്നത്. നോവലിലെ ചരിത്രകാലം ഏതാണ്ട് തൊള്ളായിരത്തിനാല്പതുകൾവരെയാണ്. അതിലെ മുതലും കരുക്കളും ഉരിയുമെല്ലാം മുല്ലെത്തിണയുടേതാണ്. സ്ഥലം: മലയ്ക്കു താഴെയുള്ള കാട്ടുപ്രദേശം. വർഷമാണ് ഋതുവെങ്കിലും ആറ് ഋതുക്കളും രാവും പകലും ചിത്രീരിച്ചിരിച്ചിട്ടുണ്ട്. കാടുതെളിച്ചു കൃഷി നടത്തുന്ന കൊണ്ടേരനും കുടുംബവും സഹായികളായ പാണരും ജന്മിയുമാണ് ഇതിൽ ആഖ്യാനം ചെയ്യപ്പെടുന്ന മനുഷ്യർ. കാട്ടുപന്നിയും കാട്ടുപശുക്കളും പാമ്പും മറ്റു ജീവജാലങ്ങളും കോഴിയും മാനും മയിലും ഈ നോവലിൽ പ്രത്യക്ഷപ്പെടുന്നു.

മുല്ലൈപ്പാട്ടുകളിലെ പ്രണയഭാവം ഇരുത്തൽ/നായികയുടെ ക്ഷമാപൂർവമായ കാത്തിരിപ്പാണ്. ചില സാന്ദർഭിക സൂചനകളൊഴിച്ചാൽ അകത്തിണയുടെ ഭാവതലമായ പ്രണയത്തിന് പ്രാധാന്യം നല്കിയിട്ടില്ല. പുറത്തിണയാകട്ടെ വഞ്ചി(യുദ്ധത്തിനുള്ള ഒരുക്കം)യാണ്. അത്തിക്കോട് നിലനിർത്താൻ കൊണ്ടേരന്റെ കുടുംബം നടത്തുന്ന യുദ്ധമാണല്ലോ നോവലിലെ പ്രതിപാദ്യം. കാലദേശാനുസൃതമായ മാറ്റങ്ങൾക്കു വിധേയമായി തിണസംസ്കാരത്തെ നോവലുകളിൽ ഉൾക്കൊണ്ടിട്ടുണ്ട് എന്നു പറയാം.

ഭിന്നതലങ്ങളുള്ള ഇതിവൃത്തമാണ് രണ്ടിടങ്ങഴിയുടേത്. ഇഷ്ടപ്പെട്ട പെണ്ണായ ചിരുതയെ നേടാൻ കോരനും ചാത്തനും തമ്മിൽ മത്സരിക്കുന്നു. ഒരു വലിയസംഖ്യ പെൺപണമായി നല്കുന്നതിനായി കോരൻ പുഷ്പവേലിൽ ഔസേഫിന്റെ ഓണപ്പണി (അടിമപ്പണി) ക്കാരനാവുകയും ചിരുതയെ സ്വന്തമാക്കുകയും ചെയ്തു. കല്യാണം കഴിഞ്ഞ് കോരൻ ചിരുതയുമായി കൈനകരിയിലെ തൊഴിലിടത്തിലേക്കു പോയി. അവിടവനു വീടുണ്ടായിരുന്നില്ല. കുഞ്ഞപ്പിയുടെ കൂരയുടെ ഒരു ഭാഗം മറച്ച് അവിടെ താമസമായി. പുതുപ്പെണ്ണിന്റെയും ചെറുക്കന്റെയും സ്വപ്നങ്ങൾ എത്രയും പരിമിതമായിരുന്നു. ഒരു ചട്ട, ഒരു കുപ്പായം, ഒരു ആലപ്പുഴ യാത്ര . ചന്ദ്രികയുള്ള രാത്രിയിൽ, അങ്ങനെ പരന്നുകിടക്കുന്ന പാടത്തെ ജലപ്പരപ്പിലൂടെ ഒരു തോണി കാറ്റിന്റെ ഗതിയനുസരിച്ച് ഒഴുകിനടക്കുന്നതു കാണാം. ദേവകളെപ്പോലെ രണ്ടാനന്ദോപജീവികൾ അതിലുണ്ട്. അതു കോരനും ചിരുതയുമാണ്. .....ഈ നെറ്റീല് ഒരു പൊട്ടിട്ട്, നല്ല തുണീമുടുത്ത്, പട്ടുകൊണ്ടുള്ള ഒരു ചട്ടേമിടീച്ച് ഏൻ പെണ്ണിനെ ഒന്നു ഒരുങ്ങിക്കണ്ടേങ്കില്! – ഉം മേടമാതം കഴിയട്ടെ. ചിരുതയ്ക്കു മറ്റൊന്നാണാഗ്രഹം. അവൻ ഒരു കുപ്പായവും നേര്യതുമിട്ടു നടക്കണം: അവൾക്കു പിന്നാലെ പോകണം. അവളും മൂളി ഉറച്ചു; മേടമാസം കഴിയട്ടേ! (തകഴി, 2019: 19). കോരന്റെയും ചിരുതയുടെയും പ്രണയസാന്ദ്രമായ ഒരു മുഹൂർത്തത്തെയാണ് തകഴി ഇവിടെ ചിത്രീകരിക്കുന്നത്. നോവലിലെ ഉരിപ്പൊരിളിലെ മുഖ്യഘടകം കോരൻ–ചിരുത പ്രണയമാണെങ്കിലും ആ അകത്തിണയുടെ വിവരണം സാപേക്ഷികമായി കുറവാണ്. എന്നുതന്നെയല്ല, അത്തരം മുഹൂർത്തങ്ങളിൽ രസംകൊല്ലിപോലെ, പ്രണയത്തെ കെടുത്തുന്ന സംഭവങ്ങളും ഉണ്ടാകുന്നു. ഇവിടെ കോരൻ–ചിരുത പ്രണയസന്ദർഭത്തിൽ കടത്തെക്കുറിച്ചുള്ള ചിന്തയാണ് അവരുടെ പ്രണയാഗ്നിയെ കെടുത്തിയത്. മറ്റൊരു മുഹൂർത്തം കാണുക. കുട്ടനാടൻ പുഞ്ചയിൽ കൃഷിപ്പണി ആരംഭിക്കുന്ന ദിവസം മുതൽ വേലക്കാർക്ക് ബ്രഹ്മചര്യമാണ്. വേലക്കാരന്റെ ഭാര്യയ്ക്കും ശുദ്ധോംവൃത്തീം വേണം. ഇല്ലെങ്കിൽ വരമ്പുപൊട്ടും കൃഷി നശിക്കും. തമ്പ്രാന്

നഷ്ടം വരും. വേലക്കാരനും ഇല്ലാണ്ടാവും (തകഴി, 2019: 25). പുതുപ്പെണ്ണിനെ കുടിലിലാക്കി കോരൻ കാവൽ മാടത്തിലേക്കു താമസം മാറ്റിയിരുന്നു. ഒരു ദിവസം രാത്രിയൽ അവൻ വീട്ടിൽചെന്നു. അവൻ വീട്ടിൽ വരാതിരിക്കുന്നതിനെക്കുറിച്ചുള്ള പരിഭവങ്ങൾ ചിരുത ഭർത്താവുമായി പങ്കുവയ്ക്കുയുണ്ടായി. പ്രണയപരിഭവം മരുതത്തിണയുടെ ഭാവതലങ്ങളിലൊന്നാണ്. അതാണ് ചിരുതയുടെ വാക്കുകളിലുണ്ടായിരുന്നത്. പെണ്ണിനല്ല മണ്ണിനാണ് കുതിപ്പ് നല്കേണ്ടതെന്നായിരുന്നു കോരന്റെ പക്ഷം: പുഞ്ചക്കണ്ടത്തിനു പറേൻ മരമ്പത്തൊണ്ടങ്കിലറിയാം അപ്പം നെല്ലിനൊരു കുതിയാ (തകഴി, 2019: 37). ആ സമയത്ത് കോരന്റെ പാടത്ത് മടവീഴ്ചയുണ്ടായി. അത് കാവൽക്കാരൻ തറയിൽപ്പോയി അശുദ്ധ മായതുകൊണ്ടാണെന്ന് ആക്ഷേപിക്കപ്പെട്ടു. പെണ്ണിനെയാണോ മണ്ണിനെയാണോ സ്നേഹിക്കേണ്ടത് എന്നതിൽ ചാഞ്ചാടുന്ന കോരന്റെ മനസ്സിന്റെ ആഖ്യാനമാണ് നാമിവിടെ കാണുന്നത്. ചില സന്ദർഭങ്ങളിൽ ഭാവതീവ്രമായി പ്രണയം ചിത്രീകരിക്കാൻ തകഴിക്ക് കഴിഞ്ഞിട്ടുണ്ട്. കടം വാങ്ങിയാണെങ്കിലും വീടുപണി കഴിഞ്ഞ് താമസമായ സന്ദർഭത്തിലെ കോരൻ-ചിരുതമാരുടെ ആഹ്ലാദനിമിഷങ്ങളുടെ ആഖ്യാനം അത്തരത്തിലൊന്നാണ്(തകഴി, 2019: 70–71). വിഷകന്യക നായക/നായിക കേന്ദ്രീകൃത കൃതിയല്ല. ദേശമാണ് മുഖ്യകഥാപാത്രം. അതിനാൽ പെണ്ണിനെയാണോ മണ്ണിനെയാണോ സ്നേഹിക്കേണ്ടത് എന്നതരത്തിലുള്ളൊരു സന്ദേഹം അതിലില്ല. മണ്ണിനും കൃഷിയ്ക്കും അതിപ്രാധാന്യം നല്കിയതുകൊണ്ടാണ് തിരുവിതാംകൂർ ചേട്ടന്മാർ വൻതോതിൽ വയനാട്ടിലേക്കു കുടിയേറിയത്. മണ്ണിന്റെ മാറിൽ എന്ന നോവലിൽ പ്രണയം മുഖ്യവിഷയമല്ല. എന്നാൽ അതിൽ ചെറുകാട്, പെണ്ണിനാണോ മണ്ണിനാണോ പ്രാധാന്യം നല്കേണ്ടത് എന്ന സന്ദിഗ്ദ്ധഘട്ടത്തിന്റെ ആഖ്യാനം ഒരിക്കൽ നടത്തുന്നുണ്ട്. അയ്യപ്പന്റെ മക്കളുടെ വിവാഹം നിശ്ചയിക്കപ്പെട്ട ദിവസംതന്നെ, പാട്ടക്കുടിശ്ശിക ഇല്ലാതിരുന്നിട്ടും നൂറുരൂപ മുൻപാട്ടമായി അടയ്ക്കാൻ ജന്മി ആവശ്യപ്പെട്ടു. പെണ്ണുവേണോ മണ്ണുവേണോ എന്ന ധർമ്മസങ്കടത്തലായി കുടുംബം. മുമ്പാട്ടം അടച്ചാൽ കല്യാണച്ചെലവിനു പണമില്ലാതാകും; കല്യാണം മുടങ്ങും. കല്യാണം നടന്നാൽ മണ്ണുപോകും അരിക്കുവകയില്ലാതാകും. അതിനാൽ ആദ്യം മണ്ണ് പിന്നെ പെണ്ണ് എന്ന തീരുമാനത്തിൽ അയ്യപ്പൻ ഉറച്ചു. അങ്ങനെ ഉറപ്പിച്ചുവെച്ച കല്യാണം അലസ്സിപ്പോയി. കൊച്ചുകൊണ്ടേരനാണ് നഷ്ടമുണ്ടായത്. അവൻ അമ്മാവന്റെ മകൾ തിരുമാളുക്കുട്ടിയെ കെട്ടാനിരുന്നതാണ്. അതുമുടങ്ങി. കൊച്ചുകൊണ്ടേരനു ജന്മിത്വത്തോട് വെറുപ്പുണ്ടാകാൻ ഇതുമൊരു കാരണമാണ്. ചുരുക്കത്തിൽ,

എന്തുകാരണംകൊണ്ടായാലും, പെണ്ണിനെക്കാൾ മണ്ണിനു പ്രാധാന്യം നല്കുന്ന മനുഷ്യരെയാണ് മൂന്നു കൃതികളിലും നാം കാണുന്നത്.

മരുതത്തിണയുടെ ഭാവതലമായ പ്രണയകലഹവും പല സന്ദർഭങ്ങളിലും തകഴി വിവരിച്ചിട്ടുണ്ട്. അതിലൊന്ന്, വിളവിന്റെ കണക്കു ചോദിച്ചതിനെ തുടർന്ന് ശകാരിക്കപ്പെട്ടു മടങ്ങി വന്ന കോരൻ, അന്നു കൂലിയായി കിട്ടിയ കറ്റയുമായി മദ്യപിക്കാൻ പോകനൊരുങ്ങിയതിനെ തടഞ്ഞ ചിരുതയുമായി കലഹിക്കുന്നതാണ്. എല്ലാവരോടും ഇന്നു വിരോധമാ. ഇപ്പം കുടീം കഴിഞ്ഞു തറേ വന്നുകേറിയാലേക്കൊണ്ടു ചോറാകത്തില്ല. ഏൻ തറേ ചെന്നു മേണം ഇതു തെളപ്പിച്ചുകുത്തി ചോറൊണ്ടാക്കാനെക്കൊണ്ട് (തകഴി, 2019: 58). ചിരുതയുടെ പരിഭവം അവൻ കുടിക്കുന്നതിനോടല്ല. ജന്മിയുടെ ശകാരം കേട്ടതിന്റെ അരിശം തീർക്കാൻ തന്റെ നേരെ പുലിയെപ്പോലെ ചീറിയതിനോടാണ്. ആദർശ വത്കരിച്ച പ്രണയമാണ് രണ്ടിടങ്ങഴിയിലേത് എന്ന വിമർശനമുയർന്നി ട്ടുണ്ട് (ശരത്ചന്ദ്രൻ, 1987: 52). സംഘടനാപ്രവർത്തനവും(മണ്ണിനോടുള്ള പ്രണയത്തിന്റെ അടുത്ത തലം) ചിരുതയോടുള്ള സ്നേഹവും കടപ്പാടും ഒഴിവാക്കാൻ കോരനുകഴിയുമായിരുന്നില്ല. ജന്മിമാരും പോലീസും അയാളെ തിരയുന്നു. പുഞ്ചനടുവിലെ മാടത്തിൽ ഒറ്റയ്ക്കൊരു സ്ത്രീ എങ്ങനെ താമസിക്കും. ജന്മിമകന് അവളിൽ ഒരു കണ്ണുണ്ട്. ചിരുതയുടെ സുരക്ഷിതത്വത്തിനു നല്ലത്, പണ്ട് അവളെ കെട്ടാനാഗ്രഹിച്ച ചാത്തനെ ഏല്പിക്കുന്നതാണെന്നു കോരൻ കരുതിയതിൽ തെറ്റില്ല. അവൻ അക്കാര്യം അവളോട് നേരെ പറയുക തന്നെ ചെയ്തു. പക്ഷേ ആ സന്ദർഭത്തിലെ പരിമുറുക്കം സഹിക്കവയ്യാതെ അവൻ ആറ്റിലേക്കു ചാടി അപ്രത്യക്ഷനാവുകയാണുണ്ടായത്. ചിരുതയ്ക്ക് ഒന്നും വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്തൊരുമാറ്റമാണിത്. സ്നേഹം എന്നത് ഇത്ര ദുർബ്ബല മാണോ? എന്നവൾ ആശങ്കപ്പെട്ടു. പെണ്ണിനെയാണോ മണ്ണിനെയാണോ കൂടുതൽ സ്നേഹിക്കേണ്ടത് എന്നു ശങ്കിക്കുന്ന കേരനെ മുമ്പു നാം കണ്ടതാണ്. അതിനാൽ ഇതിൽ അസ്വാഭാവികത ഉണ്ടെന്നു തോന്നു ന്നില്ല. പിരിതൽ എന്ന പ്രണയഭാവത്തിലേക്ക് ചിരുതയുടെ ജീവിതം മാറുന്നുണ്ട്. അവൾ ക്ഷമാപൂർവം കോരനായി കാത്തിരുന്നു. അതിന്റെ കൂടുതൽ വിവരണങ്ങളിലേക്ക് തകഴി കടക്കുന്നില്ല. ചാത്തന്റെയും ചിരു തയുടെയും സ്നേഹം കോരൻ കരുതിയപോലെയല്ല ഭവിച്ചത്. ചിരുത ചാത്തനെ ആങ്ങളയായിക്കണ്ടു. ആ ബന്ധം വഴുതാതിരിക്കാനുള്ള ചിത്തദാർഢ്യം ഇരുവരും പ്രദർശിപ്പിച്ചു. അതിനെ അവരുടെ സ്വഭാവ ത്തിലെ നന്മയായികണ്ടാൽ മതിയാകും.

വിഷകന്യക ഏതെങ്കിലും വ്യക്തിയിൽ കേന്ദ്രീകരിച്ചല്ല എഴുതിയിട്ടു

ള്ളത്. വയനാടൻ മലയും കാടുമാണ് അതിലെ കേന്ദ്രകഥാപാത്രം. അതു കൊണ്ട് വൈയക്തികമായ പ്രേമം സാന്ദർഭികമായി മാത്രമേ ആഖ്യാനം ചെയ്യപ്പെടുന്നുള്ളു. മാത്തനും മറിയയുമാണ് ഇതിൽ പ്രധാനമായും ആഖ്യാനം ചെയ്യപ്പെടുന്ന ദമ്പതികൾ. അവരുടെ ഇണക്കവും പിണക്ക വും പ്രണയവും പൊറ്റക്കാട് സൂചിപ്പിക്കുന്നുണ്ട്. ഇതിനെ പുണർതലായി പരിഗണിക്കാം. അന്തോണിയും ആനിക്കുട്ടിയും പരസ്പരം കണ്ടപ്പോൾ തോന്നിയ ഒരിഷ്ടത്തന്റെ സൂചനയാണു പിന്നൊന്ന്. രണ്ടുപേരും അതു പുറത്തുകാട്ടിയില്ല. പനിബാധിച്ച് ആനിക്കുട്ടി മരിക്കുകയും ചെയ്തു. അത റിഞ്ഞപ്പോൾ അവന്റെ മനസ്സൊന്നുപിടഞ്ഞു. അതിൽ കൂടുതാലായി പൊറ്റക്കാട് ഒന്നും പറയുന്നില്ല. മാധവി എന്ന വനകന്യകയ്ക്ക് അന്തോ ണിയോട് അഭിനിവേശം തോന്നി. ബൈബിളിലും ആത്മീയതയിലും ലയി ച്ചുകഴിഞ്ഞിരുന്ന അവനെ മാധവി കീഴ്പ്പെടുത്തി. ആലിംഗനം ചെയ്ത് വിഷമേല്പിച്ചു കൊല്ലുന്ന വിഷകന്യകയാണ് അവളെന്ന് അവനുതോ ന്നി. പ്രേമപ്പിശാചികേ, ഈ പ്രകൃതിയുടെ ഉടപ്പിറപ്പായ നീയും മറ്റൊരു വിഷകന്യക തന്നെ. (പൊറ്റക്കാട്, 1995: 172). പാപബോധം വേട്ടയാ ടിയ അന്തോണി മലയിറങ്ങാൻ തീരുമാനിച്ചു. അതിനാൽ മുമ്പു സൂചി പ്പിച്ചതുപോലെ പ്രണയഭാവമായി, പുണർതലിനു പുറമേ, കൈക്കി ളെയും പെരുന്തിണൈയുംകൂടി വിഷകന്യകയിൽ ആഖ്യാനം ചെയ്യു ന്നുണ്ട് എന്നു പറയാം. പ്രേമഭാവത്തിന്റെ ആവിഷ്കാരം ഇത്രപോലും മണ്ണിന്റെ മാറിൽ ഇല്ല. തീയ്യരുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്ന ബഹുഭർത്തൃത്വത്തെക്കുറിച്ച് ചെറുകാട് സൂചിപ്പിക്കുന്നുണ്ട്. മൂന്നാം തല മുറയ്ക്ക് അതിലുള്ള വിയോജിപ്പും ആഖ്യാനം ചെയ്യുന്നു. പ്രേമഭാ വത്തിന്റെ ചിത്രീകരണം ഏറ്റവും കുറവ് മണ്ണിന്റെ മാറിലാണ്.

തിരുവിതാംകൂറിലെ കടുത്ത അരിക്ഷാമം പരിഹരിക്കാനുള്ള മാർഗ്ഗ മായാണ്, കടൽനിരപ്പിൽ നിന്ന് ഒന്നര മുതൽ മുന്നുമീറ്റർ വരെ ആഴ മുള്ള കുട്ടനാടൻ കായൽനിലം, ചിറയിട്ടുറപ്പിച്ചു പുഞ്ചകൃഷിക്കായി വ്യാ പകമായി ഉപയോഗപ്പെടുത്തിയത്. ഒരർത്ഥത്തിൽ നെയ്തൽത്തിണയെ മരുതം തിണയാക്കിമാറ്റിയാണ് കൃഷിയിറക്കുന്നത്. രാജഭരണകാലത്തെ ഒരു രാഷ്ട്രീയതീരുമാനമായിരുന്നു ഈ ഭൂമി പരിവർത്തനം (land recla- mation ). പലഘട്ടങ്ങളിലായി പതിനായിരക്കണക്കിനു ഏക്കർ കായൽനിലങ്ങൾ ഇങ്ങനെ കൃഷിഭൂമിയാക്കിമാറ്റി. യാതൊരു യന്ത്രങ്ങ ളുടെയും സഹായമില്ലാതെ, പുലയന്റെയും പറയന്റെയും കായികശ ക്തിയെ മാത്രം ആശ്രയിച്ചാണ് കായൽനിലങ്ങളെ കൃഷിനിലങ്ങളാക്കി മാറ്റിയത്. വിഷകന്യകയിലും മണ്ണിന്റെ മാറിലും സാമാനമായ ഭൂമിപരി വർത്തനം കാണാം. തിരുവിതാംകൂറിൽനിന്നുള്ള കുടിയേറ്റക്കാരാണ് വയ

നാടൻ കുറിഞ്ചിനിലത്തെ കൃഷിഭൂമിയാക്കിമാറ്റിയത്. മദ്ധ്യതിരുവിതാം കൂറിൽ നിന്നുള്ള ക്രിസ്ത്യൻ കുടിയേറ്റത്തിന്റെ പിന്നിലും രാഷ്ട്രീയ കാരണങ്ങളുണ്ടായിരുന്നു എന്ന് പൊറ്റക്കാട് സൂചിപ്പിക്കുന്നുണ്ട്. മണ്ണിന്റെ മാറിൽ, കൊണ്ടേരനും കുടുംബവും അത്തിക്കോട് എന്ന മുല്ലെനില ത്തിലെ കാടുതെളിച്ചാണ് കൃഷിഭൂമിയാക്കിയത്. മനുഷ്യാദ്ധ്വാനത്തിലൂടെ കൃഷിക്കായി ഭൂമി പരിവർത്തനം ചെയ്യുന്നത് മൂന്നു നോവലുകളിലെയും ആഖ്യാനവിഷയമാണ്. രണ്ടിടങ്ങഴിയിലും മണ്ണിന്റെ മാറിലും അതുവിജ യകരമായിരുന്നപ്പോൾ വിഷകന്യകയിൽ അതുപരാജയപ്പെടുന്നതായാണ് കാണപ്പെടുന്നത്.

കൃഷി ഒരു സാമൂഹികപ്രക്രിയാണ്. ഭക്ഷണത്തിനുവേണ്ടിയാകണം കൃഷിചെയ്യേണ്ടത് എന്ന വിശ്വാസക്കാരനായിരുന്നു കോരൻ. പറയനും പുലയനും പുഞ്ചക്കണ്ടത്തിൽ നെല്ലുണ്ടാക്കാൻ വേണ്ടിയാണ് ജനിച്ചത് എന്നാണ് തൊഴിലാളരുടെ വിശ്വാസം (തകഴി, 2019: 25). അവൻ ... അന്നന്നത്തെ കൂലിക്കുവേണ്ടിയല്ല ജോലിചെയ്യുന്നത്. നാട്ടിനാവശ്യമുള്ള നെല്ലുവിളയിക്കാൻ! നാട്ടുകാർക്കു ഭക്ഷണമുണ്ടാക്കാൻ... അവൻ വേല ചെയ്യുന്ന കണ്ടത്തിലെ കൃഷി ... നാട്ടിലെ ക്ഷാമം തീർക്കുന്നു . ...പുഞ്ച ക്കണ്ടത്തില് നെല്ലൊണ്ടാകുന്നതു പറേന്റേം പെലേന്റേം മിടുക്കാ. അവൻ അവന്റെ മേല ചെയ്യാതാകുമ്പോഴാ നാടുമുടിയുന്നെ (തകഴി, 2019: 28–29). കോരന്റെ കൃഷിയോടുള്ള കാഴ്ചപ്പാടിതായിരുന്നു. കൃഷിയുടെ പിന്നിൽ ഒരു സാമൂഹിക ലക്ഷ്യമുണ്ട്. ഇക്കാണായാ മനുഷ്യർക്കെല്ലാം തിന്നാനാ ണ് നെല്ലുണ്ടാക്കുന്നതെന്ന് തകഴി കയറിലും സൂചിപ്പിക്കുന്നു ണ്ട്.[4] തകഴിയുടെ ദർശനം തന്നെയാണിത്. സമാനമായൊരു മൂഹൂർത്തം ചെറുകാടും ആഖ്യനം ചെയ്യുന്നുണ്ട്. സ്ഥിരാവകാശമില്ലാത്ത ഭൂമിയിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കണോ എന്നു കൊണ്ടേരൻ സംശയിച്ചു. വച്ചുപിടിപ്പിക്കുക തന്നെ. ആരാച്ചാൽ... തിന്നോട്ടെ (ചെറു കാട്, 1996: 23). ഇതാണ് യഥാർത്ഥ കൃഷിക്കാരൻ. മണ്ണിനെ സ്നേഹിക്കുന്നവന് ഇങ്ങനെയേ ചിന്തിക്കാൻ കഴിയൂ. മനുഷ്യനു ഭക്ഷണത്തിനുവേണ്ടിയാണ് കൃഷി എന്നതാണ് കോരന്റെയും കൊണ്ടേരന്റെയും കാഴ്ചപ്പാട്.

മണ്ണ്, കൃഷി, മനുഷ്യൻ ബന്ധത്തിൽ വലിയ മാറ്റങ്ങളുണ്ടായി. ആ മാറ്റത്തിന്റെ ആവിഷ്കാരമാണ് രണ്ടിടങ്ങഴി. മണ്ണിനോടും കൃഷിയോടു മുള്ള പ്രണയംമൂലം കോരൻ ജന്മിത്വത്തോടു നടത്തുന്ന കലഹമാണ് രണ്ടിടങ്ങഴിയിലെ പുറത്തിണ. പക്ഷേ പലപ്പോഴും നമ്മുടെ വിമർശകർ അതിനെ വർഗ്ഗാഭ്യുത്ഥാന കഥയാക്കി (കെ. എം. തരകൻ 1978: 111; കെ. പി. ശരത് ചന്ദ്രൻ, 1987: 50; കെ. പി. അപ്പൻ, 1988:10) ന്യൂനീകരിച്ചുകള ഞ്ഞു. വിഭവത്തിന്മേൽ ആധിപത്യം നേടുന്നതനു നടത്തുന്ന പോരാട്ട

ങ്ങളാണ് പുറത്തിണകളുടെ ആഖ്യാനങ്ങളിൽ ഉൾപ്പെടുന്നത്. ഇവിടെ കോരനും, താൻ (പറയനും പുലയനും) വിളയിക്കുന്ന നെല്ലിൽ തനിക്കും ന്യായമായ അവകാശമുണ്ടെന്നു കരുതുന്നു. ജന്മിയുമായുള്ള അയാളുടെ സംഘർഷത്തിന്റെ കാതൽ അതാണ്. ഉത്പന്നത്തിനവകാശി ആരാണ് എന്ന പ്രശ്നത്തെ അഭിസംബോധന ചെയ്യുന്ന കൃതിയാണ് മണ്ണിന്റെ മാറിൽ. കാടുതെളിച്ചു കൃഷിചെയ്ത് കൃത്യമായി പാട്ടംവടിച്ചുകൊണ്ടരുന്ന കുടിയാൻ നിരന്തരം കുടിയിറക്കൽ ഭീഷണിയുടെ നിഴലിലാണ് ജീവിച്ചിരുന്നത്. കുടിയിറക്കിനെ അതിജീവിക്കാനുള്ള ചെറുത്തുനില്പിന്റെ കഥയാണ് നോവലിലെ പ്രതിപാദ്യം. കൃഷിഭൂമി കർഷകന്റേതായിരിക്കണം എന്ന ആശയത്തിലാണ് മണ്ണിന്റെ മാറിൽ സമാപിക്കുന്നത്. മണ്ണിനുവേണ്ടി പോരാടുന്ന കർഷകനാണ് അതിലെ കേന്ദ്രകഥാപാത്രം. വിഷകന്യകയും മണ്ണിനോടുള്ള പ്രണയത്തെയാണ് ആവിഷ്കരിക്കുന്നത്. അതിലും ജന്മിയുടെ ചൂഷണമുണ്ട്. എന്നാൽ പ്രകൃതിയാണ് വില്ലാനായി വരുന്നത്. അതായത്, രണ്ടിടങ്ങഴിയിലെ പ്രതിപാദ്യം, കോരന്റെ പെണ്ണിനോടും മണ്ണിനോടുമുള്ള പ്രണയവും പെണ്ണും മണ്ണും മൂലമുള്ള കലഹവുമായതിനാൽ ആ കൃതി ഒരേസമയം അകംകൃതിയും പുറംകൃതിയുമായി മാറുന്നു. എന്നാൽ, പ്രണയവും ലൈംഗികതയും ചിത്രീകരിക്കപ്പെടുന്നെങ്കിലും വിഷന്യകയിലും മണ്ണിന്റെ മാറിലും മണ്ണിനുവേണ്ടിയുള്ള പോരാട്ടത്തിനാണ് പ്രാമുഖ്യം. അതായത് അവയിൽ പുറത്തിണയ്ക്കാണ് മുൻതൂക്കം. കോരനെപ്പോലെ കൊണ്ടേരന്റെ പ്രണയവും പെണ്ണിനെ വിട്ട് മണ്ണിനോടായി. കൃഷിതുടങ്ങിയപ്പോൾ അയാൾ വീടുപേക്ഷിച്ചു കാവൽ മാടത്തിലായി താമസം. കൃഷികണ്ടുകൊണ്ടിരുന്ന കൊണ്ടേരനു വിശപ്പും ദാഹവുമുണ്ടായില്ല. ഒന്നാം വിളകഴിഞ്ഞപ്പോൾ രണ്ടും മൂന്നും വിളവിറക്കി. പറമ്പ് തെളിച്ച് അയാൾ മാവും പ്ലാവും പനയും തെങ്ങും നട്ടു. ചോലയിലെ വെള്ളവും കൃഷിക്കാരന്റെ വിയർപ്പും അതിലെ ഉപ്പും വിളയായി പരിണമിച്ച് കാടകം പൂങ്കാവനമായി.

വിഷകന്യകയിലെ പുറത്തിണ വിളവിനു വേണ്ടി പ്രകൃതിയുമായി മനുഷ്യൻ നടത്തന്ന പോരാട്ടമാണ്. അത് ഒരു വ്യക്തിയിൽ കേന്ദ്രീകരിച്ചല്ല ആഖ്യാനം ചെയ്യപ്പെടുന്നത്. കുടിയേറ്റക്കാർ എന്ന ഒരു സമൂഹമാണ് വയനാടിന്റെ കാടകത്തെ നാട്ടകമാക്കാൻ അദ്ധ്വാനിക്കുന്നത്. പ്രകൃതിയും ജന്മിയും അവരോട് കാരുണ്യം കാണിക്കുന്നില്ല. കാടിനെ പണമാക്കിമാറ്റുന്നതിനുള്ള വ്യഗ്രതയാണ് ജന്മിമാർക്കും അവരുടെ ഏജന്റുമാർക്കുമുള്ളത്. കുടിയേറ്റക്കാരുടെ എണ്ണം കൂടുന്നതിനനുസരിച്ച് അവർ ഭൂമിയുടെ വിലകൂട്ടിക്കൊണ്ടിരുന്നു. മറ്റൊരു ജൈവ-ആവസവ്യസ്ഥയിൽ നിന്നു വന്ന ചേട്ടന്മാർ ക്ക് വയനാടിന്റെ വന്യപ്രകൃതിയുടെ ജൈവാവസ്ഥയെക്കു

റിച്ച് ധാരണയുണ്ടായിരുന്നില്ല. സ്വർണ്ണനിറമുള്ള വളക്കൂറുള്ള കന്നിമണ്ണുകണ്ടവർ ഭ്രമിച്ചു. കൈയ്യിലുണ്ടായിരുന്നതും കടംവാങ്ങിയതും അതിൽ മുടക്കി. എല്ലാത്തരം വിളവുകളും കൃഷിയിറക്കി. പക്ഷേ കൃഷിപ്പണിചെയ്യാൻ ആളുണ്ടായിരുന്നില്ല. കുറച്ചുപേർ സ്വയം അദ്ധ്വാനിച്ചു. മറ്റുള്ളവർ കുറച്ചു കൃഷിയിറക്കി ബാക്കി തരിശിട്ടു. വിളവെടുപ്പുവരെ ചെലവിനുവേണ്ട പണം മിക്കവർക്കുമുണ്ടായിരുന്നില്ല. പട്ടിണിയും പരിവട്ടവും സുരക്ഷിതമല്ലാത്ത പാർപ്പിടങ്ങളും പ്രതികൂല കാലവസ്ഥയും കാട്ടുമൃഗങ്ങളുടെ ശല്യവും വിളയിലേക്കു പടർന്ന പുല്ലും അവരുടെ നിലനില്പ് പ്രതിസന്ധിയിലാക്കി. അതിനിടയിൽ പടർന്നു പിടിച്ച മലമ്പനി കുടിയേറ്റക്കാരെ കൂട്ടത്തോട് മരണത്തിലേക്കു തള്ളിയിട്ടു. പ്രകൃതിയിലേക്ക് അനാവശ്യമാ യി കടന്നുകയറിയവർക്കെതിരെ സംഹാരനൃത്തമാടുന്ന വയനാടിന്റെ വിശാലവനാന്തരങ്ങളെയാണ് പെറ്റക്കാട് ചിത്രകരിക്കുന്നത്. തന്നെ പുണരുന്നവരിലേക്കു മെല്ലമെല്ല വിഷം വ്യാപിപ്പിച്ചു അവരെ കൊല്ലുന്ന വിഷകന്യകയായി മാറുകയായിരുന്നു വയനാട്. അവശേഷിച്ചവരിൽ മിക്കവരും കിട്ടിയ വിലയ്ക്ക് ജന്മിക്കുതന്നെ ഭൂമി തിരിച്ചുനല്കി മടങ്ങാൻ നിർബന്ധിതരായി. പൊരുതിതോറ്റവരുടെ കഥയാണ് വിഷകന്യക.

മണ്ണിന്റെ മാറിലെ പുറത്തിണയും ഭൂമിക്കുവേണ്ടിയുള്ള യുദ്ധമാണ്. പനചെത്തി ഉപജീവനം നടത്തിവന്ന കൊണ്ടേരനു കൃഷിക്കാരനാകണമെന്നു പൂതി. പലരും കൃഷിയിറക്കി പരാജയപ്പെട്ട അത്തിക്കോട്, വന്യമൃഗങ്ങളുള്ള വനത്തോടുചേർന്ന ഭൂമിയും ചതുപ്പും, പത്തുപാട്ടത്തിനേറ്റ്, കാടുതെളിച്ചു കൃഷിയിറക്കി. ആ പാട്ടഭൂമി നിലനിർത്താൻ ജന്മികളായ മൂപ്പിൽ നായന്മരുമായി ഏറ്റുമുട്ടുന്നതാണ് ഇതിലെ ഇതിവൃത്തം. കൊണ്ടേരൻ ഒരേസമയം വന്യപ്രകൃതിയോടും കാട്ടുമൃഗങ്ങളോടും ജന്മിയോടും പോരാടിയാണ് ഭൂമിയും വിളയും സംരക്ഷിച്ചത്. ഒന്നും രണ്ടും തലമുറ ജന്മിത്വത്തോട് ഏറ്റുമുട്ടാൻ നിന്നില്ല. അവർ വിധേയരായിരുന്നു. മൂന്നാം തലമുറയിലെ കൊച്ചുകൊണ്ടേരൻ പഴയ സുഹൃത്തു ഗോപാലൻകുട്ടിമേനോനിൽ നിന്നും കോൺഗ്രസ്സിനെക്കുറിച്ചു കേട്ടു. സത്യം, സമത്വം, സ്വാതന്ത്ര്യം എന്ന ആശയം അവന്റെ മനസ്സിൽ ഒരുണർവ്വുണ്ടാക്കി. അതിനാൽ ജന്മിത്വത്തോട് വിധേയത്വം കാട്ടിയില്ല; ചോദ്യങ്ങൾ ചോദിച്ചു; ജാത്യാചാരങ്ങൾ മാനിച്ചില്ല. സവർണ്ണർക്കു വഴിമാറികൊടുക്കാതായി. ജാത്യാചാരവാക്കുൾ ഉപയോഗിക്കാതായി. മൂപ്പൽനായരുടെ മകനു വഴിമാറിക്കൊടുത്തതുമില്ല. അതിനാൽ പാട്ടം ഒഴിപ്പിക്കാൻ ജന്മി ശ്രമിച്ചു. ബലപ്രയോഗം ജന്മിയുടെ പരിക്കിലും കൊച്ചുകൊണ്ടേരന്റെ ജയിൽവാസത്തിലുമാണ് അവസാനിച്ചത്. ജയിൽമോചിതനായ കൊച്ച

ുകൊണ്ടേരൻ കർഷകസംഘം രൂപീകരിക്കാൻ തീരുമാനിച്ചു. കൃഷിഭൂമി കർഷകർക്ക്, കൃഷിഭൂമി ഒഴിയരുത്, പാട്ടത്തിനു മുറിവാങ്ങണം, പാട്ടപ്പ റപൊളിക്കണം, തിരുമുൽക്കാഴ്ച കൊടുക്കില്ല തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തി ഒരു കർഷക ജാഥയും സമ്മേളനവും അവർ സംഘടിപ്പിച്ചു. മുറി കിട്ടാതെ പാട്ടം തുടർന്നു നല്കില്ലെന്നു കൊണ്ടേരൻ തീരുമാനി ച്ചു. അതുമായി ബന്ധപ്പെട്ട് വീണ്ടും ജന്മിയുമായി സംഘർഷമുണ്ടായി. പാട്ടം ഒഴിപ്പിക്കാൻ ജന്മി കോടതിവിധി വാങ്ങി. ഭൂമി ഒഴിയാൻകൂട്ടാ ക്കാത്ത കൊച്ചുകൊണ്ടേരൻ വീണ്ടും ജയിലിലായി. എന്നാൽ കർഷക രാരും അത്തിക്കോട് പാട്ടത്തിനെടുക്കാൻ മുന്നോട്ടുവന്നില്ല. അവർ അത്തി ക്കോട് കൊണ്ടേരനായി ഒഴിച്ചിട്ടു. കൃഷിഭൂമി കർഷകന്റെതാണ് എന്ന സന്ദേശമുയർത്തി നോവൽ അവസാനിക്കുന്നു. മണ്ണിനെ കൃഷിക്കാരനിൽ നിന്നും അന്യവത്ക്കരിക്കാനുള്ള ജന്മിയുടെ ശ്രമത്തിനെതിരെയുള്ള പോരാട്ടമാണ് മണ്ണിന്റെ മാറിൽ മുന്നോട്ടു വയ്ക്കുന്നത്. കൃഷിയെ ലാഭാധി ഷ്ഠിതമാക്കി സ്വത്തുസമ്പാദിക്കാനുള്ള ജന്മിയുടെ ശ്രമത്തിനെതിരായ പോരാട്ടമാണ് കൊച്ചുകൊണ്ടേരൻ നടത്തുന്നത്.

തകഴിയുടെ ശ്രദ്ധ കുട്ടനാട്ടിലെ ജന്മി-അടിയാൻ ബന്ധത്തിൽ വന്ന മാറ്റത്തിലാണ്. പണ്ടു കുട്ടനാടൻ കൃഷിക്കാരനും പുലയനും തമ്മിൽ ഒരു ഹൃദ്യമായ ബന്ധം നിലനിന്നിരുന്നു. അന്ന് അവർ ഒരു കൂട്ടുകുടും ബക്കാരായിരുന്നു. വെള്ളപ്പൊക്കക്കാലത്ത് ജോലിയില്ലാതായാൽ കട മെന്നു പറഞ്ഞ് നെല്ലുകൊടുക്കും. പിന്നെ വിശേഷദിവസങ്ങളിൽ നെല്ലു നല്കും. ദിവസക്കൂലിക്കുപുറമേ കഞ്ഞി നല്കിയിരുന്നു. കൊയ്ത്തുകാ ലത്ത്, ഉച്ചയ്ക്ക് കുടിക്കാൻ കറ്റ. ദിവസവും ചെലവിനു കറ്റ. കുട്ടികൾക്ക് കാലാ പെറുക്കാം.[5] പുട്ടലിലും വട്ടീലും കതിര്. നൂറുപറ കണ്ടത്തിനു മൂന്നുതീർപ്പ്. പിന്നെ പതം. അങ്ങനെ പലവിധ ആദായങ്ങളും കളം തീർപ്പും കിട്ടും. ചുരുക്കത്തിൽ വേലക്കാരനു ഒരിക്കലും ദാരിദ്ര്യം ഉണ്ടാ കുമായിരുന്നില്ല. വേലക്കാരനു കരുത്തുണ്ടങ്കിലേ കണ്ടത്തിൽ വിളവു ണ്ടാവൂ എന്നവർ മനസ്സിലാക്കി. കൂലിയല്ല, വിളവിന്റെ വീതംവെയ്പ്പായി രുന്നു വാസ്തവത്തിൽ അന്നു നടന്നിരുന്നത്. അന്നും അടിയായ്മ തന്നെ. പക്ഷേ, ഇന്ന കുടുംബത്തിലെ അടിയാൻ എന്ന് അറിയപ്പെടുന്നതിൽ പുലയനും പറയനും അഭിമാനിച്ചിരുന്നു. വോലക്കാരനെ അന്നും കൃഷി ക്കാരൻ മർദ്ദിച്ചിരുന്നു. അതേസമയം ജന്മി അയാളെ സംരക്ഷിച്ചിരുന്നു. വേലക്കാരന്റെ വീട്ടിലെ വിവാഹം, പ്രസവം, പേരിടൽ, ചോറൂണ്, എന്തിനു ചാക്കാലയുടെ ചെലവുവരെ കൃഷിക്കാരനാണ് നടത്തിയിരുന്നത്. അന്നു ഉടയാനു സ്വത്തുകാരനാകാനല്ല കൃഷി ചെയ്തിരുന്നത്. തമ്പ്രനും അടി യാനും പെഴപ്പിനാ. മാറിയ കാലത്തെ ജന്മി-അടിയാൻ ബന്ധം കോരനും

പുഷ്പവേലിൽ ഔസേഫിപ്പും തമ്മിലുണ്ടാക്കിയ ഓണപ്പണി/അടിമപ്പണിക്കരാറിലുണ്ട്. ഒരു വിതകാലയളവിൽ (പൊതുവേ തുലാം മുതൽ മേടം വരെ) 180 ദിവസം ജോലിചെയ്യണം. ദിവസം 5 കൂലിയാനാണ് (രണ്ടിടങ്ങഴി നെല്ല്) കൂലി. കൊയ്ത്തിന് രണ്ടുദിവസത്തേക്ക് ഒരു കറ്റ, പത്തിലൊന്നു പതം, കളം പിരിയുമ്പോൾ 40 പറ. അതിൽ നിന്ന് കടം കുറവുചെയ്യും. ഓണം, വാവ്, മകം തുടങ്ങിയ വിശേഷദിവസങ്ങളിൽ തൊഴിലാളികൾക്ക് മുമ്പു ലഭിച്ചിരുന്ന അവകാശങ്ങൾ ഒന്നും കൊടുക്കില്ല. അതുപോലെ തീർപ്പ്, കുത്തുപതം, പിടിപ്പതം, അളക്കിടയ മുതലായ അവകാശങ്ങൾക്കും അർഹത ഉണ്ടായിരിക്കില്ല (തകഴി, 2019: 16 –17). എന്നാൽ പണിക്കാർക്ക് ഈ കൂലിയും വാസ്തവത്തിൽ കിട്ടിയിരുന്നില്ല. കാരണം ജന്മി കള്ളക്കണക്കാണ് പറയുക. പണിക്കാർക്ക് കൂട്ടാനും കുറയ്ക്കാനും അറിയില്ല. തമ്പുരാൻ പറയും. അവർ കേൾക്കും. ശരിയല്ലേ എന്ന ചോദ്യത്തിന് തലയാട്ടും. കാലങ്ങളായി നടക്കുന്നതതാണ്. ഇതു കോരനെ അസ്വസ്ഥനാക്കി. കോരന്റെ കാര്യത്തിലും ജന്മി കള്ളക്കണക്കാണ് പറഞ്ഞത്. കണക്കു കള്ളമാണെന്ന് അവൻ പറഞ്ഞു. അങ്ങനെ പറഞ്ഞത് ഔസേപ്പിന് ഇഷ്ടപ്പെട്ടില്ല. തമ്പുരാന്റെ കണക്കു കള്ളമാകുമോ എന്നു ചോദിച്ച് മറ്റുപണിക്കാർ കോരനെ കുറ്റപ്പെടുത്തി. കോരൻ ജീവരക്തം കൊണ്ടു കുറിച്ച സത്യം കള്ളമായിരിക്കുന്നു. ഈ നെല്ലുണ്ടാക്കുന്നതിന് ജന്മിക്ക് എന്തു പാടുവന്നു? അന്നാദ്യമായി അവനു തോന്നി, അവന്റെ പ്രയത്നഫലം മുഴുവൻ ആ കുനിഞ്ഞിരുന്നു കണക്കു കൂട്ടുന്ന പിശാച് അപഹരിച്ചെന്ന്. അവന്റെ ജീവരക്തം ഊറ്റിക്കുടിക്കുന്നു... അവനും അവകാശമുണ്ട്. അവൻ വേലചെയ്യുന്നുണ്ട്.... ആ നെല്ലും പണവും അവന്റെ കൂടിയാണ്. ആരുടെയും സൗജന്യം വേണ്ട... ജന്മിയുടെ കള്ളക്കണക്കു മാത്രമായിരുന്നില്ല പ്രശ്നം. കുട്ടനാട്ടിൽ കൂലി നെല്ലായിരുന്നു. ജോലിക്കാരന് വേറെ കൂലിയും വേലയുമില്ല. സമ്പാദ്യവുമില്ല. അന്നന്നു കിട്ടുന്ന നെല്ല് അന്നന്നു പുഴുങ്ങി വറുത്തു കുത്തിയാണ് ദിവസം കഴിച്ചിരുന്നത്. കൂലി പണമാകുമ്പോൾ അതിന് അരി വാങ്ങാൻ നടക്കണം. അരിക്കാണെങ്കിൽ തീവില. അതുകൊണ്ടാണ് കൂലി നെല്ലായി ജന്മി കൊടുക്കാതിരിക്കുന്നത്. അതേ സമയം വേലക്കാരന്റെ കൂലി ജന്മി തീർപ്പാക്കുന്നത്, നെല്ല് പറയൊന്നിന് ഒന്നേകാൽ രൂപ എന്ന മര്യാദ വില നിശ്ചയിച്ചാണ്. ചുരുക്കത്തിൽ ജന്മിക്ക് ലാഭം പലയിനത്തിലാണ്. കള്ളക്കണക്ക്, കൂലി പണമായി നല്കൽ, കൂലി നെല്ല് ഏറ്റവും കുറഞ്ഞനിരക്കു നിശ്ചയിച്ച് കൂലി തീർപ്പാക്കൽ. അതിന്റെ ഫലമായി വേലക്കാരന്റെ കടം തീരില്ല. അയാൾ എന്നും ജന്മിക്കു കടപ്പെട്ട് അടിമപ്പണി തുടരേണ്ടിവരുന്നു.

പുലയന്റെയും പറയന്റെയും കായികശക്തിയെ മാത്രം ആശ്രയിച്ചാണ് കായൽനിലങ്ങളെ കൃഷിനിലങ്ങളാക്കിമാറ്റിയതും ജന്മിയുടെ അറ നിറച്ചതും. പക്ഷേ, വേലചെയ്യുന്ന പറയന്റെ അവസാനം എങ്ങനെയെന്നും തകഴി സൂചിപ്പിക്കുന്നുണ്ട്. കോരന്റെ പിതാവായ വെളുത്ത എട്ടുവയസ്സിൽ മുതൽ, ആണ്ടോടാണ്ടു പതിനായിരപ്പറ നിലം കൃഷിയുണ്ടായിരുന്ന ഒരു കൃഷിക്കാരന്റെ വേലക്കാരനായിരുന്നു. എത്രയെത്രകോടി പറ നെല്ല് അയാൾ ഈ അറുപത്തിരണ്ടു വയസ്സിനിടയിൽ ഉണ്ടാക്കിയിരിക്കുന്നു. കൃഷിക്കാരൻ കോടീശ്വരനായി. എന്നിട്ടും ജീവിതാന്ത്യകാലത്ത് പത്തുദിവസത്തോളം അരിയിട്ടു തിളപ്പിച്ചവെള്ളം പോലും അയാൾക്ക് കിട്ടിയില്ല. അവൻ ഉണ്ടാക്കിയെ നെല്ല് മറ്റാരുടേയോ വകയായിരുന്നു (തകഴി, 2019: 74–75). വെളുത്ത മരിച്ചിട്ട് ശവദാഹം നടത്താൻ ഭൂമി ഉണ്ടായിരുന്നില്ല. മൃതദേഹം കല്ലുകെട്ടി വെള്ളത്തിൽ താഴ്ത്തേണ്ട ഗതികേടാണുണ്ടായത്. കൃഷി ലാഭോന്മുഖമായ ഒരു വ്യവസായമായി മാറിയതിന്റെ ദുരന്തമാണ് തകഴി ചൂണ്ടിക്കാട്ടുന്നത്. കായൽ കുത്തിപ്പൊക്കി നിലവും ചിറയുമുണ്ടാക്കുന്ന പറയനും പുലയനും വയറുനിറയെ ഭക്ഷണമില്ല; സ്വന്തമായി ഭൂമിയില്ല, കിടപ്പാടവുമില്ല. അവൻ മരിച്ചാൽ അന്ത്യവിശ്രമത്തിന് ആറടി മണ്ണുപോലുമില്ല. ഇതിനേക്കാൾ വലിയ ദുരതമെന്താണ് മുനുഷ്യനു നേരിടാനുള്ളത്.

ഇത്തരം അനുഭവങ്ങളാണു ജന്മിമാരുടെ ചൂഷണത്തിനും പീഢനത്തിനും ഇരകളായ തൊഴിലാളികളെ സംഘടിപ്പിക്കാൻ കോരനെ പ്രേരിപ്പിച്ചത്. കോരനും മറ്റുതൊഴിലാളികൾക്കും അതിജീവനമായിരുന്നു പ്രധാനം. പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു പ്രഖ്യാപിക്കപ്പെട്ടപ്പോൾ കർഷകതൊഴിലാളി യൂണിയനു പ്രാധാന്യം കൈവന്നു. വോട്ടിനു പണം വാഗ്ദാനം ചെയ്യപ്പെട്ടെങ്കിലും കോരൻ അതുസ്വീകരിച്ചില്ല. സ്റ്റേറ്റ് കോൺഗ്രസ്സിന് വോട്ടു ചെയ്യാൻ യൂണിയൻ തീരുമാനിച്ചു. പുതിയ സർക്കാർ, യൂണിയന്റെ പ്രേരണയാൽ കൂലി വർദ്ധനവ് പ്രഖ്യാപിക്കുകയും അതു നെല്ലും പണവുമായി നല്കാൻ ഉത്തരവിടുകയും ചെയ്തു. കർഷകതൊഴിലാളി യൂണിയന്റെ ജീവനാഡിയായി കോരൻ വളർന്നു. ജന്മിമാർ അവന്റെ ശത്രുക്കളായി. പണിമുടക്കും മറ്റുമുണ്ടായി. തൊഴിലാളികൾക്കെതിരെ കേസ്സുകൾ വന്നു. കോരൻ ഒളിവിലായി. പോലീസ് പലതവണ വീടു പരിശോധനയ്ക്കു വന്നു. ഗർഭിണിയായിരുന്ന ചിരുതയെ കുടിയിറക്കുമെന്ന ജന്മി ഭീഷണിപ്പെടുത്തി. കോരനാകട്ടെ അവന്റെ ജീവിതം തൊഴിലാളികൾക്കായി സമർപ്പിച്ചു. വീടിന്റെ മേലമ്വേഷണം ചാത്തനെ ഏല്പിച്ചു. ചിരുതയെ അപമാനിക്കാൻ ശ്രമിച്ച പുഷ്പവേലിൽ ചാക്കോയെ കൊന്ന

കോരൻ ജയിലിലായി. ഇക്കാലത്ത് ചിരുതയുടെ സംരക്ഷണച്ചുമതല ചാത്തൻ നിർവഹിച്ചു. വർഷങ്ങൾ കഴിഞ്ഞ്, ജയിൽ മോചിതനായിട്ടും കോരൻ സ്വന്തം വീട്ടിലേക്കു വന്നില്ല. ഒരു തൊഴിലാളിസമ്മേളന സ്ഥലത്തുവച്ചാണ് ഭാര്യയെയും മകനെയും കോരൻ കണ്ടുമുട്ടുന്നത്. അപ്പോഴാണവൻ അറിയുന്നത് ചാത്തൻ അവളെ ഒരു സഹോദരന്റെ സ്ഥാനത്തുനിന്നാണ് സംരക്ഷിച്ചുപോന്നതെന്ന്.

കൃഷിയെ വ്യവസായമായി ജന്മി കാണാൻ തുടങ്ങി. ലാഭമുണ്ടാക്കുന്നതിൽ മാത്രം അയാൾ ശ്രദ്ധിച്ചു. തൊഴിലാളിയുടെ ദൈനംദിനജീവതത്തിൽ അയാൾക്ക് താത്പര്യമില്ലാതായി. വേലക്കാരനെ തൊഴിലിൽ നിന്നും അന്യവത്കരിക്കാൻ അതിടയാക്കി. ജോലി ആഹ്ലാദകരമല്ലാതായി. അതിന്റെ അർത്ഥം മനുഷ്യനെ മണ്ണിൽ നിന്നും അകറ്റുക എന്നതാണ്. കോരനു കൃഷിയോടുള്ള പ്രണയം കുറയുന്നതിന്റെ സൂചനയും രണ്ടിടങ്ങഴിയിലുണ്ട്. ഒരു കറ്റയെടുത്തതിനു ജന്മി ശകാരിച്ചതിന്റെ  പിറ്റേദിവസവും അവൻ കൊയ്ത്തുനു മേൽനോട്ടം വഹിച്ചു. എന്നാൽ ജോലിക്കാരുമായി ശണ്ഠകൂടിയില്ല. ഉച്ചതിരിഞ്ഞപ്പോഴേക്കും വിശപ്പു സഹിക്കവയ്യാതായ കോരൻ നെല്ലുചോദിക്കാനായി ഔസേപ്പിനെ സമീപിച്ചു. ആ കൊതിയന്റെ മുഖം കണ്ടപ്പോൾ ചോദിക്കാൻ തോന്നിയില്ല. വിളവിറക്കുന്ന കാലത്തെ ജന്മിയെയല്ല അപ്പോഴവൻ കണ്ടത്. അന്നു കാണുമ്പോൾ ചിരിക്കും. കുശലം ചോദിക്കും. ഇപ്പാൾ അവനെ അറിയുന്ന മട്ടില്ല. ആത്മാഭിമാനം തൊഴിലാളിക്കും വലുതാണ്. തൊഴിലെടുക്കുന്നതിൽ കോരനു വന്ന മാറ്റം ഇവിടെ തകഴി സൂക്ഷ്മമായി ആവിഷ്കരിക്കുന്നുണ്ട്. രാപകലില്ലാതെ കഷ്ടപ്പെട്ടു നൂറുമേനി വിളയിച്ചിട്ടും, കൊയ്ത്തുകാലത്തുപോലും വേലക്കാരൻ കടത്തിലും പട്ടിണിയിലുമാണ്. തിണകളിലെ ഉത്പന്നം തിണകളിൽ തന്നെ വിതരണവും പുനർവിതരണവും ചെയ്യപ്പെടേണ്ടതാണ്. മിച്ചോത്പന്നമേ വിപണിയിലേക്ക് അയക്കേണ്ടതുള്ളു. മുമ്പ് ജന്മികൾ അങ്ങനെയാണ് ചെയ്തിരുന്നത്. അതിനാൽ വേലക്കാരൻ പട്ടിണികിടക്കേണ്ടിവന്നില്ല. ഉത്പാദനശക്തിയെ സംരക്ഷിക്കുക എന്ന കാഴ്ചപ്പാട് അന്നുണ്ടായിരുന്നു. ഇന്ന് അതു നഷ്ടമായിരിക്കുന്നു. ഇന്ന് ഉത്പാദനം വിപണിയെയും ലാഭത്തെയുമാണ് ലക്ഷ്യം വയ്ക്കുന്നത്. ലാഭംകൂടുന്നതിന് കൂലികുറയ്ക്കുക, കൂലിയുടെ മൂല്യനിർണ്ണിയ രീതി മാറ്റുക (നെല്ലിനു പകരം പണം നല്കുന്നത്) എന്ന രീതിയാണ് മുതലാളി അവലംബിക്കുന്നത്. കാർഷികബന്ധം (ഉടമ/അടിയാൻ) മുതലാളി–തൊഴിലാളി ബന്ധത്തിലേക്കു വഴിമാറുന്നതിന്റെ ആഖ്യാനമാണ് നാമിവിടെ കാണുന്നത്. തൊഴിലാളിയുടെ അടിമത്തം മാറിയില്ല. മേല്പ

റഞ്ഞ അവന്റെ അവകാശങ്ങളെല്ലാം നഷ്ടമാകുകയും ചെയ്തു. കൃഷി ദർശനത്തിൽ വന്നൊരുമാറ്റമാണിത്.

സമാനമായ സാഹചര്യം മണ്ണിന്റെ മാറിലുണ്ട്. കുടിയൊഴിപ്പിക്കൽ ഭീഷണിയാണത്. പാട്ടം കൃത്യമായി അടച്ചാലും മറ്റു പാട്ടക്കുടിയാന്മാരുടെ പ്രേരണയും ജന്മിയുടെ ലാഭക്കൊതിയും മൂലം കുടിയൊഴിയാനാവശ്യപ്പെടും. കൊണ്ടേരന്റെ കുടുംബം ഒരിക്കലും പാട്ടക്കുടിശ്ശിക വരുത്തിയിട്ടില്ല. എന്നിട്ടും കുടിയൊഴിയാൻ പലതവണ ആവശ്യപ്പെട്ടു. ഭൂമി നില നിർത്താൻ പത്തുപാട്ടം നൂറുപാട്ടം വരെയായി ഉയർത്തികൊടുക്കേണ്ടി വന്നു. ജന്മിയുടെ മകനും കൊച്ചുകൊണ്ടേരനും തമ്മിൽ കലഹമുണ്ടായതിനെ തുടർന്ന് ആറുകൊല്ലത്തെ പാട്ടക്കുടിശ്ശികയും പലിശയും കൂട്ടുപലിശയും ചേർത്ത് തൊള്ളയിരം രൂപ വസൂലാക്കിൻ ജന്മി നോട്ടീസ് അയച്ചു. കുടിയാന് എഴുത്തും വായനയും കണക്കും ഒന്നുമറിയില്ല. അടയ്ക്കുന്ന പാട്ടത്തിനു മുറിവാങ്ങാറില്ല; ജന്മിമാർ കൊടുക്കാറുമില്ല. ജന്മി തന്നെ ചതിക്കുകയാണെന്ന് അയ്യപ്പന് അപ്പോഴാണ് മനസ്സിലായത്. അയാൾ നിസ്സഹായനായി. ജന്മിയുമായി പോരടിക്കാനുള്ള കരബലമോ മനോബലമോ സമ്പദ്ബലമോ അയാൾക്കുണ്ടായിരുന്നില്ല. പക്ഷേ മൂന്നാം തലമുറ വിധേയരായില്ല പ്രതിരോധിക്കുകതന്നെ ചെയ്തു അക്കാര്യം മുമ്പു സൂചിപ്പിച്ചതാണ്. ജന്മി–കുടിയാൻ ബന്ധത്തിൽ വന്ന മാറ്റത്തെയാണ് ചെറുകാടിവിടെ സൂചിപ്പിക്കുന്നത്.

മൂന്നു നോവലും മലയാളിയുടെ ഗതകാല കാർഷിക സംസ്കൃതിയുടെ ഭിന്നമുഖങ്ങളെയാണ് ആവിഷ്കരിക്കുന്നത്. കുട്ടനാട്ടിൽ പില്ക്കാലത്ത് സംഭവിച്ച കാർഷികമേഖലയിലെ ദുരന്തം നമ്മുടെ മുന്നിലുണ്ട്. കൂടുതൽ വിളവിനായി കൂടതൽ ഭൂമി തരംമാറ്റി. രാസവളം അമിതമായി പ്രയോഗിച്ചതിനാൽ ഭൂമിയുടെ സ്വാഭാവിക ജൈവഘടനയാകെ മാറി. കൃത്രിമ കനാലും കായൽബണ്ടും (സ്പിൽവേ കനാൽ, തണ്ണീർമുക്കം ബണ്ട്) കുട്ടാനാടിന്റെ പാരിസ്ഥതിക സംന്തുലനാവസ്ഥയെ തകിടം മറിക്കുകയുണ്ടായി. കൃഷിയെ വാണിജ്യവത്കരിച്ചതിന്റെ ദുരന്തങ്ങളാണത്. ഇത്തരം ദുരന്തങ്ങൾ തകഴി ദീർഘദർശനം ചെയ്തിരുന്നതിനാലാണ് കൃഷിയുടെ കമ്പോളവത്കരണത്തിനെതിരായ നിലപാടിൽ നിന്നുകൊണ്ടു രണ്ടിങ്ങഴി എഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്നു കരുതുന്നു. പരിസ്ഥിതിയെ തകിടം മറിച്ചുള്ള കൃഷിവ്യാപനത്തെ പൊറ്റക്കാട് വിഷകന്യകയിൽ വിമർശിക്കുന്നുണ്ട്. അതുകൊണ്ടാണ് വന്യഭംഗിയിൽ മനംമയക്കുന്ന വയനാടിന്റെ സൗന്ദര്യമത്രയും

സംഹാരാത്മാമാണെന്ന് കുടിയേറ്റക്കാരെ ബോധ്യപ്പെടുത്തുന്നതരം ആഖ്യാനം അദ്ദേഹം നിർവഹിക്കുന്നത്. ഭൂമി മനുഷ്യരുടേതല്ല. മനുഷ്യൻ ഭൂമിയുടേതാണ് എന്ന സിയാറ്റിൻ മൂപ്പന്റെ ദർശനത്തെ ഓർമ്മിപ്പിക്കുന്ന താണ് വിഷകന്യകയുടെ ദർശനം. നമ്മുടെ ആദ്യപാരിസ്ഥിതിക നോവ ലെന്ന് അതിനെ വിശേഷിപ്പിക്കാം. മണ്ണിന്റെ മാറിൽ ഇത്തരമൊരു ഉൾക്കാഴ്ച പെളിപ്പെടുത്തുന്നില്ല. പ്രകൃതിക്കും മനുഷ്യനും തുല്യപ്രാ ധാന്യമുള്ള കാർഷിക സംസ്കൃതിയാണ് നമുക്കാവശ്യം എന്നാണ് ഈ നോവലുകളെല്ലാം നമ്മെ ഓർമ്മിപ്പിക്കന്നത്.

## (Endnotes)

[1] Vangal N Muthukumar, *Poetics of place in early Tamil literature*

[2] തൊൽകാപ്പിയ വ്യാഖാതാക്കൾ സൂചിപ്പിക്കുന്ന 12 നാടുകളിൽ അഞ്ചുനാടുകൾ കേരളത്തിൽ -പൂഴിനാട്, കുടനാട്, കുട്ടനാട്, വേണാട്, കക്കനാട്-പ്പെട്ടതാണ്. കൊച്ചി രാജ്യചരിത്രം (1989: 50). അതിൽ യഥാ ക്രമം, ആദ്യ മൂന്നു നാടുകളിൽപ്പെട്ടതാണ് വിഷകന്യക, മണ്ണിന്റെ മാറിൽ, രിടങ്ങഴി എന്നിവയുടെ സ്ഥലപശ്ചാത്തലം. കുട്ടനാട് നെയ്തൽ തിണ യാണെന്ന് അയ്യപ്പപ്പണിക്കർ നിരീക്ഷിച്ചിട്ടു്(കയർ അനുബന്ധം, 1988: 1034). 'പെരുന്ന' പെരുംനെയ്തൽ ആയിരുന്നതിനാൽ ആ നിരീക്ഷണം ശരിയാണ്.

[3] ദേശബദ്ധമല്ലാത്ത തിണകളാണ് കൈക്കിളൈയും പെരുന്തി ണൈയും. നിലവാരം കുറഞ്ഞ പ്രണയമായി കണക്കാപ്പെടുന്നു. മടക്കി ലഭിക്കാത്തതോ ഏകപക്ഷീയമോ ആയ പ്രണയമാണ് കൈക്കിളൈ. പൊരുത്തമില്ലാത്ത വിവാഹത്തെക്കുറിച്ചാണ് പെരുന്തിണൈയിൽ വിവ രിക്കുന്നത്. തന്നെക്കാൾ പ്രായക്കൂടുതലുള്ള സ്ത്രീയെ ഒരുവൻ പ്രണ യിക്കുക, പെട്ടെന്നുക സ്ത്രീയെ ബലാത്കാരം ചെയ്യുക, അനു രൂപയല്ലാത്ത സ്ത്രീയെ പ്രേമിക്കുക, പ്രേമം മടക്കി ലഭിച്ചില്ലെങ്കിൽ മട ലേറുമെന്നു ഭീഷണിപ്പെടുത്തുക എന്നിവയാണ് പെരുന്തിണൈയിൽ ഉൾപ്പെടുന്നത്. കേവലം ലൈംഗികതാത്പര്യം മത്രമാണ് ഇത്തരം പ്രണ യത്തിന്റെ പ്രേരകശക്തി (തൊൽ. 971, 72, 84, 99 & 1000).

[4] കയർ,1988:1027

5 പൊഴിഞ്ഞുവീഴുന്ന കതിര് കുട്ടികൾ പെറുക്കി എടുക്കും. ചില സ്ഥലങ്ങളിൽ അതിനു പിടിത്താൾ എന്നു പറയും.

**ഗ്രന്ഥസൂചി**

Alphonsa ,( Sr.) P J., *Tinai as an Ecocritical Concept*, IJELLH, Volume V, Issue VIII August 2017

Murugan V, *Tolkappiyam English*, Institute of Asian Studies, Chennai, 2ooo

Muthukumar V N , *Poetics of place in early Tamil literature,* http://digitalassets.lib.berkeley.edu/etd/ucb/text Muthukumar_berkeley_0028E_11894.pdf

അപ്പൻ കെ. പി., *മാറുന്ന മലയാള നോവൽ,* ഗൗതമ പബ്ലിഷേഴ്സ്, ആലപ്പുഴ, 1988

അയ്യപ്പപ്പണിക്കർ, *പരിസ്ഥിതിയും ലാവണ്യശാസ്ത്രവും*, സാഹിത്യലോകം, തൃശൂർ, വാല്യം. 20, ലക്കം 5, 1995

ചെറുകാട്, *മണ്ണിന്റെ മാറിൽ,* കോഴിക്കോട് സർവകലാശാല, കോഴിക്കോട്, 1996

തകരൻ, കെ. എം., *മലയാള നോവൽ സാഹിത്യ ചരിത്രം,* കേരള സാഹിത്യ അക്കാദമി, തൃശൂർ, 1978

തകഴി, *കയർ,* ഡി. സി. ബുക്സ്, കോട്ടയം, 1988

തകഴി, *ര ി ട ങ്ങ ഴി*, ഡി. സി. ബുക്സ്, കോട്ടയം, 2019

പത്മനാഭമേനോൻ, കെ. പി. *കൊച്ചീരാജ്യചരിത്രം*, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 1988

പൊറ്റക്കാട്, എസ്. കെ., *വിഷകന്യക,* കോഴിക്കോട് സർവകലാശാല, കോഴിക്കോട്, 1996

ലീലാവതി എം. *സാഹിത്യ നിരൂപണത്തിന്റെ ദ്രാവിഡ മുഖം*, സാഹിത്യലോകം, തൃശൂർ, വാല്യം. 20, ലക്കം 5, 1995

ശരത്ചന്ദ്രൻ, കെ.പി. *നോലുകളിലൂടെ,* എൻ. ബി. എസ്. കോട്ടയം, 1987

ശിശുപാലൻ കെ, *മരുമക്കത്തായം മിഥ്യയും സത്യവും*, പുസ്തകഭവൻ, പയ്യന്നൂർ, 2018

,, *മലയാളനോവലിൽ പ്രതിഫലിക്കുന്ന തറവാടുകളുടെ തകർച്ച*, പി.എച്ച്.ഡി തീസിസ്, കേരള സർവകലാശാല, തിരുവനന്തപുരം, 1991

സുമാ സിറിയക്, *സംഘസാഹിത്യപാരമ്പര്യവും ആധുനിക മലയാളസാഹിത്യവും* പി.എച്ച്.ഡി തീസിസ്, എം ജി യൂണിവേഴ്സിറ്റി, കോട്ടയം, 2012

# പൗരാണിക ഭാരതത്തിലെ കൃഷിവിജ്ഞാനീയം വരാഹമിഹരന്റെ ബൃഹത്സംഹിതയിൽ

**ഡോ.ആനന്ദ് ദിലീപ് രാജ്**

പ്രകൃതിയുമായി ഏറ്റവും ഇണങ്ങിയ ഒരു ജീവിതശൈലിയായിരുന്നു പൗരാണികഭാരതത്തിൽ നിലനിന്നിരുന്നത്. സ്വാഭാവികമായിത്തന്നെ കൃഷിയും പരിസ്ഥിതിക്ക് യോജിച്ച (ECO - Friendly) രീതിയിലായിരുന്നു. വേദകാലം മുതൽ ഇന്ത്യയിൽ കൃഷി നിലവിലുണ്ടായിരുന്നു. ഋഗ്വേദത്തിലെ കിതവസൂക്തത്തിൽ ചൂതുകളിക്കാരനോട് ചൂത് ഉപേക്ഷിച്ച് കൃഷി ചെയ്യാൻ ഉപദേശിക്കുന്നുണ്ട്. കൃഷിയാണ് ഏറ്റവും വലിയ ധനം എന്ന് സൂചിതമാകുന്നുണ്ട്.[1] യജുർവേദത്തിലാകട്ടെ "ന കൃഷിം സസ്യം ച മനുഷ്യാ ഉപജീവന്തി" (മനുഷ്യൻ കൃഷിയെയും സസ്യത്തെയും ആശ്രയിച്ച് ജീവിക്കുന്നു.)[2] അഥർവവേദം, മഹാഭാരതം, രാമായണം, തിരുക്കുറൾ എന്നിങ്ങനെ ഭാരതത്തിലെ പൗരാണിക കൃതികളിലെല്ലാം തന്നെ കൃഷി വിജ്ഞാനീയത്തെക്കുറിച്ച് പരാമർശങ്ങൾ കാണാം.

**വരാഹമിഹിരൻ – ബൃഹത്സംഹിതയുടെ കർത്താവ്**

പാരമ്പര്യവിശ്വാസമനുസരിച്ച് വിക്രമാദിത്യരാജാവിന്റെ സദസ്സിലെ നവരത്നങ്ങളിൽ ഒരാളായിരുന്നു വരാഹമിഹിരൻ. പൗരാണിക ഭാരതത്തിൽ നിലനിന്നിരുന്ന കൃഷി വിജ്ഞാനീയത്തെക്കുറിച്ച് കുസുമലതാ, സസ്യജാതകം, വൃക്ഷായുർവേദം എന്നീ മൂന്ന് അദ്ധ്യായങ്ങളിലൂടെ വ്യക്തമായ വിവരണം നൽകുന്ന കൃതിയാണ് വരാഹമിഹിരന്റെ ബൃഹത്സംഹിത. കൂടാതെ ബൃഹത്ജാതകം, പഞ്ചസിദ്ധാന്തിക, ലഘുജാതകം എന്നിവയാണ് മറ്റു പ്രധാന കൃതികൾ. ജ്യോതിശാസ്ത്ര പണ്ഡിതനായിരുന്ന ആദിത്യദാസന്റെ മകനായി അവന്തിയിൽ ജനിച്ചു എന്ന് വരാഹമിഹിരൻ ബൃഹത്ജാതകത്തിൽ തന്നെക്കുറിച്ച് പറയുന്നുണ്ട്.

പൗരാണിക ഭാരതത്തിലെ പല പ്രമുഖ വ്യക്തികളെയും പോലെ വരാഹമിഹിരന്റെ ചരിത്രം ഏറെക്കുറെ ഇന്ന് നമുക്ക് അജ്ഞാതമാണ്. വരാഹമിഹിരനെക്കുറിച്ച് ആധികാരികമായി പഠനങ്ങൾ നടത്തിയ "ജോൺ ഹെൻഡ്രിക് കാസ്പർ കെൻ എ.ഡി. 560നോടടുത്ത് അദ്ദേഹം ജീവിച്ചിരുന്നതായി പറയുന്നു. വരാഹമിഹിരൻ അടിസ്ഥാനപരമായി ഒരു ജ്യോതിശാസ്ത്രജ്ഞൻ (Astronomer) ആണ്. ജ്യോതിഷത്തിനും (Astrology) അദ്ദേഹം ബൗദ്ധിക സംഭാവനകൾ നൽകിയിട്ടുണ്ട്. കൂടാതെ അന്ന് നിലവിലുണ്ടായിരുന്ന ഗണിതം, കൃഷിവിജ്ഞാനീയം, സാമ്പത്തികശാസ്ത്രം, രത്നങ്ങളെ സംബന്ധിച്ച ശാസ്ത്രം തുടങ്ങിയ എല്ലാ ശാഖകളിലും അറിവുണ്ടായിരുന്ന ഒരു പണ്ഡിതനായിരുന്നു അദ്ദേഹം.

പഞ്ചസിദ്ധാന്തിക അന്നു നിലവിലുണ്ടായിരുന്ന സൂര്യസിദ്ധാന്തം, രോമകസിദ്ധാന്തം(റോമാക്കാരുടെ സിദ്ധാന്തം), പൗലീശസിദ്ധാന്തം, വസിഷ്ഠസിദ്ധാന്തം, പൈതാമഹസിദ്ധാന്തം എന്നിവയെ വിവരിക്കുന്നു. അയനാംശങ്ങളെക്കുറിച്ച് ആദ്യമായി പരാമർശിക്കുന്ന ഗ്രന്ഥം പഞ്ചസിദ്ധാന്തികയാണ്. ഇന്ന് നിലവിലിരിക്കുന്ന ജ്യോതിഷത്തിന്റെ അടിസ്ഥാന പ്രമാണങ്ങളും ബൃഹത് ജാതകത്തിലാണ് രൂപംകൊള്ളുന്നത്. ശാസ്ത്രീയ അടിത്തറ തീരെ ഇല്ലാത്ത, ഫലപ്രവചനം, ചൊവ്വാദോഷം തുടങ്ങിയ പല കാര്യങ്ങളും അവിടെ കാണാനുണ്ട്. ലഘുജാതകം, വേദത്തിന്റെ ഭാഗമായ ജ്യോതിശാസ്ത്രത്തെക്കുറിച്ച് (Vedic Astronomy) വിവരിക്കുന്നു.

വരാഹമിഹിരന്റെ മാസ്റ്റർപീസ് ബൃഹത്സംഹിതയാണ്. വാരാഹിസംഹിത എന്നും ചിലർ പറയാറുണ്ട്. പൗരാണിക ഭാരതത്തിലെ ഒരു ക്ലാസിക് കൃതിയാണിത്. ജ്യോതിശാസ്ത്രം, ഗ്രഹങ്ങളുടെ ചലനം, ഗ്രഹണങ്ങൾ, കാലാവസ്ഥ, കുടുംബജീവിതം, വാസ്തുശാസ്ത്രം, മൃഗസംരക്ഷണം, ഭൂമിശാസ്ത്രം, കൃഷിശാസ്ത്രം മുതലായ അന്നുനിലവിലുണ്ടായിരുന്ന എല്ലാ വിജ്ഞാനശാഖകളേയും കുറിച്ച് വിശദമായി സംസ്കൃതഭാഷയിൽ ബൃഹത്സംഹിത വിവരിക്കുന്നുണ്ട്. ഈ ഗ്രന്ഥത്തിലെ അദ്ധ്യായങ്ങളെക്കുറിച്ച് പണ്ഡിതൻമാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. നിലവിലുള്ള ബൃഹത്സംഹിതയിൽ നൂറ്റിആറ്(106) അദ്ധ്യായങ്ങൾ ഉണ്ട്. ചിലരുടെ അഭിപ്രായത്തിൽ നൂറ് അദ്ധ്യായങ്ങൾ മാത്രമേ വരാഹമിഹിരൻ രചിച്ചിട്ടുള്ളു. ആയിരം വർഷം മുമ്പ് ആരോ കൂട്ടിച്ചേർത്തവയാണ് അവസാനത്തെ ആറ് അദ്ധ്യായങ്ങൾ എന്ന് പറയപ്പെടുന്നു. ബൃഹത്സംഹിതയിലെ കൃഷിയെപ്പറ്റി പരാമർശമുള്ള അധ്യായങ്ങൾ പരിശോധിക്കാം.

## I. കുസുമലത

കുസുമലത എന്ന അദ്ധ്യായത്തിൽ ശാലിനീവൃത്തത്തിൽ രചിക്കപ്പെട്ട 14 ശ്ലോകങ്ങൾ ഉണ്ട്. വരാഹമിഹിരന്റെ അഭിപ്രായത്തിൽ വൃക്ഷങ്ങളിലുണ്ടാകുന്ന പുഷ്പങ്ങളുടെയും ഫലങ്ങളുടെയും ആധിക്യത്തെ പരീക്ഷിച്ചിട്ട് ദ്രവ്യങ്ങളുടേയും സസ്യങ്ങളുടേയും സുലഭതയെ നിശ്ചയിക്കാവുന്നതാണ്. ഏതാണ്ട് 1500 വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന വിശ്വാസം എന്നല്ലാതെ ശാസ്ത്രീയമായ അടിത്തറ ഈ അഭിപ്രായത്തിന് ഉണ്ടാകാൻ സാധ്യതയില്ല. രാജ്യത്ത് ചെന്താമരപ്പൂവ് അധികം ഉണ്ടായാൽ രാജാവിനും നീലത്താമരപ്പൂവ് അധികമായി ഉണ്ടായാൽ മന്ത്രിയ്ക്കും അഭിവൃദ്ധിയുണ്ടാകും എന്നു പറയുന്നത് തന്നെ ഉദാഹരണം. എങ്കിലും നമ്മുടെ പൂർവികർ സസ്യങ്ങൾക്കും ഓഷധികൾക്കും ഒക്കെ നൽകിയിരുന്ന ഉയർന്ന പരിഗണ കുസുമലതയിൽ നമുക്ക് ദർശിക്കാം.

## II. സസ്യജാതകം

ജാതകം എന്ന സംസ്കൃതപദത്തിന് വളർച്ച, ജനിച്ച ഉടനെ നടത്തുന്ന ജാതകർമ്മം, ഗ്രഹനില അടങ്ങിയ ജാതകം (Horoscope) എന്നിങ്ങനെ രണ്ടുമൂന്ന് അർത്ഥങ്ങൾ ഉണ്ട്. സസ്യജാതകം എന്ന പേരിനെക്കുറിച്ച് ബൃഹത്സംഹിതയുടെ വ്യാഖ്യാതാക്കൾ വിവിധ അഭിപ്രായക്കാരാണ് എം. രാമകൃഷ്ണഭട്ട് സസ്യങ്ങളുടെ വളർച്ച എന്ന് പറയുമ്പോൾ, ജർമ്മൻകാരനായ ജോൺ ഹെൻഡ്രിക് കാസ്പർ കെൻ, സസ്യങ്ങളുടെ ജാതകം എന്ന് തന്നെ പറയുന്നു. മലയാള വ്യാഖ്യാതാവായ പുലിയൂർ പുരുഷോത്തമൻ നമ്പൂതിരി ആകട്ടെ അക്കാര്യത്തെക്കുറിച്ച് നിശബ്ദനാണ്. ഈ അധ്യായത്തിൽ സസ്യങ്ങളുടെ ഗ്രഹനിലയെക്കുറിച്ച് ഒന്നും പറയാത്തതുകൊണ്ട് സസ്യങ്ങളുടെ വളർച്ചക്ക് അനുകൂലമായ ഗ്രഹങ്ങളുടെ നില എന്നനുമാനിക്കാം. പതിനാല് ശ്ലോകങ്ങളുള്ള ഈ അധ്യായം ഗ്രഹങ്ങളുടെ സ്ഥാനമനുസരിച്ച് ധാന്യങ്ങൾക്ക് വളർച്ചയുണ്ടാകും എന്ന പരമ്പരാഗത വിശ്വാസമാണ് മുന്നോട്ടു വയ്ക്കുന്നത്.

ആധുനിക ജ്യോതിശാസ്ത്രമനുസരിച്ച് വരാഹമിഹിരന്റെ കാലത്തേതിൽ നിന്ന് ഗ്രഹങ്ങളുടെ സ്ഥാനം മാറിയിട്ടുണ്ട്. “സൂര്യൻ വൃശ്ചികം രാശിയിൽ പ്രവേശിക്കുമ്പോൾ ഗ്രീഷ്മകാല ധാന്യങ്ങൾക്ക് വർദ്ധനവുണ്ടാകും” തുടങ്ങിയ പ്രസ്താവനകൾക്ക് ഇന്ന് വലിയ സാംഗത്യമില്ല. എങ്കിലും വരാഹമിഹിരന് ഗ്രീഷ്മവിളകൾ, വർഷകാലവിളകൾ തുടങ്ങിയവയെക്കുറിച്ച് നല്ല ധാരണയുണ്ടായിരുന്നു എന്ന് കാണാം. നമ്മുടെ പൂർവ്വികർ കൃഷിക്ക് നൽകിയിരുന്ന ഉയർന്ന സ്ഥാനമാണ് സസ്യജാതകത്തിലൂടെ വ്യക്തമാകുന്നത്.

## III. വൃക്ഷായുർവേദം

നഗരവികസനവുമായി ബന്ധപ്പെട്ട് പൗരാണിക കാലത്ത് ഉദ്യാനനിർമ്മാണം നടത്തിയിരുന്നു. വിവിധയിനം ഉദ്യാനസസ്യങ്ങളുടെ പരിചരണം, രോഗനിയന്ത്രണം, വർഗ്ഗീകരണം തുടങ്ങിയ വിഷയങ്ങളിൽ അക്കാലത്തെ ജനതയുടെ ശ്രദ്ധ പതിഞ്ഞിരുന്നു. വൃക്ഷങ്ങളുടെ ചികിത്സക്കുവേണ്ടി അക്കാലത്ത് ഇന്ത്യയിൽ രൂപപ്പെട്ട ശാസ്ത്രശാഖയാണ് വൃക്ഷായുർവേദം. കാശ്യപൻ, പരാശരൻ മുതലായ മുനിമാരായിരുന്നു വൃക്ഷായുർവേദത്തിന്റെ ആദ്യകാല ആചാര്യൻമാർ. 31 ശ്ലോകങ്ങളുള്ള വൃക്ഷായുർവേദം എന്ന അദ്ധ്യായത്തിൽ സസ്യപരിപാലനത്തെക്കുറിച്ച് വിശദമായിത്തന്നെ പറയുന്നുണ്ട്. മനുഷ്യർക്ക് സുഖപ്രദമായിരിക്കാൻ ജലാശയങ്ങളുടെ സമീപം ഉദ്യാനങ്ങൾ ഉണ്ടാക്കണമെന്ന് വരാഹമിഹിരൻ നിർദ്ദേശിക്കുന്നുണ്ട്. മൃദുവായ ഭൂമി ഉദ്യാനങ്ങൾ ഉണ്ടാക്കാൻ നല്ലതാണെന്നും എള്ള് കൃഷി ചെയ്യുന്നത് ഭൂമിക്ക് വളക്കൂറുണ്ടാക്കുമെന്നും അദ്ദേഹം പറയുന്നു.

### i. ഒട്ടുതൈകളുടെ നിർമ്മാണം

ഇന്ന് കൃഷിയുടെ ഭാഗമായി വ്യാപകമായി ഉപയോഗിച്ചുവരുന്ന ഒരു രീതിയാണല്ലോ ഒട്ടുതൈകളുടെ നിർമ്മാണം. വരാഹമിഹിരന്റെ കാലത്ത് ഈ സമ്പ്രദായം നിലനിന്നിരുന്നു. പ്ലാവ് അശോകം, മുന്തിരി, കുരുക്കുത്തിമുല്ല തുടങ്ങിയവയുടെ ശാഖ മുറിച്ച് ചാണകം പുരട്ടി മറ്റൊരു വൃക്ഷത്തിന്റെ മുറിപ്പാടിൽ ചേർത്ത് ഉറപ്പിച്ചു നിർത്തിയാൽ അത് നല്ല വളർച്ചയെ പ്രാപിക്കും എന്ന് വരാഹമിഹിരൻ സൂചിപ്പിക്കുന്നു. പൗരാണിക ഭാരതത്തിൽ ശാസ്ത്രീയ കൃഷിരീതികൾ പുരോഗതി പ്രാപിച്ചിരുന്നു എന്നതിന്റെ സൂചനയാണിത്.

### ii. വൃക്ഷത്തൈകൾ മാറ്റിനടുന്ന സമ്പ്രദായം

കൃഷി ചെയ്യുമ്പോൾ കുരുപാകി മുളപ്പിച്ച് മാറ്റി നടുന്ന സമ്പ്രദായം നിലവിലുണ്ടല്ലോ. അതുപോലെയുള്ള ഒരു രീതി ബൃഹത്സംഹിതയുടെ കാലത്ത് നിലവിലുണ്ടായിരുന്നു എന്നതിന്റെ വിവരണം വിവിധ ശ്ലോകങ്ങളിൽ കാണാം. ശാഖകൾ ഉണ്ടാകുന്നതിനുമുമ്പ് ചെടികളെ പിഴുത് നടാൻ യോജിച്ചത് ശിശിരകാലമാണ് എന്ന് വ്യക്തമാക്കുന്നു. കൊമ്പുകൾ ഉള്ള മരങ്ങളെ ഹേമന്തത്തിലും വലിയ വൃക്ഷങ്ങളെ മഴക്കാലത്തും നടാവുന്നതാണ് എന്ന് പറയുന്നു. നെയ്യ്, രാമച്ചം, പാൽ, ചാണകം തുടങ്ങിയവ ചേർന്ന ഒരു മിശ്രിതം മാറ്റിനടാൻ പോകുന്ന ചെടികളിൽ പുരട്ടാവുന്നതാണ് എന്ന് പറയുന്നു. മാറ്റിനടുന്ന വൃക്ഷങ്ങൾ (വേനൽക്കാലത്ത്)രാവിലെയും വൈകിട്ടും നനയ്ക്കണമെന്നും തണുപ്പുകാലത്ത് ഒന്നിടയിട്ട ദിവസങ്ങളിലും മഴക്കാലത്ത് ഭൂമിക്ക് ഉണക്ക് തട്ടുന്ന

ദിവസങ്ങളിലും മാത്രം നനക്കേണ്ടതാണെന്നും വരാഹമിഹിരൻ നിർദ്ദേശിക്കുന്നു. അന്നത്തെ സമൂഹം കൃഷിയിൽ ശാസ്ത്രീയമായ അറിവുകൾ നേടിയിരുന്നു എന്നതിന്റെ സൂചനയാണ് ഈ വിവരങ്ങൾ.

**iii. വൃക്ഷങ്ങൾ തമ്മിലുള്ള അകലം**

ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ നിന്ന് 20 അടി ദൂരത്തിലാണ് മറ്റൊരു വൃക്ഷം നടേണ്ടത് എന്ന് വരാഹമിഹിരൻ പറയുന്നു. വൃക്ഷങ്ങൾ അടുത്തുനിന്നാൽ പരസ്പം സ്പർശിക്കുന്നതിനും വേരുകൾ പിണയുന്നതിനും ഇടയാകുകയും തൻമൂലം വളർച്ച മുരടിക്കുകയും ചെയ്യും. ഈ നിരീക്ഷണം ഇന്നും പ്രസക്തമാണ്.

**iv. ചെടികളുടെ രോഗവും ചികിത്സയും**

അധികമായ തണുപ്പും വെയിലും ഏറ്റാൽ ചെടികൾക്ക് രോഗം ഉണ്ടാകാം എന്ന് വരാഹമിഹിരൻ പറയുന്നു. അന്ന് ബാക്ടീരിയ, ഫംഗസ് മുതലായ സൂക്ഷ്മ ജീവികളുടെ പ്രവർത്തനം തിരിച്ചറിഞ്ഞിരുന്നില്ല. രോഗം വന്ന വൃക്ഷങ്ങളുടെ ഇലകൾക്ക് വെളുപ്പുനിറം ബാധിക്കുകയും കൊമ്പുകൾ ശോഷിക്കുകയും ഒരു പ്രത്യേക ദ്രാവകം ഒലിച്ചിറങ്ങുകയും ചെയ്യും. ആയുർവേദചികിത്സയിലെ വിദംഗം(False black Pepper) എന്ന മരുന്നാണ് ഇതിനു ചികിത്സയായി പറയുന്നത്. രോഗം വന്ന മരത്തിന്റെ കൊമ്പ് മുറിച്ചു മാറ്റി വിദംഗം പൊടിച്ച് നെയ്യിൽ ചേർത്ത് കുഴമ്പാക്കി തേക്കുകയും പാലും വെള്ളവും കൊണ്ട് നനയ്ക്കുകയും വേണമെന്ന് നിർദ്ദേശിക്കുന്നു. ഇന്നത്തെ കാലത്ത് രോഗം വന്ന മരങ്ങളെ ചികിത്സിക്കാൻ സാധാരണ ആരും ശ്രമിക്കാറില്ല. അവയെ മുറിച്ചു മാറ്റുകയാണല്ലോ പതിവ്. നമ്മുടെ പൂർവ്വികർ പ്രകൃതിയെ എത്രമാത്രം സ്നേഹിച്ചിരുന്നു എന്നതിന്റെ തെളിവാണ് ബൃഹത്സംഹിതയിലെ വൃക്ഷചികിൽസ.

**v. മത്സ്യവും മാംസവും ഉപയോഗിച്ചുള്ള കൃഷി**

മീൻവെള്ളവും ഇറച്ചി കഴുകിയ വെള്ളവും ഉപയോഗിച്ച് നനച്ചാൽ കപിത്ഥഫലം(wood apple) നന്നായി വളരും എന്ന് ഗ്രന്ഥത്തിൽ സൂചിതമാകുന്നു. പഴയകാലത്ത് ഇന്ത്യയിൽ മുഴുവൻ സസ്യാഹാരം ആയിരുന്നു എന്ന വാദം ശരിയല്ല എന്നതിന്റെ സൂചന കൂടിയാണിത്.

ബൃഹത്സംഹിതയിലെ വൃക്ഷായുർവേദത്തെ സംബന്ധിക്കുന്ന ഭാഗം വിശദമായ പഠന നിരീക്ഷണങ്ങൾക്ക് വിധേയമാക്കാവുന്നതാണ്. ജ്യോതിശാസ്ത്രജ്ഞനായിരുന്ന വരാഹമിഹിരൻ കർഷകൻ കൂടിയായിരുന്നോ എന്ന് വ്യക്തമല്ല. അന്നത്തെ കൃഷിക്കാരിൽ നിന്ന് ലഭിച്ച വിജ്ഞാനം തന്റെ കൃതിയിൽ ഉപയോഗിച്ചിരിക്കാനാണ് സാധ്യത.

മൂന്ന് അധ്യായങ്ങളിലായി വിവരിക്കപ്പെടുന്ന പൗരാണിക ഭാര

തത്തിലെ കൃഷി വിജ്ഞാനീയം വരാഹമിഹിരന്റെ ബൃഹത് സംഹിത യിലെ പ്രധാനപ്പെട്ട ഭാഗമാണ്. അവിടെ സൂചിതമാകുന്ന അറിവുകൾ ഇന്നത്തെ രീതിയിൽ ഉപയോഗിക്കുവാൻ കഴിയുമോ എന്ന് വിശദമായ ശാസ്ത്രീയപഠനത്തിലൂടെ മാത്രമേ അറിയാൻ കഴിയൂ. എങ്കിലും നമ്മുടെ പൂർവ്വികർ എത്ര ആദരവോടെയാണ് കൃഷിയെയും കൃഷിവിജ്ഞാന ത്തെയും നോക്കിക്കണ്ടത് എന്നതിന്റെ തെളിവാണ് ബൃഹത്സംഹിത യിലെ മൂന്ന് അദ്ധ്യായങ്ങൾ എന്ന് നിസ്സംശയം പറയാൻ കഴിയും

**ഗ്രന്ഥസൂചി**

1. ബൃഹത്സംഹിതാ അഥവാ വാരാഹിസംഹിതാ വ്യാഖ്യാനം: പുലിയൂർ പി. എസ്. പുരുഷോത്തമൻ നമ്പൂതിരി, ദേവി ബുക്ക്സ്റ്റാൾ, കൊടുങ്ങല്ലൂർ, 2011.
2. Varahamihira's Brahat, Samhita part I with English Translation, Prof. M. Ramakrishna Bhatt, Motilal Banarsidass Delhi, 1981
3. Brahat Samhita of Varahamihira text edited by Johan Hendrik Caspar kern Translated to English by M. Chidambara Iyer Vol- I &II Parimal Publications, Delhi, 2013
4. ഋഗ്വേദ സംഹിത മലയാളവിവർത്തനം, വിവർത്തകൻ വള്ളത്തോൾ നാരായ ണമേനോൻ പ്രകാശനവിഭാഗം, കേരള സർവകലാശാല തിരുവനന്തപുരം, 2002.

# പാടം പൂജ

**ഡോ. ബിജുലാൽ എം.വി.**

കോട്ടയം ജില്ലയുടെയും ആലപ്പുഴ ജില്ലയുടെയും പടിഞ്ഞാറ് ഭാഗത്തായി പടർന്നുകിടക്കുന്ന അപ്പർ കുട്ടനാട് മേഖലയിലെ നെൽപ്പാടങ്ങളിൽ വിളവെടുപ്പിനു ശേഷം നടക്കുന്ന സാമൂഹ്യ ആചാരമാണ് പാടം പൂജ. ഉദയംപൂജ, പാടത്തുപൂജ എന്ന് പല പേരുക ളിലും അറിയപ്പെടുന്ന മൂന്ന് ദിവസത്തെ സാമൂഹ്യ സംഘാടനവും ഉത്സവ തുല്യമായ ആചാരക്രമങ്ങളും കൂടിയതാണ് ഈ കാർഷികാചാ രം. ആചാരത്തിന് ഒരുക്കങ്ങൾ തുടങ്ങുന്നത് മുതൽ മൂന്നാമത്തെ ദിവസം രാവിലെ വരെയുള്ള സമയത്താണ് പൂജയുമായി ചേർന്ന് കാര്യങ്ങളെല്ലാം നിർവഹിക്കപ്പെടുന്നത്. ഒരു രീതിയിൽ നോക്കിയാൽ നന്നായി വിളവ് തന്നു സംരക്ഷിച്ചതിനുള്ള നന്ദി പറയൽ എന്ന രീതിയിൽ പാടംപൂജയെ കാണാവുന്നതേയുള്ളൂ. കൊയ്ത്തിനു ശേഷം വെള്ളം കയറി നിറഞ്ഞ പാടത്തിന്റെ കരയിലെ ചിറയിൽ, മെടഞ്ഞ ഓലയും വാഴപ്പിണ്ടിയും കുരുത്തോലയും ചേർത്ത് നിർമ്മിച്ച ചെറിയ കുടിലിലാണ് (പൂജപ്പന്തൽ) പൂജ നടക്കുന്ന സ്ഥലം. ഏതാണ്ട് ഒരു ദിവസത്തെ മുഴുവൻ പരിശ്രമത്തിന് ശേഷം തയ്യാറാക്കപ്പെടുന്ന പല ഇനങ്ങളിലുള്ള പൂവുകളും (വിശേഷിച്ചും താമരപൂവ്) മറ്റനേകം പൂക്കൾ, ശ്രദ്ധാപൂർവ്വം നിർമ്മിക്കുന്ന തെങ്ങിന്റെ കൊതുമ്പു കൊണ്ടുള്ള കോൽ തിരികൾ പൂക്കളും പാതി ഉടച്ച തേങ്ങയിൽ നിറച്ച വെളിച്ചെണ്ണയിൽ കത്തിച്ചുവെച്ച തിരിയും വഹിച്ചുകൊണ്ട് സന്ധ്യാസമയത്ത് ആളുകൾ നിരനിരയായി ഹോ ഹോ ഹോ എന്ന വായ്ത്താരിയോടെ പൂജ പാടത്ത് കയറുന്നതോടെ ആണ് പൂജ തുടങ്ങുന്നത്. എല്ലാവരും ഒരുമിച്ചു ചേർന്ന് സാധാരണമായി തന്നെ വീടുകളിൽ പ്രാർത്ഥിക്കാനുള്ള പ്രാർത്ഥനകൾ ആവർത്തിച്ച് അന്നേദിവസം പിരിഞ്ഞു പോകുന്നത്.

മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധത്തെ പലരീതിയിൽ

സൂചിപ്പിക്കുന്നതാണ് പാടം പൂജ. പാടം പൂജയിൽ പങ്കെടുക്കുന്ന ആളുകളുടെ മനശുദ്ധിയും ശരീരശുദ്ധിയും സംബന്ധിച്ച് ക്രമങ്ങൾ ഒരുപക്ഷേ മറ്റുപല ക്ഷേത്ര ആരാധനകളിൽ പങ്കെടുക്കുന്ന രീതിയിൽ തന്നെയാണ് എന്ന് കാണാൻ സാധിക്കും മത്സ്യമാംസാദികൾ കഴിക്കാതിരിക്കുക യും ലഹരി വസ്തുക്കൾ ലൈംഗികബന്ധം ഇവയിൽ നിന്ന് ഒഴിഞ്ഞു നിൽക്കുകയും ചെയ്യുന്നത് ഏറ്റവും പ്രധാനമായ ഒരു കാര്യമാണ്. ഗണപതി പൂജയോടെ ആണ് പൂജ ആരംഭിക്കുന്നത്. ഗണപതിക്ക് കാഴ്ചവയ്ക്കുന്ന തേങ്ങ പൂജ കഴിയുന്നതോടെ കൂടി പൂജാരി തന്നെ രണ്ടായി ഉടച്ച് അതിൽ അവശേഷിക്കുന്ന വെള്ളത്തിന്റെ അളവ് ചിരട്ടയുടെ സ്ഥാനം എന്നിവ പരിഗണിച്ച് അടുത്തവർഷത്തെ വിളവിനെ കുറിച്ച് പ്രവചനം നടത്തുന്ന രീതിയും ഇതിനോടൊപ്പം ഉണ്ട്.[1] പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ ഒരു പ്രധാനപ്പെട്ട ഘടകമാണ് തളിച്ചു കൊട എന്ന് വിളിക്കുന്ന പാടം പൂജയിലെ ഒരു ചടങ്ങ് പുള്ളുവർ വിഭാഗത്തിലെ ആളുകൾ വന്നു ഭൂമി ഇളകുമ്പോൾ പാമ്പുകൾക്ക് സംഭവിച്ച കഷ്ടപ്പാടുകളെ പൊറുത്തു തരണം എന്ന രീതിയിൽ നടത്തുന്ന പ്രാർത്ഥനയും അതിനോടനുബന്ധിച്ച് പൂജ പന്തലിനു സമീപത്ത് ഒരുക്കിയ നിലത്ത് വെള്ളം തളിച്ചു കൊടുക്കുന്നതാണ് തളിച്ചു കുടയിലെ പ്രധാന അംശം ഈ പ്രദേശങ്ങളിൽ നിലവിലുള്ള കായൽ പൂജ എന്ന മറ്റൊരു ആചാരത്തിന് ഉദ്ദേശ ത്തിനോട് സാമ്യം പുലർത്തുന്ന പലകാര്യങ്ങളും പാടം പൂജയിൽ കാണാവുന്നതേയുള്ളൂ.

രണ്ടാമത്തെ ദിവസം ആരംഭിക്കുന്ന പൂജ പ്രധാനമായും ആചാരപരമായ കാര്യങ്ങൾ പരിശോധിച്ചാൽ രണ്ട് രീതിയിലാണ് പുരോഗമിക്കുന്നത്. അതിൽ ഒരു ഭാഗം നേരിട്ട് ദൈവ ബന്ധിതമായി മുന്നോട്ടുപോകുമ്പോൾ മറ്റൊന്ന് പൂർണമായും കാർഷിക സമൂഹത്തിന്റെ വിവിധ ജീവൽ വശങ്ങളെ ഒരുമിച്ച് കൊണ്ടുവന്നു കൊണ്ടുള്ള സാമൂഹിക വിന്യാസത്തിൽ ഊന്നിയാണ് എന്ന് കാണാൻ പറ്റും. ഈ സാമൂഹ്യ വിന്യാസത്തിന്റെ ഓരോ വർഷവും ആവർത്തിക്കപ്പെടുന്നതിന്റെ പ്രാധാന്യം സാമൂഹ്യശാസ്ത്ര വിഷയത്തിൽ നിർത്തിക്കൊണ്ട് ആലോചിച്ചാൽ കൂടിവരവ് എന്ന് വിളിക്കാവുന്ന - ഉത്സവപരമായ കൂടിവരവ്- എന്നു വിളിക്കാവുന്ന രീതിയിലുള്ള ഒന്നാണ് പാടം പൂജയുമായി ബന്ധപ്പെട്ടു കൊണ്ട് അത് സംഘടിപ്പിക്കുന്ന കുടുംബങ്ങളിലെ ആളുകളുടെ മുഴുവൻ പങ്കാളിത്തവും.[2]

പാടം പൂജയിൽ ഏതാണ്ട് പതിനഞ്ചോളം കുടുംബങ്ങളിലെ അംഗങ്ങളാണ് ഉണ്ടായിരുന്നത്. ഇവരെല്ലാം തന്നെ അവരുടെ വീടുകളിൽ

തന്നെ ഉണ്ടായ കാർഷിക വിഭവങ്ങൾ നെല്ല്, തേങ്ങ, പഴം എന്നു തുടങ്ങി ഭക്ഷണത്തിന് ഉപയോഗിക്കുന്നതും പൂജക്ക് ആവശ്യമായ മറ്റു പല കാര്യങ്ങളും വീടുകളിൽ നിന്നുതന്നെ വിളവെടുത്ത് എത്തിക്കുന്നതാണ്. പാടം പൂജയിലെ പ്രധാന നിവേദ്യം തയ്യാറാക്കുന്നതാണ് സാമൂഹ്യ സംഘാടനത്തിലെ ഏറ്റവും നിർണായകമായ കാര്യം. തളിക എന്ന് വിളിക്കുന്ന, വെളിച്ചെണ്ണയിൽ പൊരിച്ചെടുക്കുന്ന നിവേദ്യമാണ് ഈ പൂജയുടെ ഏറ്റവും പ്രധാനമായ ഘടകം. ഈ നിവേദ്യം താലത്തിൽ അടുക്കി നിറച്ചുവെച്ച തിരി കത്തിച്ചതിനുശേഷം പങ്കെടുക്കുന്ന എല്ലാവരും തന്നെ പ്രധാന പൂജാരിയുടെ നേതൃത്വത്തിൽ നേരം വെളുക്കുമ്പോൾ സൂര്യനെ കാണിക്കുകയും രാത്രിയിൽ ചന്ദ്രനെ കാണിക്കുകയും ചെയ്യുന്ന ചടങ്ങാണ് ഇതിൽ ഏറ്റവും പ്രധാനമായത്. തളിക ഉണ്ടാക്കുന്നത് പാടത്തു നിന്ന് കൊയ്ത നെല്ല് ഉരലിൽ കുത്തിയ പുന്നെല്ല് പൊടിച്ച് വറുത്ത് അതിലേക്ക് അവരവരുടെ പറമ്പുകളിൽ തന്നെ ഉണ്ടായ പലതരം വാഴപ്പഴങ്ങൾ ഇടിച്ചു ചേർത്ത് കൽക്കണ്ടം, ഉണക്കമുന്തിരി തുടങ്ങിയ ചില ചേരുവകൾ ചേർത്ത് എണ്ണയിൽ വറുത്തെടുക്കുന്ന രീതിയാണ്. വറത്തെടുക്കാനുള്ള എണ്ണ, തേങ്ങാപ്പാൽ തിളപ്പിച്ച് പറ്റിച്ച് തയ്യാർ ചെയ്യുന്ന പുതിയ വെളിച്ചെണ്ണ ആണ്. പൂജയ്ക്ക് ഉപയോഗിക്കുന്ന സാധനങ്ങൾ ഒന്നും തന്നെ ചന്തയിൽ നിന്ന് വാങ്ങാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട് ഒരുപക്ഷേ കോൽതിരിയിൽ ചുറ്റുന്ന തുണി, സാമ്പ്രാണിത്തിരി താമരപ്പൂവ് എന്നിങ്ങനെ വളരെ ചുരുക്കം കാര്യങ്ങൾ മാത്രമേ തളിക ഉണ്ടാക്കാനും പൂജ കാര്യങ്ങൾ നിർവഹിക്കാനും ആയി പുറത്തുനിന്ന് എടുക്കുന്നത്.

തളിക തയ്യാറാക്കുന്നതിനുള്ളിലെ രണ്ട് പ്രധാന കാര്യങ്ങളാണ്. ഒരുപക്ഷേ പാടംപൂജയുടെ സാമൂഹികതയിലെ നിർണായകമായ അംശങ്ങൾ കാർഷിക സമൂഹത്തിലെ അയൽപക്കങ്ങൾ ആയി തന്നെ നിലനിൽക്കുന്ന അനേകം കുടുംബങ്ങളെ ക്രിയാത്മകമായ, ശ്രമകരമായ ഒരു കാര്യത്തിന്റെ പശ്ചാത്തലത്തിൽ ഒരുമിപ്പിക്കുന്ന നിരന്തരമായ ഒരു പ്രക്രിയയാണ് പാടംപൂജ എന്നതിൽ സംശയമില്ല. പാടം പൂജ പോലെയുള്ള ചടങ്ങുകൾ തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലെ നെൽകൃഷിയുമായി ബന്ധപ്പെട്ട സാമൂഹ്യജീവിതത്തിൽ ഉണ്ടായിരുന്നു എന്നത് ഡോക്ടർ ജവഹർലാൽ ഹണ്ടു ഈ ലേഖകനോടുള്ള സ്വകാര്യ സംഭാഷണത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. സാമൂഹ്യ സംഘാടനത്തിന്റെ ഈ അപൂർവമായ വേദി, കാർഷിക ജീവിതത്തിന്റെ താളം നിലനിർത്തുവാനും ഒരുമയിൽ അധിഷ്ഠിതമായ സമാധാനപരമായ ജീവിതം തുടർന്നു പോകുന്നതിനെ സഹായിക്കുവാനുള്ള സാമൂഹ്യ ഉപാധിയായി മനസ്സിലാക്കാവുന്നതേയുള്ളൂ.

ഇത് ഒരുപക്ഷേ കാർഷിക പ്രവൃത്തികളുടെ സംഘാടനം വളരെ വ്യത്യസ്തമായി നടക്കുന്ന നമ്മുടെ കാലഘട്ടത്തിൽ ഏറെ കൗതുകമുണർത്തുന്ന ചോദ്യങ്ങൾ ഉയർത്തുന്ന ഒരു വസ്തുതയാണ്. കാർഷിക രീതികൾ വളരെ വ്യത്യസ്തമാവുകയും പരസ്പരം ആശ്രയിക്കുന്ന തരത്തിൽ ഏകോപിപ്പിക്കപെടുന്ന കാർഷിക ജീവിതത്തിന്റെ സ്വഭാവങ്ങൾ മാറി വ്യക്തികൾക്ക് സ്വതന്ത്രമായ രീതിയിൽ വേലയും കാർഷിക പ്രവർത്തനങ്ങളും നടത്തുവാൻ പറ്റുന്ന രീതിയിൽ പുതിയ കാലം പുരോഗമിച്ചിട്ടും സാമൂഹ്യ ബന്ധിതമായ, പരമാവധി സാമൂഹിക പങ്കാളിത്തത്തോടെയുള്ള നന്ദി പറയൽ ഭൂമിയോട് നടത്തുന്ന ജനതയുടെ സാംസ്കാരികത അവരുടെ തന്നെ സാധാരണ ആരാധന രീതികളുമായി വളരെ വ്യത്യസ്തമാണ്. ആചാര പരിപാടികളിൽ സ്വയം സമർപ്പിക്കുന്ന ആളുകളുടെ മാനസികനിലയിലും ഒരേ മനസ്സായ നിരന്തര ക്രിയാത്മക സാന്നിദ്ധ്യത്തിലും ഊന്നി ഇത്തരമൊരു ചടങ്ങിലെ സാമൂഹ്യനിർമ്മിതിയെ പറ്റി അന്വേഷിക്കുന്ന പഠിതാക്കൾക്ക് പറയുക സാദ്ധ്യമാണോ? ഇതുപോലെ ഒരു ചോദ്യമാണ് ആചാരാനുഷ്ഠാനങ്ങളെ പറ്റി പഠിക്കുവാനുള്ള, പാടംപൂജ നടക്കുന്ന സ്ഥലത്തെ സാംസ്കാരികതയുമായി ദൈവശാസ്ത്ര വിവരണങ്ങളും ആയും ബന്ധമില്ലാത്ത ഒരാളുടെ കണ്ണിൽ കൂടി കാര്യങ്ങളെ തിരിച്ചറിയാൻ ശ്രമിക്കുക എന്നു പറയുന്നതും ഒരുപക്ഷേ പാടംപൂജയിൽ അതിന്റെ അനുഷ്ഠാന ഗൗരവത്തോടുകൂടി പങ്കെടുക്കുന്ന ഒരാൾ ലേഖകന്റെ മാനസിക നിലയെ സൂചിപ്പിച്ച് തന്റെ രീതിയിൽ സംഭവങ്ങൾ ക്രമത്തിൽ വ്യാഖ്യാനിക്കുന്നതിലൂടെ സാമൂഹികത എങ്ങനെ പാടംപൂജയുടെ പരിസരത്തിൽ സൃഷ്ടിക്കപ്പെടുന്നു എന്ന ബോധം ഉണ്ടാവാൻ എളുപ്പമാണ്.

ഒരു ജനസമൂഹം മുഴുവൻ മൂന്നു ദിവസത്തോളം ഒരുമിച്ചു നിൽക്കുന്നു എന്നുള്ളതിന്റെ പ്രാധാന്യം, അതിന്റെ നിരന്തരമായി ആവർത്തിക്കപ്പെട്ടു കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ കൂടി വേണം കാണാൻ. അങ്ങനെ നോക്കുമ്പോൾ ഒരു പക്ഷെ നൂറുകണക്കിന് കൊല്ലങ്ങളുടെ പഴക്കമുള്ള ഈ ആചാരം കാലികമായ മാറ്റങ്ങളോടെ സാമൂഹ്യ സംഘാടനത്തിന് ഉതകുന്ന രീതിയിൽ എല്ലാ മനുഷ്യരുടെയും പങ്കാളിത്തത്തെ രണ്ടു ദിവസമെങ്കിലും ഉറപ്പിച്ചു നിൽക്കുന്നു എന്നുള്ളതാണ് നിർണ്ണായകമായ വസ്തുത. അധ്വാനം, കാർഷികസാമഗ്രികൾ, ഭക്ഷണം, പലിശരഹിത വായ്പ എന്നിവ കൈമാറ്റം ചെയ്യുന്ന പഴയ സഹകരണ രീതിയിൽനിന്ന് മാറി അവനവന്റെ മാത്രം പാടം നോക്കി നടത്തുന്ന രീതിയിലേക്കുള്ള മാറ്റമാണ് ഉദ്ദേശിക്കുന്നത്. സാമ്പ്രദായിക കൃഷിരീതികളുടെ സമയത്തും ആധുനിക മുതലാളിത്ത രീതിയിലുള്ള കൃഷിരീതിയുടെ സമയത്തും

ഈ ആചാരതുടർച്ച നിലനിന്നു എന്നത് ഗൗരവമായ ഒരു കാര്യമാണ്. ചടങ്ങുകളിലെ സാമൂഹ്യ വശം, വിശേഷിച്ചും ഇത്തരം സമയത്തുടർച്ച യുടെ ആന്തരിക-ബാഹ്യ നിർമ്മിതികൾ അറിഞ്ഞുകൊണ്ട് ആവാം. സാമൂഹ്യ അന്വേഷണം സാംസ്കാരിക വിനിമയ പഠനബന്ധിതമായി ചെയ്യേണ്ട കാര്യമാണ്. ഒരു ദൈവബന്ധിത വശം കൂടി പാടംപൂജയിൽ കൂട്ടി ചേർത്തിട്ടുണ്ട്. ഏറ്റവും അഗ്രഗണ്യനായ ശിവൻ എന്ന ദൈവത്തിന് തെങ്ങിൻകള്ള് വളരെ ഇഷ്ടമായിരുന്നു. ശിവൻ അത് ഒരു പാത്രം തനിക്ക് ഏൽപ്പിക്കുവാൻ വേണ്ടി ഒരു ചെത്തുകാരനോട് പറയുകയും അയാളത് ഒരു ബ്രാഹ്മണൻ വഴി ശിവന് എത്തിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ രഹസ്യമായി കള്ളിന്റെ രുചി മനസ്സിലാക്കി അത് ഇഷ്ടപ്പെട്ട ബ്രാഹ്മണൻ തനിക്ക് ആവശ്യമുള്ളത്ര കുടിച്ചതിനുശേഷം അത്രയും തന്നെ വെള്ളം ചേർത്ത് ശിവന് കൊടുക്കുന്നതായി മനസ്സിലാക്കിയ ചെത്തുകാരൻ അരിശം മൂത്ത് ആ ബ്രാഹ്മണനെ കൊന്ന കളയുന്നതാണ് കഥ. ബ്രാഹ്മണനെ കൊന്നാൽ ഉണ്ടാവുന്ന ബ്രഹ്മഹത്യാപാപത്തിന്റെ പ്രായശ്ചിത്തമായി പ്രസാദമായ തളിക നിർമ്മിക്കുവാനുള്ള കൂട്ടിൽ അതിരാവിലെ ചെത്തി എടുക്കുന്ന ഇളം കള്ള് (മധു) ചേർക്കുന്ന പതിവുമുണ്ട്, അങ്ങനെ നേരത്തെ സൂചിപ്പിച്ച സാമൂഹ്യ സംഘാടനത്തിന്റെ തുടർച്ച, അതത് കാർഷിക സമൂഹത്തിലെ വ്യക്തികളും കുടുംബങ്ങളും തമ്മിലുള്ള ഐക്യം നിലനിർത്തുവാനുള്ള വസ്തുവായി തുടരുന്നത് പോലെ തന്നെ ബ്രഹ്മഹത്യാപാപവും അതിന്റെ ഓർമ്മപ്പെടുത്തലിന്റെ ആവർത്തനവും ഈ കൂട്ടം ചേരൽ സമയത്ത് ആവർത്തിക്കപ്പെടുന്നു എന്നുള്ളതും നിർണായകമായ ഒരു കാര്യമാണ്. ബ്രഹ്മഹത്യാ പാപവുമായി ബന്ധപ്പെട്ടുകൊണ്ട് പൂജാവിധികൾക്കുള്ളിൽ കേവലം ക്ഷേത്രപ്രവേശനമോ ആരാധനാ സ്വാതന്ത്ര്യ അവകാശമോ ഇല്ലാതിരുന്ന ജനങ്ങൾക്ക്[3] ബ്രഹ്മഹത്യയുമായി ബന്ധപ്പെട്ട ഒരു പുരാതന ബന്ധം ആരോപിക്കുകയും അതുപോലെ അതിന്റെ പാപത്തിൽ നിന്നും മുക്തി നേടുവാനും ഉള്ള നിരന്തരമായ ശ്രമങ്ങൾ നടത്തുന്നത് വഴി ബ്രഹ്മഹത്യാപാപം എന്ന് ആവർത്തിക്കൽ സമൂഹത്തിൽ സംഭവിക്കുന്നു എന്ന് അനുമാനിക്കാവുന്നതാണ് ഉള്ളൂ.

നേരത്തേ സൂചിപ്പിച്ച സമയത്തുടർച്ച എന്ന സങ്കല്പത്തിൽ, പരിവർത്തന നിരതമായ സാമാന്യ നേരം (പല രീതിയിലുള്ള സാമൂഹ്യ ആചാരങ്ങളും ഉപേക്ഷിക്കപ്പെടുന്ന സാമൂഹ്യ സമയത്തിന്റെ നേർരേഖാ പുരോഗമനം) എന്ന അനുഭവത്തിന് ഇടർച്ച സംഭവിക്കുന്നതായി അനുമാനിക്കാം. അതാ യത് ബ്രഹ്മഹത്യാ പാപമെന്ന സങ്കല്പം ഏതോ സമയത്ത് പാടംപൂജ യോട് കൂടിച്ചേർന്നതോ അല്ലെങ്കിൽ ആരംഭം മുതൽ അതിന്റെ ഭാഗം ആയിരുന്നതോ ആണ്.

## ഗ്രന്ഥസൂചി

1. Kalia, Kuldip. 'Culture as reflected in festivals and fairs' Som Deb and B. Sinha, *Encyclopaedia of Fairs and Festivals,* Raj Publications, Delhi.
2. T. B. Pohath Kehelpannala (1896), Ceremonies Observed by the Kandyans in Paddy Cultivation *The Journal of the Anthropological Institute of Great Britain and Ireland* , Vol. 25, pp. 104-111

**Malayalam**

1. Ajith Venniyoor (1993) Prakruthi, Krishi, Arivum Anubhavavum ( Nature, Agriculture, Knowledge and Experience) Kerala Gandhi Smaraka Nidhi, Tiruvanthapuram
2. Kurien, P.J. (1983) (Eli Niyantranam (Rat Control) Kerala Bhasha Institute, Tiruvanthapuram
3. Gopalakrishnan Naduvattam (2003) Kerala Charitra Dharakal, Maluban Publications, Trisoor
4. Palavesan, R, (2003) Kalappayum Karshakanum, Kamban Foundation for Oriental Studies, Tiruvanathapuram
5. Raghavan Payyanad (2001) Folklore,-, Kerala Bhasha Institute.
6. Payyanadu, Raghavan Purushotama Chon (1993) Nararude Aadi Maathavu Pulayi Cherumi Eezhavarudeyum (Pulayi the Ancestral Mother of Nayar, Cherumi of the Eezhavas), Akshra, Trisoor
7. Sankaran Nair, V (2008) Nellum Samskrithiyum, Kerala Bhasha Instituite, Tiruvanthapuram Sreekumar.

# മുതുവാൻ ജനതയുടെ കാർക്ഷിക പൈതൃകം: ഒരു നരവംശശാസ്ത്ര വിശകലനം

ഡോ. കെ.എസ്. പ്രദീപ് കുമാർ

കേരളത്തിന്റെ കിഴക്കൻ അതിരായ പശ്ചിമഘട്ട മലനിരകളിലെ വനപ്രദേശത്തോ, വനപ്രദേശത്തിനു സമീപത്തോ ഏറെക്കുറെ മറ്റു ജനവിഭാഗങ്ങളിൽ നിന്നും ഒറ്റപ്പെട്ട് / ഒറ്റപ്പെടുത്തി ജീവിക്കുന്ന സംസ്ഥാനത്തിലെ ബഹുഭൂരിപക്ഷം ഗോത്ര ജനതയും ദ്രവീഡിയൻ സിന്ധു നദീതട സംസ്ക്കാരത്തിന് മുൻപെ, ഉത്തരേന്ത്യയിലെ വിശാലമായ നദീതടങ്ങളിൽ ചരിത്രാതീതകാലം മുതൽ താമസിച്ചിരുന്നു എന്ന് അനുമാനിക്കാവുന്ന, ഇന്ത്യയിലെ പ്രീ-ദ്രവീഡിയൻ തദ്ദേശീയജനതയുടെ ഇന്നത്തെ പ്രതിനിധികളാണ്.

കിഴങ്ങുകൾ, പഴങ്ങൾ തുടങ്ങിയ വനവിഭവങ്ങളുടെ ശേഖരണം; വേട്ടയാടൽ, പുനം കൃഷി എന്നിവയിലൂടെയുള്ള ഭക്ഷണ സമ്പാദനം; മുള, തടി, മരക്കമ്പുകൾ, പുല്ല്, മണ്ണ്, കല്ലുകൾ തുടങ്ങി വാസസ്ഥലത്ത് ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ചുള്ള വസതി നിർമ്മാണം; രക്തബന്ധകുലത്തെ അടിസ്ഥാനമാക്കിയുള്ള സാമൂഹിക വിഭജനം; പ്രകൃതി പ്രതിഭാസങ്ങളെയും പൂർവ്വികരെയും അടിസ്ഥാനമാക്കിയുള്ള ആരാധന സമ്പ്രദായങ്ങൾ തുടങ്ങി നരജീവിതത്തിന്റെ സമസ്ത തലങ്ങളിലും വേറിട്ട സ്വാശ്രയ ജീവിതം നയിച്ചിരുന്നവരായിരുന്നു ഗോത്ര ജന സമൂഹങ്ങൾ. ജനസംഖ്യാ വർദ്ധനവ് മൂലമോ അല്ലാതെയോ വിഭവങ്ങളുടെ ദൗർലഭ്യം അനുഭവപ്പെടുമ്പോൾ ഒരു കുലത്തിലെയോ അല്ലെങ്കിൽ ഒന്നിലധികം കുലങ്ങളിലെയോ അളുകൾ മറ്റൊരു സ്ഥലത്തേക്ക് മാറുകയും പുതിയൊരു വാസസ്ഥലം ഉടലെടുക്കുകയും ചെയ്യും. കൃഷി, വസതി നിർമ്മാണം, വനവിഭവ ശേഖരണം തുടങ്ങിയ പ്രവൃത്തികളെല്ലാം ഒത്തുചേർന്നാണ് ചെയ്തിരുന്നത്. സ്ത്രീ പുരുഷ വ്യത്യാസം അനുസരിച്ച്

ജോലികളിലെ നേരിയ വേർതിരിവ് ഒഴിച്ചാൽ തൊഴിൽ പരമോ സാമ്പത്തികമോ ആയ വിഭജനങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ല. തലമുറകളായി ഒരു ഊരിലെ/കുടിയിലെ/സങ്കേതത്തിലെ എല്ലാവരും ഒന്നിച്ച് ഒരിടത്താണ് താമസിക്കുക.

വാസസ്ഥലത്തിനോട്, താമസിക്കുന്ന ചുറ്റുപാടുകളോട് വൈകാരിക ബന്ധം പുലർത്തുന്നവരാണ് ഗോത്രജനത. ആ ഒരു വൈകാരികത തലമുറകളായുള്ള അവരുടെ ജീവിതചര്യയുടെ ഭാഗമായിട്ട് ഉടലെടുത്തതാവാം. പരസ്പരം വേർതിരിക്കുവാനാവാത്ത പാരസ്പര്യം ഒന്ന് മറ്റൊന്നിനോട് ഇഴചേർന്നു നിൽക്കുന്ന ജൈവികത, അതായിരുന്നു ഗോത്രജനതയുടെ മുഖമുദ്ര. പ്രകൃതിയുടെ ഭിന്നഭാവങ്ങളിൽ തങ്ങളുടെ ജീവിതത്തിന്റെ ഗതിവിഗതികളെ നിശ്ചയിക്കുന്ന അമാനുഷികതയും അവർ ദർശിച്ചു. ജനനം, പ്രായപൂർത്തിയാകൽ, വിവാഹം, മരണം തുടങ്ങിയ ജീവിത വഴികളെയും കൃഷി, ഉത്സവങ്ങൾ തുടങ്ങിയ വാർഷിക സാമൂഹിക പ്രവൃത്തികളെയും അടയാളപ്പെടുത്തുന്നതിനും കൂട്ടായ്മയുടെ ഭാഗമാക്കുന്നതിനുമായി എല്ലാവരും ഒത്തുചേർന്ന് വാദ്യോപകരണങ്ങളുടെ നിമ്നോന്നതങ്ങൾക്കനുസൃതമായി പാട്ടിലും നൃത്തത്തിലും മുഴുകും. ഇത്തരത്തിൽ കാട്ടരുവിയുടെ താളാത്മകതയോടെ മരങ്ങൾ തളിർക്കുന്നതും ചെടികൾ പൂക്കുന്നതും പുഴ കരകവിയുന്നതും മുളകൾ പുഷ്പിക്കുന്നതും കാലഗണനയായെണ്ണി ഉയർന്ന സംഘബോധത്തോടെ സ്വാഭിമാനത്തോടെ ആകുലതകളൊഴിഞ്ഞതായിരുന്നു ഗോത്ര ജീവിതം. വേറിട്ട ഭാഷ, ഭക്ഷണ ശീലങ്ങൾ, വസ്ത്ര ധാരണ ശൈലി, മെയ്യലങ്കാരങ്ങൾ, വാമൊഴി സാഹിത്യം, താളാത്മകത എന്നിവയിലൂടെ ഓരോ ഗോത്ര ജനതയും ആധുനികതയുടെ ഏകാത്മകതാ വീക്ഷണത്തെ ഉല്ലംഘിക്കുന്ന ബഹുസ്വരതയുടെ ആഘോഷങ്ങളാകുന്നു.

പാരമ്പര്യ കാർക്ഷിക വൃത്തിയോടുള്ള കാഴ്ച്ചപാട് പല ഗോത്ര സമുദായങ്ങളിലും സങ്കേതങ്ങളിലും വിഭിന്നങ്ങളായ തലങ്ങളിലാണ് നിലനിൽക്കുന്നത്. ഇടുക്കി ജില്ലയിലെ മറയൂർ, മൂന്നാർ, അടിമാലി, മാങ്കുളം തുടങ്ങിയ പ്രദേശങ്ങളിലും എറണാകുളം ജില്ലയിലെ കുട്ടംപ്പുഴ പ്രദേശത്തും അതിനോട് ചേർന്നുള്ള തൃശ്ശൂർ ജില്ലയുടെ ഭാഗങ്ങളിലും അധിവസിക്കുന്ന പട്ടികവർഗ്ഗ മുതുവാൻ സമുദായത്തിന്റെ പാരമ്പര്യ കൃഷിരീതികളും അവയോടുള്ള മാറിവരുന്ന കാഴ്ച്ചപ്പാടും വിശകലനം ചെയ്യുന്നതിലൂടെ പാരമ്പര്യ ജീവിത രീതികളോട് പൊതുവിൽ ഗോത്ര സമൂഹങ്ങളിൽ മാറിവരുന്ന മനോഭാവം ചർച്ച ചെയ്യുവാനുള്ള ശ്രമമാണ് പ്രബന്ധതിന്റെ ഉള്ളടക്കം.

**മുതുവാൻ ജനത**

പ്രധാനമായും 100 കുടികളിലായി/സങ്കേതങ്ങളിലായി ജീവിക്കുന്ന മുതുവാൻ സമുദായത്തിന്റെ ആകെ ജനസംഖ്യ 12305 ആണ്. ഇതിൽ 6273 പേർ പുരുഷന്മാരും 6032 ആളുകൾ സ്ത്രീകളുമാണ്[2]. വനംപരിസ്ഥിതിയോട് ചേർന്നോ, വനാന്തർഭാഗത്തോ ആയിട്ടാണ് ഈ സമുദായക്കാരുടെ ഒട്ടുമിക്ക കുടികളും സ്ഥിതിചെയ്യുന്നത്. ഭക്ഷ്യ ആവശ്യത്തിനായി വളരെ കുറച്ചു മാത്രമെ കമ്പോളങ്ങളെ ആശ്രയിച്ചിരുന്നുള്ളൂ, പ്രത്യേകിച്ചും ഇടമലക്കുടി[3], മറയൂർ, കാന്തല്ലൂർ, വട്ടവട എന്നീ പഞ്ചായത്തുകളിലെ കുടികളിൽ അധിവസിക്കുന്നവർ. അവിടങ്ങളിൽ കൃഷിയെയും ചുറ്റുപാടുമുള്ള വനപ്രദേശങ്ങളെയുമാണ് ഉപജീവനത്തിനായി പ്രധാനമായും ആശ്രയിക്കുന്നത്.

**വെള്ളക്കൽ കുടി**

മറയൂർ ഗ്രാമ പഞ്ചായത്തിനോട് ചേർന്നുള്ള ചിന്നാർ വനാന്തർഭാഗത്ത് സ്ഥിതിചെയ്യുന്ന വെള്ളക്കൽകുടി മറയൂർ ടൗണിൽ നിന്നും ഉദ്ദേശ്യം 20 കിലോമീറ്റർ അകലെയാണ്. അതിൽ 19 കിലോമീറ്ററും വനപ്രദേശമാണ്. കുടിയിലേക്ക് റോഡുണ്ട്. എന്നാൽ അതിന്റെ ടാർ ചെയ്ത ഏതാണ്ട് ഒരു കിലോമീറ്റർ ഭാഗം മാത്രമെ ഗതാഗത യോഗ്യമായിട്ടുള്ളൂ. അതുകൊണ്ടുതന്നെ വലിയ പാറകല്ലുകളും കുത്തനെയുള്ള കയറ്റങ്ങളും ചെങ്കുത്തായ ഇറക്കങ്ങളുമുള്ള മണ്ണ് റോഡിലൂടെ വാഹനത്തിൽ പോവുക അതീവ ദുഷ്കരമാണ്. സമുദ്രനിരപ്പിൽ നിന്നും 1500 അടിയോളം ഉയരമുള്ള ഒരു കുന്നിൻ ചെരുവിലാണ് കുടി സ്ഥിതിചെയ്യുന്നത്. വന്യജീവി സങ്കേതത്തിന്റെ ഉള്ളിൽ സ്ഥിതിചെയ്യുന്നതിനാൽ മറ്റാളുകൾക്ക് കുടിയിലേക്ക് പ്രവേശിക്കുവാൻ കഴിയുകയില്ല. അതുകൊണ്ടുതന്നെ ഭൂമിശാസ്ത്രപരവും സാമൂഹികവുമായ ഒറ്റപ്പെടലിലാണ് കുടി സ്ഥിതി ചെയ്യുന്നത്.

ഒരു കുടുംബത്തിന്റെ പക്കൽ ഉദ്ദേശ്യം 50–100 ഏക്കർ സ്ഥലം ഉണ്ടാവും. ആരുടെയും സ്ഥലം കൃത്യമായി അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. ഇത്ര ഏക്കർ ഇത്ര സെന്റ് എന്നൊന്നും കണിശമായി പറയുവാൻ കഴിയില്ല. കുന്നിന്റെ ഒരു ചെരിവ് ഒരു കുടംബത്തിന് എന്നൊക്കെയെ പറയുവാൻ സാധിക്കൂ. അത്രയും സ്ഥലം ഉണ്ടെങ്കിൽ മാത്രമെ ഒരു കുടുംബത്തിന് അവരുടെ പാരമ്പര്യ വിരിപ്പ്കൃഷി[4] ചെയ്യുവാൻ സാധിക്കുകയുള്ളൂ. ചുറ്റുമുള്ള വനപ്രദേശത്തുനിന്നും വ്യത്യസ്തമായി പുൽമേടുപോലെ തോന്നിക്കുന്നവയും ചെറിയ മരങ്ങൾ മാത്രമുള്ളതുമായ സ്ഥലങ്ങളായിരിക്കും കുടിക്കാരുടെ പാരമ്പര്യ കൃഷിയിടങ്ങൾ.

**പാരമ്പര്യ കൃഷി**

റാഗി (കേപ്പ), ചോളം, മുതിര, തൊവര, മധുരക്കിഴങ്ങ്, ബീൻസ്, ചീനി വാള, തൊപ്പി, മൊച്ച, തിന, വറഗ്, ചാമഅരി, മരത്തക്കാളി, വെങ്കായം (ചുവന്നുള്ളി), മധുരക്കിഴങ്ങ്, തക്കാളി, തുടങ്ങിയവയാണ് പാരമ്പര്യമായി കൃഷി ചെയ്തുവരുന്ന പ്രധാന വിളകൾ. മലപ്പൂട്ട് എന്നത് സമുദായക്കാർ പാരമ്പര്യമായി കൃഷിചെയ്തുവരുന്ന ഒരു വെളുത്തുള്ളി ഇനമാണ്. അത് എത്രവർഷം വേണമെങ്കിലും സൂക്ഷിച്ചുവെയ്ക്കാം. എന്നാൽ ഇന്ന് ഈ ഇനത്തിന് സമുദായക്കാർക്കിടയിൽ പ്രചാരം കുറഞ്ഞു വന്നിരിക്കയാണ്. മഴയെ ആശ്രയിച്ചാണ് കൃഷി. അതിനാൽ വർഷത്തിൽ ഒറ്റ തവണയെ കൃഷി ചെയ്യാറുള്ളൂ. മറ്റ് ജലസേചന ഉപാധികൾ ഉപയോഗിക്കാറില്ല. മാർച്ച് - ഏപ്രിൽ മാസങ്ങളിൽ കാടുവെട്ടി തീയിടും, ജൂൺ - ജൂലൈയിൽ, മഴ തുടങ്ങുന്നതോടുകൂടി കൃഷി ആരംഭിക്കുകയും ചെയ്യും. രാസവളങ്ങൾ ഉപയോഗിക്കാറില്ല. തീയിട്ടുണ്ടാവുന്ന കരിയും ചാരവുമാണ് വളം. ഒരിക്കൽ കൃഷിചെയ്തിടത്ത് ഏഴ് വർഷത്തിനു ശേഷം മാത്രമെ വീണ്ടും കൃഷി ചെയ്യാറുള്ളൂ.

ആന, കാട്ടുപോത്ത് എന്നിവയാണ് വ്യാപകമായ തോതിൽ കൃഷി നശിപ്പിക്കുന്ന വന്യ മൃഗങ്ങൾ. ചെറിയ മൃഗങ്ങളിൽ നിന്നും വിളകളെ സംരക്ഷിക്കുന്നതിനായി മുള, സാരി എന്നിവകൊണ്ട് വേലി കെട്ടാറുണ്ട്. ഇരുട്ടു പരക്കുന്നതോടെയാണ് ആന, കാടുപോത്ത് തുടങ്ങിയ വന്യമൃഗങ്ങളുടെ ശല്യം തുടങ്ങുക. അതുകൊണ്ട് വൈകുന്നേരം 5 മണി ആകുമ്പോഴേക്ക് പുറത്തുപോയിട്ടുള്ളവർ കുടികളിൽ തിരിച്ചെത്തും. രാത്രി സമയങ്ങളിൽ സാധാരണ ഗതിയിൽ ആരുംതന്നെ പുറത്തിറങ്ങാറില്ല. വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷിക്കുന്നതിന് കൃഷിയിടങ്ങളിൽ കാവൽവീടുകൾ/കല്ലളകൾ എന്നിവ നിർമ്മിക്കും. കുന്നിൻ ചെരുവിൽ മുളകൊണ്ടുള്ള തട്ടും മേൽക്കൂരയും അടങ്ങുന്നതാണ് കാവൽവീട്. വലിയ പാറകളുടെ വിടവുകൾ മുളകൊണ്ട് മറച്ചുള്ള കല്ലളകളും കാവലിനായി നിർമ്മിക്കാറുണ്ട്. ബാറ്ററി ടോർച്ച് അടിച്ചും ശബ്ദമുണ്ടാക്കിയുമാണ് വന്യമൃഗങ്ങളെ കൃഷിസ്ഥലത്തുനിന്നും അകറ്റുന്നത്.

പാരംമ്പര്യമായി ഭക്ഷ്യവിളകൾ മാത്രമാണ് മുതുവാൻ സമുദായക്കാർ കൃഷിചെയ്യുന്നത്. കൃഷിചെയ്തുണ്ടാക്കുന്ന വിഭവങ്ങൾ കുടുംബത്തിന്റെയും കുടിയിലെ മറ്റാളുകളുടെയും ഭക്ഷ്യആവശ്യം നിറവേറ്റുന്നതിന് മാത്രമാണ് ഉപയോഗിക്കുന്നത്. പാരമ്പര്യമായി കൃഷിചെയ്തുവരുന്ന അധികമുള്ള ഭക്ഷ്യവിഭവങ്ങൾ കമ്പോളത്തിൽ കൊടുത്ത് മറ്റു സാധനങ്ങൾ വാങ്ങാം എന്ന ചിന്ത പൊതുവിൽ സമുദായംഗങ്ങളുടെ ഇടയിൽ ഇല്ല. അധികം ലഭിക്കുന്നത് ആവശ്യക്കാരന് നൽക്കും.

സാമൂഹിക നിയന്ത്രണ വ്യവസ്ഥയും ചട്ടങ്ങളുമെല്ലാം പാരമ്പര്യ കാർഷിക രീതിക്ക് അനുയോജ്യമാംവിധമാണ് രൂപപ്പെടുത്തിയിട്ടുള്ളത്. മുതുവാന്മാരുടെ ഇടയിലുള്ള സാവടി / സത്രം , സംവിധാനം കുടിയിലെ കൃഷിയുൾപ്പെടെയുള്ള എല്ലാവിധ ജോലികളും ഏറ്റെടുത്തു നടത്തുന്നതിന് ആവശ്യമായ സദാസന്നദ്ധരായ യുവാക്കളുടെ സംഘമെന്ന ഒരു സ്ഥിരം സംവിധാനവും കൂട്ടായ്മാബോധവും നൽകുന്നു. സാധാരണ ഗതിയിൽ ഒരു കുടിയിൽ കാണി, തലൈവർ എന്നിങ്ങനെയുള്ള പദവി വഹിക്കുന്നവർ ഉണ്ടാവും. അവർ രണ്ടാളുകളും കൂടിചേർന്നാണ് കൃഷി കാര്യങ്ങൾ തീരുമാനിക്കുന്നത്. കാർഷിക ജോലികൾ തുടങ്ങുന്നതിനു മുൻപും വിളകൾ ശേഖരിക്കുന്നതിന് മുന്നോടിയായും ചില ആചാരനുഷ്ഠാനങ്ങളും ചടങ്ങുകളും നടത്താറുണ്ട്. അത്തരം ആചാരനുഷ്ഠാനങ്ങൾ കൃഷിയിടവുമായും പ്രകൃതിയുമായുള്ള വൈകാരിക ബന്ധത്തെയും മണ്ണിനോടുള്ള ആദരവിനെയുമാണ് സൂചിപ്പിക്കുന്നത്. ആളുകളുടെ എണ്ണം കൂടി കൃഷി ചെയ്യുവാൻ സ്ഥലം കുറയുമ്പോൾ കുറെ ആളുകൾ വനത്തിന്റെ മറ്റൊരുവശത്തേക്ക് മാറി താമസിക്കുകയും പുതിയ ഒരു കുടി രൂപം കൊള്ളുകയും ചെയ്തിരുന്നു.

കൃഷിയിടത്തിനോട് ചേർന്ന് അടുത്തടുത്ത് വീടുകൾ വെച്ചാണ് ആളുകൾ താമസിക്കുന്നത്. മണ്ണ്, മരക്കമ്പുകൾ, പുല്ല് എന്നിവ ഉപയോഗിച്ചാണ് പരമ്പരാഗതമായി വീടുകൾ നിർമ്മിക്കുന്നത്. വീട് നിർമ്മിക്കുന്ന സ്ഥലം വൃത്തിയാക്കിയതിനുശേഷം ഭിത്തി വരേണ്ട കോണുകളിൽ ഉയരം കണക്കാക്കി മുറിച്ച മരക്കമ്പുകൾ കുഴിച്ചിടും. തുടർന്ന് അവയുടെ ഇരുവശങ്ങളിലും ഒരു ചാൺ അകലത്തിൽ, മരത്തൂണുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട്, സമാന്തരമായി മരക്കമ്പുകൾ ചേർത്തുകെട്ടും. പിന്നീട് ചെളി പരുവത്തിൽ കുഴച്ച മണ്ണ് മരക്കമ്പുകൾക്കും തൂണുകൾക്കുമിടയിലായുള്ള വിടവിൽ നിറയ്ക്കും. മരക്കമ്പുകൾ കൊണ്ട് നിർമ്മിക്കുന്ന മേൽക്കൂര പുല്ലുകൊണ്ടാണ് മേയുക. മണ്ണ് ചെളിരൂപത്തിൽ അടിച്ച് നിരപ്പാക്കിയാണ് വീടിന്റെ തറ നിർമ്മിക്കുന്നത്. പാത്രങ്ങൾ വെയ്ക്കുന്നതിന് അടുക്കളയിൽ മണ്ണ്കൊണ്ട് ഉയരത്തിൽ തറ നിർമ്മിക്കാറുമുണ്ട്. വിവിധ നിറങ്ങളിലുള്ള മണ്ണുകൾ ശേഖരിച്ച് തറയും ഭിത്തിയും മിനുസപ്പെടുത്തേണ്ട ജോലി സ്ത്രീകളാണ് ചെയ്യുക. ഭിത്തി മിനുസപ്പെടുത്തുന്നതിനോടൊപ്പം തന്നെ ഭംഗിയുള്ള രൂപങ്ങൾ ഭിത്തിയിൽ വരയ്ക്കുകയും ചെയ്യും. അത്തരം വരകളെ ക്യാൻവാസിലേക്ക് പകർത്തുന്നത് വർളി, ഗോണ്ട്, പ്ളിത്തോറ പോലുള്ള ലോക പ്രശസ്ത ഇന്ത്യൻ ഗോത്ര ചിത്രകലാ പാരമ്പര്യത്തിനോട് മുതുവാൻ മണ്ണെഴുത്തിനെ ഉയർത്തുന്നതിന് സഹായകമാവും. സമീപകാലത്തായി ആസ്ബറ്റോസ് ഷീറ്റുകളും തകരഷീറ്റുകളും മേൽക്കൂര മേയുന്നതിന് ചിലയാളുകൾ ഉപയോഗിക്കാറുണ്ട്.

ചുരുക്കത്തിൽ മുതുവാന്മാരെ സംബന്ധിച്ചേടത്തോളം  തന്റെ മണ്ണ് എന്നൊരു ചിന്ത ഉണ്ടായിരുന്നില്ല. എല്ലാ ഇടവും എല്ലാവർക്കുമായി ഉള്ളത്. മണ്ണിനെ സ്വകാര്യ സ്വത്തായിട്ടോ, ധന സമ്പാദനത്തിനുള്ള ഉപാധിയായിട്ടോ കണ്ടിരുന്നില്ല. ഈ ഒരു കാഴ്ച്ചപ്പാടിലധിഷ്ഠിതമാണ് മുതുവാൻ സമുദായക്കാരുടെയും കേരളത്തിലെ ഇതര ഗോത്ര സമൂഹങ്ങളുടെയും തലമുറകളായി നിലനിൽക്കുന്ന കാർക്ഷിക സങ്കൽപ്പം.

കാർക്ഷിക പൈതൃകം: പ്രസക്തി, സമീപകാല മാറ്റങ്ങൾ

വനാന്തർഭാഗത്തുള്ള ചുരുക്കം ചില കുടികളിലൊഴിച്ച് ഏതാണ്ടെല്ലാ കുടികളിലും കാർഷിക വിളകളിലും, കൃഷി രീതികളിലും മനോഭാവങ്ങളിലും മാറ്റം വന്നിട്ടുണ്ട്. ഏലം, കാപ്പി, പുൽതൈല പുല്ല്, എന്നിവയുടെ കൃഷി 30 കൊല്ലത്തോളമായി മറയൂർ ഭാഗത്തെ വനത്തിന്റെ പുറംഭാഗങ്ങളിലുള്ള മുതുവാൻ കുടികളിൽ തുടങ്ങിയിട്ടുണ്ട്. ഏലം ഉണക്കുന്നതിന് ടോറ്, പുൽതൈലം വാറ്റുന്നതിന് വാറ്റുപുര എന്നിവ നിർമ്മിച്ചിട്ടുണ്ട്. കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ഉരുളക്കിഴങ്ങ്, വെളുത്തുള്ളി എന്നിവയുടെ കൃഷി തുടങ്ങിയിട്ടുണ്ട്. എന്നാൽ  മറയൂർ പ്രദേശത്തെ കുടികളിലും ഇടമലക്കുടിയിലും അവ കാണപ്പെടുന്നില്ല. അവിടങ്ങളിൽകൃഷി ചെയ്യുന്ന ക്യാരറ്റ്, മറയൂരിലെ ചില കുടികളിൽ കാണപ്പെടുന്നുണ്ട്. ഇടമലക്കുടിയിലെ മുളകുതറ, കീഴ്പത്തം, നെൺമണൽക്കുടി എന്നിവിടങ്ങളിൽ റബ്ബർ, കവുങ്ങ്, കുരുമുളക്, തെങ്ങ് എന്നിവ വ്യാപകമായ തോതിൽ ആളുകൾ കൃഷിചെയ്ത് വരുന്നുണ്ട്. കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിലെ കുടികളിൽ ഗ്രാന്റീസ് കൃഷി ആരംഭിച്ചിട്ടുണ്ട്.

ഇത്തരത്തിൽ പാരമ്പര്യ ഭക്ഷ്യവിളകളിൽ നിന്നും വിപണന മൂല്യമുള്ള ഭക്ഷ്യവിളകളിലേക്കും തുടർന്ന് നാണ്യവിളകളിലേക്കും മുതുവാൻ സമുദായത്തിലെ ബഹുഭൂരിപക്ഷം സങ്കേതങ്ങളും പൂർണ്ണമായോ, ഭാഗികമായോ  മാറിയിട്ടുണ്ട്. മറയൂർ ഗ്രാമപഞ്ചായത്തിലെ വെള്ളക്കൽ, പുതുക്കുടി തുടങ്ങി വനാന്തർഭാഗത്തുള്ള ചുരുക്കം ചില കുടികളൊഴിച്ച് മുതുവാൻ സമുദായത്തിലെ ബഹുഭൂരിപക്ഷം സങ്കേതങ്ങളും പൂർണ്ണമായോ, ഭാഗികമായോ  മാറിയിട്ടുണ്ട്. ആ ഒരു വ്യതിചലനത്തിനുള്ള പ്രധാന കാരണം മറ്റുള്ളവരുമായുള്ള വർദ്ധിച്ച ഇടപഴകലിന്റെ ഫലമായി സംഭവിച്ച,  സാമുദായിക കൂട്ടായ്മയ്ക്കുപരിയായി വ്യക്തിയെയും കുടുംബത്തെയും അടിസ്ഥാനമാക്കിയുള്ള മാറിയ കാഴ്ച്ചപാടുകളും മനോഭാവങ്ങളുമാണ്. നാണ്യവിള കൃഷി വ്യാപകമായതോടുകൂടി കൂട്ടമായി കൃഷി ചെയ്തിരുന്ന പാരമ്പര്യ ഭക്ഷ്യവിള കൃഷിയോട് ആളുകൾക്ക് താല്പര്യമില്ലാതായി. ഓരോ കുടുംബവും അവർ പുനംകൃഷിചെയ്തിരുന്ന സ്ഥലത്ത് തൈലപുല്ല്, ഏലം, ഉരുളക്കിഴങ്ങ്, വെളുത്തുള്ളി, റബ്ബർ, കവുങ്ങ്, കുരുമുളക്, തുടങ്ങിയവ തന്നത്താൻ കൃഷിചെയ്യുവാൻ തുടങ്ങി.

മണ്ണ് എന്നത് വിളവ് നൽക്കുന്ന വിളവ് വർദ്ധിപ്പിക്കുന്ന, ധന സമ്പാദന ത്തിനുള്ള ഉപാധിയായി മാറ്റപ്പെട്ടു. ചിലർ കൈവശത്തിലുള്ള പുനംകൃ ഷിഭൂമിയിൽ തനിയെ കൃഷി ചെയ്യുവാൻ സാധിക്കാതെ വന്നപ്പോൾ മറ്റാവശ്യങ്ങൾക്കുള്ള ധനസമ്പാദനത്തിനായി സ്വസമുദായത്തിൽപ്പെട്ട വർക്കും അല്ലാത്തവർക്കുമായി കൃഷിഭൂമി വിറ്റു, മണ്ണ് വിൽപന ചരക്കാ യി. തലമുറകളായി മണ്ണിനോടുണ്ടായിരുന്ന വൈകാരികത നഷ്ടമായി. അത് സ്വകാര്യ സ്വത്തായും പണസമ്പാദനത്തിനുള്ള മാർക്ഷമായും മാറ്റ പ്പെട്ടു. പാരമ്പര്യ കാർഷിക പൈതൃകവും കൂട്ടായ്മയും ജീവിതചര്യയും തലമുറകളായി നിലനിന്നിരുന്ന കാർക്ഷിക സങ്കല്പവും കൈമോശം വന്നു.

നൂറ്റാണ്ടുകളായി, മുഖ്യധാരാസമൂഹത്തിൽ നിന്നുമകന്ന് ഒറ്റപ്പെട്ട പ്രദേശങ്ങളിലാണ് മുതുവാൻ സമുദായക്കാർ താമസിച്ചിരുന്നത്. മറ്റു സമു ദായത്തിൽപ്പെട്ടവരുമായി വളരെ കുറച്ച് ബന്ധം മാത്രമെ അവർക്കുണ്ടായിരുന്നുള്ളൂ. അവരുടെ ജീവിത ആവശ്യങ്ങൾ നിറവേറ്റു ന്നതിന് മറ്റാളുകളെ ആശ്രയിക്കേണ്ട ആവശ്യം മുൻപ് ഉണ്ടാവാറില്ല. മുതുവാൻ ജനതയുടെ സ്വയം പര്യാപ്തതയുടെ അടിസ്ഥാനം കാർഷിക പൈതൃകമാണ്. മുതുവാൻ സമുദായത്തിന്റെ പാരംമ്പര്യ ജീവിതരീതിയെ നിർണ്ണയിക്കുന്ന ചിന്താധാരയുടെയും മനോഭാവത്തിന്റെയും[5] ഭാഗമാണ് അവരുടെ മണ്ണ് സങ്കൽപവും കൂട്ടായ്മയും കാർഷിക പൈതൃകവും എല്ലാം. ഇതിൽ നിന്നും ഇതര ആളുകളെ നയിക്കുന്ന ചിന്താധാരകളിൽ നിന്നും ജീവിത വീക്ഷണങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഗോത്ര സമൂഹങ്ങളുടെ ജീവിതത്തെ നിർണ്ണയിക്കുന്ന കാഴ്ച്ചപ്പാടുകളും മനോഭാവങ്ങളും എന്നത് വ്യക്തമാണ്. അതിൽ കൂട്ടായ്മയ്ക്കും സമാ നതയ്ക്കും സമത്വത്തിനും പ്രകൃതിയോടും മണ്ണിനോടുമുള്ള പാരസ്പ ര്യത്തിനുമാണ് പരമ സ്ഥാനം.

മണ്ണ്, ജലം, വായു എന്നിവ മനുഷ്യന്റെയും മറ്റ് ജീവജാലങ്ങളുടെയും നിലനില്പിന് അത്യന്താപേക്ഷിതമാണ്. പട്ടണങ്ങളിലും അവയുടെ തുടർച്ചയായിട്ടുള്ള ഗ്രാമങ്ങളിലുമുള്ളവരിൽ ബഹുഭൂരിപക്ഷവും, നൂതന സാങ്കേതിക വിദ്യകളുടെ സഹായത്താൽ, പുഴകളും തോടുകളും കുള ങ്ങളും നീർത്തടങ്ങളും വയലുകളും കുന്നുകളും അവയിലുള്ള ജീവ ജാലങ്ങളുമെല്ലാം ഉൾപ്പെടുന്ന സ്വാഭാവിക പരിസ്ഥിതിയെ മലിനീകരി ച്ച്, അവയെ മറന്ന് ജീവിക്കുമ്പോൾ പാരമ്പര്യമായി മുതുവാൻ ഗോത്ര ജനത നാനാവിധത്തിലുള്ള സസ്യങ്ങളും അത്രതന്നെ വിവിധങ്ങളായ ജന്തുകളെയുംകൊണ്ട് സമ്പന്നമായ സ്വാഭാവിക പരിസ്ഥിതിയുടെ ഭാഗ മായി പ്രകൃതിയെ അറിഞ്ഞ് ജീവിക്കുന്നവരാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മറ്റാളുകൾ പ്രകൃതിയോട് ഗണിതാത്മകമായി സമീപിക്കു

മ്പോൾ ഗോത്ര സമൂഹങ്ങൾക്ക് പ്രകൃതിയുമായി ധ്യാനാത്മകമായ സഹവർത്തിത്വമാണ്[6] ഉള്ളതെന്ന് പറയാം.

പാരമ്പര്യമായി കൃഷിചെയ്തു വരുന്ന ഭക്ഷ്യവിളകൾ രാസവളമുപയോഗിച്ച് കൂടുതൽ വിളവുണ്ടാക്കി വിറ്റ് പണം സമ്പാദിക്കുകയും ചെയ്തിരുന്നില്ല. യതാർത്ഥത്തിൽ മുതുവാൻ ജനതയുടെ പുനം കൃഷിയിടങ്ങൾ പൂർണ്ണമായും ജൈവ കൃഷിയിടങ്ങളാണ്. എന്നാൽ മുതുവാന്മാരുടെ കൃഷിരീതികളെ ജൈവകൃഷിരീതിയായിട്ടോ ഭക്ഷ്യവിളകളെ ജൈവഭക്ഷ്യ ഇനങ്ങളായോ പരിഗണിക്കപ്പെടുന്നില്ല. പട്ടണങ്ങളിലെ ശീതികരിച്ച കടകളിലെ ആകർക്ഷകമായ കവറുകളിൽ ഉയർന്ന വിലയിൽ ജൈവ ഉൽപ്പന്നം എന്ന് പേരെഴുതി വയ്ക്കുന്നത് മാത്രമാണ് ആളുകൾക്ക് ജൈവം. എത്ര വിലകൊടുത്തുവേണമെങ്കിലും അവ വാങ്ങും. വില കൂടുംതോറും ഗുണം കൂടും എന്നാണ് വിശ്വാസം. മോടിയേറിയ വസ്ത്രധാരണമോ, ആംഗലേയ വൽകൃത ഭാഷയോ, വാക്ചാതുര്യമോ ഒന്നും വശമില്ലാത്തതിനാൽ ഗോത്ര വർക്ഷക്കാരുടെ യതാർത്ഥ ജൈവ ഉൽപന്നങ്ങൾക്ക് അംഗീകാരവും ആവശ്യക്കാരുമില്ല.

ഗോത്ര ജനതയുടെ പാരമ്പര്യ കൃഷിയിടങ്ങളിൽ മാത്രമാണ് നൂതന ശാസ്ത്ര ഗവേഷണങ്ങൾക്കും മറ്റും ആവിശമായ വന്യ ഇനങ്ങൾ (Wild Varieties) ഇന്നും നിലനിൽക്കുന്നത്. കൃഷി ചെയ്തുണ്ടാക്കുന്ന വിളകളും, നാറ, കവല, വെണ്ണി തുടങ്ങിയ കിഴങ്ങുകളും പച്ചിലകറികൾ മുളയരി, പരണ്ടക്കായ എന്നിവയും മറ്റും ഉപയോഗപ്പെടുത്തികൊണ്ടുള്ള ഗോത്ര ജനസമൂഹങ്ങളുടെ അന്ന വഴക്കം അന്നജത്തിന് പുറമെ മാസ്യം, വൈറ്റമിനുകൾ, ലവണങ്ങൾ തുടങ്ങി എല്ലാ പോഷക ഘടകങ്ങളും കീടനാശിനി വിമുക്തമായി നൽകിയിരുന്നു. അവയെ പൂർണ്ണമായോ ഭാഗികമായോ നിരാകരിച്ചത് പ്രമേഹം, അമിത രക്തസമ്മർദ്ദം വരുത്തുന്ന രോഗങ്ങൾ തുടങ്ങിയ ജീവിത ശൈലീ രോഗങ്ങൾ ഉൾവനത്തിൽ ജീവിക്കുന്ന ചോലനായിക്കരിൽ വരെ ഇന്ന് പിടിപെടുന്നതിന് ഇടയാക്കിയിരിക്കുകയാണ്.

ഗോത്ര ജനതയുടെ പാരമ്പര്യ ഭക്ഷ്യ സമ്പാദന മാർഗ്ഗങ്ങൾ എല്ലാവർക്കും ഭക്ഷ്യലഭ്യതയും സാമൂഹിക സുരക്ഷിതത്വവും മെച്ചപ്പെട്ട ആരോഗ്യവും മറ്റു കാര്യങ്ങൾകൊപ്പം നൽകിയിരുന്നു. എന്നാൽ ഇന്ന് ആധുനികതയുടെ വരവോടെ മാറിയ സാമൂഹിക സ്ഥിതി മനുഷ്യ അദ്ധ്വാനത്തെ കുറച്ചാളുകളെ സമ്പന്നരും കുറെയാളുകളെ ദരിദ്രരും മദ്യപാനികളും ആക്കുന്ന സ്ഥിതിവിശേഷമാണിന്നുള്ളത്. മേൽ പ്രസ്താവിച്ച കാര്യങ്ങളിൽ നിന്നും ഇന്നത്തെ സാമൂഹിക ചുറ്റുപാടുകളിൽ പ്രസക്തമായ, എല്ലാ വിഭാഗം ജനങ്ങൾക്കും ഉപകാരപ്രദമായ, ധാരാളം നന്മകൾ ഗോത്ര ജനത തലമുറകളായി അനുവർത്തിച്ചു വരുന്ന ജീവിത വൃത്തി

യിൽ ഉണ്ട് എന്നത് വ്യക്തമാണ്. അവയെ നിലനിറുത്തികൊണ്ടു മാത്രമെ വികസന ത്തിന്റെ പേരിൽ ഗോത്ര ജനതയിലും അവരുടെ ജീവിത ചുറ്റുപാടുകളിലും മാറ്റങ്ങൾ വരുത്താവൂ. എന്നാൽ അത്തരമൊരു വിക സന സമീപനം സാധ്യമാവണമെങ്കിൽ ഗോത്ര സംസ്ക്കാരം, ഗോത്ര ജനതയുടെ ജീവിത വീക്ഷണം തുടങ്ങിയവയെ എല്ലാ വിഭാഗം ജന ങ്ങളും അംഗീകരിക്കുകയും അവയുടെ നന്മകളെ തിരിച്ചറിയുകയും ചെയ്യേണ്ടതുണ്ട്. അത്തരമൊരു മനോഭാഗം ഉണ്ടാവണമെങ്കിൽ അതിന് മുന്നോടിയായി ഗോത്ര ജനസമൂഹങ്ങളുടെ സാമൂഹിക-സാംസ്ക്കാരിക സവിശേഷതകളെ വിലകുറച്ചുകാണുന്ന നിലവിലെ ജ്ഞാന വ്യവസ്ഥയ്ക്കുപകരം പുതിയൊരു ജ്ഞാന വ്യവസ്ഥ ഉണ്ടാവേണ്ടത് ആവിശമാണ്.

**ഉപസംഹാരം**

ഗോത്ര ജനത സ്വയം തങ്ങളുടെ സാംസ്ക്കാരിക സവിശേഷതക ളിൽ അഭിമാനം ഉള്ളവരും ഗോത്ര സംസ്ക്കാരത്തിന്റെ ബഹുസ്വരത യെ മാനിക്കുവാനും ശുദ്ധവായുവും ശുദ്ധ ജലവും മലിനമാക്കാത്ത ഭക്ഷ്യവസ്തുക്കളും മനുഷ്യ ജീവിതത്തിന്റെ വൈവിധ്യവും കൂട്ടായ്മ യുടെ നന്മയും കരുതലും ചിലയിടങ്ങളിലെങ്കിലും (അവതിരിച്ചറിയുവാ നായെങ്കിലും) നിലനിറുത്തുന്നതിന് ഗോത്ര ജീവിതത്തിനുള്ള പ്രാധാന്യം തിരിച്ചറിയുവാൻ മറ്റാളുകൾ തയ്യാറാവുകയും ചെയ്താൽ മാത്രമെ ഗോത്ര ജനസമൂഹങ്ങൾക്കും സമൂഹത്തിന് പൊതുവിലും മെച്ചപ്പെട്ട ജീവിതവും സാമൂഹിക സുരക്ഷിതത്വവും നിലനിറുത്തുവാൻ സാധിക്ക യുള്ളൂ. അധികാരത്തിന്റെ സംസ്ക്കാരത്തിനെതിരായി സംസ്ക്കാര ത്തിന്റെ അധികാരം വിനിയോഗിക്കുക എന്ന് എഡ്വേഡ് സയ്യിദ് അഭി പ്രായപ്പെട്ടത് ഇന്നത്തെ സാമൂഹിക സാഹചര്യത്തിൽ വളരെ പ്രസക്ത മാണ്.

**സഹായക ഗ്രന്ഥങ്ങൾ**

പാലക്കീൽ, തോമസ്. 2014. അമേരിക്കൻ ഇന്ത്യക്കാരുടെ പ്രകൃതി ദർശനം . സിയാറ്റിൽ മൂപ്പൻ. ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ . സക്കറിയ (വി.വ). ഡി. സി ബുക്ക്സ്, കോട്ടയം.

ബാരി, പീറ്റർ, 2012. ബിഗിനിങ്ങ് തിയറി ആൻ ഇൻട്രഡക്ഷൻ ടു ലിറ്ററി ആന്റ് കൾച്ചറൽ തിയറി (ഇംഗ്ളീഷ്), വിവ ബുക്ക്സ് പ്രവറ്റ് ലിമിറ്റഡ്, ന്യൂ ഡൽഹി.

ബാനു, ബി ആനന്ദ. 1988. ദി ചോലനായിക്കൻ ഓഫ് കേരള (ഇംഗ്ളീഷ്). ആന്ത്രപോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ. കൽക്കട്ട.

**Footnotes**

2008-ൽ പട്ടിക വർഗ്ഗ വികസന വകുപ്പുകൾ നടത്തിയ സർവ്വേ.

സംസ്ഥാനത്ത് പട്ടിക വർഗ്ഗക്കാർ മാത്രം അധിവസിക്കുന്ന ഏക ഗ്രാമപഞ്ചായ ത്താണ് ഇടമലക്കുടി. പഞ്ചായത്തിലെ ജനസംഖ്യ 2097 ആണ്.

മുതുവാന്മാരുടെ പാരമ്പര്യ പുനംകൃഷി വിരിപ്പ് കൃഷി എന്ന പേരിലാണ് അറിയപ്പെടുന്നത്. കേരളത്തിൽ മുതുവാന്മാരും അട്ടപ്പാടിയിലെ കുറുമ്പരും മാത്രമാണ് നിലവിൽ പുനംകൃഷി ചെയ്യുന്ന ജനസമൂഹങ്ങൾ.

ഫൂക്കോയുടെ ഭാഷയിൽ ഇതിനെ  ഡിസ്കോഴ്സ് , എന്നു വ്യവഹരിക്കാം, (ബാരി, 2012:170)

കുടുതലറിയുവാൻ പാലക്കീൽ (2014) കാണുക. അമേരിക്കൻ ഐക്യനാടുകളിലെ കുടിയേറ്റ ചരിത്രം വിശകലനം ചെയ്തുകൊണ്ട് പാശ്ചാത്യ സംസ്ക്കാരത്തിലെ മനുഷ്യൻ ലാഭേച്ഛയോടുകൂടി പ്രകൃതിയെ ഗണിതാത്മകമായി സമീപിച്ചപ്പോൾ അമേരിക്കയിലെ ആദിമ ഗോത്രജനത പ്രകൃതിയോട് ധ്യാനാത്മകമായി സഹവർത്തിച്ചു എന്നദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. ഗണിതാത്മകം/ ധ്യാനാത്മകം എന്ന സങ്കല്പം അദ്ദേഹം ജർമ്മൻ തത്ത്വചിന്തകനായ മാർട്ടിൻ ഹൈഡഗറിൽ നിന്നുമാണ് കടം കൊണ്ടിരിക്കുന്നത്.

# ചെറുവയൽ രാമൻ: വിത്തിന്റെ കാവലാൾ

**ഡോ. ഉമൈബാൻ പി. എ.**

അത്യുൽപാദനശേഷിയുള്ള നെൽവിത്തിനങ്ങൾ വന്നതോടെ ഇല്ലാതായത് പതിനായിരക്കണക്കിനു വർഷങ്ങളുടെ വികാസപരിണാമങ്ങളിലൂടെ ഉടലെടുത്ത വിത്തിനങ്ങളാണ്. ലോകത്ത് ആദ്യമായി ഹരിതവിപ്ലവത്തിന് തുടക്കം കുറിച്ചത് മെക്സിക്കോയിലായിരുന്നു. ഡോ. നോർമൻ ഇ ബോർലാഗിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പദ്ധതി വലിയ വിജയമായിരുന്നു. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ കൊണ്ട് പത്തിരട്ടി വിളവുണ്ടാകുമെന്നായിരുന്നു ബോർലാഗിന്റെ കണ്ടുപിടുത്തം. ഇത് വളരെ പെട്ടെന്ന് തന്നെ ലോകശ്രദ്ധ പിടിച്ചു പറ്റി. സ്വതന്ത്രമാകുമ്പോൾ ഇന്ത്യയിൽ അതിരൂക്ഷമായ ക്ഷാമമായിരുന്നു. ഈ ക്ഷാമത്തെ നേരിടുന്നതിന് അന്നത്തെ കൃഷി മന്ത്രിയുടെ ഉപദേഷ്ടാവ ായിരുന്ന ഡോ. എം എസ് സ്വാമിനാഥൻ നോർമൽ ബോർലാഗിനെ ഇന്ത്യയിലേക്ക് ക്ഷണിക്കുകയും അതുവഴി ഹരിതവിപ്ലവത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളും മെച്ചപ്പെട്ട ജലസേചനമാർഗ്ഗങ്ങളും ഫലപ്രദമായ കീട നിയന്ത്രണങ്ങളും കൃത്രിമമായ നൈട്രജൻ വളങ്ങളുമാണ് ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാൻ കാരണമായത്. ഗോതമ്പ്, നെല്ല്, ചോളം എന്നിവയിലായിരുന്നു അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ പരീക്ഷിച്ചത്. 1960 ൽ ഹെക്ടറിന് രണ്ടു ടൺ നെല്ലുല്പാദനമുണ്ടായിരുന്ന ഇന്ത്യയിൽ 1990 ൽ ഹെക്ടറിന് ആറുടൺ എന്ന നിലയിലെത്തി. എന്നാൽ, ഹരിതവിപ്ലവത്തിന് ചില വിമർശനങ്ങളുമുണ്ടായിരുന്നു. ജനസംഖ്യാവിസ്ഫോടനത്തിനനുസരിച്ച് ആവശ്യമായ ഭക്ഷ്യസുരക്ഷ ഒരുക്കാൻ ഇന്നത്തെ

സംവിധാനങ്ങൾ പര്യാപ്തമല്ല എന്നതായിരുന്നു ഒരു വസ്തുത. കാർഷികവൃത്തിയ്ക്ക് അത്യാവശ്യമായ ഫോസിൽ ഇന്ധനങ്ങളുടെ ലഭ്യത കുറയുന്നതും കൃഷിയ്ക്കാവശ്യമായ സ്ഥലത്തിന്റെ പരിമിതിയും മറ്റൊരു കാരണമായി ചൂണ്ടികാണിക്കുന്നു.

ധാന്യവിളകളുടെ മോണോകൾച്ചർ രീതി പരമ്പരാഗതമായ സമ്പ്രദായങ്ങളിൽ നിന്ന് വ്യത്യസ്തമായതിനാൽ ഇരുമ്പിന്റേയും ജീവകം ഏ യുടേയും അഭാവം ബാധിക്കുന്ന ജനങ്ങളുടെ എണ്ണം ക്രമതീതമായി വളർന്നു. ഹരിതവിപ്ലവത്തിനു വ്യപകമായി ഉപയോഗിച്ച രാസകീടനാശിനികളും രാസവളങ്ങളും പരിസ്ഥിതിയെ ദോഷകരമായി ബാധിച്ചു. കൃഷിയ്ക്കായി കണ്ടെത്തുന്ന വനപ്രദേശങ്ങൾ ജൈവവൈവിധ്യത്തിനുതന്നെ ഭീഷണിയായി. ഇതു കൂടാതെ ഓർഗനോക്ലോറിൻ, ക്രിയോസോട്ട്, സൾഫേറ്റ് എന്നീ കീടനാശിനികളും വളങ്ങളും അർബുദം ഉൾപ്പെടെയുള്ള കടുത്ത ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

വിമർശനങ്ങളായി പല കാരണങ്ങൾ പറയുന്നുണ്ടെങ്കിലും ആയിരക്കണക്കിന് വർഷങ്ങൾ എടുത്തുണ്ടായ നമ്മുടെ പരമ്പരാഗത വിത്തുകൾക്ക് എന്തു സംഭവിച്ചുവെന്ന് ഈ വിമർശനങ്ങളിൽ കടന്നുവന്നതേയില്ല. അന്തകവിത്തുകളുടെ ഉപയോഗം കൊണ്ട് വിദർഭയിലെ ആയിരക്കണക്കിന് കർഷകരാണ് ആത്മഹത്യചെയ്തത്. അത്യുൽപാദനശേഷിയുള്ള വിത്തുകളാണെന്ന് തെറ്റിദ്ധരിപ്പിച്ച് ബഹുരാഷ്ട്ര കമ്പനികൾ ജനിതകമാറ്റം വരുത്തിയ വിത്തുകൾ വ്യാപകമായി വിതരണം ചെയ്തു. വിത്തുകളുടെ കുത്തക സ്വന്തമാക്കിയ ഈ കമ്പനികൾ കർഷകരെ കടക്കെണിയിലാക്കി ബലി കൊടുക്കുകയായിരുന്നു.

ഹരിതവിപ്ലവം ഉത്പാദനമിച്ചമുണ്ടാക്കുന്ന രാജ്യമായി ഇന്ത്യയെ വളർത്തിയെങ്കിലും പാരിസ്ഥിതികവും സാമൂഹ്യപരവുമായ നരഹത്യയുടെ കഥകൂടി ഇതിനുണ്ടെന്ന് വന്ദനശിവ നമ്മെ ഓർമ്മിപ്പിക്കുന്നു. ജനിതകവൈവിധ്യത്തിന്റെയും ഫലഭൂയിഷ്ഠതയുടേയും നാശത്തെക്കുറിച്ച് അവർ ബോധ്യപ്പെടുത്തുന്നുണ്ട്. അതിനും എത്രയോ മുമ്പ് റേച്ചൽ കഴ്സൺ, ജലത്തിലും വായുവിലും മണ്ണിലും പ്രകൃതിയിലെ ഉയിർവലയിലെവിടെയും കയറിക്കൂടുന്ന കീടനാശിനിയുടെ വിപത്തുകൾ പറയുന്നു.

ബഹുരാഷ്ട്ര കമ്പനികളുടെ വിത്തുകൾക്ക് ഭീമമായ വിലയാണ്. അതോടൊപ്പം അതേ കമ്പനിയുടെ വളവും കീടനാശിനിയും ഉപയോഗിച്ചാൽ മാത്രമേ വിളവുണ്ടാകൂ. വിളവിൽ നിന്നെടുത്ത വിത്തുകൾ വീണ്ടും വിതയ്ക്കാനാവില്ല. ജനിതകമാറ്റം വരുത്തിയ

വിത്തുകൾ വീണ്ടും മുളക്കില്ല. കൃഷി ഇറക്കണമെങ്കിൽ കമ്പനിയിൽ നിന്ന് തന്നെ വിത്തും വളവും കീടനാശിനിയും വാങ്ങേണ്ട ഗതികേടിൽ ചെന്നുപെട്ടു കർഷകർ. ഇതിനു പുറമേ മണ്ണിന്റെ ഫലഭൂയിഷ്ഠത കൂടി ഇല്ലാതായി. മണ്ണിന്റേയും വിത്തിന്റേയും മേൽ ആധിപത്യം ഉറപ്പിച്ച സർവ്വനാശത്തിന്റെ വിഷവിത്തുകളാണ് ഇന്ന് വിപണി കൈയടക്കി വെച്ചിരിക്കുന്ന ബഹുരാഷ്ട്ര വിത്ത് കമ്പനികൾ.

ആയിരക്കണക്കിന് വർഷങ്ങൾ കൊണ്ട് രൂപപ്പെട്ട കൃഷി എന്ന സാംസ്കാരിക മൂല്യവ്യവസ്ഥയെ അരനൂറ്റാണ്ടുകൊണ്ട് ഇല്ലാതാക്കി, രാസവിഷവിത്തു കമ്പനികളുടെയും ഉദ്യോഗസ്ഥവൃന്ദങ്ങളുടേയും ആശ്രിതരാക്കിയ ഹരിത വിപ്ലവത്തിന്റെ രാഷ്ട്രീയ പരിസരമാണ് നമുക്ക് പരിചയം.

ഇവിടെയാണ് നാടൻ നെൽവിത്തുകളുടെ കാവലാളായ ചെറുവയൽ രാമന്റെ പ്രസക്തി. ആദിവാസി ഗോത്ര വിഭാഗമായ കുറിച്ച്യ സമുദായത്തിൽ ജനിച്ചവർക്ക് കൃഷി ഒരു ജീവിത നിയോഗമാണ്. കുലം മുടിയാതിരിക്കാനും കാരണവന്മാരുടെ ആത്മാക്കൾ ശപിക്കാതിരിക്കാനും ആധുനികകാലത്തും കുറിച്ച്യർ കൃഷിയിറക്കുന്നു. പാരമ്പര്യമായി പകർന്നു കിട്ടിയ വിശ്വാസങ്ങളാണ് കുറിച്ച്യരുടെ വയലിടങ്ങളെ ഇന്നും സംരക്ഷിച്ചു പോരുന്നത്.

ചെറുവയൽ രാമൻ തന്റെ സമൂഹത്തിന്റെ പാരമ്പര്യ അറിവുകളെ അതേപടി നിലനിർത്തുന്നു. 29 വർഷം മുമ്പ് മരിച്ചു പോയ കാരണവരായ അമ്മാവനായിരുന്നു രാമന്റെ ഗുരു. പഴശ്ശിപ്പടയുടെ നേതൃത്വം വഹിച്ച തലക്കൽ ചന്തു താവഴിയിൽ അമ്മാവനാണ്. വയനാട് ജില്ലയിൽ പനമരത്തിനും മാനന്തവാടിയ്ക്കും ഇടയിൽ കൊയിലേരിയ്ക്കടുത്ത് കമ്മനയാണ് രാമന്റെ പരീക്ഷണശാല. അഞ്ചാം ക്ലാസ് വരെ മാത്രമാണ് രാമൻ പഠിച്ചിട്ടുള്ളൂ. എന്നാൽ 1969 ആരോഗ്യവകുപ്പിൽ അദ്ദേഹത്തിന് ജോലി കിട്ടിയിരുന്നു. ജോലിയിൽ പ്രവേശിച്ച് ഒരു മാസം പിന്നിടുമ്പോൾ അമ്മാവൻ രാമനെ മണ്ണിലേക്ക് തിരിച്ചു വിളിച്ചു.

ജോലി ഇട്ടേച്ചു ഇങ്ങു വാ... ഈ ഭൂമിയില്ലേ ഇവിടെ...നീയല്ലാതെ ഇത് ആരു നോക്കും എന്ന അമ്മാവന്റെ വാക്കുകൾക്ക് മുന്നിൽ മറ്റൊന്നും ചിന്തിച്ചില്ല രാമൻ. അന്നു മുതൽ ഇന്നുവരെ എഴുപതാം വയസ്സിലും രാമൻ കൃഷി ജീവിതം തുടരുന്നു, ഒപ്പം സംരക്ഷണ പ്രവർത്തനങ്ങളും. 51 ഇനം വിത്തുകൾ രാമൻ സംരക്ഷിക്കുന്നു. വയലിൽ കൃഷിയിറക്കിയിരുന്ന നാലുതരം നാടൻ വിത്തുകളിൽ നിന്നായിരുന്നു അദ്ദേഹം വിത്ത് സംരക്ഷണത്തിന് തുടക്കം കുറിച്ചത്. ചെറുവയൽ രാമന്റെ അഞ്ചരയേക്കർ വയലിടവും മൺവീടും ഇന്ന് ഏത് കാർഷിക സർവകലാശാലകളേക്കാളും വിത്ത് ഗവേഷണ കേന്ദ്രങ്ങളേക്കാളും പ്രാധാന്യമർഹിക്കുന്നു.

നാടൻ നെൽവിത്തുകളുടെ ജൈവ സൂക്ഷിപ്പുകേന്ദ്രമാണിത്.

ഏത് കാലാവസ്ഥയെയും രോഗബാധയെ ചെറുക്കാൻ ശേഷിയുള്ള ആയിരക്കണക്കിന് വിത്തിനങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. എന്നാൽ ഹരിതവിപ്ലവം വന്നതോടെ നാടൻ കൃഷിരീതിയും വിത്തിനങ്ങളും അപ്രത്യക്ഷമായി.

ഓരോ നാട്ടിലും ഉള്ള നാടൻ നെൽവിത്തുകൾ കൃഷി ചെയ്തിരുന്നവർ അത് ഉപേക്ഷിക്കാൻ പോകുന്നു എന്ന് അറിഞ്ഞപ്പോഴാണ് ഓരോ തവണയും ചെറുവയൽ രാമൻ വിത്ത് തേടി ഇറങ്ങിയത്. അങ്ങനെ 51 തരം നാടൻ വിത്തുകളുടെ വിത്തുബാങ്കിന് ഉടമയായി ചെറുവയൽ രാമൻ. വിത്തുകൾ സൂക്ഷിച്ചു വെക്കുക മാത്രമല്ല ചെറുവയൽ രാമൻ ചെയ്യുന്നത്, എത്ര കാലം വേണമെങ്കിലും വിത്ത് കേടുകൂടാതിരിക്കും. പക്ഷേ, മണ്ണാണ് വിത്തിന്റെ ശരിയായ അഭയന്ദ്രമെന്ന് രാമനറിയാം. ഒരു ചെടിയുടെ സ്വപ്നനിദ്രയാണ് വിത്തിന്റെ ഉള്ള്. ഋതുക്കൾ കടന്നുപോകുമ്പോഴും സമാധിയിലെന്ന പോലെ മൗനയിരിക്കുന്ന വിത്ത് ഒരു തുള്ളി ജല സ്പർശത്താൽ ഉണരുന്നു. അതുവരെ മൗനമാചരിച്ച്, നിഗൂഢതകളുടെ ആകാശം ഒളിപ്പിച്ചുവെച്ച വിത്ത് ഭൂമിയിൽ തൊടുന്ന നേരത്താണ് അതിനുള്ളിലെ ജീവനുണരുന്നത്.

ഓരോ വിത്തും വിതച്ചു കൊയ്തെടുക്കേണ്ടതാണെന്ന് രാമനറിയാം. തന്റെ അഞ്ചരയേക്കർ വയലിൽ ഒന്നര ഏക്കറോളം സ്ഥലത്ത് 51 വിത്തുകൾക്കായി നിലമൊരുക്കുന്നു. നെൽച്ചെടിയുടെ വേരിറങ്ങാൻ ഒരുപാട് ആഴത്തിൽ ഉഴുതുമറിക്കേണ്ടതില്ല. അതിന് അരയടി ആഴം മതി. ചപ്പിലകളും കാലിവളവും ചേർത്ത് നിലമൊരുക്കുന്നു.

തന്റെ അഞ്ചേക്കർ, ചെരിഞ്ഞു കിടക്കുന്ന വയലിടമാണ്. ഈ വയലിൻ 6 തരം മണ്ണുണ്ടെന്ന് രാമൻ സാക്ഷ്യപ്പെടുത്തുന്നു. മുകൾത്തട്ടിൽ മണൽ കൂടുതലായിരിക്കും. ഏറ്റവും താഴെയാണ് ഫലഭൂയിഷ്ഠമായ പശിമയുള്ള മണ്ണുള്ളത്. മഴയെ ആശ്രയിച്ചു മാത്രമാണ് രാമന്റെ ജൈവകൃഷി. കുറച്ചപ്പുറത്തുള്ള കബനിയിൽനിന്ന് വേണമെങ്കിൽ മോട്ടോർ വയ്ക്കാം. പക്ഷേ, ഇന്നുവരെ രാമൻ മോട്ടോർ വെച്ചിട്ടില്ല.

രാമൻ ചെരുപ്പ് ഉപയോഗിക്കാറില്ല. നഗ്നമായ പാദങ്ങൾ ഭൂമിയെ അറിയും. മണ്ണിന്റെ ചൂടും തണുപ്പും സ്വഭാവവും മൂർച്ചകളുമറിയും. വിത്തുകൾ വിതച്ച് കഴിഞ്ഞാൽ അതിൽ പലതിനും പലകാലമാണ് മൂപ്പെത്താൻ വേണ്ടത്. 3 മാസം മുതൽ 9 മാസം വരെ എടുക്കുന്ന വിത്തിനങ്ങൾ രാമന്റെ ശേഖരത്തിലുണ്ട്. 270 ദിവസം ഋതുക്കൾ മുഴുവൻ ധ്യാനിച്ചു നിന്ന് വളർന്നു കിട്ടുന്ന നെല്ലിന് ഊർജ്ജവും കൂടും. വേഗം പാകമാകുന്ന നെല്ലാണ് കുട്ടികൾക്കും വയസ്സായവർക്കും നല്ലതെന്ന് രാമൻ പറയുന്നു.

ഓരോ വിത്തും വിതച്ച്, പിന്നീട് ഞാറ് മാറ്റി നട്ടു കഴിയുമ്പോൾ ഓരോ ഭാഗത്തുനിന്നും നമ്പറിട്ടു വളർത്തുന്നു. CR 1 മുതൽ CR 51 വരെ. CR എന്നാൽ ചെറുവയൽ രാമൻ.

പൂർണ വളർച്ചയെത്തും മുമ്പാണ് വിത്തിനായി കൊയ്തെടുക്കേണ്ടത്. കൊയ്തെടുത്ത ധാന്യം ഒക്കൽ നടത്തി മുറ്റത്ത് നിരത്തുന്നു. ചാറ്റൽ മഴയിലും വെയിലിലും നിലാവിലും കാറ്റിലും കിടന്ന് അവ പാകമാകുന്നു. ഭൂമിയുടേയും പ്രകൃതിയുടേയും സൂക്ഷ്മതകളെ ആവാഹിച്ചെടുക്കുന്നു. വിത്ത് സൂക്ഷിക്കുന്നത് പരമ്പരാഗത പാത്രങ്ങളിലാണ്. മുള, ഈറ്റ എന്നിവ കീറിയുണ്ടാക്കുന്ന പാത്രങ്ങൾ. ചിലതിന് അതിന്റെ തന്നെ കച്ചികൊണ്ട് പൊതിയേണ്ടിവരും. വീട്ടിനകത്ത് ഈർപ്പം തട്ടാതെ ഇടങ്ങളിലാണ് വിത്ത് സൂക്ഷിക്കുക. പ്രത്യേകിച്ച് അടുക്കളയോട് ചേർന്ന് ... എന്നാൽ തണുപ്പ് തട്ടാൻ പാടില്ല. വൈക്കോൽ മേഞ്ഞ വീടിനുള്ളിൽ എപ്പോഴും മിതമായി ചൂടുണ്ടായിരിക്കും. ഇങ്ങനെ സൂക്ഷിച്ചാൽ എത്ര കാലം വരെയും വിത്ത് കേട് വരാതിരിക്കും.

ഋതുക്കളുടെ മാറ്റം അറിയുന്ന തന്റെ ഉടലിൽ, പാദങ്ങളിൽ വരുന്ന വ്യതിയാനങ്ങൾ മനസ്സിലാക്കിയാണ്. ഏത് ആവേഗവും പിടിച്ചെടുക്കാൻ സംവേദനക്ഷമമാണ് രാമന്റെ ഇന്ദ്രിയബോധം.

നെല്ല് വിത്തായി മാറുന്ന പ്രക്രിയയയ്ക്ക് ഏറെ ശ്രദ്ധയും ജാഗ്രതയും ആവശ്യമാണ്. എല്ലാവർഷവും ആവർത്തിക്കപ്പെടുന്ന അനുഷ്ഠാനമാണ് രാമനത്. കാശുകൊടുത്ത് സ്വർണം വാങ്ങാം, മനുഷ്യനെയും വാങ്ങാം, എന്നാൽ വിത്ത് പോയാൽ കിട്ടില്ല എന്ന് രാമൻ പറയുന്നു.

ആവശ്യക്കാർക്ക് വിത്ത് കൈമാറും– കൃഷി ചെയ്തു തിരിച്ചു തരണം എന്ന് പറയും. അത്രമാത്രം. ധനമോഹമാണ് കാർഷിക സംസ്കാരത്തെ തകർത്തത് എന്ന് രാമൻ പറയുന്നു. അഗ്രി ബിസിനസ്സിനെതിരെ അഗ്രികൾച്ചർ നിലനിർത്തുകയാണ് ഈ വയനാടൻ കർഷകൻ.

വിത്തിന്റേയും വിളയുടെയും പരമാധികാരം കർഷകനാണെന്ന ബോധ്യമാണ് രാമനെ നിലയുറപ്പിച്ചു നിർത്തുന്നത്. കർഷകനും കൃഷിക്കുമിടയിൽ ഇടനിലക്കാരെ ആവശ്യമില്ലെന്ന് രാമൻ ഉറപ്പിച്ചു പറയുന്നു. രാമന്റെ രജിസ്റ്ററിലെ CR വിത്തിനങ്ങൾ ചുവടെ

1. ചെന്നെല്ല്
2. കണ്ണിച്ചെന്നെല്ല്
3. വെളിയൻ
4. ചേറ്റുവെളിയൻ

5. ഓക്ക വെളിയൻ
6. ചെമ്പകം
7. മുന്താടി
8. മുണ്ടകൻ
9. മരത്തൊണ്ടി
10. ചെന്നൽതൊണ്ടി
11. ചോമാല
12. പാൽ വെളിയൻ
13. അടുക്കൻ
14. കോതാണ്ടൻ
15. വെളുമ്പാല
16. കരിമ്പാലൻ
17. വെള്ളമുത്ത്
18. കൊറുമ്പാളി
19. ഗന്ധകശാല
20. ജീരകശാല
21. കയമ
22. ഉരണികയമ
23. കുറുവ
24. തവളക്കണ്ണൻ
25. കൊടുവെളിയൻ
26. ഓണമൊട്ടൻ
27. ഓണച്ചണ്ണ
28. പാൽത്തൊണ്ടി (മട്ട)
29. പാൽത്തൊണ്ടി (വെള്ള)
30. കല്ലടിയാര്യൻ
31. ഓലവക്കൻപുഞ്ച
32. കറത്തൻ
33. പൂഞ്ഞാടൻ തൊണ്ടി
34. തൊണ്ണൂറാം പഞ്ച (മട്ട)
35. തൊണ്ണൂറാം പഞ്ച (വെള്ള)
36. ഞവര
37. പാൽക്കയമ
38. കുഞ്ഞിക്കയമ
39. കുങ്കുമശാല
40. കുഞ്ഞിജീര

41. രക്തശാലി
42. കനകം
43. ചുവന്ന നവര
44. വേതാണ്ടം
45. കുഞ്ഞൂഞ്ഞി
46. കുന്നുകുളമ്പൻ
47. കുട്ടിവെളിയൻ
48. ബസുമതി
49. കനലി
50. കൊടുവെളിയൻ
51. ഇരുനാഴി

ഭക്ഷണമുണ്ടാക്കാനുള്ള കർമ്മപദ്ധതിയാണ് കൃഷിയെന്നും അത് ശുദ്ധമായിരിക്കണമെന്നും നിർബന്ധമുണ്ട് അദ്ദേഹത്തിന്. വൈക്കോൽ മേഞ്ഞ വീടും ജൈവകൃഷിയും വിത്തുശേഖരണവുമൊക്കെ ഇപ്പോഴും തുടരുന്നത് എന്തിനാണെന്ന ചോദ്യത്തിന് എന്നെങ്കിലുമൊരിക്കൽ എന്നെ തേടി ആളുകൾ വരുമെന്ന ബോധ്യം എന്ന് പറയുന്നു. എന്തിനുമേതിനും കൃത്യമായ മറുപടികളുണ്ട്. നഗ്നമായ പാദങ്ങളോടെ ഭൂമിയിൽ നടക്കുമ്പോൾ ഓരോ ഋതുവും തിരിച്ചറിഞ്ഞ് തന്റെ പുൽക്കുടിലിൽ നാടൻവിത്തുകളുടെ കാവലാളായി ചെറുവയൽ രാമനും കുടുംബവും ജീവിക്കുന്നു.

ഇന്നും ജൈവരീതിയിൽ കൃഷി ചെയ്യുമ്പോൾ നഷ്ടം സംഭവിക്കില്ലേ എന്ന് ചോദിക്കുന്നവരോട് നഷ്ടം വന്നാൽ താളും തകരയും ഇഷ്ടം പോലെയുണ്ട് എന്ന് പറയുന്നു ഈ പ്രകൃതി മനുഷ്യൻ. അരിയും ഗോതമ്പും മാത്രമാണ് ഭക്ഷ്യാവശ്യങ്ങൾ നിറവേറ്റുന്നത് എന്ന ആധുനിക യുക്തിയെ ഈ പ്രകൃതി മനുഷ്യൻ പ്രതിരോധിക്കുന്നത് ഇങ്ങനെയാണ്.

ഹരിതവിപ്ലവം നെല്ലിനും ഗോതമ്പിനും പ്രാധാന്യം കൊടുത്തപ്പോൾ അന്നജത്തിന്റെ കലവറയായിരുന്നു നാടൻവിഭവങ്ങളെ മറന്നു. അളവു കൂടാൻ വേണ്ടി രുചിയുടെ മൂല്യത്തെ തിരസ്ക്കരിച്ചു. ഗുണമല്ല അളവാണ് വലുത് എന്ന് വാദിച്ചു. അത് നമ്മുടെ രുചിയുടെ സംസ്കാരത്തെ തന്നെ ഇല്ലാതാക്കി. ജൈവവളങ്ങൾക്ക് പകരം രാസവളങ്ങൾ ഉപയോഗിച്ചതോടെ നമ്മുടെ മണ്ണിന്റെ സന്തുലിതാവസ്ഥ നഷ്ടമായി.

ഭക്ഷണത്തിലെ വൈവിധ്യമാണ് ആരോഗ്യം നൽകുന്നതെന്ന് മറന്നു. പകരം ഗോതമ്പിന്റെ സംസ്ക്കരിച്ച വിവിധ രൂപങ്ങളും അരിയുടെ രൂപങ്ങളുമായി ഭക്ഷണവൈവിധ്യം. പാകംചെയ്ത ഭക്ഷണത്തിലെ വൈവിധ്യത്തിലൂന്നിയ സംസ്ക്കാരമാണ് സമൂഹത്തെ ഇന്ന്

കാർന്നുതിന്നുന്ന പലരോഗങ്ങൾക്കും കാരണമെന്ന് അദ്ദേഹം പറയുന്നു. ആവശ്യത്തിനുള്ള ഭക്ഷ്യോൽപ്പാദനത്തിന്റെ കുറവല്ല നമ്മുടെ പ്രധാന പ്രശ്നം. വിതരണത്തിലെ അശാസ്ത്രീയതയാണെന്ന തിരിച്ചറിവുണ്ടാവുന്നുണ്ട് ഇപ്പോൾ. ധനം അവിടെ വലിയ മാനദണ്ഡമാവുകയും ചെയ്യുന്നു.

ആധുനിക സമൂഹം പില്ക്കാലത്തെ അപേക്ഷിച്ച് ഏറെ മെച്ചപ്പെട്ടതാണെന്നതിൽ സംശയമില്ല. ഭക്ഷ്യസുരക്ഷ ഒരു രാജ്യത്തിന് അത്യാവശ്യമവുമാണ്. അന്തകവിത്തുകൾ ആധിപത്യമുറപ്പിക്കുമ്പോൾ നഷ്ടമാവുന്നത് ആയിരക്കണക്കിന് വർഷമെടുത്തുണ്ടായ ഒരു സംസ്കൃതി കൂടിയാണ്. അന്തകവിത്തുകളലിലേക്കും കീടനാശിനിയിലേക്കും നൈട്രജൻ വളങ്ങളിലേക്കും വഴിമാറുമ്പോൾ സംസ്ക്കാരം മാത്രമല്ല മാറുന്നത് പാരിസ്ഥിതിക പ്രത്യാഘാതങ്ങളിലേക്കുകൂടിയാണ്. കൃഷിയെ ഒരു വ്യവസായമായി കാണുന്നതിനു പകരം സംസ്ക്കാരമായി നിലനിർത്തേണ്ടതുണ്ട്. വിത്തുകളുടെ വൈവിധ്യം സംരക്ഷിക്കേണ്ടതുണ്ട്. നഷ്ടത്തിലേക്ക് പോകുന്നവയെ കൈപിടിച്ചുയർത്തുകയാണ് വേണ്ടത്.
മണ്ണിന്റെ ജൈവ ഘടനയേയും വിത്തുകളുടെ വൈവിധ്യങ്ങളേയും ഇല്ലാതാക്കിയ ഹരിതവിപ്ലവത്തോട് കുറച്ചെങ്കിലും പ്രതിരോധിച്ചത് തനത് കൃഷിയിടങ്ങളാണ്.
ഹരിതവിപ്ലവത്തിനെതിരെ നീങ്ങുന്ന, അന്തകവിത്തുകൾക്കെതിരെയുള്ള, പ്രതിഷേധവും പ്രതിരോധവുമാണ് ചെറുവയൽ രാമനെന്ന ജൈവമനുഷ്യൻ മുന്നോട്ടു വെയ്ക്കുന്ന രാഷ്ട്രീയം.

### കുറിപ്പുകൾ

1. ചെറുവയൽ രാമൻ അഭിമുഖം, കമ്മന, വയനാട്, 27.12.2019

2. പരിസ്ഥിതി പ്രവർത്തകയും എഴുത്തുകാരിയുമാണ് വന്ദനശിവ. കാർഷിക രംഗത്തുംഭക്ഷ്യരംഗത്തുമുള്ള നടപ്പുശീലങ്ങളുടെ മാറ്റത്തിനായി വാദിച്ചു. ബൗദ്ധിക സ്വത്തവകാശം, ജൈവവൈവിധ്യം, ജൈവസാങ്കേതികത, ജനിതക എഞ്ചിനിയറിംഗ് എന്നിവയാണ് പ്രധാന പ്രവർത്ത ന മേഖലകൾ. ഇരുപതിലേറെ പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്.

3. സൈലൻറ് സ്പ്രിംഗ് എന്ന കൃതിയിലൂടെ ജനങ്ങൾക്കിടയിൽ പരിസ്ഥിതിയെക്കുറിച്ച് ആദ്യമായി അവബോധം വളർത്തിയത് സമുദ്ര ജൈവശാസ്ത്രജ്ഞയും ഹരിതസാഹിത്യകാരിയുമായ റേച്ചൽ കഴ്സണാണ്.

### ഗ്രന്ഥസൂചി

പ്രതീഷ് എം പി ക്ഷ അബ്ദുള്ളക്കുട്ടി എടവണ്ണ, വിത്തുമൂട, എലമെന്റ്സ്, കോഴിക്കോട് 2019

മസുനോവ ഫുക്കുവോക്ക, ഒറ്റവൈക്കോൽ വിപ്ലവം, ആൾട്ടർ മീഡിയ, തൃശൂർ 2011

ശരത്ചന്ദ്രൻ കെ വി, വിതയ്ക്കുന്നവന്റെ ഉപമ, ഡിസി ബുക്സ്, കോട്ടയം 2019
ശ്രീകുമാരൻ തമ്പി, ജീവിതം ഒരു പെൻഡുലം, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ലക്കം 48 2020 ഫെബ്രുവരി 16–22
സത്യജിത് ആർ, ഹരിതദർശനം, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015
ഹേലി ആർ, കൃഷിപാഠം, കേരള ബുക്ക് സ്റ്റോർ, തിരുവനന്തപുരം,2016
Rachel Curson, Silent Spring, Mariner Books, New York. 2002
Vandana Shiva, The Violence of the Green Revolution, University Press, Kentucky. 2015

# കാർഷിക സംസ്കാരം നാടൻ കലകളിൽ

**ഡോ. ബിന്ദു എ.സി.**

മനുഷ്യന്റെ ജൈവിക ആവാസ വ്യവസ്ഥയിൽ നിന്നാണ് കലയും സാഹിത്യവും പിറക്കുന്നത്. അതിന് പ്രകൃതിയുമായും ജീവിതരീതികളുമായും അടുത്ത ബന്ധമുണ്ട്. ജീവിതത്തിലെ താളവും സംഗീതവുമാണ് കലകളിലും പാട്ടുകളിലും ഉൾചേർന്നിട്ടുള്ളത്. ഭൂമിയും കൃഷിയും മനുഷ്യ മൃഗ സസ്യങ്ങളും ചേർന്ന ആവാസ വ്യവസ്ഥയുടെ മുഖമുദ്ര സാഹിത്യാദികലകളിൽ തെളിഞ്ഞു കാണാനാകും. നാട്ടിൻപുറ ജീവിതാന്തരീക്ഷം കൃഷിയും ഋതുക്കളും അനിവാര്യമായി നൽകുന്ന ചാക്രീകതയിൽ ഊന്നിയതാണ്. അതുകൊണ്ടുതന്നെ ഏതൊരു കലയും സാഹിത്യവും പ്രകൃതിയുടെ ഋതു താളങ്ങളോടും ഉൽപാദന പ്രക്രിയകളോടും എന്നും ബന്ധപ്പെട്ടിരിക്കും. ഉർവ്വരതാ സംസ്ക്കാരത്തിന്റെ പ്രതിഫലനം കേരളീയ നാടൻകലകളിലും അനുഷ്ഠാനങ്ങളിലും ആഘോഷങ്ങളിലും കാണുന്നത് അതുകൊണ്ടാണ്.

പ്രാചീനകാലത്ത് നൃത്തവും സംഗീതവുമെല്ലാം അത്രകണ്ട് നൈസർഗീകമായിരുന്നുവെന്ന് കണാനാകും. ഓരോ പ്രദേശത്തിന്റെയും ജീവിതവുമായി ബന്ധപ്പെട്ട് അവിടുത്തെ സംസ്ക്കാരം രൂപപ്പെടുകയും ആ സംസ്ക്കാരത്തിന്റെ ഉറവകളിൽ നിന്ന് കലകൾ രൂപപ്പെടുകയും ചെയ്തു. പ്രാകൃതമായ ഏതു കലാരൂപത്തിനും ഇത് വ്യക്തമാകുന്നുണ്ട്. അതുകൊണ്ട് ഇത്തരം ജൈവിക കലകൾക്ക് പ്രാദേശിക സംസ്കൃതിയുമായും ഭൂപ്രകൃതിയുമായും അഭേദ്യമായ ബന്ധമുണ്ട്. ഓരോ സമൂഹവും അവരുടെ സാമൂഹിക ജീവിതത്തെ സജീവമാക്കാനുള്ള ഉപാധികളായിട്ടാണ് കലയും അനുഷ്ഠാനവുമൊക്കെ രൂപപ്പെടുത്തിയത്. ഇന്ന് പാരമ്പര്യത്തിന്റേത് എന്ന് അടയാളപ്പെടുത്താൻ ശ്രമിക്കുന്നതെന്തും പൈതൃക സംസ്ക്കാരത്തിന്റെ ഭാഗമാണ്. ബാഹ്യതലത്തിൽ എത്ര രേ

ഖപ്പെടുത്തിയാലും രേഖപ്പെടുത്താനാവാത്ത ചില ഘടകങ്ങൾ ഇതിൽ അന്തർലീനമാണ്. സമൂഹത്തിന്റെ ബോധസത്തയിലൂടെ പകർന്നു പോരുന്ന ഇവയാകട്ടെ ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതി, ജീവിത രീതി, തൊഴിൽ, ഭാഷ എന്നിവയോടൊക്കെ ബന്ധപ്പെട്ട് വ്യത്യസ്ഥ മായിരിക്കും.

നാടൻ കലകൾ രൂപത്തിലും ഭാവത്തിലും കേരളത്തിന്റെ തനിമയാർന്ന വയാണ്. കാർഷിക പ്രധാനമായ കേരളത്തിന്റെ സംസ്കാരത്തിൽ ഉർവ്വ രതാരാധനാപരമായ കലകൾക്ക് പ്രാധാന്യമേറെയുണ്ട്. കൃഷിയെ സ്ത്രീ അഥവാ സ്ത്രീയുടെ ഗർഭപാത്രമായും വിത്തിനെ ബീജമായും സങ്കൽപ്പി ച്ചുകൊണ്ട് നടത്തിവരുന്ന അനുഷ്ഠാനകലകൾക്ക് കാർഷികവൃത്തിയു മായുള്ള ബന്ധം അഭേദ്യമാണ്. പ്രകൃതിയുടെയും മനുഷ്യന്റെയും ഫല സമൃദ്ധിയാണ് ഉർവ്വരത എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. ഏറ്റവും പ്രാചീനമായ ആരാധനാരൂപവും ഉർവ്വരാരാധനയാണ്. ഉർവ്വരാരാധനയിൽ നിന്നുമാണ് മിക്ക അനുഷ്ഠാന കലാരൂപങ്ങളും ഉടലെടുത്തത്. കെന്ത്രോൻ പാട്ട്, കുറുന്തിനിപ്പാട്ട്, മലയൻകെട്ട്, വെലിക്കള, തെയ്യാട്ട് എന്നിവ ഉർവ്വരതാ ശക്തിക്കുവേണ്ടി സ്ത്രീകൾ ആചരിക്കുന്ന അനു ഷ്ഠാനമാണ്.

കൃഷി ഉടലെടുത്ത കാലം മുതലേ കാർഷിക സമൃദ്ധി ഉണ്ടാകുവാൻ വേണ്ടി ഉർവ്വരാരാധനകൾ കർഷക സമൂഹം അനുഷ്ഠിച്ചിരുന്നു. മുള പൊട്ടുന്ന വിത്തിനെ ഉർവ്വരതയുടെ പ്രതീകമായിട്ടാണ് കേരളീയർ കണ്ടി രുന്നത്. ഓരോ പൂവിലും കായിലും വിത്തിലും ഉൾക്കൊള്ളുന്ന ഉർവ്വര താശയം ഇവയിലെല്ലാം ചൈതന്യം കാണാനുള്ള പ്രവണതയെ ശക്തി പ്പെടുത്തി. പ്രമുഖ ഉത്സവത്തിനും ആഘോഷങ്ങൾക്കും മുന്നോടിയായി വിത്തു വിതച്ചു മുളപ്പിക്കുന്ന രീതി നിലവിൽ വന്നത് പ്രാചീന കർഷ കർക്ക് വിത്തിനോട് തോന്നിയ ഉർവ്വരതാശയത്തിൽ നിന്നാണ്. ഇന്നും ശബരിമല ഉൾപ്പെടെയുള്ള പ്രമുഖ ക്ഷേത്രങ്ങളിൽ 'മുളയിടൽ' പോലുള്ള ചടങ്ങ് നടത്തുന്നതും ഉർവ്വരതാരാധനാ സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിലാണ്.

കാർഷികവൃത്തിയുമായി ബന്ധപ്പെടാത്ത ഒരു ആചാരക്രമവും നമു ക്കില്ല. രോഗങ്ങൾ ഇല്ലാതാക്കുന്നതിനും വിളവു വർദ്ധിക്കുന്നതിനും വേണ്ടി നടത്തുന്ന അനുഷ്ഠാനപരമായ കലകളിൽ നെയ്യ്, അരി, കുരു ത്തോല, പൂക്കുല, പഴുക്ക, വെറ്റില, നാളികേരം തുടങ്ങിയവയ്ക്ക് വള രെയധികം സ്ഥാനമുണ്ട്. കളമെഴുത്തിലും കാർഷിക ജീവിതത്തിലെ അടയാളങ്ങൾ കാണാൻ കഴിയും. കാളിയുടെ 'കള'ത്തിലെ സ്തനം നെല്ലു കൊണ്ടാണ് രൂപപ്പെടുത്തുന്നത്. പുള്ളുവരുടെ വൃക്ഷക്കളം അരിയും നെല്ലും കൊണ്ട് നിർമ്മിക്കുന്നു. മിക്കവാറും എല്ലാ പൂജകളിലും

അരിയും നെല്ലും പ്രധാനമാണ്. ഇപ്രകാരം ഗോത്ര ജീവിതകാലം മുതലേ കാർഷിക വിളകൾ അനുഷ്ഠാനങ്ങളുടെയും കലകളുടെയും പ്രധാന ഘടകമെന്ന നിലയിൽ നിലകൊള്ളുന്നു.

**നാടൻകലയും ഗോത്ര സംസ്കാരവും**

ആദിമജനതയുടെ നാടൻ കലകൾ അധികവും വിളവെടുപ്പും കാർഷികോല്പാദനവുമായി സമന്വയിക്കപ്പെട്ട ജീവിത വിശ്വാസങ്ങളാൽ ബന്ധിതമാണ്. മന്നാൻമാരുടെ 'കൂത്ത്', മലയരയരുടെ 'മലയൂട്ട്', കൊച്ചുവേലന്മാരുടെ 'വേലൻതുള്ളൻ', പണിയരുടെ 'തീയാട്ടം', കുറിച്യരുടെയും തച്ചനാടൻ മൂപ്പരുടെയും 'തിറ', മലയരയരുടെ 'ഐവർകള്ളി, മലപ്പുലയരുടെ 'കരയാട്ടം' തുടങ്ങിയ അനുഷ്ഠാന കലകൾ ഗോത്രജീവിതവുമായി ബന്ധപ്പെട്ട് കിടക്കുന്നു. മകരം, കുംഭം മാസങ്ങളിലായാണ് ഈ കലാരൂപങ്ങൾ അധികവും അവതരിപ്പിക്കപ്പെടുന്നത്. വിളവെടുപ്പിന് ശേഷമുള്ള കാലമാണ് എന്നതിനാൽ കാർഷിക സംസ്കൃതിയുടെതായ ഒരു അടിയൊഴുക്ക് ഈ കലാരൂപങ്ങളുടെ അവതരണത്തിലും കാണാനാവും, മികച്ച വിളവ് ലഭിക്കുന്നതിനുള്ള നന്ദിയും തുടർന്ന് ലഭിക്കുന്നതിനുള്ള അപേക്ഷയുമാണ് ഇത്തരം കലാരൂപങ്ങൾക്കു പിന്നിലുള്ള വിശ്വാസം.

ഗോത്രസംസ്ക്കാരത്തിൽ നിന്ന് ജന്മം കൊണ്ട നാടോടി സംസ്കൃതിയുടെ പ്രകടനകലയാണ് 'കൂത്ത്'. വിളവിറക്കുമ്പോഴും കൊയ്തെടുക്കുമ്പോഴും ഊരാളി, ഉള്ളാടർ, മുതുവാൻ, മന്നാൻ, ഇരുളർ, മുഡുകർ എന്നീ ഗോത്ര സമൂഹങ്ങൾ കൂത്തു കളിക്കുക പതിവുണ്ട്. ഇടുക്കിയിലെ മന്നാൻ വർഗ്ഗത്തിൽപ്പെട്ടവരുടെ പാരമ്പര്യ കലാരൂപമായ 'കൂത്ത്' നെ വിളവെടുപ്പ് മഹോത്സവം എന്ന പേരിലാണ് വ്യവഹരിക്കുന്നത്. വയനാട്ടിലെ മിക്ക ക്ഷേത്രങ്ങളിലും നടന്നു വരുന്ന 'മലക്കാരി തിറ' കാർഷിക ദേവതയായ ചീപോതിക്കു വേണ്ടി കുറിച്യർ വർഷത്തിലൊരിക്കൽ കെട്ടിയാടുന്ന അനുഷ്ഠാന കലയാണ്.

വിളവെടുപ്പ് സന്ദർഭത്തിൽ ആട്ടക്കളത്തിൽ മലയരയന്മാർ, ഊരാളികൾ, കുറുമർ, ഉള്ളാടർ, കൊറഗർ, കാട്ടുനായ്ക്കൾ തുടങ്ങിയ ആദിവാസികൾ നടത്തുന്ന കോൽക്കളി, വട്ടക്കളി, ചവിട്ടുകളി എന്നിവയും ഇവർക്കിടയിൽ നിലനിൽക്കുന്ന കാർഷിക ചുവയുള്ള വിനോദകലകളാണ്. ഇങ്ങനെ കേരളത്തിന്റെ കാർഷിക പാരമ്പര്യത്തിന്റെ ഈടുവയ്പ്പുകളായി പരിഗണിക്കാവുന്ന നിരവധി കലാരൂപങ്ങൾ ഗോത്രസംസ്ക്കാരവുമായി ബന്ധപ്പെട്ട് കാണാനാവും.

കാർഷികവൃത്തിക്ക് അനുഷ്ഠാനത്തിന്റെ പരിശുദ്ധിയാണ് കർഷകജനത കൽപ്പിച്ചിരുന്നത്. മേടമാസത്തിലെ വിഷു സംക്രമത്തോടെ കൃഷിപ്പണി ആരംഭിക്കുന്നു. കൃഷിവിഭവങ്ങളും മറ്റ് മംഗല്യ വസ്തുക്കളും കണി

കണ്ട് പത്താമുദയത്തോടെ കാർഷികവൃത്തി തുടങ്ങും. 'പത്താമുദയം' ഉത്തരകേരളത്തിൽ 'തുലാപ്പത്തും' ദക്ഷിണകേരളത്തിൽ 'മേടപ്പത്തുമാണ്'.വടക്കേ മലബാറിൽ പരിവുള്ള ഒരു ഉത്സവമാണ് 'ഏർപ്പ്'. പ്രകൃതിയെ മയപ്പെടുത്തുവാനുള്ള ഒരു ഉർവ്വതാനുഷ്ഠാനമാണിത്. കാർഷികവൃത്തിയുടെ അവസാന ദിവസമുള്ള ആഘോഷമാണ് 'ഉച്ചേര'. ഭൂമീദേവി പുഷ്പിണിയായെന്നു കരുതി ആഘോഷിക്കുന്ന ഒരു അനുഷ്ഠാനമാണിത്. രണ്ടാം വിളവെടുപ്പ് കഴിഞ്ഞ ശേഷം ചൂടുകാലം തുടങ്ങുന്നതിനാൽ ഭൂമിദേവി വിശ്രമിക്കുകയാണ്. എന്ന സങ്കൽപ്പമാണ് ഈ അനുഷ്ഠാനത്തിന്റെ പിന്നിലുള്ളത്. 'ഉച്ചേര' എന്ന അനുഷ്ഠാനം മൂന്നു ദിവസത്തേക്കാണ്. മൂന്നു ദിവസത്തേക്ക് നെല്ലറകൾ അടച്ചിടും. നെല്ലെടുക്കാനോ വിൽക്കാനോ ഈ ദിവസം പാടില്ല. നാലാം പക്കം മാത്രമേ നെല്ലറകൾ തുറക്കുകയുള്ളൂ. അന്ന് ഒരു കുട്ട നിറയെ ഇലനിലത്തിൽ കൊണ്ടുപോയി കരിക്കും. ഉച്ചേരദിവസം പാട്ടാവകാശം അവസാനിക്കുന്നതായി കണക്കാക്കിയിരിക്കുന്നതുക്കൊണ്ടു സാമ്പത്തിക പ്രാധാന്യം ഈ ആചാരത്തിനുണ്ട്.

കേരളീയരുടെ ഉർവ്വരതാനുഷ്ഠാനങ്ങളിൽ പ്രധാനമാണ് 'ഇല്ലംനിറ'. പുത്തൻ നെൽക്കതിർ നല്ല മുഹൂർത്തം നോക്കി ഗൃഹങ്ങളിൽ പൂജിക്കുന്ന ചടങ്ങാണിത്. 'പുത്തരി' കാർഷികോത്സവമാണ്. ആദ്യവിളവെടുപ്പിനുശേഷം പുന്നെല്ലരി ഭക്ഷിച്ചുതുടങ്ങുന്ന ചടങ്ങാണിത്. കർഷകത്തൊഴിലാളികളായ ഗിരിജനങ്ങൾ പുത്തരിയുത്സവം ആഘോഷിക്കുന്നു. ആദിവാസികളുടെ പുത്തരിയുത്സവം കൊയ്ത്തുകഴിഞ്ഞു ധനു, മകര മാസങ്ങളിൽ നടത്തും. കാവിലും, ജന്മിയുടെ വീട്ടിലും പ്രഭാതത്തിൽ അവർ കുളിച്ചുവന്ന് വാഴയില ഉടുത്ത് ഒരു കറ്റ (ചുരുട്ട്) കണ്ടത്തിൽ നിന്ന് അരിഞ്ഞുകൊണ്ട് വന്ന് ജന്മിക്ക് കൊടുക്കും. ജന്മി അവർക്ക് പുത്തൻ അരിയുടെ ചോറ് കൊടുക്കും. രണ്ട് കൊളകം (രണ്ടര സേർ) നെല്ലിനു പുറമേ മുറുക്കാനും കാപ്പിയും കൊടുക്കും. പുത്തരി കർഷകതൊഴിലാളികളായ ഗിരിജനങ്ങൽ പൊതുവേ ആഘോഷിക്കുന്നതാണ്. കാർഷിക സംസ്കാരത്തെയും സമ്പദ്വ്യവസ്ഥയെയും ജന്മി–കുടിയാൻ ബന്ധത്തെയും വ്യക്തമാക്കുന്നു ഈ അനുഷ്ഠാനമെന്നു കാണാം.

**കേരളത്തിന്റെ ഗ്രാമീണ കലാപാരമ്പര്യം**

ജീവിതത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും വേണ്ടി ഭൗതീക പ്രപഞ്ചത്തോട് അടയാടിയും അദ്ധ്വാനിച്ചും മനുഷ്യർ നടത്തിയ പോരാട്ടങ്ങളുടെ അനുഭൂതിപരമായ ആവിഷ്ക്കാരമാണ് ഗ്രാമീണ കലകളിൽ നിറഞ്ഞു നിൽക്കുന്നത്. കേരളത്തിന്റെ ഭൂപ്രകൃതിയുടെ അനുഗ്രഹശക്തിയാൽ കാർഷിക പ്രധാനമായ ഒരു ഗ്രാമ ജീവിതക്രമം അതിന്റെ

സകലവിധ സൗഭാഗ്യങ്ങളോടും കൂടി ഇവിടെ നിലനിന്നു പോന്നു. അതു കൊണ്ട് നമ്മുടെ അടിസ്ഥാന സംസ്ക്കാരം കാർഷിക പ്രധാനമാണ്. തങ്ങളുടെ കാർഷിക ജീവിതത്തിന്റെ അദ്ധ്വാന മണ്ഡലങ്ങളെ ഊർജ്ജ സ്വലവും ചലനാത്മകവും ആക്കുന്നതിലേക്ക് ഗ്രാമീണ ജനത സ്വയം സൃഷ്ടിച്ചു വളർത്തിയെടുത്തു നിലനിർത്തിപ്പോന്ന ഗ്രാമീണകലകളെ കൊണ്ട് അതീവ സമ്പന്നമാണ് നമ്മുടെ സാംസ്ക്കാരിക മേഖല. കേരള ഗ്രാമങ്ങൾ പണ്ടുമുതലേ ക്ഷേത്രോത്സവങ്ങളുടെയും ഉത്സവകലകളു ടെയും രംഗഭൂമിയാണ്.

ഗ്രാമീണ ജനതയുടെ ഹൃദയസിരകളെ ബലിഷ്ഠങ്ങളാക്കിയ നിരവധി ഗ്രാമീണ കലകളുടെ ഈണങ്ങളും താളങ്ങളും അടവുകളും ചുവടു കളും വർണ്ണോജ്ജ്വലമായ ചടങ്ങു കളുമാണ് ഗ്രാമീണ ജനജീവിതത്തിന്റെ സംസ്ക്കാരത്തെ നിലനിർത്തിയിരുന്നത്. കേരളത്തിലെ മണ്ണിൽ മുളച്ച് അദ്ധ്വാനിക്കുന്ന ജനതയുടെ വിയർപ്പിന്റെ സാസ്ക്കാരിക പരിമളം പരത്തി ഗ്രാമീണ ജനസമുദായങ്ങൾക്ക് ശക്തിയും ഉന്മേഷവും കർമ്മ ചൈതന്യവും നൽകി നിലനിന്നുപോരുന്ന വൈവിദ്ധ്യവും വൈചിത്ര വും എണ്ണിയാൽ ഒടുങ്ങാത്ത ദൃശ്യശ്രവ്യ വർണ്ണോജ്ജ്വല ഗ്രാമീണ കല കളാണ് കേരളത്തിന്റെ ഏറ്റവും മഹത്തും മൗലീകവുമായ പൈതൃകം എന്നു തന്നെ പറയാനാകും. ഈ പൈതൃകം നഷ്ടപ്പെട്ടാൽ ഗ്രാമീണ ജീവിതത്തിന്റെ ആത്മാവും അടിവേരുകളുമായിരിക്കും നഷ്ടപ്പെടുക എന്നതിൽ സംശയമില്ല.

പ്രാചീന കേരളം അഞ്ചു നാടുകളുടെ സങ്കേതമായിരുന്നുവെന്ന് ചരി ത്രകാരന്മാർ വ്യക്തമാക്കിയിട്ടുണ്ട്. വേൾനാട്, കുട്ടനാട്, കുടനാട്, പൂഴി നാട്, കർക്കാനാട് എന്നിവയാണ് ഈ ആദ്യകാല നാടുകൾ. ഇതിൽ ഇന്നത്തെ തിരുവനന്തപുരം, കന്യാകുമാരി ജില്ലകളും, കൊല്ലം ജില്ലയുടെ ഏതാനും ഭാഗങ്ങളും ചേർന്നതായിരുന്നു വേൾനാട്. ഈ പ്രദേശമാണ് പിന്നീട് വേണാട് എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. പമ്പാനദിമുതൽ പെരിയാർ വരെയുള്ളത് കുട്ടനാട്, പെരിയാറിനും ഭാരതപ്പുഴക്കും മദ്ധ്യേ യുള്ള പ്രദേശങ്ങളും അവയുടെ തീരപ്രദേശങ്ങളും ചേർന്നത് കുടനാട് എന്നിങ്ങനെ അറിയപ്പെട്ടിരുന്നു. കേശപുഴയക്ക് വടക്കുള്ള പ്രദേശങ്ങൾ പൂഴിനാട് എന്നും പൂഴിനാടിന് കിഴക്കുള്ള പർവ്വത പ്രദേശങ്ങൾ കർക്കാ നാട് എന്നുമാണ് അറിയപ്പെട്ടിരുന്നത്.

ഈ പ്രദേശങ്ങളിലെല്ലാം ഓരോ ദേശത്തിന്റേതായ തനതായ സാസ്ക്കാരിക സവിശേഷതകളാണ് ഉണ്ടായിരുന്നത്. ഇവയുമായി ബന്ധ പ്പെട്ട നാല് അനുഷ്ഠാന കലകൾ ഇന്നും സജീവമായി നിലനിൽക്കു ന്നു. അവയാണ് പടയണി, മുടിയേറ്റ്, കാളിയൂട്ട്, നിണബലി എന്നിവ. കാളിയാരാധനയുമായി ബന്ധപ്പെട്ട് കേരളത്തിലെ വ്യത്യസ്ത ദേശങ്ങ

ളിലെ കൂട്ടായ്മകൾ ഭക്തിപൂർവ്വം നിർവ്വഹിച്ചു വരുന്ന അനേകം അനുഷ്ഠാനങ്ങളിൽപ്പെട്ടവയാണ് ഇവ. ഇവ കൂടാതെ തെയ്യം, തിറ, പൂതനും തിറയും, തീയാട്ട്, ഗരുഡൻതൂക്കം, അർജ്ജുന നൃത്തം തുടങ്ങിയ കലാരൂപങ്ങളും കേരളത്തിൽ നിലനിൽക്കുന്നുണ്ട്.

കാളിയൂട്ട്, പടയണി, മുടിയേറ്റ് എന്നിവ ഭദ്രകാളീ ക്ഷേത്രങ്ങളിലാണ് അനുഷ്ഠിക്കപ്പെടുന്നത് എങ്കിലും ക്ഷേത്രഭേദമനുസരിച്ച് അനുഷ്ഠാനങ്ങളുടെ ക്രിയാംശങ്ങളിൽ വ്യത്യസ്തത കാണാനാകും. കാളിയാരാധനയുമായി ബന്ധപ്പെട്ട ഈ അനുഷ്ഠാനങ്ങൾ പൊതുവെ കുംഭം, മീനം, മേടം മാസങ്ങളിലായിട്ടാണ് നിർവ്വഹിക്കപ്പെടുന്നത്. ധനു മുതൽ മേടം വരെയുള്ള കാലയളവാണ് മുടിയേറ്റിന്റെയും പടയണിയുടെയും അനുഷ്ഠാന കാലം. മകരക്കൊയ്ത്തിന് ശേഷമുള്ള സമൃദ്ധിയുടെയും വിശ്രമത്തിന്റെയും കാലം കൂടിയാണിത്. കേരളത്തിന്റെ കാലാവസ്ഥയിൽ ഏറ്റവും വരണ്ട കാലമാണിത്. വിളവെടുപ്പ് കഴിഞ്ഞ് വിത്തിറക്കുന്നതിനു മുമ്പേയുള്ള ഒഴിഞ്ഞ കൃഷിവയലുകളിലാണ് മുടിയേറ്റു നടത്തുന്നത്. കേരളത്തിലെ മിക്കക്ഷേത്രങ്ങളിലും മേടം പത്താമുദയത്തിനു മുമ്പു തന്നെ മുടിയേറ്റ് അവസാനിപ്പിക്കുകയും ചെയ്യുന്നു.

കാളിയൂട്ട് അനുഷ്ഠിക്കപ്പെടുന്നതിലൂടെയാണ് ദേശത്തിന്റെ സമൃദ്ധിക്കും ദേശവാസികളുടെ ആരോഗ്യവും നിലനിൽക്കുന്നത് എന്ന് വിശ്വസിച്ചിരുന്നു. കാളിയൂട്ട് വേളയിൽ ഭദ്രകാളിക്ക് നേർച്ച കൊടുത്താൽ ആഗ്രഹങ്ങളും ആവശ്യങ്ങളും സഫലീകരിക്കുമെന്ന് ഇവർ കരുതുന്നു. നേത്രരോഗം ഭേദമാകാൻ ശാർക്കര ഭദ്രകാളിയുടെ മുടിയിലേക്ക് വെറ്റിലയെറിയുന്ന പതിവ് ഇന്നും ചിറയിൻകീഴ് പ്രദേശത്തുണ്ട്.

ഭൗതീക ജീവിതത്തിൽ മനുഷ്യൻ ആഗ്രഹിക്കുന്ന വിജയങ്ങൾ കൃഷിയിൽ നിന്നും മികച്ചവിളവ് തുടങ്ങിയവ പടയണി അനുഷ്ഠാനത്തിലൂടെയും നേടിയെടുക്കാൻ കഴിയുമെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. ജീവനെയും കൃഷിയെയും സംരക്ഷിച്ച് തങ്ങൾക്ക് ഐശ്വര്യം പ്രധാനം ചെയ്യുന്ന ദേവിയെ നേരിട്ട് കാണാനും തങ്ങളുടെ പരിവേദനങ്ങൾ പറയാനുമുള്ള അവസരമായിട്ടാണ് ജനങ്ങൾ പടയണിയെ കണ്ടിരുന്നത്. പറയെടുപ്പ് തുടങ്ങിയ ആചാരങ്ങളും ജനങ്ങളുടെ ഐശ്വര്യ സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിലാണ് നികൊള്ളുന്നത്.

ഉർവ്വരാരാധനയുമായി ബന്ധമുള്ള അനുഷ്ഠാന കലകളാണ് പടയണി, തെയ്യം, കാളിയൂട്ട്, മുടിയേറ്റ് തുടങ്ങിയവ. നല്ല വിളവിന് (സൃഷ്ടിക്ക്) ഭൂമിയെ സജ്ജമാക്കുക എന്ന ധർമ്മമാണ് പടയണിക്കുള്ളത്. വിളവെടുപ്പിന്റെ ദേവതയായ കാളിയെ പ്രീതിപ്പെടുത്തുന്ന അനുഷ്ഠാനമായി

പടയണി മാറുന്നു.

ഗോത്ര ജീവിതത്തിലെ നായാട്ടുചര്യകളും കാർഷിക സംസ്ക്കാരത്തിന്റെ ഉർവ്വര പൂജയും തിരിയിട്ടു നിൽക്കുന്ന അനുഷ്ഠാന കലാരൂപങ്ങളാണ് തെയ്യം. ഉത്തരമലബാറിന്റെ ഹരിതപ്രകൃതിയുടെ പശ്ചാത്തലത്തിൽ വിളവെടുപ്പിനും വിതയേറ്റിനും ഇടയ്ക്കുള്ള തുലാം പത്തുമുതൽ ഇടവപ്പാതി വരെയുള്ള നീണ്ടകാലത്താണ് തെയ്യക്കോലങ്ങൾ ഉറഞ്ഞാടുന്നത്. കാലിച്ചേകോൻ, കലിയൻ, കലിച്ചി, കാലൻ, മാരി, വേടൻ, കർക്കിടവത്തി, മറത, കുറത്തി, വീരുംമ്പിനാർ, തുരക്കാരത്തി എന്നിങ്ങനെ അനേകം ഉർവര ദേവതകളുണ്ട്.

വിളവെടുപ്പ് കഴിഞ്ഞ്  വിത്തിറക്കുന്നതിന് മുമ്പെയുള്ള ഒഴിഞ്ഞ വയലുകളിലാണ് 'മുടിയേറ്റ്' നടത്തുന്നത്. ഗ്രാമത്തിന്റെ വിളവെടുപ്പുമായി ബന്ധപ്പെട്ടാണ് 'മുടിയേറ്റ്' എന്ന കലാരൂപത്തെ ഗ്രാമീണ ജനത കാണാറുള്ളത്. ലഭിച്ച വിളവിന്റെ ഒരു വിഹിതം ദേവിക്ക് സമർപ്പിച്ച് നന്ദി പ്രകാശിപ്പിക്കുകയും, വരും കാലവിളവ് മികച്ചതാക്കാൻ ദേവിയോട് പ്രാർത്ഥിക്കുകയും ചെയ്യാൻ ഈ അനുഷ്ഠാന മുഹൂർത്തം കർഷകർ പ്രയോജനപ്പെടുത്തുന്നു.കാളിയൂട്ട് എന്ന അനുഷ്ഠാനവും ഈ വിശ്വാസത്തിന്റെ തന്നെ ആധാരത്തിലാണ് കൊണ്ടാടുന്നത്. ഇതിൽ ആരാധ്യദേവതയായി സങ്കൽപ്പിക്കുന്നത് ഉർവ്വരദേവതയെയാണ്. കാളിയെ ഭൂമീദേവിയായി കണ്ട് ആരാധിക്കുന്നു. മുടിയേറ്റിന്റെ ഭാഗമായി എഴുതുന്ന ഭദ്രകാളി കളത്തിൽ കാളിയുടെ ശരീരം പച്ച നിറത്തിലുള്ള പൊടികൊണ്ടാണ് ആലേഖനം ചെയ്യുന്നത്. പച്ച, പ്രകൃതിയുടെ, ഉർവ്വരതയുടെ നിറമാണ്. തങ്ങളുടെ ആരാധ്യ ദേവത ഉർവ്വര ദേവത തന്നെയാണെന്നാണ് കൂട്ടായ്മ ഇതിലൂടെ സൂചിപ്പിക്കുന്നത്. എന്ന നിരീക്ഷണം സ്വീകാര്യമാണ്.

ഉത്തരകേരളത്തിലെ മലയർ തുലാപത്തുമുതൽ നടത്തുന്ന ഉർവ്വരതാപരമായ നൃത്തമാണ് 'കോതാമൂരിയാട്ടം'. ഗോദാവരി എന്ന സങ്കൽപ്പത്തിലുള്ള ഒരു കുട്ടിത്തെയ്യവും മാരിപ്പനിയന്മാരും ഭവനം തോറും ചെന്ന് ആട്ടം നടത്തിയാൽ കാർഷിക വൃത്തിയും, ഗോ സമൃദ്ധിയും ഉണ്ടാകുമെന്നാണ് വിശ്വാസം. പൂരക്കളിയിലെ 'പള്ളു്' എന്ന നാടകവും കാർഷിക സംസ്ക്കാരത്തിൽ അധിഷ്ഠിതമാണ്. 'പള്ളു്' എന്ന രംഗത്തിന്റെ അവസാനം 'പൊലി'പ്പാട്ട് പാടുന്നു. കളത്തിൽ നെല്ലുനിറയാനുള്ള പ്രാർത്ഥനയാണ് ഈ പാട്ട്.

കാർഷിക വൃത്തിയിൽ നിന്ന് രൂപം കൊണ്ടവയും അവയെ പരിപോഷിപ്പിക്കുന്നവയുമായ നിരവധി സങ്കൽപ്പങ്ങൾ ഗ്രാമീണ ജനങ്ങൾക്കിടയിലുണ്ട്. ഓണം, വിഷു, തിരുവാതിര എന്നീ ആഘോഷങ്ങൾക്ക് കാർഷിക ജീവിതാവസ്ഥയുമായുള്ള ബന്ധം കണക്കാക്കപ്പെടുന്നതും

ഈ സങ്കൽപ്പങ്ങളിൽ നിന്നുമാണ്. ഒരു കാർഷികോത്സവമായാണ് ഓണത്തെ കണക്കാക്കുന്നത്. വിളവെടുപ്പിന്റെ ഉത്സവമാണ് 'ഓണം' എങ്കിൽ കൃഷി ആരംഭത്തിന്റെ ഉത്സവമായി 'വിഷു' വിനെ കാണുന്നു. സസ്യഫല സമൃദ്ധി 'കണി' കാണുന്ന ആഘോഷമാണ് 'വിഷു'. വയലിൽ കളം വരച്ച് കൃഷി ആയുധങ്ങൾ കോലം കൊണ്ട് അലങ്കരിച്ച് അട നിവേദിച്ചു, പൂജകഴിച്ചു വിഷുച്ചാൽ കീറുന്നതിനാൽ ഉർവ്വരതാനുഷ്ഠാനമെന്ന നിലയിൽ വിഷുവിന് പ്രാധാന്യമുണ്ട്.

**പടയണിയിലെ കാർഷിക സംസ്കൃതി**

മദ്ധ്യതിരുവിതാംകൂറിലെ ഭദ്രകാളീ ക്ഷേത്രങ്ങളിൽ ഭക്തിപൂർവ്വം കൊണ്ടാടുന്ന ഒരനുഷ്ഠാന കലയാണ് പടയണി. വള്ളിയൂർകാവ് ദേവീ ക്ഷേത്രം, പുത്തൻകാവിൽ ദേവീക്ഷേത്രം, പനമറ്റത്ത് ദേവീക്ഷേത്രം തുടങ്ങിയവ ഉദാഹരണം. കോട്ടാങ്ങൾ, ഓതറ, കദളിമംഗലം, കരംപാല, തെങ്ങേലി, കല്ലിശ്ശേരി തുടങ്ങിയ പടയണി നടക്കുന്ന സംഘങ്ങളായി അറിയപ്പെടുന്നു. ആദികാലങ്ങളിൽ പടയണി നടക്കുന്നത് വിളവിറക്കലിന് മുന്നോടിയായിട്ടാണ്. വിളവിറക്കലിനു പ്രതികൂലമായി ബാധിക്കുമെന്ന് ജനത കരുതുന്ന ദുർബാധകളെ തൃപ്തിപ്പെടുത്തുകയോ നിഗ്രഹിക്കുകയോ ചെയ്യുന്ന ധർമ്മമായിട്ടാണ് ഇത് നിർവ്വഹിക്കപ്പെടുന്നത്. പടയണിക്കളത്തിൽ വില്ലും ശരവും കുത്തി നിർത്തിയതിനു ശേഷം നാലു നാക്കില വച്ച് മലദേവതകളുടെ എണ്ണമനുസരിച്ച് അവയിൽ ഓരോ കരിക്ക്, നീരും പൂവും ചന്ദനവും കൊടുത്തൊരുക്കി വെറ്റിലയാക്കി വയ്ക്കുന്നു. മലദേവതമാരിൽ പ്രധാനിയായിട്ടുള്ള ദേവനെ സങ്കൽപ്പിച്ചാണ് നിലവിളക്കിന്റെ മുമ്പിൽ കരിക്ക് വയ്ക്കുന്നത്. ഇതുപോലെ വനവിഭവങ്ങൾക്കും ഇതിൽ പ്രാധാന്യമുണ്ട്. പടയണിയിൽ ചൂരൽ, കരിമ്പന, കലമാൻ കൊമ്പ്, കാട്ടുപൂക്കൾ എന്നിവയും ഉപയോഗിക്കുന്നു. കാട്ടിൽ നിന്ന് ശേഖരിച്ചുകൊണ്ടുവരുന്ന ചൂരൽ ശരീരത്തിൽ ചുറ്റി ക്ഷേത്രാങ്കണത്തിലുരുളുന്ന അനുഷ്ഠാനമാണ് പടയണിയിൽ 'അടവി'. പടയണിയിലെ മറ്റൊരനുഷ്ഠാനമായ നായാട്ടും ഗോത്രസംസ്ക്കാരത്തിന്റെ അവശിഷ്ടമാണ്. പടയണിക്കളത്തിൽ വിവിധയിനം മരച്ചില്ലകൾ സ്ഥാപിച്ച് വനത്തിന്റെ പ്രതീതി ജനിപ്പിച്ചശേഷം വന്യമൃഗങ്ങളുടെ മുഖാവരണമണിഞ്ഞ് നായാട്ടുബലി നടത്തുന്ന ചടങ്ങാണ് ഇത്.

പടയണി ഒരു അനുഷ്ഠാന കലാരൂപമാണ്. ആദിമ കേരളീയരുടെ സംസ്ക്കാരത്തിൽ വേരൂന്നിയ ഈ കലാരൂപം ഇരുട്ടിന്റെ മേൽ വെളിച്ചത്തിന്റെ ആധിപത്യം ഉദ്ഘോഷിക്കുന്നു. പടയണിയുടെ രൂപകൽപ്പന തന്നെ ലളിതമായ തുടക്കത്തിൽ നിന്ന് സങ്കീർണ്ണമായ സങ്കേതങ്ങളിലേക്കുള്ള യാത്രയാണ്. കേരളത്തിൽ നിലനിന്നിരുന്ന എല്ലാ പടയണികളും ഒരേ സമയം ലളിതവും സങ്കീർണ്ണവുമായ സങ്കൽപങ്ങളെ

കൈകാര്യം ചെയ്തിരുന്നു എന്നത് സത്യമാണെങ്കിലും ദൃശ്യാവിഷ്ക്കാരത്തിൽ നീലംപേരൂർ പടയണി തികച്ചും സമഗ്രമായ ഒന്നായി വേറിട്ടു നിൽക്കുന്നു. പ്രകൃതിയുടെ നിറവൈവിദ്ധ്യങ്ങളെയാണ് നീലംപേരൂർ പടയണി തികഞ്ഞ ലാളിത്യത്തോടെ ഉൾക്കൊള്ളുന്നത്. അതിനാൽ നീലംപേരൂർ പടയണിയെ പ്രത്യേകമായി എടുത്ത് അതിലെ ജൈവികതയെ അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്.

**നീലംപേരൂർ പടയണിയിലെ കാർഷികപൂരം**

കേരളത്തിലെ ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ നീലംപേരൂരിൽ സ്ഥിതി ചെയ്യുന്ന പള്ളി ഭഗവതീക്ഷേത്രത്തിൽ നടത്തുന്ന പടയണി ഉത്സവമാണ് നീലം പേരൂർ പടയണി. നീലം പേരൂരിലെ കാഴ്ചകൾക്ക് സാധാരണ പടയണിയുമായി കാര്യമായ ബന്ധമില്ല. മദ്ധ്യതിരുവിതാംകൂറിലെ ക്ഷേത്രത്തിൽ അരങ്ങേറാറുള്ള പാളക്കോലങ്ങൾ പ്രകൃതിയിൽ നിന്നു ലഭിക്കുന്ന വിഭവങ്ങൾ കൊണ്ടാണ് നിർമ്മിക്കുന്നത്. മറ്റു സ്ഥലങ്ങളിലെ പടയണികളെ അപേക്ഷിച്ച് നീലംപേരൂർ നടക്കുന്ന പടയണി വ്യത്യസ്തമാണ്. കാർഷിക കേരളത്തിന്റെ ജൈവിക സമ്പത്ത് ഏറ്റവും ഉപയോഗപ്പെടുത്തുന്ന പടയണിയാണ് നീലംപോരൂരിൽ നടക്കുന്നത്. രണ്ടിടത്തും പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ കാഴ്ചകൾ ഒരുക്കാൻ ഉപയോഗിക്കുന്നതിനാലും രണ്ടു കാഴ്ചകളും ചൂട്ടുവെട്ടത്തിലായതിനാലും പെരുമാളും കാലാൾ പടയും ഇതിൽ അണിനിരക്കുന്നതുകൊണ്ടുമാകാം നീലംപേരൂർ പടയണിക്ക് പടയണി എന്ന പേരു വീണത്. സജീവമായ ജനപങ്കാളിത്തത്താൽ ശ്രദ്ധേയമായ ഒന്നാണ് നീലംപേരൂർ പൂരം പടയണി. ചിങ്ങമാസത്തിലെ അവിട്ടം നാളിൽ നീലംപേരൂർപള്ളി ഭഗവതീക്ഷേത്രത്തിന്റെ മുറ്റത്തെ ചേരമാൻ പെരുമാൾ സ്മാരകത്തിൽ നിന്ന് അനുജ്ഞവാങ്ങി ചൂട്ടുവച്ച് ആരംഭിക്കുന്ന നീലംപേരൂർ പടയണി അവിട്ടം മുതൽ പൂരം വരെയുള്ള പതിനാറ് ദിവസത്തെ ചടങ്ങുകളായിട്ടാണ് നടക്കുന്നത്. ഇന്നിത് പതിനഞ്ച് ദിവസത്തെ ചടങ്ങുകളായി നടത്തപ്പെടുന്നു.

ചേരമാൻ പെരുമാളുമായി ബന്ധപ്പെടുത്തിയാണ് പടയണിയുടെ ഐതിഹ്യം. ബുദ്ധമതാനുയായിരുന്ന പെരുമാൾ നീലംപേരൂർ ഉത്സവത്തെ കൂടുതൽ ആകർഷകമാക്കുവാൻ നിർദ്ദേശങ്ങൾ കരക്കാർക്കു മുന്നിൽ അവതരിപ്പിച്ചപ്പോൾ അന്നരൂപത്തിലാക്കണമെന്ന് കരക്കാരുടെ അപേക്ഷ അംഗീകരിക്കുകയും ചെയ്തതുമുതലാണ് ഇന്നത്തെ രൂപത്തിലുള്ള കെട്ടുകാഴ്ചകൾ രൂപം കൊണ്ടത്. ചേരമാൻ പെരുമാൻ നീലംപേരൂരിൽ എത്തുന്നത് മീനമാസത്തിലെ പൂരം നാളിലായിരുന്നു. മീനപൂരം നടക്കുന്ന സമയം ഭഗവതിയെ പള്ളി ഭഗവതി എന്നു വിളിച്ച് ആദരിച്ചിരുന്ന നാട്ടുകർഷകർ തങ്ങൾക്ക് അന്നമൂട്ടുന്ന ദേവിക്ക് തങ്ങളുടെ

ഉൽപന്നങ്ങളുടെ ഒരു പങ്ക് മാറ്റി വയ്ക്കുകയും തിരുവുത്സവനാളിൽ അത് സമർപ്പിക്കുകയും ചെയ്യുന്നതിന് പെരുമാൾ സാക്ഷിയായി അന്നത്തോണികളിൽ അന്നവും നിറച്ചെത്തുന്ന കൃഷിവലന്മാരുടെ ഭക്തിയും നിഷ്കളങ്കതയുംനാടിനോടുള്ള കൂറും അദ്ദേഹത്തെ ആകർഷിച്ചു. അക്കാലത്ത് വടക്കേക്കര, തെക്കേക്കര എന്നീ രണ്ടു കരക്കാരുടെയും സംഗമഭൂമിയായി ഉത്സവനാളിൽ പള്ളി ഭഗവതിയുടെ സന്നിധി മാറും. അന്നമായിരുന്നു നാടിന്റെ ഭാഗ്യചിഹ്നം. അന്നത്തിന് ധാന്യമെന്നും അരത്ഥം. വള്ളങ്ങളുടെ മുഖങ്ങളിൽ അരയന്നത്തിന്റെ ശിരസ്സ് നിർമ്മിച്ചാൽ അന്നത്തോണിയായി. ആറ്റിലൂടെ ഒഴുകിവരുന്ന വലിയ അന്നത്തോണിയും ചെറിയ അന്നത്തോണികളുമാണ് പ്രാചീനകാലത്ത് പൂരം ഉത്സവത്തെ ആകർഷകമാക്കിയത്. ഇന്നത്തെ രീതിയിൽ പൂരം പടയണിയെ പരിഷ്ക്കരിച്ചത് പെരുമാൾ ആയിരുന്നു. പെരുമാളിനെ പള്ളിവാണ പെരുമാൾ എന്ന് സ്ഥാനം നൽകി പള്ളി ഭഗവതിക്കടുത്തായി ഒരു പീഠം നൽകുകയും ചെയ്തു. ഈ പീഠത്തെ വണങ്ങിയാണ് പൂരാഘോഷങ്ങൾക്ക് ഇന്നും തുടക്കം കുറിക്കുന്നത്.

നീലം പേരൂർ എന്ന പേരിൽ എന്ന പേരിനും പിന്നിലും ഒരു കഥയുണ്ട്. ഊരുതാങ്ങിവന്ന ഒരു സഞ്ചാരി ഈ സ്ഥലത്തിന്റെ മനോഹാരിത കണ്ട് പേരു ചോദിച്ചപ്പോൾ 'ഊരും പേരും നിലം താൻ' എന്നു നാട്ടുകാർ പറഞ്ഞത്. അതായത് നിലം എന്നാൽ കൃഷിയിടം. അക്കാലത്ത് പാടശേഖരങ്ങളാൽ നിറഞ്ഞു നിന്നിരുന്ന സ്ഥലമാണ് നീലംപേരൂർ.

**പടയണിയുടെ 4 ഘട്ടങ്ങൾ**

ചൂട്ട് കുട, പ്ലാവിലക്കോലം, പിണ്ടിയും കുരുത്തോലയും എന്നിങ്ങനെ നാലു ഭാഗങ്ങളാണ് പടയണിക്കുള്ളത്. ആദ്യ നാലു ദിവസങ്ങളിൽ ചൂട്ടുപടയണിയാണ്. തെങ്ങോല തുഞ്ചം കൊണ്ട് തീർത്ത തുഞ്ചാണി ചൂട്ടുകൾ വീശി വീശി ജ്വലിപ്പിച്ച് ആർപ്പ് വിളിയോടെയുള്ള പൂരത്തിന്റെ വിളമ്പരമാണ് ആദ്യം. തുടർന്ന് കുടുംപൂജ. നീളൻ കമുകിൻ വാരികളിൽ വർണ്ണശീലകൾ പിടിച്ചുണ്ടാക്കുന്ന കുടകളാണ് ഈ ദിവസം. കുടുംപൂജകളി, അനുജ്ഞവാങ്ങൽ, തോത്താക്കളി, കുട നിർത്ത്, പ്ലാവില നിർത്ത്, മകം പടയണി, പൂരം പടയണി എന്നിങ്ങനെ പതിനാറ് ദിവസം നടക്കുന്ന ചടങ്ങുകളാണുള്ളത്. പടയണിയുടെ എട്ടാം ദിവസം 'കുടനിർത്തും', പതിനഞ്ചാം ദിവസം 'മകം പടയണിയും' പതിനാറാം ദിവസം പൂരം പടയണിയും ഈ രീതിയിലാണ് ആഘോഷങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. എല്ലാ ദിവസവും രാത്രി പത്തുമണിക്ക് ശേഷമാണ് ചടങ്ങുകൾ തുടങ്ങുന്നത്. പടയണി താളങ്ങളിൽ ആവേശമായി മാറുന്ന തോത്താക്കളിയുടെയും കുടം പൂജയുടെയും അകംപടിയോടെ പ്ലാവിലക്കോലങ്ങൾ

ഒരുമിച്ച് പടയണിക്കളത്തിലെത്തുന്നു. പൂരം പടയണിയുടെ മുഖ്യ ആകർഷണമായ ഗജരാജൻ 'പൊയ്യാന'യാണ് അവസാനമായി പട യണിക്കളത്തിലെത്തുന്നത്. നെറ്റിപ്പട്ടവും കെട്ടി പുറത്ത് ആളെയും കയറ്റി ആലവട്ടവും വെഞ്ചാമരവും വീശി തിടമ്പേറ്റി വരുന്ന ഈ കരിവീരൻ എല്ലാവരുടെയും ഇഷ്ടക്കോലമാണ്. ഈ കോലത്തിന്റെ നിർമ്മാണത്തിന് ഈറകൊണ്ട് ഉണ്ടാക്കിയ ആനയുടെ രൂപത്തിൽ വാഴക്കച്ചികൊണ്ട് വരി ച്ചിൽ ജോലികൾ പൂർത്തിയാക്കുന്നു. പിന്നീട് ചാക്ക് ഉപയോഗിച്ച് പൂർണ്ണ മായും മൂടും. കരി ഉപയോഗിച്ചാണ് ആനയുടെ നിരപണികൾ നടത്തു ന്നത്. പതിറ്റാണ്ടുകൾ പഴക്കമുള്ള പ്ലാവിൻ തടിയിൽ തീർത്ത കൊമ്പാണ് ഉപയോഗിക്കുന്നത്. ചക്രചടങ്ങുകളിൽ തീർത്ത പ്രതലത്തിലാണ് പൊയ്യാന നിൽക്കുന്നത്. വല്യന്നങ്ങളും കോലങ്ങളും എഴുന്നള്ളിയതിനു ശേഷം ഉരുട്ടിനയിലെത്തിക്കുന്ന ഗജരാജൻ ഒരു കെട്ടുകാഴ്ചയാണ്.

ചൂട്ടുപടയണിക്ക് ശേഷമാണ് കുടംപൂജ തുടങ്ങുന്നത്. പെരുമരത്തിന്റെ കൊമ്പിൽ ചെത്തിപ്പൂ തൂക്കിയിടുന്ന 'കുടപൂമരം', മുത്തുക്കുടയുടെ രീതി യിൽ അലങ്കരിച്ച 'തട്ടുകുട', പച്ചമടൽ, പോളകൊണ്ട് വളയുണ്ടാക്കി പല തട്ടുകളായി കെട്ടിതൂക്കി മരക്കമ്പിൽ പൊക്കിയെടുക്കുന്ന 'പാറവളയം' എന്നിവ പടയണിക്കളത്തിൽ എത്തുന്നു. രണ്ടാം ഘട്ടത്തിന്റെ അവസാ നത്തോടെയാണ് പ്ലാവിലക്കോലങ്ങളുടെ വരവ്. തപസ്സു ചെയ്യുന്ന സന്യാ സികളുടെ കോലമാണ് ആദ്യം. പിന്നീടുള്ള ദിവസങ്ങളിൽ ആന, ഹന മാൻ, ഭീമൻ എന്നീ പ്ലാവില കോലങ്ങൾ അണിനിരക്കുന്നു. പന്ത്രണ്ടാം നാളിൽ കൊടിക്കൂറയും പതിമൂന്നാം ദിവസം കാവൽ പിശാചിനെയും എഴുന്നൊള്ളിക്കുന്നു. കാവൽ പിശാചിനോടൊപ്പം പിണ്ടിയും കുരുത്തോ ലയും കൊടിക്കൂറയും കളത്തിലെത്തുന്നു. പതിനഞ്ചാം നാളിൽ വേല കളിയുടെ അകമ്പടിയോടെ ചെറിയ ആന്നങ്ങൾ എത്തുന്നു. മകംപട ണി ദിനമാണ് അന്ന്. വേലങ്ങൾക്കൊപ്പം അടിന്തര കോലമായ അമ്പല ക്കൊട്ടയും അന്ന് എഴുന്നള്ളുന്നു. നെല്ലിന്റെ ജന്മദിനമായ മകം നാളിൽ കാർഷിക അഭിവൃദ്ധിക്കു വേണ്ടി ക്ഷേത്രത്തിൽ പ്രത്യേക പൂജകൾ നട ത്തുന്നു. പൂരം പടയണിയിലെ മറ്റ് കോലങ്ങൾക്കൊപ്പം എഴുന്നള്ളുന്ന ഭീമസേനന്റെ കല്ല്യാണ സൗഗന്ധികം കഥയാണ് അമ്പലക്കോട്ടയുടെ അടിസ്ഥാനം. പതിനാറാം നാളിൽ വലിയ അന്നങ്ങളെ എഴുന്നള്ളിക്കുന്ന പൂരം പടയണിയും നടക്കുന്നു. പൂരം പടയണി ദിവസം വലിയ അന്ന ത്തെ അണിയിച്ചൊരുക്കുന്നത് പ്രധാനമായും ചെത്തിപ്പൂവ് ഉപയോഗി ച്ചാണ്. ഇതിനായുള്ള 'ചിറമ്പ് കുത്ത്' ചടങ്ങുകൾ മാസങ്ങൾ മുമ്പേ നടക്കുന്നു. കീറിയെടുത്ത വാഴപ്പോളയിൽ ചെത്തിപ്പൂ അടർത്തി പച്ച ഈർക്കിലി കൊണ്ട് കുത്തിപ്പിടിക്കുന്നതാണ് ചിറമ്പ് കുത്ത്. ഇതിനുള്ള

ചെത്തിപ്പൂവ് നാട്ടുകാർ തന്നെ ക്ഷേത്രത്തിൽ എത്തിക്കുന്നു.

പതിനഞ്ചു ദിവസത്തെ ചടങ്ങുകൾക്കായി മാസങ്ങൾക്ക് മുമ്പ് തന്നെ ഗ്രാമമൊന്നടങ്കം ഊണും ഉറക്കവും ഉപേക്ഷിച്ച് പടയണിക്കളത്തിൽ പണികളിൽ ഏർപ്പെടുന്നു. 'അന്ന'ത്തെ ഒരുക്കാൻ ഉപയോഗിക്കുന്ന താമര നാട്ടിൽത്തന്നെയുള്ള കുളത്തിൽ നിന്നാണ് ശേഖരിക്കുന്നത്. ഗ്രാമത്തിന്റെ ഉപയോഗിക്കാതെ കിടക്കുന്ന പുഞ്ചപ്പാടം ഗ്രാമീണർ ഇതിനായുള്ള താമരക്കുളമാക്കി മാറ്റുകയായിരുന്നു. താമരപ്പൂവ്, ചെത്തിപ്പൂവ്, വാഴപ്പോള എന്നിവകൊണ്ടാണ് 'അന്ന' നിർമ്മാണം. ഈ കോലങ്ങളുടെയെല്ലാം നിർമ്മാണപണികൾ തുടങ്ങുന്ന അസ്ഥികൂടങ്ങൾ നിർമ്മിച്ചുകൊണ്ടാണ്. വലിയ അന്നങ്ങൾക്ക് കമുങ്ങിന്റെ വാരിയും ചെറിയ അന്നങ്ങൾക്ക് ഈറലും ഉപയോഗിക്കുന്നു. ശരീരം വാഴക്കച്ചികൊണ്ടാണ് നിർമ്മിക്കുന്നത്. പൂരം നാളിലാണ് താമരയിലകൊണ്ട് തൊലിയും ചെത്തിപ്പൂ, വാഴപ്പോള എന്നിവ കൊണ്ട് തൂവലും ഉണ്ടാക്കുന്നത്. പൂരം നാളിൽ അന്നങ്ങൾ നിറഞ്ഞ പൂരപ്പറമ്പ് കാണികളെ ആകർഷിക്കുന്നു.

**ഉപസംഹാരം**

ദേശത്തിന്റെ ഐശ്വര്യത്തിനായി ദേവീ നടയിൽ ഒരു ഗ്രാമം തന്നെ നടത്തുന്ന അനുഷ്ഠാന നാടൻകലയാണ് നീലം പേരൂർ പടയണി. ദൈവീക ഭക്തിയും കാർഷിക സംസ്ക്കാരവും പ്രകൃതിയോടുള്ള ആരാധനയുമാണ് ഈ പടയണിയിൽ വെളിവാകുന്നത്. പച്ചപ്പനയോല, പച്ചപ്ലാവില, പച്ചപോള, പൂക്കൾ, താമരയില, കുരുത്തോല, വാഴപ്പോള തുടങ്ങി പ്രകൃതിദത്ത വസ്തുക്കളെ അന്നങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കൂ. അന്നങ്ങൾക്ക് നിറം നൽകുന്നതാണ് ഏറെ ശ്രമകരം. വിപണിയിൽ ലഭിക്കുന്ന കൃത്രിമ ചായങ്ങൾക്ക് പകരം ചുവന്ന നിറത്തിനു ചെങ്കൽ പൊടിയും, കറുപ്പിന് കരിയും, വെളുപ്പിന് ചുണ്ണാമ്പും പച്ചനിറത്തിന് പച്ചിലയുമാണ് ഉപയോഗിക്കുക. വാഴപ്പോള, ചെത്തിപ്പൂ, താമരയില, കുലച്ച വാഴയുടെ പോള എന്നിവ അലങ്കാരത്തിന് ഉപയോഗിക്കുന്നു. ഇങ്ങനെ പ്രകൃതിയോട് ചേർന്നു നിൽക്കുന്ന ഒരു പടയണിയാണ് നീലം പേരൂർ പൂരം പടയണി.

**ഗ്രന്ഥസൂചി**

1. ഫോക്ക്ലോറും പ്രാദേശിക സംസ്കൃതിയും – **ബാലചന്ദ്രൻ കീഴോത്ത്**, പബ്ലിക്കേഷൻസ്, കണ്ണൂർ
2. ഫോക്ക്ലോർ പഠനങ്ങൾ –**പി. കെ. ശിവശങ്കരപ്പിള്ള** കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

# മധ്യകാല സാഹിത്യങ്ങളിലെ കാർഷിക ചരിത്രം

ഡോ. ടി. മധു

സാംസ്കാരികമായ ഒരു പ്രവൃത്തിയാണ് കാർഷികവൃത്തി (Agriculture). അത് ഒരു സർഗാത്മക ക്രിയയാണ്. കർഷകന്റെ സർഗാത്മക പ്രവർത്തനമായതുകൊണ്ടാണത് സാംസ്കാരികവും കൂടിയാകുന്നത്. ആദിമ മനുഷ്യനെ ആധുനിക മനുഷ്യനാക്കി പരിണമിപ്പിക്കുന്നതിൽ അതിന് സവിശേഷ സ്ഥാനമുണ്ട്. നമ്മുടെ കാർഷിക സംസ്കൃതിയും പാരമ്പര്യ കൃഷി രീതിയും വിശദമായ അടയാളപ്പെടുത്തലുകൾക്ക് വിധേയമായി കൊണ്ടിരിക്കുന്ന സന്ദർഭമാണിത്. കാർഷിക സംസ്കാരത്തിൽ കാലാകാലങ്ങളിൽ നടന്നിട്ടുള്ള പരിവർത്തനങ്ങളും അതിന്റെ യുക്തികളും ഇന്ന് കൃഷി പഠനത്തിന്റെ ഭാഗമായി തീർന്നിട്ടുണ്ട്. കാർഷിക സംസ്കാരത്തെ (Agriculture) കാർഷിക വ്യവസായ (Agri business)മാക്കി മാറ്റാനുള്ള ആഗോളീകരണ പ്രത്യയശാസ്ത്ര യുക്തികളാണ് ഇതിന് പ്രേരകമായത് എന്നത് പ്രത്യേക പ്രാധാന്യമർഹിക്കുന്നു. കൃഷിയിലെ ജൈവ വൈവിധ്യത്തെ തിരസ്ക്കരിക്കുന്ന ആഗോളീകരണം കാർഷികതയിൽ നിലനിൽക്കുന്ന വ്യത്യസ്ത ജ്ഞാനരൂപങ്ങളെ നിസാരവൽക്കരിക്കുകയും അവഗണിക്കുകയുമാണ് ചെയ്യുന്നത്. ഏകവിളയിലേക്ക് കാർഷിക മണ്ഡലത്തെ മാറ്റി പണിയുന്ന കാർഷിക ആഗോളീകരണം മാനവരാശിയുടെ നിലനില്പിനെ തന്നെ പ്രതിസന്ധിയിലാക്കുകയാണ്. അതിന്റെ പ്രതിപ്രത്യയശാസ്ത്രമായി വേണം നമ്മുടെ ദേശിയായ കാർഷിക സംസ്കൃതിയെ വീണ്ടെടുക്കേണ്ടത്. അതിലൂടെ കേരളീയ കാർഷിക സംസ്കാരം എപ്രകാരമാണ് വ്യത്യസ്തവും അനന്യവുമായി സവിശേഷ മൂല്യ പദവി കൈവരിക്കുന്നതെന്ന് തിരിച്ചറിയാനാകും. കൃഷിയുടെ സാംസ്കാരിക ഭൂമിശാസ്ത്രം നിരവധി പരിണാമങ്ങളിലൂടെയാണ്

മാനവ ചരിത്രത്തിൽ പ്രവർത്തിക്കുന്നത്. കൃഷി പഠനങ്ങൾ ഉല്പാദിപ്പിക്കുന്ന ചരിത്ര പാഠങ്ങൾ ഓരോ ഘട്ടത്തിലും വ്യതിരിക്തമാകുന്നതും അതിനാലാണ്. അതായത് കാലഘട്ടത്തിന് കൃഷിയുടെ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക പരിസരത്തെ നിശ്ചയിക്കുന്നതിൽ നിർണ്ണായക പങ്കുണ്ട്. ഇത്തരത്തിൽ ചരിത്രത്തിന്റെ വ്യത്യസ്ത നിലകളിൽ കേരളത്തിന്റെ കാർഷിക സംസ്കാരം എങ്ങനെയാണ് പ്രവൃത്തിച്ചതെന്ന് സാഹിത്യ പാഠങ്ങളെ മുൻനിർത്തി പരിശോധിക്കാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്. അത് കേരളത്തിന്റെ കാർഷിക ചരിത്രത്തിന്റെ കൂടി വിശകലനമാകും.

മലയാളത്തിലെ മധ്യകാല രചനകളായാണ് മണിപ്രവാളകൃതികളെ കണക്കാക്കുന്നത്. അവയുടെ കേന്ദ്രഭാവത്തെ സംബന്ധിച്ച വിശകലനവും വിമർശനവും ഇപ്പോഴും അവസാനിച്ചിട്ടില്ല. കേവലം വേശ്യാപദാനപദ്യങ്ങളല്ല മണിപ്രവാളകൃതികൾ. അത് മധ്യകാലത്തിന്റെ ഭൗതിക ജീവിതാവിഷ്ക്കാരവും സാക്ഷ്യങ്ങളുമാണ്. കേരളത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവുമായ അവസ്ഥാഭേദങ്ങളെ ഉള്ളടക്കം ചെയ്തുകൊണ്ടാണവ നിലകൊള്ളുന്നത്. ഇത്തരമൊരു തിരിച്ചറിവിൽ വേണം മണിപ്രവാള കൃതികളിൽ ആവർത്തിക്കുന്ന അങ്ങാടി വർണ്ണനകളെ വിലയിരുത്താനും അതിൽ നിന്നും തെളിയുന്ന കൃഷി പാഠങ്ങളെ വേർതിരിച്ചറിയാനും. പ്രാചീന ചമ്പുക്കളിലേയും സന്ദേശ കാവ്യങ്ങളിലേയും അങ്ങാടി വർണ്ണനകൾ അനാവശ്യങ്ങളെന്നോ, കാവ്യദോഷങ്ങളെന്നോ മനസ്സിലാക്കാനാണ് മിക്ക പഠിതാക്കളും ശ്രമിച്ചത്. അങ്ങാടി വർണ്ണന ആദ്യകാല കാവ്യങ്ങളിലെ പതിവുരീതിയാണെന്നും അതാണ് മണിപ്രവാളകാവ്യങ്ങളിലും ആവർത്തിക്കുന്നതെന്നും അവർ ധരിച്ചിരുന്നു. അവ ഒഴിവാക്കി വായിച്ചാലും കാവ്യത്തിന് ദോഷം വരില്ലെന്ന് പ്രചരിപ്പിക്കാനും മടിച്ചില്ല. മധ്യകാല കേരളീയ കൃതികളിലെ അങ്ങാടി വർണ്ണനകൾ കേവലം ഭാവനാപരങ്ങളല്ല. അക്കാലത്തെ അങ്ങാടികളുടെ യഥാതഥ പരിച്ഛേദമാണ്. ഒരു ജനതയുടെ കാർഷിക-ഭക്ഷണ സംസ്കാരങ്ങളുടെ ചരിത്ര രേഖയായി കൂടി വേണം മണിപ്രവാള കാവ്യങ്ങളെ മനസ്സിലാക്കേണ്ടത്.

നമ്മുടെ കാർഷിക വൃത്തിയെ മധ്യകാല സാഹിത്യ പാഠങ്ങൾ പല നിലകളിലാണ് അടയാളപ്പെടുത്താൻ ശ്രമിച്ചത്. കാർഷികോപകരണങ്ങൾ, പലതരം കൃഷിഭൂമികൾ, വിവിധയിനം വിത്തുകൾ, കാർഷിക ഉല്പന്നങ്ങൾ, കാർഷികാചാരങ്ങൾ തുടങ്ങിയവയാണ് കാർഷിക സംസ്കാരത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ. മണിപ്രവാള കൃതികൾ കാർഷിക ഉല്പന്നങ്ങളുടെ വിവരവും വില്പന രീതിയും വിവരിക്കാനാണ്

പൊതുവെ ശ്രമിച്ചത്. അതിന്റെ ഉല്പാദന സമ്പ്രദായത്തെക്കുറിച്ചോ അനുബന്ധ പ്രവർത്തനങ്ങളെക്കുറിച്ചോ യാതൊരു സൂചനകളും വങ്കുവയ്ക്കുന്നില്ല. പക്ഷേ അങ്ങാടികളിലെ ഉല്പന്ന വിവരണങ്ങളെ സംബന്ധിച്ച സൂക്ഷ്മ വിശകലനങ്ങൾ നിശ്ചയമായും മധ്യകാല കാർഷിക വിചാരങ്ങളിലേയ്ക്കും അവിടുത്തെ സാമൂഹിക സാമ്പത്തിക ബന്ധങ്ങളിലേയ്ക്കുമാണ് വിരൽ ചൂണ്ടുന്നത്. മധ്യകാല കേരളത്തിന്റെ കാർഷികരംഗം സമൃദ്ധമായിരുന്നു എന്നതിന്റെ സൂചനകളാണ് മണിപ്രവാള കൃതികളിലെ അങ്ങാടിവർണ്ണനകൾ നൽകുന്നത്. കാർഷികോല്പന്നങ്ങളുടെ വിനിമയ സ്ഥാനങ്ങൾ എന്ന നിലയിലാണ് പ്രധാനമായും അങ്ങാടികൾ അഥവാ വാണിയങ്ങൾ പ്രവർത്തിച്ചത്. അവ നഗരങ്ങളോടോ, തുറമുഖങ്ങളോടോ ജനങ്ങൾ ഒത്തുചേരുന്ന ക്ഷേത്ര പരിസരങ്ങളോടോ ചേർന്നാണ് രൂപം പ്രാപിച്ചിരുന്നത്. ചന്തകളിൽ എത്തിയിരുന്ന കാർഷികോല്പന്നങ്ങളുടെ സൂചനകളനുസരിച്ച് രണ്ട് രീതിയിലുള്ള കൃഷിസംരംഭങ്ങൾ നിലനിന്നിരുന്നതായി മനസ്സിലാക്കാം. ഒന്ന് ജനത അവരുടെ നിത്യോപയോഗത്തിനും അതിജീവനത്തിനുമായി ഉല്പാദിപ്പിച്ച് ഉപയോഗിച്ചിരുന്നവ. മറ്റൊന്ന് വാണിജ്യ ആവശ്യങ്ങൾക്കായി വിളയിച്ചിരുന്നവ. നാണ്യവിള കൃഷികളുടെ ലക്ഷ്യം രണ്ടാമത് പറഞ്ഞതുമായി ചേർന്നു നിൽക്കുന്നു.

മധ്യകാല കേരളീയരുടെ ഭക്ഷ്യധാന്യങ്ങളിൽ മുഖ്യം അരിതന്നെ. നെൽകൃഷിയായിരുന്നു ഏറ്റവും വ്യാപകമായിരുന്നത്. പലതരം നെല്ലിനങ്ങളെക്കുറിച്ച് ഉണ്ണുനീലിസന്ദേശം നൽകുന്ന വിവരങ്ങൾ നോക്കുക:

കൂരൻ ചോഴൻ പഴവരി കരക്കൊണ്ണൻ വെണ്ണൽ കണ്ണൻ
മോടൻ കാടൻ കുറുവ കൊടിയൻ പങ്കി പൊക്കാളി ചെന്നൽ
ആനക്കോടൻ കിളിയിറ കനങ്ങാരിയൻ വീരവിത്തൻ
കാണാം മറ്റും പലവിധമുടൻ നെല്ലുകല്യാണ കീർത്തേ (ഉണ്ണുനീലിസന്ദേശം. 82)

സ്വദേശത്തെ മാത്രമല്ല മറ്റിടങ്ങളിലെ നെല്ലിനങ്ങളും കേരളത്തിൽ ലഭ്യമായിരുന്നു എന്നു കരുതണം. വരിനെല്ല്, പുന്നെല്ല്, കൂരൻ, പഴവരി എന്നിങ്ങനെയുള്ളത് നാടൻ വിഭാഗത്തിൽപ്പെടുന്നതാണ്. കൃഷിക്കായി ഉപയോഗിച്ചിരുന്ന നെൽ വിത്തിനങ്ങളാണ് കുറുവ, ചെന്നെല്ല്, പൊക്കാളി, ആനക്കോടൻ, കിളിയറ, വീരവിത്തൻ, കാടൻ, മോടൻ തുടങ്ങിയവ. 'ചോഴൻ' ചോള നാട്ടിൽ നിന്നും വന്ന മറുനാടൻ ഉല്പന്നമാകണം. 'പരദേശികളായ ചോഴിയർ' കച്ചവടക്കാരെക്കുറിച്ച് 'അനന്തപുരവർണ്ണന' (പദ്യം.101) ത്തിലും 'ഉണ്ണിയാടിചരിത' (ഗദ്യം.19)ത്തിലും വിവരണമുണ്ട്. ചോഴിയർ ചോള നാട്ടുകാരാണ്. അവർ ഉല്പാദിപ്പിച്ചി

രുന്ന ഉല്പന്നങ്ങളുമായി ഇവിടെ എത്തിയിരുന്നു എന്നതിന്റെ സൂചനയാണിത്. കേരളത്തിന് ഏകീകൃതമായ ഒരു കൃഷി സമ്പ്രദായം അക്കാലത്ത് ഉണ്ടായിരുന്നതായി ധരിച്ചുകൂടാ. ഭൂമിയുടെ സ്വഭാവവും വെള്ളത്തിന്റെ ലഭ്യതയുമനുസരിച്ചാണ് നെൽകൃഷി നടത്തിയിരുന്നതെന്ന് മനസ്സിലാക്കാം. വയലുകൾ, വെള്ളം എത്തിക്കാൻ കഴിയുന്ന പ്രദേശങ്ങൾ, താഴ്ന്ന ചെളിപ്പാടങ്ങൾ എന്നിവിടങ്ങളിലെല്ലാമാണ് പൊതുവെ നെൽകൃഷി നടത്തി വന്നത് എന്നതിന്റെ സൂചനകളാണ് നെല്ലിനങ്ങളുടെ തരഭേദങ്ങൾ നൽകുന്നത്.

മഹോദയപുരത്തെ പെരുമാക്കന്മാരുടെ കാലത്ത് തന്നെ കേരളത്തിൽ നീർനിലങ്ങളിൽ നെൽകൃഷി വ്യാപിച്ചിരുന്നതിന്റെ തെളിവുകളുണ്ട്. ഉണ്ണിച്ചിരുതേവി ചരിത്രത്തിൽ നായികാ ഗൃഹത്തിനു സമീപമുള്ള പുഞ്ച നിലത്തെക്കുറിച്ച് വർണ്ണിച്ചിരിക്കുന്നു. വയലുകളുടേയും വയൽ തോപ്പുകളുടേയും വിവരണവും കാണാം. 'വരമ്പു മൂടുമാറു നെൽത്തൈച്ചുഴും പുലങ്ങൾ' (ഉണ്ണിച്ചിരുതേവിചരിതം ഗദ്യം.12) നെൽകൃഷിയുടെ പ്രാധാന്യത്തെ വെളിവാക്കുന്നു. 'വളമമിക കഴനികളിൽ വളർകളമ കതിർ നിരകൾ' എങ്ങിനെ വളക്കൂറുള്ള വയലുകളിലെ സമൃദ്ധമായ നെൽക്കതിരിന്റെ നിരകളെക്കുറിച്ച് 'ഉണ്ണിയാടിചരിതം' (ഗദ്യം.17) സൂചിപ്പിക്കുന്നു. എല്ലായിടത്തും നിറഞ്ഞു വിളയുന്ന പാടത്തിലൂടെ യാത്ര ചെയ്യുന്ന സന്ദേശഹരനെ കോകസന്ദേശ (ഗദ്യം.82)ത്തിൽ കാണാം. മതിയാവണ്ണം മഴകിട്ടുമ്പോൾ നടവരമ്പിട്ട്, ചുറ്റും പരന്നിട്ടുള്ള നനവോടുകൂടി ഉഴുതുമറിച്ച്, മരമടിച്ച പാടങ്ങളിലാകെ ഒരാളുയരത്തിൽ ആടിയുലഞ്ഞ് വളർന്നു നിൽക്കുന്ന നെൽപാടത്തിലൂടെയാണ് യാത്ര. മഴയെ ആശ്രയിച്ചുള്ള കൃഷിരീതിയെക്കുറിച്ചും നിലം ഉഴുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചുമെല്ലാം ഉള്ള വിവരങ്ങൾ മധ്യകാല രചനകളിൽ ലഭ്യമാണ്. അപ്പം, അട, തവിട്ടട (തവിട് കൊണ്ടുണ്ടാക്കിയത്) തരിപ്പണം (നേർത്ത അരിപ്പൊടി), വിരിപ്പവൽ (വിരിപ്പു നെൽ ഇടിച്ചുണ്ടാക്കിയത്) എന്നിങ്ങനെ അരി ഉപയോഗിച്ച് പാകം ചെയ്ത ഭക്ഷ്യവസ്തുക്കളും വിപണിയിൽ വിറ്റഴിച്ചിരുന്നു എന്നതിൽ നിന്നും നെൽകൃഷിയുടെ പ്രാധാന്യം തിരിച്ചറിയാം. കർഷകർ ഉണ്ടാക്കിയ നെല്ലിന്റെ ഒരു ഭാഗം അങ്ങാടികളിൽ വിൽപ്പനക്കെത്തി എന്നതിൽ തർക്കമില്ല. എന്നാലത് മിച്ച ഉല്പന്നമായിരുന്നു എന്ന് പൂർണ്ണമായും ധരിച്ചുകൂടാ. തങ്ങൾ ഉല്പാദിപ്പിച്ച നെല്ലിനു പകരം അവർക്കാവശ്യമായ മറ്റു വസ്തുക്കൾ സ്വീകരിക്കാനായി കൈമാറിയതുമാകാം. നെല്ലിനു പകരം അരി ആവശ്യപ്പെടുന്ന കച്ചവടക്കാരെ 'അനന്തപുരവർണ്ണന' (പദ്യം.32)ത്തിൽ കാണാം. മറുനാടൻ നെല്ലിനങ്ങൾ സ്വീകരിക്കുന്നതിൽ ഭക്ഷണ വൈവിധ്യത്തിലുള്ള താല്പര്യമാക

ണമെന്നില്ല. മധ്യകാല കേരളീയരുടെ ഉപഭോഗത്തിനാവശ്യമായ നെല്ല് ഉല്പാദനം അക്കാലത്ത് ഇല്ലായിരുന്നു എന്ന നിരീക്ഷണം പ്രബലമാണ്. വയലുകളിൽ മാത്രമല്ല, ജല ലഭ്യതയുള്ള കരപ്രദേശങ്ങളിലേയ്ക്കും നെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ സൂചനകളാണ് മധ്യകാല കേരളീയ കൃതികൾ പങ്കുവയ്ക്കുന്നത്. നെല്ലിനോളം പ്രാധാന്യമില്ലെങ്കിലും ഗോതമ്പ്, ചോളം, കടല, ഉഴുന്ന് തുടങ്ങിയ ചരക്കുകളും അങ്ങാടികളിൽ വിറ്റഴിച്ചിരുന്നതായി മിക്ക മണിപ്രവാള കൃതികളിലും പരാമർശമുണ്ട്. അതിനാൽ കേരളീയരുടെ ഭക്ഷ്യധാന്യ കൃഷിയിൽ ഇവയും ഉൾപ്പെട്ടിരുന്നു എന്ന് വ്യക്തമാണ്.

മധ്യകാല സാഹിത്യ കൃതികളിൽ അധിനിവേശ ശക്തികളുടെ കടന്നുവരവിനെക്കുറിച്ചുള്ള സൂചനകൾ ഇല്ലെങ്കിലും ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള വിദേശിയർ കേരളത്തിൽ വാണിയത്തിനായി എത്തിയിരുന്നു എന്നതിന് തെളിവുകളാണ്. ആരിയർ, കന്നടർ, മാളവർ, വംഗർ, തുലിംഗർ, കലിംഗർ, ചോഴിയർ തുടങ്ങിയവരെക്കുറിച്ച് 'ഉണ്ണിയാടിചരിത' (ഗദ്യം.19)ത്തിലും ഇവരെ കൂടാതെ മാണ്ഡകർ, ചോനകർ, ഗൗഡർ, പാണ്ടി, കുടയാരിയർ തുടങ്ങിയ പരദേശികളെക്കുറിച്ചും 'അനന്തപുര വർണ്ണന' (പദ്യം.101)ത്തിലും സൂചന നൽകുന്നു. അതോടൊപ്പം ചീനർ, തുലിക്കർ, ജൂതന്മാർ എന്നിങ്ങനെ ഇന്ത്യാ ഉപഭൂഖണ്ഡത്തിന് പുറത്തുള്ളവരും അങ്ങാടികളിൽ എത്തി സാധനങ്ങൾ കൈമാറ്റം നടത്തിയിരുന്നു. കൊല്ലം, കോഴിക്കോട് തുടങ്ങിയ തുറമുഖങ്ങളിൽ വിപുലമായ ഉല്പന്ന കൈമാറ്റങ്ങൾ നടന്നതിന്റെ സൂചനകൾ അക്കാല കവിതകൾ നൽകുന്നുണ്ട്. പരദേശികൾ കേരളത്തിന്റെ കാർഷിക ഉല്പന്നങ്ങൾ തേടി എത്താൻ തുടങ്ങുന്നതോടെ കൃഷിയുടെ വ്യാപനവും വാണിജ്യ വികസനവും സംഭവിക്കുന്നതായി കാണാം. ഭക്ഷ്യ വിളകളോടൊപ്പം നാണ്യ വിളകളുടെ വിപുലമയ ഉല്പാദനവും മധ്യകാല കേരളത്തിൽ വ്യാപകമായി. നാണ്യ വിളകൾക്ക് കൈവന്ന ദൂരദേശ വ്യാപാരം കേരളീയ കാർഷിക സമ്പദ് വ്യവസ്ഥയെ പലനിലകളിൽ പുതുക്കി പണിയാൻ പോന്നതായിരുന്നു. അതിൽ പ്രധാനമാണ് ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്ന പറമ്പ് – പുരയിട സമ്പദ് വ്യവസ്ഥയുടെ വ്യാപനം. വിദേശ വാണിജ്യം ശക്തി പ്രാപിച്ചതോടെ കൃഷിക്കായി പറമ്പുകളെ കൂടുതൽ പ്രയോജനപ്പെടുത്താൻ കർഷകർ തയ്യാറായി. നാണ്യവിളകളിൽ കുരുമുളകായിരുന്നു പ്രധാനം. കൂടാതെ ഏലം, ഇഞ്ചി, മഞ്ഞൾ എന്നിവയും കയറ്റുമതി ഉല്പന്നങ്ങളുടെ കൂട്ടത്തിൽ സ്ഥാനം പിടിച്ചവയാണ്. മലയാളക്കരയിൽ പ്രാചീനകാലം മുതൽ തന്നെ ധാരാളം കുരുമുളക് വളർന്നിരുന്നു. അതൊരു കാട്ടുവിഭവമായിരുന്നു എന്ന് പറയുമ്പോഴും അതിന്റെ

ഗുണവും പ്രാധാന്യവും തിരിച്ചറിഞ്ഞ് കേരളം വലിയതോതിൽ കൃഷി ചെയ്യാൻ അക്കാലത്ത് തന്നെ ശ്രമങ്ങൾ നടത്തിയിരുന്നു. 'കുരുമുളക് വള്ളിയും വെറ്റിലകൊടിയും പടർത്തിയിട്ടുള്ള തെങ്ങും കവുങ്ങും തിങ്ങുന്ന കേരളനാടി'നെക്കുറിച്ചുള്ള സൂചന 'ശുകസന്ദേശം' (പദ്യം.34) നൽകുന്നു. കുരുമുളകിനെ സംബന്ധിച്ച വിവരം 'അനന്ത പുരവർണ്ണന' (പദ്യം.57)വും പങ്കുവയ്ക്കുന്നു. വിദേശികളുടെ ആവശ്യവും സ്വദേശികളുടെ സാമ്പത്തിക മോഹവും കുരുമുളക് കൃഷി വ്യാപിക്കാൻ ഇടയായിരുന്നിരിക്കണം. കോലത്തു നാട്ടിൽ ഏലം സൗരഭ്യം പരത്തുന്നതിനെപ്പറ്റി 'കോകിലസന്ദേശ'ത്തിൽ പരാമർശമുണ്ട്. ആഹാര സാധനങ്ങളിൽ സുഗന്ധത്തിനുവേണ്ടിയും ഔഷധമായും ഏലം ഉപയോഗിച്ചിരുന്നതായി കേരളീയ കൃതികൾ സാക്ഷ്യപ്പെടുത്തുന്നു. 'ഉണ്ണിയച്ചീചരിതം' (ഗദ്യം.19) 'ഉണ്ണുനീലിസന്ദേശം' (പദ്യം. 1–84) എന്നിവയിലാണ് ഏലത്തെക്കുറിച്ച് പരാമർശിച്ചിട്ടുള്ളത്. കുരുമുളക്, ഏലം തുടങ്ങിയ ഉല്പന്നങ്ങൾ തോട്ടവിളകൾ എന്ന പദവി കൈവരിക്കുന്നതാണ് പിന്നീടുള്ള കൃഷിയനുഭവം.

തോട്ട വിളകളിൽ തെങ്ങിനുള്ള പ്രാധാന്യം വളരെ വലുതാണ്. മധ്യകാലഘട്ടത്തിൽ നാളീകേരവും അതിന്റെ വിവിധ ഉല്പന്നങ്ങളും ഇവിടുത്തെ മുഖ്യ കച്ചവടചരക്കായിരുന്നു. തേങ്ങയും, അടയ്ക്കയും കയറ്റി പോന്ന വിദേശ കപ്പലുകളെക്കുറിച്ചുള്ള കഥകൾ കൃതികൾ പങ്കുവയ്ക്കുന്നു. ഇഞ്ചി, പുളി, മഞ്ഞൾ, വെറ്റില, നീലം, കായാമ്പൂവ്, കറുകപ്പട്ട, ചുക്ക് തുടങ്ങിയ വാണിജ്യ വിളകളെക്കുറിച്ചും മധ്യകാല കൃതികൾ പരാമർശിക്കുന്നുണ്ട്. തെങ്ങ് ഏകവിളയായിട്ടല്ല കേരളത്തിൽ കൃഷി ചെയ്ത് പോന്നത്. അതിനോടു ചേർന്നു മറ്റ് ഇടവിളകളും വ്യാപകമായി നടത്തിയിരുന്നു.

തേന്മാവോളം പനസനികരം തെങ്ങൊരോന്റിന്നു നന്നാ
ലന്നാലിന്നും കമുകിടയിടെപ്പാകി മുമ്മൂന്റ നീളെ
ഒന്റിന്നൊന്റും വളർകതളിയും ചിങ്ങനും നൽകരിമ്പും
കാ കൊണ്ടീടും വഴുതിനകളും മന്ദിരേ മൽ പ്രിയായാ:

എന്ന 'ഉണ്ണുനീലിസന്ദേശ' (2.42)ത്തിലെ ശ്ലോകം ശാസ്ത്രീയമായ കൃഷി സമ്പ്രദായം മധ്യകാലത്തുതന്നെ കേരളം പരീക്ഷിച്ചിരുന്നു എന്നതിന് തെളിവാണ്. നെല്ലിന് കരിമ്പിനോളവും കരിമ്പിന് വാഴയെപോലെയും വാഴയ്ക്ക് കമുകിന് തുല്യവും കമുകിന് തെങ്ങിനോളവും വലിപ്പമുണ്ടെന്ന 'ശുകസന്ദേശ' (2.18)ത്തിലെ പരാമർശം ഇടകൃഷിയെക്കുറിച്ചു തന്നെ. തെങ്ങിൻ തോപ്പുകളിലൂടെ കടന്നു പോകുന്ന കാറ്റിനെക്കുറിച്ച് 'ഉണ്ണുനീലിസന്ദേശം' (97) പരാമർശിക്കുന്നു. തഴച്ച തെങ്ങുകളുടെ

തോപ്പുകളും പച്ചപിടിച്ച വഴിയിലേക്ക് വളർന്നു നിൽക്കുന്ന ഹ്രസ്വകാല വിളവകളോടു കൂടിയ (ചേന, ചേമ്പ്, കാച്ചിൽ ആദിയായവ) പറമ്പുകളും 'കോകസന്ദേശം' (91) കാട്ടിത്തരുന്നു. തെങ്ങു കൃഷിയോട് ചേർന്നാണ് കവുങ്ങ്, മാവ്, പ്ലാവ്, പുളി തുടങ്ങിയ ഫലവൃക്ഷങ്ങളും വളർത്തിയിരുന്നത്. തെങ്ങിലും കവുങ്ങിലും കുരുമുളകും വെറ്റില വള്ളികളും പടർത്തി കൃഷി ചെയ്തു പോന്നു. 'കൊടിചുറ്റി നീൾകമുകു'കളെയും 'തോട്ട മണ്ണിന്റെ താംബൂല വല്ലീമയം' എന്നിങ്ങനെ തോട്ടമാകെ തളിർത്തു നിൽക്കുന്ന വെറ്റില കൊടികളേയും സംബന്ധിച്ച വിവരം 'ഉണ്ണിച്ചിരുതേവിചരിതം' (ഗദ്യം. 8, 11) നൽകുന്നു. തേങ്ങായ്ക്കു പകരമായി വെറ്റില ആവശ്യപ്പെടുന്ന കച്ചവടക്കാരെ 'അനന്തപുരവർണ്ണന' (32)ത്തിൽ കാണാം. 'ഈഴ കമുകിനെ' (ഈഴത്തു നിന്നും കൊണ്ടുവന്നതാകണം)ക്കുറിച്ചാണ് 'ഉണ്ണുനീലിസന്ദേശ'(പദ്യം 2-40)ത്തിൽ പരാമർശിക്കുന്നത്.

നാണ്യവിളകളുടെ ആവശ്യം മുൻനിർത്തിയാണ് പറമ്പ് -പുരയിട വ്യവസ്ഥ വ്യാപകമാകുന്നതും കൃഷി വികസിക്കുന്നതും. അതിലൂടെ നിത്യവൃത്തിക്ക് ആവിശ്യമായ ഇടവിളകൾ നടത്താനും കർഷകർ തയ്യാറായി. വിവിധയിനം കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, ഇലക്കറികൾ ഇങ്ങനെ ഉല്പാദിപ്പിച്ചിരുന്നവരാണ്. അങ്ങാടി ചരക്കുകളായും ഇവ സ്ഥാനം പിടിച്ചിരുന്നു. ചേന, കാച്ചിൽ, ചേമ്പ്, ചെറുകിഴങ്ങ്, നനകിഴങ്ങ്, മുക്കിഴങ്ങ്, ചീന (മധുരക്കിഴങ്ങ്) കൂർക്ക, കൂവ (കിഴങ്ങുവർഗ്ഗങ്ങൾ) പയറ്, വാഴയ്ക്ക, കൈപ്പക്ക, അമരയ്ക്ക, വഴുതന, കത്തിരി, മുരിങ്ങക്ക (പച്ചക്കറികൾ), കീര (ചീര), കുപ്പക്കീര, തഴുതാമ, ചെറുചീര, കറുകപ്പുല്ല്, ചേമ്പില, ചേനയില (ഇലവർഗ്ഗങ്ങൾ), ചക്ക, മാങ്ങ, വിവിധയിനം വാഴ (പഴവർഗ്ഗങ്ങൾ) എന്നിങ്ങനെ വൈവിധ്യമാർന്ന കാർഷിക വിഭവങ്ങൾ ഉല്പാദിപ്പിക്കുകയും അങ്ങാടികളിൽ വിറ്റഴിക്കുകയും ചെയ്തിരുന്നതിന്റെ വിവരങ്ങളാണ് മിക്ക മധ്യകാല കൃതികളും പങ്കുവയ്ക്കുന്നത്. വിവിധയിനം മത്സ്യങ്ങളെക്കുറിച്ചുള്ള സൂചനകൾ ഉണ്ടെങ്കിലും ഒരു കൃഷിയായി അതിനെ വികസിപ്പിച്ചിരിക്കാൻ വഴിയില്ല. പ്രകൃതി വിഭവങ്ങളെ ഉപയോഗിക്കാനുള്ള താല്പര്യമാകും അതിനുപിന്നിൽ. അങ്ങാടികളിൽ വാണിയത്തിന് എത്തിയിട്ടുള്ള കാർഷിക വിഭവങ്ങൾ ഭൂരിഭാഗവും പ്രാദേശിക വിഭവങ്ങൾ തന്നെയാണ്. അത് നമ്മുടെ കാർഷിക ബഹുസ്വരതയിലേക്കും ഭക്ഷണ സംസ്കാരത്തിലേയ്ക്കുമാണ് വെളിച്ചം വീശുന്നത്. അതോടൊപ്പം കേരളീയ സാമ്പത്തിക നിലയെക്കുറിച്ചും അറിവ് പകരുന്നു. പൊതുവെ ഒരു സമൂഹത്തിന്റെ ജീവിത നിലവാരത്തിലേക്കുള്ള ദിശാസൂചികളായി അവ മാറു

ന്നു. പ്രകൃതിയുടെ സ്വാഭാവികതയ്ക്ക് എതിരായാണ് കൃഷി വികസിക്കുന്നതെന്ന യാഥാർത്ഥ്യം നിലനിൽക്കുമ്പോൾ തന്നെ പ്രകൃതിയുമായി ചേർന്ന് ജീവിക്കുന്നതിനെക്കുറിച്ചുള്ള അറിവുകളാണ് മണിപ്രവാള കൃതികളിലെ കാർഷിക വിജ്ഞാനം പങ്കുവയ്ക്കുന്നത്. വാസ്തവത്തിൽ മധ്യകാല കേരളീയരുടെ കാർഷിക സംസ്കൃതിയുടേയും പുതിയ സാമൂഹ്യ രൂപീകരണത്തിന്റേയും ചരിത്ര പാഠങ്ങളെ കൂടിയാണ് അക്കാലത്തെ കൃതികൾ അടയാളപ്പെടുത്തുന്നത്.

**ഗ്രന്ഥസൂചി**

കുഞ്ഞൻപിള്ള, ശൂരനാട്, 1996 : ഉണ്ണുനീലിസന്ദേശം (വ്യാ) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

ഗോപിക്കുട്ടൻ, 1996 :കോകസന്ദേശം (വ്യാ), കറന്റ് ബുക്സ്, തൃശ്ശൂർ

ഗോപിനാഥൻനായർ എൻ., 2016 : ഉണ്ണിയാടി ചരിതം (വ്യാ) എൻ.ബി.എസ്. കോട്ടയം

നാരായണപിള്ള പി.കെ., 2009 : ഉണ്ണിയച്ചീചരിതം (സം) കേരള സർവ്വകലാശാല, തിരുവനന്തപുരം

രത്നമ്മ കെ., 1997 : അനന്തപുര വർണ്ണനം (വ്യാ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

സുന്ദരം ധനുവച്ചപുരം, 2005 : ഉണ്ണിച്ചിരുതേവി ചരിതം (വ്യാ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

# ജീവതയുടെ കൃഷിപാഠം

**ഡോ. ആർ. രാജേഷ്**

മറ്റേതു പ്രദേശവും പോലെ ഒന്നായിരിക്കെ തന്നെ പലമകളെ ആശ്ലേഷിക്കുന്ന ഇടമാണ് കൊച്ചുകേരളവും. മൂന്നരക്കോടി ജനത സംസാരിക്കുന്ന മലയാളത്തിന് പ്രാദേശികമായുള്ള ഭാഷണഭേദങ്ങൾ തന്നെ ഇത് വ്യക്തമാക്കുന്നുണ്ട്. ആറു മലയാളിക്ക് നൂറ് മലയാളം എന്നൊരു പ്രയോഗം തന്നെയുണ്ടല്ലോ. ഭാഷണ, ഭക്ഷണ വൈവിധ്യങ്ങളിലെ പോലെ തന്നെ ആചാരാനുഷ്ഠാനങ്ങളിലും പ്രാദേശികമായ കയ്യൊപ്പുകൾ പതിഞ്ഞിട്ടുണ്ട്. കാലം ഏറെ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ടെങ്കിലും അവയ്ക്കൊക്കെ ഒരു പരിധിവരെ വഴങ്ങിക്കൊടുത്തുകൊണ്ട് വഴങ്ങും സ്ഥിരത നിലനിർത്തുന്ന അനുഷ്ഠാനകലകൾ അതാത് പ്രദേശങ്ങളുടെ തനിമ തങ്ങളിൽ നിന്ന് ചോർന്നുപോകാതെ സൂക്ഷിക്കുന്നു. മധ്യതിരുവിതാംകൂറിലെ ഓണാട്ടുകര പ്രദേശത്ത് നിലനിന്നുപോരുന്ന ജീവതനൃത്തം, ഓണാട്ടുകരയ്ക്കു പറത്ത് അധികം ചർച്ച ചെയ്യപ്പെടാത്ത ഒരു കാർഷികാധിഷ്ടിത അനുഷ്ഠാന കലാരൂപമാണ്. വടക്ക് തെയ്യം പോലെയോ തൃശ്ശൂർ പുലികളി പോലെയോ മധ്യ, തെക്കൻ തിരുവിതാകൂറിലെ കുത്തിയോട്ടം പോലെ ഒന്നും അധികം പഠനവിധേയമായിട്ടുള്ള കലാരൂപമല്ല ജീവത നൃത്തം. ഓണാട്ടുകരയുടെ മാത്രം എന്ന് അവകാശപ്പെടാൻ കഴിയുന്ന ഈ അനുഷ്ഠാനനൃത്തരൂപം ഒട്ടേറെ സവിശേഷതകളാൽ ശ്രദ്ധേയമാണ്.

**ഓണാട്ടുകര കാർഷിക ഭൂമിക**

ആലപ്പുഴ, കൊല്ലം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന ഒരു പ്രദേശമാണ് ഓണാട്ടുകര. മാവേലിക്കര, കാർത്തികപ്പള്ളി താലൂക്കുകളും, കരുനാഗപ്പള്ളി, കുന്നത്തൂർ താലൂക്കുകളിലെ ചില പ്രദേശങ്ങളും ഉൾക്കൊള്ളുന്ന ഒരു തീരദേശ മേഖലയാണ് ഭൂമിശാസ്ത്രപരമായി ഓണാട്ടുകര,

കേരളത്തിലെ 13 കാർഷിക കാലാവസ്ഥാ മേഖലകളിൽ ഒന്നാണിത്. കിഴക്ക് ഇടനാടിനും തെക്ക് അഷ്ടമുടിക്കായലിനും വടക്ക് തൃക്കുന്നപ്പുഴയ്ക്കും പടിഞ്ഞാറ് അറബിക്കടലിനും മദ്ധ്യേയുള്ള ഈ ഭൂപ്രദേശം കാർഷിക വിളകളുടെ വൈവിദ്ധ്യങ്ങൾക്കും വിവിധ കാർഷിക വൃത്തികൾക്കും വിഖ്യാതമാണ്. ഏകദേശം 71059 ഹെക്ടർ സ്ഥലത്തായി വ്യാപിച്ചു കിടക്കുന്ന കാർഷികാധിഷ്ഠിത സാംസ്കാരിക ആവാസമേഖലയാണ് ഓണാട്ടുകര. ആഴിക്കും പൊഴിക്കുകം മദ്ധ്യേയുള്ള ഒരു പ്രദേശമെന്നിതിനെ വിശേഷിപ്പിക്കാം.

പുരയിടം, തറ, കുളം, കണ്ടം എന്നിങ്ങനെ നാലായി വിഭജിക്കപ്പെട്ടതാണ് ഓണാട്ടുകരയുടെ ഭൂപ്രകൃതി, പുരയിടം എന്നാൽ നിരന്ന പ്രദേശം തന്നെ. അതിൽ അല്പം താഴ്ചയുള്ള ഭാഗമാണ് തറ. എല്ലാ വീടുകളിലും കുളവും സാധാരണമായിരുന്നു. ഇവയ്ക്ക് പുറമേയാണ് നെൽകൃഷിയും ഇടവിളയായി എള്ള്, മുതിര, പയർ എന്നിവയും കൃഷി ചെയ്തിരുന്ന വിരിപ്പുകണ്ടങ്ങൾ. കാവും കുളവും ഓണാട്ടുകരയുടെ അവിഭാജ്യഘടകം തന്നെയായിരുന്നു. പഴയ കുടുംബങ്ങളിലെല്ലാം വെച്ചാരാധനയുള്ള കാവുകളും അതിനോടനുബന്ധിച്ചുള്ള കുളങ്ങളും ഉണ്ടായിരുന്നു. ഇവയുടെ സംരക്ഷണമാകട്ടെ ഓണാട്ടുകരക്കാരുടെ വിശ്വാസവും ആരാധനാക്രമവുമായി ബന്ധപ്പെട്ടിരുന്നു. സവിശേഷമായ കാർഷിക സംസ്ക്കാരവും ഇവയുടെ സംരക്ഷണത്തിന് മറ്റൊരു കാരണമായി ഭവിച്ചു. 'കാവ് തീണ്ടിയാൽ കുളം നശിക്കും' എന്നിങ്ങനെ ജലസംരക്ഷണവുമായി ബന്ധപ്പെട്ട പരിസ്ഥിതി ബോധവും ഓണാട്ടുകരയിലെ പൂർവ്വികരിൽ നിലനിന്നിരുന്നു. ഇരുപ്പൂനെല്ലും ഒരുപ്പൂ എള്ളും ഇതിനിടയിൽ തരാതരം പോലെ എള്ളും മുതിരയും പയറുമൊക്കെ കൃഷി ചെയ്തിരുന്ന വിരിപ്പുകണ്ടങ്ങൾ ഓണാട്ടുകരയുടെ മാത്രം സവിശേഷതയായിരുന്നു.

ഓണാട്ടുകരയിലെ വിരിപ്പുകണ്ടങ്ങളിൽ നിന്ന് വിളയിച്ചെടുത്ത എള്ളിൽ നിന്നും ഉല്പാദിപ്പിക്കുന്ന എള്ളെണ്ണ ഔഷധഗുണത്തിലും മുന്നിലായിരുന്നു. ഓണാട്ടുകരയിലെ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട ഒട്ടേറെ നാട്ടാചാരങ്ങളും നിലനിന്നിരുന്നു. മീനം 27 നുള്ള വിത്തിടീൽ, നിലം വരിച്ചൽ, ഇരുപത്തയെട്ടാം ഉച്ചാരം, കരിവള്ളി, നിറ, സംക്രാന്തി, ചന്തകെട്ടി താമസിക്കുക, എന്നിവയെല്ലാം ഈ കാർഷിക സംസ്കാരത്തിന്റെ അടയാളങ്ങളായിരുന്നു. സമ്പന്നമായ കാർഷിക സംസ്കാരത്തിൽ വിവിധ മത വിഭാഗങ്ങൾ പുലർത്തിയ സ്വാധീനതയിലൂടെ രൂപപ്പെട്ടതാണ് ഓണാട്ടുകരയുടെ സംസ്കാരം. കാർഷിക വൃത്തിയിൽ അധിഷ്ടിതമായ ഒരു സമൂഹത്തിന്റെ ആരാധാനാക്രമങ്ങൾ കൃഷിയുമായി

ബന്ധപ്പെട്ടു രൂപം പ്രാപിച്ചതായിരിക്കുമല്ലോ.ഓണാട്ടുകരയിലെ വിവിധ ആരാധനാക്രമങ്ങളും ഉത്സവ ചടങ്ങുകളും കാർഷിക വിളവെടുപ്പുമായി ബന്ധപ്പെട്ടിരിക്കുന്നു. കൊയ്തുകഴിഞ്ഞ കണ്ടങ്ങളിൽ നടക്കുന്ന കക്കാരിശ്ശിനാടകവും ഓച്ചിറക്കളി പോലെയുള്ള സമരോത്സവങ്ങളും എട്ടു കണ്ടം ഉരുളിച്ച പോലെയുള്ള ചടങ്ങുകളുമെല്ലാം ഓണാട്ടുകരയുടെ കാർഷികാധിഷ്ടിത സമൂഹത്തിന്റെ ആരാധനാ ക്രമങ്ങളെ തന്നെയാണ് സൂചിപ്പിക്കുന്നത്. എല്ലാവർഷവും മിഥുനമാസം ഒന്നും രണ്ടും തീയതികളിൽ ഓച്ചിറ പടനിലത്ത് അൻപത്തിരണ്ട് കരക്കാരുടെ പങ്കാളിത്തത്തോടെ നടത്തുന്ന ഓച്ചിറക്കളി ഒരു ആയോധനപാരമ്പര്യത്തിന്റെ സ്മരണ ഉണർത്തൽ കൂടിയാണ്. ഓണാട്ടുകരയുടെ എറ്റവും വലിയ സവിശേഷതയാണ് പടനിലങ്ങൾ. വീരാരാധനയുടെ ഭാഗമായ ഒരു അനുഷ്ഠാനമെന്ന നിലയിൽ ഇന്നും ഓച്ചിറ പടനിലവും ഓച്ചിറക്കളിയും നിലനിൽക്കുന്നു. ലക്ഷണയിൽ പണിക്കൻമാർക്ക് ഓണാട്ടുകരയിൽ നൂറ്റിയെട്ടു കളരികൾ ഉണ്ടായിരുന്നതായി അനുമാനിക്കുന്നു. കണ്ടിയൂർ, ഓച്ചിറ. ചക്കുവള്ളി, പള്ളിക്കൽ, ചെറിയനാട്, പാലമേൽ, ഭരണിക്കാവ്, എന്നിവിടങ്ങളിൽ പടനിലങ്ങൾ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. കണ്ടിയൂർമറ്റം,പടപ്പാട്ട് എന്ന കൃതി ഈ പടപാരമ്പര്യത്തിന് തെളിവാകുന്നു.

ഓണാട്ടുകരയുടെ കാർഷിക സംസ്കൃതിയുമായി ഏറെ ബന്ധപ്പെട്ടു കിടക്കുന്ന ഒരു ചടങ്ങാണ് ജീവത എഴുന്നള്ളത്ത്. ഓണാട്ടുകരയിലെ വിളവെടുപ്പ് ഉത്സവം എന്നുവേണം പറയ്ക്ക് എഴുന്നള്ളത്തിനെ വിശേഷിപ്പിക്കാൻ. ഒന്നാംകൃഷി വിളവെടുപ്പിനു ശേഷം സന്തുഷ്ടരായിരിക്കുന്ന മക്കളെ കാണാൻ അമ്മദൈവങ്ങൾ ജീവിത എന്ന പല്ലക്കിലേറി വീടുകളിലെത്തുന്നു. വിളവെടുപ്പിന്റെ ഒരു വിഹിതം കാണിക്കയായി സ്വീകരിച്ച് മനം നിറഞ്ഞ ഗ്രാമദേവത ആനന്ദനൃത്തം നടത്തി ഭക്തരെ അനുഗ്രഹിച്ച് തിരിച്ചുപോകുന്നു.അൻപൊലി, അരീപ്പറ, എന്നിങ്ങനെയുള്ള ചടങ്ങുകളും ഇതിന്റെ ഭാഗമാണ്.

കാർഷിക സമ്പത്ത് വ്യവസ്ഥയുടെ ഗതകാലസ്മരണകൾ പുതുക്കുന്ന ഒരു അനുഷ്ഠാനകലയാണ് ജീവത എഴുന്നള്ളത്ത്. കാർഷിക സംസ്കാരം പൊതുവേ സ്ത്രീ ആരാധാനാ കേന്ദ്രീകൃതമാണെന്ന് വിവിധ സംസ്കാര പഠനങ്ങൾ തെളിയിക്കുന്നു. ഓണാട്ടുകരയിലെ കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട പറയെഴുന്നള്ളിപ്പ് ചടങ്ങിലും, ജീവത എന്നറിയപ്പെടുന്ന പല്ലക് മാതൃകയിലുള്ള ദേവവാഹനത്തിൽ എഴുന്നള്ളുന്നത് പ്രധാനമായും അമ്മ ദൈവങ്ങളാണ്. ലോകത്തിന്റെ വ്യത്യസ്ത ഇടങ്ങളിൽ കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട വിവിധങ്ങളായ അനുഷ്ഠാനങ്ങൾ കാണാവുന്നതാണ്.

ഓണാട്ടുകര സവിശേഷമായ ഒരു കാർഷികാധിഷ്ഠിത ഭൂപ്രദേശമാണ്. ഇരുപ്പു നെല്ലും, ഒരുപ്പൂ എള്ളും, ഇടവിളയായി മുതിരയും, പയറുമൊക്കെ വിളഞ്ഞിരുന്ന വിരുപ്പു കണ്ടങ്ങളും, കാവും തറയും കളരിയും എണ്ണമറ്റ ഗ്രാമദേവതകളും കാവൽ നിൽക്കുന്ന കാർഷിക സമൃദ്ധമായ പ്രദേശം. നാഗാരാധനയും അമ്മ ദൈവങ്ങളും ഓണാട്ടുകരക്കാരുടെ വിശ്വാസങ്ങളിൽ നിറഞ്ഞു നിന്നിരുന്നു. പറയ്ക്കെഴുന്നള്ളിപ്പും, തേരും കുതിരയും കുതിരച്ചുവട്ടിൽ കഞ്ഞിയും കെട്ടുകാഴ്ചകളും, വലിയകുരുതിയും സർപ്പംതുള്ളലും കുത്തിയോട്ടവും സിരകളിൽ ആവാഹിച്ച കരകൾ. കരകൾക്ക് കാവലാളായി അമ്മ ദൈവങ്ങൾ. ജീവതയിൽ കരയായ കരകളിലെ വീടുകൾ തോറും എഴുന്നള്ളി നിറപറ സ്വീകരിച്ച് മക്കളെ അനുഗ്രഹിച്ച് ആനന്ദനൃത്തം ചവുട്ടി മടങ്ങുന്ന അമ്മ ദൈവങ്ങൾ ഓണാട്ടുകരക്കാർക്കുമാത്രം സ്വന്തം.

കൊയ്ത്തുകഴിയുന്നതോടെയാണ് ഓണാട്ടുകരയിലെ ദൈവങ്ങളുടെ ഉത്സവകാലം ആരംഭിക്കുന്നത്. മകര ഭരണി മുതൽ ഇടവം ഒന്നു വരെയാണ് ഓണാട്ടുകരയിൽ ഭഗവതി പറകളുടെ കാലം . ധനുമാസത്തിൽ പറയെടുപ്പ് തുടങ്ങുന്ന ക്ഷേത്രങ്ങളും അപൂർവ്വമായി ഉണ്ട്. മകര കൊയ്ത്തുകഴിഞ്ഞ് അറകളും മറ്റും നിറഞ്ഞിരിക്കുന്ന അവസരത്തിൽ ദേവിമാർ ഭക്തരെ സന്ദർശിച്ച് സംതൃപ്തരായി മടങ്ങുന്നു. ഓരോ ഗ്രാമക്ഷേത്രത്തിന്റെയും പരിധിയിൽപ്പെടുന്ന കരകളിലെ ജനങ്ങൾ വിളവിന്റെ ഒരു പങ്ക് തങ്ങളുടെ സമ്പൽ സമൃദ്ധിക്ക് കാരണഭൂതരായ ദേവതകൾക്ക് ഒരുക്കി വെയ്ക്കുന്നു. വിളവിന്റെ ഒരു വിഹിതം പറ്റുന്ന ഗ്രാദേവതകൾ മനം നിറഞ്ഞ് ആനന്ദ നൃത്തം ചവുട്ടി അനുഗ്രഹങ്ങൾ ചൊരിഞ്ഞു മടങ്ങുന്നു. ഇതിനു പിന്നിൽ ഒരു കർഷക സമ്പത്ത് വ്യവസ്ഥകൂടി മറഞ്ഞിരിക്കുന്നു. ക്ഷേത്രത്തിലെ വരുന്നാണ്ടത്തെ നിത്യനിദാനത്തിനുള്ള വരുമാനം ഒരു കാലത്ത് ഈ പറയ്ക്കെഴുന്നള്ളിപ്പിലൂടെ ലഭിക്കുന്ന നെല്ലായിരുന്നു.

രണ്ടും മൂന്നും ദിവസം തൊട്ട് മൂന്ന് മാസം വരെ നീളുന്ന പറയ്ക്കെഴുന്നള്ളിപ്പുള്ള ക്ഷേത്രങ്ങളുണ്ട്. കരകളുടെ വിസ്തൃതിയും മറ്റും ആശ്രയിച്ചാണ് ഈ ദൈർഘ്യം കൂടുന്നതും കുറയുന്നതും, രാമപുരം, കാഞ്ഞൂർ ക്ഷേത്രങ്ങളിലെ പറയെടുപ്പ് ഒന്നരമാസം നീളുന്നു. ചെട്ടികുളങ്ങരദേവി പതിമൂന്ന് കരകളുടെ നാഥയായതിനാൽ ഏറ്റവും നീണ്ട പറയെടുപ്പും ഇവിടുത്തേതുതന്നെയാണ്. വീട്ടുമുറ്റത്ത് ചാണകം മെഴുകിയ കളത്തിൽ പീഠത്തിന്മേലായാണ് ജീവത എഴുന്നള്ളിച്ചിരുന്നത്. പല്ലക്കിന്റെ മാതൃകയിൽ നീണ്ട തണ്ടുകൾക്കുമേൽ പണികഴിപ്പിച്ചിട്ടുള്ള ദേവ വാഹനമാണ് ജീവത. ദേവീ ചൈതന്യത്തെ ഇതിനുള്ളിലെ കൂടാരത്തിലേക്ക് ആവാഹിച്ചിരുത്തുന്നു.

ജീവതയ്ക്കു മുന്നിൽ തൂശൻ ഇലയിൽ നിലവിളക്കും നിറപറയും ഒരുക്കും. ചങ്ങഴിയിലും നാഴിയിലും നെല്ലു നിറച്ച് പറയ്ക്കിരുപുറവും വെയ്ക്കും തുടർന്ന് മൂന്നു കൈ നെല്ലുവാരി പറയും നിറയ്ക്കുന്നതോടെ ആചാരവെടി മുഴങ്ങുന്നു. ഇതേ തുടർന്ന് പൂജാരി പറ തളിയ്ക്കും. പറയിലെ നെല്ല് ദേവിക്ക് അർപ്പിക്കുകയും ഒരംശം ആ വീടിനുനേരെ വിതറുകയും ചെയ്യുന്ന ചടങ്ങാണ് ഇത്. പിന്നീട് ജീവിത തോളിലേറ്റി താളത്തിന്റെ അകമ്പടിയോടെ ചുവടുവെച്ച് കളിപ്പിച്ചശേഷം അമ്മ ദൈവം യാത്രയാവുന്നു. അടുത്ത പറക്കാലത്താണ് വീണ്ടും എത്തുക.

ചില വീടുകളിൽ അരികൊണ്ട് പറയിടും. അപൂർവ്വമായി നെല്ലിനു പുറമേ അവിൽ, മലർ, പഴം, അരി, പഞ്ചസാര എന്നിവകൂടി പറയിടും അഞ്ചു ദ്രവ്യങ്ങൾ കൂടി പറയിടുന്നതിന് അൻപറ എന്നാണ് പറയുന്നത്. ജീവത എഴുന്നുള്ളത്തിനും പറയെഴുന്നള്ളത്തിനും നൂറ്റാണ്ടുകളുടെ പഴക്കം ഉണ്ടെങ്കിലും ചുവടു വെച്ച് കളിക്കുന്ന ഇന്നത്തെ രീതിക്ക് വലിയ പഴക്കം കൽപ്പിക്കാനാകില്ല. പറയ്ക്കെഴുന്നള്ളിപ്പിൽ തന്നെ ഓണാട്ടുകരയിൽ ഉടനീളം ഒരു ശൈലിയല്ല അനുവർത്തിച്ചു കാണുന്നത്. ജീവതയുടെ നിർമ്മാണത്തിലും ചുവടുവെയ്പ്പിന്റെ രീതിയിലും താള ക്രമത്തിലുമൊക്കെ പ്രാദേശികമായ ഈഷൽ ഭേദങ്ങൾ ദൃശ്യമാണ്. ചെട്ടികുളങ്ങര ശൈലി, രാമപുരം ശൈലി, കാരായ്മ ശൈലി എന്നിങ്ങനെ മൂന്ന് പ്രാദേശിക വ്യത്യാസങ്ങൾ ഈ അനുഷ്ഠാന കലയിൽ നിലനിൽക്കുന്നതായി കാണാം. ഇന്നും ഈ മൂന്നു ശൈലികളും അവയുടെ തനിമ ഇടകൽത്താതെ കൊണ്ടുനടക്കുന്നു എന്നത് ശ്രദ്ധേയമാണ്.

എഴുന്നള്ളിപ്പിന് ഉപയോഗിക്കുന്ന ജീവതകളിലും പല രീതി ഭേദങ്ങളും ദൃശ്യമാണ്. കെട്ടുജീവിത, പലകജീവത (ഉറ ജീവത ) എന്നിങ്ങനെ ജീവതകൾ രണ്ടു തരമുണ്ട് .ഇവ കൃത്യമായ കണക്കൊപ്പിച്ച് വിദഗ്ദ്ധരായ ആശാരിമാർ നിർമ്മിക്കുന്നതാണ്. ഓരോ ദേവിമാരുടെയും ചൈതന്യവും സ്വഭാവ സവിശേഷതയും ഉൾക്കൊണ്ടാണ് ജീവിതകളിൽ അലങ്കാരപ്പണികൾ നടത്തുന്നത്. എഴുന്നള്ളത്ത് നടത്തുന്ന നമ്പൂതിരിമാർ, മേളക്കാരായ മാരാന്മാർ തുടങ്ങി ഈ കാർഷിക അനുഷ്ഠാനവുമായി ബന്ധപ്പെട്ട് ജീവിതോപാധി കണ്ടെത്തുന്ന സമുദായങ്ങൾ ധാരാളമാണ്. ഇതു കൂടാതെ തലയിൽ കൊണ്ടുനടക്കുന്ന ജീവതകളും ഓണാട്ടുകരയിൽ ധാരാളമായുണ്ട്. അടിസ്ഥാന വർഗ്ഗത്തിൽപ്പെട്ടവരുടെ ചില ആരാധാനാലയങ്ങളിൽ കാണപ്പെടുന്ന ഈ ജീവതകൾ, വൃതാനുഷ്ഠാനത്തോടെ അതത് ജാതിയിൽപ്പെട്ട വെളിച്ചപ്പാടുമാരാണ് തലയിൽ ഏന്തുന്നത്. ഇതിന് കണ്ണൂർ കാസർകോഡ് ജില്ലകളിൽ കാണപ്പെടുന്ന തിടമ്പ് നൃത്തത്തോടെ സാദൃശ്യം കാണാം. ഗ്രാമവാസികളായ കർഷകജനങ്ങൾക്ക് വിനോദ ഉപാധികൾ താരതമ്യേന കുറവായിരുന്ന പഴയകാലത്ത് വിനോ

ദത്തിനും അതിലേറെ ഭക്തിയോടും നടന്നുവരുന്ന ഉത്സവമാണ് പറയെഴുന്നള്ളിപ്പ്. കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട് വികസിപ്പിച്ചുവന്ന വിവിധങ്ങളായ ആചാരാനുഷ്ഠനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഓണാട്ടുകരയിലെ ഈ മഹോത്സവം.ആചാരത്തിനും അനുഷ്ഠാനത്തിനും ഭക്തിക്കും ഏറെ പ്രാധാന്യം നൽകുന്നതാണ് പറയെഴുന്നള്ളിപ്പ്. അതോടൊപ്പം അനുഷ്ഠാനകല എന്ന നിലയിലും ഇതിന് വലിയ പ്രാധാന്യം ഉണ്ട്. കാർഷിക വൃത്തിയിലധിഷ്ഠിതമായ ഒരു സമൂഹത്തിന്റെ വിശ്വാസവും ആരാധനാക്രമവുമായി ബന്ധപ്പെട്ട് രൂപ പ്രാപിച്ച അനുഷ്ഠാനകലയാണിത്.

**ആഗോളീകരണ കാലത്തെ ജീവത നൃത്തം**

ആഗോളീകരണത്തിന്റെ ബുദ്ധി, കല, സാഹിത്യം, എന്നിവയുടെ യുക്തിയിൽ നടത്തുന്ന ഇടപെടലുകൾ ഇന്നേറെ ചർച്ചകൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഓന്നാണ്. ഇവ തമ്മിൽ നടക്കുന്ന സംഘട്ടനങ്ങളും അനുരഞ്ജനങ്ങളും, അവയിൽ നിന്നൊക്കെ സ്വാഭാവികമായെന്നോണം ഉരുത്തിരിയുന്ന സമരപ്പെടലുകളുമൊക്കെ സംസ്കാര പഠിതാക്കൾക്ക് ഏറെ കൗതുകജനകമാണ്. ആഗോളീകരണം നമ്മുടെ അനുഷ്ഠാനകലകളിൽ കഴിഞ്ഞ കാൽനൂറ്റാണ്ടിനിടെ സൃഷ്ടിച്ച മാറ്റം ശ്രദ്ധേയമാണ്. പല അനുഷ്ഠാന കലകളുടേയും അടിസ്ഥാന പ്രമാണങ്ങളെ അവയുടെ സാംസ്കാരിക അടിത്തറയിൽത്തന്നെ ചോദ്യം ചെയ്യുന്ന വിധത്തിൽ ആ മാറ്റം വളർന്നിരിക്കുന്നു. യുക്തി രഹിതമെന്നും അസംബന്ധമെന്നും മറ്റും സാമാന്യബുദ്ധിയിൽ വിലയിരുത്തിയാലും ഇന്നും പല കലകളും അവയുടെ ആവിർഭാവ ഭൂമികയിൽ ഈഷൽ ഭേദങ്ങളോടെ നിലനിന്നുപോരുന്നു എന്നതും നമ്മെ അത്ഭുതപ്പെടുത്തുന്ന വസ്തുതയാണ്. കാലത്തിന്റെയും ഉപഭോഗപരതയുടേയും എല്ലാ പ്രലോഭനങ്ങളെയും ഭീഷണികളെയും ചെറുത്തുകൊണ്ട്, അവ ആവശ്യപ്പെടുന്ന ചെറുക്കാനാവാത്ത നിബന്ധനകൾക്ക് വിധേയമായി ആ കലകൾ അതിജീവനം നേടുന്നു. ചുരുക്കത്തിൽ ആഗോളീകരണ കാലത്തിന്റെ മാത്രം സവിശേഷതല്ല, ഏതു കാലവും ഇത്തരത്തിൽ സാഹിത്യത്തിലും കലകളിലും യുക്തിപരമെന്നു തോന്നിക്കാവുന്ന മാറ്റങ്ങൾക്ക് നിർബന്ധിതമാക്കാറുണ്ട്. അഥവാ മറ്റൊരു രീതിയിൽ നോക്കുകയാണെങ്കിൽ സാഹിത്യാദി കലകൾ എപ്പോഴും കാലാനുസൃതമായ മാറ്റങ്ങൾ സ്വാഭാവികമായെന്നോണം ഉൾക്കൊള്ളാറുണ്ട് എന്ന് സമാധാനിക്കാം. കാലത്തിന്റെ ഈ മാറ്റങ്ങളെ അനുഷ്ഠാനകലകൾ യുക്തിസഹമായി എങ്ങനെ പ്രതിരോധിക്കുകയും മറികടക്കുകയും ചെയ്യുന്നു എന്നതിന് ഒട്ടേറെ ഉദാഹരണങ്ങൾ കലാചരിത്രം ചൂണ്ടിക്കാട്ടുന്നുണ്ട് പ്രാകൃതകാ

ലത്ത് ദേവീപ്രീതിയുടെ ഭാഗമായി അനുഷ്ഠിക്കപ്പെട്ടിരുന്ന നരബലി, പിന്നീട് മൃഗബലിയായും ക്രമേണ കോഴിയെ കുരുതി കൊടുക്കലായും മാറുന്നു. കുമ്പളങ്ങ കുരുതിയായി രൂപാന്തരം പ്രാപിച്ച് സമീപകാലത്ത് കുരുതി പ്രതീകാത്മകമായി മാറി. മഞ്ഞളും, ചുണ്ണാമ്പും കലക്കി കഠിന രുധിരമാക്കി നമ്മൾ പരിഷ്കൃത ദേവതകളുടെ ദാഹമകറ്റാനുള്ള മാർഗ്ഗം കണ്ടെത്തി. കാലത്തിന്റെ അനിവാര്യമായ ഇത്തരം രീതികളുമായി അനുഷ്ഠാന കലകൾ ഒത്തുതീർപ്പ് വ്യവസ്ഥയിൽ ഒപ്പിട്ടു തൃപ്തരായി. ഇതൊക്കെ ദീർഘകാലം കൊണ്ട് മാറിയോ, മാറ്റപ്പെടുകയോ ചെയ്ത ചടങ്ങുകളാണ്. ഇത്തരം പരിണാമങ്ങൾക്ക് കലകൾ വിധേയമാകുന്നത് നൂറ്റാണ്ടുകൾ കൊണ്ടാണെന്ന് കലാചരിത്രങ്ങൾ വിശദീകരിക്കുന്നു. എന്നാൽ കഴിഞ്ഞ കാൽ നൂറ്റാണ്ട് കേരളത്തിന്റെയെങ്കിലും സാമൂഹ്യ സാഹിത്യ, കലാ രംഗങ്ങളിൽ മുൻപില്ലാത്ത വിധം മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടാണ് ആഗോളീകരണത്തിന്റെ വിശ്വദർശനം മലയാളിക്ക് സാധ്യമാക്കിയത്. ഭൂമിയെ, ധനമൂലധന സമ്പത്ത് വ്യവസ്ഥയെ ഒക്കെ സംബന്ധിച്ച പുത്തൻ ശീലങ്ങളെ പരിപാലിച്ചു തുടങ്ങിയതും, ഹ്രസ്വമെന്നു പറയാവുന്ന ഈ കാലയളവിനുള്ളിലാണ്. പണമെറിഞ്ഞ് പണംകൊയ്യാനും, പൈതൃകമായി കിട്ടിയ ഭൂമി ക്രയം ചെയ്യപ്പെടാൻ പാടില്ലാത്ത ഒരു വിശുദ്ധ പശു അല്ലെന്നും മറ്റമുള്ള തിരിച്ചറിവിലേക്ക് അതിവേഗം മലയാളി സമൂഹം എത്തപ്പെടുന്നതും ഇതേ കാലയളവിൽതന്നെയാണ്. സ്വാഭാവികമായും അനുഷ്ഠാനങ്ങളെ സംബന്ധിച്ച അവരുടെ കാഴ്ചപ്പാടിലും ഈ ഗതിവേഗം ദൃശ്യമായി. കേരളത്തിലെ ഓണാട്ടുകരയെന്ന പ്രദേശത്ത് നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ജീവത എഴുന്നള്ളത്ത് എന്ന കാർഷികാധിഷ്ടിത അനുഷ്ഠാനകലയിൽ കാലത്തിന്റെകടന്നാക്രമണം വരുത്തിയപരിണാമം ശ്രദ്ധേയമാണ്.

**ജീവതയുടെ നാട്ടുവഴികൾ**

ആഗോളീകരണം മൂലം നടപ്പുശീലം തന്നെ നഷ്ടമായ അനുഷ്ഠാന കലയാണ് ജീവത നൃത്തം. തണ്ടിലേറിയും തലയിലേറിയും അമ്മ ദൈവങ്ങൾ എഴുന്നള്ളിയിരുന്ന പഴയനാട്ടുപാതകളെല്ലാം പൊടുന്നനെ ഇല്ലാതെയായത് കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടെയാണ്. ടാറിട്ട വലിയ വഴികളിലൂടെ ആയിരുന്നില്ല ദേവതകളുടെ യാത്ര. ഇടവഴികളും മൺവഴികളും ആയിരുന്നു. അവർക്ക് പഥ്യം ഒരു വീട്ടിൽകയറി അവരുടെ അയ്യത്തൂടെ കുറുകെ കടന്ന്, ഇന്നെങ്ങും കാണാൻ കഴിയാത്തവിധം ഇല്ലാതായ കൈതയും കടലാവണക്കും ശീമക്കൊന്നയും ചേർന്ന് ഒരുക്കിയ പഴയ നാടൻ വേലിയുടെ ഇടയ്ക്ക് നടക്കാനായി ഇട്ടിരുന്ന ചെറിയ കൈവഴിയിലൂടെ അടുത്ത വീട്ടിലേക്ക് കടക്കുന്നതായിരുന്നു രീതി. ഇതിനിട

യിൽ ചെറിയ ചെമ്മൺപാതകളിലൂടെയും എള്ളിൻപാടത്തിനിടയിലൂടെയും കടന്ന് പോയിരുന്നു. വലിയ വലിയ ദുരങ്ങളിലേക്ക് കുറുകെ സഞ്ചരിക്കാൻ ഏറെ സൗകര്യപ്രദമായിരുന്നു ഓണാട്ടുകരയിലെ എള്ളിൻ പാടങ്ങൾ. മകരം, കുംഭം, മീനം, മേടം മാസങ്ങളാണ് അതായത് ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള എള്ള് കൃഷി. മുണ്ടകൻ കൊയ്ത്തുകഴിഞ്ഞ് മൂന്നാം വിളയായിട്ടാണ് എള്ള് കൃഷി ചെയ്യുന്നത്. നെൽകൃഷി കഴിഞ്ഞുള്ള നെൽപ്പാടത്തെ വളവും വെള്ളവും പ്രയോജനപ്പെടുത്തിയാണിത്. കാൽനൂറ്റാണ്ട് മുൻപ് ഓണാട്ടുകരയിൽ പതിനായിരം ഹെക്ടർ സ്ഥലത്ത് എള്ള് കൃഷി ഉണ്ടായിരുന്നതെങ്കിൽ  കൃഷി വകുപ്പിന്റെ രേഖകളിൽ ഇപ്പോഴത് അഞ്ഞൂറ് ഹെക്ടറും യഥാർത്ഥത്തിൽ മുന്നൂറ് ഹെക്ടറിൽ താഴെ മാത്രവുമാണ്. ഓണാട്ടുകര എള്ളിന് ഗുണമേന്മയും ഔഷധഗുണവും  ഉള്ളതിനാൽ  ദേശ സൂചികാ പദവി  ( geological indication) ലഭിക്കുവാൻ  ഓണാട്ടുകര മേഖല ഗവേഷ കേന്ദ്രം ശ്രമം നടത്തുന്ന വേളയിലാണ് ഇതെന്നത് ഒരു തമാശയാണ്.  പൂത്തു നിൽക്കുന്ന എള്ളിൻപാടങ്ങളും  നടുവിലൂടെ തോളിൽ ജീവതയുമേന്തി ഓടുന്ന തറ്റുടുത്ത നമ്പൂതിരിമാരുടേയും അവർക്കൊപ്പമെത്താൻ മത്സരിച്ചോടുന്ന മേളക്കാരുടേയും കുടക്കാരുടെയും ചിത്രം പഴമക്കാർ ഗൃഹാ തുരതയോടെ ഇന്നും ഓർക്കുന്നുണ്ട്. എള്ള് കൃഷി മാഞ്ഞതോടെ അതുമായി ബന്ധപ്പെട്ട  പഴമൊഴികളും, ഓണാട്ടുകരക്കാരുടെ നാവൊഴിഞ്ഞു.  എള്ളാട്ടിയാൽ  എണ്ണയും പിണ്ണാക്കും, എള്ളിടതെറ്റിയാൽ വില്ലിട, എള്ള് ചോരുന്നത് കാണും തേങ്ങാചോരുന്നത് കാണില്ല. എളിയോരെ കണ്ടാൽ എള്ളും തുള്ളും, എള്ളോളം തിന്നാൽ എള്ളോളം നിറയും, എള്ളിന് ഏഴ് വഴി, ഇതൊക്കെ ഓണാട്ടുകരയിലെ എള്ള് മൊഴികളിൽ ചിലത് മാത്രം. പി. പത്മരാജൻ, തോപ്പിൽ ഭാസി, പാറപ്പുറത്ത്, എന്നീ ഓണാട്ടുകരക്കാരായ എഴുത്തുകാർ അവരുടെ രചനകളിൽ കേവലം കാൽനൂറ്റാണ്ട് മുൻപ് മാത്രം വരഞ്ഞിട്ട ഓണാട്ടുകരയുടെ ഭൂപടം പുതിയ തലമുറയ്ക്ക് അപരിചിതമായാട്ടുണ്ട്.

ഓണാട്ടുകരയുടെ ഇങ്ങിനി മടങ്ങിവരാത്ത വണ്ണം മറഞ്ഞുപോയ ഒരു കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട പ്രയോഗങ്ങൾ ഒരു ഗൃഹാതുരതയോടെ പെരുവഴിയമ്പലത്തിൽ കാണപ്പെടുന്നുണ്ട്.  ഉത്സവപ്പറമ്പിൽ, പകമൂത്തു തന്നെ തിരഞ്ഞുവന്ന പ്രഭാകരൻപിള്ളയുടെ മുന്നിൽപ്പെടാതെ മറഞ്ഞു നില്ക്കാനാണ് ആദ്യം രാമൻ ശ്രമിക്കുന്നത്. ഒടുവിൽ അത് നിഷ്ഫലമാകുമ്പോൾ, തന്നെ  പിന്തുടരുന്ന പ്രഭാകരൻ പിള്ളയിൽ നിന്ന് തനിക്ക് മോചനമില്ലെന്ന തിരിച്ചറിവിന്റെ ഗത്യന്തരമില്ലായ്മയാണ് അവനെക്കൊണ്ട് കൊലപാതകം   ചെയ്യിപ്പിക്കുന്നത്. ഓടിയാൽ അയാൾ

പിടിക്കും ഒളിച്ചിരിക്കുകയാണ് ബുദ്ധി . പക്ഷെ എവിടെ ഒളിക്കാൻ? വളർച്ച പോരാത്ത എള്ളിൻ നാമ്പുകൾക്കിടയിൽ എവിടെ ഒളിക്കാൻ? രാമൻ ഒളിക്കാൻ ഇടം തേടുന്ന എള്ളിൻകണ്ടങ്ങൾ കാൽനൂറ്റാണ്ട് മുമ്പു വരെ ഓണാട്ടുകരയെ മറ്റുകരകളിൽ നിന്നും വ്യത്യസ്തമാക്കിയിരുന്ന ഭൂമിശാസ്ത്രപരമായ സവിശേഷകയായിരുന്നു. ഇരുപ്പു നെല്ലും ഒരുപ്പും എള്ളും (ആണ്ടിൽ രണ്ടുപ്രാവശ്യം നെല്ലും ഒരു പ്രാവശ്യം എള്ളും) കൃഷി ചെയ്തിരുന്ന ഈ ഓണാട്ടുകരകണ്ടങ്ങളെയാണ് മയൂര സന്ദേശത്തിൽ 'രണ്ടും മൂന്നും തവണ കൃഷിയേറ്റുന്ന കണ്ടങ്ങളെന്ന്' കേരളവർമ്മ വലിയകോയിത്തമ്പുരാനും വിശേഷിപ്പിക്കുന്നത്.

ഉത്സവം കണ്ടു മടങ്ങുമ്പോൾ എള്ളു ചവിട്ടുന്നുണ്ടോ എന്നു നോക്കാൻ വേണ്ടി, വെളുപ്പാൻകാലത്ത് പരമുനായർ കൈതക്കാട്ടിനപ്പുറത്തെ മറവിൽ വന്നിരുന്നു. ചത്തുപോയ വാണിയൻ കുഞ്ചുവിന്റെ മകൻ പ്രഭാകരൻ പിള്ളയെ കുത്തിയ വിവരം അയാൾ അറിഞ്ഞിരുന്നു. എള്ളിൻപാടത്തിനു നടുവിലെ വഴിത്താരവിട്ടു പോകുന്നവരെ, അയാളവിടെയിരുന്നു തെറിവിളിച്ചു. വഴിത്താരനോക്കി മര്യാദക്കാരോട് പ്രഭാകരൻ പിള്ള വിവരം തിരക്കി. കൃത്യമായ ഓണാട്ടുകരയുടെ കാർഷിക സംസ്കാരത്തിന്റെ ചിത്രണമാണ് ഇവിടെ കാണുന്നത്. എള്ള് സമൃദ്ധമായി വിളഞ്ഞു നില്ക്കുന്ന ഓണാട്ടുകര വിരിപ്പുകണ്ടങ്ങൾക്ക് പ്രകൃതി കെട്ടിയ കോട്ടപോലെ നിന്നിരുന്ന കൈതക്കാടുകളും ഈ പ്രദേശത്തിന്റെ ദൃശ്യചാരുത തന്നെയായിരുന്നു.

പാറപ്പുറത്തിന്റെ ആകാലത്തിലെ പറവകൾ എന്ന നോവലിലും ചെട്ടികുളങ്ങരയിലെ തേരു ഉരുളുന്നതുമായി ബന്ധപ്പെട്ട് എള്ളിൻകണ്ടങ്ങൾ കടുന്നു വരുന്നു. തോപ്പിൽ ഭാസിയുടെ ഒളിവിലെ ഓർമ്മകൾ എന്ന ആത്മകഥയിൽ പോലീസിന്റെ പിടിയിൽ പെടാതെ ഒരു രാത്രി മുതുകുളത്ത് നിന്നും പത്തിയൂർ വഴി പ്രാണരക്ഷാർത്ഥം ഓടുമ്പോൾ ഒരു സന്ധ്യാനേരം പാതിരാവെത്തുംവരെ ഒളിച്ചിരുന്നതും, ഒരാൾപ്പൊക്കത്തിലുള്ള എള്ളുകൾക്കിടയിലാണ് ആലപ്പുഴ വഴിയുള്ള തീരദേശ റിയിൽവേപ്പാതയുടെ നിർമ്മാണവും കെട്ടിടനിർമ്മാണങ്ങൾക്കായി അനിയിതന്ത്രിതമായി നടത്തിയ നിലം നികത്തലുകളും ഓണാട്ടുകരയിലെ വിരിപ്പുകണ്ടങ്ങളെ ഇല്ലാതാക്കി അതോടെ ഗ്രാമദേവതകൾ നാട്ടുഴികൾ വിട്ടു പെരുവഴികളെ ആശ്രയമാക്കി.

**പറ അറിയിപ്പ് – ന്യൂജൻ ശൈലി**

മുന്ന് ദിവസം മുതൽ മൂന്ന് മാസം വരെ നീളുന്നതാണ് ഓണാട്ടുകരയിലെ ജീവതയെഴുന്നള്ളത്തിന്റെ കാലദൈർഘ്യം . മകര ഭരണി മീനഭരണി വരെ എന്നാണ് പഴമക്കാർ പറയാറുള്ളത്. എന്നാൽ കിഴക്കൻ ഭാഗത്ത് മേടം പത്ത് മുതൽ ഇടവം ഒന്നുവരെയാണ് എഴുന്നള്ളത്ത്

കാലം. നിത്യേന ക്ഷേത്രത്തിൽ പോയി ദർശനം നടത്തുന്ന ഭക്തരെ സംബന്ധിച്ചിടത്തോളം ആണ്ടിൽ ഒരു ദിനം അമ്മ തങ്ങളെക്കാണാൻ വീടുകളിൽ എഴുന്നള്ളുന്നു എന്നുള്ളത് ഏറെ ആഹ്ലാദകരമായ ഒരു അനുഭവമാണ്. പതിമൂന്ന് കരകളുടെ നാഥയായ ചെട്ടികുളങ്ങര ഭഗവതി പറയ്ക്കെഴുന്നള്ളത്താണ് ഓണാട്ടുകരയിലെ ഏറ്റവും നീണ്ട പറയെടുപ്പ്. രാമപുരം കാഞ്ഞൂർ, തുടങ്ങിയ ക്ഷേത്രങ്ങളിലെ പറയെടുപ്പും ഒന്നര മാസത്തോളം നീളുന്നവയാണ്. കൃത്യമായ അനുഷ്ഠാനങ്ങളോടെയാണ് ജീവത എഴുന്നള്ളിക്കന്നത്. പറയ്ക്ക് അറിയിക്കൽ ആണ് ആദ്യ ചടങ്ങ്. ഇന്നദിവസം ഗ്രാമദേവത നിങ്ങളുടെ വീട്ടിലെത്തുന്നു എന്ന് ഭക്തജനങ്ങളെ അറിയിച്ചിരുന്നത് രണ്ട് പതിറ്റാണ്ട് മുമ്പുവരെ ശംഖ് ഊതിയാണ്. രണ്ടു തവണ ശംഖ് മുഴക്കുമായിരുന്നു. ആദ്യത്തേത് പറ അറിയിക്കലും അടുത്തത് അറവിലക്കലും എന്നായിരുന്നു സങ്കൽപം. അതായത് പറ അറിയിപ്പിന്റെ ശംഖ് കഴിഞ്ഞ് അടുത്ത് ശംഖ് മുഴക്കിക്കഴിഞ്ഞാൽ പിന്നീട് അമ്മദൈവം വീട്ടിലെത്തി പറ സ്വീകരിക്കുന്നതുവരെ അറയിൽ നിന്നും ഒന്നും എടുക്കാൻ പാടില്ല. ഇതാണ് അറവിലക്കൽ എന്ന സങ്കൽപം.

മുണ്ടകൻ കൊയ്ത്തുകഴിഞ്ഞുള്ള നെല്ലിൽ നിന്നൊരു വിഹിതമാണ് ദേവതകൾക്കായി ഭക്തർ സമർപ്പിക്കുന്നത്. ഓണാട്ടുകരയിൽ വിരിപ്പുകണ്ടങ്ങളെപ്പോലെ തന്നെ പ്രാധാന്യത്തോടെ കൃഷി ചെയ്തിരുന്നവയാണ് പുഞ്ചപ്പാടങ്ങളും , കാൽനൂറ്റാണ്ട് മുമ്പ് ഇരുപത്തിമൂവായിരത്തോളം ഹെക്ടർ പുഞ്ചപ്പാടങ്ങളിൽ കൃഷി ചെയ്തിരുന്നുവെങ്കിൽ ഇന്നത് പതിനായരിത്തിൽ താഴെമാത്രമാണ്. ബാക്കി നികത്തപ്പെടുകയോ കൃഷിയിറക്കാതെ തരിശു കിടക്കുകയോ ആണ്. ഒരു കാലത്ത് ഇരുപ്പു കൃഷിയിറക്കിയവയായിരുന്നു ഓണാട്ടുകരയിലെ പുഞ്ചപ്പാടങ്ങൾ. എന്നാൽ ഇപ്പോൾ കൃഷിയിറക്കുന്നവയിൽത്തന്നെ മിക്കതും ഒന്നാം കൃഷികൊണ്ട് തൃപ്തിപ്പെടുത്തുകയാണ്. പെരുവേലിച്ചാൽ, വെട്ടിക്കോട്ട്, വള്ളികുന്നം, കണ്ണഞ്ചാൽ, പുഞ്ച വാഴ്ക പുഞ്ച, ഇലിപ്പക്കുളം, കട്ടച്ചിറ, കാഞ്ഞൂർ, കരിങ്ങാലിൽ, പൂവത്തൂർ, പെരുവേലിൽചാൽ, പള്ളിപ്പാട് എന്നിങ്ങനെ പേരും പെരുമയുമുള്ള എത്രയെത്ര പുഞ്ചപ്പാടങ്ങൾ. അവിടെ സമൃദ്ധമായി പൊന്നു വിളയിച്ചിരുന്നത് തങ്ങളുടെ ഗ്രാമദേവതയുടെ അനുഗ്രഹവർഷമെന്ന വിശ്വാസത്തിൽ അവർക്കതിന്റെ വിഹിതം നൽകി സായുജ്യമടയുന്ന ഭക്തർ, നെല്ലിനാൽ അറകൾ, നിറഞ്ഞിരിക്കുന്ന അവസരത്തിലാണ് അമ്മ ദൈവങ്ങളുടെ വരവ്. ഇരട്ട ശംഖൂതി പറയറിയിക്കുന്ന ചടങ്ങ് അപ്രത്യക്ഷമായിട്ടും കാൽനൂറ്റാണ്ടാകുന്നു. കൃഷിയില്ലാതായതോടെ വെറും അലങ്കാരമായി മാറിയ അറകൾ പലതും പൊളിച്ച്നീക്കീ. കൃഷി യുള്ളവരാകട്ടെ ഒരു മണി നെല്ലുപോലും വീടുകളിൽ

കൊണ്ടുവരുന്നില്ല. നെല്ല് പുഴുങ്ങാനും കുത്തുനുമൊന്നും ആരും തയ്യാറാകാതെ വന്നതോടെ നെല്ല് മൊത്തമായി കൊടുത്തശേഷം മാർക്കറ്റിൽ നിന്ന് അരിവാങ്ങി ഉപയോഗിക്കുന്ന രീതിയായി. പണ്ട് ഒരു പുഴുക്കനും ഇരിപ്പുഴുക്കനും ഒക്കെയായി ഒരേ നെല്ലിന്റെ തന്നെ വ്യത്യസ്ത രുചികൾ ആസ്വദിച്ചവരെ ഉപഭോഗസംസ്കാരം ഏക രുചി ശീലിപ്പിച്ചു. അങ്ങനെ അരിയും നെല്ലും ഇല്ലാതായതോടെ പറ അറിയിപ്പിന്റെ രീതിയും മാറി. ആദ്യം ഇരട്ട ശേഖ് ഊതിയിരുന്നത് ക്രമേണ ഒന്നായി മാറി. അതായത് 'അറവിലക്ക്' എന്ന സങ്കൽപം എന്നേക്കുമായി ഇല്ലാതായി. പകരം ഇന്ന ദിവസം ഇത്രമണിക്ക് പറയെത്തും എന്നറിയിക്കുന്ന അച്ചടിച്ച നോട്ടീസ് വിതരണം ചെയ്യുന്ന സമ്പ്രാദയം നിലിവിൽ വന്നു. ആ മാറിയ രീതിയുമായും ഈ അനുഷ്ഠാന കല സമരസപ്പെട്ടു .

**നാഴൂരിപ്പാലുകൊണ്ട് നാടാകെ**

അറയും നെല്ലും ഇല്ലാത്ത കാലത്തെ പറയെടുപ്പ് രീതികൾ വളരെ രസകരമാണ്. ആഗോളികരണ കാലത്തെ പറയ്ക്ക് നെൽപ്പറ, എന്നതിന് പകരം പണപ്പറ എന്നാണ് പ്രയോഗം. ഭക്തർ അവർ കൃഷി ചെയ്ത് ഉണ്ടാക്കുന്ന ഒരു വിഹിതം അമ്മ ദൈവത്തിന് നൽകുന്നു എന്ന ആ അനുഷ്ഠാനത്തിനു പിന്നിലുള്ള സങ്കൽപത്തെ തന്നെ അപ്രസക്തമാക്കുന്നു പുതിയ കാലത്തെ പണപ്പറകൾ. പകരം അമ്മ ദൈവങ്ങൾ ഒരു പറ നെല്ലുമായി ഭക്തരുടെ വീടുകളിൽ എത്തുന്നു. ആ നെല്ല് ഉപയോഗിച്ച് ഭക്തർ പറ നിറയ്ക്കുന്നു. ആ നെല്ല് തന്നെ ദേവതകൾ തിരികെ സ്വീകരിക്കുന്നു. അതു കൂടാതെ താൻ കൊണ്ടുവന്ന നെല്ലിന് ഒരു നിശ്ചിത തുക കൂടി ഈടാക്കുകയും ചെയ്യുന്നു. ഈ തുക നൽകുന്നതിലൂടെ ഭഗവതിക്ക് സമർപ്പിച്ച നെല്ല് തന്റേതായി മാറി എന്ന് ഭക്തർ സമാധാനപ്പെടുന്നു. ഇന്ന് ഓണാട്ടുകരയിൽ സമർപ്പിക്കപ്പെടുന്ന പറകളിൽ തൊണ്ണൂറ് ശതമാനവും ഇത്തരത്തിലുള്ള പണപ്പറകളാണ്. ക്ഷേത്രങ്ങളും പ്രോത്സാഹിപ്പിക്കുന്നത് ഈ രീതിയാണ്. നെൽപ്പറകളാണെങ്കിൽ നെല്ല് ചുമക്കാൻ ചുമട്ടുകാർ വേണം, കുറെ പറയെടുത്ത് കഴിയുമ്പോൾ കൊണ്ടുപോകാൻ വണ്ടിവേണം. പറക്കാലം കഴിഞ്ഞ് ഈ നെല്ല് ലേലം ചെയ്ത് വേണം തുക ദേവസ്വത്തിലേക്ക് മുതൽകൂട്ടാൻ. പണപ്പറ ആകുമ്പോൾ ഇപ്പറഞ്ഞ വിഷമതകളൊന്നുമില്ല. ഓരോ പറ കഴിയുമ്പോഴും അതിന്റെ തുക പണമായി രൊക്കം കയ്യിൽ കിട്ടും. അങ്ങനെ ഒരു അനുഷ്ഠാനത്തിന്റെ അടിസ്ഥാനത്തെതന്നെ ചോദ്യം ചെയ്യുന്ന സംഗതിയാണെങ്കിലും ഓണാട്ടുകരയിൽ പറകൾ വർദ്ധിച്ചു വരികയാണ്. ഇന്ന് ഇവിടുത്തെ മിക്ക ദേവീക്ഷേത്രങ്ങളിലേയും മുഖ്യവരുമാനം പറയെടു

പ്പിൽ നിന്നാണ്. അതിനാൽ തന്നെ പുതിയതായി പല ക്ഷേത്രങ്ങളും ജീവത നിർമ്മിച്ച് പറയ്ക്കെഴുന്നള്ളത്ത് ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇന്നും ആചാരം അതേപടി നിലനിർത്തിക്കൊണ്ട് പണപ്പറകൾസ്വീകരിക്കാത്ത ക്ഷേത്രങ്ങളും ഓണാട്ടുകരയിൽ ഉണ്ട്. ഹരിപ്പാട് ശ്രീ.സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ മേടപ്പത്തിനു നടക്കുന്ന ആറാട്ടിൽ വഴിയിൽ സ്വീകരിക്കുന്നത് ഇന്നും നെൽപ്പറകൾതന്നെയാണ്.

**ചാണകത്തറയിൽ നിന്ന് പോർച്ചിലേക്ക്**

ദേവി, ഭക്തന്മാരുടെ വീടുകളിലെത്തുമ്പോൾ ചാണകം മെഴുകിയ തറയിൽ നിലവിളക്ക്, ഗണപതി ഒരുക്ക്, അഷ്ടമംഗല്യം, നാഴി, ചങ്ങഴി, പറ എന്നിവയിൽ നെല്ല് നിറച്ച് ദേവിയെ വരവേൽക്കുന്നു. ദേവിയെ പീഠത്തിൽ എഴുന്നള്ളിച്ച് ഇരുത്തുമ്പോൾ സേവ (ഉരുണ്ട ചെണ്ടയും കൈമണിയും പ്രത്യേക താളത്തിൽ കൊട്ടുക)യുടെ അകമ്പടിയോടുകൂടി മൂന്ന് കൈനെല്ല് വാരിയിട്ട് പറനിറച്ച് ദക്ഷിണ വെയ്ക്കുന്നു. തുടർന്ന് പ്രധാന പൂജാരി പറ തളിക്കുന്നു. നിറപറയിൽ നിന്ന് കുറച്ച് നെല്ല് എടുത്ത് ദേവിക്ക് സമർപ്പിക്കുന്നതിനായി സങ്കൽപ്പിച്ച് മുന്ന് പ്രാവശ്യം തളിയ്ക്കുന്നു. അതിനുശേഷം വീടിന് നേരെ തിരിഞ്ഞ് ബാക്കി നെല്ല് വീടിന് ഉള്ളിലേക്കും ഗ്രഹനാഥന്റെയും മറ്റും ശിരസ്സിലേക്ക് സമർപ്പിക്കുന്നു. ദേവി അനുഗ്രഹിക്കുന്നു എന്നാണ് സങ്കൽപ്പം. ഈ ചടങ്ങിനെ പറ തളിക്കുക എന്നു പറയുന്നു. അതിനുശേഷം പൂജാരിക്ക് ദക്ഷിണ നൽകി പ്രസാദം സ്വീകരിക്കുന്നു. തുടർന്ന് പൂജാരി ജീവതഎഴുന്നള്ളിച്ച് താളം ചവിട്ടി യാത്ര പറഞ്ഞ് മറ്റ് വീടുകളിലേക്ക് പോകുന്നു. ഈ അനുഷ്ഠാനം എല്ലാ വിടുകളിലും ആവർത്തിക്കുന്നു. ഭക്തന്മാരുടെ കാണിക്കയും മറ്റും സ്വീകരിച്ച് സംതൃപ്തയായി ആനന്ദ നൃത്തം ചവിട്ടി അനുഗ്രഹിക്കുന്നു എന്നാണ് സങ്കൽപം.

ചാണകം മെഴുകിയ തറയിൽ തൂശനില മുറിച്ചിട്ട് അതിലാണ് ഭക്ത്യാദപൂർവ്വം ജീവത ഇറക്കി വെയ്ക്കുന്നത്. അതിനായി പറ വരുന്നതിന് വളരെ മുമ്പ് തന്നെ പൂഴിമണ്ണ് മാറ്റി ചാണകവും വെള്ളവും ചേർത്തം നിലം മെഴുകാറുണ്ട്. ഓണാട്ടുകരയിലെ മിക്കവീടുകളിലും കാലിവളർത്തൽ ഉണ്ടായിരുന്നു.. വിരുപ്പ് കൃഷിയും, വൈക്കോൽ തുറുവിടലും പശുവളർത്തലും എല്ലാം പരസ്പര പൂരകമായി കൊണ്ടു നടന്നിരുന്ന ഒരു ഗ്രാമീണ ജീവിതചര്യ പാലിച്ചിരുന്ന ജനത. ഇന്നും ഓണാട്ടുകരയിലെ മിക്കവ വീടുകളിലും ഇതിന്റെ സ്മരണകൾ ഉണർത്തിക്കൊണ്ട് എരുത്തിലുകൾ അഥവ കാലിത്തൊഴുത്തുകൾ ജീർണ്ണാവസ്ഥയിൽ കാണാം. കാൽനൂറ്റാണ്ട് മുമ്പ് വരെ ഉള്ളവനെന്നും ഇല്ലാത്തവനുമെന്നുള്ള വ്യത്യാസമില്ലാതെ മിക്ക വീടുകളിലും ഉണ്ടായിരുന്ന പശുവ

ഉർത്തൽ ഇന്ന് വളരെ വേഗം ഇല്ലാതായി. സർക്കാർ കണക്കനുസരിച്ച് തന്നെ കഴിഞ്ഞ കാൽനൂറ്റാണ്ടിനിടെ ഓണാട്ടുകരയിലെ കാലി സമ്പത്തിൽ അറുപത് ശതമാനത്തിന്റെ കുറവാണ് രേഖപ്പെടുത്തിയത്. അങ്ങനെ വീടുകളിൽ നിന്ന് പശുവും ചാണകവും ഒഴിഞ്ഞതോടെ ചാണകം മെഴുക്കലും നിലച്ചു. പുതിയ തലമുറയ്ക്ക് ചാണം അലർജിയായതുകൂടി ചാണകം കിട്ടിയാലും മെഴുകില്ലെന്നുമായി അതോടെ ചാണകത്തറയെന്ന ശാഠ്യം വെടിഞ്ഞ അമ്മദേവങ്ങൾ വാർപ്പ് വീടുകളിലെ ടൈലിട്ട പോർച്ചിൽ എഴുന്നള്ളിയിരുന്ന് കാലത്തിന്റെ ആ മാറ്റവുമായും സമരസപ്പെട്ടു.

**സവർണ്ണ ആധിപത്യത്തിന്റെ തകർച്ച**

ഓണാട്ടുകരയുടെ എല്ലാ ഭാഗത്തും കാണപ്പെടുന്ന മറ്റൊരുതരം ജീവതയാണ് തലയിൽ കൊണ്ടുനടക്കുന്ന ജീവത. പിന്നോക്ക സമുദായങ്ങളുടെ ക്ഷേത്രങ്ങളിലാണ് തലയിൽ ജീവത എഴുന്നള്ളിക്കുന്നത്. മറ്റ് ജീവതകൾ രണ്ട് പേർ ചേർന്ന് തണ്ടിൽ എഴുന്നള്ളിക്കുമ്പോൾ ഇത് ഒരാൾ ഒറ്റയ്ക്ക് തലയിൽ വഹിക്കുകയാണ്. ചെയ്യുന്നത്. കൂടാരവും തണ്ടും തലയിൽ ജീവിതയ്ക്കില്ല. മറിച്ച് കോലം മാത്രമേയുള്ളു. പ്ലാവിന്റെ തടി കൊണ്ട് നിർമ്മിക്കുന്ന കോലത്തിന് പലക ജീവതയുടെ കോലത്തിന്റെ പകുതി വലുപ്പമേ യുള്ളു.എന്നാൽ പലക ജീവതയുടെ ഉറയിൽ ഉപയോഗിക്കുന്ന എല്ലാ അലങ്കാരപ്പണികളും തലയിൽ ജീവതയുടെ ഉറയിൽ ഉണ്ട്. കോട്ടൺ പട്ടു കൊണ്ട് തലയിണപോലെ ഉണ്ടാക്കിയെടുത്ത് തലയിൽ വെച്ച് അതിന് മേലേയാണ് ചട്ടം ഉറിപ്പിക്കുന്നത്. എഴുന്നള്ളത്ത് വേളയിൽ ഒരിക്കലും കൈകൊണ്ട് സ്പർശിക്കാറില്ല വലത് കാലിൽ തുടങ്ങി മുന്നോട്ട് മാത്രമേ ചുവടുകൾ വയ്ക്കാറുള്ളു. ജീവത എഴുന്നള്ളത്തിനിടയിൽ ഉറഞ്ഞനുഗ്രഹിക്കുന്ന അവസരത്തിൽ എഴുന്നള്ളത്തുകാരൻ വലത് കൈയ്യിൽ വാളും ഇടത് കയ്യിൽ ശൂലവും ഏന്താറുണ്ട്. ഇതിനേറെ വൈദഗ്ദ്ധ്യം ആവശ്യമാണ്. ഒരേ സമയം കാലിന്റെ താളം, കൈകളുടെചലനം, തലയുടെ ചലനം എന്നീവയൊക്കെ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കേണ്ട അവസരമാണിത് . ദീർഘകാല പരിശീലനത്തിലുടെയാണ് തലയിൽ ഭഗവതിയെ എഴുന്നള്ളിക്കുന്നവർ പ്രാവീണ്യം നേടുന്നത്. മറ്റു ജീവതകൾ എഴുന്നള്ളിക്കുന്നത് ബ്രഹ്മണ വിഭാഘഗത്തിൽപ്പെട്ടവരാണെങ്കിൽ തലയിൽ ജീവതകൾ എഴുന്നള്ളിക്കുന്നത് പിന്നോക്കസമുദായങ്ങളാണ്. കാപ്പ് കെട്ടി വ്രതമനുഷ്ടിച്ചാണ് ഇവർ എഴുന്നെള്ളത്തിന് ഇറങ്ങുന്നത്.

അവർണ്ണ സമുദായക്കാരെ ശാന്തിക്കാരായി നിയമിക്കുന്നത് സംബന്ധിച്ച ചർച്ചകൾക്കും വിവാദങ്ങളും സമീപകാലത്താണ് ഗൗരവമായി നടന്നത്. തണ്ടിലേറുന്ന ജീവതകൾ എഴുന്നള്ളിക്കാനുള്ള അവകാശം

കാലാകാലങ്ങളായി ബ്രാഹ്മണർക്കാണ്. അതോടൊപ്പം മേളക്കാർ മിക്കവാറും മാരാർ സമുദായക്കാരും ആയിരുന്നു. എന്നാൽ ഈ കീഴ്പതിവിനും കാലം മാറ്റം വരുന്നത്തിയിരിക്കുന്നു. ബ്രാഹ്മണർക്കൊപ്പം മറ്റു സമുദായക്കാരും ഇപ്പോൾ തണ്ടിൽ എഴുന്നള്ളക്കാൻ തുടങ്ങി. കായികാധ്വാനം ഏറെ വേണ്ട ജീവത നൃത്തത്തോട് ബ്രഹ്മണസമൂഹത്തിലെ പുതു തലമുറയ്ക്ക് ഉണ്ടായ വിമുഖത, ഒരു സീസണിൽ തന്നെ ഒട്ടേറെ ക്ഷേത്രങ്ങളിൽ ഒരേ സമയം പറയിറങ്ങുമ്പോൾ ആ സമുദായത്തിൽ നിന്ന് ആളെ കിട്ടാനില്ലായ്മ എന്നിങ്ങനെയുള്ള കാരണങ്ങളാൽ മറ്റ് സമുദായങ്ങളിൽ നിന്നുള്ളവർ എഴുന്നള്ളിക്കാൻ തുടങ്ങി. അപ്പോഴും നായർ സമുദായത്തിൽ നിന്നല്ല. ഈ എഴുന്നള്ളുത്തുകാർ കടന്നുവന്നത്. മറിച്ച് തലയിൽ ജീവത എഴുന്നള്ളിക്കുന്ന പിന്നോക്കക്കാരാണ് അതിനു തയ്യാറായത്. മേളത്തിന്റെ കാര്യത്തിലും അതേ ആൾക്കാർ തന്നെ കടന്ന് വന്നതോടെ മാരാർ സമുദായത്തിന്റെ ആധിപത്യവും തകർന്നു. ഇങ്ങനെ ആചാരങ്ങളിലും ശീലങ്ങളിലും ആഗോളീകരണവും സാഹചര്യങ്ങളും വരുത്തുന്ന മാറ്റങ്ങൾക്ക് വഴങ്ങി മുന്നോട്ട് പോകുമ്പോഴും, ഓരോ പറക്കാലത്തെയും വരവേൽക്കാൻ പറക്കാപ്പിയും പറസദ്യയും പറക്കഞ്ഞിയും മൊക്കെയായി ഓണാട്ടുകരക്കാർ കാത്തിരിക്കുകയാണ്. അമ്മദൈവങ്ങൾ ആണ്ടിലൊരിക്കൽ തങ്ങളുടെ വീട്ടിലെത്തുന്നതും കാത്ത്.

# പ്രകൃതി, കൃഷി, ജീവനം - പാലാക്കവിതയിൽ

ഡോ. സിബി കുര്യൻ

മാനവരാശിയുടെ മുന്നോട്ടുള്ള പ്രയാണത്തിലെ നിർണ്ണായകമായ ദശാസന്ധിയെയാണ് കൃഷിയും അനുബന്ധപ്രവർത്തനങ്ങളും അഭിവ്യഞ്ജിപ്പിക്കുന്നത്. നായാടിയിൽനിന്ന് നാഗരികനിലേക്കുള്ള മാറ്റത്തിന്റെ ആദ്യാങ്കുരങ്ങൾ കാർഷികവൃത്തിയോട് ബന്ധപ്പെട്ടാണ് മുളപൊട്ടിവളർന്നത്. അനുകൂലമായ ഇടം കണ്ടെത്തി കൃഷി ചെയ്യാൻ ആരംഭിച്ചതോടെ സ്ഥിരവാസവും ഗാർഹികജീവതവും മനുഷ്യജീവിതത്തിന്റെ അനിവാര്യതയായി മാറി. കാർഷികവൃത്തിയിലൂടെ ജീവിതസുസ്ഥിരതയും സമൃദ്ധിയും കൈവരിച്ച മനുഷ്യൻ നാഗരികജീവിതത്തിന്റെ ഭ്രമാത്മകലോകത്തിലേക്ക് കടന്നുചെന്നതോടെ അവന്റെ ശ്രദ്ധ മനുഷ്യപ്രയത്നം ലഘുവാക്കാനുതകുന്ന ബഹുവിധ വികസനപ്രവർത്തനത്തിലേക്കും കലാസാഹിത്യാദി വിനോദോപാധികളിലേക്കും പരിവർത്തിച്ചു. ലോകമെമ്പാടും ഏറ്റക്കുറച്ചിലുകളോടെ നടപ്പിലായ ഈ പരിണതി മനുഷ്യകുലത്തിന്റെ ഒന്നാകെയുള്ള സാംസ്കാരിമുന്നേറ്റത്തിന്റെ ദ്യോതകമാണ്.

കൃഷിയുമായി ബന്ധപ്പെട്ട് വളർന്നുവന്നിട്ടുള്ള സംസ്കാരവിശേഷം മാനവകുലത്തിന്റെ ബഹുമുഖതലങ്ങളെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. മനുഷ്യസംസ്കാരത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ ഈടുവയ്പുകളായ കലാസാഹിത്യമേഖലകളിലും കൃഷി ശക്തമായ സാന്നിദ്ധ്യമറിയിച്ചിട്ടുണ്ട്. സാഹിത്യപ്രവർത്തനങ്ങൾക്ക് അനുകൂലമായ ഭൗതികസാഹചര്യം ഒരുക്കിയ കാർഷികജീവിതംതന്നെയാണ് മിക്കപ്പോഴും സാഹിത്യരചനയ്ക്കുള്ള ആലംബനോദ്ദീപനവിഭാവങ്ങളായി വർത്തിച്ചതും. മനുഷ്യന്റെ കലാപ്രകടനങ്ങളുടെ പ്രാക്തനരൂപമായ നാടോടിപ്പാട്ടുകളും നൃത്തരൂപങ്ങളും പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. കൃഷിക്ക് നിലമൊരുക്കുന്നതുമുതലിങ്ങോട്ടുള്ള ഓരോ കാർഷികവൃത്തി

യെയും അതുമായി ബന്ധപ്പെട്ട് രൂപംകൊണ്ട ആചാരാനുഷ്ഠാനങ്ങളെയും ആവിഷ്ക്കരിക്കുന്നവയാണ് അവയൊരോന്നും. ശാസ്ത്രസാങ്കേതികമേഖലകളിൽ എത്രമേൽ പുരോഗതി കൈവരിച്ചാലും ജീവിതസന്ധാരണത്തിനായി കൃഷിയെ ആശ്രയിക്കാതിരിക്കാൻ മനുഷ്യന് കഴിയാത്തിടത്തോളം കാലം അവന്റെ സാഹിത്യപരിശ്രമങ്ങളിലെല്ലാം പ്രത്യക്ഷപരോക്ഷസ്വാധീനശക്തിയായി കാർഷികസംസ്കാരം നിലനില്ക്കുകതന്നെചെയ്യും.

പ്രകൃതിയുടെ സ്വഭാവികഘടനയ്ക്കുമേൽ മനുഷ്യർ നടത്തുന്ന വ്യവസ്ഥാപിതമായ ഇടപെടലാണ് കാർഷികവൃത്തി. ആദിമകാലത്ത് പ്രകൃതിയുടെ തനിമകളെ ഭഞ്ജിക്കാതെ അതിനോട് അനുരൂപമായ കൃഷിരീതി അവലംബിച്ച മനുഷ്യൻ ക്രമേണ പ്രകൃതിയെ തന്റെ ഇംഗിതത്തിനനുസരിച്ച് വശപ്പെടുത്താനും പോരടിച്ച് കീഴ്പ്പെടുത്താനും ശ്രമമാരംഭിച്ചു. ഇതോടെ പ്രകൃതി മനുഷ്യന്റെ ഉപഭോഗവസ്തുവായി പരിമിതപ്പെടുകയും നിരന്തരമായ ചൂഷണത്തിന് വിധേയമാകുകയുംചെയ്തു. ജീവിതസമൃദ്ധിക്കായി ആവിർഭവിച്ച കൃഷിരീതികൾ പ്രകൃതിവിരുദ്ധമായിത്തീർന്നതിന്റെ സ്വഭാവികപരിണതി എന്നനിലയിൽ പലവിധ പാരിസ്ഥിതികപ്രശ്നങ്ങൾ ഉടലെടുക്കുകയും മനുഷ്യന്റെ സ്വച്ഛജീവിതം വിച്ഛിന്നമാകുകയുംചെയ്തു. അതോടെ പരിസ്ഥിതി സന്തുലിതമായ വികസനം എന്ന ആശയത്തിന് ലോകമെമ്പാടും വലിയ സ്വീകാര്യത ലഭിക്കുകയും റേച്ചൽ കാൾസൺ, മസനോബു ഫുക്കുവോക്ക എന്നിവരെപ്പോലുള്ള പ്രകൃതിസ്നേഹികൾ പ്രകൃതിക്കൃഷിയുടെ പ്രാധാന്യം ഉയർത്തിക്കാണിക്കുകയുംചെയ്തു. മനുഷ്യജീവനത്തിന്റെ സ്വച്ഛതയെ ഹനിക്കാതെ പ്രകൃതിക്കിണങ്ങിയ കാർഷികവൃത്തിയാണ് സമകാലത്തിന്റെ ആവശ്യമെന്ന ധാരണ പ്രവൃദ്ധമായി. അതോടെ മനുഷ്യന്റെ കാർഷികജീവിതവുമായി ബന്ധപ്പെട്ട വിവിധവിഷയങ്ങൾ സാഹിത്യകൃതികളിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി.

ഓരോ ദേശത്തിന്റെയും സാമൂഹികസാംസ്കാരിക പരിതോവസ്ഥകളാണ് അതാതിടങ്ങളിലെ കലാസാഹിത്യരംഗങ്ങളിൽ പ്രതിഫലിച്ചുകാണുന്നത്. കൃഷിക്ക് അനുകൂലമായ ഭൂപ്രകൃതിയും കാലാവസ്ഥയുമുള്ള കേരളത്തിലെ കാർഷികജീവിതത്തിന്റെ സ്വാധീനം ഇവിടുത്തെ സാഹിത്യകാരന്മാരിൽ പ്രകടമാണ്. കാർഷികപാരമ്പര്യത്താൽ സമ്പന്നമായ പാലാ ദേശത്തിന്റെ നാമംപേറുന്ന കവിയായ പാലാ നാരായണൻനായർ കാർഷികജീവിതത്തിന്റെ സവിശേഷതകൾ സമഗ്രമായി സമീക്ഷിച്ച കവിയാണ്. മീനച്ചിലാറിന്റെ ഇരുകരകളിലുമായി വ്യാപിച്ചുകിടക്കുന്ന പാലാദേശത്തിന്റെ കാർഷികപാരമ്പര്യത്തിന് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്. കാർഷികപ്രധാനമായ ജീവിതരീതിയിലേക്കുള്ള ദ്രാവിഡ

ദേശത്തിന്റെ പരിണാമത്തെ അടയാളപ്പെടുത്തുന്ന സംഘസാഹിത്യത്തിൽ പ്രതിപാദിച്ചിട്ടുള്ള ഐന്തിണകളിൽ ഒന്നാണ് പാലൈ. മലമ്പ്രദേശമായ കുറിഞ്ചിക്കും വയൽപ്രദേശമായ മരുതത്തിനും ഇടയ്ക്കുള്ള കുന്നുകൾ നിറഞ്ഞ വരണ്ട ഊഷരഭൂമിയായ ഇടനിലമാണ് പാലൈ. കൊടുന്തമിഴ് മലയാളമായി പരിണമിച്ചതിനുള്ള കാരണങ്ങളായി ഏ. ആർ. രാജരാജവർമ്മ ചൂണ്ടിക്കാണിക്കുന്ന ആറുനയങ്ങളിൽ ഒന്നായ സ്വരസംവരണമനുസരിച്ച് പ്രകൃതികളുടെയും പ്രത്യയങ്ങളുടെയും ഒടുവിലുള്ള ഐകാരം അകാരമായി മാറും. അതനുസരിച്ച് തമിഴിലെ പാലൈ മലയാളത്തിൽ പാല ആയിമാറും. ഐന്തണകളിൽ ഒന്നായ പാലൈ തന്നെയാണ് പാലാദേശമെന്ന് തെളിയിക്കണമെങ്കിൽ ഇനിയും ഏറെ തെളിവുകൾ സമാഹരിക്കേണ്ടതുണ്ട്. പക്ഷേ സംഘസാഹിത്യത്തിൽ പരാമർശിതമായ പാലൈത്തിണയുടെ ഭൂമിശാസ്ത്രസവിശേഷതകൾ പാലാദേശം ഉൾക്കൊള്ളുന്നു എന്നത് നിസ്സംശയമാണ്. ദേശസവിശേഷതകൾക്കിണങ്ങുന്നതും പരിസ്ഥിതിസൗഹാർദ്ദപരവുമായ കൃഷിരീതിയാണ് പ്രാചീനകാലംമുതൽ ഇവിടെ നിലനിന്നിരുന്നത്. ഇതിനെക്കുറിച്ചുള്ള സൂക്ഷ്മപ്രതിപാദങ്ങൾകൊണ്ട് സമൃദ്ധമാണ് പാലാക്കവിത.

കൃഷി ആരാധനതന്നെയായിരുന്ന ഒരു ജനതയുടെ ജീവിതമാണ് പാലാക്കവിതയിൽ സന്നിഹിതമായിരിക്കുന്നത്. ഗ്രാമീണസമൂഹത്തിന് പ്രകൃതി, ഈശ്വരാവിഷ്കാരം തന്നെയായിരുന്നു; പ്രകൃതിവസ്തുക്കൾ പൂജനീയങ്ങളും. ഇതിന്റെ ഉത്തമനിദർശനമാണ് 'ഉദയംപൂജ' എന്ന കവിത. വേമ്പനാട്ടുകായലിന്റെ ഇരുകരകളിലും ജീവിക്കുന്ന കൃഷിക്കാർ മീനം –മേടം മാസങ്ങളിൽ ആഘോഷിക്കുന്ന പവിത്രമായ ഒരു ചടങ്ങാണ് ഉദയംപൂജ. മൂന്നുദിവസം നീണ്ടുനില്ക്കുന്ന ചടങ്ങുകൾക്കായി പ്രഭാതത്തിൽ തന്നെ എത്തിച്ചേരുന്ന കന്യകകൾ താലമെടുത്ത് അണിയണിയായി നിൽക്കുന്നു. കുത്തുവിളക്കും കുരവയുമായി കുടുംബിനിമാർ എത്തിച്ചേരുന്നു. പ്രായമായവർ മന്ത്രം ചൊല്ലിക്കൊണ്ട് നിരക്കുന്നു. ആഘോഷത്തിനായി ആളുകൾ എത്തിച്ചേരുന്നതിനൊപ്പം പ്രകൃതിയും അണിഞ്ഞൊരുങ്ങുന്നു. വിഷുവിന് വിത്തുവിതച്ച് മഴയെ കാത്തിരിക്കുന്ന കർഷകരാണ് പകലോൻ സ്വർണ്ണമുരുക്കിയ പാടത്തിൽ പൂജ നടത്തുന്നത്. അവർക്കുവേണ്ടത് നല്ല വിളവിനായുള്ള പ്രകൃതിയുടെ കനിവാണ്. സൂര്യചന്ദ്രന്മാരെ അവർ മനംനിറഞ്ഞ് പൂജിക്കുന്നു. പ്രകൃതിവസ്തുക്കളുടെ പൂജയിലൂടെ അവർ മുരളീധരനെയും മൃത്യുഞ്ജയനെയുമൊക്കെ സാക്ഷാത്കരിക്കുകയാണ്.

> "അർക്ക സൂര്യ ദിവാകരാ ഭുവനത്രയത്തിനു നായകാ
> അല്പരാമടിയങ്ങൾ നിന്നെ വണങ്ങിടുന്നു വിനായകാ

കാര്യശേഷിയിണങ്ങി രോഗമൊതുങ്ങി ഞങ്ങളുയർന്നിടാൻ
സൂര്യദേവ ദിനേശ ഭാസ്കരദ്വാദശാത്മ നമോസ്തുതേ."

എന്നിങ്ങനെയാണ് കർഷകകണ്ഠങ്ങളിൽനിന്നുയരുന്ന പ്രാർത്ഥന. പ്രകൃതിയെ ആരാധനാഭാവത്തിൽ അഭിവീക്ഷിക്കുന്ന പ്രാചീനസമൂഹത്തിന്റെ മനോഭാവം പിന്തുടരുന്ന കർഷകസമൂഹത്തെയാണ് കവിയിവിടെ പ്രതിഷ്ഠിക്കുന്നത്. കൃഷി പാലായ്ക്ക് പ്രകൃത്യാരധനത ന്നെയായിരുന്നു. പ്രകൃതിയെ സചേതനവസ്തുവായി സമീക്ഷിക്കുന്ന കാർഷികദർശനമാണ് അദ്ദേഹം മുന്നോട്ടുവച്ചത്.

മനുഷ്യന്റെ അഭ്യുന്നതിക്ക് കൃഷിപോഷണം ആവശ്യമാണെന്നു പറയുമ്പോൾ തന്നെ അത് പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം വരുത്താത്തതായിരിക്കണമെന്ന നിലപാടാണ് പാലായ്ക്കുള്ളത്. മധ്യകേരളത്തിൽനിന്ന് മലബാറിലേക്ക് കുടിയേറി കൃഷിയിറക്കിയവരെക്കുറിച്ച് 'കേരളം വളരുന്നു' എന്ന പ്രസിദ്ധമായ കവിതയിൽ നല്കുന്ന വിവരണത്തിൽ ഇക്കാര്യം വ്യക്തമാണ്. അവർ വനം വെട്ടിത്തെളിച്ച് കൃഷിചെയ്യുന്നതിനെ കവി ഉത്സാഹപൂർവം വരവേൽക്കുന്നു. കർഷകമനസ്സുള്ള കവിക്ക് കുടിയേറ്റകർഷകരുടെ അത്യദ്ധ്വാനത്തെ പ്രകീർത്തിക്കാതെ വയ്യ.

"ഹർഷദമിക്കാഴ്ചകൾ; മൈസൂറിൽ മലയാള-
കർഷകൻ കൈവയ്ക്കാത്ത കാടുകളില്ലെന്നായി.
കുടകിൻ വനങ്ങളും ദക്ഷിണകർണ്ണാടക-
തടവും വിളകളായ് മംഗലപുരത്തോളം"

മൈസൂറിലും കുടകിലും കേരളകർഷകർ കുടിയേറി കൃഷിചെയ്ത് വിജയം വരിക്കുന്നത് കവിക്ക് ഹർഷദമായ കാഴ്ചകളാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ കൊടിയ ദാരിദ്ര്യത്തിന് അറുതിവരുത്താൻ പഞ്ചവത്സര പദ്ധതികളിലൂടെ ഹരിതവിപ്ലവത്തിന് നാന്ദികുറിച്ച കാലയളവിൽ സാമൂഹികബോധമുള്ള ഒരു കവിക്ക് ഈ നിലപാടേ സ്വീകാര്യമാകൂ.

"കാടിനെക്കനിത്തോപ്പായ് മാറ്റുന്ന രസതന്ത്ര
പാടവം കളിയാടും കർഷകാംഗുലികളിൽ
നലവും നവീനവുമായ ശക്തികൾ ചേർന്നേ
പുലരൂ ജനക്ഷേമരാഷ്ട്രത്തിൻ സർവ്വോദയം."

കവിയുടെ ഈ വീക്ഷണം ആ കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. കൃഷി മനുഷ്യകുലത്തിന് ഉപേക്ഷിക്കാൻ കഴിയുകയില്ല. ജനപ്പെരുപ്പം, ദാരിദ്ര്യം തുടങ്ങിയ ഘടകങ്ങൾ കൂടുതൽ കൃഷിയിടങ്ങളും വിളവും ആവശ്യപ്പെടുന്നിടത്താണ് പാരിസ്ഥിതിക പ്രതിസന്ധി ഉടലെടുക്കുന്നത്. വനത്തിന്റെ സ്വഭാവികഘടനയ്ക്ക് കോട്ടംതട്ടാതെ

വയനാട്ടിലെ ആദിവാസികൾ നടപ്പിലാക്കിയ കൃഷിരീതികൾ ലോകശ്രദ്ധ ആകർഷിച്ചിട്ടുള്ളതാണ്. അതേപ്പറ്റി കവി സൂചിപ്പിക്കുന്നു.

"കാടുകളിടയ്ക്കിടെ കൃഷികൾ നടുക്കുള്ള
മേടുകൾ-വയനാട്ടിൽ മാറിടം മനോഹരം."

ഇങ്ങനെ പ്രകൃതിക്ക് കോട്ടംതട്ടാതെ വനഭൂമിയിൽ കൃഷിചെയ്യുന്ന സമ്പ്രദായം പണ്ടുമുതലേ കേരളം ശീലിച്ചിരുന്നതാണ്. പ്രകൃതിസൗഹൃദഭാവമാർന്ന ഇത്തരം കൃഷിരീതിയാണ് പാലാ മുന്നോട്ടുവയ്ക്കുന്നത്. എന്നാൽ കൃഷി കച്ചവടമായി മാറിയതോടെയാണ് പ്രകൃതിനാശോന്മുഖമായിത്തുടങ്ങിയത്. വനം ക്രമേണ വൻകിട കൃഷിത്തോട്ടങ്ങളായി മാറുന്നതിന്റെ, പട്ടണവാസികളുടെ അധിനിവേശത്തിന് ഇരയായിത്തീരുന്നതിന്റെ ദുരന്തം 'ഗിരിവാസികൾ' എന്ന കവിതയിൽ കവി ചിത്രീകരിക്കുന്നതു കാണുക.

"കാടുകൾ കാടല്ലിന്നു തേയിലച്ചെടികളും
കാപ്പിയും വളരുന്ന തോട്ടമായ് നിറം മാറി
റബ്ബറിൻ പച്ചക്കൊടിക്കൂറകൾ സഹ്യാദ്രിക്കു-
മപ്പുറം പൊങ്ങിപ്പാറി, തെങ്ങുകൾ തിങ്ങിക്കൂടി."

വനം, കൃഷിഭൂമികളും മനുഷ്യാധിനിവേശകേന്ദ്രങ്ങളും ആയതോടെയാണ് പ്രകൃതിയുടെ താളംതെറ്റിയതും പാരിസ്ഥിതികപ്രശ്നങ്ങൾ ഉടലെടുത്തതും. തേയില, കാപ്പി, റബർ തുടങ്ങിയ ഏകവിളകൾ മണ്ണിന്റെ ജൈവവൈവിധ്യം തകർക്കുമെന്ന് മനസ്സിലാക്കിയ കവി തന്റെ ജന്മനാട്ടിൽ നിലനിന്ന വൈവിധ്യമാർന്നതും ഭൂപ്രകൃതിക്കിണങ്ങുന്നതുമായ കൃഷിരീതിക്ക് കവിതയിൽ പ്രാമുഖ്യം നല്കുന്നു. പാലാ എന്ന പേരിൽതന്നെയുള്ള കവിതയിൽ തന്റെ നാടിന്റെ കാർഷികവൈവിധ്യം കവി വരച്ചുകാണിക്കുന്നതു നോക്കുക. മരതകതരുക്കളാൽ മുടിവെച്ചുനിൽക്കുന്ന സാന്ദ്രവനപ്രദേശങ്ങളും മദനീരണിക്കരിവരനിഭം വർത്തിക്കുന്ന അരുവികളൊഴുകുന്ന ഗിരിനിരകളും കേരങ്ങൾ കുടനിവർക്കുന്ന സാനുപ്രദേശങ്ങളും അതിനിടയിൽ കുരുമുളകും നടുതലകളും ശോഭിക്കുന്ന തടങ്ങളും പവിഴമണി മാലകൾ വിതാനിച്ചുപാടുന്ന നെൽക്കുലകൾ നിറഞ്ഞ പാടങ്ങളും കവിവർണ്ണനയ്ക്ക് വിഷയമാകുന്നു. ഉൾവനങ്ങളിലാരംഭിക്കുന്ന പ്രകൃതി ചിത്രീകരണം മലയും താഴ്വാരവും കടന്ന് കർഷകനിലയങ്ങൾ വായ്ക്കുന്ന ഗ്രാമപ്രകൃതിയിലേക്ക് എത്തുന്നു. ഐന്തിണയിലെ പാലൈ നിലത്തിന്റെ ഭൂപ്രകൃതിക്ക് സമാനമാണ് കവി ചിത്രീകരിക്കുന്ന പാലാപ്രദേശം. ഏറ്റവും അഭികാമ്യവും സ്വാഭാവികവുമായ പ്രകൃതിഘടനയാണിവിടെ പ്രകടമായിക്കാണുന്നത്. വനങ്ങൾ വനങ്ങളായി നിലനിർത്തുക. താഴ്വാരങ്ങളുടെ സ്വാഭാവികഘടന ശിഥിലമാക്കാതെ കുരുമുളകും

നടുതലകളും അവിടെ കൃഷി ചെയ്യുക. ഏറ്റവും താണനിലം കണ്ടങ്ങളായി തിരിച്ച് നെൽകൃഷിക്ക് ഉപയുക്തമാക്കുക. പ്രകൃതിക്ക് മുറിവേല്പിക്കാതെയുള്ള ജീവനം വിഭാവനംചെയ്യുന്നു കവിയിവിടെ.

പ്രകൃതിയുടെ ജൈവഘടന നിലനിർത്തിക്കൊണ്ടുള്ള, പ്രകൃതിയോടിണങ്ങിയ കാർഷികസംസ്കാരമായിരുന്നു പാലാ പ്രദേശത്ത് നിലനിന്നത്. കുരുമുളകും നടുതലകളും നെൽകൃഷിയും പ്രധാന ഉപജീവനമാർഗ്ഗമായിരുന്ന അക്കാലത്തെ കൃഷിരീതികൾക്ക് ശാസ്ത്രീയമായ അറിവുകളുടെ പശ്ചാത്തലമില്ലായിരുന്നെങ്കിലും തികച്ചും പാരിസ്ഥിതികമായിരുന്നു. നടുതലകളും നെൽകൃഷിയും റബ്ബർക്കൃഷിക്ക് വഴിമാറിയ ഇന്നത്തെ മീനച്ചിൽപ്രദേശം കവിക്ക് തീർച്ചയായും പരിചിതമായിരിക്കണം. എങ്കിലും 1985–ൽ രചിച്ച ഈ കവിതയിൽ അദ്ദേഹം കൃഷിരീതിയിൽ വന്ന മാറ്റം കണ്ടതായി ഭാവിക്കുന്നില്ല. കവിയുടെ കാർഷികസംസ്കാരത്തിൽ വൈവിധ്യരഹിതമായ,റബ്ബർക്കൃഷിപോലെയുള്ള വൈദേശിക നാണ്യവിളകൾക്കു സ്ഥാനമില്ല.

പ്രകൃതിയുടെ ജൈവഘടനയ്ക്ക് കോട്ടംതട്ടാതെയുള്ള കൃഷിയും അതിലൂടെയുള്ള അതിജീവനവും വിഭാവനംചെയ്യുന്ന സമ്യക്കായ കാർഷികസംസ്കാരമാണ് പാലാ തന്റെ കവിതകളിലൂടെ മുന്നോട്ടുവച്ചത്. സ്വദേശത്തിന്റെ പരിതോവസ്ഥയിൽനിന്ന് കവി കണ്ടെടുത്തവതരിപ്പിച്ച കാർഷികജീവിതക്രമം സാർവജനീനവും പ്രസക്തവുമാണ്. അതിൽനിന്ന് വ്യതിചലിച്ചതിന്റെ തിക്തഫലങ്ങളാണ് മാനവസമൂഹം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന നിരവധിയായ പാരിസ്ഥിതികപ്രശ്നങ്ങൾ. കൃഷിയും തദനുസൃതമായ പാരിസ്ഥിതികപരിണാമങ്ങളും സ്വാഭാവികവും അപരിത്യാജ്യവുമാണ്. പക്ഷേ കൃഷിയുടെ പേരിൽ നടത്തുന്ന പാരിസ്ഥിതിക ഇടപെടലുകളിൽ മിതത്ത്വം പാലിക്കണമെന്നും ഭൂപ്രകൃതിയുടെ സവിശേഷതകൾക്കിണങ്ങുന്ന വിളകൾ കൃഷി ചെയ്യണമെന്നും മുന്നറിയിപ്പുനൽകുന്ന കവിയുടെ ലക്ഷ്യം മാനവകുലത്തിന്റെ കാലാതിവർത്തിയായ അതിജീവനംതന്നെ

# തിരക്കാഴ്ചയിലെ കൃഷിപാഠങ്ങൾ

**സിദ്ധാർത്ഥ ശിവപ്രസാദ്**

മനുഷ്യന് ജീവിക്കാനുള്ള അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നായി ഭക്ഷണം നിലനിൽക്കുന്നിടത്തോളം കാലം കൃഷിയെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ നിന്നും മാറ്റിനിർത്താൻ സാധിക്കില്ല. മനുഷ്യരാശിയുടെ നിലനിൽപ്പുതന്നെ പ്രകൃതിയും മനുഷ്യനുമായുള്ള സന്തുലിതാവസ്ഥയുടെ പരിണിതഫലമാണ്. ആഗോളതലത്തിൽ തന്നെ കൃഷി, കൃഷിയിടങ്ങൾ, കർഷകർ എന്നിവയൊക്കെ സ്വാധീന ചാലകശക്തികളാണ്.

കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക ഇടങ്ങൾ പരിശോധിക്കുമ്പോഴും കൃഷിക്ക് പ്രഥമസ്ഥാനം തന്നെയാണ് ഉള്ളത്. ഫ്യൂഡൽ– ജാതി വ്യവസ്ഥകളും കർഷക–കുടിയാൻ സംസ്കാരങ്ങളും അതിലൂടെ മലയാളിയുടെ രാഷ്ട്രീയ മാനങ്ങളിലുണ്ടായ പുതിയ ആശയ പ്രത്യയശാസ്ത്രാവിർഭാവങ്ങളും വിഷു, ഞാറ്റുവേല തുടങ്ങിയ ആഘോഷങ്ങളും കൃഷിയുമായി ബന്ധപ്പെട്ടു കിടക്കുന്നു.

രണസംവിധാനത്തിൽ കാർഷികമന്ത്രാലയത്തിനുള്ള പ്രസക്തിയും വാർഷിക ബജറ്റിൽ കൃഷിക്കും കർഷകർക്കും മാറ്റി വയ്ക്കപ്പെടുന്ന പാക്കേജുകളും, കേരളത്തിലെ കാർഷിക സർവകലാശാലകളും, കാർഷിക കേന്ദ്രങ്ങളും, തോട്ടങ്ങളും കൃഷിയുടെ പ്രസക്തി അടയാളപ്പെടുത്തുന്നവയാണ്. കാലാകാലങ്ങൾക്കനുസരിച്ചുള്ള കൃഷിരീതികളെപ്പറ്റിയും ജയാപജയങ്ങളെപ്പറ്റിയും കൃത്യമായ ധാരണ മലയാളി നിലനിർത്തിപോന്നു. കൃഷിയെപ്പറ്റിയുള്ള അറിവുകൾ, നൂതനരീതികൾ എന്നിവ സാധാരണമായി വായ്മൊഴി വഴക്കമായും അനുഭവങ്ങളായു

മാണ് നാം സ്വായത്തമാക്കിയിരുന്നത്. ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ കൃഷി ഓഫീസർമാർ ലഘു ലേഖകളിലൂടെയും പോസ്റ്ററുകളിലൂടെയും നേരിട്ട് നയിക്കുന്ന ക്ലാസ്സുകളിലൂടെയും അടിസ്ഥാന വിവരങ്ങളും വിളകളിലും വിത്തുകളിലും ഉണ്ടാകുന്ന പുതിയ സമ്പ്രദായങ്ങളും കർഷകരെ അറിയിച്ചിരുന്നു. വയലും വീടും, കൃഷിദീപം, കേരള കർഷകർ തുടങ്ങിയ പരിപാടികൾ ഏറെ ജനശ്രദ്ധ കിട്ടിയതാണ്. ദിനപത്രങ്ങളിലൂടെയും പത്രങ്ങളുടെ പ്രത്യേക കൃഷി പതിപ്പുകളായ പുസ്തകങ്ങളിലൂടെയും കൃഷിയറിവുകൾ സാധാരണക്കാരിലേക്ക് എത്തിയിരുന്നു. പത്രങ്ങളെക്കാളും മറ്റ് വിവരവിനോദ വിനിമയ മാധ്യമങ്ങളെക്കാളും ഏറെ സ്വാധീനം സിനിമയ്ക്ക് ഉണ്ടായിരുന്നു മലയാള മണ്ണിൽ. എന്നാൽ കൃത്യമായ കൃഷിയറിവുകൾ സിനിമയിലൂടെ വിനിമയം ചെയ്തിട്ടില്ല എന്ന് കാണാവുന്നതാണ്. ലാവണ്യാത്മക കലാസൃഷ്ടി എന്ന നിലയിൽ അറിവ് പകരുക എന്നതിനേക്കാൾ രസാനുവദ്യേം ആണ് സിനിമയുടെ ലക്ഷ്യം എന്ന വാദം കൊണ്ട് ഇതിനെ ന്യായീകരിക്കാവുന്നതാണ്. ദേശീയ ചലച്ചിത്ര വികസന കോർപ്പറേഷനും ഫിലിംസ് ഡിവിഷനും ഒരുക്കിയ അനേകം ഡോക്യുമെന്ററികളിലും ന്യൂസ് റീലുകളിലും കൃഷിയെപ്പറ്റി പ്രതിപാദിക്കുന്നുണ്ടെങ്കിലും ജനപ്രിയ കഥാ സിനിമകളിൽ കൃഷി അറിവുകളുടെ  സംവേദനം കുറവാണ്.

പ്രേക്ഷകന് പരിചിതമായ ദൃശ്യപരിസരമാണ് കൃഷിയും കൃഷിയിടങ്ങളുമെങ്കിലും സിനിമ കർഷകന്റെ ആന്തരികവും സാമൂഹ്യവുമായ പ്രശ്നങ്ങളെ മാത്രമായിരുന്നു എന്നു അഭിസംബോധന ചെയ്തത്. കൃഷിയിടങ്ങളിലെ തൊഴിലില്ലായ്മ, ചൂഷണം പ്രതികൂലമായ കാലാവസ്ഥയിൽ ഉണ്ടാകുന്ന കൃഷി നഷ്ടങ്ങൾ, സാമൂഹ്യ ജീവിതശൈലി തുടങ്ങിയവയുമായി സമരസപ്പെട്ടുള്ളതായിരുന്നു കൃഷിസിനിമകളുടെ ഇതിവൃത്തങ്ങൾ. സ്വാതന്ത്ര്യ പൂർവ്വ/അനന്തര ഇന്ത്യയിൽ കർഷകരുടെ കഥകൾ സിനിമയിൽ പറയുവാനുള്ള സമൂഹ്യ അന്തരീക്ഷം നിലനിന്നിരുന്നു. ഒന്നാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ വറുതിയും വിളനാശവും ഭക്ഷ്യക്ഷാമവും ഏറ്റവും ബാധിച്ചത് കാർഷികവൃത്തിയെയാണ്. അതിജീവനത്തിനുള്ള എല്ലാ വഴികളും അടഞ്ഞതോടെ നഗരത്തുറുങ്കുകളിലേക്ക് എടുത്തെറിയപ്പെടുന്ന കർഷകരുടെ അന്യതയും അന്യഥാത്വവും വലിയൊരു സാമൂഹ്യ പ്രശ്നമായി സിനിമ തിരിച്ചറിഞ്ഞു എന്ന ഡോ.പി.എസ് രാധാകൃഷ്ണന്റെ നിരീക്ഷണം ഇതുമായി ചേർത്തു വായിക്കാവുന്നതാണ്. കർഷകന്റെ അതിജീവനം പ്രശ്നവത്കരിക്കുമ്പോൾ കൃഷിയുടെ പുതു അറിവുകളും സാധ്യതകളും സ്പർശിക്കാതെ തന്നെ സിനിമകൾ ഉണ്ടായിക്കൊണ്ടിരുന്നു. ആദ്യകാല ഇന്ത്യൻ സിനിമയായ

സവ്കാരിപാഷി (1925)ൽ തുടങ്ങുന്ന കർഷകരുടെയും കൃഷിയുടെയും പ്രശ്നപരിഹാരസിനിമകൾ ഇന്ത്യയിലെ ഏതാണ്ടെല്ലാ ഭാഷകളിലും ഒരു പോലെ അനുരൂപിക്കപ്പെട്ടു. ഏത് ഇന്ത്യൻ സംസ്ഥാനത്തിന്റെയും സാമ്പത്തിക-സാമൂഹ്യ നട്ടെല്ല് കൂടിയാണ് എന്നതും വിഷയവ്യാപനത്തിന് സഹായകമായി. തമിഴിൽ കത്തി, ബൂമറാങ് തുടങ്ങിയ സിനിമകളുടെ അടിസ്ഥാന കഥാതന്തു കർഷകരുടെ നിലനിൽപ്പും കൃഷിയുടെ അതിജീവനവും ഒക്കെയാണെങ്കിലും കൃഷി സമ്പ്രദായത്തെപ്പറ്റിയോ വിത്തിന്റെ പ്രത്യേകതകളെപ്പറ്റിയോ കൃഷിരീതിയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപറ്റിയോ മണ്ണിന്റെയോ കാലാവസ്ഥയുടെയോ സ്വാവത്തെപ്പറ്റിയോ മറ്റേതൊരു സിനിമ പോലൊയും പരാമർശവിധേയമായമാകുന്നില്ല. വെള്ളത്തിന്റെ ക്ഷാമവും അതിന് അധികാര വർക്ഷത്തിൽ നിന്ന് നേരിടേണ്ടിവരുന്ന അവഗണനകളും കൃഷിഭൂമിയെ വ്യാവസായിക ഭൂമിയാക്കി പരിവർത്തനം ചെയ്യാനുള്ള കുത്തകകളുടെ ശ്രമത്തെ ചെറുത്തു തോൽപ്പിക്കുന്നതോ ഒക്കെയായി ക്ലിപ്തപ്പെടുന്നു. കേരളം പോലൊരു കൃഷിസൗഹൃദ ദേശത്തിനും പറയാനുണ്ടായിരുന്നു കൃഷിയും കൃഷിയിടങ്ങളും കർഷകരും അടങ്ങുന്ന കഥകൾ.

പുതിയ ആകാശം പുതിയഭൂമി (1962), അമ്മു(1965), വെളുത്ത കത്രീന (1968) ഭൂമി ദേവി പുഷ്പിണിയായി (1974) തുടങ്ങി ഒട്ടനവധി ചിത്രങ്ങളിൽ കൃഷിയെ പ്രതിനിധീകരിച്ചിട്ടാണെങ്കിലും കൃഷിയുടെ വിവിധ വ്യവഹാരങ്ങളിലേക്ക് കടന്നു ചെല്ലാൻ കഴിഞ്ഞിട്ടില്ല.

നല്ലൊരു ശതമാനം മലയാള സിനിമകളിലും നായകനോ നായികയോ നായകന്റെ ബന്ധുക്കളോ നായികയുടെ ബന്ധുക്കളോ കർഷക കഥാപാത്രങ്ങളായി വരുന്നുണ്ടെങ്കിലും അവരൊക്കെ സിനിമയുടെ മുഖ്യധാരാ കഥാഖ്യാന ചടുലതകളുടെ കൂടെ സഞ്ചരിക്കുന്ന പാർശ്വ കഥാപരിസരത്തിൽ മാത്രമായി ഒതുങ്ങുന്നു. ഏറെ ജനപ്രിയത കിട്ടിയ മമ്മൂട്ടി നായകനായ വാത്സല്യം എന്ന സിനിമയിൽ കേന്ദ്രകഥാപാത്രമായ രാഘവൻ കർഷകനാണ്. കൃഷിയാണ് രാഘവനുൾപ്പെടുന്ന വലിയൊരു കൂട്ടുകുടുംബത്തിന്റെ ഏക വരുമാനം. പല രംഗങ്ങളിലും രാഘവൻ കൃഷിയിടങ്ങളിലോ കൃഷിയുമായി ബന്ധപ്പെട്ട് അനുബന്ധ പ്രവർത്തനങ്ങളിലോ വ്യാപൃതനാണെങ്കിലും കഥാഖ്യാനം നീളുന്നത് കുടുംബബന്ധങ്ങളിലേക്കും അവിടെയുണ്ടാകുന്ന വിള്ളലുകളും കൂടിച്ചേരലുകളും സൃഷ്ടിക്കുന്ന സാർവ്വലൗകിക കഥാപരിചരണ രീതിയിലേക്കാണ്. കർഷകനായിട്ടുകൂടി പാടത്ത് കിളയ്ക്കുന്നു, കാളയെ പൂട്ടുന്നു തുടങ്ങിയ പ്രവർത്തികൾ ചെയ്യുന്നതല്ലാതെ കൃഷിസ്വഭാവത്തെ പറ്റിയോ രീതികളെ പറ്റിയോ പരാമർശിക്കുന്നില്ല. (അതിന്റെ ആവശ്യവുമില്ല.) നന്മകളുടെ

വ്യവഹാര രൂപങ്ങൾക്കിടയിൽ രാഘവനിലെ കർഷകൻ എന്ന സ്വത്വം പരാങ്മുഖത്വം സൃഷ്ടിക്കുന്ന ഒന്നായി മാറുന്നു. ഇതേ രീതിയിൽ തന്നെ കഥാപാത്രസ്വഭാവ സവിശേഷതയ്ക്കായി കർഷകൻ എന്ന ഏകരൂപം നായകന്റെ തൊഴിലായോ എളിമയുടെ ബിംബാഖ്യാനമായോ ചാർത്ത പ്പെടുന്നുണ്ടെങ്കിലും ദൃശ്യാനുവ തുടർച്ചയിൽ ലോപിച്ച് ഇല്ലാതാകുന്നത് സ്വാഭാവിക കാഴ്ചയാണ്. തൂവാനതുമ്പികൾ (1987) മേലേപ്പറമ്പിൽ ആൺവീട് (1993) മറവത്തൂർകനവ് (1998) മയിലാട്ടം (2004) തൊമ്മനും മക്കളും (2005) ഉടയോൻ (2005) ജിലേബി (2015) തുടങ്ങിയവ. മുഖ്യ ധാര സിനിമകളിലും നായകൻ കർഷകൻ ആണെങ്കിലും കൃഷി ഉപരി തലാഖ്യാനമായി മാത്രം അവശേഷിക്കുന്നു. പേരിൽതന്നെ കർഷകന്റെ പ്രതിനിധാനം ഉള്ള സിനിമയായ കിണർ (2000)ൽ പോലും കൃഷി ഒരു വിഷയമേ ആകുന്നില്ല.

സത്യൻ അന്തിക്കാട് സംവിധാനം ചെയ്ത ശ്രീനിവാസന്റെ തിരക്ക ഥയിൽ ഒരുങ്ങിയ സന്ദേശം (1991) എന്ന ചിത്രത്തിന്റെ സൃഷ്ടിപ്രക്രിയ സാമാന്യ വിഷയങ്ങളുമായി ചേർന്നു നിൽക്കുന്നതാണെങ്കിലും കൃഷിയും കൃഷി അറിവുകളും ചില രംഗങ്ങളിൽ കടന്ന് വരുന്നു. രാഷ്ട്രീയ-അരാ ഷ്ട്രീയ ദ്വന്ദ്വങ്ങൾക്കിടയിൽ വികസിക്കുന്ന സിനിമയിൽ തിലകൻ ചെയ്യുന്ന രാഘവൻ നായർ എന്ന കഥാപാത്രം റെയിൽവേയിലെ ജോലി യിൽ നിന്ന് വിരമിച്ച് നാട്ടിൽ തിരിച്ചെത്തുന്നു. തുടർന്ന് വിശ്രമജീവിതം ക്രിയാത്മകമായി വിനിയോഗിക്കാൻ കൂടിയാണ് രാഘവൻ നായർ തിര ഞ്ഞെടുക്കുന്നത്. അതിനായി കൃഷി ഓഫീസറുടെ (സിദ്ധിഖ്) സഹാ യവും അയാൾ തേടുന്നു. കൃഷി ഓഫീസറും രാഘവൻ നായരും അച്യു തൻ നായരും (ഒടുവിൽ ഉണ്ണികൃഷ്ണൻ) ആയുള്ള രംഗങ്ങളിലൂടെയാണ് കൃഷിയെപ്പറ്റിയും മണ്ണിനെ പറ്റിയും ഫലങ്ങളെപ്പറ്റിയുമുള്ള അറിവുകൾ പ്രേക്ഷകരിലേക്ക് എത്തുന്നത്. വായിലൂടെ രുചിച്ച് നോക്കി ഓഫീസർ രാഘവൻ നായരുടെ മണ്ണ് പരിശോധിച്ചിട്ട് ലാറ്ററേറ്റ് കലർന്ന മണ്ണിനെ പറ്റി സംസാരിക്കുന്നു. കേരളം തമിഴ്നാട്, ആന്ധ്രാ, ഒറീസ, പശ്ചിമബം ഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലും ലാറ്ററേറ്റ് കലർന്ന മണ്ണിന്റെ സ്വാധീനം കാണാം എന്ന് ഓഫീസർ പറയുന്നു. ഇത് ഒരു കർഷകനും വലിയൊരു അറിവായി മാറിയേക്കാം. കൃഷിയുമായി പൊരുത്തപ്പെട്ട് കഴി യാനും ഒരു ശരാശരി മലയാളിയെ പോലും ഈ രംഗത്തിലെ സംഭാഷ ണങ്ങളിലൂടെ കൃഷി അറിവുകളിലേക്ക് ആകർഷിക്കുകയോ കുറഞ്ഞ പക്ഷം കേരളത്തിൽ ലാറ്ററേറ്റ് കലർന്ന മണ്ണാണ് എന്നും ഇത് വാഴ, പച്ചക്കറി തുടങ്ങിയ ഇടകൃഷിക്ക് ഉതകുന്ന തരം ഭൂമിക സൃഷ്ടിക്കുന്നു എന്നുമുള്ള സാമാന്യ സൂക്ഷ്മതയിലേക്ക് എത്തിക്കുന്നു. അതേ രംഗത്ത്

വെണ്ട കൃഷിയെപ്പറ്റിയും പരാമർശിക്കുന്നു. ഏത് സമയത്തും നടത്താവുന്ന ഒന്നാണല്ലോ വെണ്ട. അഞ്ച് ദിവസം കൊണ്ട് മുളയ്ക്കും വളരെ പെട്ടെന്ന് കായ്ക്കില്ലെ എന്ന് കൃഷി ഓഫീസർ ഉദയഭാനുവും അഭിപ്രായപ്പെടുന്നുണ്ട്. ഇത് സാമാന്യ ജനതയുടെ പച്ചക്കറി ബോധമണ്ഡലത്തിലെ സജീവസാന്നിദ്ധ്യമായി വെണ്ടയെപ്പറ്റി പ്രേക്ഷകന് കിട്ടുന്ന നവ അറിവാണ്. വെണ്ട എന്ന  പച്ചക്കറിയുടെ ഉത്പാദന സമയം, സ്വഭാവം, കാലദൈർഘ്യം, തുടങ്ങിയ സാമാന്യ അറിവുകളെ ക്രോഡീകരിക്കുന്ന ഈ രംഗത്ത് കണ്ണാറ ലോക്കൽ എന്ന ചീരയിനത്തെപ്പറ്റി പറയുന്നതിലൂടെ ഇലവഗർമായ ചീരക്ക് ഉപവർഗം ഉണ്ടെന്ന അറിവ് ലഭിക്കുന്നു. മാമ്പഴ ഇനമായ ചൊങ്കത്തേനി തമിഴ് നാട്ടിലെ ബണ്ഡുരുത്തിയിൽ ഉത്പാദിപ്പിക്കപ്പെടുന്നു എന്ന സന്ദേശവും ഉദയഭാനു പ്രേക്ഷകനുമായി പങ്കുവയ്ക്കുന്നു.  ഈ നാട്ടിലെ മണ്ണിന് അമ്ലത്തം കൂടുതലാ, തെങ്ങിന് കുമ്മായവും വേണ്ടി വരും എന്ന പ്രസ്താവനയിലൂടെ ഉദയഭാനു കേരകർഷകർക്കുള്ള ആധികാരിക അറിവും നൽകുന്നു ഉദയഭാനു. തൊടിയിൽ നിന്ന് ഓടി ഇറങ്ങുമ്പോൾ വഴുതി വീഴുകയും ചമ്മൽ മറയ്ക്കാനായി പറമ്പിലെ മണ്ണ് എടുത്ത് പരിശോധിക്കുകയും ചെയ്യുന്നു. തുടർന്ന് മണ്ണിന് ക്ഷാര സ്വഭാവം കൂടുതലാണെന്നും പരിഹാരമായി നൈട്രേറ്റ് നിർദ്ദേശിക്കുകയും ചെയ്യുന്നു.

റോഷൻ ആൻഡ്രൂസിന്റെ സംവിധാനത്തിൽ ജയിംസ് ആൽബർട്ട് രചിച്ച് മോഹൻലാൽ നായകനായ സിനിമയാണ് ഇവിടം സ്വർക്ഷമാണ് (2009). ഭൂമാഫിയയുടെ കടന്നു  കയറ്റവും രാഷ്ട്രീയ അധികാര സ്ഥാപനങ്ങളുടെ സമീപനരീതിയും അതിനെതിരേയുള്ള ഒരു കർഷകന്റെ പ്രതിരോധ പ്രവർത്തനങ്ങളുമാണ് ചിത്രത്തിന്റെ ഇതിവൃത്തം. ഭീഷണിയുടെയും അക്രമണത്തിന്റെയും മാർക്ഷങ്ങളിലൂടെയും കൃഷി ഭൂമിയെ റിസോർട്ടിനുള്ള ഭൂമികയായി മാറ്റിയെടുക്കുക വഴി വൈറ്റ്-കോളർ സാക്ഷര സംസ്കാരത്തിന്റെ സമകാലികവത്കരണം ചിത്രം പറഞ്ഞുവയ്ക്കുന്നു. ചിത്രത്തിൽ ഉടനീളം കർഷക/മുതലാളി കൃഷി/മാഫിയ അക്രമണ/ചെറുത്തു നിൽപ്പ് ദ്വന്തങ്ങ ളുടെ പ്രശ്ന പരിസരത്ത് കൂടിയാണ് സഞ്ചരിക്കുന്നതെങ്കിലും കൃഷി അറിവുകളുടെ കൂടി നിലവറയായി ഇവിടം സ്വർമാണ് മാറുന്നു.

ജെർമിയാസിന്റെ മകൻ മാത്യൂസ് കർഷകനാണ്. ആ കഥാപാത്ര നിർമ്മിതിക്കായി കർഷകവൃത്തിയുടെ പ്രക്രിയാരൂപത്തിലൂടെ പ്രേക്ഷകരെ കൊണ്ടുപോകേണ്ട അത്രയും സമയമേ ചിത്രത്തിൽ കൃഷി അിറവുകൾ നിയതമായി വിനിമയമം ചെയ്യപ്പെടുന്നുള്ളു. ചിത്രത്തിന്റെ തുടക്കത്തിൽ തന്നെ വിത്ത്കാളയെ ആണ് കാണിക്കുന്നത്. ആൾസ്റ്റിൻ

ഫ്രിഷ്യസ് എന്ന ഇനത്തിൽ പെട്ട കാളയാണതെന്നും പ്രത്യുത്പാദന പ്രകടനത്തിൽ മികവുള്ളതാണെന്നും പിന്നീട് മനസ്സിലാക്കാം. ചിത്രം പ്രകൃതിദത്തമായ ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ വലിയ തെളിവുകൾ പല രംഗങ്ങളിലും കാണാം. ജൈവം ഇന്നിന്റെ കൃഷിരീതിയാണ്. കുത്തിവയ്പ്പിന്റെ കാലത്ത് പ്രകൃതിദത്തമായ ഇണചേരലിലും പ്രസവത്തിനും ആയാണ് ആൾസ്റ്റിൻ ഫ്രിഷ്യസിനെ ജെറമിയായുടെ (മാത്യൂസിന്റെ) ഫാമിലേക്ക് കൊണ്ടുവന്നത്. മാത്യൂസിലെ കൃഷിക്കാരനെ ദൃശ്യവ്യവഹാരത്തിലേക്ക് കൊണ്ടുവരുവാനായി പശു, ടർക്കി, കോഴി, ആട്, താറാവ്, പ്രാവ്, പച്ചക്കറി, ജാതിക്കൃഷി തുടങ്ങിയ ബിംബങ്ങളാണ് ചിത്രത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ബെറ്റ്സി (പ്രിയങ്ക) പശുക്കളെ പറ്റി ചോദിക്കുമ്പോൾ ജെർമിയ നടത്തുന്ന വിവരണപ്രകാരം നൂറ്റി അമ്പതോളം ഇനം പശുക്കൾ ലോകത്ത് ഉണ്ട് എന്ന അറിവ് കിട്ടുന്നു. നന്ദിനി, ജേഴ്സി, സ്വിസ് (ബ്രൗൺ) തുടങ്ങിയ ഉദാഹരണങ്ങളും പരാമർശ വിധേയമാകുന്നു. തുടർന്ന് വരുന്ന രംഗങ്ങളിൽ മണ്ണിര കമ്പോസ്റ്റിനെപറ്റിയും, പശുക്കൾക്കുള്ള ക്ഷണത്തെപ്പറ്റിയും പറയുന്നു. കാലിത്തീറ്റയിൽ ബിയറിന്റെ വേസ്റ്റും ഗോതമ്പ് ചണ്ടിയും കൂടി കലർത്തി നൽകുന്നത് പാലുത്പാദനത്തിനുള്ള വഴിയാണ് എന്നത് ക്ഷീരകർഷകർക്കുള്ള അറിവനുവങ്ങളാണ്. വിശ്വശ്രീ എന്ന ജാതി ഇനത്തെപ്പറ്റിയും, ജാതി പരിചരണത്തിന്റെ ഭാഗമായി മഴപെയ്തത് കൊണ്ട് പൊതയിടേണ്ട ആവശ്യകതയെപറ്റിയും ചിത്രം പ്രസ്താവിക്കുന്നു. ചിത്രത്തിന്റെ ക്ലൈമാക്സിൽ സന്നിഗ്ദ്ധാത്ഥമുള്ള സംാഷണവുമായി മാത്യൂസ് പറയുന്നു. കൃഷി നശിപ്പിക്കാൻ വരുന്ന കീടങ്ങളെ വെളുത്തുള്ള മിശ്രിതവും പുകയില കഷായവും തളിച്ച് നശിപ്പിക്കുന്നത് എന്ന് നായകന്റെ വില്ലനോടുള്ള പരിസമാപ്തി സംഭാഷണാഖ്യാനത്തിൽ പോലും കൃഷി അറിവിന്റെ സൂക്ഷ്മതകൾ കോറിയിടാൻ ചിത്രത്തിന് കഴിഞ്ഞു.

റോഷൻ അൻഡ്രൂസിന്റെ തന്നെ ഹൗ ഓൾഡ് ആർ യൂ (2014) എന്ന ചിത്രത്തിൽ ടെറസ്സ് കൃഷിയും അതിന്റെ സാധ്യതകളും ചർച്ച ചെയ്യുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും പറിക്കുന്ന വിഷം നിറച്ച പച്ചക്കറികൾ സമൂഹത്തിന് ഉണ്ടാകുന്ന ദുരന്തങ്ങളും ക്രിയാത്മകവും കേന്ദ്രീകൃതവുമായ ശ്രമങ്ങളിലൂടെ നമുക്ക് ആവശ്യമുള്ള പച്ചക്കറികൾ നമുക്ക് തന്നെ ഉണ്ടാക്കിയെടുക്കാൻ സാധിക്കുന്ന ഒന്നാണെന്നും ചിത്രം പറഞ്ഞു വയ്ക്കുന്നു. എൻഡോസൾഫാൻ, എക്കാലക്സ്, കോളോഡൈൽ, ഫംഗിസൈഡ് തുടങ്ങിയ കീടനാശിനികളുടെ ഉപയോഗം എത്തരത്തിൽ മനുഷ്യരിൽ രോഗങ്ങളായി പരിവർത്തനം ചെയ്യപ്പെടും എന്നതിനെപ്പറ്റി ചിത്രം കൃത്യമായി അവതരിപ്പിക്കുന്നു. ടെറസ്സ് കൃഷിയിൽ ശ്രദ്ധിക്കേണ്ട

കാര്യങ്ങളും, അതിന്റെ പരിപാലനവും ചിത്രത്തിൽ പരാമർശനവിധേയമാകുന്നു. കെട്ട്യോൾ ആണെന്റെ മാലാഖ (2019)യിലും കൃഷി അറിവിന്റെ ചെറിയ വിനിമയ ഇടങ്ങളും സാധ്യതകളും കാണാം. പുതിയതരം കുരുമുളക് വിത്ത് വികസിപ്പിക്കുന്ന കഥാനായകൻ സ്ലീവാച്ചൻ അതിന്റെ പരിചരണരീതിയെപ്പറ്റി ചിത്രത്തിൽ പരാമർശിക്കുന്നുണ്ട്. മണ്ണിന്റെ പി.എച്ച് കൗണ്ട് അറിയുന്നതിന്റെ ആവശ്യകതയും ജൈവവളമായ ചാണകം ഉപയോഗിക്കുന്നതിനെപ്പറ്റിയും അടിക്കാട് വെട്ടിപരിശീലിക്കുന്നതിന്റെ പ്രസക്തിയും കക്കാ നീറ്റിയിടുന്നത് സംബന്ധിച്ച വിവരണങ്ങളും പ്രേക്ഷകന് പുതിയ കൃഷി അറിവുകൾ ആണ്.

ജനപ്രിയ സിനിമകളുടെ സ്വീകാര്യതയോ വിനിമയ സാധ്യതകളോ ഇല്ലാത്ത സമാന്തര സിനിമകളിലും കാര്യമായ കൃഷി അറിവുകൾ പ്രകടമാക്കുന്നില്ല. ശിവപ്രസാദ് സംവിധാനം ചെയ്ത സ്ഥലം (2012) എന്ന ചിത്രത്തിൽ കണ്ടൽ കർഷകനായ പൊക്കുടന്റെ ജീവിതമാണ് ഇതിവൃത്തമായി സ്വീകരിച്ചിരിക്കുന്നത്. ഇവിടെ പൊക്കൻ എന്ന കഥാപാത്രം കണ്ടൽ കൃഷി ഒരു ജീവിതമാർഗ്ഗമായോ സാമ്പത്തിക സ്രോതസ്സായോ അല്ല കണക്കാക്കുന്നത്. അതൊരു ജീവിതചര്യയും നിയോഗവുമാണ്. അയാൾ സാംശീകരിക്കുന്നത്. ചിത്രത്തിൽ കണ്ടൽ കൃഷിയുടെ വിവിധ വശങ്ങളെപ്പറ്റിയും വിവിധയിനം കണ്ടലുകളെപ്പറ്റിയും പ്രതിപാദിക്കുന്നു. ഇവിടെ പൊക്കൻ സ്വാർത്ഥതാത്പര്യങ്ങളെക്കാൾ സമൂഹത്തിന്റെ നന്മയാണ് ലക്ഷ്യം വയ്ക്കുന്നത്. കണ്ടലുകളുടെ കൃഷി ആവാസവ്യവസ്ഥയിൽ ഉണ്ടാകുന്ന ഗുണകരമായ മാറ്റങ്ങളെപ്പറ്റിയും സുനാമി ഉൾപ്പെടെയുള്ള പ്രകൃതി ക്ഷോഭങ്ങളിൽ നിന്നും കരയെ കാക്കാൻ കഴിയുന്നതിനെപ്പറ്റിയും പീത്ത കണ്ടൽ, പ്രാന്തൻ കണ്ടൽ, പൂ കണ്ടൽ, വള്ളി കണ്ടൽ തുടങ്ങിയ ഇനങ്ങളെ പറ്റിയും പരാമർശിക്കുന്നു. കണ്ടൽ കൃഷി ചെയ്യുന്നതിലൂടെ സമൂഹത്തിന് ഗുണകരമായ അവസ്ഥാന്തരങ്ങൾ ല്യമാകുന്നു എന്ന ദൃഷ്ടാന്തമാണ് പ്രകടമാകുന്നത്. സംസ്കാര സവിശേഷമായ കൃഷിയെ ഇത്തരത്തിൽ ദൃശ്യ-ശ്രവ്യ അറിവുകളുടെ ചെറിയ കാവ് ക്യാപ്സൂളുകളാക്കി (അറിഞ്ഞോ അറിയാതെയോ) മാറ്റാനും ഇത്തരം അറിവുകളെ ജനപ്രിയ ഇടങ്ങളിൽ ഉദ്ഗ്രന്ഥനം ചെയ്യാനും കഴിയുന്നു എന്നത് സിനിമയുടെ ബഹുമുഖത്വ സവിശേഷതയാണ്.

സിനിമ സാമൂഹ്യ ഇടപെടലുകൾ നടത്തുന്നത് അതിന്റെ വരേണ്യതയിൽ ഉണ്ടാകുന്ന ഏതൊരിടിവിനും അപ്പുറം ജനപ്രിയ കലാഖ്യാനം എന്ന നിലയിലും നിഷേധിക്കാൻ പറ്റാത്ത യാഥാർത്ഥ്യമാണ്. പല പുതിയ അറിവുകളും മലയാളി പ്രേക്ഷകന് ലഭിച്ചിടുന്നത് സിനിമയിൽ നിന്നുമാണ്. കളക്ടറും കളക്ടർ അനുഭവിച്ച് പോകുന്ന പദവിയും

പദവിയുടെ രാഷ്ട്രീയവും പൊതുമലയാളി ബോധത്തിലേക്ക് കൊണ്ടു വരുന്നത് ദി കിംഗ് (1995) ചിത്രത്തിലൂടെ ആണ്. അതുവരെ കളക്ടർ എന്ന വാക്കിനോടും ചുമതലകളോടും ദൂരബന്ധം പോലുമില്ലാതിരുന്ന സാമാന്യജനത ചിത്രം റിലീസായതിനു ശേഷം നേടിയ പുതിയ അറിവായി അത് മാറുന്നു. അടിക്കുറിപ്പ് (1989) എന്ന ചിത്രത്തിന് ശേഷ മാണ് ഹേബിയസ് കോർപ്പസ് എന്ന നിയമസാധ്യതയെ പൊതുസമൂ ഹം ബൗദ്ധിക ധാരയിലേക്കെടുത്തത്. ഇവിടം സ്വർഗമാണ് എന്ന ചിത്ര ത്തിൽ കൂടിയാണ് മലയാളിയുടെ പൊതുബോധത്തിലേക്ക് അമിക്യസ് ക്യൂറി എന്ന പദവിയും അതിന്റെ സാധ്യതകളും ചേക്കേറുന്നത്. ഇത്ത രത്തിൽ സിനിമകൾ സംവേദനം ചെയ്യുന്ന പുതു അറിവുകൾ പല രീതികളിൽ ആയിരിക്കാം പ്രേക്ഷകനെ സ്വാധീനിക്കുന്നത്. മനുഷ്യന്റെ അടിസ്ഥാന കാമനകൾക്കും കാല്പനിക മാനസിക വ്യാപാരങ്ങൾക്കും ദൃശ്യഭാഷ (സിനിമ) നൽകിയ വൈയക്തികവും സാമൂഹ്യവുമായ അനു ഭവങ്ങൾ ജീവിതപാഠങ്ങളായി ഇന്നും പ്രേക്ഷകർ വ്യവഹരിക്കുന്നു. കൃഷിയും കൃഷി അറിവുകളും സിനിമയിലൂടെ പ്രേക്ഷകന്റെ പൊതു ബലത്തെ സ്വാധീനിക്കും. അവയുടെ പുനരവതരണങ്ങളോ, ചെയ്തി കളോ ജീവിതത്തിൽ ഉണ്ടായേക്കാവുന്ന സാധ്യത വളരെ കുറവാണെ ങ്കിലും ബോധമണ്ഡലത്തിൽ നിരന്തരമായി ഇടപെടൽ അവയ്ക്കാകു ന്നു. ദൃശ്യം മോഡൽ കൊലപാതകങ്ങളും, നീലാകാശം പച്ചക്കടൽ യാത്ര കളും, ഹണി ബീ മാതൃകയിൽ ലഹരി ഉപയോഗരീതികളും സമൂഹ ത്തിൽ ആവർത്തിക്കപ്പെടുമ്പോൾ സിനിമയിൽ നിന്നും നല്ലതും ചീത്ത യുമായ സന്ദേശങ്ങളും അറിവുകളും സമൂഹത്തിലേക്ക് കടമെടുക്കപ്പെ ടുന്നുണ്ട് എന്ന് വ്യക്തമാണ്. കൃഷിയും കൃഷി അറിവുകളും അതിലെ നൂതന പ്രവണതകളും സവിശേഷ സാഹചര്യങ്ങൾക്കായി സിനിമയിൽ നിന്നും മാറ്റി എടുക്കപ്പെടുന്ന (പെടേണ്ട) പ്രക്രിയ അതിനെ നിഗൂഢവ ത്കരണത്തിൽ നിന്നും തുറവിയിലേക്ക് കയറ്റി വിടുകയാണ് ചെയ്യുന്ന ത്.

**ഗ്രന്ഥസൂചി**

രാധാകൃഷ്ണൻ, പി.എസ്. *സംസ്കാര ദേശീയതയുടെ ചലച്ചിത്ര പഠനങ്ങൾ.* ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം : 2017.

രാഘവൻ, പയ്യനാട്. *ഫോക്‌ലോർ.* കേരള ാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവന ന്തപുരം: 1997.

രാജഗോപാലൻ, സി.ആർ (ജന.എഡി). *കൃഷിയുടെ നാട്ടറിവുകൾ.* ഡി.സി ബുക്ക്സ്, കോട്ടയം: 2004.

വിഷ്ണു നമ്പൂതിരി, എം.വി. *നാടോടി വിജ്ഞാനീയം.* ഡി.സി ബുക്ക്സ്, കോട്ടയം: 2011.

# വൈലോപ്പിള്ളി കവിതകളിലെ കാർഷിക സംസ്കാരം

ഡോ. രേണു

കൃഷി മനുഷ്യസമൂഹത്തിന്റെ ആധാരമാണ്. കൃഷി തുടങ്ങിയപ്പോഴാണ് മനുഷ്യൻ സംസ്കാരചിത്തനായതെന്ന് സാമൂഹിക ചിന്തകർ അഭിപ്രായപ്പെടുന്നു. കൃഷിയാണ് സാമൂഹിക വളർച്ചയുടെ അടിസ്ഥാനമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. കുടുംബം എന്ന സ്ഥാപനത്തിന്റെ തുടക്കം തന്നെ കൃഷിയുടെ ആരംഭത്തോടുകൂടിയാണ്. കാർഷികവൃത്തി മനുഷ്യന്റെ ജീവിത സംസ്കാരമായി പരിണമിക്കുന്നു. മണ്ണിനോടുള്ള മനുഷ്യന്റെ ബന്ധം ചെന്ന് അവസാനിക്കുന്നത് കാർഷിക സംസ്കാരത്തിലാണ്.

വൈലോപ്പിള്ളിയുടെ കാവ്യദർശനം കാർഷിക സംസ്കാരത്തിൽ നിന്ന് രൂപം കൊണ്ടതാണ്. വൈലോപ്പിള്ളിയുടെ ഒട്ടുമിക്ക കവിതകളുടെയും അന്തർധാര കാർഷികസംസ്കൃതിയുടെ ചെളിനീരുറവയാണ്. വൈലോപ്പിള്ളിയുടെ കന്നിപ്പുസ്തകമായ കന്നിക്കൊയ്ത്ത് മുതൽ മകരകൊയ്ത്ത് വരെയുള്ള കൃതികളും വൈലോപ്പിള്ളിയുമായുള്ള അഭിമുഖങ്ങളും കവിയുടെ പ്രതികരണങ്ങളും ഇത് സാധൂകരിക്കുന്നു. കർഷകനോടുള്ള കേവലമായൊരു സ്നേഹമല്ല അത്. കവിയുടെ അന്ത:പ്രേരണ കാർഷിക സംസ്കാരത്തിൽ നിന്നാണ് മുളച്ചുപൊന്തിയത്. കവിയൊരു കാവ്യകർഷകനാണെന്ന കൈനിക്കരകുമാര പിള്ളയുടെ നിരീക്ഷണം ശ്രദ്ധേയമാണ്.

**വിത്തും കൈകോട്ടും – കവിയുടെ ജീവിതദർശനം**

പാടങ്ങൾ ഏറെയുള്ള ഒരു ഉൾനാടൻ ഗ്രാമത്തിലാണ് വൈലോപ്പിള്ളി ജനിച്ചു വളർന്നത് (1911) എറണാകുളത്ത് ഏലൂരിലെ കവിയുടെ തറവാടിന്റെ കിഴക്കുള്ള വിശാലമായ പാടമാണ് കന്നിക്കൊയ്ത്ത് പാടം. കവിക്ക് ഏറ്റവും പ്രിയപ്പെട്ടതാണ് ഈ പാടം.

'എന്റെ ഗ്രാമം' എന്ന പേരിൽ വൈലോപ്പിള്ളി ഒരു കവിത തന്നെ എഴുതിയിട്ടുണ്ട്. ഗ്രാമീണ ജീവിതത്തിന്റെയും പാടത്ത് ഉയിരെടുക്കുന്ന ജീവിതത്തിന്റെയും ഉൾത്തുടിപ്പുകളെ നേരിട്ടറിയാൻ ഇത് കവിയെ സഹായിച്ചു. പാടത്തും പറമ്പിലും പണിയെടുക്കുന്നവരുടെയും പാടത്തിന്റെ ഓരം ചേർന്ന് കുടിയിൽ താമസിക്കുന്നവരുടെയും ചെറ്റക്കുടിലുകളിലെയും ജീവിതങ്ങളെ അടുത്ത് നിന്ന് കവി പലപ്പോഴും കണ്ടിട്ടുണ്ട്. 'വിത്തും കൈകോട്ടും' എന്ന കവിതയുടെ ആമുഖത്തിൽ കവി സൂചിപ്പിക്കുന്നത് ഇങ്ങനെ:

'ഞാൻ കേരളത്തിലെ ഒരു നാട്ടിൽപുറത്ത് ജനിച്ചു വളർന്നതാണ് എന്റെ കവിതയുടെ ഏറ്റവും വലിയ ഭാഗ്യമെന്നു തോന്നുന്നു.' 1952-ലാണ് വിത്തും കൈകോട്ടും രചിക്കപ്പെട്ടത്. കന്നിമണ്ണിൽ വിത്തെറിഞ്ഞ് കന്നിപ്പാടത്ത് കനകം വിളയിക്കുന്ന കർഷകർ കവിയുടെ സുഹൃത്തുക്കളാണ്. അവരോടൊപ്പമാണ് കവി ബാല്യകൗമാരങ്ങൾ പിന്നിട്ടത്. അവരുടെ ചുണയും ചൂരും ആത്മവിശ്വാസവും ശുഭാപ്തിചിന്തയും കവി മനസ്സിലേക്ക് കടന്നുകയറി. പിന്നീടത് കവിയുടെ ജീവിതദർശനമായി മാറി. വൈലോപ്പിള്ളിയുടെ ജീവിതദർശനവും കാവ്യദർശനവും ഒന്നുതന്നെയാണ്. 'വിത്തും കൈകോട്ടിൽ' കവി ഇത് ഇങ്ങനെ പങ്കുവയ്ക്കുന്നു: "ഇന്നും പുതുമഴക്കാലത്ത് പാടത്തു നിന്ന് അതേ പാട്ടുകൾ പാടി കേൾക്കുമ്പോൾ ഞാൻ വീരാഹ്ലാദഭരിതനായി വഴിയരികിൽ നിന്നു പോകാറുണ്ട്. ആ വീരരസം പുനരാവിഷ്കരിക്കുവാൻ ഇന്നത്തെ ചില പുരോഗമന കവികൾ ശ്രമിക്കുന്നുണ്ടെന്നു തോന്നുന്നു. ആ തെളി മലയാളമെങ്കിലും, കവിതയിൽ പകർത്തുവാൻ ഞാനും, പലപ്പോഴും ഞാനറിയാതെ ഉദ്യമിക്കാറുണ്ട്."

വൈലോപ്പിള്ളിക്കവിതയിൽ കാണുന്ന കാർഷികസംസ്കൃതി കവി ജനിച്ചു വളർന്ന കാർഷിക ഗ്രാമത്തിന്റേതാണ്. ഈ കാർഷിക സംസ്കാരത്തിൽ നിന്നാണ് തന്റെ കവിതയുടെ രൂപഭാവങ്ങൾ കവി കണ്ടെടുത്തത്. കവിയുടെ ഗ്രാമത്തിലെ കന്നിപ്പാടമാണ് കവിയുടെ ജീവിതദർശനത്തിന്റെ കാമ്പും കാതലും കരളും. കർഷകന്റെ ശുഭാപ്തി വിശ്വാസം കേവലം ഉപരിപ്ലവമല്ല. അത് അവന്റെ ജീവിതത്തെ മുന്നോട്ട് നയിക്കുന്ന ജീവിതശക്തിയാണ് (Life Force). കാർഷികവൃത്തി ശുഭാപ്തിവിശ്വാസത്തിൽ അടിയുറച്ച ഒന്നാണ്. കാലപ്പിഴകൊണ്ട് കതിരണിപ്പാടം കരിഞ്ഞുണങ്ങിയാലും തൊട്ടടുത്ത വർഷം അതേ പാടത്ത് നിന്ന് വിത്തെറിയുന്ന കർഷകന്റെ ആത്മവിശ്വാസമാണ് കവിയുടെ കൈയിലുള്ള വിത്തും കൈകോട്ടും. വിത്ത് അനുസ്യൂതമായി

കൈമാറി കൈമാറി വരുന്ന ജീവന്റെ കോശമാണ്. വിത്ത്/ജീവൻ കാർഷിക ബിംബങ്ങളിലെ ജീവചൈതന്യമാണ്. വിത്തിൽ നിന്നാണ് പുതുനാമ്പുകൾ പാടത്ത് പൊടിക്കുന്നത്. വിത്തിൽ നിന്നും മുളപ്പൊട്ടുന്ന പുതു ഞാറിനെ ശുശ്രൂഷിക്കുന്നത് ബാല്യകൗമാരങ്ങളിൽ കുട്ടികളെ ശുശ്രൂഷിക്കുന്നതു പോലെയാണ്. ഞാറ് കാറ്റാടി പ്രായം കഴിഞ്ഞ് (യൗവനം കഴിഞ്ഞ്) കതിരു മുറുകുമ്പോൾ ഗർഭിണിയെ ശുശ്രൂഷിക്കുന്നത് പോലെയാണ് കർഷകർ നെല്ലിനെ പരിചരിക്കുന്നത്. കർഷകന്റെ ജീവിതമാണ് പാടവും പാടത്ത് എറിയുന്ന വിത്തും. വിത്ത് മുളച്ച് ഞാറായി കാറ്റാടി പരുവമായി കതിരുവന്ന് മുറുകി കൊയ്തെടുക്കുന്നതുവരെ കർഷകന്റെ ആത്മവിശ്വാസമാണ് അവനെ കാർഷികവൃത്തിയിൽ മുന്നോട്ട് നയിക്കുന്നത്.

കാരിരുമ്പിന്റെ കരുത്തുള്ള മണ്ണിനെ കൊത്തി കിളച്ച്, മറിച്ച്, പൊടിച്ചുടയ്ക്കുന്നത് കൈകോട്ടാണ്; കൈകോട്ടുപിടിക്കുന്ന, അധ്വാനിക്കുന്ന മനുഷ്യനാണ്. ഈ കൈകോട്ടാണ് നിലം ഒരുക്കുന്നത്. കാർഷികസംസ്കാരത്തിന്റെ രണ്ടുസവിശേഷതകളാണ് വിത്തും കൈ കോട്ടും. കർഷകന്റെ ആത്മവിശ്വാസമാണ് അവന്റെ ശുഭാപ്തി വിശ്വാസത്തിന് അടിത്തറ. കവി ഇത് തിരിച്ചറിയുന്നുണ്ട്. കവിയ്ക്കിത് കന്നിക്കൊയ്ത്ത് പാടം നൽകിയ അനുഭവപാഠമാണ്. കൈയിൽ വിത്തും കൈകോട്ടും ഉണ്ടെങ്കിൽ ഏത് പരിതസ്ഥിതിയിലും കൃഷിപ്പിഴ വന്നാൽ കാർഷികജീവിതത്തെ മുന്നോട്ട് കൊണ്ടുപോകാൻ കർഷകന് എല്ലുറപ്പും കരളുറപ്പുമുണ്ട്. മഴയോടും മണ്ണിനോടും മല്ലടിച്ച് കൃഷിപ്പണികൾ പൂർത്തിയാക്കി നെല്ല് വിളയിക്കാനും കൊയ്തെ ടുക്കാനും കഴിയുമെന്ന ശുഭാപ്തിവിശ്വാസം കർഷകന്റെ ജീവിതം അവനു സമ്മാനിച്ച പാരമ്പര്യസ്വത്താണ്. 'ഈ വിത്തും കൈകോട്ടു'മാണ് കവിയുടെ കാവ്യദർശനത്തിൽ കുടിയേറിയത്. വിത്ത് അജയ്യമായ ജീവിതത്തിന്റെ പ്രതീകമാണ്. കൈകോട്ട് കീഴടക്കാ നാവാത്ത ആത്മവിശ്വാസത്തിന്റേതാണ്. ദീർഘകാലം കൃഷി ചെയ്യുന്ന ഓരോ വിത്തിനവും കർഷകന്റെ പാരമ്പര്യസ്വത്താണ്. ജീവിതത്തിന്റെ കൊടിപ്പടമാണ് ഓരോ വിത്തിലും പ്രകൃതി ഒളിപ്പിച്ചു വച്ചിരിക്കുന്നത്. ഈ പാരമ്പര്യത്തിന്റെ ജീവചൈതന്യമാണ് വൈലോപ്പിള്ളി കവിതയിൽ നാം ഇങ്ങനെ വായിക്കുന്നു.

"ഹാ, വിജിഗീഷു മൃത്യുവിന്നാമോ
ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ"

കന്നിക്കൊയ്ത്തിലെ ഈ വരികൾ വൈലോപ്പിള്ളിയുടെ കാവ്യദർശനത്തിന്റെ ഹൃദയധമനിയാണ്.

കാർഷിക സംസ്കാരത്തിൽ നിന്ന് ഉറവയെടുത്ത ശുഭാപ്തി ചിന്തയാണ് കവിയുടെ മഷിപാത്രം. ഈ മഷിപാത്രത്തിൽ തൂലിക മുക്കിയാണ് തന്റെ കാവ്യജീവിതത്തിന്റെ ഒടുക്കം വരെ കവി എഴുതിയത്. ജി. ശങ്കരകുറുപ്പിന്റെയും ചങ്ങമ്പുഴയുടെയും സമ കാലികനായിരുന്നു വൈലോപ്പിള്ളി എന്നാൽ സമകാലികരായ കവിത എഴുത്തുകാരെപ്പോലെ പ്രണയപരവശതയിലോ പരമാത്മാബന്ധത്തിലോ വൈലോപ്പിള്ളി കുടുങ്ങിയില്ല. കാർഷികസംസ്കാരമാണ് ഇതിന് കാരണമായി പ്രവർത്തിച്ചത്. പ്രകൃതിയോട് മല്ലിട്ട് കനകം വിളയിക്കുന്ന കർഷക ധീരതയാണ് വൈലോപ്പിള്ളിയെ സ്വാധീനിച്ചത്. ഈ സ്വാധീനമാണ് വൈലോപ്പിള്ളി കവിതകൾക്ക് 'എല്ലുറപ്പും കരളുറപ്പും' നൽകിയത്. പാടത്ത് അധ്വാനിക്കുന്നവന്റെ എല്ലുറപ്പും കരളുറപ്പും വൈലോപ്പിള്ളി കവിതകളിലേക്ക് കടന്നുകയറി എന്നർത്ഥം.

കന്നിപ്പാടത്ത് വിതയ്ക്കലും ഞാറുനടീലും കളപറിക്കലും വളമിടീലും കൊയ്തെടു ക്കലും മെതിയും അനുസ്യൂതം തുടരുന്ന പ്രക്രിയയാണ്. തലേവർഷം കൊയ്തവർ ചിലപ്പോൾ ഈ വർഷം കൊയ്യാനുണ്ടാവില്ല. അവർ മരണപ്പെടാം. എന്നാൽ ചില കൊയ്തുകാർ മരണ പ്പെട്ടാലും കന്നിപാടത്തെ ജീവിതം/കാർഷികവൃത്തി തുടർന്നുകൊണ്ടേയിരിക്കും. പുതിയ കൊയ്ത്തുകാർ വരും. അവരുടെ പയ്യാരം പറച്ചിലുകൊണ്ട് പാടം സജീവമാകും. പാടത്ത് നടക്കുന്ന ഈ പ്രക്രിയയിൽ നിന്ന് തന്റെ ജീവിത ദർശനത്തെ കണ്ടെത്തി കവി എഴുതുന്നത് നോക്കുക:

"എണ്ണിടാത്തൊരു പുരുഷായുസ്സുകൾ
വെണ്ണീറാകാം പുകയാകാം
പൊലിമയോടന്നും പൊങ്ങുക പുത്തൻ-
തലമുറയേന്തും പന്തങ്ങൾ"

ജീവിതത്തിന്റെ ചുഴികളിലും മലരികളിലും പെട്ട് പൊങ്ങുതടിപോലെ ഒഴുകി നീങ്ങാനല്ല കവി ആഗ്രഹിക്കുന്നത്. ഒഴുക്കിനെതിരെ നീന്തികരപ്പിടിക്കുക എന്നതാണ് പ്രധാനം. കർഷകന്റെ ജീവിതാനുഭവപാഠമാണിത്. ചേറ്റുപുഴ (1962) എന്ന കവിതയുടെ മർമ്മം ഇതാണ്. മകരകൊയ്ത്തിന്റെ അവതാരികയിൽ കവി എഴുതു ന്നത് നോക്കുക.

"സ്വർഗനരകങ്ങളെക്കുറിച്ചോ ജന്മജന്മാന്തരങ്ങളെക്കുറിച്ചോ ചിന്തിച്ചു ഞാൻ വ്യാകുലപ്പെടാറില്ല. എനിക്കവയെപ്പറ്റി ഒന്നും അറിഞ്ഞുകൂടാ. എന്റെ ജീവികം മരണത്തോടുകൂടി കെട്ടതിരിയിലെ നാളം പോലെ നശിക്കുന്നു എന്ന ദൃഢമായ ഒരു തോന്നൽ മാത്രമുണ്ട്.

അത്രത്തോളം ഈ കയ്യിൽ കിട്ടിയ ജീവിതത്തെക്കുറിച്ചുള്ള എന്റെ ഉത്തരവാദിത്വം ഏറുന്നതായും തോന്നുന്നു.''

പാടത്ത് മട വീഴുമ്പോഴോ വെള്ളം കിട്ടാതെ വരണ്ട് ഉണങ്ങുമ്പോഴോ കർഷകൻ നിരാശനാകുന്നില്ല. വരണ്ടുണങ്ങിയാൽ തന്റെ കലപ്പകൊണ്ട് പാടത്തേക്ക് വെള്ളത്തെ വാച്ചാലിലൂടെ (ജലസേചനം) തെളിച്ചുകൊണ്ടുവരുന്നവനാണ് കർഷകൻ. കവിക്ക് ഏറ്റവും പ്രിയപ്പെട്ടവൻ ബലരാമനാണ്. 'ജലസേചന'ത്തിലെ ബലരാമൻ കാർഷിക സംസ്കൃതിയുടെ ലക്ഷണമൊത്ത പ്രതീകമാണ്. കലപ്പ പിടിക്കുന്ന കൈകൾ പന്തം പിടിക്കുന്ന കൈകളെ പോലെ തന്നെയാണ്. അവ രണ്ടും തളരില്ല. തളരാതെ മുന്നോട്ടേക്കാണ് അതിന്റെ യാത്ര. മലവെള്ളം കുതിച്ചൊഴുകി പാടത്ത് മട വീണാൽ മട തടുക്കാനാണ് കർഷകൻ മടയിലേക്ക് പാഞ്ഞിറങ്ങുന്നത്. ഈ പാഞ്ഞിറങ്ങുന്നവരുടെ പേശീ ദാർഢ്യമാണ് വൈലോപ്പിള്ളി കവിതയിലേക്ക് കടന്നു കയറിയത്. മട തടുക്കുന്നവർ കുറുകിയ വാക്കുകളിലാണ് സംഭാഷണം ചെയ്യുന്നത്. മട തടുക്കുന്നതിന്റെ കരുത്ത് മുഴുവൻ അവരുടെ കുറുകിയ ശബ്ദത്തിൽ ഒന്നിക്കുന്നു. കാച്ചിക്കുറുക്കി കാര്യം പറയാനുള്ള കഴിവ് കവി ആർജ്ജിച്ചത് കർഷകന്റെ കാച്ചിക്കുറുക്കിയുള്ള സംഭാഷണത്തിൽ നിന്നാണ്.

'പടയാളികളി'ൽ (കന്നിക്കൊയ്ത്ത്) പാതിരാനേരത്ത് പുഞ്ചയ്ക്ക് തേവുന്ന വേട്ടുവദമ്പതികളെ കാണാം. പുഞ്ചക്ക് തേവുക എന്നത് കഠിനാധ്വാനം ആവശ്യപ്പെടുന്ന ഒന്നാണ്. ഇത് ഒരു കാലഘട്ടത്തിലെ കാർഷിക സംസ്കാരത്തിന്റെ പ്രതീകമാണ്. പാടത്ത് പണി യെടുക്കുന്നവരുടെ ജീവിതസ്വപ്നമാണ് 'പടയാളികളി'ൽ നാം കാണുന്നത്. പട്ടയം കിട്ടുക എന്നത് ഭൂരഹിതരുടെ സ്വപ്നമാണ്. പണ്ട് കർഷകൻ വിതച്ചാൽ ജന്മിയാണ് അത് കൊയ്യുന്നത് തമ്പുരാനുള്ള പാട്ടവും സർക്കാരിനുള്ള നികുതിയും അളന്നു കഴിഞ്ഞൽ കർഷകന് കിട്ടുന്ന പാട്ട ബാക്കി പട്ടിണിയാണ്. കർഷകരുടെ ദയനീയ ജീവിതം നേരിൽ കണ്ട ആളാണ് കവി. 1930 കളിലെയും 40 കളിലെയും ജ്വലിച്ചുയർന്ന കർഷകസമരങ്ങൾ കവിയുടെ കാവ്യ ജീവിത ത്തിന്റെ തുടക്കക്കാലത്തായിരുന്നല്ലോ. ഇത് കവി മനസ്സിനെ ഏറെ സ്വാധീനിച്ചു. ഉയർത്തെഴുന്നേൽക്കുന്ന കർഷകൻ കവിക്കെന്നും സ്വീകാര്യനാണ്. കവി മനസ്സിൽ കാർഷിക സംസ്കൃതിയുടെ ഇലപ്പച്ച നമുക്കു കാണാം. ഈ ഇലപ്പച്ചയാണ്, ഇലപ്പച്ചയുടെ ഇന്ദ്ര ജാലകമാണ് (പട്ടയദാനം) വൈലോപ്പിള്ളി കവിതകളിൽ കനമുള്ള നെന്മണികൾ സൃഷ്ടിച്ചെടുത്തത്. അവയൊന്നും പതിരായി മാറിയില്ല. കാർഷിക

സംസ്കാരത്തിൽ നിന്നും ഉതിർന്ന നെന്മാണിക്യമാണ് വൈലോപ്പിള്ളിയുടെ ഭൂരിപക്ഷം കവിതകളും. കന്നിപാടത്ത് നെൻമാണിക്യം വിളയുന്നത് അപൂർവ്വമാണെന്ന കാർഷികമിത്തിനെ നാം ഇവിടെ ഓർക്കുക.

കന്നിക്കൊയ്ത്ത് പാടം തന്നെ ജീവിതകഥാനാടകഭൂവാണ്. പ്രതിജന ഭിന്നമായ ജീവിതങ്ങളുടെ സമുജ്ജ്വല പ്രതീകമാവുകയാണ് കന്നിക്കൊയ്ത്ത്പാടം. നെൽകതിരുകൾ കൊയ്തുമുന്നേറുന്ന പെൺകിടാങ്ങളെ കന്നിക്കൊയ്ത്തിൽ നാം കാണുന്നു. ഓരോ കതിരും കളയാതെ കൊയ്തെടുക്കുക എന്നതാണ് പ്രാധാനം. കാലാപെറുക്കുക എന്നുള്ളത് നടപ്പുള്ള കാര്യമല്ല. നാവ് കൊണ്ട് കൊയ്താൽ പോര അരിവാളുകൊണ്ട് നീട്ടി കൊയ്യണമെന്ന് തൊട്ടടുത്ത് നിൽക്കുന്ന പെൺകിടവിനോട് പറയുന്ന ആൺകിടാങ്ങളും കന്നിപാടത്തുണ്ട്. നീട്ടി കൊയ്തില്ലെങ്കിൽ മെതിച്ചെളക്കുമ്പോൾ പതം കുറയുമെന്ന ധ്വനിയാണ് പ്രത്യക്ഷത്തിൽ നമുക്ക് തോന്നുന്നത്. എന്നാൽ ഇത് കേവലമൊരു സൗഹൃദഭാഷണമല്ല. ജീവിതത്തോടുള്ള സംഭാഷ മാണ്. കൊയ്ത്തുപാടത്താണ് പണ്ടുകാലത്ത് പ്രണയം നാമ്പിട്ടിരിക്കുന്നത്. കൊയ്ത്തുപാടമാണ് അധ്വാനിക്കുന്ന യൗവനങ്ങളെ പണ്ട് ഒന്നിപ്പിച്ചിരുന്നത്. കൊയ്യുന്നതിനിടയിൽ കൊയ്ത്തു നിർത്തി തമ്മിലിടയ്ക്കിടെ യൗവനങ്ങൾ കണ്ണിലൂടെ കാര്യം പറയുകയും ശബ്ദത്തിലൂടെ കിന്നാരം പറയുകയും പതിവാണ്. കൊയ്ത്തുകാലത്തെ ഈ വഴക്കം കന്നിക്കൊയ്ത്തിൽ കതിരിടുന്നത് നോക്കുക.

പൊന്നുഷസ്സിൻ കൊയ്ത്തിൽ നിന്നൂരി
ചിന്നിയ കതിർചുറ്റും കിടക്കേ....
താഴ്ത്തിക്കൊയ്യുവിൻ തണ്ടുകൾ ചേറ്റിൽ
പൂഴ്ത്തി തള്ളൊല്ലേ നെല്ലുപൊന്നാണേ
തത്തപോലെ മണിക്കതിർ മാത്രം
കൊത്തിവയ്കലാ നീ കൊച്ചുപെണ്ണേ
കൊയ്യുവാനോ നീ വന്നതു കൊള്ളാം
കൊഞ്ചുകാളാഞ്ചിമീന് പിടിപ്പാനോ
നീട്ടിയാൽപ്പോര നാവുകൊണ്ടേവം
നീട്ടിക്കൊയ്യണം നീയനുജത്തീ
കാതിലം കെട്ടാൻ കൈവിരുതില്ലേ
നീ തലക്കെട്ടു കെട്ടിയാൽപ്പോരും (കന്നിക്കൊയ്ത്ത്)

വൈലോപ്പിള്ളി കവിതകളിൽ മറഞ്ഞിരിക്കുന്ന ഈ പ്രണയഭാവം

കന്നിപ്പാടങ്ങളിലെ സവിശേഷതയാണ്.

ഏകദാമ്പത്യവും വ്യക്തിഗത ലൈംഗികപ്രേമവും മനുഷ്യസമൂഹത്തിൽ രൂപ മെടുത്തുന്നത് കൃഷിയുടെയും കുടുംബത്തിന്റെയും തുടക്കകാലത്താണ് എന്ന് നിരീക്ഷ പ്പെട്ടിട്ടുണ്ട്. കന്നിപ്പാടത്ത് ഒന്നായ പ്രണയ മാനസങ്ങളാണ് പിന്നീട് ജീവിതത്തിൽ ഒന്നായി നിന്ന്, കളത്തിൽ ജീവിതം പൊലിയായി മെതിച്ചളക്കുന്നത്. ഇത്തരമൊരു ദാമ്പത്യജീവിതം കവിക്ക് ലഭ്യമായില്ലെന്ന കാര്യം ആനുഷംഗികമായി ഇവിടെ അറിയാതെ ഓർത്തുപോകുന്നു.

**കാർഷികബിംബങ്ങൾ വൈലോപ്പിള്ളി കവിതകളിൽ**

വൈലോപ്പിള്ളി കവിതകളുടെ രൂപാഭാവങ്ങൾക്ക് ഊടുംപാവും നൽകിയത് കാർഷികസംസ്കാരത്തിന്റെ ബിംബങ്ങളാണ്. പാടവരമ്പത്തെ ഭാഷണമാണ് കാച്ചിക്കുറുക്കിയ കവിതയായി രൂപാന്തരപ്പെട്ടത്. പാടത്ത് അധ്വാനിക്കുന്നവർ കൊച്ചുകൊച്ച് വാക്കുകളിലൂടെയാണ് ആശയം പ്രകടിപ്പിക്കുന്നത്. പയ്യാരവും കേട്ടുകേൾവിയുമെല്ലാം പഴഞ്ചൊൽ പരുവത്തിലാണ് പാടത്തു ഉതിരുന്നത്. നെടുങ്കൻ വാചകങ്ങൾ ഗ്രാമജീവിതത്തിന് അപരിചിതമാണ്. വിത്താഴം ചെന്നാൽ പത്തായം നിറയും, വിത്തു ഗുണം പത്തുഗുണം തുടങ്ങിയ കാർഷികചൊല്ലുകൾ കുറുകിയതാണ്. പൊലിയള വുപോലെയാണ് കർഷകരുടെ ഭാഷണങ്ങൾ. കുറുകിയ വാക്കുകളാണ് പാടത്ത് ഉപയോഗിക്കുന്നത്. കർഷകന്റെ സ്വഭാവമാണ് ചെറുചെറുവാക്കുകളിൽ പറയുക എന്നുള്ളത്. പരത്തി പറയുന്ന സ്വഭാവം കർഷകനില്ല. ഇത് പാടത്തെ അനുഭവമാണ്. കൊള്ളി വാക്ക് പറയാനുള്ള കർഷകന്റെ കഴിവ് അനുഭവമാണ്. കൊള്ളി വാക്ക് കുറുകിയതാണ്. കൊള്ളി വാക്കിനകത്ത് ഒളിപ്പിച്ചു വയ്ക്കുന്ന അർത്ഥതലം സവിശേഷത നിറഞ്ഞതാണ്. പാടത്തെ ഭാഷണങ്ങൾ കവിയിൽ വലുതായ സ്വാധീനത ചെലുത്തി. പാടത്ത് വിളയുന്ന കാർഷികസംസ്കാരം വൈലോപ്പിള്ളിയുടെ കാവ്യ സംസ്കാരമായി പരിണമിച്ചു. കാർഷിക ജീവിതത്തിന്റെ മർമ്മം കണ്ടെത്തിയ കവി തന്റെ കവിതകളിലേക്ക് ഇത് പറിച്ചുനട്ടു. പാടത്തെ പാട്ടും കുറുകലും മൂളലുമെല്ലാം കന്നിക്കൊയ്ത്തു മുതൽ മകര കൊയ്ത്തുവരെയുള്ള കൃതികളിൽ കാണാം. കാർഷിക ബിംബങ്ങളുടെ പ്രദർശനശാലയാണ് വൈലോപ്പിള്ളി കവിതകൾ. കന്നി ക്കൊയ്ത്ത്, മകരക്കൊയ്ത്ത്, കണ്ണീർപാടം, ഞാഞ്ഞൂലുകൾ, കയ്പവല്ലരി, വിത്തും കൈകോട്ടും, വിഷുക്കണി, തേക്കുപാട്ടുകൾ, കൊയ്ത് തണ്ട് ഉണങ്ങാത്ത കറ്റ, തുടുവെള്ളാമ്പൽ, കുടി യൊരിക്കൽ തുടങ്ങിയവ കാർഷികമുദ്രകളാണ്.

കാർഷികസംസ്കാരത്തിൽ നിന്നും ഉയിരെടുത്തതാണ് വൈലോപ്പിള്ളി കവിത യിലെ നാടൻ പ്രയോഗങ്ങൾ. പച്ചയായ ജീവിതാനുഭവം ഉള്ളവനാണ് കർഷകൻ. ഈ ജീവിതാ നുഭവങ്ങളിൽ നിന്ന് ഉറവയെടുക്കുന്നത് പലപ്പോഴും നാടൻശീലുകളാകും. തൊനെ തൊനെ, പയ്യാരം, കാതിലം, കണിവെള്ളരി, പാടത്ത് കച്ചികൂട്ടി തീയിടൽ പ്രയോഗങ്ങളുടെ കലവറ കാർഷിക സംസ്കാരമാണ്. താൻ അടുത്ത് പരിചയപ്പെട്ട കർഷകരിൽ നിന്നാണ് ഈ നാടൻ മൊഴികൾ അലങ്കാരമായി കവിതയിൽ കടംകൊണ്ടത്. കറ്റ മെതിച്ച് തളരുന്ന പെൺകിടാങ്ങളുടെ കാലുകളിലെ നർത്തന കലവികൾ പോലും കവി കേൾക്കുന്നുണ്ട്. കയ്പവല്ലരിയുടെ കയ്പ്പിൽ കുറുമ്പുകാണുകയാണ് വൈലോപ്പിള്ളി. വിഷുക്കണി കവിക്കൊരു ഗൃഹാതുരത്വമാർന്ന കാർഷികബിംബമാണ്. മലയാളി മറക്കാത്ത ഈ കാർഷികബിംബം കവിതയിൽ ഒരുങ്ങുന്നത് ഇങ്ങനെ :

ഏതുധൂസര സങ്കൽ-
പ്പങ്ങളിൽ വളർന്നാലും
ഏതുയന്ത്രവല്ക്കൃത
ലോകത്തിൽ പുലർന്നാലും
മനസ്സിലുണ്ടാവട്ടേ
ഗ്രാമത്തിൻ വെളിച്ചവും
മണവും മമതയും-
ഇത്തിരികൊന്നപ്പൂവും!

വരണ്ടുണങ്ങുന്ന ഗ്രീഷ്മത്തിലും പ്രത്യാശപൂർണ്ണമായ മനസ്സുള്ള കർഷകനു മാത്രമേ കണിക്കൊന്നപ്പൂവിനെ കാണാൻ കഴിയൂ. കണിക്കൊന്നപ്പൂവ് കത്തിക്കാളുന്ന ഗ്രീഷ്മത്തിനോടുള്ള സർഗ്ഗാത്മകമായ പ്രതിരോധമാണ്. ഇലയെല്ലാം കൊഴിച്ച് കണിക്കൊന്ന പൂങ്കുലയായി മാറുകയാണ്. പ്രത്യാശഭരിതമാണ് ഈ മാറ്റം. നാളെ താൻ തളിർക്കുമെന്ന് പ്രതീക്ഷയാണ് കണിക്കൊന്നയ്ക്കുള്ളത്. കൊടും ദുരിതത്തിലും കർഷകൻ കണി കാണുന്നത് കണിക്കൊന്നയെയാണ്. പാടത്തിന്റെ വരമ്പത്താണ് പണ്ടുകാലത്ത് കുടിവയ്ക്കുന്നത്. പാടത്ത് പണിയെടുക്കുന്ന നിരാശ്രയനായ മനുഷ്യരാണ് ഇവിടെ കുടി പാർക്കുന്നത്. കുടി ഒഴിപ്പിക്കലും കുടിയിലെ പെണ്ണിന്റെ മാനവും ജന്മിയുടെ കൈകളിലാണ്. കുടി ഒഴിപ്പിക്കൽ 19-ാം നൂറ്റാണ്ടിലെ മലയാളക്കരയിൽ കണ്ടിരുന്ന സ്വാഭാവികമായ ഒരു സംഭവമാണ്. കാർഷിക ജീവിത വ്യവസ്ഥയിലെ ഒരു ദുരന്തമാണ് കുടിഒഴിപ്പിക്കൽ. കണ്ണിൽ ചോരയില്ലാത്ത ജന്മിയാണ് കുടി ഒഴിപ്പിക്കുന്നത്. കാർഷികവ്യവസ്ഥിതിയിലെ കുടി ഒഴിപ്പിക്കലിനെ മധ്യവർഗ്ഗ മനസ്സിന്റെ

സംഘർഷങ്ങളുടെ മിഴിച്ചെപ്പാക്കാൻ വൈലോപ്പിള്ളിക്ക് കഴിഞ്ഞു. കുടിയൊഴിക്കലിൽ നെഞ്ചുകീറി കവി ഇതാണ് കാണിക്കുന്നത്.

കൊയ്തുകരേറുന്ന പാടത്താണ് വീണ്ടും വിത്തെറിയുന്നതും കതിർചൂടുന്നതും കവിയുടെ വീടോരം ചേർന്നുള്ള കന്നിപ്പാടത്ത് എല്ലാവർഷവും നടക്കുന്നത് ഇതാണ്.

**ഉപസംഹാരം**

കന്നിക്കൊയ്ത്തിൽ നിന്ന് മകരകൊയ്ത്തിലേക്ക് കവി എത്തുമ്പോൾ പക്വതയാർജ്ജിച്ച കാവ്യകർഷകനായി വൈലോപ്പിള്ളി മാറി. കാർഷികസംസ്കാരത്തിൽ നിന്നും ഉയിരെടുക്കുന്ന കാർഷിക സ്വത്വമാണ് വൈലോപ്പിള്ളി കവിതകളുടെ കാവ്യസ്വത്വം. കന്നിപ്പാടത്തെ ജീവിത യഥാർത്ഥ്യത്തിൽ നിന്നാണ് തന്റെ കാവ്യദർശനം കവി കടഞ്ഞെടുത്തത്.

## ഗ്രന്ഥസൂചി

കുറുപ്പ്, എൻ.ആർ (പരി:) ഡോ. അംബേദ്കർ, സമ്പൂർണ്ണകൃതികൾ വാല്യം 1, 1996, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ജോസ്, എൻ. കെ. പുലയ ലഹള, 2008, ബഹുജൻ വാർത്ത പ്രസിദ്ധീകരണം, തിരുവനന്തപുരം.

ഭാസ്കരനുണ്ണി, പി. പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, 2000, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ

രാജഗോപാൽ, ജാതിവ്യവസ്ഥയുടെ രാഷ്ട്രീയഭൂമിക, 2009, സഹോദരൻ പ്രസിദ്ധീകരണം, കോട്ടയം.

രാജശേഖരൻ എസ്, വൈലോപ്പിള്ളിക്കവിതാ സമീക്ഷ, 2002, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

ലീലാവതി എം. മലയാള കവിതാ സാഹിത്യ ചരിത്രം, 2015, കേരള സാഹിത്യ അക്കാദമി തൃശ്ശൂർ,

വേലുപിള്ള, ടി. കെ. ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ വാല്യം 1, 1940.

Let. Ward and Conner. Memoir of the Survey of Travancore and Cochin, Vol 4, 1821

# നമ്മുടെ അടുക്കളത്തോട്ടം തിരിച്ചുപിടിക്കുക

**സജിനി ഡീനാ മാത്യു**

നമ്മുടെ അടുക്കള തിരിച്ചുപിടിക്കുക എന്ന കൃതിയിൽ സാറാ ജോസഫ് മലയാളിയുടെ പഴയ കാർഷികവ്യവസ്ഥിതിയുടെയും അടുക്കളത്തനിമയുടെയും നന്മ വിശദമാക്കുന്നു. അതോടൊപ്പം ആധുനികമെന്നും പരിഷ്കൃതമെന്നും നാം മേനി നടിക്കുന്ന ഇന്നത്തെ അടുക്കളയുടെ വിപത്കരമായ അവസ്ഥയും പരിശോധിക്കുന്നുണ്ട്.

[1]വിഷം വെച്ചുവിളമ്പാൻ തയ്യാറല്ലാത്ത ഒരു അടുക്കളയ്ക്ക് ആഗോളകുത്തകകളെ ബഹിഷ്കരിച്ചുകൊണ്ടു പുത്തൻ അടുക്കള സ്ഥാപിക്കേണ്ടിവരും. ഏതൊരു നാടിന്റെ ഭക്ഷണരീതിയും അവിടുത്തെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും ചേർന്ന വിധത്തിലായിരിക്കും. ഋതുക്കളാൽ മാറിമാറിയനുഗ്രഹിക്കപ്പെടുന്ന കേരളത്തിനു ഓരോ ഋതുവിനും യോജിച്ച ഭക്ഷ്യവിഭവങ്ങൾ വിളയുന്ന കാർഷികശൃംഖലയുണ്ട്. നാം നമ്മുടെ അടുക്കള തിരിച്ചുപിടിക്കുമ്പോൾ ഈ കാർഷികവ്യവസ്ഥയാകെ തിരിച്ചുപിടിക്കുകയാണുവേണ്ടത്. ചോറ് സാധാരണ ഭക്ഷണമായ നമ്മുടെ നാട്ടിൽ എന്തെല്ലാം വ്യത്യസ്തരുചികളിലുള്ള നെല്ലിനങ്ങളാണ് ഉണ്ടായിരുന്നത്. നെല്ല്, തേങ്ങ, പച്ചക്കറികൾ, ചക്ക, മാങ്ങ, വാഴപ്പഴങ്ങൾ, ചേന, ചേമ്പ്, കാച്ചിൽ, പയർവർഗ്ഗങ്ങൾ, ഇലവർഗ്ഗങ്ങൾ, നെല്ലിക്ക, ധാരാളം മത്സ്യങ്ങൾ തുടങ്ങി നമ്മുടെ നാട്ടിൽ സുലഭമായ ഭക്ഷ്യവസ്തുക്കൾ എങ്ങനെ പഴയ രുചിയോടെ വീണ്ടെടുക്കാം? ജൈവവളമുപയോഗിച്ചും ബദൽ കീടനാശിനികൾ കണ്ടെത്തിയും എങ്ങനെ ഭക്ഷ്യവസ്തുക്കളെ വിഷവിമുക്തമാക്കാം? ഇതോടൊപ്പം കർഷകരെ സഹായിക്കുന്ന വിളവർദ്ധനയ്ക്കായുള്ള നൂതന കൃഷിരീതികൾ എങ്ങനെ കണ്ടെത്താം തുടങ്ങിയവ അടുക്കളയിൽനിന്നു തുടങ്ങുന്ന ചോദ്യങ്ങളാണ്.

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ സാറാ ജോസഫിന്റെ നോവലുകളിലും കഥകളിലുംനിന്നും നമുക്ക് ലഭിക്കുന്നു. വിഷം പുരളാത്ത, മായം

ചേരാത്ത ധാന്യങ്ങളും കായ്കറികളും മറ്റുഭക്ഷ്യവിഭവങ്ങളും നമ്മുടെ അടുക്കളയിൽ എത്തണമെങ്കിൽ നാം തന്നെ കൃഷിയിടങ്ങളിലേക്ക് ഇറങ്ങിയേ മതിയാവൂ. നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ കാർഷിക ഇനങ്ങളും അവയുടെ കൃഷിരീതിയും തന്റെ ചില രചനകളിൽ സാറാ ജോസഫ് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. നമ്മുടെ അടുക്കള തിരിച്ചുപിടിക്കണമെങ്കിൽ നമ്മുടെ അടുക്കളത്തോട്ടംകൂടി തിരിച്ചുപിടിച്ചേ തീരൂ എന്ന ഓർമ്മപ്പെടുത്തലാണ് ഈ സൂചനകളിലെല്ലാം കാണാൻ കഴിയുന്നത്.

നമ്മുടെ അടുക്കള തിരിച്ചുപിടിക്കുക എന്ന കൃതിയുടെ ആദ്യപതിപ്പ് പുറത്തിറങ്ങുന്നത് രണ്ടായിരാമാണ്ട് ഒക്ടോബർ മാസത്തിലാണ്. ആലാഹയുടെ പെൺമക്കൾ എന്ന നോവലിന്റെ ആദ്യപതിപ്പ് പ്രസിദ്ധീകരിക്കപ്പെടുന്നത് 1999 നവംബറിലുമാണ് . അടുക്കള തിരിച്ചുപിടിക്കുക എന്ന ആശയം വായനക്കാരുമായി പങ്കു വെയ്ക്കുന്നതിനു മുമ്പുതന്നെ എങ്ങനെ അടുക്കളത്തോട്ടം തിരിച്ചുപിടിക്കാം എന്ന് സാറാ ജോസഫ് തന്റെ ആദ്യനോവലിൽ തന്നെ പ്രതിപാദിച്ചിരുന്നു. അമ്മാമയും ആനിയും ചേർന്നൊരുക്കുന്ന അമരത്തടത്തിന്റെ വിവരണം നോവലിന്റെ ഒന്നാം അദ്ധ്യായത്തിൽ കാണാം. 2അമരത്തടത്തിൽ വെണ്ണീറും ആട്ടിൻകാട്ടം പൊടിച്ചതും നിറച്ച് അതിന്റെ മീതെ മേൽമണ്ണും വിതറി അമ്മാമ അമരത്തടം കുളിർക്കനെ നനച്ചു. അമരത്തടത്തിനു വെള്ളം കുടിച്ചു മതിയായപ്പോൾ അമ്മാമ കൈ കഴുകി. അമരത്തടത്തിൽ നടത്തുന്ന വളപ്രയോഗം വിശദമാക്കുന്നത് ഇപ്രകാരമാണ്. ജൈവവളം മാത്രമുപയോഗിച്ചുള്ള കൃഷിരീതിയാണ് അമ്മാമ സ്വീകരിച്ചത്. 3ഇനി കൊട്ടക്കണക്കിനാ കായണ്ടാവും. മണ്ട്റിങ്ങ വന്നാ പോയീട്ടാ എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നും മണ്ണിനെയും മനുഷ്യനെയും നശിപ്പിക്കാത്ത കൃഷിരീതിയാണ് നമ്മുടെ പൂർവ്വികർ സ്വീകരിച്ചിരുന്നതെന്നു വ്യക്തമാക്കുന്നതോടൊപ്പം രാസവളങ്ങളും കീടനാശിനികളും ഉപേക്ഷിച്ചുള്ള കൃഷിരീതി ജീവിതത്തിന്റെ ഭാഗമാക്കാൻ വായനക്കാർക്ക് പ്രചോദനവും നൽകുന്നു.

അമരപ്പന്തൽ ആനിയുടെ വീടിന് ഒരലങ്കാരമായിരുന്നു എന്നാണ് നോവലിന്റെ തുടർന്നുള്ള ഭാഗത്തു പറയുന്നത്. 4കരിങ്കൽക്കഷണങ്ങളുടെ മേൽ വെളിച്ചത്തിന്റെ പച്ചക്കുതിരകളെ പായിച്ചുകൊണ്ട് അമരപ്പന്തൽ തളിർത്തുനിൽക്കുകയായിരുന്നു അന്ന്. വെള്ളയും വയലറ്റും പൂക്കൾകൊണ്ട് ആനിയുടെ വീടുതന്നെ കാണാൻപറ്റാതെയായി. കോക്കാഞ്ചിറയിലെ പുതിയ വീടുകളുടെ അലങ്കാരങ്ങൾ പോലെ ആയിരുന്നില്ല അത്. എന്നാലും വഴിയിലിറങ്ങി നിന്ന് നോക്കി ആനി സന്തോഷിച്ചു. ഒരു പൂവീട്! പക്ഷേ അഴക് എത്രയെന്ന് പറയാനേ പറ്റാത്ത ചെറിച്ചി

അമ്മായിയും കുട്ടികളും ശെമ്മാശനും കൂടി വീട്ടിൽ വന്നപ്പോൾ അവിടുത്തെ ഒരു മുറിയും അവർക്കു നിൽക്കാനോ ഇരിക്കാനോ പറ്റിയ ഇടമല്ലെന്ന് ആനിക്കു തോന്നിയ സന്ദർഭത്തിൽ 5അമരപ്പന്തൽ പോലും അവർക്കു പറ്റിയ അലങ്കാരമായിരുന്നില്ല എന്നവൾ ചിന്തിക്കുന്നുണ്ട്.

വലിയ പരിചരണം ആവശ്യമില്ലാത്തതും, സാമാന്യം നല്ല പ്രതിരോധശേഷിയുള്ളതും, മികച്ച വിളവുനല്കുന്നതുമായ അമരച്ചെടിയെ നോവലിലെ ഒരു കഥാപാത്രമാക്കുന്നതിലൂടെ നമ്മുടെ കാർഷികപാരമ്പര്യം തിരിച്ചുപിടിക്കുക എന്നൊരാഹ്വാനം നോവലിസ്റ്റ് പരോക്ഷമായി നല്കുന്നു.

മാറ്റാത്തി എന്ന നോവലിലെ പ്രധാനകഥാപാത്രമായ ലൂസിയാണ് ബ്രിജിത്തയുടെ വീട്ടിലെ ചെടികളെ പരിചരിക്കുന്നത്. ജൈവവൈവിധ്യംകൊണ്ടു സമ്പന്നമായ ഒരു പൂങ്കാവനം തന്നെയാണ് ഈ കൃതിയിൽ നമുക്ക് കാണാൻ കഴിയുന്നത്. 6ലൂസി നട്ടുനനച്ചു വളർത്തുന്നതും ബ്രിജിത്തയുടെ ഉടമസ്ഥതയിലുള്ളതുമായ മുളകുതൈകൾ. കാന്താരി, വെള്ളമുളക്, നീളൻമുളക്, മത്തങ്ങമുളക്, സുന്ദരിമുളക്. മുളകിന്റെ ഒരു പൂങ്കാവനം.

ആനിയുടെ വീട്ടിലെ അമരയ്ക്കു പകരം ലൂസിയുടെ വീട്ടിലുള്ളത് കോവലാണ്. 7ലൂസി വേലിയിൽ രണ്ടു കോവൽവള്ളികൾ പടർത്തിവിട്ടു. ഇലകൾ മൂടിവളർന്ന് പടർന്ന് ഒരു പച്ചപ്പടർപ്പ് ഉണ്ടായി. അങ്ങനെയിരിക്കെ കോവലുകൾ പ്രണയിക്കുന്ന കാലം വന്നു. പച്ചിലകൾക്കിടയിൽ വെള്ളപ്പൂക്കൾ നിരന്നു. തിരിപോലെ കോവയ്ക്കകൾ തൂങ്ങാൻ തുടങ്ങി. 8ഇപ്പോഴെങ്കിലും സേതു ശ്രദ്ധിച്ചിരുന്നുവെങ്കിൽ വെളുത്ത കോവൽപ്പൂക്കൾ നെറ്റിക്കിരുവശവും ചൂടിനിൽക്കുന്ന ലൂസിയുടെ മുഖം ഇലകൾക്കിടയിലൂടെ കണ്ടേനെ. 9ലൂസിയുടെ വേലിയിൽ അനേകം വേലിച്ചെടികളുണ്ട്. ആടലോടകം, ഒടിച്ചുത്തി, മുഞ്ഞ, നീരോലി, കൊങ്ങിണി. പച്ചിലകളുടെ ആ ഉത്സവത്തിനുമീതെയാണ് കോവൽ പടർന്നു കിടക്കുന്നത്.

പ്രകൃതിയും പെണ്ണും തമ്മിലുള്ള ആത്മബന്ധം അതിമനോഹരമായി ഈ നോവലിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. 10രണ്ട് മുരിങ്ങമരങ്ങളും ഒച്ചയില്ലാതെ ഇലപെയ്ത് ലൂസിയെ നനയ്ക്കുന്നു. മുളങ്കാടുകൾ കിലുക്കത്തോടെ ലൂസിയുടെ കണങ്കാൽ തൊടുന്നു. കൊളമ്പ്മാവ്, കുടംപുളിമരം, തേൻവരിക്കപ്ലാവ്, ലൂസി വളർത്തുന്ന പശുക്കൾ, ആടുകൾ, കോഴികൾ, ലൂസി നട്ടുനനച്ച മുളകുതൈകൾ, ചീരത്തോട്ടം, കോവലുകൾ, അടുക്കളപ്പുറത്തെ കാക്കകൾ, മൈനകൾ, മുരിങ്ങമരത്തിലെ കാറ്റ്. എല്ലാ പുല്ലുകളും വെള്ളാരംകല്ലുകളും ലൂസിക്കുമേൽ കൈവച്ചു. ലൂസിക്ക് പ്രായം തികഞ്ഞു.

പത്താംക്ളാസ് ജയിച്ച ലൂസിക്ക് കോളേജിൽ പഠിക്കാൻ ബ്രിജിത്ത അനുവാദം കൊടുത്തു. 11 നീയ് നേന്ത്രവാഴ വെച്ചറീ. നേന്ത്രവാഴ വെച്ചട്ട്, പഠിച്ചോ. അല്ലാണ്ട് എന്റെ കൈയീന്ന് കാക്കാശ് കിട്ടുംന്ന് വിചാരിക്കണ്ട. എന്തോരം വെക്കാൻ പറ്റീന്ന് വെച്ചാ അത്രയ്ക്കാ വെച്ചോ. വാഴക്കന്നു നടാൻ ലൂസി കുഴി ഒരുക്കുന്നത് ഇപ്രകാരം വിശദമാക്കുന്നു.12അങ്ങനെ ലൂസി വാഴക്കുഴി കുത്താൻ തുടങ്ങി. ഒഴിവുള്ള നേരത്തൊക്കെ പറമ്പടിച്ചുകൂട്ടി ചവറ്വാരിക്കൊണ്ടുവന്ന് കുഴികളിലിട്ടു. ലൂസിക്കുതന്നെ വിശ്വസിക്കാൻ പ്രയാസം തോന്നി. അമ്പതു കുഴികൾ ലൂസി കുഴിച്ചു. എല്ലാത്തിലും ചവറിട്ടു കത്തിച്ചു. 13ഒരു കുന്നോളം ചാണകം ലൂസി പൊടിച്ചുണ്ടാക്കി. പ്ലാവായ പ്ലാവിന്റെയൊക്കെ, മാവായ മാവിന്റെയൊക്കെ, ചോട്ടിൽക്കിടക്കുന്ന കരിയിലകൾ പൊടിച്ചുകൂട്ടി. വെണ്ണീരും ചാണകവും കരിയിലപ്പൊടിയും കൈക്കോട്ടുകൊണ്ട് ഇളക്കിമറിച്ചു. ചവറിട്ടു കത്തിച്ച് വെന്ത മണ്ണുള്ള കുഴികളിൽ പൊടി വാരിയിട്ടു. മീതെ വെള്ളം തളിച്ചു. ഈ രീതി മണ്ണ് വളക്കൂറുള്ളതാക്കി മാറ്റുന്നതോടൊപ്പം കീടനിയന്ത്രണവും ഉറപ്പാക്കുന്നു. വാഴയ്ക്കു രോഗം വരാതിരിക്കാൻ വാഴക്കന്ന് മരുന്നിൽ(?) മുക്കിവെക്കുന്ന ഇന്നത്തെ രീതി വാസ്തവത്തിൽ അങ്ങനെ ലഭിക്കുന്ന വാഴപ്പഴം കഴിക്കുന്ന നമ്മെ രോഗികളാക്കുകയല്ലേ ചെയ്യുന്നത് ?

ആളോഹരി ആനന്ദം എന്ന നോവലിൽ അടുക്കളത്തോട്ടത്തിന്റെ ഒരു വികസിതരൂപമാണ് ദൃശ്യമാകുന്നത്. പോളിന്റെ ഭൂമിവാതുക്കൽ ഏദൻതോട്ടത്തെ അനുസ്മരിപ്പിക്കുന്നു. തന്റെ വിഷയമായ ഫിസിക്സ് വിട്ട് കൃഷിശാസ്ത്രം പഠിക്കാൻ പോയ പോൾ മൂന്നാംകൊല്ലം അതുമുഴുവനാക്കാതെ തിരിച്ചുപോന്നു. പിന്നീടുള്ളകാലം മുഴുവൻ ഭൂമിവാതുക്കൽ തന്റെ സ്വപ്നത്തിലുള്ള തോട്ടമാക്കാൻ അയാൾ യത്നിച്ചു. വയലും കരയുമായി പോളിനുള്ള പത്തേക്കറോളം ഭൂമിയിൽ എല്ലാ കൃഷികളുമുണ്ട്. വൈക്കോൽമേഞ്ഞ വലിയൊരു കൃഷിപ്പുരയുണ്ട്. കൃഷിപ്പുരയിൽനിന്നും അധികമല്ലാതെ തൊഴുത്തുകൾ, ചുറ്റിലും വലിയ വൈക്കോൽത്തുറുകൾ. 14വൈക്കോൽപ്പുരയുടെ ചുറ്റും കറിവേപ്പുമരങ്ങളുടെ മുറ്റിത്തഴച്ച കാടാണ്. കാറ്റിന് കറിവേപ്പിലയുടെ സുഗന്ധം.

രുചിയും രുചിഭേദങ്ങളും കൃത്യമായിട്ടറിയുന്ന നാവിന്റെ ഉടമയായ ഇഷാന ഒരു കേറ്ററിങ്ങ് യൂണിറ്റു തുടങ്ങാൻ ആലോചിക്കുന്ന വിവരമറിഞ്ഞ് ഇഷാനയുടെ ബന്ധുവായ പോൾ അവളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. 15നിനക്ക് കൈപ്പുണ്യമുണ്ട്. സൗന്ദര്യബോധമുണ്ട്. ഭക്ഷണകല അറിയാം. എലീശാമ്മായിയുടെ കഴിവ് നിനക്കാണ് കിട്ടിയിട്ടുള്ളത്. ധൈര്യമായിട്ടുതുടങ്ങിക്കോ. നിനക്കത് നൂറുശതമാനം വിജയിപ്പിക്കാൻ

പറ്റും. ആത്മവിശ്വാസത്തോടെ മുന്നോട്ടുപോ. പക്ഷേ ഇഷാന, നീ മീൻകറിയിലിട്ട കുടംപുളി ഗുണനിലവാരമില്ലാത്തതാണ്. അത്, മീൻകറിയുടെ സുഗന്ധം കുറച്ചു. കറിവേപ്പിലയുടെ കാര്യവും അതുതന്നെ. വരവുകറിവേപ്പിലയ്ക്കു മണമില്ല. ഇഞ്ചിയും പച്ചമുളകുമൊക്കെ തെരഞ്ഞടുക്കുമ്പോൾ ശ്രദ്ധിക്കണം. രുചിയുടെ നെർവിൽ തൊട്. വേരുകളിലേയ്ക്ക് സഞ്ചരിയ്ക്ക്. ഇനി ഞാൻ പറയുന്ന കാര്യത്തെപ്പറ്റി നല്ലപോലെ ആലോചിച്ചോളൂ. നിനക്ക് ഇങ്ങനെ ഒരു ആശയമുണ്ടായ സ്ഥിതിക്ക് നമുക്കു പരസ്പരം സഹായിക്കാൻ പറ്റും. ഒന്നാന്തരം അരി, പച്ചക്കറി, പഴങ്ങൾ, നാടൻകോഴി, കോഴിമുട്ട, പാല് ഇതൊക്കെ എന്റെ കൈയിൽനിന്നുവാങ്ങ്. ലിസ്റ്റു കൊടുത്തയച്ചാൽ ആവശ്യമുള്ളത് ആവശ്യമുള്ള സമയത്ത് എന്റെ വണ്ടിയിൽ എത്തിച്ചുതരും. വില അല്പം കൂടും. പക്ഷേ നിനക്കറിയാം സാധനങ്ങൾ ഗുണനിലവാരമുള്ളതാണ്. നീ ഉണ്ടാക്കുന്ന ഭക്ഷണത്തിന്റെ രുചി കൂടും.പച്ചക്കറി മാത്രമല്ല ഇഞ്ചിയും പച്ചമുളകും കറിവേപ്പിലയും വിഷരഹിതവും തോട്ടത്തിന്റെ പുതുമ നഷ്ടപ്പെടാതെ പറിച്ചെടുത്തതും ആയിരിക്കണംഎന്ന് പോൾ വിശദമാക്കുന്നു.

അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്കുള്ള പച്ചക്കറികൾ വണ്ടികളിൽ നിറച്ചതിനുശേഷം അവ കറിവേപ്പിലയിട്ടുമൂടിയിട്ട് കീടനാശിനി സ്പ്രേ ചെയ്യുന്നതായിട്ട് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പച്ചക്കറി വാങ്ങുമ്പോൾ ഈ കറിവേപ്പിലയാണ് ആവശ്യക്കാർക്ക് സൗജന്യമായോ അല്ലാതെയോ ലഭിക്കുന്നത്.

കറിവേപ്പിലയുടെ മൂല്യം മനസ്സിലാക്കിയ ആളാണ് പോൾ. 16കൃഷിപ്പുരയുടെ ചുറ്റും തഴച്ചുവളരുന്ന കറിവേപ്പിൻകാട്ടിലൂടെ അയാൾ നടന്നു. നീരുള്ളതും മണം മുറ്റിയതുമായ കുറച്ചു തലപ്പുകൾ ഒടിച്ചെടുത്തു. അതൊരു വാഴയിലയിൽ പൊതിഞ്ഞുകെട്ടി. ബന്ധുവീടുകളിൽ പോകുമ്പോൾ അയാൾ ഒരുപിടി കറിവേപ്പില കൈയിൽ കരുതുന്നു. അവർക്ക് സമ്മാനിക്കാൻ. അയാൾക്കത് വലിയകാര്യമാണ്. അയാൾ അതിന്റെ അസാധാരാണമായ സുഗന്ധത്തെപ്പറ്റി വാചാലനാകും. അയാളുടെ അമ്മവീട്ടിൽ നിന്ന് കൊണ്ടുവന്നുനട്ട പ്രാചീനമായ കറിവേപ്പിൻതൈയിന്റെ കഥപറയും. പിന്നെ അതിന്റെ വേരിൽനിന്നും കുരുവിൽനിന്നും പൊട്ടിമുളച്ചുണ്ടായി ഭൂമിവാതുക്കൽപടർന്നു പന്തലിച്ചിരിക്കുന്ന വേപ്പിൻകാട് കാണാൻ അവരെ ക്ഷണിക്കും.

17 പോൾ ഭൂമിവാതുക്കലെ സുഗന്ധയിലകളുടെ കെട്ട് അവൾക്കു നേരെ നീട്ടി. എന്താണിത്?

നല്ല മണമുള്ള കുറച്ച് കറിവേപ്പില

ഒരു കുഞ്ഞിന്റെ കൗതുകത്തോടെ അവൾ കൈനീട്ടി. നന്ദി പറഞ്ഞു. പുഞ്ചിരിച്ചു.

പോൾ യാത്രപറഞ്ഞുപോയതിനുശേഷം കറിവേപ്പിലയുടെ കെട്ട് ഒരു പ്ലാസ്റ്റിക്കവറിലിട്ട് ഫ്രിഡ്ജിൽ സൂക്ഷിക്കാമെന്ന് കൊച്ചുത്രേസ്യ പറഞ്ഞു. അനു മേശപ്പുറത്തെ പൂപ്പാത്രത്തിൽ അത് അലങ്കാരമാക്കി വെച്ചു.

18ഒരില നിലത്തുവീണുകിടക്കുന്നത് അവൾ കണ്ടു. അവളത് കുനിഞ്ഞെടുത്തു. ഉള്ളുനീറ്റത്തോടെ അതിനെ ഞെരിച്ചു. ഞെരിക്കുന്തോറുമത് സുഗന്ധം ചുരത്തി. വീടാകെ അതിന്റെ മണം നിറഞ്ഞു.

ഭൂമിവാതുക്കലെത്തിയ അനു വിസ്മയിച്ചു. 19നടവഴിയ്ക്കിരുവശവും കുരുമുളകുകൊടി പടർന്ന കവുങ്ങുകളാണ്. ഇരുണ്ടു തിങ്ങിയ ആ കരിംപച്ച ഉടുത്തുകെട്ടുകളുടെ താഴെ, ചുവപ്പും പച്ചയും ചീരത്തടങ്ങൾ. അവയ്ക്കു പിന്നിൽ പൂത്തുനിൽക്കുന്ന ചെണ്ടുമല്ലിക്കാട്. മഞ്ഞയും ഓറഞ്ചും പൂക്കളുടെ പ്രളയം. വള്ളിനീട്ടിയ പയർക്കൊടികളിൽ വെള്ളയും വയലറ്റും പൂക്കൾ. ഇടയ്ക്കിടെ ചെമ്പരത്തിയുടെ കടുംചോപ്പ്.

പച്ച, ചുവപ്പ്, മഞ്ഞ, ഓറഞ്ച്, വെള്ള, വയലറ്റ്, കടുംചുവപ്പ്...വർണ്ണങ്ങളുടെ ഹൃദ്യമായ സമ്മേളനം. ഉപരിപ്ലവമായ വായനയിൽ ഇങ്ങനെ തോന്നാം. കടുംനിറത്തിലുള്ള പൂക്കളുടെ സാന്നിധ്യം പരാഗണം നടത്തുന്ന പ്രാണികളെ കൃഷിയിടത്തിലേക്ക് ആകർഷിക്കുന്നു. ചെണ്ടുമല്ലിയുടെ തീക്ഷ്ണഗന്ധമുള്ള ഇലകളും പൂക്കളും കീടങ്ങളെ അകറ്റുകയും ചെയ്യുന്നു. മണ്ണിനെ സ്നേഹിക്കുന്ന പഴമക്കാരായ ചില നാട്ടുകാർ ഇന്നും ഈ രീതികൾ സ്വീകരിക്കുന്നുണ്ട്. 20 പാവൽപ്പന്തലുകൾ നൂഴ്ന്ന് , പൂത്തും കായ്ച്ചും പൂത്തും നിൽക്കുന്ന വെണ്ടകളുടെ പട്ടാള നിരകൾക്കിടയിലൂടെ കടന്ന് , സുഗന്ധം പരത്തുന്ന നാരകത്തോപ്പിലൂടെ , ചേമ്പും ചേനയും ഇഞ്ചിയും മഞ്ഞളും മത്തനും കുമ്പളവുമൊക്കെ വളർന്നുകായ്ച്ചു കിടക്കുന്ന കുളക്കരയിൽ അവൾ ചെന്നുനിന്നു.

ഒരല്പം സ്ഥലം പോലും പാഴാക്കാതെ, പ്രകൃതിക്കിണങ്ങുന്ന രീതിയിൽ വൈവിധ്യമാർന്ന കൃഷികൾ എങ്ങനെ ചെയ്യാമെന്ന് നോവലിസ്റ്റ് ഈ കൃതിയിൽ വ്യക്തമാക്കുന്നു. കൃഷിക്ക് ഏറ്റവും അനുകൂലമായ കാലാവസ്ഥ ലഭിക്കുന്ന കേരളത്തിൽ ഇന്ന് എത്രയധികം സ്ഥലമാണ് യാതൊരു കൃഷിയും ചെയ്യാതെ കിടക്കുന്നത്. അന്യസംസ്ഥാനങ്ങളിൽനിന്ന് അരിയും പച്ചക്കറിയും വരാതെയായാൽ മലയാളികളുടെ അവസ്ഥയെന്താകും? കേരളത്തിലുള്ളതിനെക്കാൾ കൃഷിക്കനുയോജ്യമായ മണ്ണോ കാലാവസ്ഥയോ ഈ സംസ്ഥാനങ്ങളിലുണ്ടോ!

പണ്ട് മലയാളികൾക്കുണ്ടായിരുന്ന, ഇടക്കാലത്തു കൈമോശം വന്നുതുടങ്ങിയ മഹത്തായ കാർഷികസംസ്കൃതിയുടെ ഓർമ്മപ്പെടുത്തലുകൾ ഈ മൂന്നു നോവലുകളിലും കാണാൻ കഴിയുന്നുണ്ട്. ശൈലീരോഗങ്ങളുടെ നീരാളിപ്പിടുത്തത്തിൽനിന്ന് മലയാളിയെ രക്ഷപ്പെടുത്തണമെ

ങ്കിൽ നമ്മുടെ അടുക്കളത്തോട്ടം നാം തിരിച്ചുപിടിച്ചേ മതിയാകൂ. അന്തകൻവിത്തുകൾ ഉപേക്ഷിച്ച് മണ്ണിന്റെയും മനുജന്റെയും നല്ലനാളെയ്ക്കായി നാമും വിത്തുകുടുക്കകൾ ഒഴിയാതെ സൂക്ഷിക്കുക. രാസവളങ്ങൾക്കും കീടനാശിനികൾക്കും പകരം മണ്ണിന്റെയും മനുഷ്യന്റെയും ജീവനെടുക്കാത്ത ജൈവവളങ്ങളും ജൈവകീടനാശിനികളും മാത്രം നമുക്കുപയോഗിക്കാം.

## ഗ്രന്ഥസൂചി

1.സാറാ ജോസഫ്, നമ്മുടെ അടുക്കള തിരിച്ചുപിടിക്കുക, ഹരിതം ബുക്സ്, കോഴിക്കോട്, 2000, പുറം 23
2.സാറാ ജോസഫ്, ആലാഹയുടെ പെൺമക്കൾ, കറന്റ് ബുക്സ്, തൃശൂർ, ആദ്യപതിപ്പ് നവംബർ 1999, 23-ാം പതിപ്പ് നവംബർ 2016, പുറം 21
3.———, പുറം 21
4.———പുറം 21
5.———പുറം 216.സാറാ ജോസഫ്, മാറ്റാത്തി, കറന്റ് ബുക്സ്, തൃശൂർ, ആദ്യപതിപ്പ് ഒക്ടോബർ 2003, 11-ാം പതിപ്പ് ഡിസംബർ 2013, പുറം 21
7.———, പുറം 21
8.———, പുറം 21-
9.———, പുറം 43
10.———, പുറം 12
11.————, പുറം 56
12.————, പുറം 57
13.———, പുറം 57
14.സാറാ ജോസഫ്, ആളോഹരി ആനന്ദം, കറന്റ് ബുക്സ്, തൃശൂർ, ആദ്യപതിപ്പ് നവംബർ 2013, 3-ാം പതിപ്പ് ജനുവരി 2016, പുറം 15
15.————, പുറം 55
16.———, പുറം 72
17.———, പുറം 75
18.———, പുറം 76
19.———, പുറം 257
20.———, പുറം 258

**സഹായകഗ്രന്ഥങ്ങൾ**

1. പോൾസൺ സാം, കൃഷിയുടെ നാട്ടുവിജ്ഞാനം, ഉണ്മ പബ്ലിക്കേഷൻസ്, നൂറനാട്,
2010
2. രാജഗോപാലൻ സി. ആർ, മണ്ണിന്റെ ലാവണ്യം പ്രതിരോധം, ചിന്ത പബ്ലിഷേഴ്സ്,
തിരുവനന്തപുരം, 2016

# 'കാവ് എന്ന തനതിടത്തിന്റെ നവീകരണ വീക്ഷണങ്ങൾ'

ശിവദത്ത് എം. കെ

ദേശരാഷ്ട്രത്തെ ചോദ്യം ചെയ്തുകൊണ്ട് പ്രാധാന്യം നേടുന്ന ഒന്നാണ് പ്രദേശം. സാമാന്യജനതയുടെ സവിശേഷ സംസ്കാരങ്ങളാണ് പ്രദേശവും പ്രാദേശികതയും അഭിസംബോധന ചെയ്യുന്നത്. ഒരു സവിശേഷ പ്രദേശത്തെ ജനങ്ങളുടെ സാംസ്കാരിക/സാമൂഹിക രൂപീകരണ പ്രക്രിയയിൽ നിർണ്ണായകമായ ഏകകമായി പ്രവർത്തിച്ചിട്ടുള്ളത് ആരാധനാലയങ്ങളാണെന്ന് പൊതുവിൽ പറയാം. ആരാധനാകേന്ദ്രങ്ങളുടെ വ്യവഹാരങ്ങളെക്കുറിച്ചുള്ള അന്വേഷണം പ്രദേശത്തിന്റെ സാംസ്കാരിക രൂപീകരണത്തെയും ചരിത്രത്തെയും അറിയുന്നതിന് സഹായിക്കും.

ക്ഷേത്രവ്യവസ്ഥയിൽ നിന്നും വ്യത്യസ്തമായ സാംസ്കാരിക ക്രമം പുലർത്തുന്ന പ്രാദേശികമായ ആരാധനാകേന്ദ്രങ്ങളാണ് കാവുകൾ. കേരളത്തിന്റെ കാർഷിക-ഗ്രാമീണ സംസ്ക്കാരത്തിന്റെ അടയാളങ്ങളായി അവ നിലകൊള്ളുന്നു. ഇത്തരത്തിൽ കേരളീയ കാർഷിക പാരമ്പര്യത്തിലും സംസ്കാരിക മണ്ഡലങ്ങളിലും കാവുകൾ എത്രമാത്രം സ്വാധീനം ചെലുത്തുന്നുണ്ട് എന്ന അന്വേഷണമാണ് ഈ പ്രബന്ധത്തിലൂടെ ലക്ഷ്യമാക്കുന്നത്. പ്രബന്ധത്തെ മൂന്ന് ഭാഗങ്ങളായിത്തിരിച്ചിരിക്കുന്നു. ആദ്യഭാഗത്ത് കാവുകൾ എപ്രകാരമാണ് സാമൂഹികരൂപീകരണ പ്രക്രിയയുടെ ഭാഗമാകുന്നത് എന്നതിനെപ്പറ്റിയും രണ്ടാംഭാഗത്ത് കാവും കേരളീയ കാർഷിക സംസ്കൃതിയും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും അവസാനഭാഗത്ത് കാവുകൾ എപ്രകാരമാണ് ക്ഷേത്രങ്ങളായി പരിണമിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിന് പിന്നിലെ വാസ്തവികതയെപ്പറ്റിയുള്ള അന്വേഷണമാണ് നടത്തിയിരിക്കുന്നത്.

**കാവും സാമൂഹികരൂപീകരണവും**

കേരളീയ സംസ്കൃതിയെപ്പറ്റിയുള്ള ചിന്തകളിൽ ഒട്ടും ഒഴിച്ചുകൂടാനാകാത്ത ഒരു ഘടകമാണ് കാവുകൾ. കേരളത്തിന്റെ കാർഷികവും സാംസ്കാരികവുമായ പൈതൃകത്തെപ്പറ്റിയുള്ള അന്വേഷണങ്ങളിൽ കാവ് സുപ്രധാനമായൊരു പഠന വിഷയം തന്നെയാണ്. അത് കേവലം പാരിസ്ഥിതികമോ ഭൂമിശാസ്ത്രപരമോ ആയ ഒന്നായിട്ടല്ല, മറിച്ച് സാംസ്കാരികവും സാമൂഹികവുമായ ഘടകങ്ങളെ കേന്ദ്രീകരിച്ചാകുന്നു.

ക്ഷേത്രവ്യവസ്ഥയിൽ നിന്നും വ്യത്യസ്തമായ സാംസ്കാരികക്രമം പുലർത്തുന്ന പ്രദേശിക ആരാധനാകേന്ദ്രങ്ങളാണ് കാവുകൾ.'കൂറ്റൻ വൃക്ഷങ്ങളും കുറ്റിച്ചെടികളും ഇടതൂർന്നുവളരുന്ന സസ്യസങ്കേതങ്ങൾ എന്ന് കാവിനെ സാമാന്യേന വിശേഷിപ്പിക്കാം' (അരവിന്ദാക്ഷൻ.വി: 2006:184). കാവ് എന്നതിന്റെ കേവലമായ അർത്ഥത്തിന് മേൽപറഞ്ഞ വിശേഷണം യോജിക്കുമെങ്കിലും കാവിനേയും അതിനെ സംബന്ധിച്ച സാമൂഹിക തലങ്ങളെയും തമ്മിൽ തട്ടിച്ചു നോക്കുമ്പോൾ കാവ് എന്നത് അതിന്റെ സാമാന്യ അർത്ഥത്തിനുപരിയായി കേരളീയസംസ്കൃതിയുടെ സവിശേഷമായൊരു ചരിത്രത്തെ പ്രതിനിധീകരിക്കുന്നതായി കാണാം. ഫോക്ക്ലോർ എന്നത് ആധുനികീകരണത്തിന്റെ സന്ദർഭത്തിൽ ജനകീയ പഴമാപഠനം എന്ന നിലയിൽ മനുഷ്യവംശത്തിന്റെ സമസ്ത മണ്ഡലങ്ങളേയും ഉൾക്കൊള്ളുന്നൊരു പഠന വിഷയമായി ത്തീർന്നതോടെയാണ് കാവിനെ സംബന്ധിച്ച ഇത്തരം സാമൂഹിക ചിന്തകളും ഉണ്ടാകുന്നത്.

സമൂഹരൂപീകരണ പ്രക്രീയയെക്കുറിച്ചുള്ള അന്വേഷണങ്ങൾ ചരിത്ര പഠനങ്ങളുടെയും സംസ്കാര പഠനങ്ങളുടെയും സാമൂഹിക ശാസ്ത്രപഠനങ്ങളുടെയും ഭാഗമാണ്.ഇവയെല്ലാം ചേർന്ന ഒരു പൊതു ഇടത്തെപ്പറ്റിയുള്ള അന്വേഷണങ്ങളാണ് ഇന്ന് പൊതുവെ കാണുന്നത്. അതുകൊണ്ടുതന്നെ ദേശചരിത്രത്തിന്റെ വിശാലതയിൽ നിന്നും വേറിട്ട് പ്രാദേശികമായ സമൂഹരൂപീകരണവും പരിണാമവുമാണ് വിശകല നത്തിനു വിധേയമാക്കുന്നത്. സാമൂഹ്യപ്രക്രിയയെക്കുറിച്ചുള്ള അന്വേഷണത്തിന്റെ കേന്ദ്രസ്ഥാനത്തേക്ക് ഇന്ന് ഫോക്ലോർ കടന്നുവരുന്നു. ഈയൊരു സന്ദർഭത്തിലാണ് കാവുകളെക്കുറിച്ചുള്ള പഠനങ്ങൾ ഒരു ജനതയുടെ ജീവിതത്തെക്കുറിച്ചും അവരുടെ കാർഷികസംസ്കൃതിയുടെ പാരമ്പര്യത്തെക്കുറിച്ചുമുള്ള അറിവു കളിലേക്കും വഴി തുറക്കുന്നത്.

**കാവും കാർഷിക സംസ്കാരവും**

കാവ് ഗോത്രപരമായ പഴമബോധം നിലനിർത്തുന്നുണ്ട്. നേരിട്ടുള്ള ഭൂബന്ധത്തിന്റെയും കാർഷികവൃത്തിയുടെയും അടയാളങ്ങൾ കാവിലെ ആവിഷ്കാരങ്ങളിലും പ്രകടമാകുന്നുണ്ട്. കാവുകളിൽ കുടിയിരുത്തപ്പെടുന്ന ദേവതകളിൽ പ്രാമുഖ്യം അമ്മ ദൈവസങ്കല്പത്തിനാണ്. ഉർവരതാനുഷ്ഠാനങ്ങളുമായി ഇവയ്ക്ക് ബന്ധമുണ്ട്. അയ്യപ്പൻ, പാമ്പ് തുടങ്ങിയവയ്ക്കും ആദിമവും കാടുകേന്ദ്രിതവുമായ സംസ്കാരബന്ധങ്ങളാണ് ഉള്ളത്(സോമൻ. പി, 2003:8-9). 'ആദിമ നിവാസികളുടെ ജീവിതത്തെ സൂചിപ്പിക്കുന്ന നിരവധി മൂർത്തികൾ കാവുകളിലുണ്ട്.മറുതയും മാടനും കരിയാത്തനും ചാത്തനും ഈ കൂട്ടത്തിലുണ്ട്. പരിഷ്കൃതത്തിന്റേതല്ലാത്ത വന്യത ഈ ദേവതകളിലുണ്ട്' (ദാമോദരൻ. കെ, 1991:178). ഇത്തരത്തിൽ നോക്കുമ്പോൾ കാർഷികവും പ്രകൃത്യാരാധനാപരവുമായ സംസ്കാരത്തിന്റെ പ്രാതിനിധ്യം കാവിനുണ്ടെന്നു പറയാം. ബ്രാഹ്മണിക്കലായ ഒരു അധികാരഘടനയുടെ ഫലമായിട്ടാണ് കേരളത്തിൽ കാർഷികവൃത്തി സംഘടിതമായ തലത്തിലേക്ക് വളരുന്നത്. അപ്പോഴും കാർഷികത്തൊഴിലുകളിലേർപ്പെട്ട വിഭാഗങ്ങൾ ഈ തുടർച്ചയുള്ളവരാണെന്ന് കാണാം. 'ക്ഷേത്രകേന്ദ്രിതമായ ഭക്തിയിലേക്ക് പ്രവേശനം നിഷേധിക്കപ്പെട്ട ഈ വിഭാഗത്തിന്റെ ജീവിത സ്ഥലങ്ങളുമായി ബന്ധപ്പെടാവുന്ന തരത്തിലാണ് കാവുകൾ വിന്യസിക്കപ്പെട്ടിരിക്കുന്നത്'(നമ്പൂതിരി എൻ.എം.,2002:409). 'ഭക്തിയേക്കാളധികം ഭൂമിയുടെ നിയന്ത്രണവും നാടുവാഴികളുടെ അധികാര താൽപര്യങ്ങളുമാണ് ക്ഷേത്ര നിർമ്മാണത്തിനു വഴിതെളിച്ചത് എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്' (ഗണേഷ്. കെ. എൻ. 1997:324). അധികാരത്തിന്റെ നീതിമത്ക്കരണമായാണ് ക്ഷേത്രഭക്തിയുടെ നിൽപ്പെന്നു വ്യക്തം. എന്നാൽ കാവുകൾക്ക് ഈ അധികാരഘടനയോടുള്ള ബന്ധത്തെക്കാൾ (പിൽക്കാലത്ത് ഇത്തരമൊരു ഘടകം കടന്നു വരുന്നുണ്ടെന്ന വസ്തുത ഓർത്തുകൊണ്ട് തന്നെ). കാർഷികമായ നാട്ടുജീവിതത്തോടു ബന്ധമുണ്ട്. ജീവിതത്തിൽ വേർപെടുത്താ നാവാത്ത കാർഷികവൃത്തിയുമായി കഴിഞ്ഞുകൂടിയ അദ്ധ്വാന വിഭാഗത്തിന്റെ പ്രാതിനിധ്യം കാവുകൾക്കുണ്ടെങ്കിൽ ഇവയുടെ മിച്ചമൂല്യത്തിന്റെ കേന്ദ്രമായാണ് ക്ഷേത്രങ്ങൾ നിലനിൽക്കുന്നത്. കാർഷിക ജീവിതവുമായി അഭേദ്യമായ ബന്ധം കാവിനുണ്ടെന്ന് ചുരുക്കം.

**കാവിന്റെ ക്ഷേത്രവൽക്കരണം**

ക്ഷേത്രങ്ങളെയും കാവുകളെയും മുൻനിർത്തി സാമൂഹ്യ രൂപീകരണ ത്തെക്കുറിച്ചു നടന്ന നിരീക്ഷണങ്ങൾ സൂചിപ്പിക്കുന്നത്

ക്ഷേത്ര കേന്ദ്രീകൃതമായിട്ടാ യിരുന്നു ജാതി വ്യവസ്ഥയുടെ രൂപീകരണം എന്നാണ്. 'കേരളത്തിന്റെ പൊതുചരിത്ര ത്തിൽ ക്ഷേത്രങ്ങൾ സാമൂഹിക സാമ്പത്തിക ജീവിതത്തിന്റെ കേന്ദ്രങ്ങളായിത്തീരുന്നത് പെരുമാൾ ഭരണത്തോടു ബന്ധിച്ചുള്ള ബ്രാഹ്മണാധികാര പ്രവേശ ത്തോടെയാണ്(രാജൻ ഗുരുക്കൾ, രാഘവ വാര്യർ, 1996:111). ദേവസ്വം, ബ്രഹ്മസ്വം, വിരുത്തി എന്നിങ്ങനെ പേരുകളിൽ ഭൂമി വിഭജിക്കപ്പെടുകയും ഭൂഅധികാരം ബ്രാഹ്മണരിലും കാർഷിക മേഖലയിലെ അദ്ധ്വാനം കീഴ്ജാതിക്കാരിലും കേന്ദ്രീകരിക്കപ്പെടുന്നു. ഇങ്ങനെ ഊരാളർ, കാരാളർ, അടിയാളർ എന്നീ തട്ടുകൾ രൂപപ്പെട്ടു. ജാതിശ്രേണിയുടെ അടിസ്ഥാനത്തിൽ നിലനിന്നിരുന്ന സമൂഹത്തിൽ കേന്ദ്രസ്ഥാനത്ത് ഭൂമിയും ക്ഷേത്രവും ചേരുന്ന അധികാരഘടകങ്ങൾക്ക് പ്രാധാന്യമേറി. അധികാരഘടന എന്ന നിലയിൽ ക്ഷേത്രങ്ങൾ വരേണ്യമായ ആര്യസംസ്കാരത്തോട് ചേർന്നു നിൽക്കുകയും ജാതിശ്രേണിയിൽ താഴ്ന്ന ജനവിഭാഗങ്ങളെ അതിൽനിന്നും ഭ്രഷ്ടരാക്കി മാറ്റി നിർത്തുകയും ചെയ്തു. ഇതിൽനിന്നും വ്യത്യസ്തമായി നിലകൊണ്ട 'കാവ് സംസ ്കൃത പാരമ്പര്യത്തിൽപ്പെടാത്ത ആരാധനാ കേന്ദ്രങ്ങളായിരുന്നു. അതുകൊണ്ടുതന്നെ കീഴാള ജനതയുടെ ആരാധനാ കേന്ദ്രങ്ങളിൽ മുഖ്യവും കാവുകളായിരുന്നു. കേരളത്തിലെ കീഴാള വിഭാഗങ്ങളുടെ സാംസ്കാരിക നിർമ്മിതികൾക്ക് മൊത്തമായുള്ള പേരായിട്ടും കാവിനെ വ്യവഹരിക്കാം' (ഗണേശ് കെ.എൻ.,2002:26–27). കാവ് ഒരേസമയം കാർഷിക സംസ്കൃതിയോടു ചേർന്നു നിൽക്കുകയും ഒപ്പം ഒരു പൊതുയിടമായി നിലകൊള്ളുകയും ചെയ്തു. എന്നാൽ കാലക്രമേണയുണ്ടായ സാംസ്കാരികാധിനിവേശം കാവിനെ അതിന്റെ തനതായ ഘടനയിൽ നിന്നും മാറ്റി ക്ഷേത്രവൽകൃതമായ പുതിയൊരു ഘടന രൂപീകരിക്കുന്നതായി കാണാം. മുഖ്യമായും രണ്ട് ഘടകങ്ങളാണ് ഇത്തരമൊരു പരിവർത്തനത്തിലേക്ക് കാവിനെ നയിച്ചതിനു പിന്നിൽ പ്രവർത്തിച്ചത്.അതിൽ ഒന്ന് സംഘടിത മതത്തിന്റെ തള്ളിക്കയറ്റവും മറ്റൊന്ന് കാർഷിക വൃത്തിക്കുണ്ടായ ക്ഷയവുമാണ്. കാർഷി കവൃ ത്തിക്കുണ്ടായ ക്ഷയത്തോടെ ദൈനംദിന ജീവിതത്തിൽ കാവുകൾ ക്കുണ്ടായിരുന്ന കാർഷികമായ പങ്ക് കുറയുകയും തൽഫലമായി കാവ് എന്നത് ഒരു ആരാധനാകേന്ദ്രം മാത്രമായി ചുരുങ്ങുകയും ചെയ്തു. ഈ സവിശേഷഘട്ടത്തിൽ സംഘടിത മതങ്ങൾ തങ്ങളുടെ ശക്തികേന്ദ്രങ്ങളായി കാവിനെ മാറ്റുകയും ഒപ്പം നവഹിന്ദുത്വമുൾപ്പെടെ അവിടെ ശക്തിപ്പെടുത്തുകയും ചെയ്തു. കാവിനെ സംബന്ധിച്ച ഈ പരിണാമത്തിൽ പരമ്പര്യവും ഗോത്രപരവുമായ പലതും അതിൽ നിന്ന് എടുത്തുമാറ്റപ്പെടുകയും പകരം ബ്രാഹ്മണിക്കലായ ഹിന്ദുത്വത്തെ

സ്ഥാപിച്ചെടുക്കുകയും ചെയ്യുന്നു.ഇത് ബോധപൂർവ്വമായൊരു രാഷ്ട്രീയത്തിന്റെ ഫലമായിക്കൂടി സംഭവിച്ച പരിണാമമാണെന്നതാണ് കാവിനെ സംബന്ധിച്ച നവീന വീക്ഷണങ്ങളിൽ നിന്നും വ്യക്തമാകുന്നത്.

**ഉപസംഹാരം**

കാവുകളുമായി ബന്ധപ്പെട്ട ഘടകങ്ങളിൽ സാമൂഹീകരണത്തെക്കുറിച്ചുള്ള അറിവുകൾ ഉൾച്ചേർന്നിരിക്കുന്നുണ്ടെന്ന് ഈ പഠനത്തിൽനിന്നും വ്യക്തമാകുന്നു. കേരളീയ സംസ്കൃതിയുടെ കാർഷികപാരമ്പര്യത്തിൽ കാവുകൾക്കുള്ള പ്രാധാന്യത്തെപ്പറ്റി മനസ്സിലാക്കാനും പഠനം സഹായകമായി. തൊഴിൽക്കൂട്ടങ്ങൾ ജാതികളായി പരിണമിക്കുകയും ജാതി ശ്രേണീകരണം ഭൂമിയുടെ അധികാരവുമായി ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്ന സങ്കീർണ്ണ പ്രക്രിയയും അവ സമൂഹത്തിൽ മേൽക്കൈ നേടുന്ന ആശയാവലികളായി പ്രചരിക്കുന്നതുവഴി സാമാന്യബോധത്തിൽ ജാതി എന്നതിനു കൈവരുന്ന അർത്ഥവൈപുല്യവും കാവുകളെപ്പറ്റിയുള്ള പഠനങ്ങളിൽ നിന്ന് വ്യക്തമാകുന്നുണ്ട്. ജാതി, ഭൂബന്ധങ്ങൾ എന്നിവയിലൂടെ അധികാരപ്രയോഗ കേന്ദ്രങ്ങളായിരിക്കുമ്പോഴും ക്ഷേത്രങ്ങളിൽ നിന്നു ഭിന്നമായി ദ്രാവിഡീകൃതവും കീഴാളവുമായ സംസ്കാരവിശേഷങ്ങൾ കാവുകൾ പിൻപറ്റുന്നുണ്ട്.എന്നാൽ ആധുനികീകരണ പ്രക്രിയയുടെ ഫലമായി ആരാധനാപാഠങ്ങൾ ഏകീകരിക്കപ്പെട്ടതുവഴി ബ്രാഹ്മണ പ്രത്യയശാസ്ത്രം കാവുകളിൽ മേൽക്കൈ നേടുകയും കാവുകൾ അതിന്റെ തനതു രൂപഘടനയിൽ നിന്നും ബ്രാഹ്മണീ കൃതമായ ക്ഷേത്ര ഘടനയിലേക്ക് പരിണമിക്കുകയും ചെയ്യുന്നുണ്ടെന്ന് പഠനത്തിലൂടെ വ്യക്തമാകുന്നു.

**ഗ്രന്ഥസൂചി**

1. കലാചന്ദ്രൻ;2019 : കാവും കളിയാട്ടവും, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി
2. ഗണേശ് കെ.എൻ; 1990 : കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്
3. ഗണേശ് കെ.എൻ;2002:കേരള സമഗ്ര പഠനങ്ങൾ, പ്രഭാത് ബുക്സ്, പത്തനംതിട്ട.
4. ജയചന്ദ്രൻ കീഴോത്ത്; 2018: കാവുകൾ; സംസ്കൃതിയുടെ കാവൽപുരകൾ, കേരള ഫോക്ക് ലോർ, ദേശം, കാലം, സമഗ്രം, രീതിശാസ്ത്ര പരിണതികൾ, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
5. ദിനേശൻ ഇ; 2017 : ഫോക് ലോറും സംസ്കാര പഠനവും. സംസ്കാര പഠനം, ചരിത്രം, സിദ്ധാന്തം, പ്രയോഗം, കോട്ടയം നാഷണൽ ബുക്സ്.
6. ദാമോദരൻ കെ; 1991 : കേരള ചരിത്രം, പ്രഭാത് ബുക്സ്, പത്തനംതിട്ട.

# നാട്ടുചന്തകളുടെ വർത്തമാനവും പ്രാദേശിക സംസ്കാരത്തിന്റെ പരിണാമവും

**മഞ്ജു പി.**

കേരളത്തിന്റെ സാമൂഹിക വ്യവസ്ഥയുടെ കേന്ദ്രം എന്ന നിലയിലാണ് നാട്ടുചന്തകൾ രൂപംകൊണ്ടത്. ഗ്രാമങ്ങളുടെ സാംസ്കാരിക ചിഹ്നം കൂടിയായി പ്രവർത്തിച്ചവയാണ് ഓരോ നാട്ടുചന്തകളും. പ്രാദേശിക സംസ്കാരത്തിന്റെ നിരവധി വിനിമയങ്ങൾ നടന്ന സ്ഥലമെന്ന നിലയിലും അവ പ്രവർത്തിക്കുന്നു. വിഭവങ്ങളുടെ വിതരണകേന്ദ്രം എന്ന നിലയിൽ മാത്രമല്ല, നാട്ടുസംസ്കാരത്തിന്റെ ജൈവികമായ ഇടമെന്ന നിലയിലാണ് നാട്ടുചന്തകളെ പഠിക്കുന്നത്. ഇന്ത്യയിലെ പുതിയ സാമ്പത്തിക അധികാരക്രമങ്ങൾക്കുള്ളിൽ രൂപപ്പെട്ട വിപണിയുടെ ഇടപെടലുകൾ നാട്ടുചന്തകളുടെ ഘടനയെ തന്നെ പൊളിച്ചു പണിയുന്നുണ്ട്. അതോടൊപ്പം പ്രാദേശിക ജീവിതവ്യവസ്ഥയിലും നാട്ടനിഭവങ്ങളിലും നിരവധി പരിണാമങ്ങളാണ് ഉണ്ടായികൊണ്ടിരിക്കുന്നത്. വെഞ്ഞാറമൂട്, വാമനപുരം, കല്ലറ, തുടങ്ങിയ നാട്ടുചന്തകളുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി നാട്ടുചന്തകളുടെ ചരിത്രവും രാഷ്ട്രീയവും, മാറുന്ന സ്വഭാവം, ആഗോളവിപണിയുടെ അധിനിവേശങ്ങൾ, നാട്ടഭിരുചിയിലും പ്രാദേശികജനതയുടെ ബോധമണ്ഡലത്തിലും ജീവിതരീതികളിലുമുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ട് പ്രാദേശിക സംസ്കാരത്തിന്റെ പരിണാമങ്ങളെ വിശകലനം ചെയ്യുന്നു.

## നാട്ടുചന്തകൾ ചരിത്രം, ആഖ്യാനം രാഷ്ട്രീയം

പ്രാദേശിക ആവശ്യത്തിനുള്ള കാർഷികവിഭവങ്ങളും നിത്യോപയോഗസാധനങ്ങളും വിപണനം ചെയ്യുന്നതിനുള്ള സ്ഥലം എന്ന നിലയിലാണ് നാട്ടുചന്തകൾ വികസിച്ചുവന്നത്. കാർഷികവിഭവങ്ങളുടെ

ആവശ്യത്തിൽ കഴിഞ്ഞുള്ള ഉല്പാദനമാണ് ചന്തകളുടെ രൂപികരണത്തിന് കാരണം. ആർക്കും എപ്പോഴും കടന്ന്വരാവുന്നതും എല്ലാത്തരം ആളുകൾക്കും ഇടപെടാൻ കഴിയുന്നതുമായ ഒരു പൊതുസ്ഥലമാണ് ചന്ത. അടച്ചുമൂടപ്പെട്ട ഒരു കടയുടെ സ്വഭാവ ത്തെക്കാൾ കൂടുതൽ തുറന്നതും ചലനാത്മകവുമായ ജനായത്ത സ്വഭാവം പുലർത്തുന്നതുമായ ഒരിടമാണ് ചന്ത. സന്ധിക്കുന്നത് എന്ന അർത്ഥത്തിലാണ് ചന്ത എന്ന പദം രൂപംകൊണ്ടത്. (ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള, 1997:767) പരസ്പരം കൊടുക്കൽ വാങ്ങലുകൾ ചന്തയ്ക്ക് വൈവിധ്യമാർന്നൊരു സ്വഭാവം കൈവരുകയും, പ്രാദേശികമായ ഉല്പാദനത്തിന്റെ ഉപഭോഗത്തിന്റെ ഭാഷയുടെ, സാംസ്കാരത്തിന്റെ അങ്ങനെ പലതിന്റെയും കേന്ദ്രങ്ങളായി നാട്ടുചന്തകൾ മാറി.

ജനങ്ങളുടെ ആവശ്യവും സൗകര്യവുമനുസരിച്ച് ഗ്രാമത്തിന്റെ മധ്യഭാ ഗത്താണ് ചന്തകൾ പ്രവർത്തിച്ചിരുന്നത്. ചന്തകൾ ചലനാത്മകവും സംഘബോധത്തിന്റെയും സൗഹൃദത്തിന്റെയും വേദികൂടിയായിരുന്നു. സമൂഹത്തിൽ കുടുംബം കേന്ദ്രമായി നിൽക്കുന്നത് പോലെ ഗ്രാമത്തിന്റെ സാംസ്കാരിക കേന്ദ്രവും ചന്തയായിരുന്നു. ചന്തസ്ഥലങ്ങൾ ആദ്യകാലത്ത് നാട്ടുപ്രമാണിമാരുടെ കൈകളിലായിരുന്നു. ബ്രിട്ടിഷുകാരുടെ വരോവോടുകൂടി അവർ നിയോഗിച്ച വില്ലേജ ധികാരികൾ ചന്തകളുടെ നിയന്ത്രണം ഏറ്റെടുത്തു പിന്നീട് സ്വാത ന്ത്ര്യാനന്തരം രൂപികരിക്കപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലേക്ക് നാട്ടുചന്തകൾ മാറി. പുരാതനകാലം മുതൽ കേരളം കച്ചവട കേന്ദ്രമായിരുന്നു. തുറമുഖങ്ങളും വിദേശ സഞ്ചാരികളുടെ വിവരണങ്ങളും ഇതിന് തെളിവാണ് (ശ്രീധരൻ എ.2007 :158) വിഭവവിതരണത്തിന്റെ സിരാകേന്ദ്രങ്ങളായിരുന്ന നാട്ടുചന്തകൾ പ്രാദേശിക സംസ്കാരത്തിന്റെകൂടി കേന്ദ്രങ്ങളായിരുന്നു.

**നാട്ടുചന്തകളും പ്രാദേശികസംസ്കാരവും**

കേരളത്തിലെ നാട്ടു സമൂഹങ്ങളുടെ അനുഭവകേന്ദ്രം എന്ന നിലയിലാണ് നാട്ടുചന്തകൾ പ്രവർത്തിക്കുന്നത്. വെഞ്ഞാറമൂട്, കല്ലറ, വാമനപുരം തുടങ്ങിയ നാട്ടുചന്തകളുടെ സ്ഥാനവും പ്രാദേശിക സമൂഹത്തിനുള്ളിൽ ഇങ്ങനെയാണ് പ്രവർത്തിക്കുന്നത്. തിരുവ നന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലാണ് ഇവിടെ പഠനവി ധേയമാക്കിയ മൂന്ന് ചന്തകളും പ്രവർത്തിക്കുന്നത്. കാർഷികോ ല്പാദനത്തിന്റെ വികാസനമാണ് ഈ പ്രദേശങ്ങളിൽ ചന്തകൾ

രൂപപ്പെടാൻ കാരണം 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമാണ് ഈ പ്രദേശങ്ങളിൽ വ്യാപകമായി കുടിയേറ്റം ആരംഭിക്കുന്നത്. ഇതോടെ ഈ പ്രദേശങ്ങളിൽ കൃഷിവ്യാപക മാവുകയും, ഇവിടം ജനവാസകേന്ദ്രങ്ങളായി മാറുകയും ചെയ്തു. കാർഷികവൃത്തിയുടെ പുരോഗതിയും ആവശ്യത്തിൽ കവിഞ്ഞുള്ള ഉല്പാദനവുമാണ് ചന്തകളുടെ രൂപികരണത്തിന് കാരണമെന്ന് ആവേദ കർ വ്യക്തമാക്കുന്നു. (ബാലൻ, 78, വലിയകട്ടയ്ക്കാൽ, വെഞ്ഞാറമൂട്)

പണ്ട് ഇന്നത്തെപ്പോലൊന്നും അല്ല. കെഴക്ക് വെള്ളവക്കമ്പം ചന്ത തൊടങ്ങ്യാ ഉച്ചവരെ കാണും. പൊടിപൊടിച്ച കച്ചോടം ആദ്യാ കലചന്തയുടെ പ്രതാപാന്തരീക്ഷമാണ് ഇവിടെ വ്യക്തമാക്കുന്നത്. കാർഷികോല്പന്നങ്ങൾക്ക് പുറമേ തോലും തോലുല്പന്നത്തിന്റെയും വിപണകേന്ദ്രമായിരുന്നു വെഞ്ഞാറമൂട് ചന്ത. ഇതിന് പുറമേ വൈഡ്യൂര്യത്തിന്റെ ഖനനം, വിപണനം, സംസ്കരണം എന്നിവയ്ക്കും പേരുകേട്ടതായിരുന്നു ഈ പ്രദേശം. ഇതിന് തെളിവായി വൈഡ്യൂ ര്യത്തിന്റെ ഉരപ്പു കേന്ദ്രങ്ങളും ഇവ ഖനനം ചെയ്തെടുത്തതിന്റെ കുഴികളും ഇവിടെ നിലനിൽക്കുന്നു.

വാമനപുരം, കല്ലറ ചന്തകളിൽ മലഞ്ചരക്കുവ്യാപാരത്തിനായിരുന്നു പ്രാധാന്യം. വാമനപുരം നദിയിൽ കൂടി വലിയ ചങ്ങാടങ്ങളിൽ സാധനങ്ങൾ ചന്തയിലേയ്ക്കും. അവിടെ നിന്നും ചിറയിൽകീഴ്, വക്കം, അഞ്ച്തെങ്ങ്, ആലപ്പുഴ, കൊല്ലം എന്നിവിടങ്ങളിലേയ്ക്കും സാധനങ്ങൾ ജലമാർഗ്ഗം എത്തിച്ചിരുന്നു. ആകാലത്ത് തിരുവിതാംകൂറിന്റെ പ്രധാനപ്പെട്ട വിപണനകേന്ദ്രം ആലപ്പുഴയായിരുന്നു. കാർഷിക വിഭവങ്ങളോടൊപ്പം നിത്യോപയോഗ സാധനങ്ങളുടെയും വിപണന കേന്ദ്രങ്ങളായിരുന്നു ഈ ചന്തകൾ. പാതിരാത്രിയാകുമ്പോൾ തന്നെ സാധനങ്ങൾ തലച്ചുമടായി ചന്തയിൽ എത്തിച്ചിരുന്നു. ഈ പ്രദേശങ്ങളിൽ കാണുന്ന ചുമടുതാങ്ങികളും വഴിക്കിണറും സത്രവും വഴിവിളക്കിന്റെ കൽത്തൂണുകളും ഇതിന് തെളിവാണ്. റോഡുകളുടെ വരവോടുകൂടി ചന്തകളുടെ രൂപഭാവത്തിലും ഘടനയിലും മാറ്റങ്ങൾ സംഭവിച്ചു. (വാഹിദ്, 70, വാമനപുരം, ചെറുകിടവ്യാപാരി).

### നാട്ടു ചന്തയും സംസ്കാരബഹുസ്വരതയും

നാട്ടുചന്തകൾ സാധനങ്ങൾ കൈമാറ്റം ചെയ്യുന്ന ഇടങ്ങൾ മാത്രമായിരുന്നില്ല. ചന്തദിവസങ്ങളിൽ ചന്തക്കകത്തും പുറത്തും പലതരത്തിലുള്ള കലാപ്രകടനങ്ങളും നടത്തിയിരുന്നു. നാടൻ സർക്കസ്, പാമ്പുകളി, സൈക്കിൾ സവാരി, കൈനോട്ടം, തുടങ്ങിയവ. ഇവകൂടാതെ

മോഷണം, പരദൂഷണം തുടങ്ങിയവയുമായ് ബന്ധപ്പെട്ടുള്ള വഴക്കുകൾ, പ്രശ്നപരിഹാരങ്ങൾ, സുഖവിവരങ്ങൾ അന്വേഷിക്കാൻ, സ്നേഹബന്ധങ്ങളും, സൗഹൃദങ്ങളും വളർത്തിയെടുക്കൽ, പ്രണയബന്ധരായവർ പോലും പരസ്പരം അവരുടെ ബന്ധം ഉറപ്പിക്കുന്നത് ചന്ത ദിവസങ്ങളിലായിരുന്നു.

ഇതിന് പുറമേ സർപ്പശാപം തീർക്കൽ പേപ്പട്ടികാവിൽ നേർച്ച, ടിവിയും സിനിമയും വരുന്നതിന് മുമ്പുള്ള രാജ്യപ്പെട്ടിമേള, പുസ്തകവില്പന എന്നിവയ്ക്കും പുറമേ സമൂഹത്തെ നടുക്കിയ ഒട്ടേറെ കൊലപാതകങ്ങൾ, സംഭവങ്ങൾ എന്നിവ തല്ലാം കട്ട എന്ന ഉപകരണത്തിന്റെ സഹായത്തോടുകൂടി സംഗീതാത്മകമായി പൊതുജനതയെ അറിയിച്ചിരുന്നതും ചന്തകളിൽ ആയിരുന്നു മാധ്യമങ്ങൾ ഇത്രത്തോളം പ്രചാരത്തിലില്ലാതിരുന്ന കാലത്ത് കാര്യങ്ങൾ പലതും പൊതുജനതയെ അറിയിച്ചിരുന്ന വേദികൂടി യായിരുന്നു നാട്ടുചന്തകൾ.

വിനോദകേന്ദ്രം എന്ന നിലയിലും പ്രവർത്തിച്ചവയായിരുന്നു നാട്ടുചന്തകൾ. ഉച്ചകഴിഞ്ഞ് ചന്തസ്ഥലം തൂത്ത് വൃത്തിയാക്കി നാടകം, കഥാപ്രസംഗം, പലതരം സമ്മേളനങ്ങൾ, നാടൻ കളികൾ, ഗുസ്തി മത്സരം തുടങ്ങിയവയും നടത്തിയിരുന്നു (ചന്ദ്രശേഖരൻ നായർ, 57, വെഞ്ഞാറമൂട്, അധ്യാപകൻ)

ചരിത്രസംഭവങ്ങൾക്കും സാമൂഹികസാംസ്കാരിക പ്രവർത്തന ങ്ങൾക്കും വേദികൂടിയായിരുന്നു നാട്ടുചന്തകൾ. 1939 ലെ കല്ലറ-പാങ്ങോട് സമരത്തിന്റെ തുടക്കവും 1948-49 ലെ ചായക്കടസമരവും, 1946 ൽ മഹാകവി വള്ളത്തോൾ ഉദ്ഘാടനം ചെയ്ത സഹോദരസമാജവും, വെഞ്ഞാറമൂട് -കോട്ടപ്പുറത്ത് നടന്ന സമ്മേളനത്തിൽ മഹാത്മാഗാന്ധി പങ്കെടുത്ത് സ്വാതന്ത്ര്യസമരത്തി നുവേണ്ടി പോരാടണമെന്ന് ആഹ്വാനം ചെയ്തതും ഈ പ്രദേശങ്ങളിലെ സാംസ്കാരിക നവോത്ഥാനത്തിന് കാരണമായി. ഇത്തരം പ്രവർത്തനങ്ങൾക്കെല്ലാം വേദി ഈ നാട്ടുചന്തകളായിരുന്നു (നെല്ലനാട് ഗ്രാമപഞ്ചായത്ത് വികസന രേഖ, 2007:15)

**നാട്ടുചന്തയും ഭാഷാസ്വരൂപവും**

ചന്തകളിലെ സംഭാഷണത്തിന് അതിന്റേതായൊരു ശൈലിയും തനിമയുമുണ്ട് ഇത് നാടോടി വ്യവഹാരത്തിലേ നിരവധി ആശയങ്ങളും സന്ദേങ്ങളുമടങ്ങിയ ഒരു ചിഹ്നഭാഷയാണ്. ചരക്കുകൾ കൈമാറുന്നതിന് മാത്രമല്ല രേഖപ്പെടുത്തിയിട്ടില്ലാത്ത രഹസ്യആശയവിനിമയത്തിനും

ഇത്തരം ഭാഷകൾ ഉപയോഗിക്കുന്നു. കാലിചന്തകളിലെ ആംഗിക ചിഹ്നഭാഷ ഇതിന് ഉദാഹരണമാണ്. ഗ്രന്ഥഭാഷയിൽ നിന്ന് വ്യത്യസ്തമായ ഈ ഭാഷപ്രയോഗങ്ങളെ ദളിത് ഭാഷയായി കവിയൂർ മുരളി നിരീഷിക്കുന്നു. (കവിയൂർ മുരളി, 1997:26) നാട്ടു ചന്തകളിലെ വിനിമയഭാഷ അശ്ലില ചുവയുള്ളതാണ്. നിർദോഷകമായ ഫലിതങ്ങൾ, തമാശകൾ, പൊട്ടിച്ചിരികൾ, വാക്കേറ്റങ്ങൾ, അശ്ലീല പ്രയോഗങ്ങൾ തുടങ്ങിയവ ചന്തകളിൽ സർവ്വസാധാരണമാണ്. അശ്ലീല പ്രയോഗങ്ങൾ കൂടുതലും നടക്കുന്നത് മീഞ്ചന്തകളിലാണ് അനന്തപുരം വർണ്ണനയിലേ മീഞ്ചന്തയിലേ സംഭാഷണത്തിൽ ഇത് വ്യക്തമായി പ്രതിപാദിക്കുന്നു. എന്തെല്ലാം പോരായ്മകൾ ഉണ്ടെങ്കിലും നാട്ടു ചന്തയിലെ സംഭാഷണങ്ങൾ നാട്ടുപദങ്ങളുടെ വലിയൊരു ശബ്ദതാരാവലി തന്നേയാണ്.

**മാറുന്ന നാട്ടുചന്തകളും പ്രാദേശിക സംസ്കാരത്തിന്റെ പരിണാമവും**

നാട്ടുചന്തകളുടെ സാമൂഹിക സ്വഭാവം കേരളത്തിന്റെ വർത്തമാന സന്ദർഭത്തിൽ പരിണാമവിധേയമാകുന്നത് പുതിയ അഭിരുചികളോടും ജീവിതരീതികളോടും താത്പര്യങ്ങളോടും ബന്ധപ്പെട്ടുതന്നെയാണ്. ഭരണകൂടത്തിന്റെ പുതിയനയങ്ങളും സാമ്പത്തികപരിഷ്കരണങ്ങളും സാങ്കേതികവിദ്യയുടെ പ്രചാരത്തിലുണ്ടായ വ്യാപകത്വവും പുതിയ ജീവിതാഭിരുചികൾ രൂപപ്പെടുന്നതിന് കാരണമായി. 1990 കളുടെ തുടക്കത്തിലാണ് ഇന്ത്യയിൽ സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നത്. ആഗോളവൽക്കരിക്കപ്പെട്ട സമൂഹമായി കേരളീയസമൂഹം മാറുന്നതും ഇതോടുകൂടിയാണ്. പ്രാദേശിക കൂട്ടായ്മയായി നിലനിന്നിരുന്ന നാട്ടുചന്തകൾ ഇന്ന് തകർച്ച നേരിടുകയും അവയുടെ സ്വഭാവം തന്നെ മാറുകയും ചെയ്യുന്നുണ്ട്. ഇത് നാട്ടുചന്തകളെ മാത്രം ബാധിച്ച പ്രശ്നമല്ല, കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ പൊതുവേ പ്രകടമായ സാംസ്കാരിക പ്രശ്നം തന്നെയാണ്. കാർഷികോല്പാദനത്തിൽ തകർച്ച നേരിട്ടതും പ്രാദേശിക വിപണിയിലേയ്ക്ക് ആഗോള ഉൽപന്നങ്ങൾ കടന്ന്കയറുന്നതും പുതിയ കമ്പോളത്തിന്റെ രൂപപ്പെടലിന് കാരണമായി. ഒരു തുറന്ന സാമൂഹിക സ്ഥലമെന്ന നിലമാറി കൂടുതൽ അടഞ്ഞതും കൃത്യമായി വ്യവസ്ഥപ്പെടുത്തിയതുമായ രീതിയിലേയ്ക്ക് ചന്തയുടെ രൂപവും സ്വഭാവവും മാറിയ കാഴ്ചയാണ് വെഞ്ഞാറമൂട്, വാമനപുരം, കല്ലറ തുടങ്ങിയ ചന്തകൾക്ക് നൽകാനുള്ളത്. വിൽപ്പനക്കാരും വാങ്ങലുകാരുമെന്ന് വേർതിരിക്കാൻ കഴിയാത്ത തരത്തിലുള്ള പ്രാദേശിക ജനതയുടെ കൂടിച്ചേരൽ ഇന്ന് ലാഭത്തേയും പണത്തേയും

കേന്ദ്രീകരിക്കുന്ന വിപണനരീതികളായി മാറി.

ജന്മി-കുടിയാൻ ബന്ധങ്ങളെ പൊളിച്ചെഴുതി കൊണ്ട് 1957 ൽ ഭൂപരിഷ്ക്കരണനിയമം നടപ്പിലാക്കി. ഇത് കേരളീയസമൂഹത്തിൽ മാറ്റങ്ങൾ ഉണ്ടാക്കിയെങ്കിലും ഭൂമി ലഭിച്ച ചെറുകിടകർഷകർക്ക് കൃഷി മുന്നോട്ടുകൊണ്ട് പോകാൻ കഴിഞ്ഞില്ല. മുതലാളിത്ത രീതിയിലുള്ള കാർഷികോല്പാദനവും വിതരണവും മൂലധനസമാഹരണവും ആധാരമാക്കി മുതൽമുടക്കിയ കർഷകർക്കാണ് കൃഷി ലാഭകരമാക്കാൻ കഴിഞ്ഞത്. ഈ സന്ദർഭത്തിൽ ചെറുകിട ഇടത്തരം കർഷകർ പെട്ടെന്ന് ലാഭവിഹിതം വർദ്ധിപ്പിക്കുന്ന ഉപയോഗമൂല്യം കുറഞ്ഞ റബ്ബർ, മാഞ്ചിയം, കൊക്കോ, പൈനാപ്പിൾ, വാനില തുടങ്ങിയ കൃഷികളിലേയ്ക്ക് തിരിഞ്ഞു. ഇത് കേരളത്തിലെ കാർഷിക മേഖലയുടെ തകർച്ചയെ തൊരുതപ്പെടുത്തിയ ഘടകങ്ങളാണ്.

പ്രാദേശിക ജനതയ്ക്ക് ഇന്ന് കാർഷിക വിഭവങ്ങൾ ചന്തയിൽ കൊണ്ട് പോയി വിൽക്കാനില്ല. ഉണ്ടെങ്കിൽ തന്നെ അപൂർവ്വമാണ്. കാർഷിക വിളകളുടെ സ്ഥാനം റബ്ബറും മറ്റും കയ്യടക്കിയിരിക്കുന്നു. സ്വന്തമായി വസ്തു ഇല്ലാത്തവർപോലും പുരയിടം പാട്ടത്തിനെടുത്ത് റബ്ബർ നഴ്സറികൾ നടത്തിവരുന്നു. (മോഹൻ നായർ, 60, ആലിയാട്) കാർഷിക വിഭവങ്ങളുടെ ഉല്പാദനത്തിൽ വരുന്ന തകർച്ച പ്രാദേശിക സമൂഹങ്ങളുടെ മാത്രമല്ല, കേരളത്തിലെ സാമൂഹികസാമ്പത്തികാന്തരീക്ഷത്തിലും പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. കൃഷിഭൂമികൾ പണം ഉൽപ്പാദിപ്പിക്കുന്നതിനുള്ള സ്ഥലങ്ങളായി മാറുന്നു.

കുന്നുകൾ ഇടിച്ചു കൃഷിഭൂമികളും വയലുകളും നികത്തുകയും ഇവിടെ പുതിയ റോഡുകൾ നിർമ്മിക്കുകയും റോഡിനിരുവശവും വ്യാപാരവ്യവസായ സംരംഭങ്ങൾക്കുള്ള കെട്ടിടങ്ങൾ പണിതുയർത്തുകയും ചെയ്തു. ഇതൊടെ കാർഷികവൃത്തി അടിസ്ഥാനമാക്കിയിരുന്ന ഒരു പ്രദേശം നഗരസ്വഭാവത്തിലേയ്ക്ക് പരിവർത്തനപ്പെടുകയും കൃഷിക്ക്പകരം പുതിയ തൊഴിലുകൾ വരുമാനമാർഗ്ഗമായി തീരുകയും ചെയ്തു. ഇത് പ്രാദേശികസംസ്കാരത്തിന്റെ വേഗത്തിലുള്ള പരിണാമത്തിന് കാരണമായി, കാർഷികോൽപാദനത്തിലൂടെ ഉണ്ടായ സ്വാശ്രയത്വം ഇല്ലാതാവുകയും പണം അടിസ്ഥാനമായ പരാശ്രിത സംസ്കാരം ഇവിടത്തെ ജീവിതരീതിയായി മാറുകയും ചെയ്തു. ഗൾഫ് പണത്തിന്റെ കടന്നുവരവോടുകൂടി ഒരു വിഭാഗം ജനങ്ങളുടെ വരുമാനത്തിലുണ്ടായ വർദ്ധന ഭൂമിയേ കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിലുള്ള പ്രവണത വർദ്ധിക്കുന്നതിന് കാരണമായി. പണത്തിൽ നിന്നും പണം ഉണ്ടാക്കിയെടുക്കുന്ന

സാമൂഹിക പ്രവണത കചച്ചവട താൽപര്യം ഇവിടെ വ്യാപകമാവുകയും സ്വകാര്യ ബാങ്കുകളും ചിട്ടി കമ്പിനികളും ഈ പ്രദേശത്തെ ജനങ്ങളുടെ സാമൂഹികജീവിതത്തെ നിയന്ത്രിക്കുന്ന ശക്തികളായി മാറുകയും ചെയ്തു. ഇങ്ങനെ കാർഷിക സംസ്കാരത്തിന്റെ തകർച്ചയും പണം മാത്രം ലക്ഷ്യമാക്കുന്ന ജീവിത സംസ്കാരം വർദ്ധിച്ചതും വിപണികൾ ആഗോളവൽക്കരിക്കപ്പെടുന്നതും പുതിയ ഉൽപ്പന്നങ്ങളുടെ കടന്നുവരവും നാട്ടുചന്തകളുടെയും ഈ പ്രദേശങ്ങളുടെയും സ്വഭാവം മാറുന്നതിന് കാരണമായി

**കൈത്തൊഴിലുകളും ചന്തകളുടെ പരിണാമവും**

പരമ്പരാഗത വ്യവസായങ്ങൾ, കൈത്തൊഴിലുകൾ എന്നിവയിലൂടെ പ്രാദേശികജനത ഉൽപാദിപ്പിക്കുന്ന ഉപകരണങ്ങളും മറ്റു ഉൽപ്പന്നങ്ങളും വിറ്റവിക്കപ്പെട്ടിരുന്ന സ്ഥലമായിരുന്നു നാട്ടു ചന്തകൾ. ആഗോളവൽക്കരണത്തേതുടർന്ന് യന്ത്രവൽകൃത ഫാക്ടറികളിൽ നിർമ്മിക്കപ്പെട്ട കാർഷിക-ഗാർഹിക ഉപകരണങ്ങളും ഉൽപ്പന്നങ്ങളും കൂടുതലായി ചന്തകളിലേക്ക് കടന്നുവരുവാൻ തുടങ്ങി, ഇത് പരമ്പരാഗത തൊഴിലുകൾ ചെയ്ത് ജീവിച്ചിരുന്ന പ്രാദേശിക സമൂഹങ്ങളെ തകർച്ചയിലേക്ക് നയിച്ചു. പരമ്പരാഗത തൊഴിലാളികൾ ഉപജീവനത്തിനായി മറ്റുതൊഴിലുകളെ ആശ്രയിക്കേണ്ടി വരുന്നു. യന്ത്രവൽകൃത ഉൽപ്പന്നങ്ങളുടെ കടന്നുവരവ് പ്രാദേശിക തൊഴിലാളി സമൂഹങ്ങളുടെ സാമ്പത്തിക സുരക്ഷിതത്വം ഇല്ലാതാക്കുകയും ചെയ്തു. പരമ്പരാഗത തൊഴിലുകൾ വഴി ഉൽപാദിപ്പിച്ചിരുന്ന ഉൽപ്പന്നങ്ങൾക്ക് വില ഇടിയുകയും നാട്ടുചന്തകൾ ആഗോളവൽകരണ ഉൽപ്പന്നങ്ങളുടെ വിപണനകേന്ദ്രമായി മാറുകയും ചെയ്തു.

**പരസ്യം, ഉപഭോഗോഘോഷങ്ങൾ, മാറുന്ന നാട്ടുജീവിതാനുഭവങ്ങൾ**

1990 കളോടുകൂടി നവസാമ്പത്തിക പരിഷ്കാരങ്ങളും ഉദാരവൽക്കരണവും പുതിയ ജീവിതപ്രവണതകൾ സൃഷ്ടിച്ചു. പുതിയ അഭിരൂചികൾ കേരളീയാന്തരീഷത്തിൽ വ്യാപകമാകുന്നത് ഈ ഘട്ടത്തിലാണ്. ഇതിന് കേരളത്തിൽ വികസിപ്പിച്ചുവന്ന മാധ്യമസംസ്കാരത്തിന് കൃത്യമായപങ്കുണ്ട്. പരസ്യങ്ങളിലൂടെ ഉൽപ്പന്നങ്ങളുടെ ആഡംബരലോകമാണ് ജനങ്ങളിലേയ്ക്കെത്തിയത്. ഇത് പുതിയ വിഭവങ്ങളെ എളുപ്പത്തിൽ ജനകീയമാക്കുകയും പുതിയൊരു വാങ്ങൽ സംസ്കാരത്തെ രൂപ്പെടുത്തുകയും ചെയ്തു. വെഞ്ഞാറമൂട്, വാമനപുരം, കല്ലറ പ്രദേശങ്ങളിലെ ചന്തകളുടെ മാറുന്ന മുഖഛായ ഇതിന് തെളിവാണ്. ഉപഭോഗവസ്തുക്കളെ കണ്ടും, സ്പർശിച്ചും തീർക്കേണ്ട ഒന്നാണ് ജീവിതം എന്ന ആശയം

പരസ്യങ്ങളിലൂടെ പ്രത്യക്ഷപ്പെട്ടു. (രാജഗോപാൽ, ഇ.പി.2000:472) മലയാളി ഇന്ന് സ്വന്തം ഗ്രാമങ്ങളിലല്ല, ആഗോളഗ്രാമങ്ങളിലാണ് ജീവിക്കുന്നത്. ഉദാരവൽക്കരണത്തെ കേരളീയ സമൂഹം സ്വീകരിച്ചത് വിൽക്കാൻ വേണ്ടിയല്ല, വാങ്ങാൻ വേണ്ടിമാത്രമായിരുന്നു. ആകർഷകമായ വർണ്ണക്കടലാസ്സുകളിൽ പരസ്യങ്ങളുടെ അകമ്പടിയോടെ അടച്ചുറപ്പുള്ള കടകളിലേയ്ക്ക് സാധനങ്ങൾ സ്ഥാനം പിടിക്കുമ്പോൾ അതിന് വാങ്ങലുകാരും കൂടുതലാണ്. ഇവിടെയാണ് പരസ്യത്തിന്റെ ശക്തിയും പ്രസക്തിയും  വാങ്ങൽ ഒരു സംസ്കാര ത്തെമാത്രമല്ല, പ്രാദേശിക സംസ്കാരത്തിന്മേൽ ഉറപ്പിക്കപ്പെടുന്ന പുതിയ ജീവിതബോധം കൂടിയാണ്. ഇന്ന് എല്ലാം ഒരിടത്ത് ലഭിക്കുന്ന സൂപ്പർമാർക്കറ്റുകളിലേയ്ക്ക് ജനങ്ങളെ ആകർഷിക്കപ്പെടുകയാണ്. അതോടെ പുതിയൊരു വൃത്തിബോധംകൂടി ഉറപ്പിക്കപ്പെടുന്നു.

വീട്ടുസാധനങ്ങൾ ഓരോന്നും സമീപത്തും വീടിന് മുന്നിലും എത്തുന്നതോടെ ഓരോരുത്തരും വീടിനുള്ളിലെ സ്വകാര്യതയിലേയ്ക്ക് ഒതുക്കപ്പെടുന്നു. സാധനങ്ങൾ തേടി ചന്തയിലെത്തുന്നതിനു പകരം അതാത് സ്ഥലങ്ങളിൽ തന്നെ സാധനങ്ങൾ ലഭിക്കുന്ന സ്ഥിതി സംജാതമായി. നിരവധി ഉൾനാടൻ പ്രദേശങ്ങളുടെ കേന്ദ്രസ്ഥാപനം വഹിച്ചിരുന്ന വെഞ്ഞാറമൂട്, വാമനപുരം, കല്ലറ പ്രദേശങ്ങൾക്കും സമാന്തരമായി ചെറിയ ചെറിയ പ്രദേശങ്ങൾ ഉയർന്നുവരുകകൂടി ചെയ്യുന്നതിലൂടെ ഈ പ്രദേശങ്ങളിൽ നിലനിന്നുപോന്ന സാമൂഹിസ്വഭാവത്തെ തന്നെ പൊളിച്ചെഴുതുന്നുണ്ട്. ഒപ്പം ഇവിടെ പഠനവിധേയമാക്കിയ വെഞ്ഞാറമൂട് വാമനപുരം കല്ലറ പ്രദേശങ്ങളുടെ ഔതികാന്തരീക്ഷത്തിൽ വരുന്ന ചടുലമായ മാറ്റങ്ങൾ ആന്തരികജീവിതബോധത്തെയും നിർണ്ണയിക്കുന്ന തരത്തിലുള്ള സംസ്കാരപരിണാമങ്ങൽക്കും കൂടികാരണമാകുന്നുണ്ട്. കേവലം വിൽക്കലുകൾക്കും വാങ്ങലുകൾക്കുമപ്പുറം പ്രാദേശികസംസ്കാരത്തെ നിർണ്ണയിച്ചിരുന്ന നാട്ടുചന്തകൾ, പുതിയ സാമ്പത്തിക നയത്തിന്റെ കടന്നുവരവ് കേരളീയവിപണിയെ ആഗോളവിപണിയാക്കുകയും, നാട്ടുചന്തകളുടെ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഈ പ്രദേശങ്ങൾ നിരന്തരം നഗരവൽക്കരണത്തിന് വിധേയമാവുകയും ചെയ്യുന്നുണ്ട്. നാട്ടുസാമൂഹിക ജീവിതത്തെ ആദേശം ചെയ്തുകൊണ്ട് നാഗരിക ജീവിതബോധം വ്യാപതിനേടുന്നതിന്റെ സൂചനകളും പ്രാദേശികതയുടെ സംസ്കാരപരിണാമത്തെയാണ് സൂചിപ്പിക്കുന്നത്.

## ഗ്രന്ഥസൂചി

1. ഗണേശ്, കെ.എൻ., 2008 കേരളസമൂഹം അന്ന് നാളെ, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തിരുവനന്തപുരം
2. ഗോപാലകൃഷ്ണൻ, പികെ., 1974 കേരളത്തിന്റെ സാംസ്കാരികചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. ഗോവിന്ദപ്പിള്ള പി, 2004 ആഗോളവൽക്കരണം സംസ്കാരം മാധ്യമം, ചിന്ത പബ്ളിഷേഴ്സ്, തിരുവനന്തപുരം
4. പണിക്കോട്ടി, എം.കെ., 2008 കേരളത്തിലെ കർഷകത്തൊഴിലാളി ഇന്നലെ ഇന്ന് നാളെ, ചിന്ത പബ്ളിഷേഴസ്, തിരുവവന്തപുരം
5. മുരളി കവിയൂർ, 1997 ദളിത് ഭാഷ, ഡി.സി ബുക്സ്, കോട്ടയം
6. രത്നമ്മ കെ, 1997 അനന്തപുരവർണ്ണനം (വ്യാഖ്യാനം) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
7. രാഘവവാര്യർ, എം.ആർ, 1997 മാധ്യകാലകേരളം, സമ്പത്ത്, സമൂഹം സംസ്കാരം, ചിന്ത പബ്ളിഷേഴ്സ്, തിരുവനന്തപുരം
8. രാജഗോപാൽ,സി.ആർ(ജന.എഡി) 2008, നാട്ടുചിന്തകൾ, ഡി.സിബുക്സ്, കോട്ടയം
9. ....................................... (ജന.എഡി) 2004, നാടോടി കൈവേല ഡി.സി, ബുക്സ്, കോട്ടയം
10. വിജയകുമാർ,ബി (എഡിറ്റർ)2007, കേരള സമ്പദ്ഘടന, ചിന്ത പബ്ളിഷേഴസ് തിരുവനന്തപുരം
11. സുരേഷ്കുമാർ, ആർ.ഡി., 2008 കേരളം ചരിത്രവും വസ്തുതകളും മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ളിഷിംഗ് കമ്പനി, കോഴിക്കോട്

**ആനുകാലികങ്ങൾ**

1. മേനോൻ, ആർ.വി.ജി., 2002, ഉപഭോഗം ആയുധമാക്കാം, മാതൃഭൂമി ആഴ്ചപ്പതിപ്പ്, മെയ്-19, പുസ്തകം-80, ലക്കം-13, പുറം.(6-9)
2. സജി ജെയിംസ്, 2006, ഒരു ചിന്തയുടെ കഥ, സമകാലികമലയാളം, ആഗസ്റ്റ്, പുസ്തകം - 82, ലക്കം-74, പുറം (67-76)
3. സുരേന്ദ്രൻ ചുനക്കര, 1998, കേരളം എങ്ങനെ കച്ചവടം ചെയ്യുന്നു, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ആഗസ്റ്റ് -9, പുസ്തകം -76, ലക്കം-24, പുറം (18-22).
4. റിയാസ്, 2009, വെഞ്ഞാറമൂടിന്റെ സാംസ്കാരികചരിത്രം വെന്മ (നന്മയിലേക്കൊരു പ്രവാസി കൂട്ടായ്മ സ്മരണിക, പുറം.30-32)
5. നെല്ലനാട് പഞ്ചായത്ത് വികസന രേഖ, 2002-2007
6. വാമനപുരം പഞ്ചായത്ത് വികസന രേഖ 1997-2002

# കാർഷിക സംസ്കൃതിയുടെ അടയാളപ്പെടുത്തലുകൾ ഒ.എൻ.വി കവിതകളിൽ

അനഘ വി. യു.

മലയാള കാവ്യ ലോകത്ത് വയലാർ പി. ഭാസ്കരൻ, ഒ.എൻ.വി എന്നിവരെ അരുണയുഗത്തിന്റെ കവികൾ ആയിട്ടാണ് വിശേഷിപ്പിക്കാറ്. നവോത്ഥാന ആശയങ്ങളെ വളരെ പ്രതിജ്ഞാബദ്ധമായി ഇവർ തങ്ങളുടെ രചനകളിലൂടെ അവതരിപ്പിക്കുന്നു. കാല്പനികാശങ്ങൾക്ക് അപ്പുറം പച്ചയായ യാഥാർഥ്യങ്ങൾ അവതരിപ്പിക്കാൻ ഇവർ താത്പര്യപ്പെടുന്നു. നവോത്ഥാന പ്രസ്ഥാനങ്ങളും അവ മുന്നോട്ട് വെച്ചപുരോഗമന ചിന്തകളും കേരള സമൂഹത്തിലെ അധ:സ്ഥിതരും കിഴാളരും അനുഭവിച്ചു വന്ന അവശതകളെ തിരിച്ചറിയുവാനും മാറ്റിത്തീർക്കുവാനുമുള്ള തീവ്ര ശ്രമങ്ങൾക്ക് വഴിയൊരുക്കി.സാമൂഹിക രംഗത്തെ ഈ പരിവർത്തനങ്ങൾ സാഹിത്യ കൃതികളിലും പ്രതിഫലിച്ചു. വയലാർ, പി. ഭാസ്കരൻ തുടങ്ങിയവരുടെ കവിതകൾ സമൂഹത്തിൽ പുരോഗമന ചിന്തകൾക്ക് പ്രചോദനമായി. ഈ കവികളെ പിന്തുടർന്നാണ് ഒ.എൻ.വി കുറുപ്പ് മലയാള സാഹിത്യത്തിലക്ക് രംഗപ്രവേശനം ചെയ്യുന്നത്.

നാട്ടിലാകെ ഉയർന്ന ദേശീയ സ്വാതന്ത്ര്യ സമരം, നാടുവഴി മേധാവിത്വത്തിനെതിരായ മുന്നേറ്റങ്ങൾ, സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ, കർഷക സമരങ്ങൾ എന്നിവയുടെയെല്ലാം ശക്തമായ സ്വാധീനം സമൂഹത്തിൽ അലയടിച്ചു കൊണ്ടിരുന്ന കാലത്താണ് ഒ.എൻ.വി കുറുപ്പ് സാഹിത്യ മണ്ഡലത്തിലേക്ക് പ്രവേശിക്കുന്നത്. ചങ്ങമ്പുഴ കവിതയുടെ പ്രലോഭനങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന ഭാവനാത്മകതയും  സംഗീതബോധവും സമകാലിക സമൂഹവും സാഹിത്യവും നൽകിയ വിപ്ലവ വീര്യവും ഒരുപോലെ ഒ.എൻ.വി കവിതകളിൽ പ്രകടമായിരുന്നു.

സാമൂഹിക ജീവിതത്തിന്റെ കടുത്ത യാഥാർഥ്യങ്ങളെ ആവിഷ്കരിച്ചപ്പോഴും ആ കവിതകൾ സൃഷ്ടിച്ച ഗാനാത്മകത അവയെ വളരെയേറെ

ശ്രദ്ധിക്കപ്പെടുന്നവയാക്കി തീർത്തു. തൊഴിലാളി വർഗ്ഗ സംസ്കാരവും കർഷക സംസ്കാരവും ഒ.എൻ.വി കവിതകളിൽ പരസ്പര പൂരകങ്ങ ളായി വർത്തിക്കുന്നു. തൊഴിലാളിയോടും കർഷകനോടും ഉള്ള കനിവൂ റുന്ന സ്നേഹവായ്പും ആർദ്രതയും അവർക്കെതിരെ നിലകൊള്ളുന്ന വർക്ക് നേരെയുള്ള ക്രൗര്യത്തിന്റെ കരുത്തും ഒരുപോലെ ഒ.എൻ.വി യുടെ കവിതകളിൽ ദൃശ്യമാണ്. കാർഷിക സംസ്കാരത്തിൽ വിള്ളലുകൾ വീഴ്ത്തുന്ന വിദേശാധിപത്യത്തെ ചോദ്യം ചെയ്യുന്ന കവി കൃഷിയുടെ വെന്നികൊടി നാട്ടുന്ന കർഷകർ അരിവാൾ ആയുധമാക്കി ബ്രിട്ടീഷു കാർക്ക് എതിരെ ആഞ്ഞടുക്കുന്നതായി ഒരിടത്തു സൂചിപ്പിക്കുന്നുണ്ട്. മണ്ണ് പ്രധാന ബിംബമായി ഒ.എൻ.വി കവിതകളിൽ വികസിക്കുന്നുണ്ട്. അരി വാളും രാക്കുയിലും (1949), മലയുടെ മക്കൾ ഞാൻ നിന്നെ സ്നേഹി ക്കുന്നു (1952), നഷ്ടപ്പെടാൻ വിലങ്ങുകൾ, പാടുന്ന നക്ഷത്രം, മണ്ണിന്റെ സ്വപ്നം (1950) തുടങ്ങിയ ആദ്യ കാല കവിതകളിൽ എല്ലാം കാർഷിക സംസ്കാരത്തിന്റെ ധാര കാണാം.

വ്യാവസായിക സംസ്കാരത്തിനേക്കാൾ തൊഴിലാളി വിപ്ലവവും അതി ലൂടെ കാർഷിക സംസ്കൃതിയും അതിനെ ഉറപ്പിച്ചു നിർത്താനുള്ള കർഷന്റെ വെമ്പലുകളുമാണ് കവിതയിലേറെയും പ്രകടമാകുന്നത്. ആദ്യ കാല കവിതകളിൽ കൃഷിയും പ്രകൃതിയും എല്ലാം തനിമയാർന്ന് അവ തരിപ്പിച്ച കവി ഭൂമിക്കൊരു ചരമഗിതത്തിൽ എത്തുമ്പോൾ കാലങ്ങൾക്ക് ശേഷമുള്ള ഭൂമിയുടെ ആവാസവ്യവസ്ഥയെ വളരെ നിരാശയോടെ അവ തരിപ്പിക്കുന്നു. കാലങ്ങളായുള്ള ഭൂമിയുടെ ആവാസ വ്യവസ്ഥ തകരുന്ന തിന്റെ ചിത്രം ഈ കവിതയിലൂടെ വായിക്കാം. തരളലളിതമായ പ്രകൃ തിയെ തലോടിയ കവിക്ക് ഒടുവിൽ ഭൂമിക്കായി ചരമഗീതം പാടേണ്ടി വരു ന്നു. ‘ചോറൂണ്, ആവണി പാടം, ഗോതമ്പുമണികൾ, തുടങ്ങിയ കവിതക ളിൽ നിഴലിക്കുന്ന കാർഷിക സംസ്കാരം ഭൂമിക്കൊരു ചരമഗീതത്തിൽ എത്തുമ്പോൾ ഏതെല്ലാം തരത്തിൽ മാറ്റങ്ങൾക്ക് വിധേയമാകുന്നു എന്ന് കണ്ടെത്തുകയാണ് ഈ പ്രബന്ധം.

ഭാഗം 1

**ഒ.എൻ.വി കവിതകളിലെ കാർഷിക സമീപനങ്ങൾ**

ഒ.എൻ.വി യുടെ കാവ്യജീവിതത്തിന്റെ ഒരു പ്രത്യേക ഘട്ടത്തെ പ്രതി നിധാനം ചെയ്യുന്ന ‘മയിൽപ്പീലി’ അദ്ദേഹത്തിന്റെ കവിത സമാഹാരങ്ങ ളിൽ അനന്യ ശോഭയോടെ നില കൊള്ളുന്നു. കാവ്യ ഭാഷയിലെ മാർദ്ദ വവും കാവ്യ പ്രമേയത്തിൽ വന്നു ചേരുന്ന സവിശേഷമായ പരിണാമവും ഈ ഘട്ടത്തിൽ കാണാം. ഒ.എൻ.വി യുടെ ആദ്യകാല കവിതകൾ സാമ്പ ത്തിക ഉച്ചനീചത്വങ്ങൾക്ക് എതിരെയുള്ള ഭാഷണങ്ങൾ ആയിരുന്നു.

പിൽകാലത്ത് പ്രകൃതി പരിസ്ഥിതി ബോധം കവിതകളിൽ കടന്നു വരുന്നതിന്റെ സൂചനകളാണ് കാണുന്നത്. ഇതൊരു അനുസ്യൂത പരിണാമമായിട്ടാണ് കാവ്യദർശനത്തിൽ വന്ന മാറ്റമായല്ല കാണേണ്ടത്. താൻ ജനിച്ചു വളർന്ന ഗ്രാമത്തിയന്റെ തനിമയും, കുട്ടിക്കാലം മുതലേ ഹൃദ്യമായ അനുഭൂതി പ്രദാനം ചെയ്ത ഗ്രാമീണ ജീവിത ലാവണ്യവും, കേട്ടു പതിഞ്ഞ നാടൻ പാട്ടുകളുടെ സംഗീത മാധുരിയും ആ സ്വർഗ്ഗചേതനയ്ക്ക് ഊർജ്ജം പകരുകയും അവ കവിതയുടെ ജീവനായി മാറുകയും ചെയ്തു. വിപ്ല ബോധത്തിൽ നിന്നും അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ജീവിത വ്യഥകളിലേക്കും ഗാർഹസ്ഥ്യത്തിന്റെ മധുരോദാരമായ ഭാവങ്ങളിലേക്കുമുള്ള ഒ.എൻ.വി കവിതകളുടെ പരിവർത്തനഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന കവിതകളാണ് മയിൽപീലി എന്ന കവിത സമാഹാരത്തിൽ ഉള്ളത്. സൂര്യനും ചന്ദ്രനും, നിലാവും എന്നുവേണ്ട ഇഹലോകജീവിതത്തിൽ തനിക്ക് അനുഭൂതി പകർന്നതെന്തും ഒ.എൻ.വി ക്ക് കാവ്യബിംബങ്ങളായി മാറി. അവയെ മാനവ ജീവിതത്തോടും സ്വന്തം ജീവിതാനുഭവങ്ങളോടും ഇണക്കിച്ചേർക്കുന്ന മാസ്മരവിദ്യയാണ് മയിൽപ്പീലി യിലെ കവിതകളിലൂടെ അനുഭവവേധ്യമാകുന്നത്.

കേരളീയമായ പ്രകൃതി രമണീയത എന്നും കവി മനസിന്റെ ദൗർബല്യമായിരുന്നു. ചങ്ങമ്പുഴ കവിതകളിൽ എന്നപോലെ പ്രകൃതിയെ മാതൃബിംബമായി ചിത്രീകരിക്കുന്ന 'ചോറൂണ് 'ഈ സമാഹാരത്തിലെ ഹൃദ്യമായ കവിതകളിൽ ഒന്നാണ്. മാതൃവാത്സല്യത്തിന്റെ സ്നിഗ്ദ്ധതയും ഗാർഹസ്ഥ്യത്തിന്റെ ആർദ്രതയും ഒന്നിക്കുന്ന ഈ കവിതയിലും ശുദ്ധ ഗ്രാമീണനായ കവിയുടെ ഭാവന വിലാസം ദർശിക്കാം. കവിയുടെ ബോധം സ്മൃതി മണ്ഡലങ്ങളിൽ നിറഞ്ഞു നിൽക്കുന്ന നാട്ടിൽ പുറത്തെ വയലേലകളും കുറ്റിക്കാടുകളും അവയ്ക്കിടയിലെ തെച്ചി പഴവും മറ്റും ആ ഭാവനയുടെ ബഹിർസ്പുരണമാണ്. ഉണ്ണിയുടെ ചോറൂണിനായി പോകുന്ന ദമ്പതികളുടെ അനുഭൂതി വിശേഷങ്ങളും പ്രകൃതിയുടെ മനോഹാരിതയും ഇഴുകി ചേരുമ്പോഴുള്ള ആസ്വാദ്യത അനുവാചകനെ കീഴടക്കുന്നതാണ്. പാതയോരത്തെ തെച്ചിപ്പഴം പറിച്ചു തരാനാവശ്യപ്പെടുന്ന ഭാര്യയിലെ കൗമാരഭാവം കവിയിൽ ഭൂതകാല സ്മൃൃതികളുണർത്തി. അവൾക്ക് തിന്നാൻ നൽകിയ തെച്ചിപ്പഴം 'കുഞ്ഞിമോനിഷ്ടമാവുമെന്ന് പറഞ്ഞു കരുതി വെച്ചു. എത്ര പെട്ടന്നാണ് അവളിലെ മാതൃത്വം ഉണർന്നതെന്ന് കവി അത്ഭുതപ്പെടുന്നു. ഈ അമ്മയിലൂടെ എല്ലാം വളരാനനുവദിക്കുന്ന, വളർത്തുന്ന, ഭൂമാതവിനെ കവി കാണുന്നു., പ്രപഞ്ച സൃഷ്ടിയെ കാണുന്നു. ഭൂമാതാവിന്റെ സൃഷ്ടികളാണ് പൂക്കളും ചെടികളും സംസ്കൃതം പഠിപ്പിച്ച ഷാരടി മാഷും അറബിമുൻഷിയുമെല്ലാം. സൂര്യന്റെ

ചൂടേറ്റു ഭൂമിയിൽ ജീവിക്കുന്നവർ സഹവർത്തിത്വത്തിന്റെ പ്രതീകങ്ങൾ ആണിവർ.

"എല്ലാംവളരുന്നു പൂക്കുന്നു കായ്ക്കുന്നി–

തെല്ലാറ്റിനും വളക്കൂറുറ്റതീനിലം' – എന്നു കവി വിശ്വസിക്കുന്നു. വിശ്വ മാനവികതയുടെ നാഡീസ്പന്ദനം കവി കേൾക്കുന്നു. മാനവികതയെയും കേരളീയതെയും സമന്വയിപ്പിക്കുന്ന കവിതയാണ് 'ചോറൂണ്. വിശ്വ മാതാവിന്റെ വാത്സല്യം നിറഞ്ഞു തുളുമ്പുന്ന പ്രകൃതിയെയാണ് അമ്മയിൽ കവി കാണുന്നത്. മാതൃത്വത്തിന്റെ സൂക്ഷ്മ ഭാവങ്ങൾ പ്രകൃതിയിൽ വിലയം കൊണ്ട് കിടപ്പുണ്ട്. അമ്മ, ഭൂമി, കുട്ടി എന്ന ത്രീത്വത്തിലൂടെ വികസിക്കുന്ന ചോറൂണ് എന്ന കവിതയിൽ ഒളിഞ്ഞിരിക്കുന്ന പാരിസ്ഥിതിക ബോധം അഗാധവും വിപുലവുമാണ്. പിൽക്കാലത്ത് ഒ.എൻ.വി ക്ക് പരിചിതമായ കുടുംബ ബന്ധങ്ങളിൽ ഊന്നികൊണ്ടാണ് പരിസ്ഥിതി സ്നേഹത്തിന്റെ സന്ദേശം പകരുന്നത്.

പ്രത്യക്ഷത്തിൽ ഈ കവിത ഒരു ദാമ്പത്യ സ്മരണ മാത്രമാണ്. ആദ്യ സന്തതിയുടെ ചോറൂണ് നടത്താൻ പോകുന്ന ദമ്പതിമാരുടെ ഹൃദയവികാരങ്ങൾ അതിൽ ചിത്രീകരിക്കുന്നു. സ്വകാര്യമായ ചില ഒ ാ ർ മ കളും സങ്കൽപങ്ങളും അവിടെ ഊഷ്മളതയോടെ വരച്ചു കാട്ടുന്നുണ്ട്. കവിതയുടെ തുടക്കം ഒരു പ്രകൃതി വർണ്ണയിലാണ്.

മോഹിച്ച കണ്ണിന്നു
പൊൽ കണി പൂക്കളും
ദാഹിച്ച ചുണ്ടിന്നു
നൽതേൻ കനികളും
നേദിച്ചു കൈകൂപ്പി
വൈശാഖ കന്യക
മേദിനി തൻ നടപ്പന്തലിൽ നിൽക്കവേ,
പാഴ്ച്ചെടിയും കടിഞ്ഞൂൽക്കനിയെത്തോളി–
ലേറ്റി നിന്നാഹ്ലാദ നൃത്തം തിമിർക്കവേ...

എന്നു തുടങ്ങുന്ന വർണന പശ്ചാത്തലമൊരുക്കലിന്റെ ധർമം മാത്രമല്ല നിർവഹിക്കുന്നത്. വൈശാഖമാസത്തിന്റെ സമൃതിക്കപ്പുറം ഒരു ദർശനത്തിന്റെ അനുരണനം ഇവിടെ കാണാം. ഭൂമിയുടെ ദാഹവും മോഹവും തീർക്കാൻ വൈശാഖ കന്യക നൈവേദ്യവുമായി കൈകൂപ്പി നിൽക്കുകയാണ്. ഇതിൽ ഒരു ഉപാസനയുടെ സന്ദേശം അടങ്ങിയിരിക്കുന്നു. പാഴ്ച്ചെടികളും ഞാറുകളും നെല്ലിമലരുകളുമെല്ലാം ആ ഉപാസനയിൽ പങ്കുചേരുന്നുണ്ട്. പ്രകൃതിയാതെ അണിഞ്ഞൊരുങ്ങി ഭൂമിമാതാവിനെ പൂജിക്കുന്നു. ഭൂമിക്ക് ഇവിടെ ദേവത ഭാവം കൈവരുന്നു.

'ആവണിപ്പാടം' എന്ന കവിത ശരിക്കും മലയാളികൾ ഒന്നടങ്കം ഏറ്റു

പാടിയ ഒരു കാവ്യമാണ്. കാർഷിക വൃത്തിയിൽ ഏർപ്പെടുന്നതിനു പ്രത്യേകമായ ചിട്ടവട്ടങ്ങൾ ഒക്കെത്തന്നെയുണ്ട്. ആചാരങ്ങൾ, അനുഷ്ടാനങ്ങൾ പ്രത്യേക ചടങ്ങുകൾ, വിത്ത് വിതയ്ക്കൽ, അത് പാകമാക്കൽ, വിളവെടുപ്പ് എല്ലാം തന്നെ പ്രത്യേക മാസങ്ങളിൽ ആണ് നടക്കുന്നത്. ചിങ്ങമാസത്തിലാണ് നെൽപ്പാടങ്ങൾ കൊയ്യാൻ പാകമായി വിളഞ്ഞു കിടക്കുന്നത്. മലയാളികളുടെ ചിങ്ങമാസം തമിഴർക്ക് ആവണിയാണ്. ആവണി മാസത്തിൽ സ്വർണ നെൽമണികൾ വിളഞ്ഞു കിടക്കുന്നതിനെ കുറിച്ച് കവി പാടുകയാണ്. ആവണി പാടത്തിൽ. സമൃദ്ധിയും, ഐശ്വര്യവും എല്ലാം ഈ കവിതയിൽ ഉടനീളം നിഴലിക്കുന്നു. ഈ കവിത വായിക്കുമ്പോൾ നമുക്ക് ലഭിക്കുന്നൊരു നെൽപാടത്തിന്റെ ചിത്രമുണ്ട്. അത് മനസിനെ വല്ലാതെ കുളിർപ്പിക്കുന്നു. ആവണി മാസത്തിലെ നെൽപ്പാടം സമൃദ്ധിയോടെ വിളഞ്ഞു കിടക്കുന്നത് കാണാൻ പെറ്റെഴുനേറ്റ ഒരു സ്ത്രീയെ പോലെയെന്നു കവി ഉപമിക്കുന്നു. ആവണിപ്പാടത്തെ ഒരു പെണ്ണിനോടാണ് ഉപമിക്കുന്നത്. പേറ്റുനോവിന്റെ ആലസ്യത്തിൽ നിന്നും പഴയ ചുറുചുറുക്കും സൗന്ദര്യവും വീണ്ടെടുക്കാൻ പ്രസവ രക്ഷ മരുന്നുകളും വേദ് കുളിയും കഴിഞ്ഞ് നിൽക്കുന്ന പെണ്ണ് ആവണി പാടം പോലെ സ്വർണ നിറത്തോടു കൂടി അതിസുന്ദരിയായി കാണപ്പെടുന്നു. വിളഞ്ഞുകിടക്കുന്ന പാടം കാണാൻ ആദ്യമെത്തുക കിളികൾ തന്നെയാണ്. കതിർമണികൾ കൊത്തി തിന്നാൻ അവർ വല്ലാത്ത മിടുക്ക് കാട്ടുന്നു. മനുഷ്യനും പക്ഷികളും അവിടേക്ക് എത്താൻ കഴിയുന്ന മറ്റു മൃഗങ്ങളും എല്ലാം കൂടി വല്ലാത്തൊരു കൂട്ടായ്മ തന്നെ ആ പാടശേഖരത്തിനു ചുറ്റും നമുക്ക് കാണാൻ കഴിയും. വിളഞ്ഞു കിടക്കുന്ന ഏതൊരു പാടശേഖരത്തിലെയും കാഴ്ച ഇത് തന്നെയാണ്. കവിത വായിക്കുന്ന ഓരോ വായനക്കാർക്കും സമൃദ്ധിയുടെ ഒരു നല്ല ചിത്രം കാണുവാൻ സാധിക്കുന്നു. വിളഞ്ഞു കിടക്കുന്ന പാടശേഖരം ശെരിക്കും സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും ഒരു ചിത്രം തന്നെയാണ്. ഭൂമിയിലെ ഓരോ ചരാചരങ്ങളും മഹത്തരമായ സൃഷ്ടിയാണ്. ഒരു കുഞ്ഞിന് പക്ഷിയോടും, പൂമ്പാറ്റയോടും ഉറുമ്പിനോടുമെല്ലാം സംസാരിക്കാം. കളങ്കമില്ലാത്ത മനസുകൾക്കേ അത് കഴിയൂ. കെയ്ത്ത് കഴിഞ്ഞ പാടത്ത്, കൊഴിഞ്ഞു വീണ നെൽമണികൾ കൊത്തിത്തിന്നാൻ എത്തുന്ന പക്ഷികളുടെ മനസിലൂടെ സഞ്ചരിക്കുന്നു കവി. സമൃദ്ധിയിലാണ്ടുപോയ കൊയ്ത്തിനെയും കൊയ്ത്തു കഴിഞ്ഞ പാടവിശേഷത്തെയും ഗ്രാമ സൗന്ദര്യത്തെയും പാറി പറന്നു വരുന്ന വിവിധ തരം പക്ഷികളേയും പറ്റി അതിമനോഹരമായി വർണിക്കുമ്പോൾ അതൊരു കാലഘട്ടത്തെ തന്നെയാണ് പ്രതിനിധാനം ചെയ്യുന്നത്.

ആവണി പാടം കുളിച്ചു തോർത്തി മുടിയാകെ
വിടർത്തി ഉലർത്തി നിന്നു

പെറ്റെഴുന്നേറ്റു വേതിട്ടു കുളിച്ചൊരു
പെണ്മണിയെ പോൽ തെളിഞ്ഞുനിന്നു.

എന്നു തുടങ്ങുന്ന 'ആവണിപാടം' ഓണ നിറവുകളുടെ പ്രതീകാത്മക ചിത്രമാണ്. പ്രകൃതി സർവൈശ്വര്യത്തോടും തെളിമയോടും ഈ കവിതയിൽ നിറഞ്ഞു നിൽക്കുന്നു. പ്രപഞ്ചത്തെ നിലനിർത്തുന്ന ഒരമ്മയുടെ സംതൃപ്തി ആവണിപ്പാടത്തിന്റെ ദൃശ്യത്തിൽ കവി കണ്ടെത്തുകയാണ്. സന്തോഷവും സങ്കടവും ഓണത്തോട് ബന്ധപ്പെടുത്തി ഏറ്റുവാങ്ങുന്ന കവിയാണ് ഒ.എൻ.വി നഷ്ടസമൃദ്ധികളാണ് ഓണത്തിന്റെ രൂപഭാവങ്ങളെ നിർണയിക്കുന്നത്. മാവേലിയുടെ കാലം ഗൃഹാതുരതയോടെ വന്നെത്തുന്ന ഓണക്കാലം പഴയ നന്മയെയും സമൃദ്ധികളെയും അയവിറക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു ഓർമ്മയുടെ പേരാണ് ഓണം എന്ന കവി പറയുന്നു.

'കോതമ്പുമണികൾ' എന്ന കവിതയിൽ യൗവനവതിയായ ഒരു പെൺകിടാവിന്റെ ജീവിതത്തിന്റെ അവസ്ഥകളിലൂടെ കവി കടന്നു പോകുന്നു. സമകാലീന ജീവിതത്തിന്റെ വൈവിധ്യമാർന്ന ചിത്രങ്ങൾ നമുക്ക് ഒ എൻ.വി യുടെ പല കവിതകളിലും കാണാം കോതമ്പുമണികൾ ഇത്തരത്തിൽപെട്ട ശ്രദ്ധേയമായ ഒരു കവിതയാണ്. പാവപ്പെട്ട ഒരുത്തരേന്ത്യൻ പെൺകുട്ടിയുടെ കഥയാണ് കവി പറയുന്നത്. ഋജുവായി ഹൃദയത്തിൽ തട്ടുന്ന രീതിയിൽ പേരറിയാത്ത ആ പെൺകിടാവിനെ കവി നമ്മുടെ മുന്നിൽ കൊണ്ട് വരുന്നു. ഞാറ്റുവേല കാലം എത്തുമ്പോൾ ഞാറു പറിച്ചു നടുന്നത് പോലെയാണ് വിവാഹം കഴിഞ്ഞ് പെൺകുട്ടി മറ്റൊരു വീട്ടിലേക്ക് പേ.കുന്നത്. ഇവിടെ ഞാറിനെ കവി പെണ്ണിനോട് ഉപമിക്കുന്നു. കൂടാതെ ഈ പെൺകിടാവിനു ഗോതമ്പു കതിരിന്റെ നിറമാണെന്നും കവി പറഞ്ഞു വെയ്ക്കുന്നു. പ്രകൃതിയിൽ മനുഷ്യ ഭാവം ആരോപിക്കുകയാണ് കവി. ഇല്ലായ്മയുടെ ഇടയിൽ നിൽക്കുന്ന ഒരു പെൺകിടാവിനു ജീവിതം സ്വപ്നശൂന്യമാണ്. വിവാഹസ്വപ്നങ്ങൾ പോലും മേലാളർക്ക് മാത്രം ഉള്ളതായി മാറുന്നു. തൊഴിലാളി നോക്കി വളർത്തുന്ന കതിരുകൾ മറ്റാരോ കൊയ്തു മെതിക്കുന്നു. കഷ്ടപെടുന്നവന് പട്ടിണി മാത്രം ഫലം. അതുപോലെയാണ് പെൺകുട്ടികളുടെ ജീവിതവും അവരുടെ സ്വപ്നങ്ങളും. മേലാളർ കൊയ്തുമെതിക്കുന്നു ദാരിദ്ര്യവും പട്ടിണിയും പേറുന്ന കുടുംബത്തിലെ പെൺകുട്ടികൾക്കു മാരനും മണാളനുമല്ല മാനം കാക്കുന്ന ഒരാങ്ങളയാണ് ആവശ്യം കോതമ്പുപാടത്തെ ഈ പെൺകൊടി പാടാൻ മറന്ന കിളിയാണ്.

**ഭൂമിക്കൊരു ചരമഗീതം ഒരു പുനർവായന**

കേരളീയ പ്രകൃതിയുടെയും ജീവിതത്തിന്റെയും ദൃശ്യങ്ങളാണ് ഒ എൻ വി കവിതകളിൽ പതിഞ്ഞു കിടക്കുന്നത്. കേരളത്തിലെ പഴയ കുടുംബഘടനയും കാർഷിക സംസ്കാരവും ആണ് ഒ എൻ വി കവിതകളുടെയും

സാംസ്കാരിക അന്തരീക്ഷം ആദ്യ കാല കവിതകളിൽ എല്ലാം കാർഷിക സംസ്കാരത്തിന്റെ ധാര കാരണം എന്നാൽ ഭൂമിക്കൊരു ചരമഗീതത്തിൽ എത്തുമ്പോൾ അതിനു മാറ്റം സംഭവിച്ചു. ഈ കവിതയിൽ കാലങ്ങൾക്ക് ശേഷമുള്ള ഭൂമിയുടെ അവസ്ഥയാണ് വിഷയം. ഹരിത സമൃദ്ധമായ ഭൂമിയുടെ കഞ്ചുകം നീക്കി അമ്മയുടെ മുലപ്പാൽ ആവോളം കുടിച്ചു വീർത്തു വന്നവർ തന്നെ പ്രകൃതിയെ ഭൂമിയുടെ നാശത്തിലേക്ക് തള്ളി വിടുന്ന കാഴ്ചയാണ് കാണുന്നത്. അമ്മയെ മാനിക്കാതെ ആ അമ്മയെ തന്നെ അഹങ്കാരത്തോടെ ചൂഷണം ചെയ്യുന്ന മനുഷ്യനെ ആണ് ഒ എൻ. വി ഭൂമിക്കൊരു ചരമഗീതമെന്ന കവിതയിൽ അവതരിപ്പിക്കുന്നത്. ആധുനിക സമൂഹം ഓരോ നിമിഷവും വേവലാതിയോടെ ചൂഷണ പീഡന വാർത്തകൾ കേൾക്കുന്നു. ഭൂമിക്കൊരു ചരമഗീതത്തിൽ കവി ഈഡിപ്പസിന്റെ കഥ പറഞ്ഞു തരുന്നു എന്നാൽ ഈഡിപ്പസ് അറിയാതെ ചെയ്ത തെറ്റ് ഇന്നുള്ളവർ അറിഞ്ഞുകൊണ്ട് ആവർത്തിക്കുന്നു.

അറിയാതെ ജനനിയെ പരിണയിച്ചൊരു യവന -
തരുണന്റെ കഥയെത്ര പഴകി.
പുതിയ കഥയെഴുതുന്നു വസുധയുടെ മക്കളിവർ
വസുധയുടെ വസ്ത്രമുരിയുന്നു !

മരണത്തിലേക്ക് അടുക്കുന്ന മാതാവിനായി കവി പാടുന്ന ശാന്തി ഗീതമാണ് ഈ കവിത

ഇനിയും മരിക്കാത്ത ഭൂമി ?
ഇതു നിന്റെ മൃതിശാന്തി ഗീതം !
ഇത് നിന്റെ (എന്റെയും) ചരമ ശുശ്രൂക്ഷയ്ക്കു
ഹൃദയത്തിലിന്നേ കുറിച്ച ഗീതം !

ഭൂമിയുടെ മരണം മനുഷ്യ വർഗ്ഗത്തിന്റെ തന്നെനാശമാണെന്നു കവി തിരിച്ചറിയുന്നു. അനുദിനം മരിച്ചു കൊണ്ടിരിക്കുന്ന ഭൂമിയുടെ ദുർവിധിയോർത്ത് കവി സങ്കടപെടുന്നു മക്കൾക്കെല്ലാം വയസാവുന്നെന്നും വീണക്കമ്പി മുറുക്കി നവതാരുണ്യം കൊണ്ടുവരുന്നവാളാണ് അമ്മ എന്നും പറഞ്ഞ കവിയാണ് ഭൂമിക്ക് ചരമഗീതം രചിക്കുന്നത്. കാലങ്ങളായുള്ള ഭൂമിയുടെ ആവാസവ്യവസ്ഥ തകരുന്നതിന്റെ നേർ ചിത്രം ഈ കവിതയിൽ ദർശിക്കാം.

'ചോറൂണിൽ' തെച്ചി പഴം മകന് കൊടുക്കുന്ന അമ്മയിൽ നിന്നും ഭൂമിക്കൊരു ചരമഗീതത്തിൽ എത്തുമ്പോൾ കാലം ഏറെ മാറിയിരിക്കുന്നു. ഒപ്പം മനുഷ്യനും പ്രകൃതിയിലുള്ളതെല്ലാം ചൂഷണം ചെയ്ത് സ്വന്തം പണ കുമ്പ വീർപ്പിക്കുന്ന മനുഷ്യന്റെ പൈശാചികത നമ്മുടെയെല്ലാം അമ്മയെ എന്നെന്നേക്കുമായി ഇല്ലായ്മ ചെയ്തേക്കാമെന്ന ഭയവും അതി

ലൂടെ ഭൂമിയിലെ ജന്തുക്കളും സസ്യങ്ങളുമെല്ലാം നാശമടഞ്ഞേക്കാമെന്ന വിഹ്വലതയും ഈ കവിത പങ്കുവെക്കുന്നുണ്ട്.

തീർന്നിട്ടില്ല കഥ അവസാനിക്കുന്നത് മനുഷ്യ രാശിയുടെ തന്നെ വിനാശത്തിൽ, പോരാ സർവംസഹയായ ഭൂമിയുടെ സംഹാരത്തിലാണ്. ആ വേളയിൽ പോലും കവി നന്മയും പ്രതീക്ഷയും കൈവെടിയുന്നില്ല.

'ഭൂമിക്കൊരു ചരമഗീതം' എന്ന ശീർഷക കവിതയിൽ സമകാലീന സമസ്യകളുടെ മൂർത്തമായ ചിത്രങ്ങളാണ് കവി ഭാവനാത്മകവും ചിന്തോദീപകവും ആയ രീതിയിൽ കോർത്തിണക്കിയിരിക്കുന്നത്. ഈ കവിതയുടെ തുടക്കം തന്നെ കവിയുടെ ആത്മാംശം ഉൾക്കൊണ്ട് ഭാവ തീവ്രത ആർജിപ്പിച്ചിരിക്കുന്നു. അനുദിനം മരിച്ചു കൊണ്ടിരിക്കുന്ന ഭൂമിയുടെ ദുർവിധി ഓർത്തു കവി തപിക്കുന്നു. കവി (മനുഷ്യ) ധർമം എന്ന നിലയിൽ കുറിച്ച ഗീതമാണ് ഈ ഉദാത്തമായ കവിത. എന്തും സഹിക്കാനും, പൊറുക്കാനും പുനർജീവിതം നേടുവാനും ഉള്ള ധാത്രിയുടെ അപാരമായ കഴിവിനെ കവി പരോക്ഷമായി സൂചിപ്പിക്കുന്നു.

കേരള രാഷ്ട്രീയത്തിൽ എന്നത് പോലെ സാഹിത്യത്തിലും പരിവർത്തന പ്രക്രിയ സജീവമായിരുന്ന കാലയളവിൽ ഒ.എൻ.വി കുറിപ്പിന്റെ ആദ്യകാല കവിതകൾ പിറന്നു വീണു മാനവികതയുടെ പുതിയ അർത്ഥതലങ്ങൾ അന്വേഷിച്ചറിയാനുള്ള സാമൂഹികാവബോധം ഇതിനു പ്രേരകമായി.

ആദ്യ കാല കവിതകളായ 'ചോറുണ്', 'ആവണിപ്പാടം', 'കോതമ്പുമണികൾ', എന്നിവയിൽ നിഴലിക്കുന്ന കാർഷിക സംസ്കൃതിയുടെ അടയാളപ്പെടുത്തലുകൾ ഭൂമിക്കൊരു ചരമഗീതത്തിൽ എത്തുമ്പോൾ ഏതെല്ലാം തരത്തിൽ മാറ്റങ്ങൾക് വിധേയമായി എന്ന് കണ്ടെത്തുകയായിരുന്നു ഈ പ്രബന്ധം.

ചൂഷണം ചെയ്യപ്പെടുന്ന അധികാരത്തിന്റെ കോമ്പല്ലുകൾ ആഴ്ത്തിയിറക്കുന്നത് ഭൂമിയിലും സ്ത്രീയിലും ഒരുപോലെ ദർശിക്കാം. അമിതമായ ചൂഷണം സൃഷ്ടിക്കുന്ന പ്രപഞ്ചത്തിന്റെ നിലനില്പിനെ കുറിച്ചുള്ള ആധികൾ ഇവയെല്ലാം ഈ പ്രബന്ധത്തിലൂടെ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. നയന മനോഹരമായ പ്രകൃതിയെ വർണിച്ച കവിക്ക് ഭൂമിക്കായി ചരമഗീതം പാടേണ്ടി വരുന്ന വേദനജനകമായ കാഴ്ച ഇന്നത്തെ സകാലിക സാമൂഹിക അവസ്ഥകളിലേക്ക് വിരൽ ചൂണ്ടുന്നവയാണ്.

**ഗ്രന്ഥസൂചി**

1. ഒ.എൻ.വി യുടെ കവിതകൾ, ഒ.എൻ.വി കുറിപ്പ്
2. ഒ.എൻ.വി പഠനം സംഭാഷണം, എഡി.കെ.ബി ശെൽവമണി
3. കവിത ധ്വനി, ഡോ.എം.ലീലാവതി
4. കവിത സാഹിത്യ ചരിത്രം, ഡോ.എം.ലീലാവതി

# ഫേസ്ബുക്ക് കാർഷിക കൂട്ടായ്മകളും പുത്തൻ കൃഷി കാഴ്ചകളും

**മീര മുരളീധരൻ**

ആധുനികതയും ഉത്തരാധുനികതയും പിന്നിട്ട് മലയാളി ഇന്നെത്തി നിൽക്കുന്നത് സൈബർ ആധുനികതയിലാണ്. "എല്ലാവർക്കും പ്രാപ്യമായ പരസ്പരം ബന്ധപ്പെടാൻ കഴിയുന്ന പൊതുമണ്ഡലം അഥവാ പ്രതികരിക്കാൻ കഴിയുന്ന ഇടം എന്ന നിലയിലാണ് സൈബർ ഇടങ്ങളുടെ പ്രസക്തി ഏറുന്നത്. ആശയ വിനിമയം, പ്രതികരണം, വിപണനം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുന്ന പുത്തൻ സൈബർ ജനാധിപത്യം ഇപ്പോൾ കേരളത്തിൽ സജീവമാണ്"*

സൈബർ സാക്ഷരതയിലൂടെ സൈബർ സംസ്കാരത്തെ അനുനിമിഷം രൂപപ്പെടുത്തുന്നു. ഏകപക്ഷീയമായ ഒരു വിനിമയ പ്രക്രിയ മാത്രമല്ല നവമാധ്യമങ്ങൾ മുന്നോട്ട് വയ്ക്കുന്നത്. ഇടപെടൽ (Interactivity), പ്രതീതിപരത (Virtuality), ബഹുമാധ്യമപരത (Multimedia), ഡിജിറ്റീകരണം (Digitization) എന്നീ സാധ്യതകൾ ഒന്നായി ചേർന്ന് മുന്നോട്ട് വയ്ക്കുന്ന സാധ്യതകൾ തന്നെയാണ് സൈബർ ഇടങ്ങളെ സജീവമാക്കുന്നത്. ഇത്തരത്തിൽ നവമാധ്യമങ്ങളിൽ വച്ച് ഏറെമുന്നിട്ടു നിൽക്കുന്നതും പങ്കാളിത്ത സ്വാതന്ത്ര്യത്തിന്റെ സാധ്യതകളെ തുറന്നിടുകയും ചെയ്യുന്ന സാമൂഹ്യമാധ്യമമാണ് ഫേസ്ബുക്ക് (Facebook). ഇന്ന് പതിനാറു വർഷങ്ങൾ പിന്നിടുമ്പോൾ കോടിക്കണക്കിന് ജനങ്ങളുടെ പൊതു ഇടമായി ഫേസ്ബുക്ക് മാറികഴിഞ്ഞു. ഒരു ശൃംഖലിത സമൂഹത്തെ രൂപപ്പെടുത്തിയിരിക്കുന്നു എന്ന് ചുരുക്കം. വിവിധങ്ങളായ ചർച്ചകളും അഭിപ്രായ സ്വാതന്ത്ര്യവും ചർച്ചകളും ഒന്നായി ചേർന്ന് ഒരു തുറവി സാധ്യത (Openendness) ഒരുക്കുന്നു. ഇത് തന്നെയാവാം ഫേസ്ബുക്കിന്റെ ജനകീയതയ്ക്ക് കാരണമായി തീർന്നതും, ഇതിന് ഉദാഹരണമാണ് ഫേസ്ബുക്കിലെ കൂട്ടായ്മകൾ (Groups). വിദ്യാഭ്യാസം, വിനോദം,

വിജ്ഞാനം, ആരോഗ്യം എന്ന് തുടങ്ങി വിവിധ മേഖലകളെ മുൻനിർത്തിയുള്ള അനേകം കൂട്ടായ്മകൾ ഇന്ന് ഫേസ്ബുക്ക് തുറന്നാൽ നമ്മുടെ വിരൽതുമ്പിലേക്ക് ഓടി എത്തുന്നു. വിവരങ്ങളെ എത്രയുംവേഗം കൈമാറാനും സ്വീകരിക്കാനും ഈ കൂട്ടായ്മകൾ കാരണമാകുന്നു. ഇത്തരത്തിൽ ഇന്ന് സജീവ പങ്കാളിത്തത്തോടെ മുന്നോട്ട് പോകുന്നവയാണ് ഫേസ്ബുക്കിലെ കാർഷിക കൂട്ടായ്മകൾ നാം സൈബർ കാർഷിക സംസ്കാരത്തിന്റെ ഭാഗമായി മാറിക്കൊണ്ടിരിക്കുന്നു എന്നതിന്റെ സൂചനയാണ് ഇവ ഒരുതരത്തിൽ പങ്കുവയ്ക്കുന്നത്

ആഗോള വൽക്കരണത്തിന്റെ കടന്നുകയറ്റത്തോടെ നമ്മുക്ക് അന്യം നിന്നുപോയ പ്രാദേശികത ഇന്ന് ആഗോള പ്രാദേശികത (Glocalization) എന്ന ഒറ്റ സംജ്ഞയായി മാറിയിരിക്കുന്നു. പഴമയുടേയുംപുതുമയുടേയും കലർപ്പ് എന്ന രീതിയിൽ ആഗോള പ്രാദേശികതയെ നോക്കികാണാം. നമുക്ക് അന്യംനിന്ന് പോയ പലതും ഇന്ന പുത്തൻ രീതികളിലൂടെ കടന്നുപോകുന്ന കാഴ്ചയാണ്. ഇവിടെയാണ് കാർഷിക കൂട്ടായ്മകളുടെ പ്രസക്തി. ഏറെ പുതുമകളോടെ പുത്തൻ സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ കാർഷിക രീതികൾ ദൈനംദിന ജീവിതത്തിന്റെ ഭാഗമാകുന്നു.

കൃഷി അറിവുകൾ, കാർഷിക രീതികൾ, അവയുടെ പരിപാലനം, വിളവെടുപ്പ്, മികച്ച കാർഷിക ഇനങ്ങൾ, അവയുടെ വിപണനം, എന്നിങ്ങനെ നീളുന്നു കാർഷിക കാഴ്ചകൾ. സജീവമായ ചർച്ചകൾക്കും പങ്കുവയ്ക്കലിനും വിധേയമായി പലതായി മാറിനിന്നിരുന്ന സമൂഹം ഇന്ന് ഒന്നായി മാറുന്നു. പുതുതുകളെ സൃഷ്ടിക്കാനും അവയെ എത്രയും വേഗം കൈമാറ്റം ചെയ്യുന്നതിലുമുള്ള മനുഷ്യന്റെ താൽപര്യം ഇവിടെ പ്രകടമാണ്. ഡിജിമോഡെർണിസത്തിലെ മനുഷ്യ സഹജ വാസനയാണ് സ്വകാര്യ സന്തോഷങ്ങളെ സൈബർ ഇങ്ങളിലേക്ക് പങ്കുവയ്ക്കുകയും അവയെ ലൈക്കും (Like) ഷെയറും (Share), കമന്റും (Comment) നേടിക്കൊണ്ട് ആഘോഷിക്കുക എന്നുള്ളതും.

പണ്ട് പാടത്ത് പണി എടുത്തിരുന്ന കർഷകൻ ചേറിലും ചെളിയിലും നിന്ന് കൃഷി ചെയ്ത് ആ നേരങ്ങളെ വായ്ത്താരികൊണ്ടും നാടൻപാട്ടുകൾ ഉച്ചത്തിൽ ചൊല്ലിയും കാർഷികവൃത്തികളെ ആഘോഷമാക്കിയെങ്കിൽ സൈബർ ഇടങ്ങളിലെ കർഷകർ ലൈക്കുകൾ കൊണ്ടും ഷെയറുകൾ ആഗ്രഹിച്ചും കമ്മന്റുകളെ പ്രതീക്ഷിച്ചും കാർഷിക നേരങ്ങളെ ആഘോഷിക്കുന്ന തിരക്കിലാണ്.

കാർഷിക കേരളം, കൃഷി ഗ്രൂപ്പ്, കൃഷിഭൂമിയിലൊരുഅടുക്കളതോട്ടം, ജൈകേരളം, അക്വാപോണിക്സ് എന്നിങ്ങനെ നീളുന്ന അനേകം കൂട്ടായ്മകൾ ഇന്ന് ഫേസ്ബുക്കിൽ സജീവമാണ്. മുപ്പതിനാ

യിരത്തിൽ തുടങ്ങി മൂന്ന് ലക്ഷത്തിൽ അധികം അംഗങ്ങൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഇവർ എല്ലാവരും കർഷകർ ആണെന്ന് വാദിക്കുന്നില്ല. മറിച്ചു കൃഷി ചെയ്യുന്നവരോ കൃഷിയെ ഇഷ്ടപെടുന്നവരോ ഉടനെ കൃഷിയിലേക്ക് ഇറങ്ങുന്നവരോ ആണ്. ചുരുക്കിപറഞ്ഞാൽ കാർഷിക പ്രേമികളുടെ കൂട്ടായ്മകൾ ആണ് ഇവഓരോന്നും. മാത്രമല്ല പല മേഖലകളിൽ നിന്നുള്ളവരാണ് എന്നുള്ളതും ശ്രദ്ധേയമാണ്. അദ്ധ്യാപകർ, വീട്ടമ്മമാർ, ബാങ്കിംഗ് ജീവനക്കാർ, എഞ്ചിനീയേഴ്സ്, ബിരുദധാരികൾ എന്നിങ്ങനെ പല തലങ്ങളിൽ വ്യാപരിക്കുന്നവർ. ഒഴിവുനേരങ്ങൾ കണ്ടെത്തി കൃഷി ചെയ്യുന്നവരും കൃഷിക്ക്വേണ്ടി തൊഴിൽ ഉപേക്ഷിച്ച് മുഴുവൻ സമയവും കാർഷിക വൃത്തികളിൽ ഏർപ്പെടുന്നവരും ഇതിൽ ഉൾപ്പെടുന്നു. എന്നിരുന്നാൽ തന്നെയും കൃഷിയോടും കാർഷിക സംസ്കാരത്തോടുമുള്ള മനുഷ്യന്റെ താൽപര്യം അന്യംനിന്ന് പോയിട്ടില്ല എന്ന് നിസംശയം പറയാം.

അടുക്കളത്തോട്ടം എന്ന കൂട്ടായ്മയിൽ നിലവിൽ മൂന്നുലക്ഷത്തി അൻപത്തി ആറായിരം അംഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നു (3,56,000, 5/01/2020). അംഗസംഖ്യ ദിനംപ്രതി കൂടുകയോ കുറയുകയോ ചെയ്യാം. വിഷരഹിതമായ പച്ചക്കറികൾ ഉൽപാദിപ്പിക്കുക എന്നതിനൊപ്പം വീട്ടുമുറ്റത്തു ഒരു അടുക്കളത്തോട്ടം എന്ന ആശയത്തിലേക്ക് മുന്നേറുക അത് പ്രാവർത്തികമാക്കുക എന്നതാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം. ജൈവ കാർഷിക രീതികളെ പ്രോത്സാഹിപ്പിക്കുക കർഷകർക്ക് വേണ്ട നിർദ്ദേശങ്ങൾ കൂട്ടായ ചർച്ചകളിലൂടെ നൽകുക എന്ന രീതിയിൽ ആണ് മുന്നോട്ട് പോകുന്നത്.

"ജീവിതം ക്യാൻസറിൽ അവസാനിക്കാതിരിക്കാൻ വീട്ടിൽ വിളയിക്കൂ വിഷത്തിന് വിടചൊല്ലൂ' എന്ന ലക്ഷ്യത്തോടെ മുന്നേറുന്ന കൂട്ടായ്മ ആണ്. 'കൃഷി ഭൂമിയിൽ ഒരു അടുക്കളത്തോട്ടം' നിലവിൽ അൻപത്തി ഒരായിരത്തി തൊള്ളായിരത്തി എഴുപത്തിനാല് അംഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നു (51974, 6/1/2020). ആരോഗ്യത്തോടെയുള്ള ജീവന്റെ നിലനിൽപ്പിന് പ്രാധാന്യം കൽപിച്ചുകൊണ്ടാണ് കാർഷിക രീതികളെ പ്രോത്സാഹിപ്പിക്കുന്നത്. ഇത്തരത്തിൽ ഇന്ന് ഏതൊരാൾക്കും മികച്ച കർഷകനോ കർഷകയോ ആയി തീരുന്നതിനുള്ള സാധ്യതകൾ ഈ കൂട്ടായ്മകൾ മുന്നോട്ടു വയ്ക്കുന്നു. ദൈനംദിന ആവശ്യങ്ങൾ മുതൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നവർ ആണ് ഇവർ ഓരോരുത്തരും. പുത്തൻ ജീവിത ചുറ്റുപാടുകളിൽ നിന്ന് കൃഷിയിലേക്ക് ഇറങ്ങി വരുന്ന ഒരു കർഷകൻ/കർഷക നേരിടുന്ന പ്രധാന വെല്ലുവിളി ഭൂമിയുടെ വെല്ലുവിളി ഭൂമിയുടെ അപര്യാപ്തതയാണ്. ഇത്തരത്തിലുള്ള വെല്ലുവിളികളെ അതിജീവിച്ചു എങ്ങനെ കൃഷി ചെയ്യാം എന്നതിന്റെ

മികച്ച ഉദാഹരണമാണ് ടെറസിലെ കാർഷിക രീതികൾ. ഹ്രസ്വകാല വിളകൾ മുതൽ ദീർഘകാല വിളകൾ വരെ ഇത്തരത്തിൽ കൃഷി ചെയ്യുന്നു. എന്നിരുന്നാൽ തന്നെയും ഹ്രസ്വകാല വിളകൾക്ക് മുൻതൂക്കം നൽകുന്ന രീതിയാണ് ഈ കൂട്ടായ്മകളിൽ പൊതുവെ കണ്ടുവരുന്നത്. വിത്തിടൽ മുതൽ വിളവെടുപ്പ് രീതികൾ വരെ വിശദമായി ഓരോരുത്തരും തങ്ങളാൽ കഴിയുന്നവിധം പങ്കുവെക്കുന്നു.

ആദായത്തിനും വിപണനത്തിനും പുറമെ കൃഷിയെ സർഗ്ഗാത്മകമായി സമീപിക്കുന്നവർ ആണ് ഏറെയും. കാർഷിക നേരങ്ങളേയും നേട്ടങ്ങളേയും അനുഭവകുറിപ്പുകൾ ആയിട്ടും വിവരണങ്ങൾ ആയിട്ടും ഇവിടെ പങ്കുവയ്ക്കുന്നു "ഇന്നത്തെ എന്റെ വിളവെടുപ്പ്", "എന്റെ തക്കാളി കാഴ്ചകൾ", "ഏറെ നാളെത്തെ പ്രയത്നം" എന്നിങ്ങനെ ചെറു അടിക്കുറിപ്പുകളോടുകൂടി ചിത്രങ്ങൾ പങ്കുവയ്ക്കുന്നു. നാട്ടിൽ നിന്നും പ്രവാസ ലോകത്തേയ്ക്ക് എത്തുന്ന ശർക്കരമാങ്ങയും വരിക്കച്ചക്കയും ഏത്തക്കുലകളും ഗൃഗാതുരത്വത്തെ ഉണർത്തുന്ന കുറിപ്പുകൾ ആയി മാറുന്നു.

മധുരിക്കും ഓർമ്മകൾ എന്ന ശീർഷകത്തോടെ ഒരു കർഷകൻ അടുക്കളത്തോട്ടം എന്ന കൂട്ടായ്മയിൽ പങ്കുവെച്ച വിവരണം ഇപ്രകാരമാണ്. "വീടിന്റെ ചുറ്റുവട്ടങ്ങളിൽ ഒതുങ്ങി കഴിഞ്ഞിരുന്ന എനിക്ക് ഈ കൂട്ടായ്മയിലൂടെ മികച്ച കർഷകൻ ആയി തീരുവാനും ഒപ്പം കാർഷിക പ്രേമികൾ ആയധാരാളം സുഹൃത്തുക്കളേയും സമ്പാദിക്കുവാൻ സാധിച്ചു" എന്ന രീതിയിൽ ആണ്. വളരെ കൗതുകകരമായി തോന്നിയ മറ്റൊരു വാർത്ത "എന്റെ മകൾ/മകൻ കഴിഞ്ഞ ദിവസം ക്ലാസ്സിൽ വരാതിരുന്നത് കപ്പവാട്ട് (മരച്ചീനി) ആയിരുന്നതിൽ ആണ് എന്ന ലീവ്ലെറ്റർ എഴുതാൻ എന്നത്തെ മാതാപിതാക്കൾക്കോ അത് സ്വീകരിക്കാൻ അന്നത്തെ അദ്ധ്യാപകർക്കോ താൽപര്യക്കുറവ് ഉണ്ടായിരുന്നില്ല' . ഇടുക്കിയിലെ പ്രാദേശിക സംസ്കാരത്തിന്റെ ഭാഗമാണ് കപ്പകൃഷിയും അതിനോടനപബന്ധിച്ചുള്ള കാർഷിക വൃത്തികളും. ഇത്തരത്തിലുള്ള പ്രാദേശിക ആഘോഷങ്ങളും ആചാരങ്ങളും ഇന്ന് ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്നു. അതിലുപരി സമൂഹംഒന്നായി നിന്ന് അവഏറ്റെടുക്കുന്നു എന്നുള്ളത് സൈബർ ഇടങ്ങൾ തുറന്നിടുന്ന അനന്ത സാധ്യകളിൽ ഒന്ന് ആണ്.

വിത്ത് ബാങ്കുകൾ എന്ന പുത്തൻ പരിഷ്ക്കാരം; നല്ലയിനം വിത്തുകളെ പരസ്പരം കൈമാറിയും ശേഖരിച്ചും അവ തപാലിലൂടെ കൈമാറുകയും ചെയ്യുന്ന രീതിയാണ് വിത്ത് ബാങ്കുകൾ. സൗജന്യമായും വിപണി അടിസ്ഥാനത്തിലും വിത്ത് ബാങ്കുകൾ പ്രവർത്തിക്കുന്നു. ജൈവപച്ചക്കറികൾതേടി ഇവിടെഎത്തുന്നവർ കുറവല്ല. ആഗോള

ഗ്രാമം ഡിജിറ്റൽ ചന്തയായി മാറുന്നകാഴ്ചയാണിവിടെ. സമകാലീന സാമൂഹ്യ കാലാവസ്ഥകൾ കൃഷിരീതികളിൽ പ്രകടമാകുന്നു എന്നത് മറ്റൊരു വസ്തുത. പ്ലാസ്റ്റിക് പൂർണമായും ഉപേക്ഷിച്ചും കൊണ്ടുള്ള കൃഷിരീതിക്ക് പ്രോത്സാഹനമായി പ്ലാസ്റ്റിക് ഗ്രോബാഗുകളെ ഉപേക്ഷിച്ചുകൊണ്ട് ഇന്ന് ഓലമെടഞ്ഞു ഗ്രോബാഗുകൾ നിർമ്മിക്കുന്നു. അതിൽ മണ്ണുനിറച്ചു ജൈവവളങ്ങൾ നൽകികൊണ്ടുള്ള കൃഷിരീതിക്ക് മുൻതൂക്കം നൽകുകയും ചെയ്യുന്നു. ഒപ്പം തന്നെ മണ്ണില്ലാതെ കൃഷി ചെയ്യുന്നതിനായി പേപ്പറുകളും ചകിരിച്ചോറും മിശ്രിതമാക്കി കൃഷി ചെയ്യുന്ന രീതിക്കും തിരുവനന്തപുരത്ത് തുടക്കമായി.

തികച്ചും സൗജന്യമായി ഏതൊരാൾക്കും ഈ കൂട്ടായ്മകളുടെ ഭാഗമാകാൻ കഴിയുന്നു എന്നതാണ് കൂട്ടായ്മകളുടെ പൊതു സവിശേഷത. മികച്ച കർഷകനുള്ള അംഗീകാരങ്ങൾ, കർഷകർക്ക് വേണ്ടിയുള്ള സെമിനാറുകൾ, അംഗങ്ങളുടെ ഒത്തുചേരൽ എന്നിങ്ങനെയുള്ള പരിപാടികളും ആസൂത്രണം ചെയ്ത് നടത്തി വരുന്നു. കാലംമാറിയതോടെ കൃഷിയും കാർഷിക വൃത്തികളും നമുക്കന്യമായി എന്ന് പറയുന്നതിനേക്കാൾ കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ പരീക്ഷിച്ചുകൊണ്ട് കാർഷിക സംസ്കൃതി അനുനിമിഷം മാറ്റങ്ങൾക്ക് വിധേയമായികൊണ്ടിരിക്കുന്നു എന്ന് ഈ പഠനത്തിലൂടെ വ്യക്തമാക്കാൻ ശ്രമിക്കുന്നു. വർത്തമാനകാല ജീവിതപരിസരങ്ങളോട് ഇണങ്ങികാലം മാറിയതനുസരിച്ച് കോലംമാറികൊണ്ട് ഒരു ന്യൂജെൻ കാർഷിക സംസ്ക്കാരത്തെ നാം പുതുക്കിക്കൊണ്ടിരിക്കുന്നു എന്ന് നിസംശയം പറയാം.

## ഗ്രന്ഥസൂചി

ജോസ് കെ. മാനുവർ, സൈബർ ആധുനികത @മലയാളം, ടേൺ ബുക്സ് കോട്ടയം

# കാർഷിക സംസ്കൃതിയും ചെറുകഥാഖ്യാനവും

സൂര്യ ശ്രീധരൻ

കാലഘട്ടത്തിനനുസരിച്ച് സമൂഹത്തിലുണ്ടാകുന്ന മാറ്റം സാഹിത്യത്തിലും പ്രതിഫലിക്കും., സമൂഹം മാറുന്നതിനനുസരിച്ച് സാഹിത്യവും മാറുന്നു. ആയിരത്തിതൊള്ളായിരത്തി മുപ്പതുമുതൽ ആയിരത്തി തൊള്ളായിരത്തി അമ്പതുവരെയുള്ള കാലഘട്ടം മലയാള ചെറുകഥയുടെ സുവർണ്ണദശയായിരുന്നു. ജീവിത യാഥാർത്ഥ്യങ്ങൾ പ്രതിഫലിക്കുന്ന കഥകൾ രംഗപ്രവേശനംചെയ്തത് ഇക്കാലത്താണ്. കേരളത്തിലെ സാമൂഹികാന്തരീക്ഷത്തിലുണ്ടായ പരിവർത്തനങ്ങൾ ചെറുകഥയിലും പ്രതിഫലിക്കാൻ തുടങ്ങി. സമൂഹത്തിലെ മറ്റു പ്രശ്ന ങ്ങളോടൊപ്പം കാർഷികമേഖലയിലെ പ്രശ്നങ്ങളും നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ പ്രമേയവൽക്കരിച്ചു. നവോത്ഥാനകാലത്തിനു ശേഷവും കാർഷിക സംസ്കാരത്തിന്റെ പ്രതിഫലനം മലയാള ചെറു കഥയിൽ കാണാൻ സാധിക്കും. ഉത്തരാധുനിക കാലത്തും കൃഷി യേയും കാർഷിക സംസ്കാരത്തെയും എഴുത്തുകാർ വിസ്മ രിച്ചിട്ടില്ലെന്ന് മനസ്സിലാക്കാം.

ഓരോ കാലഘട്ടത്തിലും കൃഷിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച പ്രമേയങ്ങളിൽ കാർഷിക സമ്പദ്ഘടനയിലുണ്ടായ പരിവർത്തനം പ്രതിഫലിക്കുന്നുണ്ട്. കൃഷി, സംസ്കാരംഎന്നതല്ലാതിയിത്തീരുകയും കച്ചവടമായി മാറുകയും ചെയ്തപ്പോൾ കൃഷിയുടെ വാണിജ്യ വൽക്കരണം മനുഷ്യനെയും കൃഷിയെയും എപ്രകാരം വിനാശ കരമായി ബാധിച്ചുവെന്ന് കഥകൾ അടയാളപ്പെടുത്തിയിട്ടുണ്ട്. കാർ ഷികസംസ്കൃതിയും ചെറുകഥാഖ്യാനവും തിരഞ്ഞെടുത്ത മലയാള രചനകളെ മുൻനിർത്തിയുള്ള വിശകലനം എന്ന പ്രബന്ധത്തിൽ തകഴിയുടെ കൃഷിക്കാരൻ, പൊൻകുന്ന വർക്കിയുടെ ആ വാഴവെട്ട്, എൻ.പി. ചെല്ലപ്പൻ നായരുടെ ചങ്കരൻപ്ലാവ്, സി.വി. ശ്രീരാമന്റെ

പൊന്തൻമാട, എം. സുകുമാരന്റെ ചരിത്രഗാഥ, എസ്.വി. വേണുഗോപൻ നായരുടെ റബ്ബർ, എൻ. പ്രഭാകരന്റെ സ്ഥാവരം, വി.ആർ. സുധീഷിന്റെ ഫുക്കുവോക്ക കണ്ട കേരളം, എബ്രഹാം മാത്യുവിന്റെ, കൃഷിക്കാരൻ, വിനോയ് തോമസിന്റെ മിക്കാനിയ മൈക്രാന്ത എന്നീ പത്ത് കഥകളെ വിശകലനം ചെയ്യുന്നു. കാർഷിക സംസ്കൃതിയിൽനിന്നു വ്യവസായ സംസ്കൃതിയിലേക്ക് വന്നപ്പോൾ ഉണ്ടായ മാറ്റങ്ങളും വ്യവസായ സംസ്കൃതിയുടെയും നാഗരിക സംസ്കൃതിയുടെയും തിക്തഫലങ്ങളും കുടുംബജീവിതത്തെയും ജീവിതരീതിയെയും ബാധിച്ചത് എങ്ങനെയാണെന്ന് തിരഞ്ഞെടുത്ത കഥകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക എന്നതാണ് പ്രബന്ധത്തിന്റെ അടിസ്ഥാന ലക്ഷ്യം. കാർഷിക സംസ്കൃതി യിലുണ്ടായ പരിവർത്തനം മലയാള ചെറുകഥ എങ്ങനെ രേഖപ്പെടു ത്തിയെന്ന് കണ്ടെത്തി അപഗ്രഥിക്കുന്നതും ഈ പഠനത്തിന്റെ ഭാഗമാണ്.

കാർഷിക സമ്പദ്ഘടനയിൽ ഉണ്ടായ പരിവർത്തനം കുട്ടനാടൻ കർഷകന്റെ ജീവിതത്തെ പ്രതികൂലമായി ബാധിച്ചത് എപ്രകാ രമാണെന്ന് വ്യക്തമാക്കുന്ന തകഴിയുടെ കഥയാണ് 'കൃഷിക്കാരൻ'. യന്ത്രം ഉപയോഗിച്ചുള്ള കൃഷിയിലേക്കുള്ള പരിണാമം ഈ കഥയിൽ തുടങ്ങുന്നു. മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ കെട്ടുറപ്പ് വ്യക്തമാക്കി തരുന്നതിനൊപ്പം ഈ ബന്ധത്തിൽ സംഭവിച്ച സാമ്പത്തികവും സാമൂഹികവുമായ മാറ്റങ്ങൾ കഥ ചൂണ്ടിക്കാ ണിക്കുന്നു. കൃഷിയോട് വൈകാരികമായി ബന്ധമില്ലാത്ത ലാഭാധി ഷ്ഠിതമായ കച്ചവടത്തിന് പ്രാധാന്യം നൽകുന്ന മുതലാളിത്തത്തിന്റെ കടന്നുവരവ് കഥയിൽ പ്രകടമാണ്. ഫ്യൂഡലിസത്തിൽ നിന്ന് മുത ലാളിത്ത വ്യവസ്ഥിതിയിലേക്ക് എത്തുമ്പോൾ കൃഷിയുടെ സ്ഥാനം വാണിജ്യവ്യവസായ സംരംഭങ്ങൾ ഏറ്റെടുക്കുന്നു. ഈ മാറ്റം കഥയിൽ കാണാൻ സാധിക്കും. 'കൃഷിക്കാരൻ' എന്ന കഥയിൽ ആദ്യഭാഗത്ത് കൃഷിയെ നയിച്ചിരുന്നത് യഥാർത്ഥ കൃഷിക്കാരനായിരുന്നു. എന്നാൽ വാണിജ്യവ്യവസായ സംരംഭകർ കൃഷിക്കാരന്റെ സ്ഥാനം ഇല്ലാ താക്കുന്ന കാഴ്ചകാണാം. ഫ്യൂഡലിസത്തിൽ നിന്ന് മുത ലാളിത്തത്തിലേക്ക് എത്തുന്നതോടെയാണ് ഈ മാറ്റം സംഭവിക്കു ന്നതെന്ന് മനസ്സിലാക്കാം. പ്രസ്തുത കഥ ഒരേസമയം ജന്മിത്വത്തിൽ നിന്ന് മുതലാളിത്തത്തിലേക്കുള്ള മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്. ഭക്ഷ്യധാന്യങ്ങൾ വില്പനയ്ക്കുള്ള ഒരു മുതലാളിത്ത ഉൽപന്നമായി മാറുന്ന കാഴ്ച 'കൃഷിക്കാരൻ' എന്ന കഥയിൽ തുടങ്ങുന്നു.

അധ്വാനിക്കാതെ പണംനേടുന്ന വ്യവസ്ഥിതി യോടുള്ള ശക്തമായ എതിർപ്പ് കഥാകൃത്ത് വ്യക്തമാക്കുന്നു.

തകഴിയുടെ 'കൃഷിക്കാരൻ' എന്ന കഥയിൽ നിന്ന് പൊൻകുന്നം വർക്കിയുടെ 'ആ വാഴവെട്ട്' എന്ന കഥയിലേക്ക് എത്തുമ്പോൾ കൃഷിയെ നിയന്ത്രിക്കുന്നതും നയിക്കുന്നതും സാങ്കേതിക വിദഗ്ദ്ധരും ഗവൺമെന്റുമാണെന്ന് മനസ്സിലാക്കാം. കർഷകന് അനുകൂലമല്ലാത്ത നിയമവ്യവസ്ഥയെ പ്രസ്തുത കഥയിൽ കഥാകൃത്ത് ചോദ്യം ചെയ്യുന്നു. മനുഷ്യത്വമില്ലാത്ത നീതിനിർവ്വഹണം കർഷകരെ ദുരിതത്തിലേക്ക് നയിക്കുന്നു. കൃഷി വാണിജ്യവൽക്കരിക്കപ്പെട്ടപ്പോൾ കർഷകന്റെ ആർജ്ജിതജ്ഞാനത്തിനും അനുഭവജ്ഞാനത്തിനും പ്രാധാന്യമില്ലാ തായി. 'ആ വാഴവെട്ട്' എന്ന കഥ മാറിവരുന്ന കാർഷിക സംസ്കാരത്തെ അടയാളപ്പെടുത്തുന്നു. കൃഷി സാങ്കേതികവിദ്യയും വാണിജ്യവുമായി മാറിയ കാലത്തെ കഥ ആഖ്യാനം ചെയ്യുന്നു.

നാഗരികമൂല്യങ്ങളുടെ കടന്നുകയറ്റം കാർഷിക സംസ്കാരത്തെ എപ്രകാരം ഗുരുതരമായി ബാധിക്കുമെന്ന് ചൂണ്ടിക്കാണിക്കുന്ന എൻ.പി. ചെല്ലപ്പൻനായരുടെ കഥയാണ് 'ചങ്കരൻപ്ലാവ്'. പഴയതലമുറയോട് പുതിയതലമുറ കാണിക്കുന്ന അവഗണന, പാശ്ചാത്യപരിഷ്കൃതി യോടുള്ള അധിനിവേശം, പാരമ്പര്യത്തിന്റെ നിഷേധം, ബന്ധങ്ങളുടെ ശൈഥില്യം എന്നിവയെല്ലാം ഈ കഥയിൽ ഉൾക്കൊള്ളുന്നു. കൃഷിക്കും കാർഷികസംസ്കാരത്തിനും പ്രാധാന്യം കൊടുക്കാത്ത ഒരു തലമുറയുടെ രംഗപ്രവേശനം 'ചങ്കരൻപ്ലാവിൽ' കാണാം. നാഗരിക മൂല്യങ്ങളുടെ തിക്തഫലങ്ങൾ കുടുംബ ജീവി തത്തെയും ജീവിതരീതിയെയും തകർത്തു കളയുന്നതായി കഥയിൽ കാണാം.

കാർഷികമേഖലയുടെ തകർച്ചയെ ചിത്രീകരിക്കുന്ന സി.വി. ശ്രീരാമന്റെ കഥയാണ് 'പൊന്തൻമാട'. ഭൂപരിഷ്കരണനിയമത്തിന്റെ ഫലമായി നാട്ടിൽരൂപംകൊണ്ട കാർഷികപ്രതിസന്ധി സാധാരണ ക്കാരായ കർഷകരെ എങ്ങനെ ബാധിച്ചുവെന്ന് ഈ കഥ വ്യക്ത മാക്കുന്നു. ഫ്യൂഡലിസത്തിന്റെ തകർച്ച, ഭൂപരിഷ്കരണനിയമം നടപ്പിലാക്കിയതിന്റെ ക്രമക്കേട്, കൃഷിയുടെ നാശം എന്നിവയെ കേന്ദ്രീകരിച്ചുകൊണ്ട് പൊന്തൻമാട എന്ന കർഷകന്റെ മാനസിക സംഘർഷങ്ങൾ കഥ അനാവരണം ചെയ്യുന്നു. രണ്ടുകാലങ്ങളിൽ കൃഷിക്കു സംഭവിച്ച പരിണാമങ്ങൾ വിലയിരുത്തുന്ന പ്രസ്തുത കഥയിൽ കാർഷികമേഖലയുടെ അധഃപതനചിത്രം കാണാൻ സാധിക്കും. ജനാധിപത്യവ്യവസ്ഥയിലെ അധികാരഘടന

പാർശ്വവത്കരിക്കപ്പെട്ട കർഷകരുടെ ഉന്നമനത്തെ ലക്ഷ്യംവച്ചു കൊണ്ടല്ല പ്രവർത്തിച്ചത്. പ്രസ്തുത അധികാരഘടന കർഷകനെ സംരക്ഷിക്കുന്നതിനു പകരം തകർത്തുകളയുകയാണ് ചെയ്തതെന്ന് 'പൊന്തൻമാട'യിലൂടെ കഥാകൃത്ത് സാക്ഷ്യപ്പെടുത്തുന്നു. നിയമവ്യവസ്ഥ കർഷകനെ പ്രതികൂലമായി ബാധിക്കുന്ന കാഴ്ച 'ആ വാഴവെട്ട്' എന്ന കഥയിലേതുപോലെ 'പൊന്തൻമാടയിലും' കാണാം. സർക്കാർ കൃഷിക്കാരോട് കാണിക്കുന്ന അവഗണനയാണ് 'ആ വാഴവെട്ടിലും' 'പൊന്തൻമാടയിലും' കാണാൻ സാധിക്കുന്നത്.

അ പരിഷ്കൃതലോകത്തിൽ നിന്നും പരിഷ്കൃതലോകത്തിലേക്കുള്ള മനുഷ്യന്റെ പരിണാമത്തെയും കൃഷിയുടെ പരിണാമത്തെയും അടയാളപ്പെടുത്തുന്ന എം. സുകുമാരന്റെ കഥയാണ് 'ചരിത്രഗാഥ'. മുതലാളിത്തത്തിന്റെ അധീശത്വത്തിനും അസമത്വത്തിനും എതിരെയുള്ള തൊഴിലാളിവർഗ്ഗത്തിന്റെ ഉയർത്തെഴുന്നേല്പിന്റെ കഥപറയുന്ന ചരിത്ര ഗാഥയിൽ കാർഷിക സമ്പദ്‌വ്യവസ്ഥയ്ക്കുണ്ടായ പരിവർത്തനം മനസ്സിലാക്കാൻ സാധിക്കും. കാർഷിക സംസ്കൃതിയുടെ പരിണാമഘട്ടങ്ങളുടെ ചരിത്രഗാഥയായി കഥ നിലനിൽക്കുന്നു. ചരിത്രവസ്തുതകളെ കോർത്തിണക്കിയാണ് ചരിത്രഗാഥയുടെ നിർവ്വഹണം കഥാകൃത്ത് നടത്തുന്നത്.

എസ്.വി. വേണുഗോപൻനായരുടെ 'റബ്ബർ' എന്ന കഥയിൽ കാർഷികസംസ്കാരത്തിനു സംഭവിച്ച പരിവർത്തനം ആക്ഷേപ ഹാസ്യമെന്ന രചനാസങ്കേതം ഉപയോഗിച്ച് കഥാകൃത്ത് അവതരിപ്പിക്കുന്നു. റബ്ബർകൃഷി ജനകീയമായി മാറിയതോടെ കാർഷിക സംസ്കാരം അന്യമായിപ്പോകുന്നു. നെൽകൃഷിയാലും വിശാലമായ നെൽപ്പാടങ്ങളാലും സമൃദ്ധമായിരുന്ന കാർഷികകേരളം റബ്ബർ എസ്റ്റേറ്റുകളായി മാറിയ ചിത്രം കഥ പ്രദാനംചെയ്യുന്നു. ചുരുക്കത്തിൽ കേരളീയ ജീവിതത്തിൽ മാറ്റങ്ങളുണ്ടാക്കാൻ റബ്ബർ വ്യവസായത്തിന് സാധിച്ചുവെന്ന് കഥ സാക്ഷ്യപ്പെടുത്തുന്നു.

കാർഷികപ്രതിസന്ധിയിൽ അകപ്പെട്ട് നിലംപരിശായിപ്പോകുന്ന കുറുംതോട്ടിൽ അപ്പമാഷിന്റെ കഥപറയുന്ന എൻ. പ്രഭാകരന്റെ കഥയാണ് 'സ്ഥാവരം'. മദ്യപാനത്തെക്കാളും കഞ്ചാവുവലിയെക്കാളും വലിയൊരു ദുശ്ശീലമാണ് നെൽകൃഷിയെന്ന് കഥയിൽ പറയുന്നുണ്ട്. നെൽകൃഷി ചെയ്തിരുന്നവരെല്ലാം റബ്ബർകൃഷിയിലേക്ക് മാറുന്ന കാഴ്ച ഈ കഥയിൽ കാണാം. കേരളീയരെ സംബന്ധിച്ചിടത്തോളം കൃഷിയെന്നാൽ നെൽകൃഷിയായിരുന്നു. കാലഘട്ടം മാറുന്നതിനനുസരിച്ച് കാർഷിക സംസ്കാരവും പരിവർത്തനവിധേയമാകുമെന്ന് ഇതിലൂടെ മനസ്സിലാക്കാം. സമൂഹം ഒന്നടങ്കം റബ്ബർകൃഷിയുടെ

പുറകെ പോയപ്പോൾ മാറുന്ന കാലത്തിനനുസരിച്ച് കൃഷിയിൽ മാറ്റം വരുത്താൻ തയ്യാറാകാത്ത കഠിനാധ്വാനിയായ കർഷകന്റെ നിലപാടുകൾ കഥയിൽ കാണാം. പരമ്പരാഗത കർഷകൻ നേരിടുന്ന വെല്ലുവിളികളെ 'സ്ഥാവരം' സൂക്ഷ്മമായി അടയാളപ്പെടുത്തുന്നു.

ധാന്യവിളയിൽ നിന്നും നാണ്യവിളയിലേക്കുള്ള മാറ്റം ഈ കഥയിൽ പ്രതിഫലിക്കുന്നു. നെൽകൃഷി വ്യവസായ വൽക്കരിക്കപ്പെടുന്നതിന്റെ ആരംഭം തകഴിയുടെ കൃഷിക്കാരനിൽ കാണാം. എന്നാൽ എൻ. പ്രഭാകരന്റെ 'സ്ഥാവരം' എന്ന കഥയിലേക്കു വരുമ്പോൾ നാണ്യവിള കൃഷിചെയ്യുന്നവരുടെയിടയിൽ നെൽകൃഷി ജീവിതചര്യയാക്കിയ കൃഷിക്കാരന് ആത്മഹത്യയെ നിവൃത്തിയുള്ളൂ വെന്ന് കഥ തെളിയിക്കുന്നു. 'കൃഷിക്കാരൻ' എന്ന കഥ ഭക്ഷ്യധാന്യവിളയെക്കുറിച്ചാണ് പരാമർശിക്കുന്നത്. എന്നാൽ 'പൊന്തൻമാട'യിലേക്ക് വരുമ്പോൾ നെല്ലിയാമ്പതി മലയിലെ തോട്ടപ്പണിയെക്കുറിച്ച് പരാമർശമുണ്ട്. എൻ. പ്രഭാകരന്റെ 'സ്ഥാവരം' എന്ന കഥയിൽ എത്തുമ്പോൾ ധാന്യവിളയെ ഉപേക്ഷിച്ച് നാണ്യവിളയിലേക്കുള്ള ജനങ്ങളുടെ പരിവർത്തനം കാണാൻ സാധിക്കും. എസ്.വി. വേണുഗോപൻ നായരുടെ കഥയിലേക്കു വരുമ്പോൾ നെൽകൃഷി അപ്രത്യക്ഷമായ കാലത്തെ അടയാള പ്പെടുത്തുന്നു. കാർഷിക സംസ്കാരത്തിനുമേലുള്ള റബ്ബർ വ്യവസാ യത്തിന്റെ കടന്നുകയറ്റം മനുഷ്യന്റെ ജനിതകഘടനയെവരെ സ്വാധീനിച്ചുവെന്ന് തെളിയിക്കുന്ന കഥയാണ് 'റബ്ബർ'.

മലയാളത്തിലെ ഉത്തരാധുനിക ചെറുകഥാകൃത്തുക്കളിൽ ശ്രദ്ധേയനായ വി.ആർ. സുധീഷിന്റെ 'ഫുക്കുവോക്ക കണ്ട കേരളം' എന്ന കഥയിൽ ഫുക്കുവോക്കയുടെ കേരള സന്ദർശനമാണ് പ്രമേയം. '*ഒറ്റവൈക്കോൽവിപ്ലവം*' എന്ന പുസ്തകത്തിന്റെ കേരളീയ സാധ്യതകളും പുസ്തകം ജനങ്ങളിൽ സൃഷ്ടിച്ച പ്രതികരണങ്ങളും അറിയാൻ എത്തിയ ഫുക്കുവോക്കയ്ക്ക് കൃഷിയും സാഹിത്യ വാസനയും ഇല്ലാത്തവരെ മാത്രമാണ് കേരളത്തിൽ കാണാൻ സാധിച്ചത്. കേരളത്തിൽ നിന്നും കൃഷിയും കാർഷികസംസ്കാരവും പാടെ അപ്രത്യക്ഷമായെന്ന് ഈ കഥ സാക്ഷ്യപ്പെടുത്തുന്നു. കേരളത്തിലെ ഓരോ ജില്ലയിലുള്ള വർക്കും കൃഷിയോടുള്ള സമീപനം എങ്ങനെയാണെന്ന് ഫുക്കുവോക്ക തിരിച്ചറിയുന്നു. കൃഷി അശ്ലീലമായി മാറിയെന്ന സമൂഹത്തിന്റെ കാഴ്ചപ്പാടാണ് കേരളീയർ മറ്റു തൊഴിലുകളിലേക്ക് പോകുന്നതിന് കാരണമായത് എന്ന സൂചന കഥ നൽകുന്നു. ഒപ്പം കാർഷിക സംസ്കാരത്തിന് ഉണ്ടായ പരിവർ ത്തനം കഥ അടയാളപ്പെടുത്തുന്നു. കാർഷികവൃത്തിയിൽ

അധിഷ്ഠിതമായ കേരളീയസംസ്കാരമെല്ലാം മാറി ഉപഭോഗ സംസ്കാരത്തിൽ അധിഷ്ഠിതമായ കേരളീയ സംസ്കാരമാണ് നമ്മുടേതെന്ന് ഈ കഥ തെളിയിക്കുന്നു. 'ഫുക്കുവോക്ക കണ്ട കേരളം' എന്ന കഥ കേരളത്തിലെ കൃഷിയുടെ അധഃപതനചിത്രം മാത്രമല്ല പ്രദാനംചെയ്യുന്നത്. മറിച്ച് മലയാളികളുടെ വായനയുടെയും കേരളീയ സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ അധഃപതനത്തെയും കഥ അടയാളപ്പെടുത്തുന്നു.

സമകാല ചെറുകഥാകൃത്തുക്കളിൽ ശ്രദ്ധേയനായ എബ്രഹാം മാത്യുവിന്റെ 'കൃഷിക്കാരൻ' എന്ന കഥ കാർഷികസംസ്കൃതി അന്വേഷിച്ചു പോകുന്ന പുതിയ തലമുറയുടെ കഥയാണ്. കേരളീയ ഗ്രാമങ്ങൾ തരിശുനിലങ്ങളായി മാറിയ ചിത്രം കഥ അവതരിപ്പിക്കുന്നു. വയലുകളെല്ലാം പൊന്തക്കാടുകളായി മാറിയ പുതിയകാലത്തെ കഥ ആഖ്യാനം ചെയ്യുന്നു. നെൽപാടങ്ങൾ തേടിയുള്ള യാത്രയിലാണ് കൃഷിക്കാരനും ചില തിരിച്ചറിവുകൾ ഉണ്ടാകുന്നത്. തങ്ങളുടെ ഗ്രാമത്തിൽ നിന്നും കൃഷി പാടേ അവസാനിച്ചുവെന്ന് ആ കർഷകൻ തിരിച്ചറിയുന്നു. കൃഷി അപ്രത്യക്ഷമായ ഒരു ഗ്രാമത്തിന്റെ ചിത്രം എബ്രഹാം മാത്യുവിന്റെ 'കൃഷിക്കാരൻ' എന്ന കഥ പ്രദാനം ചെയ്യുന്നു.

മലയാളത്തിലെ യുവ എഴുത്തുകാരിലൊരാളായ വിനോയ് തോമസിന്റെ കാർഷികസംസ്കാരം പ്രതിഫലിക്കുന്ന കഥയാണ് 'മിക്കാനിയ മൈക്രാന്ത'. മൂന്നു തലമുറയുടെ കഥപറയുന്ന ഈ കഥയിൽ എഴുത്തുകാരൻ കഥാപാത്രങ്ങളോളം പ്രാധാന്യം കൃഷിക്കും നൽകുന്നുണ്ട്. തിരുവിതാംകൂറിൽ നിന്ന് മലബാറിലേക്ക് കുടിയേറിവന്ന രണ്ടുതലമുറയിലൂടെ കാർഷികസംസ്കാരത്തെ കഥ അടയാള പ്പെടുത്തുന്നു. എന്നാൽ പുതുതലമുറയുടെ പ്രതീകമായ ജോഷിച്ചനിലൂടെ കാർഷികസംസ്കാരത്തിനു സംഭവിച്ച മാറ്റങ്ങളും അനാവരണം ചെയ്യുന്നു. കൃഷി ഒരു അധമവൃത്തിയാണെന്ന തെറ്റായ ചിന്തയാണ് പുതുതലമുറയെ വിദേശത്തേക്ക് നയിക്കുന്നത്. കാർഷികസംസ്കാരം പ്രതിഫലിക്കുന്ന 'മിക്കാനിയ മൈക്രാന്ത'യിൽ പ്രസ്തുത കഥയുടെ പ്രമേയത്തിനുംഅന്തരീക്ഷത്തിനുമനുസരിച്ചുള്ള കൃഷിയുടെ ആഖ്യാനഭാഷയാണ് കഥയിൽ ഉപയോഗിച്ചിരിക്കുന്നത്. കരിങ്കൽ ക്വാറികളുടെ വരവ് ഗ്രാമത്തിന്റെ പച്ചപ്പും സംസ്കൃതിയും നഷ്ടമാകാൻ പോകുന്നവെന്ന മുന്നറിയിപ്പ് എഴുത്തുകാരൻ നൽകുന്നു.

വി.ആർ. സുധീഷിന്റെ 'ഫുക്കുവോക്ക കണ്ട കേരളം', എബ്രഹാം മാത്യുവിന്റെ 'കൃഷിക്കാരൻ', വിനോയ് തോമസിന്റെ 'മിക്കാനിയ

മൈക്രാന്ത്' എന്നീ സമകാലിക കഥകളിലേക്ക് വരുമ്പോൾ കാർഷിക സംസ്കാരത്തിനു സംഭവിച്ച അധഃപതനം മനുഷ്യജീവിതത്തെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാകും. കൃഷിയും കാർഷിക സംസ്കാരവും തീർത്തും അപ്രത്യക്ഷമായ കേരളത്തിന്റെ സമകാലചിത്രം ഈ കഥകൾ ചൂണ്ടിക്കാണിക്കുന്നു. കൃഷി അശ്ലീലമായ തൊഴിലായിക്കാണുന്ന സമൂഹത്തെയാണ് 'ഫുക്കുവോക്ക കണ്ട കേരളം', 'മിക്കാനിയ മൈക്രാന്ത' എന്നീ കഥകളിൽ കാണാൻ സാധിക്കുന്നത്. ധാന്യവിളയിൽ നിന്ന് നാണ്യവിളയിലേക്കുള്ള പരിവർത്തനവും ഇല്ലാതായ പുതിയകാലത്ത് ഇറച്ചിക്കോഴി ഫാമിലേക്കുള്ള മലയാളിയുടെ മാറ്റം അടയാളപ്പെടുത്തുന്ന 'മിക്കാനിയ മൈക്രാന്ത' ഉപഭോഗ സംസ്കാരത്തെ കുറിക്കുന്നു. ഇറച്ചിക്കോഴി വളർത്തൽ ഇന്നു വളർന്നു കൊണ്ടിരിക്കുന്ന ഒരു കാർഷികരംഗമാണ്.

കൃഷിയെ കച്ചവടമായി കാണാത്ത കർഷകന്റെ അവസ്ഥ ദുരിതപൂർണ്ണമായിരിക്കുമെന്ന് 'കൃഷിക്കാരൻ', 'ആ വാഴവെട്ട്', 'പൊന്തൻമാട', 'റബ്ബർ', 'സ്ഥാവരം', 'മിക്കാനിയ മൈക്രാന്ത' എന്നീ കഥകൾ സാക്ഷ്യപ്പെടുത്തുന്നു. കാലത്തിനനുസരിച്ച് മാറിവരുന്ന കാർഷിക സമ്പ്രദായത്തോട് പൊരുത്തപ്പെടാനാകാത്ത കഥാപാത്ര ങ്ങളാണ് 'കൃഷിക്കാരനി'ലെ കേശവൻനായർ, 'ആ വാഴവെട്ടിലെ' മാർക്കോസ് ചേട്ടൻ, 'റബ്ബറി'ലെ പപ്പൻ, 'കൃഷിക്കാരനി'ലെ കൃഷിക്കാരൻ, 'മിക്കാനിയ മൈക്രാന്ത'യിലെ പേപ്പച്ചൻ എന്നിവർ.

കാർഷികവൃത്തിയോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട് ഈ കഥകളിലെല്ലാം പ്രതിഫലിക്കുന്നു. കൃഷിയെ കച്ചവടമായി കാണുന്ന വ്യവസ്ഥിതിയുടെ രംഗപ്രവേശം 'കൃഷിക്കാര'നിൽ ആരംഭിക്കുന്നു. നാഗരികതയുടെയും ആധുനിക വിദ്യാഭ്യാസത്തിന്റെയും കടന്നുവരവ് കൃഷിയെ മോശംതൊഴിലായി കാണുന്ന ചിത്രം 'ചങ്കരൻപ്ലാവ്', 'സ്ഥാവരം', 'ഫുക്കുവോക്ക കണ്ട കേരളം','മിക്കാനിയ മൈക്രാന്ത' എന്നീ കഥകളിൽ കാണാൻ സാധിക്കും. ധാന്യത്തിൽ നിന്ന് നാണ്യവിള കൃഷിയിലേക്ക് മാറിയില്ലെങ്കിൽ കർഷകന് സംഭവിക്കുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കുന്ന കഥകളാണ് 'സ്ഥാവരം', 'റബ്ബർ', 'പൊന്തൻമാട' എന്നിവ. കൃഷിയെ മോശം തൊഴിലായി കാണുന്ന സമൂഹം കാർഷികവൃത്തിയിൽ നിന്നും പുതിയ തൊഴിലിലേക്ക് സഞ്ചരിക്കുന്ന കാഴ്ച 'ഫുക്കുവോക്ക കണ്ട കേരളം', 'മിക്കാനിയ മൈക്രാന്ത' എന്നീ കഥകളിൽ കാണാം. പൊന്തൻമാടയിൽ നെൽകൃഷി ഉപേക്ഷിച്ച് മറ്റു തൊഴിലിലേക്കു ജനങ്ങൾ പോകുന്നത് നെൽകൃഷി ലാഭകരമല്ലാത്തതു കൊണ്ടാണ്. എന്നാൽ വിനോയ്

തോമസിന്റെ 'മിക്കാനിയ മൈക്രാന്ത' എന്ന കഥയിലേക്കു വരുമ്പോൾ കൃഷിപ്പണി മാന്യതയില്ലാത്ത തൊഴിലാണെന്ന സമൂഹത്തിന്റെ കാഴ്ചപ്പാടാണ് പ്രവാസജീവിതം നയിക്കാൻ പുതിയ തലമുറയെ പ്രേരിപ്പിച്ചത് എന്നു മനസ്സിലാക്കാം. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടമാണ് ഈ കഥ.

വിപണനത്തിനും ഉപഭോഗ സംസ്കാരത്തിനും പ്രാധാന്യം നൽകുന്ന സമൂഹത്തിന്റെ പരിണാമം കുടുംബഘടനയിൽ നിരവധി മാറ്റങ്ങൾ കൊണ്ടുവന്നു. പരമ്പരാഗതകുടുംബബന്ധങ്ങളിൽ മാറ്റമുണ്ടാകുകയും അണുകുടുംബം, പ്രവാസികുടുംബം എന്നിങ്ങനെയുള്ള പുതിയ കുടുംബഘടനകൾ വർദ്ധിച്ചുവരുന്നതിന് കാരണമാകുകയും ചെയ്തു. ആഗോളവൽകരണത്തിന്റെ ഫലമായി പരിഷ്കൃത ജീവിതശൈലിയിൽ വന്ന പരിവർത്തനം ജീവിതത്തിലെ സമസ്ത മേഖലകളെയും മാറ്റിമറിച്ചു. ആഗോളവൽക്കരണവും ഉപഭോഗ സംസ്കാരവും സമൂഹത്തിൽ സൃഷ്ടിച്ച വ്യതിയാനങ്ങൾക്ക് ഇരയായത് കർഷകരും വൃദ്ധജനങ്ങളുമാണെന്ന് 'മിക്കാനിയ മൈക്രാന്ത' സാക്ഷ്യപ്പെടുത്തുന്നു. പ്രസ്തുത കഥയിലെ ആദ്യ തലമുറയുടെ കുടിയേറ്റം, കൃഷിക്കുവേണ്ടിയുള്ള കുടിയേറ്റമായി രുന്നെങ്കിൽ പുതിയ തലമുറയുടെ പ്രവാസം കൃഷിയിൽ നിന്നും അകന്നുകൊണ്ടുള്ളതാണ്.

വ്യവസായവൽക്കരണവും നഗരവൽക്കരണവും ആധുനികവൽക്കരണവും ഉപഭോഗസംസ്കാരവുമെല്ലാം കൃഷിയെയും കാർഷിക സംസ്കൃതിയെയും ഇല്ലാതാക്കുന്നതിന് കാരണമായി. കാർഷിക സംസ്കൃതിയിൽ നിന്ന് വ്യവസായസംസ്കൃതിയിലേക്കും നഗര സംസ്കൃതിയിലേക്കുമുള്ള പരിവർത്തനം കാർഷികമേഖലയെ പ്രതികൂലമായി ബാധിക്കുന്നതിനൊപ്പം വ്യവസായിക സംസ്കൃതിയുടെയും നാഗരികസംസ്കൃതിയുടെയും തിക്തഫലങ്ങൾ കുടുംബബന്ധങ്ങളെയും ജീവിതരീതിയെയും വിനാശകരമായി ബാധിക്കുന്നതിന് കാരണമാവുകയും ചെയ്തു.

കാർഷിക സംസ്കാരത്തിൽ വന്ന പരിവർത്തനങ്ങളെ ഓരോ കാലഘട്ടത്തിലും കഥകൾ അടയാളപ്പെടുത്തുന്നുണ്ട്. മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ സംഭവിച്ച സാമ്പത്തികവും സാമൂഹികവുമായ പരിവർത്തനങ്ങൾ ഈ കഥകളിൽ നിന്നും മനസ്സിലാക്കാം. കാർഷിക സംസ്കാരം പ്രതിഫലിക്കുന്ന കഥകളിൽ കൃഷിയുമായി ബന്ധപ്പെട്ട ഭാഷ രൂപപ്പെടുന്നുണ്ട്. സാമൂഹിക വിമർശനപരത കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട കഥകളുടെ

ആഖ്യാനത്തെ സ്വാധീനിക്കുന്നുണ്ടെന്ന് വ്യക്തമാണ്. കൃഷിയോടുള്ള മനുഷ്യന്റെ സമീപനമാണ് കൃഷിയെയും മനുഷ്യനെയും ഗുരുതരമായി ബാധിക്കുന്നതിന് കാരണമായതെന്ന് കഥകളിൽ നിന്നും മനസ്സിലാക്കാം. കാർഷികസംസ്കാരം പ്രതിഫലിക്കുന്ന കഥകളിൽ കാർഷികവൃത്തിയോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടും പ്രതിഫലിക്കുന്നു.

**ഗ്രന്ഥസൂചി**

1 കണ്ണൻ, കെ.പി. (എഡി.), *കേരളത്തിലെ കൃഷി,* കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, തിരുവനന്തപുരം, 1978.

2 ഗോപകുമാർ, സി.എസ്. (എഡി.), *കാലാവസ്ഥയും കൃഷിയും,* കറന്റ് ബുക്സ്, തൃശ്ശൂർ, 2011.

3 ഗോപമണി, ആർ, (ഡോ.), *ആഗോളവൽക്കരണവും കൃഷിയും,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2004.

4 ചന്ദ്രൻ നെല്ലേക്കാട്, *വയലറിവ്,* എച്ച് & സി. ബുക്സ്, തൃശ്ശൂർ, 2015.

5 ചെല്ലപ്പൻനായർ, എൻ.പി, *തെരഞ്ഞെടുത്ത കഥകൾ,* സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 1970.

6 പ്രഭാകരൻ, എൻ, *എൻ. പ്രഭാകരന്റ കഥകൾ,* ഹരിതം ബുക്സ്, കോഴിക്കോട്, 1987.

7 മധുസൂദനൻ, ജി. *കഥയും പരിസ്ഥിതിയും,* കറന്റ് ബുക്സ്, തൃശ്ശൂർ, 2000.

8 മധുസൂദനൻ, ജി, (എഡി.), *ഹരിതനിരൂപണം മലയാളത്തിൽ,* കറന്റ് ബുക്സ്, തൃശ്ശൂർ, 2002.

9 രാമചന്ദ്രൻപിള്ള, എസ്, *കാർഷിക പ്രതിസന്ധി,* ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2008.

10 വിനോയ്, തോമസ്, *രാമച്ചി,* ഡി.സി.ബുക്സ്, കോട്ടയം, 2017.

11 വേണുഗോപൻ നായർ, എസ്.വി, *51 തെരഞ്ഞെടുത്ത കഥകൾ,* സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2010.

12 സുകുമാരൻ, എം, *എം. സുകുമാരന്റെ കഥകൾ സമ്പൂർണ്ണം,* ഡി.സി. ബുക്സ്, കോട്ടയം, 2012.

# പാരിസ്ഥിതികാവബോധം പഴഞ്ചൊല്ലുകളിൽ

**വിശാൽ ജോൺസൺ**

പ്രപഞ്ച പരിണാമത്തിന്റെ ഒരു ഘട്ടത്തിൽ ജീവന്റെ ആദ്യകണം ഭൂമിയിൽ നാമ്പെടുത്തു. ദശലക്ഷക്കണക്കിന് വർഷങ്ങളുടെ സഞ്ചാരത്തിനൊടുവിൽ ഭൂമി ഇന്നു കാണുന്ന ജൈവവൈവിദ്ധ്യങ്ങളുടെ കലവറയായി മാറി. മനുഷ്യരും മൃഗങ്ങളും സസ്യങ്ങളുമെല്ലാം ഭൂമിയെ സുന്ദരമാക്കിത്തീർത്തു. വിശാലമായ ഈ ഭൂമിയുടെ ഓരോ മേഖലയും വിവിധങ്ങളായ സസ്യജന്തുജാലങ്ങളുടെ അഭയകേന്ദ്രമായി. ജീവജാലങ്ങളും അജീവിയ ഘടകങ്ങളും സമരസപ്പെട്ടു കഴിയുന്ന ഇത്തരം വാസസ്ഥലങ്ങളേയും ചുറ്റുപാടുകളേയും നമുക്ക് പരിസ്ഥിതി എന്നു വിശേഷിപ്പിക്കാം. മണ്ണ്, ജലം, വായു, അനുഭവിക്കുന്ന കാലാവസ്ഥ തുടങ്ങിയവ ഓരോ വിഭാഗത്തിലെയും പരിസ്ഥിതിയുടെ അവിഭാജ്യഘടകങ്ങളാണ്.

പരിസ്ഥിതിയെപ്പറ്റിയുള്ള അവബോധം മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപ്പിനുതന്നെ അനിവാര്യമാണ്. മനുഷ്യവർഗ്ഗത്തിനാവശ്യമായ വിഭവങ്ങളുടെ പങ്കുവെക്കലിൽ സാമൂഹ്യ,സാമ്പത്തിക,രാഷ്ട്രീയ ഘടകങ്ങളെപ്പോലെ പരിസ്ഥിതി വിജ്ഞാനത്തിനും ഗണ്യമായ പങ്കുണ്ട്. ഇത്തരത്തിൽ പാരിസ്ഥിതികാവബോധം ഏറെ നിഴലിക്കുന്ന ഒരു ഇടമാണ് പഴഞ്ചൊല്ലുകൾ.

പരമ്പരാഗതമായ ആശയ അഭിവ്യഞ്ജനത്തിന്റെ സമഗ്രവും സംക്ഷിപ്തവുമായ രൂപമാണ് പഴഞ്ചൊല്ലുകൾ. ഗ്രാമീണ ജനതയുടെ സാമൂഹികവും ബൗദ്ധികവുമായ ജ്ഞാനനിർമ്മാണത്തിൽ ഇവ പങ്കു വഹിച്ചിട്ടുണ്ട്. 'പഴമൊഴി' എന്നാണ് പഴഞ്ചൊല്ലിന് അർത്ഥം. ആഭാണകം, പൂച്ചൊൽ, മുതുച്ചൊൽ, മുതുമൊഴി, മൊഴിമ തുടങ്ങിയ പ്രയോഗങ്ങളും സമാനാർത്ഥകങ്ങളാണ്. ഒരു പഴഞ്ചൊല്ലിൽ അതാവിർഭവിച്ച സമൂഹത്തിലും കാലത്തിലുമുൾപ്പെടുന്ന ആർക്കും കേട്ടാൽ ഉടനടി

അർത്ഥബോധം ജനിപ്പിക്കത്തക്കവിധം നിത്യപരിചിതങ്ങളുമായ ലളിത പദങ്ങളാണുള്ളത്. 'പഴഞ്ചൊല്ലിൽ പതിരില്ല' എന്ന ചൊല്ല് പഴഞ്ചൊല്ലുകളുടെ ആധികാരികതയെയാണ് വെളിപ്പെടുത്തുന്നത്. സമുദായാചാരം, മതവിശ്വാസം, പുരാണപരിചയം, ജ്യോതിഷം, മന്ത്രവാദം, ചരിത്രം, കുലത്തൊഴിൽ എന്നിങ്ങനെ പലതലങ്ങളെ അടിസ്ഥാനമാക്കി പഴഞ്ചൊല്ലുകളെ സാമാന്യമായി വിഭജിക്കാം. പഴയകാല മനുഷ്യജീവിതത്തിന്റെ സാമൂഹികവും സാംസ്കാരിവുമായ പ്രതിഫലനങ്ങൾ ഇത്തരം ചൊല്ലുകളിൽ അടങ്ങിയിരിക്കുന്നു.

തിരഞ്ഞെടുത്ത പഴഞ്ചൊല്ലുകളെ ആധാരമാക്കി പാരിസ്ഥിതികാവബോധം പഴഞ്ചൊല്ലുകളിൽ എപ്രകാരമാണ് രൂപപ്പെടുന്നത് എന്നുള്ള ഒരന്വേഷണമാണ് ഈ പഠനത്തിലൂടെ കണ്ടെത്താൻ ശ്രമിക്കുന്നത്.

**കാലാവസ്ഥാനിർണയനങ്ങൾ പഴഞ്ചൊല്ലുകളിൽ**

കൃഷിയും കാലാവസ്ഥയും തമ്മിലുള്ള ബന്ധം പ്രാചീനകാലം മുതലേ കേരളത്തിൽ നിരീക്ഷണവിധേയമായിരുന്നു. കാലാവസ്ഥാ പ്രവചനം നടത്തുന്ന ചൊല്ലുകളും സുലഭമാണ്.

'കാർത്തിക കഴിഞ്ഞാൽ മഴയില്ല'

'ചിങ്ങത്തിലെ മഴ ചിണുങ്ങിച്ചിണുങ്ങി'

'അത്തം വെളുത്താൽ ഓണം കറുക്കും'

'മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും'

'കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം'

'വിഷു കഴിഞ്ഞാൽ വേനലില്ല'

'ചെമ്മാനം കണ്ടാൽ അമ്മാനത്തു മഴയില്ല'

'കാലവർഷം കണ്ട് ഓടിയവനും തുലാവർഷം കണ്ട് കേറിനിൽക്കും'

'കർക്കിടവാവിന് കാട്ടു പോത്തിന്റെ തുട വിറയ്ക്കും'

എന്നിങ്ങനെ നിരവധി പഴഞ്ചൊല്ലുകൾ കാലാവസ്ഥയുമായി ബന്ധപ്പെട്ട് കേരളീയനുണ്ട്. കാലാവസ്ഥാ നിരീക്ഷണത്തിൽ പ്രാചീനകർഷകർക്ക് ഏറെക്കുറെ ശാസ്ത്രീയമായ നിരീക്ഷണ സ്വഭാവം ഉണ്ടായിരുന്നുവെന്ന് ഇതിലൂടെ വെളിവാകുന്നു. കാലാവസ്ഥയെ സൂക്ഷ്മമായി നിരീക്ഷിച്ച കേരളീയ കർഷകന്റെ ജീവിതക്രമം കൂടി ഈ പഴഞ്ചൊല്ലുകളിലൂടെ അനാവൃതമാകുന്നു.

**വിളകളെ സംബന്ധിച്ചുള്ള അറിവുകൾ പഴഞ്ചൊല്ലുകളിൽ**

'വെള്ളരി നട്ടാൽ വിളയറിയാം'

'മുരുക്കിലും പടരും മുളകുകൊടി'

'ചേന ചുട്ടു നടണം ചാമ കരിഞ്ഞു വിതയ്ക്കണം'

'കാച്ചിലുവള്ളി പ്ലാവിൽ പടർന്നാൽ ചക്കയെല്ലാം തീർന്നതു തന്നെ'

'ഉച്ചാറുച്ചയ്ക്ക് (മകരം മഴ) വെള്ളരി നട്ടാൽ വിഷു ഉച്ചയ്ക്ക് കായപറിക്കാം'

'വട്ടൻ വിത്ത് വെക്കുമ്പോൾ, കൊത്തി കൊത്തി വെക്കണം'

'കുംഭമാസത്തിലെ കുംഭവട്ടത്തിൽ ചേനകൂടി ഇറക്കുക'

മണ്ണിനെ അടുത്തറിഞ്ഞ വിളകളുടെ വിളകളുടെ തുടിപ്പുകളറിഞ്ഞ കർഷകന്റെ അനുഭവജ്ഞാന നിർമ്മിതികളാണ് ഇത്തരം പഴഞ്ചൊല്ലുകൾ.

**നാളുകളെ സംബന്ധിച്ച പഴഞ്ചൊല്ലുകൾ**

രാശി ചക്രത്തിലെ ഒരു നക്ഷത്രഭാഗം കടന്നു പോകാൻ സൂര്യനു വേണ്ട കാലയളവാണ് ഞാറ്റുവേല എന്നറിയപ്പെടുന്നത്. 27 ഞാറ്റുവേലകൾ ഉണ്ട്. അവയ്ക്ക് 27 നാളുകളുടെ പേരാണ് നൽകിയിരിക്കുന്നത്. കേരളീയർ ഞാറ്റുവേല കൊണ്ട് കാർഷിക ചക്രം രൂപപ്പെടുത്തിയിട്ടുണ്ട്. കേരളീയരെ സംബന്ധിച്ചിടത്തോളം ജ്യോതിശാസ്ത്രത്തിലും കാലാവസ്ഥാശാസ്ത്രത്തിലും പരിചയത്തിലും ഊന്നി ഒരു കൊല്ലം ലഭ്യമാക്കുന്ന മഴയുടെ വിതരണത്തെ ഏറ്റവും ശാസ്ത്രീയമായി നിർണ്ണയിച്ചതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ഞാറ്റുവേല സങ്കല്പം.

ഞാറ്റുവേലയിലെ മഴയുടെ പ്രത്യേകതകൾ പഴയചൊല്ലുകളിൽ നിന്നു വ്യക്തമാണ്. രണ്ടു രാശികളിലായി ലഭിക്കുന്ന കാർത്തിക ഞാറ്റുവേലയിൽ പൊതുവെ മഴ ഉണ്ടാകാറില്ല. എങ്കിലും 'കാർത്തിക കാലിൽ കാക്കക്കാൽ നനഞ്ഞാൽ മുക്കാലിൽ മുക്കും' എന്നൊരു ചൊല്ലുണ്ട്. അതായത്, മേടം രാശിയിൽ വരുന്ന കാർത്തിക ഞാറ്റുവേലയുടെ 1/4 രാശിയിൽ ചെറിയ മഴ പെയ്താൽ തന്നെ ഇടവം രാശിയിൽ വരുന്ന 3/4 രാശിയിൽ നല്ല മഴ ലഭിക്കുമെന്ന വിവരം ഇതിലൂടെ ലഭിക്കുന്നു.

'രോഹിണിക്കിപ്പുറം അധികം വിത വേണ്ട മകയീര്യം മദിച്ചു പെയ്യും'

'തിരുവാതിര ഞാറ്റുവേലയിൽ തിരിമുറിയാതെ മഴ പെയ്യും'

'പുണർതത്തിൽ പുകഞ്ഞ മഴ'

'പുണർതം പൂഴി തെറിപ്പിക്കും'

'മകരത്തിൽ പയർ മദിച്ചു നിൽക്കും' എന്നിങ്ങനെയും ചൊല്ലുകൾ ഉണ്ട്. പൊതുവെ തിരുവാതിര ഞാറ്റുവേലയാണ് ഏറ്റവും കേമൻ എന്നാണ് കർഷകർ കരുതുന്നത്. ഏത് ചെടി നട്ടാലും എളുപ്പം വളരും. കുരുമുളക് നടാനായി കർഷകർ തിരഞ്ഞെടുക്കുന്നതും ഈ സമയമാണ്.

ഓരോ വിളയ്ക്കും അനുയോജ്യമായ ഞാറ്റുവേലകളേയും കർഷകർ ഏറ്റവും പ്രായോഗികമായി തിരിച്ചറിഞ്ഞിരുന്നുവെന്നുമുള്ള വസ്തുതയും ശ്രദ്ധേയമാണ്.

**മാസസംബന്ധിയായ പഴഞ്ചൊല്ലുകൾ**

'കുംഭമാസത്തിൽ നട്ടാൽ കുടത്തോളം

'മീനത്തിലായാൽ മീൻ കണ്ണിനോളം'

'മേടം പത്തിനു മുമ്പ് പൊടിവിത കഴിയണം'

'ധനുപ്പത്തുകഴിഞ്ഞാൽ കൊത്താൻ തുടങ്ങാം'

'കുംഭപ്പറ കുടം പോലെ'

**വിത്തുകളുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ**

കാർഷിക സംസ്കാരത്തിന്റെ അകക്കാമ്പായ, കാതലായ വിത്തുകളെപ്പറ്റിയും പഴഞ്ചൊല്ലുകളുണ്ട്. 'നട്ടു നെല്ലുണ്ടാക്കുക' എന്നൊരു ചൊല്ലുണ്ട്. പൊടിയിൽ വിതച്ച് നെല്ലുണ്ടാക്കുന്നതിനേക്കാൾ വിളവ് കിട്ടുക ഞാറു നട്ടുണ്ടാക്കുന്ന കൃഷിക്കാണ് എന്നതാണ് ഈ പഴഞ്ചൊല്ലിലെ സൂചന.

'വിത കൃഷിക്ക് വിത്താഴം ചെല്ലണമെന്നുണ്ട്' ചളി പൂട്ടി നിരത്തിയ കണ്ടത്തിൽ 'വിത്താഴം ചെന്നാൽ പത്തായം നിറയും' എന്നാണ് ചൊല്ല്.

'വിതപോലെ കൊയ്ത്ത്' എന്നത് കർഷകന്റെ കർമ്മഫലത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.

'വിത്തുള്ളിടത്തു വേര്', 'വിത്തൊന്നിട്ടാൽ മറ്റൊന്നു വിളയുമോ' എന്നിങ്ങനെയുള്ള ഇത്തരം വിത്തു ചൊല്ലുകൾ നാട്ടുവിജ്ഞാനങ്ങളാണ്.

ഇത്തരത്തിൽ വിത്തുകളുടെ പ്രാധാന്യം ഉൾക്കൊണ്ടാണ് ഗ്രാമീണർ ഇത്തരം പഴഞ്ചൊല്ലുകൾ സൃഷ്ടിച്ചത്.

**ഉദ്ബോധനത്തിന്റെ കാര്യപ്രസക്തമായ ചൊല്ലുകൾ**

ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്തു ചെയ്യേണ്ട രീതിയിൽ നേരാംവണ്ണം ചെയ്യണം. കൃഷിമാത്രമല്ല, എല്ലാ പ്രവൃത്തികൾക്കും അതിനാസ്പദമായ ചൊല്ലുകൾ ഏറെയുണ്ട്.

'കാലത്തേ വിതച്ചാൽ നേരത്തേ കൊയ്യാം'

'വേരിനു വളം വയ്ക്കാതെ തലയ്ക്കു വളം വച്ചിട്ടെന്തു കാര്യം?'

'കാലം നോക്കി കൃഷി'

'വരമ്പുചാരി നട്ടാൽ ചുവരു ചാരിയുണ്ണാം'

'മണ്ണുവിറ്റ് പൊന്നു വാങ്ങരുത്'

'ആഴത്തിൽ ഉഴുതു അകലെ നടണം'

'നട്ടാലേ നേട്ടമുള്ളൂ'

'വിളഞ്ഞാൽ പിന്നെ വച്ചേക്കരുത്'

ഇത്തരത്തിൽ സമയക്രമമായി കൃഷിയും കൃഷിയോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളും നടത്തേണ്ടതിന്റെ പൊതു അവബോധത്തിന്റെ ദർശനങ്ങളായി ഇത്തരം ചൊല്ലുകളെ കണക്കാക്കാം.

**ഉപസംഹാരം**

ആയിരക്കണക്കിനു വർഷങ്ങളായി ഒരു പ്രാദേശിക ജനത സ്വന്തം അധിവാസ ഭൂമികയിൽ നിന്ന് നിരീക്ഷണ പരീക്ഷണങ്ങളിലൂടെ നേടിയെടുത്ത പ്രായോഗികമായ നാട്ടുജ്ഞാനങ്ങൾ കൈമാറുന്ന രീതിശാ

സ്ത്രമാണിത്. 'കണ്ടും കേട്ടും ചെയ്തും' കൈമാറിപ്പോരുന്ന ഒന്നാണിത്. കണ്ടറിവ്, കേട്ടറിവ്, നേരറിവ്, പഴഞ്ചൊല്ല് എന്ന പേരിൽ അറിയപ്പെടുന്ന ഈ അറിവ് കാലത്തിന്റെ ബഹുതലങ്ങളിലാണ് കിടക്കുന്നത്. പഴമനസ്സുകളോട് സംസാരിക്കുമ്പോൾ ഭുതകാലത്തിന്റെ എഴുതപ്പെടാത്ത സമ്പന്നമായ അറിവാണ് സമാഹരിക്കപ്പെടുന്നത്. പ്രകൃതിയുമായി അടുത്തിടപഴകിയ മണ്ണിൽ ജീവിച്ച ഒരു ജനത അനവധി തലമുറകൾക്ക് കൈമാറിയ ജ്ഞാനപരിസരമാണ് ഇതിലൂടെ സമാർജ്ജിക്കുന്നത്.

ഇന്ന് കാലം മാറി, കാലാവസ്ഥ മാറി, ഋതുഭേദങ്ങൾ മാറി. പ്രകൃതിയുടെ എല്ലാ അടരുകളിലും പരിവർത്തനങ്ങൾ സംഭവിച്ചു കഴിഞ്ഞിരിക്കുന്നു എന്ന തിരിച്ചറിവിൽ നിന്നു വേണം ഈ കാലഘട്ടത്തിൽ പഴഞ്ചൊല്ലുകളെ നാം സമീപിക്കേണ്ടത്.

**ഗ്രന്ഥസൂചി**

രാഘവൻ, പയ്യനാട്. *ഫോക്‌ലോർ.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം: 1997.

രാജഗോപാലൻ, സി.ആർ (ജന.എഡി). *കൃഷിയുടെ നാട്ടറിവുകൾ.* ഡി.സി ബുക്ക്സ്, കോട്ടയം: 2004.

വിഷ്ണു നമ്പൂതിരി, എം.വി. *നാടോടി വിജ്ഞാനീയം.* ഡി.സി ബുക്ക്സ്, കോട്ടയം: 2011.

ശ്രീധരൻ, എ.എം. *ഫോക്‌ലോർ സമീപനങ്ങളും സാധ്യതകളും.* മലയാള പഠനഗവേഷണ കേന്ദ്രം, തൃശ്ശൂർ: 2009.

# നെല്ലിലെ തിണയിടങ്ങൾ – പാരിസ്ഥിതിക അവബോധത്തിന്റെ ദ്രാവിഡ മുഖം

പ്രഹേഷ് ടി. പി.

1972 ഫെബ്രുവരി മാസത്തിലാണ് പി. വത്സലയുടെ നെല്ല് പ്രസിദ്ധീകൃതമാവുന്നത്. പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്ന ആദിവാസി ജനതയുടെ അനുഭവലോകമാണ് നെല്ലിൽ ആവിഷ്കൃതമാവുന്നത്. വനാന്തരങ്ങളിലെ പക്ഷിമൃഗാദികളെപ്പോലെത്തന്നെ ഭൂമിയുടെ മേൽ ആധിപത്യം ചെലുത്താതെ പ്രകൃതി കനിഞ്ഞരുളുന്നതുമാത്രം സ്വീകരിച്ച് ജീവിക്കുന്ന ഇവരുടെ ജീവിതം മേലാളരുടെ നിയന്ത്രണത്തിലാകുന്നതോടെ കൂടുതൽ സങ്കീർണ്ണമാകുന്നു.

വയനാട്ടിലെ ആദിവാസികളാണ് ഈ പ്രകൃതിയിലെ കഥാപാത്രങ്ങൾ. തിരുനെല്ലിക്കു ചുറ്റുമുള്ള പ്രദേശങ്ങളാണ് നെല്ലിലെ ആഖ്യാനഭൂമിക. ഗിരിവർഗ്ഗക്കാരുടെ ജീവിതം അടിസ്ഥാനമാക്കിക്കൊണ്ട് മലയാളത്തിൽ രചിച്ച ആദ്യകാല നോവലുകളിലൊന്നാണിത്.

പ്രകൃതിയെ ഒരു ജൈവ സാകല്യമായി കാണുകയും പ്രകൃതിയുടെ ഒരു ഭാഗമായി മാത്രംതന്നെ കണ്ടുകൊണ്ടുള്ള ജീവിതം ക്രമപ്പെടുത്തിയെടുക്കുകയും ചെയ്ത ജനതതിയാണിവർ.

പി. വത്സല പ്രഥമ നോവലായ നെല്ലിനുവേണ്ടി തന്റെ പ്രായത്തിന്റെ മുപ്പതുകളുടെ ആദ്യത്തിൽ തിരുനെല്ലി പ്രദേശത്തുപോയി താമസിക്കുകയും വനവാസികളുടെ ജീവിതപോരാട്ടങ്ങളും വനജീവിതത്തിന്റെ സങ്കീർണ്ണതകളും നേരിട്ടു കണ്ടു മനസ്സിലാക്കുകയും അവരുടെ ജീവിതവുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്തു എന്നത് നോവൽ രചനയെ എത്ര ഗൗരവമായി നോവലിസ്റ്റ് കാണുന്നു എന്നതിന് ഉദാഹരണമാണ്. അവരുടെ ആചാരാനുഷ്ഠാനങ്ങളും ധർമ്മസങ്കല്പങ്ങളും മൂല്യ

ബോധങ്ങളും ഭാഷയും സ്വന്തമാക്കി നിലമൊരുക്കിയ ശേഷമാണ് നെല്ലിന്റെ രചനയാരംഭിക്കുന്നത്.

പടിഞ്ഞാറൻ മലകൾ കയറി മറിഞ്ഞ് ആനക്കാടും പുലയൻ കൊല്ലിയും കടന്ന് എത്തുന്ന ആളുകളെയൊക്കെ അടിമകളാക്കുന്ന ബ്രഹ്മഗിരിയുടെ താഴ്വാരത്തെ വനവാസികളുടെ കഥയാണിത്. ആദിവാസി ജീവിതവുമായി ബന്ധപ്പെട്ട് വത്സല തന്നെ രചിച്ചിട്ടുള്ള കൂമൻകൊല്ലി, ആഗ്നേയം എന്നീ നോവലുകളിലും വയനാടൻ വനാന്തരങ്ങളുടെ വന്യതതന്നെയാണ് രചനാ പശ്ചാത്തലമായി സ്വീകരിച്ചിരിക്കുന്നത്.

ദ്രാവിഡീയത മുറ്റിനിൽക്കുന്ന നെല്ല് എന്ന നോവലിനെ പാരിസ്ഥിതിക സൗന്ദര്യശാസ്ത്രത്തിന്റെ ഉത്തമമായ പൂർവമാതൃകയെന്ന നിലയിൽ ഇന്നു തിരിച്ചറിയപ്പെട്ടു തുടങ്ങിയ  തിണ സങ്കല്പനത്തിന്റെ അടിസ്ഥാനത്തിൽ വായിച്ചെടുക്കാനുള്ള ഒരു ശ്രമമാണിവിടെ നടത്തുന്നത്.

**തിണസങ്കല്പം**

മനുഷ്യ ജീവിതത്തെ അതിന്റെ പാശ്ചാത്തലവും പ്രേരകശക്തിയുമായ ഭൂപ്രകൃതിയോടും കാലാവസ്ഥയോടും ബന്ധപ്പെടുത്തുന്ന ഒരു പാരിസ്ഥിതിക ദർശനം തൊൽക്കാപ്പിയം എന്ന ദ്രാവിഡ സാഹിത്യത്തിന്റെ വ്യാകരണ -ലക്ഷണ ഗ്രന്ഥത്തിൽ വായിച്ചെടുക്കാം. രണ്ടായിരത്തോളം വർഷം മുമ്പ് രചിക്കപ്പെട്ട തൊൽക്കാപ്പിയത്തിൽ പൊരുളതികാരം എന്ന മൂന്നാം ഭാഗത്താണ് സാഹിത്യസംബന്ധമായ ആശയങ്ങൾ പ്രതിപാദിക്കുന്നതിണ സങ്കല്പനം അവതരിപ്പിക്കുന്നത്.

ഭൂപ്രദേശത്തിനും മനുഷ്യന്റെ മാനസിക ഭാവങ്ങൾക്കും തമ്മിൽ ആന്തരികമായ ദൃഢബന്ധം കൽപ്പിക്കുകയും ഭൂപ്രദേശത്തോടുബന്ധപ്പെട്ട ആളുകൾ, മൃഗങ്ങൾ, പക്ഷികൾ, പൂവുകൾ, തൊഴിൽ എന്നിവയേയും അതാതു പ്രദേശങ്ങളിൽ പ്രചാരമുള്ള നാടൻ ശൈലികൾ, നാടൻ പാട്ടുകൾ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ളതുമായ സൗന്ദര്യ വിചാരമാണ് തിണസങ്കല്പനത്തിലുള്ളത്.

സംഘകാലത്തെ സാഹിത്യ കൃതികളെ അകമെന്നും പുറമെന്നും തിരിച്ച് പ്രകൃതിയുമായി ചേർന്നു നിന്നുകൊണ്ടുള്ള വിശകലന രീതിയാണ് തൊൽക്കാപ്പിയർ നൽകിയിരിക്കുന്നത്. ദ്രാവിഡ ദേശത്തുണ്ടായ ഈ കൃതിയിലൂടെ നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ പ്രകൃതിയുടെ ശക്തിയും പ്രാധാന്യവും മനസ്സിലാക്കിയിരുന്നവരാണ് ദ്രാവിഡർ  എന്നു തെളിയുന്നു.

മുതൽപ്പൊരുൾ കരുപ്പൊരുൾ, ഉരിപ്പൊരുൾ, തുറകൾ എന്നിവയാണ് തിണ സങ്കല്പനത്തിലെ പ്രധാന കാവ്യ സാമഗ്രികൾ. ദേശകാല നൈരന്തര്യമാണ് മുതൽപ്പൊരുളിന്റെ കാതൽ. കാട്ടുപ്രദേശം, മലമ്പ്രദേശം,

മണൽക്കാട്, നാട്ടുപ്രദേശം, കടൽത്തീരം എന്നിങ്ങനെ പ്രകൃതിയുടെ അഞ്ചു വിഭാഗങ്ങളെ അവയ്ക്കനുയോജ്യമായ കാലത്തിനനുസരിച്ച് വേർതിരിച്ചിരിക്കുന്നു. സ്ഥലകാലങ്ങളെ കാണിക്കുന്ന മുതൽപ്പൊരുൾ ഒരു കൃതിയുടെ സൂക്ഷ്മാവസ്ഥയാണ്. ഒപ്പം സൂക്ഷ്മാവസ്ഥയെ നിർണ്ണയിക്കുന്ന ഘടകങ്ങളും.

കരുപ്പൊരുളിനെ നിർണ്ണയിക്കുന്നത് മുതൽപ്പൊരുൾ ആണ്. പക്ഷികൾ, മൃഗങ്ങൾ, പുഷ്പങ്ങൾ, കൃഷിനിലങ്ങൾ, സ്ത്രീ പുരുഷന്മാർ, ദൈവം, വാദ്യം എന്നിങ്ങനെ പ്രകൃതിയെ മാനവജീവിതത്തിന്റെ സജീവവും സമൂർത്തവുമായ ഒരു പശ്ചാത്തലമാക്കുന്നതിനുള്ള യഥാർത്ഥമായൊരു പ്രതിരൂപമാണ് കരുപ്പൊരുൾ.

മാനസിക ഭാവങ്ങളായ ഉരുപ്പൊരുൾ ഓരോ തിണയ്ക്കും പ്രത്യേകം സൂചിപ്പിക്കുന്നുണ്ട്. ഇരുത്തൽ അഥവാ കാണിരുപ്പ് (മുല്ലൈത്തിണ), പുണർതൽ അഥവാ ചേർച്ച (കുറിഞ്ഞി), പിരിതൽ അഥവാ വേർപാട് (പാലൈ), ഊടൽ അഥവാ പിണക്കം (മരുതം) ഇരങ്കൽ അഥവാ വിലാപം (നെയ്തൽ) എന്നിവയാണ് ഓരോ തിണയിലെയും നായികാ നായകൻമാരുടെ മാനസിക ഭാവങ്ങൾ.

ഓരോ തിണയിലെയും കാലാവസ്ഥയും പ്രകൃതി വിഭവങ്ങളും സാമൂഹിക സാഹചര്യങ്ങളുമാണ് ഉരിപ്പൊരുളിനെ നിർണയിക്കുന്നത്. മുതൽപ്പൊരുൾ കരുപ്പൊരുളിനോടു ചേരുമ്പോൾ സ്വാഭാവികമായി വിടർന്നു വിലസുന്ന ഒന്നാണ് ഉരിപ്പൊരുൾ.

> "മേയോൻ മേയ കാടുറൈ ഉലകമും
> ചേയോൻ മേയ മൈവരൈ ഉലകമും
> വേന്തൻ മേയ തീം പുനൽ ഉലകമും
> വരുണൻ മേയ പെരുമണൽ ഉലകമും
> മുല്ലൈ, കുറിഞ്ചി, മരുതം, നെയ്തൽ എന
> ചൊല്ലിയ മുറൈയാൻ ചൊല്ലവും പടുമേ[1]"

മുല്ലൈ, കുറിഞ്ചി, മരുതം, നെയ്തൻ എന്നിവ കൂടാതെ ഒരു പ്രത്യക വിഭാഗമായി പറയുന്ന പാലൈ നിലം വരണ്ടുണങ്ങിയതും മനുഷ്യവാസം തീരെ കുറവായതുമാണ്. ഇതൊരു താർക്കിക ഭൂമിയാണെന്ന് താന്നി നായകം അഭിപ്രായപ്പെടുന്നു.[2]

**നെല്ലിലെ തിണയിടം**

മലയും മലയോരവും ചേർന്ന വയനാട്ടിലെ തിരുനെല്ലി പ്രദേശമാണ് നെല്ലിലെ കഥാഭൂമികയായി വർത്തിക്കുന്നത്. ഐന്തിണ സങ്കല്പത്തിലെ കുറിഞ്ഞിപ്പൂ പ്രതീകമായ കുറഞ്ഞിനിലമാണിത്. കാട്ടുപ്രദേശമായ മുല്ലൈ നിലത്തിന്റെ കരുപ്പൊരുളുകളും കുറച്ചൊക്കെ നെല്ലിൽ കാണാവുന്നതാണ്. കുറിഞ്ചിത്തിണയുടെ സമയം രാത്രിയുടെ മധ്യഭാഗമാണ്.

ധനുമാസത്തിലെ പൗർണ്ണമി രാത്രിയിൽ ചുറ്റുമുള്ള വയലുകളിൽ കതിരണിഞ്ഞുനിൽക്കുന്ന ഗന്ധകശാലക്കു കാവൽ പന്തലിൽ പാതിയുറക്കത്തിൽ കാവലിരിക്കുന്ന മല്ലനെ അവതരിപ്പിച്ചുകൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. വിളയാറായ നെൽമണികൾ തമ്പുരാന്റെ ജീവൻ തങ്ങിനിൽക്കുന്നവയാണെന്നും ഒരു മണിപൊഴിഞ്ഞുവീണാൽ തമ്പുരാന്റെ നെഞ്ചു പൊട്ടുമെന്നും അവനറിയാം.

തണുപ്പിന്റെ ആയിരം പല്ലുകൾ ഒരു  കാട്ടുപൂച്ചയെപ്പോലെ തന്നെ ആക്രമിക്കുമ്പോഴും അവന്റെ സിരകളെ ചൂടുപിടിപ്പിക്കുന്നത് കുറുമാട്ടിയെക്കുറിച്ചുള്ള ചിന്തകളാണ്. കുറിഞ്ചിത്തിണയിലെ കാമിനീ കാമുക സമാഗമത്തിനു പശ്ചാത്തലമാകുന്ന മലമ്പ്രദേശവും ഹേമന്ത ശരത് കാലങ്ങളും അർദ്ധരാത്രിയോടടുത്ത സമയവും നെല്ലിലെ ആദ്യ രണ്ട് അധ്യായങ്ങളിലെ കാമിനി ചിന്തയിലും കാണാം.

അക്കരെ, കൊല്ലിമൂലയിൽനിന്നു വരുന്ന പന്തൽപ്പാട്ട് ബാവലികടന്നു പോന്ന തണുത്തുറഞ്ഞ കാറ്റിനെ ഉരുക്കുകയും മൃദുലമാക്കുകയും ചെയ്യുമ്പോൾ  അവൻ ഉറക്കെപ്പാടുന്നു. കാമുകിയെ കൂട്ടിനുവിളിക്കുന്ന ആ പാട്ടിനു ശേഷം "ബാവലിയുടെ കിഴക്കും പടിഞ്ഞാറും കരകളിലെ പല പെൺകിടാങ്ങളും മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

മാര, ചമ്പാ, കുറുമാട്ടി? കുറുമാട്ടി തന്നെ വിടില്ലെ? തേനിന്റെ നിറം, മാനത്തെ നക്ഷത്രങ്ങളൊപ്പം തിളങ്ങുന്ന കണ്ണുകൾ............................ ഉറങ്ങിക്കിടക്കുന്ന  കുടിലിൽ നിന്ന് ആരും കാണാതെ അവളെ കൊണ്ടുപോരണം. അവളെ  തനിക്കു കെട്ടാൻ  പാടില്ല. കട്ടുകൊണ്ടുപോരാം. അവൾക്കൊരു കെട്ടിയവനും മകളുമുണ്ട്. അവൾക്കു തന്നേക്കാൾ പ്രായമുണ്ടാകാം-എന്നാലും അവൾ കുറുമാട്ടിയാണ്." (1995: 11)

തനിക്ക് ഇഷ്ടപ്പെട്ട പെണ്ണിനെ കുലാചാരങ്ങൾ മാനിക്കാതെ തട്ടിക്കൊണ്ടുപോയി വിവാഹം  കഴിക്കുന്ന രീതിയെപറ്റി പൊരുളതികാരം മൂന്നാം ഭാഗം കളവിയലിൽ പറയുന്നുണ്ട്.

'ഇൻപാടും പൊരുളും അറനും എന്റൊങ്കു
അൻപൊടു പുണർന്ത ഐന്തിണൈ മരുകിൽ
കാമകൂട്ടം കാണും കാലൈ
മറൈയോർ തേ എത്തു മന്റൽ എട്ടനുൾ
തുറൈയമൈ നൽയാഴ്ത്തുണൈ മൈയോർ ഉയൻപേ"

(1961: 243)

'മുന്നൈയ മ്യുന്റും കൈക്കിളൈക്കുറിപ്പേ' (1961: 247)

കൊയ്ത്തുകഴിഞ്ഞ് കുണ്ടൽകിട്ടിയാൽ വള്ളിയൂർക്കാവിൽ ആറാട്ടിനു

പോകുമ്പോൾ കുറുമാട്ടിക്കൊരു ചുവന്ന ചേലയും കൈനിറയെ വളയും വാങ്ങിക്കൊടുക്കണമെന്നവൻ ചിന്തിക്കുന്നുണ്ട്. എന്നാൽ പിന്നീട് താൻ ഇഷ്ടപ്പെടുന്ന മാരയെ വിവാഹം കഴിക്കുന്നതിന് കുലാചാരപ്രകാരം വിലക്കുള്ളതിനാൽ അവളുടെ കുടിലിൽനിന്ന് തട്ടിക്കൊണ്ടുവരികയാണ് ചെയ്യുന്നത്.

സംഘകാലഘട്ടത്തിലുണ്ടായിരുന്ന കളവ് എന്ന ആചാരം തന്നെയാണ് കഥാകാരി നോവലിൽ ഉപയോഗിക്കുന്നത്.

ഒരു തിണയെ അതാക്കുന്ന കരുപ്പൊരുൾ ഘടകങ്ങൾ ദൈവം, ജനം, തൊഴിൽ, ആഹാരം, മൃഗം, പക്ഷി, മരം, പൂവ്, വാദ്യം എന്നിവയാണ്. കുറിഞ്ചിത്തിണയിലെ ദേവൻ മുരുകനാണ്. നോവലിൽ അടിയാന്മാർക്ക് വനദേവതകളോടൊപ്പംതന്നെ മേലാളന്മാരുടെ ദൈവങ്ങളെയും ആരാധിക്കുന്നുണ്ട്.

**ആചാരം**

അടിയാളരെ സംബന്ധിച്ച് 'കാക്കപ്പുല'യാണ് അവരുടെ ഏറ്റവും പ്രധാന ആചാരം. മരിച്ചവരുടെ ആത്മാക്കൾക്കു മോക്ഷം കിട്ടുന്നതിനു വേണ്ടിയുള്ള ചടങ്ങാണിത്. ആദിവാസിമൂപ്പനായ ജെവരപ്പെരുമനാണിതിന് നേതൃത്വം കൊടുക്കുന്നത്.

> "നാട്ടുമൂപ്പൻ മുറത്തിൽനിന്ന് ഒരു പിടി
> അരിവാരി, പതറിയ സ്വരത്തിലൂടെ മന്ത്രങ്ങൾ
> തട്ടിത്തടഞ്ഞ്, ഉരുണ്ടുവീഴാൻ തുടങ്ങി.
> ഒരു പിടി അരികൊണ്ട് കിഴവൻ മുന്നിൽ നില
> ത്തൊരു ആൾരൂപം രചിച്ചു.
> വട്ടത്തിലൊരു തല. ഉരുണ്ട ഉടൽ. രണ്ടുകാ-
> ലുകൾ. അപ്പോഴേക്കും മുറത്തിലെ അരി
> കഴിഞ്ഞിരുന്നു.
> 'പുണ്ഡം' വരച്ചുകഴിയുംവരെ കുട്ടികൾ
> പോലും ശബ്ദിച്ചില്ല. മരിച്ചവരുടെ രൂപം.
> തലമുറകൾക്കു മുമ്പു മരിച്ചവരും, ഇന്നലെ
> മരിച്ചവരും ആ രൂപത്തിലുണ്ട്. ജീവിച്ചിരി-
> ക്കുന്നവർ അരികൊണ്ടുവരച്ച ആ രൂപത്തിൽ
> തങ്ങൾക്കു പ്രിയപ്പെട്ടവരായിരുന്നവരെ
> ഓർക്കുന്നു. കാണുന്നു.
> മൂക്കു ചീറ്റുന്ന ശബ്ദം. അടക്കിയ തേ-
> ങ്ങൽ- തൊണ്ട തുറന്ന കരച്ചിലിൽ
> മറ്റെല്ലാം മുങ്ങിപ്പോകുന്നു.
> തുടികൾ വീണ്ടും ശബ്ദിച്ചു. കരച്ചിലു

കൾ തുടിയൊച്ചയിൽ ലയിച്ചുപോവുന്നു” ( 1995:41)

തണുത്ത രാവിന്റെ നിശബ്ദതയിൽ ഇടവിടാതെ ശബ്ദിക്കുന്ന തുടിയൊച്ചകൾ പാട്ടിനോടൊപ്പം ഊളിയിട്ട് വനസീമകളിൽത്തട്ടിത്തിരിഞ്ഞ് അലസിപ്പിരിയുന്നു. വയനാട്ടില്ലത്തും വടക്കുമന്റെിലും തുടങ്ങി മറ്റെല്ലാമന്റെുകളിലും മരിച്ചവരുടെ പേയ്കളെ വിളിച്ചുചൊല്ലുന്ന മൂപ്പൻമാരുടെ പാട്ടിനുശേഷം കാട്ടിലെവിടെനിന്നോ കരയുന്ന പുള്ളുകളുടെയും കാലങ്കോഴികളുടെയും ശബ്ദങ്ങൾ പേയായി വിവർത്തനം ചെയ്യുന്നു അവർ.

തുടർന്ന് മരിച്ചവരുടെ പ്രേതങ്ങളെ ആൺപെൺ ക്രമത്തിൽ തുണയേൽപ്പിക്കുന്നു.

“കാളനെന്റ്... നീലിയെന്റ്
പുലയനെന്റ്, കാളിയെന്റെ്...
ജവരനെന്റെ്, മാരയെന്റെ്...
വെള്ളനെന്റെ് ജവനിയെന്റെ്....
പെണ്ണിന്റെ സംരക്ഷണയ്ക്ക് പോയലോക
ത്തും ഒരു തുണവേണം. ഒരു പെണ്ണിനൊ
രാണ്. അല്ലെങ്കിൽ തുണകൂട്ടി ശാസ്ത്രം
ചൊല്ലി വിടപ്പെടാത്ത ആണിന്റെയൊ പെണ്ണിന്റെയൊ,
ആത്മാവ് ഗതികിട്ടാതെ അലഞ്ഞു നടക്കും.” (1995: 42)

അതിനാൽ ഓർമ്മയിൽ വരുന്ന സർവ്വ പരേതാത്മാക്കളേയും തുണകൂട്ടി വിടുന്നു. അങ്ങനെ അവരുടെ ആത്മാക്കൾ വയലുകൾ തോറും, വളപ്പുകൾ തോറും, നാടുതോറും, കാടുതോറും അലഞ്ഞു നടക്കാതെപോയ ലോകത്ത് സമാധാനത്തോടെ ഇരിക്കുന്നു.

വള്ളിയൂർക്കാവിലെ ആറാട്ടാണ് മന്റക്കാരുടെ മറ്റൊരു ആഘോഷം. ചെറുപ്പക്കാരായ അടിയാൻമാർ അടിയാത്തികൾക്ക് ചേലയും വളയും വാങ്ങിക്കൊടുത്ത് സ്നേഹം പിടിച്ചുവാങ്ങുന്ന അസുലഭ നിമിഷങ്ങളുടേതാണ് ആറാട്ട്. മീനം ഒന്നിനു തുടങ്ങി 14 വരെ നീണ്ടുനിൽക്കുന്ന ഉത്സവത്തിൽ പകിട്ടേറിയ ചേലകൾ, തുണിത്തരങ്ങൾ, കുപ്പായങ്ങൾ, സ്വർണ്ണവർണ്ണത്തിലുള്ള മുടിപ്പൂവുകൾ, മിന്നുന്ന കുപ്പിവളകൾ, കണ്ണാടികൾ, അലുമിനിയം പാത്രങ്ങൾ എന്നിങ്ങനെയുള്ള വിപണനവസ്തുക്കളുടെ നീണ്ടനിരയാണ്. കേവലം ആചാരം എന്നതിനപ്പുറം കച്ചവടത്തിന്റേയും അടിമക്കൈമാറ്റത്തിന്റെയും വേദിയയാണത്.

“മേലാളരെല്ലാം പണം തേടി നടക്കുന്ന ദിവസം. നെല്ലുവിറ്റോ വിൽക്കാമെന്നു കരാറിലോ വേണ്ടത്ര പണം എല്ലാവരും കരുതും. ഇര നഷ്ടപ്പെടാതെ മത്സ്യം പിടിക്കാനൊക്കുകയില്ല.

മേലാളൻ ഒരു കൊല്ലത്തേക്ക് വിലയ്ക്കുവാങ്ങേണ്ട
ആളുകളുടെ കണക്കു കൂട്ടുന്നു.... വേണ്ടപ്പെട്ടവരെ

കണ്ണു വയ്ക്കുന്നു. അരയിൽ തിരുകിയ നോട്ടു
ചുരുളുകളുമായി ആറാട്ടു ചന്തയിലൂടെ
നാലുവട്ടം നടക്കുന്നു.
"എങ്കു പതിനഞ്ചുറുപ്പികായ്? പണം തികയാവൂ"
അടിയാത്തിക്കു സമ്മാനിക്കാൻ കൊതിയോടെ
വാങ്ങിയ ചേല അടിയാൻ നിരാശയോടെ കച്ചവട
ക്കാരന് തിരിച്ച് കൊടുക്കുന്നു.
അന്നേരം കൊടുത്തുകൊള്ളണം അവ-
നുള്ള അടിമപ്പണം. അടിയാന്നു സന്തോഷം:
കച്ചവടക്കാരന് ആനന്ദം, കൃഷിക്കാരന്നു തൃപ്തി...."
(1995:95)

അതിസമ്പന്നരായ ജന്മിമാർ തങ്ങളുടെ പ്രതാപത്തിന്റെ വമ്പുകാട്ടുന്ന ദിനം കൂടിയാണ് 14 ദിവസത്തെ ആറാട്ട്. മൂപ്പിൽ നായരെപ്പോലുള്ളവർ നടത്തുന്ന വിഭവസമൃദ്ധമായ സദ്യ മറ്റു പതിമൂന്നു ദിവസത്തേക്കാൾ കേമമാക്കാൻ ഓരോ വർഷം ശ്രദ്ധിക്കുന്നു.
14-ാം ദിനം ആറാട്ടിൻനാൾ വള്ളിയൂർക്കാവിൽ വരാത്ത മേലാളരില്ല, അടിയാളരില്ല, കച്ചവടക്കാരില്ല. മുസൽമാൻമാരും, ചെട്ടികളും, കർണാടകക്കാരുമുണ്ട്.

**തൊഴിൽ**

കുറിഞ്ചിനിലവാസികളുടെ തൊഴിൽ മലനെല്ലു വിതക്കൽ, കൊയ്ത്ത്, കിഴങ്ങുപറിക്കൽ, തേനെടുക്കൽ, നായാട്ട് തുടങ്ങിയവയാണ്. വള്ളിയൂർക്കാവിലെ ആറാട്ടിൻ നാൾ അടിമപ്പണം കൊടുത്ത് അടിയാളരെ സ്വന്തമാക്കിയാൽ പിന്നെ മേലാളർ മഴയും കാത്തിരിക്കുന്നു.

കൃഷിപ്പണിക്ക് ആളുറച്ചു. അറ നിറയെ വിത്ത്. പുറത്തു മഴ കാത്തു കിടക്കുന്ന കറുത്ത മണ്ണ്. ആലയുടെ പുറകിൽ ഒരു കൊല്ലത്തെ ചാണകം വെയിലും മറ്റുമേറ്റ് വരണ്ടുകിടക്കുന്നു. നിബിഢമായ കാടുകളിലെ കരിയിലകൾ ഉണങ്ങിപ്പൊടിഞ്ഞ് കാലവർഷത്തിൽ ഒഴുകിവരുന്ന മണ്ണാണ് ഇവിടത്തെ ധനം. അതിനാൽ ക്ഷുരകനും മണ്ണാനും തട്ടാനും കൊല്ലനുമെല്ലാം ഇവിടെ നെൽകൃഷി ചെയ്യുന്നു. ക്ഷുരകൻ ഗോപാലനും തട്ടാൻ ബാപ്പുവും കൊല്ലൻ കൃഷ്ണനും മണ്ണാൻ രാമനുമെല്ലാം ഈ കറുത്ത മണ്ണിന്റെ അടിമകളാണ്.

മാസത്തിൽ അഞ്ചോ എട്ടോ മേലാളരുടെ തലകൾകൊണ്ട് ഒരു ക്ഷുരകനോ, വല്ലപ്പോഴും ഒരു കൊഴുവോ പടന്നയോ ഉണ്ടാക്കിക്കഴിഞ്ഞാൽ കൊല്ലനോ ഇവിടെ ജീവിക്കാനാവില്ല. കാടും കാടിന്റെ മാർത്തട്ടിലെ പുഷ്ടിയേറിയമണ്ണും കനിഞ്ഞുനൽകുന്നതാണവരുടെ ജീവനോപാധി. എന്നാൽ ഇവിടത്തെ മണ്ണിനോടും കാടിനോടും വന്യമൃഗങ്ങളോടും

പടവെട്ടാനാകാത്ത വാര്യർ പായനെയ്ത്തിൽ ജീവിതം തള്ളിനീക്കുന്നു. തിരുനെല്ലിയിലെ വന്യവും കരാളവുമായ പ്രകൃതിയോട് ചെറുത്തു നിൽക്കാൻ കെൽപ്പുള്ളവർ മല്ലൻ അടക്കമുള്ള കാട്ടു നിവാസികളാണ്. അവരില്ലാതെ മൂസ്സത്തു തമ്പ്രാനെ പോലുള്ളവർ ജീവിക്കില്ല.

**ആളുകൾ**

അടിയാളരായ ആദിവാസികളും മേലാളരായ കുടിയേറ്റക്കാരുമാണ് നെല്ലിലെ പ്രധാനകഥാപാത്രങ്ങൾ. ജന്മിമാരായ തമ്പുരാക്കന്മാരുടെ കുടുംബങ്ങൾ നോവലിൽ കുറവേ ഉള്ളു. അമ്പലക്കുന്ന് കളത്തിലെ സാവിത്രി വാരസ്യാർ, ഗോപാലവാര്യർ, കിട്ടുവാര്യർ എന്നിങ്ങനെ വിരലിലെണ്ണാവുന്നവർ. എന്നാൽ ദ്രാവിഡീയമായ കരുത്തിന്റെയും നന്മയുടെയും പ്രതീകമായ മല്ലനെപ്പോലുള്ളവർ അവർതന്നെ കാടുവെട്ടിത്തെളിച്ച് കൃഷിഭൂമിയാക്കിയ ഇടങ്ങളിൽ പകലന്തിയോളം പണിയെടുത്തും രാത്രിയിൽ വിളകൾക്കു കാവൽക്കിടന്നും മേലാള ജീവിതത്തിന് നിറപ്പകിട്ടു ചാർത്തുന്നു.

എന്നാൽ മേലാളരാവട്ടെ 'നയിച്ചുതിന്നാൻ കെൽപ്പില്ലാത്തവർ' ആയിട്ടാണ് അടിയാളരെ കാണുന്നത്.

നോവലിൽ നായക സ്ഥാനം വഹിക്കുന്ന മല്ലനും വെളുത്ത തമ്പുരാൻ എന്ന രാഘവൻ നായരും രണ്ട് സംസ്കാരങ്ങളെ പ്രതിനിധീകരിക്കുന്നവരാണ്. മല്ലൻ തിരുനെല്ലിയിലെ കാടിന്റെയും മണ്ണിന്റെയും ബാവലിപ്പുഴയുടെയും ഭാഗമാണെങ്കിൽ അമ്മക്ക് ബലിയിടാൻ പാപനാശിനിയിലെത്തിയ രാഘവൻനായർ സാവധാനം തിരുനെല്ലിയിലെ കൃഷിക്കാരനായി മാറുകയാണ്. മേലാള ഗൃഹമായ അമ്പലക്കുന്നു കളത്തിലെ അതിഥിയായി എത്തി അവിടത്തെ കാര്യസ്ഥനും കൃഷിക്കാരനുമായി മാറിയ അയാൾ തന്റെ പ്രവൃത്തിയിലെ പുതുമകൊണ്ട് മേലാളർക്കിടയിൽ വ്യത്യസ്തനാകുന്നു.

വെളുത്ത ചുണ്ടെലിയുടെ മകളും അദ്ധ്വാനശീലയുമായ മാരയാണ് നോവലിലെ നായികാ കഥാപാത്രം. സെയ്തു വളർത്തുന്ന ആട്ടിൻകുട്ടിയേക്കാൾ ശാന്തയും നിശബ്ദയുമായ അവൾ ഗോത്രാചാരത്തിന്റെ അന്ധവും ഭയരഹിതവുമായ നീതിബോധത്തോട് പലപ്പോഴും കലഹിക്കുന്നുണ്ട്. മോഹിപ്പിക്കുന്ന കിനാവായി ആദ്യകാലങ്ങളിൽ മല്ലനെ മയക്കുന്ന കുറുമാട്ടി വന്യമായ പ്രകൃതിയുടെ താമസഭാവം പ്രതിനിധാനം ചെയ്യുന്നവളാണ്, എന്തിനെയും മോഹിപ്പിച്ച് തന്നിലേക്ക് ആകർഷിക്കുകയും പിന്നീട് ദയാരഹിതമായി തകർത്തുകളയുകയും ചെയ്യുന്ന രൗദ്രമൂർത്തിയായ പ്രകൃതിയുടെ.

**ഭക്ഷണം**

കാട്ടുകിഴങ്ങുകളാണ് അടിയാളരുടെ ഭക്ഷണം. അരിക്കിഴങ്ങ് ചുട്ടത്

മികച്ച ഭക്ഷണമായി കഴിക്കാറുണ്ട്. എന്നാൽ പലപ്പോഴും കാട്ടുപന്നികൾ മുഷ്യർക്കു മുമ്പേ അവ കണ്ടെത്തി അകത്താക്കിയിട്ടുണ്ടാവും. പട്ടിണിയുടെ നാളുകളിൽ മത്തനിലകളോ അവ കിട്ടാത്തപ്പോൾ പച്ചിലകളോ വാരായിട്ട് തിളപ്പിച്ച വെള്ളം കുടിച്ച് പ്രാണനെ നിലനിർത്തും. നെൽവയലുകളിലെ വരമ്പിൻ പൊത്തുകളിൽനിന്ന് ഞണ്ടുകളെ പിടിച്ചു ഭക്ഷിച്ചും ഉൾക്കാടുകളിലെ കാട്ടു ചക്കകൾ കൊണ്ടുവന്ന് വേവിച്ച് ഭക്ഷിക്കുന്നതും അടിയാളരുടെ ഭക്ഷണരീതിയാണ്.

വിശപ്പ് ഒരു നിത്യയാഥാർത്ഥ്യമായി, മേലാള അടിയാള വ്യത്യാസമില്ലാതെ നോവലിൽ അലയടിക്കുന്നുണ്ട്.

> "പിന്നീട് കാത്തിരിപ്പാണ്.
> നിവേദ്യച്ചോറിന്വിശന്നു കരയുന്ന കുട്ടിയുടെ
> വായിൽ പാലില്ലാത്ത മുല തിരുകിക്കൊടുക്കുന്നു.
> ഇത് ഈ സാവിത്രി വാരസ്യാരുടെ മാത്രം കാര്യമല്ല.
> അവരുടെ അമ്മയുടെ, മുത്തശ്ശിയുടെ, അതി-
> നുമുമ്പുണ്ടായിരുന്നവരുടെയൊക്കെ
> ജീവിതം ഇതായിരുന്നു.
> കുടുംബം വളർന്നു. പടച്ചോറു തികയാതായി.
> തിരുനെല്ലിപ്പെരുമാൾക്ക് എല്ലാവരെയും
> ഊട്ടാൻ കഴിയാതായി.
> കുട്ടികൾ കാട്ടുമാങ്ങകൾ കടിച്ചീമ്പി.
> അടിയാക്കുടിലുകളിലെ തുടികൊട്ടലും സദ്യയും
> അവരുടെ വായിൽ വെള്ളം നിറച്ചിരിക്കണം" (1995:53)

ഈറൻ മാറാൻ തുണിയില്ലാത്ത അവരുടെ വസ്ത്രങ്ങൾ പിന്നിക്കീറി. അടിയാളർക്ക് ഉടുക്കാനില്ലെങ്കിൽ കാടിന്റെ മറപറ്റി നടക്കാം. എന്നാൽ അവരുടെ തമ്പ്രാക്കൾ എന്തു ചെയ്യും. അരിക്കിഴങ്ങുതേടി കാട്ടിലേക്ക് മല്ലന്റെ നേതൃത്വത്തിൽ അടിയാളർ നടത്തുന്നയാത്രയും മൂപ്പനും കൂട്ടരുമൊത്ത് മീൻ പിടിക്കാൻ നടത്തിയ ശ്രമവും നോവലിൽ കാണാം. പ്രകൃതിയുടെയും മേലാളരുടെയും കാരുണ്യത്താൽ നീട്ടിക്കിട്ടുന്നതാണ് അടിയാളരുടെ ആയുസ്. കടുത്ത പട്ടിണിയിലും തനിക്കുള്ളതെന്തും സഹജീവിക്കുകൂടി പങ്കുവയ്ക്കുന്ന നിഷ്കളങ്കതയും മനുഷ്യ സ്നേഹവും കാണാം. ചുണ്ടെലി താൻ നട്ടുനനച്ച മത്തനിൽ ഇലകൾ വന്നപ്പോൾ ബാവലിയുടെ അക്കരെനിന്ന് കല്ലിലം മന്റെിലെ അടിയാർ അന്വേഷിച്ചു വന്നു. വന്നവർക്കെല്ലാം രണ്ടും നാലും ഇലകൾ വീതം പൊട്ടിച്ചു നൽകി. തങ്ങൾക്കു മലങ്കാരി കനിഞ്ഞു നൽകിയത് മറ്റുള്ളവർക്കുകൂടി നൽകണമെന്നും തിരുനെല്ലി അടിയാന്റെ തറവാടെന്നുമാണ് അവരുടെ വിശ്വാ

സം. ഈ മണ്ണിൽ വിളയുന്നതെന്തും അടിയാന് അവകാശപ്പെട്ടതാണ്. വിതച്ചവനുമാത്രം വിധിച്ചതല്ല എന്നതാണ് അവരുടെ സാമൂഹിക ബോധം.

**പരിസ്ഥിതി**

കുറിഞ്ഞിത്തിണയുടെ വന്യമായ പരിസ്ഥിതിയാണ് കഥ നടക്കുന്ന തിരുനെല്ലിക്കാടുകൾക്കു സമീപം കഥ നടക്കുന്ന ബാവലിതീരത്തുള്ളത്. വെളിച്ചം എത്തിനോക്കാൻ ഭയപ്പെടുന്ന കൊല്ലി ഒരിക്കലും വറ്റാത്ത വെള്ളച്ചാലുകൊണ്ടും മുറ്റിത്തഴച്ച കൂവക്കാടുകൾകൊണ്ടും സമൃദ്ധമാണ്. ഓടക്കാടും മുളങ്കൂട്ടവും കൈകോർത്തു പിണച്ചു കോട്ടകെട്ടിയ പുലയൻ കൊല്ലി ആനകളുടെ വിഹാരകേന്ദ്രമാണ്.

തമ്പ്രാക്കൾക്കുവേണ്ടി കീഴാളർ ഒരുക്കിയെടുത്ത പുതിയ വയലുകളുടെ സ്ഥാനത്ത് പണ്ട് പാറക്കല്ലുകളും കാടും പടലുമായിരുന്നു. കണ്ടങ്ങൾ കുഴിച്ചപ്പോൾ പാമ്പുകൾ നഷ്ടപ്പെട്ട മാളങ്ങൾ തേടി നടന്നു.

പണ്ട് തിരുനെല്ലിപ്പെരുമാൾ കൃഷിചെയ്തിരുന്ന കാലത്ത് കുറുവ (പതിര്) ചേറികൊണ്ടിട്ട സ്ഥലമായിരുന്നു കുറവക്കൊല്ലി. അവിടെയിന്ന് ചമ്പകം പൂത്തുനിൽക്കുകയും കറുത്തിരുണ്ട് ആകാശങ്ങളോടെ പ്ലാവുകൾ കായ്ച്ചുനിൽക്കുകയും ചെയ്യുന്നു. മനുഷ്യർക്ക് എത്തിപ്പെടുക പ്രയാസമായതിനാൽ കൊല്ലന്തോറും മൂക്കാനനുവദിക്കപ്പെടുന്ന ചക്കകൾ കുറുവക്കൊല്ലിയിലേ കാണൂ. പ്ലാവും ഇരുളും വീട്ടിയും തേക്കും മുട്ടിയുരുമ്മി, വള്ളികൾ പുളഞ്ഞു പിരിഞ്ഞു കിടക്കുന്ന, വായുപോലും നെഞ്ചിടിപ്പോടെ നൂണ്ടുകടക്കുന്ന കാടിനെപറ്റിയുള്ള വർണ്ണനകൾ ഒരു കാലത്തെ തിരുനെല്ലി പ്രദേശത്തെ വനനിബിഡതയുടെ നേർക്കാഴ്ച നമുക്കു മുന്നിലെത്തിക്കും.

അട്ടകളും തേനീച്ചകളും നിറഞ്ഞ വനാന്തരങ്ങളിൽ മദിച്ചുനടക്കുന്ന ഒറ്റയാനകൾ. കറുത്ത മണ്ണിന്റെ ഫലഭൂയിഷ്ഠതയിൽ മുറ്റിത്തഴച്ച് മരതകപച്ചയാൽ തുടിച്ചുനിൽക്കുന്ന നെൽത്തണ്ടുകളുടെ മാദകഗന്ധം കാട്ടാനകളേയും പന്നികളെയും സദാമോഹിപ്പിക്കുകയും മാടിവിളിക്കുകയും ചെയ്യുന്നു.

**പദപരിസരങ്ങൾ**

ദ്രാവിഡത്തനിമയുള്ള അനേകം പദങ്ങൾകൊണ്ട് സമൃദ്ധമാണ് നെല്ല്. ചേറ്റുവിളയൻ നെല്ല് (ബലമുള്ള വൈക്കോൽത്തണ്ട്), ചെല്ലക്കാരൻ, മലങ്കാരി, മന്റ്റെ്, ചപ്പര (മരച്ചില്ലകൾകൊണ്ട് വിതാനിച്ച പന്തൽ), കാക്കപ്പുല, ചപ്പുനിരത്തുക, നെല്ലു സൂക്ഷിക്കുന്ന കൊമ്മ, റാട്ടി (ഭാര്യ), അവ്വ (അങ്ക). ചെല്ലരക്കാത്തി (കുടുംബകാരണവരുടെ ഭാര്യ-കാക്കപ്പുലക്ക് നോമ്പു നോക്കുന്ന ഉത്തരവാദിത്വം അവരുടേതാണ്). കൊരമ്പ് (വയലിൽ വേല ചെയ്യുമ്പോൾ മഴകൊള്ളാതിരിക്കാൻ തലയിൽ ചൂടുന്ന

തൊപ്പി, മറിളി (കണ്ണുപറ്റാതിരിക്കാൻ വയലിൽ നാട്ടുന്ന വൈക്കോൽ രൂപം), തമ്മാടി (വൈദ്യനും കൂടിയായ മന്ത്രവാദി), ഗദ്ദികയാടുക (മന്ത്ര വാദം ചൊല്ലുക), വല്ലിയും കോലും ഇടുക (കല്യാണം ഉറപ്പിക്കുന്നതിന് വധുവിന്റെ വീട്ടിലേക്ക് വിറകും നെല്ലും കൊണ്ടു വരുന്ന ചടങ്ങ്), ചുര ങ്ങാക്കുഞ്ചി, ബന്ദി അണിയുക (വണ്ണമുള്ള ഒറ്റ പിച്ചളവള), ചീരം (കൈ സഞ്ചി), പരുമൻ (കിഴവൻ), കാരിക്കൻ (അടിയാൻ ഉടുക്കാനും പുതക്കാനും ഉപയോഗിക്കുന്ന കട്ടിത്തുണി) എന്നിങ്ങനെ ആദിവസാസി ത്തനിമയുള്ള പദങ്ങൾ നോവലിൽ പരന്നു കിടക്കുന്നു.

സംസ്കൃതിയുടെയും കാപട്യത്തിന്റെയും വിളഭൂമിയായ പരിഷ്കൃത ലോകത്തിൽനിന്ന് വളരെ അകലെയാണ് ആദിവാസി ജീവിതത്തിന്റെ തട്ടകങ്ങൾ. മനുഷ്യ സംസ്കൃതിയുടെ ആദിമമുദ്രകൾ നഷ്ടപ്പെടാതെ സൂക്ഷിച്ചുവച്ചിരിക്കുന്ന ആദിവാസി/അടിയാള ജീവിതങ്ങളുടെ മറയി ല്ലാത്ത ആഖ്യാനമാണ് നെല്ലിലൂടെ പി. വത്സല നടത്തുന്നത്. ദ്രാവിഢ ജീവിതത്തിന്റെ നന്മയും വിശുദ്ധിയുമാണിവിടെ അനാവരണം ചെയ്യപ്പെ ടുന്നത്.

**ഗ്രന്ഥസൂചി**

1. "കാർവർണ്ണന് (വിഷ്ണു) പ്രിയമായ കാട്ടു പ്രദേശം, ചുവപ്പു നിറമുള്ള വന് (മുരു കൻ) പ്രിയമായ മലപ്രദേശം, ഇന്ദ്രനുപ്രിയമായ ജല പുഷ്ടിയുള്ള നാട്ടുപ്രദേശം, വരുണനുപ്രിയമായ കടൽത്തീരം എന്നിവയ്ക്കു യഥാക്രമം മുല്ലൈ, കുറിഞ്ചി, മരുതം, നെയ്തൽ എന്നു പറയും.
2. Xavier Thaninayakam. *Land Scape and poetry.* International Institute of Tamil studies, Chennai, 1997, p76

**സഹായക ഗ്രന്ഥങ്ങൾ**

1. കൃഷ്ൻ, എം.എം. (ഡോ). *വേരുകളിലെ ജീവതാളം.* കോട്ടയം: കറന്റ് ബുക്സ്, 2010
2. തൊൽക്കാപ്പിയർ : *തൊൽക്കാപ്പിയം.* വിവ., വ്യാ., എം. ഇളയപെരുമാളും എസ്.ജി. സുബ്രഹ്മണ്യപിള്ളയും. കോട്ടയം : നാഷണൽ ബുക്സ്റ്റാൾ, 1961
3. ലീലാവതി, എം. *നവകാന്തം.* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 2012
4. വൽസല, പി. *നെല്ല്.* കോട്ടയം: ഡി.സി. ബുക്സ്, 1995.

# കരിമ്പുകൃഷിയുടെ നാട്ടറിവുകൾ

**ഷീന ജി.**

മറ്റ് കാർഷികവിഭവങ്ങൾ പോലെ മനുഷ്യജീവിതത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന കാർഷികവിളയാണ് കരിമ്പ്. സാക്കറംഒഫീഷ്യ നേറിയം എന്ന ശാസ്ത്രീയ നാമത്തിൽ അറിയപ്പെടുന്ന പുല്ല് വർഗ്ഗത്തിൽ പെട്ട സസ്യമാണ് കരിമ്പ്. കരിമ്പിന്റെ ഉല്പത്തി സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ പൊതുവേ നിലനിൽക്കുന്നുണ്ട്. പ്രാചീന ഭാരതത്തിൽ കൃഷി ചെയ്തിരുന്ന ഉറപ്പേറിയ തണ്ടുകളുള്ള വണ്ണം കുറഞ്ഞ ഇനങ്ങളിൽ നിന്നാണ് ഇന്നു നാം കൃഷി ചെയ്യുന്ന കരിമ്പിന്റെ ഉല്പത്തിയെന്നും പിന്നീട് ഭാരതത്തിൽ നിന്നും സ്പെയിൻ, ബ്രസീൽ, മൊറീഷ്യസ് മുതലായ സ്ഥലങ്ങളിലേക്കു വ്യാപിച്ചതാണെന്നും അഭിപ്രായമുണ്ട്. ന്യൂഗിനിയയിൽ കണ്ടുവരുന്ന വണ്ണം കൂടിയ ഒരിനത്തിൽ നിന്നാണ് ഭാരതത്തിൽ കൃഷിചെയ്യുന്ന കരിമ്പിനങ്ങളുടെ ഉല്പത്തിയെന്നൊരു നിരീക്ഷണവുമുണ്ട്. ഇതിൽ നിന്നെല്ലാം കൃത്യമായൊരു നിഗമനത്തിലെത്തിച്ചേരാൻ ഗവേഷകർക്ക് കഴിഞ്ഞിട്ടില്ല.

ഉഷ്ണമേഖലാ പ്രദേശങ്ങളിലാണ് കരിമ്പ് സമൃദ്ധിയായി വളരുന്നത്. ഉയർന്ന താപനിലയും വായുവിലെ ഈർപ്പവും കരിമ്പിന്റെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. നല്ല നീർവാർച്ചയുള്ളതും പോഷകമൂലകങ്ങൾ ധാരാളം ഉൾക്കൊള്ളുന്നതുമായ മണ്ണ് കരിമ്പുകൃഷിക്ക് അത്യുത്തമമാണ്. കരിമ്പുകൃഷി മിക്കവാറും എക്കൽകലർന്ന കളിമൺപ്രദേശങ്ങളിലും നദീതടപ്രദേശങ്ങളിലുമാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. പഞ്ചസാരവ്യവസായത്തിലെ പ്രധാന അസംസ്കൃത വസ്തുവെന്ന നിലയിൽ കരിമ്പിന് വമ്പിച്ച സാമ്പത്തിക പ്രാധാന്യം നേടാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ശർക്കര വ്യവസായത്തിനും മദ്യവ്യവസായത്തിലെ പ്രധാന അസംസ്കൃത വസ്തുവായും കരിമ്പുല്പന്നങ്ങൾ ഉപയോഗിക്കുന്നുണ്ട്.

ആലപ്പുഴ ജില്ലയിലെ ഇടപ്പോൺ,വെട്ടിയാർ,പന്തളം തുടങ്ങിയ ഭാഗ

ങ്ങളിൽ അച്ചൻകോവിലാറിന്റെ തീരപ്രദേശങ്ങളിലും തകിടിനിലങ്ങളിലും തോടിൻകരകളിലും കരിമ്പ്കൃഷി വ്യാപകമായിരുന്നു. കരിമ്പ് കൃഷി സംബന്ധമായ ധാരാളം അറിവുകൾ ഈ പ്രദേശങ്ങളിലെ പ്രായം ചെന്ന കർഷകർക്കുണ്ട്. ഒരു നിശ്ചിത പാരിസ്ഥിതിക ഘടനയ്ക്കകത്ത് അതിജീവനാർത്ഥം ഒരു ജനവിഭാഗം രൂപപ്പെടുത്തിയ നാട്ടറിവുകളാണിവ. ഈ പ്രദേശങ്ങളിലെ കർഷകരിൽ നിന്നും ദത്തശേഖരണം വഴി ശേഖരിക്കാൻ കഴിഞ്ഞ നാട്ടറിവുകളാണ് പ്രബന്ധത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ഒറ്റത്തവണ ഉഴവ് നടത്തി നിലം വൃത്തിയാക്കി തടമറിഞ്ഞ് കരിമ്പ് നട്ടു തുടങ്ങുന്നു. രണ്ടുതരം നടിച്ചിൽ രീതിയാണ് ഇവിടെ പ്രചാരത്തിലുള്ളത്. മുരുപ്പുംമാലി എടുത്ത് നടുന്ന രീതിയാണൊന്ന്.മറ്റൊന്ന് നീളത്തിൽ കരിമ്പ് ഇട്ടിട്ട് പോകുന്ന രീതി. കർഷകർ അവരവരുടെ സൗകര്യമനുസരിച്ച് ഇവയിൽ ഏതെങ്കിലുമൊരു രീതി സ്വീകരിച്ചു പോന്നു. മുരുപ്പുംമാലി എടുക്കുമ്പോൾ ചാലുകൾ കിളച്ച് മണ്ണ് ഇരുവശങ്ങളിലേക്കും ഇടുന്നു. ചാലിന്റെ അടിഭാഗം കിളച്ച് ഇളക്കുകയും ചെയ്യുന്നു. വളമിടൽ,ജലസേചനം ഇവയെല്ലാം ആദ്യകാലങ്ങളിൽ ചാലുകളിൽ നടത്തുന്നു.ക്രമേണ ചാലുകൾ നികന്നു വരുന്നു. കരിമ്പിന്റെ വളർച്ച പൂർത്തിയാകുന്നതോടു കൂടി ചെടികൾക്ക് ഇരുവശത്തുമായി മണ്ണ് കൂട്ടിക്കൊടുക്കുമ്പോൾ ചാലുകളുടെ സ്ഥാനത്ത് വാരം പോലെ മണ്ണിന്റെ വിതാനം ഉയർന്നു വരികയും ചെയ്യുന്നു.

കരിമ്പ് നടുന്നതിനുപയോഗിക്കുന്നത് മൂപ്പെത്താത്ത കരിമ്പിൻതണ്ടിന്റെ കഷ്ണങ്ങളാണ്. ഇവയെ തലക്കം എന്നാണ് പൊതുവെ പറയാറുള്ളത്. കരിമ്പിൽ നിന്നു തന്നെയാണ് ഇവ നടുന്നതിനായി ശേഖരിക്കാറുള്ളത്. മൂപ്പെത്തിയ കരിമ്പിൽ നിന്നും ശേഖരിച്ച കരണങ്ങൾ നാലഞ്ചുമണിക്കൂർ തണുത്ത വെള്ളത്തിൽ മുക്കി വയ്ക്കുന്നത് കിളിർക്കുന്നതിന്റെ ഓജസ്സ് വർദ്ധിപ്പിക്കുന്നതിനുതകുമെന്നാണ് കർഷകരുടെ അഭിപ്രായം. കുംഭക്കരിമ്പ് എന്ന ഒരിനം നാടൻകരിമ്പ് കൃഷി ചെയ്തിരുന്നതായും നടുന്നതിന് മുൻപ് നല്ല മുള പൊട്ടുന്നതിനായി കർഷകർ ഒരു നാട്ടുപ്രയോഗം ചെയ്തിരുന്നതായും ഓർമ്മിക്കുന്നുണ്ട്.

തലക്കം വെള്ളത്തിലിട്ട ശേഷം മണലിൽ കുഴിച്ചിടും. രണ്ടുമൂന്നുദിവസത്തിനു ശേഷം കോഴിച്ചുണ്ട് പോലെ മുളപൊട്ടുമെന്നും പിന്നീട് കരിമ്പ് നന്നായി വളരുന്നതിനും ഇതു കാരണമാകുമത്രേ. മുളവന്ന കരിമ്പിന് സാധാരണഗതിയിൽ ഇരുപത് ദിവസം കഴിയുമ്പോൾ ചാണകമാണ് മുഖ്യവളമായി ചേർക്കാറുള്ളത്. മുട്ടിനു ചുറ്റും നീലനിറം വരുന്നതും തോടിനു കട്ടിക്കുറവുള്ളതുമാണ് നാടൻ കരിമ്പിന്റെ ലക്ഷണം.

വളരുന്ന കരിമ്പ് സംരക്ഷിക്കുന്നതിന് വിവിധ മാർഗ്ഗങ്ങൾ കർഷകർ സ്വീകരിച്ചിരുന്നു. രണ്ടാൾ പൊക്കം വരെയും ഏറെ വളക്കൂറുള്ള പ്രദേശങ്ങളിൽ അതിനെക്കാൾ പൊക്കത്തിലും കരിമ്പ് വളരാൻ സാധ്യതയുണ്ട്. ഇത്തരത്തിൽ പൊക്കത്തിൽ വളരുന്ന കരിമ്പ് താഴെ വീഴാതിരിക്കുന്നതിനു വേണ്ടി മൂടംകെട്ടി മുകളിലേക്ക് വിടുന്ന രീതി പ്രചാരത്തിലുണ്ടായിരുന്നു. കരിമ്പ് താഴെ വീണുപോയാൽ മറ്റു ജീവികൾ തുരക്കുന്നതിനും കേടാവുന്നതിനും സാധ്യതയുണ്ടെന്നതാണ് മൂടംകെട്ടുന്നതിനു കാരണം. നാടൻകരിമ്പുകളുടെ തോടിനുകട്ടിക്കുറവുള്ളത് ഈ രീതിയുടെ പ്രചാരം വർദ്ധിപ്പിച്ചു.

നല്ലവളക്കൂറുള്ള മണ്ണിലും വളരെ ഉയർന്ന വിളവ് പ്രതീക്ഷിക്കുന്നയിടങ്ങളിലും കരിമ്പ് ഊന്നുകൊടുക്കുകയും പൊതിയുകയും ചെയ്യാറുണ്ട്. കരിമ്പ് വളർന്നു വരുന്നതോടു കൂടി ചെടികളുടെ ഉണങ്ങിയ ഇലകൾ കൊണ്ടുതന്നെ, കരിമ്പ് ഒറ്റയ്ക്കോ ഏതാനും എണ്ണം കൂട്ടിച്ചേർത്തോ പൊതിയുന്നു. കൂടുതൽ വളർച്ചയെത്തുന്നതോടു കൂടി വീണ്ടും പൊതിയുകയും കരിമ്പ് മറിഞ്ഞു വീഴാനിടയാകാതെ മുളനാട്ടി ഊന്നുകൊടുത്ത് ഉറപ്പിച്ച് നിർത്തുകയും ചെയ്യുന്നു. അടുത്തടുത്ത രണ്ടു വരികളിലെ കരിമ്പുകൾ കൂട്ടിച്ചേർത്ത് കരിമ്പിന്റെ ഇലകൾ തന്നെ പിരിച്ചു കെട്ടിയതിനുള്ളിൽ ഉറപ്പിച്ച് മറിഞ്ഞു വീഴാതെ നിർത്തുന്ന ഒരു സമ്പ്രദായമുണ്ട്. ഇതിന് കരിമ്പിലപ്പിന്നൽ എന്നു പറയുന്നു. മുളയോ കമ്പിയോ ഒന്നും ആവശ്യമില്ലാത്തതു കൊണ്ട് ചെലവു കുറഞ്ഞതാണ് ഈ സമ്പ്രദായം. വേനൽക്കാലത്ത് കരിമ്പിൻ തണ്ടിൽ വിള്ളലുകൾ ഉണ്ടാകാതിരിക്കുന്നതിനും ഈ പൊതിയൽ സഹായിക്കുന്നു. ഇലയുരിച്ചിൽ എന്നൊരു സംരക്ഷണമാർഗ്ഗം കർഷകർ സ്വീകരിക്കാറുണ്ട്. പകുതി വളർച്ചയെത്തിയ കരിമ്പിൽ മഴവെള്ളം വീണു മുളപൊട്ടാതിരിക്കുന്നതിനു സ്വീകരിക്കുന്ന മാർഗ്ഗമാണിത്. ഉണങ്ങിയ ഇലകളെല്ലാം ഉരിച്ചു കളഞ്ഞ് തണ്ട് വെടിപ്പാക്കുന്ന രീതിയാണ് ഇലയുരിച്ചിൽ . ഇപ്രകാരം ചെയ്യുന്നതു കൊണ്ട് ഇലക്കവിളുകളിൽ വെള്ളം കെട്ടി നിന്ന് പാർശ്വമുകുളങ്ങൾ മുളയ്ക്കുന്നത് തടയാൻ സാധിക്കുന്നു.

കുറഞ്ഞത് രണ്ടുതവണയെങ്കിലും കരിമ്പിനിടയിൽ കിള നടത്തുന്നു. കരിമ്പിന്റെ വളർച്ചയുടെ ആദ്യത്തെ ഘട്ടത്തിൽ ഓല/ഇല പിടിച്ചു കെട്ടാതെ കിളയ്ക്കുന്നു. രണ്ടാമത്തെ കിള ചാവോല പിടിച്ചുകെട്ടി നടത്തുന്നതാണ്. കരിമ്പിന്റെ പഴുത്തതും ഉണങ്ങിയതുമായ ഇലയെയാണ് ചാവോല യെന്ന് നാട്ടുമൊഴിയിൽ പറയുന്നത്. കരിമ്പ് പൂക്കുന്നതോടു കൂടി ചെടിയുടെ വളർച്ച നിലയ്ക്കുകയും പഞ്ചസാരയുടെ സംയോജനവും കേന്ദ്രീകരണവും അവസാനിക്കുകയും ചെയ്യുന്നു. വിളവെടുപ്പിന് പാകമായ കരിമ്പിൽ നിന്നു മാലിന്യങ്ങൾ കുറഞ്ഞ, ശുദ്ധ

മായ നീര് ലഭിച്ചിരിക്കും. ഇലയിലും തണ്ടിലും പൊതുവെ കാണുന്ന ബാഹ്യലക്ഷണങ്ങൾക്കപ്പുറം കരിമ്പിന്റെ വിളവെടുപ്പ് നിർണയിക്കാൻ മറ്റുമാർഗ്ഗങ്ങളും കർഷകർ സ്വീകരിക്കാറുണ്ട്. കത്തിയുടെ പുറംകൊണ്ട് തണ്ടിൽ മുട്ടുമ്പോൾ ഉണ്ടാവുന്ന ലോഹശബ്ദം കേട്ട് കൃഷിക്കാർ വിളവിന്റെ പാകം നിർണയിച്ചിരുന്നു. മണ്ണോട് ചേർത്താണ് കരിമ്പ് വെട്ടിയെടുക്കുന്നത്. മൂർച്ചയേറിയ തൂമ്പകൊണ്ട് കരിമ്പ് മണ്ണ്നിരപ്പിൽ വെട്ടിയെടുക്കുന്നതായിരുന്നു വിളവെടുപ്പ് രീതി. ഒരു മൂട്കരിമ്പ് ഒറ്റവെട്ടിന് തന്നെ തൂമ്പ കൊണ്ട് ശക്തിയായി അരിഞ്ഞു വീഴ്ത്തിയിരുന്നു. ഇത്തരത്തിൽ ചെയ്യുന്നതിനു കാരണം അടുത്ത തവണ മുള കരുത്തോടെ വളർന്നുവരുമെന്ന അറിവാണ്.

കരിമ്പ് മുറിച്ച ശേഷം വയലിൽ അവശേഷിക്കുന്ന കുറ്റികളിൽ നിന്നും വീണ്ടും ഒരു വിള വളർത്തിയെടുക്കുന്നതിന് കുറ്റിവിളകൃഷി യെന്ന് പറയുന്നു. നിലം പാകപ്പെടുത്തുന്നതിനും കരണം തയ്യാറാക്കി നടുന്നതിനും വേണ്ടി വരുന്ന വൻപിച്ച ചിലവ് ലാഭിക്കാമെന്നുള്ളതാണ് ഈ രീതിക്കുള്ള മെച്ചം. ഇത്തരത്തിൽ മുളച്ചു വരുന്ന കരിമ്പിന് ആവശ്യമായ വെള്ളവും വളവും നല്കുകയാണെങ്കിൽ തലക്കരിമ്പിൽ നിന്നും ലഭിച്ചതിനെക്കാൾ നല്ല കരിമ്പ് ലഭിച്ചിരിക്കും. കൂടാതെ രണ്ടോ മൂന്നോ തവണ കുറ്റിക്കരിമ്പിൽ നിന്നും കരിമ്പ് വളർത്തിയെടുക്കുന്നതിനും സാധിക്കും. വിളവെടുപ്പിനൊപ്പം തലഭാഗം/ തലയ്ക്കം മറ്റുകർഷകർക്ക് വില്ക്കുന്നതിനും സാധിക്കുമെന്ന മെച്ചമുണ്ട്. കരിമ്പ് വെട്ടിയശേഷം കൃഷിയിടം നെടുകെ തീയിടുന്ന പതിവുണ്ട്. കരിമ്പോലകൾ കത്തി നെടുകെ കൃഷിയിടം ചൂടുപിടിച്ചാൽത്തന്നെയും കുറ്റിവിളകൃഷിയിൽ നാമ്പ്/മുള വരുന്നത് കരുത്തോടെയായിരിക്കും.

കരിമ്പ് വിളവെടുപ്പ് നടത്തിയ ശേഷം ഇലകളെല്ലാം നീക്കി അഗ്രഭാഗത്തെ ഇളപ്പം തണ്ട് മുറിച്ച് മാറ്റുന്നു. അഗ്രഭാഗം നീരെടുക്കുന്നതിന് ഉപയോഗിക്കാറില്ല. ശർക്കരയുണ്ടാക്കുമ്പോൾ കൂടുതൽ മാലിന്യങ്ങൾ അടിയുമെന്നതാണ് ഈ ഭാഗം ഉപയോഗിക്കാതിരിക്കുന്നതിനു കാരണം. ശേഷിക്കുന്ന കരിമ്പാണ് നീരെടുക്കുന്നതിന് ഉപയോഗിക്കുന്നത്. കുറുക്കുപുരയെന്നാണ് ശർക്കര കുറുക്കിയെടുത്തിരുന്ന ചക്ക് പുരയ്ക്ക് പറയുന്നത്. കുറുക്കുപുരകളിലേക്ക് കരിമ്പു കൊണ്ട്ചെല്ലുന്നവർക്ക് ശർക്കരകുറുക്കാനറിയുമെങ്കിൽ സ്വയം കുറുക്കിയെടുക്കുവാനുള്ള സൗകര്യം മുൻപ് ഉണ്ടായിരുന്നു. കുറുക്കറിയാത്തവർക്ക് പണം നല്കി ശർക്കരകുറുക്കിയെടുത്ത് കൊണ്ടുപോരുന്നതിനുള്ള സൗകര്യവും ഉണ്ടായിരുന്നു. അതിനൽപ്പം പണം അധികമാവുമെന്നു മാത്രം. കരിമ്പിന്റെ ഓല ഉണക്കിയെടുക്കുന്നതും നീരെടുത്ത ശേഷമുള്ള കൊന്നല്/കൊന്ത് നീര് വറ്റിക്കുന്നതിനായി ഉപയോഗിച്ചിരുന്നു. കരിമ്പിൻ ചണ്ടിക്ക് കൊന്നലെന്നും കൂട്ടായ്മയിൽ പറയാറുണ്ട്.

ആദ്യകാലങ്ങളിൽ കാളചക്കായിരുന്നു ഈ ഭാഗങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്നത്. കാളചക്കിന് പ്രധാനമായും മൂന്നുഭാഗങ്ങൾ ഉണ്ടായിരുന്നു. മൂന്നുപറ,അതിനു മുകളിലൊരു പീഠം,താഴെ തട്ടം ഇത്തരത്തിലായിരുന്നു കാളചക്കിന്റെ നിർമ്മിതി. പീഠം പോലുള്ള ഭാഗം പൂവണ്ണലു കൊണ്ടാണ് നിർമ്മിക്കുന്നത്. മൂന്നു പറയിൽ രണ്ടെണ്ണം ഒന്നുപോലെ ചേർന്നു നിന്നാൽ മാത്രമേ കൊന്നലു (കരിമ്പിൻ ചണ്ടി) പൊടിഞ്ഞു വീഴുകയുള്ളൂ. കാളനടക്കുന്നതനുസരിച്ച് പറ കറങ്ങിക്കൊണ്ടിരിക്കുകയും അതിനനുസരിച്ച് കരിമ്പ് വച്ചു കൊടുക്കുകയും നീര് ചക്കിലെ പാത്തി വഴി താഴെ വച്ചിരിക്കുന്ന കുട്ടകത്തിലേക്ക് വീഴുകയും ചെയ്യുന്നു. മണ്ണിന്റെ ഘടനയനുസരിച്ച് ശർക്കരയുടെ അളവ് കൂടുകയും കുറയുകയും ചെയ്യാം. സാധാരണഗതിയിൽ എട്ടുകുടം നീരിന് ഒരു പാട്ട ശർക്കര കിട്ടുമെന്നാണ് കണക്കാക്കിയിരുന്നത്. ചെറിയ ഏറ്റക്കുറച്ചിലുകളും ഉണ്ടാവാം. കാളചക്കിന്റെ പ്രവർത്തനം ഇത്തരത്തിലായിരുന്നു. പിന്നീട് മോട്ടോർ ഘടിപ്പിച്ച യന്ത്രചക്കുകൾ ഈ ഭാഗങ്ങളിൽ പ്രചാരത്തിൽ വരികയുണ്ടായി.

1936 വരെ കേരളത്തിൽ കരിമ്പ് കൃഷി ചെയ്തിരുന്നത് ശർക്കരയുടെ നിർമ്മാണം മാത്രം മുൻനിർത്തിയാണ്. 1937-ലെ ട്രാവൻകൂർ ഷുഗേഴ്സ് എന്ന കമ്പനി ആരംഭിച്ചതിനു ശേഷമാണ് ഇവിടെ പഞ്ചസാരയുടെ ഉല്പാദനം ആരംഭിച്ചത്. ധാരാളം ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും കരിമ്പുകൃഷി വ്യാപിക്കുന്നതിനും വ്യവസായ മേഖലയ്ക്ക് സാധിച്ചു. തുടർന്ന് രണ്ട് പഞ്ചസാരമില്ലുകൾ കൂടി കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു.1964-ൽ പന്തളം ഭാഗത്ത് പ്രവർത്തനം ആരംഭിച്ച മന്നം ഷുഗർമില്ലും 1965-ൽ ചിറ്റൂരിൽ ആരംഭിച്ച പഞ്ചസാര ഫാക്ടറിയും ഈ മേഖലയിൽ പുത്തനുണർവ്വ് സൃഷ്ടിച്ചു. 1960 മുതൽ 80 വരെയുള്ള കാലഘട്ടത്തെ കേരളത്തിലെ പഞ്ചസാരവ്യവസായത്തിന്റെ സുവർണ കാലഘട്ടമായി കണക്കാക്കാം.കേരളത്തിന്റെ സാമൂഹികസാമ്പത്തിക വികസനത്തിൽ കരിമ്പുകൃഷി വളരെയധികം പങ്കുവഹിച്ചിരുന്നുവെന്ന് സാരം.

വ്യവസായവൽക്കരണത്തിനു മുൻപ്, ഗ്രാമീണ തൊഴിൽമേഖലയിൽ സ്വയം പര്യാപ്തത നിറഞ്ഞയിടമായിരുന്നു കൃഷി. കൃഷിചെയ്ത് ഉല്പാദിപ്പിക്കുന്നതത്രയും ഉല്പന്നമാക്കിയെടുക്കുന്നതിനു കർഷകർക്ക് കഴിഞ്ഞിരുന്നു. മില്ലുകളുടെ വരവിന് മുൻപ് കാളചക്കുകളുടെ സഹായത്തോടെ ശർക്കരയാക്കുന്നതിനും പ്രാദേശികമായി വിപണി കണ്ടെത്തുന്നതിനും സാധിച്ചിരുന്നു. മന്നം ഷുഗർ മില്ലിന്റെ വരവോടെ പ്രദേശത്ത് ഉല്പാദിപ്പിക്കുന്ന കരിമ്പിന്റെ എൺപതുശതമാനം മില്ലിലേക്ക് നൽകാൻ നിർബന്ധിതരായെന്ന് കർഷകർ പറയുന്നുണ്ട്. അതുവരെ കരിമ്പ് കൃഷി

ചെയ്യുന്നതിനും സ്വയം ഉല്പന്നമാക്കുന്നതിനും വിപണി കണ്ടെത്തുന്നതിനും കഴിഞ്ഞിരുന്ന ജനതയ്ക്കു മേൽ ഭരണകൂടം ഇതുവഴി നിയന്ത്രണമേല്പിക്കുകയാണ് ചെയ്തത്. നാട്ടുവിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ വിളവിറക്കിയിരുന്ന കൃഷിയിടങ്ങളിലേക്ക് സാങ്കേതിക വിദ്യയുടെ കടന്നു വരവും തുടർന്നുള്ള അധികാരഇടപെടലും വലിയ മാറ്റങ്ങളുണ്ടാക്കിയെന്ന് വ്യക്തം.

കർഷകരുടെ തന്നെ അഭിപ്രായത്തിൽ, നിയമം നടപ്പിൽ വന്നതിനൊപ്പം തന്നെ ചക്കിനെക്കാൾ കൂടുതൽ ലാഭവും എളുപ്പവുമാണ് പഞ്ചസാരമില്ലെന്ന് കരുതി കൂടുതൽ പേർ ഈ മേഖലയിലേക്ക് ആകൃഷ്ടരായി. കരിമ്പ് കയറ്റിവിടുകയെന്ന ജോലിമാത്രമേ കർഷകർ അറിയേണ്ടിയിരുന്നുള്ളൂ. പണം കൃത്യമായി ലഭിക്കും. കർഷകർക്കിടയിൽ തന്നെ മില്ലിലേക്ക് കരിമ്പ് കയറ്റിയയ്ക്കുന്നത് കൂടുതൽ സൗകര്യവും അധ്വാനക്കുറവുമുള്ള തൊഴിലായി കണക്കാക്കപ്പെട്ടു. കൃഷിക്കാർ വ്യവസായ മേഖലയിലേക്ക് കൂടുതൽ ആകൃഷ്ടരായതോടു കൂടി കാലക്രമേണ ഈ ഭാഗത്തെ ചക്കുകൾ നിലച്ചുപോവുകയും ചെയ്തു.

മന്നം ഷുഗർ മില്ലിലേക്ക് സ്ഥിരമായി നല്കാനുള്ള കരിമ്പിന്റെ ഉല്പാദനം ഈപ്രദേശങ്ങളിൽ കുറവായിരുന്നുവെന്ന് കർഷകർ വ്യക്തമാക്കുന്നുണ്ട്. കൂടാതെ തിരുവല്ലയിലെ പുളിക്കീഴിലുള്ള പഞ്ചസാര ഫാക്ടറിയിലേക്കും കർഷകരിൽ ചിലർ കരിമ്പ് കയറ്റി അയച്ചിരുന്നു. അടുത്തടുത്ത രണ്ട് ഫാക്ടറികളിലേക്ക് വേണ്ടത്ര കരിമ്പുല്പാദനം ഇവിടങ്ങളിൽ നടന്നിരുന്നില്ല. കാലക്രമേണ പഞ്ചസാര ഫാക്ടറികളുടെ ഉല്പാദനം പൂർണമായും നിലച്ചു. ചക്കുകൾ അന്യം നിന്നു പോവുകയും ഫാക്ടറി ഉല്പാദനം ഇല്ലാതാവുകയും ചെയ്തതോടെ ഉല്പാദിപ്പിക്കുന്ന കരിമ്പ് ഉല്പന്നമാക്കാനുള്ള സാധ്യത പൂർണമായും ഈ പ്രദേശങ്ങളിൽ ഇല്ലാതായിത്തീർന്നു. കർഷകർക്കിടയിൽ കരിമ്പ് കൃഷിയോട് വിമുഖത കാണിക്കുന്നതിനും കൃഷി ഏറെക്കുറെ പ്രദേശത്ത് ഇല്ലാതായിത്തീരുന്നതിനും ഇതു കാരണമായിത്തീരുകയും ചെയ്തു. കൂടാതെ തമിഴ്നാട്ടിൽ നിന്നുള്ള ഇറക്കുമതിയും തൊഴിലാളികളുടെ ലഭ്യതക്കുറവും മണ്ണിന്റെ ഘടനയിൽ വന്ന മാറ്റവും കരിമ്പ് കൃഷിയിൽ നിന്നും പിന്തിരിയുന്നതിനുള്ള മറ്റ് കാരണങ്ങളായി കർഷകർ ഇതിനൊപ്പം പറയുന്നുണ്ട്.

# ഭക്ഷണസംസ്കൃതിയും നാട്ടറിവുകളും

**ആർഷ സി. ജെ.**

ഭക്ഷണം ഔഷധമായി കണ്ടിരുന്ന നാടാണ് നമ്മുടെത്. നമ്മുടെ നാട്ടറിവുകൾക്ക് ഭൂപ്രകൃതിയുടെയും കാലാവസ്ഥയുടെയും തൊഴിലിന്റെയും സ്വാധീനമുണ്ട്. അത്തരത്തിൽ തിരുവനന്തപുരത്തിന്റെ തെക്ക് ഭാഗത്ത് കണ്ടുവരുന്ന ചില നാട്ടറിവുകളെ പരിചയപ്പെടുത്തുന്നു.

നമ്മുടെ ആഘോഷങ്ങളിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ക്ഷണവിഭവമാണ് സദ്യം. സദ്യ ഒരുകാലത്ത് മേൽ ജാതിക്കാർ മാത്രം ആസ്വദിച്ചിരുന്ന ഒരു വിവമായിരുന്നു. ബ്രാഹ്മണരും നായരും ആയിരുന്നു ഇത് ഉപയോഗിച്ചിരുന്നത്. സദ്യ ഒരു കാലത്ത് കീഴാളർക്ക് സ്വപ്നം കാണാൻപോലും കഴിയുന്ന ഒന്നായിരുന്നില്ല. ഒരു നേരത്തെ കഞ്ഞിപോലും വയറുനിറച്ച് കുടിക്കാൻ കഴിയാത്തവരായിരുന്നു. എന്നാൽ സദ്യ ഇന്ന് സർവ്വസാധാരണമാണ്. വളരെ ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ ഒന്നാണ്. ചിങ്ങമാസം വിളവെടുപ്പ് കാലമാണ്. ചിങ്ങമാസത്തിലെ തിരുവോണനാളിലാണ് സദ്യ ഒരുക്കുന്നത്. എന്നാൽ വിവാഹംപോലുള്ള വിശേഷങ്ങൾക്കും സദ്യ പ്രധാന വിഭവമാണ്. സദ്യ ഓരോ നാട്ടിലും ഓരോ വിധമാണ്. കാലാവസ്ഥയും സംസ്കാരവുമനുസരിച്ച് ഇവയ്ക്ക് മാറ്റമുണ്ട്. കോട്ടയം ഇടുക്കി പ്രദേശങ്ങളിലെ സദ്യയിൽ പൊർക്കും ബീഫും സാധാരണ വിഭവമാണ്. കണ്ണൂർ കാസർഗോഡ് എന്നിവിടങ്ങളിലെ ഓണസദ്യയിൽ ഇറച്ചിക്കറിയും പ്രധാനവിഭവമാണ്. എന്നാൽ തിരുവനന്തപുരം ജില്ലയിൽ കണ്ടുവരുന്ന സദ്യയിൽ മത്സ്യമാംസാദികൾ ഉണ്ടാകാറില്ല. പച്ചക്കറികൾ കൊണ്ടുള്ള വിഭവമാണ് ഇവിടെ സദ്യയിൽ ഉള്ളത്. തിരുവനന്തപുരത്ത് കണ്ടുവരുന്ന സദ്യയുടെ വിഭവക്രമവും കഴിക്കേണ്ടുന്ന ശാസ്ത്രീയ രീതിയും ഇങ്ങനെയാണ്.

തൂശനിലയിലാണ് സദ്യ വിളമ്പാറ്. എന്നാൽ ഇടയിലുള്ള ഇലയിലും ഇല രണ്ടായിമുറിച്ചും മറ്റു പ്രദേശങ്ങളിൽ സദ്യ വിളമ്പാറുണ്ട്. കഴിക്കുന്ന ആളിന്റെ ഇടതുവശം ചേർത്താണ് ഇല ഇടേണ്ടത്. താഴെ അറ്റത്തായി കായ വറുത്തതും ഉപ്പേരിയും രസകദളിപഴവും പഴത്തെ മറമ്പ് പപ്പടവും വയ്ക്കും. മുകളിലായി ഇടതുനിന്നു ഇലയ്ക്കു വലത്തോട്ട് ഇഞ്ചിക്കറി, മാങ്ങ, നാരങ്ങ, നെല്ലിക്ക തുടങ്ങിയ അച്ചാറുകൾ കിച്ചടി, പച്ചടി, തോരൻ, അഴിയൽ എന്നിവ ക്രമത്തിൽ വയ്ക്കും. അറുത്തായി വടക്കി എന്ന കൂട്ടുക്കറി വിളമ്പും. ഇത് തിരുവനന്തപുരത്തിന്റെ തെക്കു ഭാഗത്തായി കണ്ടുവരുന്ന ഒരു വിഭവമാണ്. തമിഴ്നാടിന്റെ സ്വാധീനം വടക്കറിക്ക് ഉണ്ട്. ഉഴുന്ന് വടയുടെ മാവ് ചെറിയ ഉരുളകളാക്കി, വടകൾ ഉണ്ടാക്കി കൂട്ടുക്കറിയിൽ ഇട്ടിരിക്കും. തലേദിവസമാണ് ഈ കറി ഉണ്ടാക്കുന്നത്. പിറ്റേന്ന് സദ്യയിൽ വിളമ്പുമ്പോൾ കൂട്ടുകറിയിലെ വട കുതിർന്നിരിക്കും. ഇത്രയും ഒരുക്കി വച്ചതിനു ശേഷമാണ് ചോറ് വിളമ്പുന്നത്. ആദ്യം ഇലയിൽ ഇടുന്ന ചോറ് തന്നെ ധാരാളമാണ്. അവ മൂന്നായിട്ട് പകുത്ത് വയക്കണം. ഒരു ഭാഗം നീക്കി ആദ്യം വരുന്ന പരിപ്പ് കറിക്ക് (പയർ കറിയല്ല) ഒപ്പം നെയ്യും ചേർത്ത് അവിയലും തോരനും പപ്പടവും കൂട്ടികുഴമ്പ് ഉരുളകളായിട്ട് ഉണ്ണാം. അവിയൽ എല്ലാ പച്ചക്കറികളും ചേർന്ന ഒരു വിഭവമാണ്. തോരനായി പയറോ വാഴക്കൂമ്പോ ഉപയോഗിക്കുന്നു. അടുത്ത ഭാഗം ചോറിനൊപ്പം സാമ്പാറാണ് കൂട്ടേണ്ടത്. ഒപ്പം സാമ്പാറിന്റെ എരിവിനെ തുലനപ്പെടുത്താനായി പുളിയുള്ള കറികളായ കിച്ചടിയും പച്ചടിയും ചേർത്ത് കുഴമ്പ് കഴിക്കണം. വെള്ളരിക്കയോ, കുമ്പളങ്ങയോ കൈതചക്കയോ കൊണ്ടാണ് കിച്ചടിയും പച്ചടിയും ഉണ്ടാക്കാറുള്ളത്. ആദ്യം വരുന്ന പായസമാണ് അടപ്രഥമൻ, പ്രഥമൻ എന്ന വാക്കുകൊണ്ട് തന്നെ സ്ഥാനം പറയുന്നുമുണ്ട്. ഇതിനൊപപ്പം പപ്പടമോ രസകദളിപഴമോ നന്നായി ഞവിടി കഴിക്കണം. അടുത്ത് വരുന്ന പരിപ്പ് പായസം ഏറെ മധുര കലിപ്പുള്ളതാണ്. ഇതിനോടൊപ്പം അച്ചാറികളാണ് കഴിക്കേണ്ടത്. ഇങ്ങനെ കഴിക്കുമ്പോൾ മധുരം കുറയുന്നതായി അനുഭവപ്പെടും. അടുത്ത പായസമാണ് പാൽപായസം അരികൊണ്ടാണിത് ഉണ്ടാക്കാറുള്ളത്. പൂന്തിയോ ബോളിയോ ഇതിനോടൊപ്പം ചേർത്ത് കഴിക്കുന്നു. അടുത്തുവരുന്ന പുളിശ്ശേരി ചോറിനൊപ്പം കഴിക്കാം. രസം, മോര് എന്നിവ കൈക്കുമ്പിളിൽ വാങ്ങി കുടിക്കാം. ഇലയിലെ മിച്ചം ചോറും കറികളും നീക്കി ഒരുരുള കഴിക്കണം. ശേഷം നൂറ്റി എട്ട് കറികൾക്ക് തുല്യമായ ഇഞ്ചിക്കറി നാവിൽ തൊട്ട് വമ്പ് എണീക്കുമ്പോഴെക്ക് സദ്യ കഴിച്ചതിന്റെ ആലസ്യം ഉണ്ടാകില്ല. ഒപ്പം ലഭിക്കുന്ന നാരങ്ങയുടെ നീരെടുത്ത് ഉപ്പോ പഞ്ചസാരയോ ചേർത്ത് വെള്ളം കലക്കി കുടിച്ചാൽ പിന്നെ സുഖം. ഇങ്ങനെ ശാസ്ത്രീയമായി സദ്യ കഴിച്ചാൽ

രുചി വ്യത്യാസം കൃത്യമായി അറിയാൻകഴിയും. ദഹനപ്രക്രിയയും കൃത്യമായി നടക്കും.

ആരോഗ്യപ്രധാനമായ മറ്റൊരു ആഹാരമാണ് മാവും പഴവും, അവിലോസ് പൊടിയുടെ മറ്റൊരു രൂപമാണിത്. അരിയോടൊപ്പം കാരയില, മലതാങ്ങിയില, മുറിവ്പെരുന്തിപച്ചില എന്നിവ ചേർത്ത് പൊടിച്ച് വിളഞ്ഞ തേങ്ങയും ചേർത്ത് വറുത്തെടുക്കും. ഈ മാവിനെ കാറ്റ് കേറാത്ത് ഭരണിയിലോ കുപ്പിയിലോ അടച്ച് വയ്ക്കണം. ആവശ്യാനുസരണം എടുത്ത് കരിപ്പോട്ടി ചെത്തിയിട്ട് നേന്ത്രപഴവുമായി കുഴച്ച് ഉരുളകളാക്കി കഴിക്കാം. ഒപ്പം കട്ടൻചായ തേയില വെള്ളവും കുടിക്കാം. ആർത്തവനാളുകളിൽ ഇടഭക്ഷണമായി കഴിക്കാറുള്ള വിഭവമാണിത്. ആർത്തവ വേദനയും വിശപ്പും മാറാൻ ഇത് അത്യുത്തമമാണ്. കരിപ്പോട്ടിയുടെ മധുരവും പച്ചിലകളും ചൂട് കട്ടൻചായയും വേദനയും വിശപ്പും കൊതിയും മാറാൻ സഹായിക്കുന്നു.

ധനുമാസത്തിലെ കാർത്തികനാളിൽ കാച്ചിൽ അവിച്ച് കഴിക്കുന്ന ഒരു പതിവ് ഉണ്ട്. കാർത്തിക നാളിൽ മാത്രമല്ല ആ മാസത്തിലാണ് പൊതുവേ ഇത്തരം കിഴങ്ങ് വിളകൾ വിളവെടുക്കുന്നത്. ഇവയ്ക്ക് ഒപ്പം കാന്താരിമുളകും ഉള്ളിയും ഉപ്പും എണ്ണയും ചേർത്ത് ഞവിടി കുഴമ്പ് ഉണ്ടാക്കുന്ന ചമ്മന്തിയാണ് ഉപയോഗിക്കുന്നത്. ഇത് കിഴങ്ങ് വർഗങ്ങൾ കഴിക്കുമ്പോൾ ഉണ്ടാകുന്ന വായുകോപം മാറാൻ സഹായിക്കുന്നു.

വയറ്വേദന, വയറിളക്കം തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരമാണ് ഉലുവ. ഉലുവ കുതിർത്ത് അരച്ചെടുത്ത് മുട്ടയുമായി ചേർത്ത് കലക്കി പൊരിച്ച് വെറും വയറ്റിൽ കഴിച്ചാൽ ഉദാരസംബന്ധമായ പ്രശ്നങ്ങൾക്ക് പിരഹാരമാണ്. ഉപ്പ് ചേർത്ത് പൊരിക്കാറില്ല.

പണ്ട് പ്രഭാതക്ഷണമായി ഉപയോഗിച്ചിരുന്ന ഒന്നാണ് പഴങ്കഞ്ഞി, തൈര്, കാന്താരി, മുളക്, ഉപ്പ് എന്നിവ ചേർത്ത് കുടിച്ചാൽ ഉന്മേഷവും ആരോഗ്യവും ലഭിക്കും. ക്ഷീണമറിയാതെ ആരോഗ്യത്തോടെ പണിചെയ്യാനുള്ള ഊർജ്ജം ഇതിലൂടെ ലഭിക്കുന്നു. എന്നാൽ പഴങ്കഞ്ഞിക്ക് ഒപ്പം കപ്പ മരിച്ചിനി ചേർത്ത് പ്രഭാതത്തിൽ കഴിച്ചാൽ മയക്കം വരും. കാരണം മരിച്ചിനിയിലെ ഒരു ഘടകം മയക്കം ഉണ്ടാക്കുന്നതാണ്. ശാസ്ത്രീയമായി ഇതിനെ തെളിയിച്ചിട്ടുള്ളതുമാണ്. മരിച്ചിനി വെള്ളം കുടിച്ച് ആട് മയങ്ങി വീണ് ചാകുന്നത് ഇതുകൊണ്ടാണ്.

പുളിയിൽ നിന്നും ലഭിക്കുന്ന പുളിങ്കുരു ഏറെ പോഷകഗുണമുള്ളതാണ്. നാല്കാലികൾ കഴിക്കുന്ന വസ്തുവായിട്ടേ നമുക്കിന്ന് പുളിങ്കുരുവിനെ അറിയൂ. എന്നാൽ ഒരു കാലത്ത് കഴിച്ചിരുന്ന ഏറ്റവും സ്വാദിഷ്ടവും പോഷകഗുണമുള്ളതുമായ ഒന്നായിരുന്നു പുളിങ്കുരു കൊണ്ടുണ്ടാക്കിയിരുന്ന വിഭവങ്ങൾ. പുളിങ്കുരു കൊണ്ടുണ്ടാക്കിരുന്ന വിഭവങ്ങൾ.

പുളിങ്കുരു വറുത്ത് തോട് കളഞ്ഞ് കുതിർത്ത് ഇടിച്ച് പൊടിച്ച് പുട്ട്, കൊഴുക്കട്ട എന്നിവ ഉണ്ടാക്കിയിരുന്നു. ഇങ്ങനെ ശർക്കര ചേർത്തുണ്ടാക്കുന്ന കൊഴുക്കട്ട ഏറെ സ്വാദിഷ്ടമാണ്.

ഇല അടകൾ പണ്ടത്തെ പ്രധാന വിഭവമായിരുന്നു. പഴുത്തചക്ക, നേന്ത്രപഴം എന്നിവ കൊണ്ട് തേങ്ങ, കരിപ്പോട്ടി എന്നിവ ചേർത്ത് അരിമാവ് കൊണ്ട് അട ഉണ്ടാക്കിയിരുന്നു. ഇവ പൊതിയാനായി ഇലയോ വയണയിലയോ ഉപയോഗിച്ചിരുന്നു. ഇങ്ങനെ ഇലയിൽ പൊതിയുന്നതിനാൽ ഇലയുടെ ഗുണം കൂടി അടയ്ക്ക് കിട്ടിയിരുന്നു.

മുരിങ്ങമരം ഏറെപ്രയോജനകരമായ ഒന്നാണ്. നീർക്കോലി കടിച്ചാൽ മുരിങ്ങ മരത്തിൽ പോയി കടിച്ച് തണ്ട് ചവച്ച് നീര് കുടിച്ചാൽ നീർക്കോലി കടിച്ച വിഷം ഇറങ്ങും എന്നുള്ള വിശ്വാസം പണ്ട് കാലത്തുണ്ടായിരുന്നു. പനിമാറാൻ മുരിങ്ങയില അവിച്ച് വെള്ളവും ഇലയും കഴിക്കുന്ന പതിവുണ്ടായിരുന്നു. മുരിങ്ങക്കായ തിരുവനന്തപുരത്തെ മീൻകറിയിലെ പ്രധാന ചേരുവയാണ്. മുരിങ്ങപൂവ് തോരൻവയ്ക്കാൻ ഉപയോഗിക്കുന്നു. ഇരുമ്പ് സത്ത് അടങ്ങിയ മരമാണ് മുരിങ്ങ. ശരീരത്തിൽ നീര് ഉണ്ടെങ്കിൽ മുരിങ്ങയില നീരും ഉപ്പും ചേർത്ത് വച്ച് കെട്ടുന്ന പതിവുണ്ട്. ഇത് നീര് വീക്കം കുറയ്ക്കും.

പണ്ട് നെല്ല് കൃഷി ചെയ്തിരുന്ന കാലത്ത് നെല്ല് വെളുപ്പിക്കുമ്പോൾ കിട്ടുന്ന ഒരു പൊടിയാണ് തവിട് ഇതിനെ ശർക്കരയും തേങ്ങയും ചേർത്ത് കുഴമ്പ് കഴിക്കും. മീളമുളയ്ക്കില്ല എന്നുള്ള വിശ്വാസമുള്ളതിനാൽ ആൺകുട്ടികൾക്ക് ഇത് നൽകാറില്ല.

പനയിൽ നിന്നും ലഭിക്കുന്ന പനങ്ങ ഏറെ ആരോഗ്യപ്രധാനമായ ആഹാരമാണ്. പനങ്ങ വേവിച്ച് പിടിഞ്ഞ് അതിന്റെ ചാറ് കുടിക്കുന്നത് നല്ലതാണ്. പനങ്ങയുടെ കുരുനട്ടാണ് പനം കിഴങ്ങ് ലഭിക്കുന്നത്. ഇളം പനങ്ങനെ നൊങ്ക് എന്ന് പറയുന്നു. ചൂട് കാലത്ത് നൊങ്ക് കുടിക്കുന്നത് ശരീരത്തിന് ഉന്മേഷം നൽകുന്നു. ചൂട് രോഗങ്ങളിൽ നിന്ന് മുക്തി നൽകുന്നു. പനങ്ങപിഴിഞ്ഞ് ചാറെടുത്ത് അക്കാനി ഉണ്ടാക്കുന്നു. ഈ അക്കാനിയെ പാവ് കാച്ചിയാണ് കരിപ്പോട്ടി ഉണ്ടാക്കുന്നത്.

കഞ്ഞി പനിക്ക് ഉത്തമമാണ് കഞ്ഞിയും പപ്പടവും ചുട്ടെടുത്ത തേങ്ങയും കാന്താരി മുളകും ഇഞ്ചിയും ചേർത്ത ചമ്മന്തിക്ക് ഒപ്പം കഴിക്കുമ്പോൾ വിയർത്ത് പനി മാറിയിരുന്നു.

കൂവകിഴങ്ങിനെ തൊലികളഞ്ഞ് കുതിർത്ത് അരച്ച് ഉണക്കി പൊടി ഉണ്ടാക്കിയിരുന്നു. കൂവപൊടി കൊണ്ട് പുട്ട് ഉണ്ടാക്കിയിരുന്നു. ഇവ ഉദരസംബന്ധമായ രോഗങ്ങൾക്കു ഉത്തമമാണ്. കൂവപൊടി കൊണ്ട് കുറുക്കും ഉണ്ടാക്കിയിരുന്നു.

നെഞ്ചിടിച്ച് വീഴുമ്പോൾ ഉണ്ടാകുന്ന ഈട് മാറാനായി വാട്ടിയ മുട്ട കഴിക്കുന്ന പതിവ് ഉണ്ട്. മുട്ടവാട്ടി ചെറുതായി തോട് പൊട്ടിച്ച് കുരുമുളക്പൊടി ഇട്ട് ഈർക്കിൽ കൊണ്ടു കലക്കി കുടിക്കണം.

ചക്ക ഏറെ പോഷകഗുണമുള്ള ഒന്നാണ് ചക്കയുടെ മുള്ള ഒഴികെ എല്ലാം ആഹാരമായി ഉപയോഗിക്കാം. ചക്കമടൽ, ചക്കചവിണി. ചക്കക്കുരു എന്നിവ ഉപയോഗിച്ച് തോരൻ വയ്ക്കാം. പഴുത്ത ചക്കകൊണ്ട് ചക്കവരട്ടി, ചക്ക അപ്പം എന്നിവ ഉണ്ടാക്കാം. ചക്കവറ്റൽ, ചക്കപ്പുഴുക്ക് തുടങ്ങിയവ ചക്കവിഭവങ്ങളാണ്. ചക്കകുരുവിന്റെ പോളകൊണ്ട് മെഴുക്ക്പുരട്ടി ഉണ്ടാക്കാം. ചക്കകാലത്ത് ഉച്ചയ്ക്ക് ചക്ക കലക്കി കുടിക്കുന്ന പതിവുണ്ട്. ചോറും ചക്കക്കറിയും മീൻകറിയും കഞ്ഞിവെള്ളവും ചേർത്ത് കുഴമ്പ് കലക്കി കുടിക്കും ഏറെ സ്വാദുള്ളതും ആരോഗ്യം നൽകുന്നതുമായ ഒന്നാണിത്. ചക്കക്കുരു ഉണക്കിപൊടിച്ച് പുട്ട് ഉണ്ടാക്കാറുണ്ട്. ചക്കക്കുരു ഉണക്കി പൊതിഞ്ഞ് മണ്ണിൽ കുഴിച്ചിടും ഇവ മഴക്കാലത്ത് എടുത്തുപയോഗിക്കും.

മാങ്ങയും മാങ്ങകൊണ്ടുള്ള വിഭവങ്ങളും ഏറെയാണ്. തല്ലാത്ത മാങ്ങയാണ് ഉപ്പിലിടുന്നത്. തറയിൽ വീണ് തല്ലിയ മാങ്ങ ഉപ്പിലിട്ടാൽ ചീത്തയാകും. മാങ്ങകൊണ്ട് മാങ്ങക്കറിയും, അച്ചാറും, ചമ്മന്തിയും ഉണ്ടാക്കാറുണ്ട്. മീൻകറിയിലും മാങ്ങയിടാറുണ്ട്.

മീൻകറി ഓരോ നാട്ടിലും ഓരോ രീതിയിലാണ് തിരുവനന്തപുരത്ത് കണ്ടുവരുന്ന മീൻകറി തേങ്ങ അരച്ച് വയ്ക്കുന്നതാണ്. പുളിയെക്കാൾ പുളിഞ്ചിക്ക (ഇരുമ്പൻപുളി) ഉപയോഗിക്കുന്നതാണ് നല്ലത്. കുടമ്പുളിയും ഉപയോഗിക്കാറുണ്ട്. പുളിഞ്ചിക്കയ്ക്ക് സാധാരണ പുളിയെക്കാൾ അസിഡിറ്റി കുറവാണ്. ബി.പി, കൊളസ്ട്രോൾ എന്നിവ തുലനപ്പെടുത്താനുള്ള കഴിവ് ഇവയ്ക്കുണ്ട്. തോങ്ങയരച്ച് വയ്ക്കുന്ന നൊത്തോലിമീനിൽ പുളിഞ്ചിക്കയും മുരിങ്ങക്കായും ഇടുന്നത് സ്വാദ് വർദ്ദിപ്പിക്കുന്നു.

പ്രകൃതിക്കും കാലാവസ്ഥയ്ക്കുമനുസരിച്ചുള്ള ക്ഷണമാണ് നമ്മൾ സ്വീകരിക്കേണ്ടത്. അല്ലാത്തപക്ഷം ശരീരത്തിന് അനാരോഗ്യമുണ്ടാകും. ആയുർവേദം പറയുന്നതും അതുകൊണ്ടാണ്. ക്ഷണം തന്നെയാണ് മരുന്ന്. ക്ഷണക്രമവും ക്ഷണരീതിയും തെറ്റുമ്പോഴാണ് ശരീരം ശോഹാവസ്ഥയിലെത്തുന്നത്. ക്ഷണകാര്യത്തിൽ ശ്രദ്ധിച്ചാൽ ജീവിതത്തിൽ നമ്മുടെ വലിയ മാറ്റങ്ങൾ വരുത്താൻ കഴിയും. മാംസാഹാരം ഉഷ്ണമേഖലാ പ്രദേശമായ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമാകുന്നതല്ല. കാലാവസ്ഥയ്ക്കനുസരിച്ചുള്ള ക്ഷണരീതി പിന്തുടരുന്നത് ആരോഗ്യത്തിനു ഉചിതം.

# 'കയറി'ലെ ഫോക്‌ലോറുകൾ

ഗായത്രി എസ്. ജി.

ജനജീവിതത്തെയും സംസ്കാരത്തെയും കുറിച്ചുള്ള വിജ്ഞാനമായ ഫോക്‌ലോറിനെപ്പറ്റിയുള്ള പഠനം ജനസംസ്കാരത്തിന്റെ സമഗ്രവും സമ്പൂർണവുമായ അന്വേഷണമാണ്. ഒരു പ്രദേശത്തെ ജനത ഇല്ലാതാകുന്നതോടെ അവരുടെ സംസ്കാരവും നഷ്ടപ്പെടുന്നു. അതിലൂടെ പല നാട്ടറിവുകളും ഇല്ലാതെയാകും. എന്നിരുന്നാലും അക്കാലയളവിലെ ജനജീവിതം ആവിഷ്കരിക്കപ്പെട്ട സാഹിത്യകൃതികളിൽ ഇവ ഏറെക്കുറെ പ്രത്യക്ഷപ്പെടാറുണ്ട്. അവ കണ്ടെത്തുന്നതിലൂടെ മണ്മറഞ്ഞുപോയ ഒരു സംസ്കാരത്തെക്കുറിച്ചുള്ള വാമൊഴി സാഹിത്യത്തെ വിശദവ്യാഖ്യാനം നടത്താനാണ് സാഹിത്യകാരന്മാർ ശ്രമിക്കുന്നത്. ഫോക് സാഹിത്യത്തിന്റെ പുതിയൊരു സാഹിത്യപാഠമായി അത് മാറുന്നു. നാടോടി രാമകഥയ്ക്ക് ഓരോകാലത്തും ഉണ്ടാകുന്ന സാഹിത്യപാഠങ്ങൾ അതിനുദാഹരണമാണ്. നാടോടി പുരാവൃത്തത്തിന്റെയും അനുഷ്ഠാനത്തിന്റെയും ഐതിഹ്യത്തിന്റെയും സ്വാധീനം കടന്നുവരുന്ന കൃതികളും മലയാളത്തിലുണ്ടായിട്ടുണ്ട്. എൻ. പ്രഭാകരന്റെ 'ഏഴിനും മീതെ', എൻ. മോഹനന്റെ 'ഇന്നലത്തെ മഴ' തുടങ്ങിയവ ഉദാഹരണങ്ങളാണ്. കൂടാതെ യു.എ ഖാദറിന്റെ 'തൃക്കോട്ടൂർ പെരുമ' പോലുള്ള രചനകൾ നാട്ടുസാഹിത്യമെന്ന വാഗ്‌രൂപത്തെ ആവാഹിക്കുന്നവയാണ്. കുട്ടനാടിന്റെ കഥാകാരനായ തകഴിയുടെ രചനകളിലും ഫോക്‌ലോർ ശക്തമായ സ്വാധീനം ചെലുത്തുന്നുണ്ട്.

അലങ്കാരമില്ലാത്ത ആഡംബരരഹിതമായ പച്ചയായ ഭാഷയിലൂടെ സാഹിത്യലോകത്ത് വിഹരിച്ച തകഴിയുടെ കൃതികൾ മണ്ണിന്റെ മണമുള്ളവയാണ്. തനി നാട്ടുമ്പുറത്തുകാരനായി ജീവിക്കുകയും ആ ജീവിതം കാണുകയും കേൾക്കുകയും പറയുകയും ചെയ്താണ് അദ്ദേഹത്തിന്റെ മേന്മ. താഴേക്കിടയിലുള്ളവരുടെ ജീവിതോന്നമനത്തിനു തൂലിക ചലിപ്പിച്ച തകഴിയുടെ കഥാപാത്രങ്ങൾ സമൂഹസ്പന്ദനങ്ങളു

മായി ജൈവബന്ധമുള്ളവരാണ്. തകഴി കൃതികൾ സ്വീകാര്യത നേടുന്നത് അതിന്റെ നാടോടിത്തനിമ കൊണ്ട് കൂടിയാണ്. വാമൊഴി സാഹിത്യത്തിന്റെ ലാളിത്യം തകഴിയുടെ കൃതികളിൽ കാണാം. ഗ്രാമീണ ജനവിഭാഗത്തിന്റെ നിഷ്കളങ്കജീവിതം 'കയർ' എന്ന നോവലിലും പ്രതിഫലിക്കുന്നു. കാർഷിക ജീവിതവുമായി അഭേദ്യബന്ധം പുലർത്തുന്ന ഈ രചന അനേകം ഫോക്ലോറുകളുടെ ഈറ്റില്ലമാണ്. ഫോക്ലോർ സാഹിത്യത്തിൽ ചെലുത്തുന്ന സ്വാധീനത്തിനു ഉദാഹരണമായി അവവർത്തിക്കുന്നു. തകഴിയുടെ 'കയറി'ൽ തകഴിയെ സ്വാധീനിച്ച കുട്ടനാടൻ പരിസരവും നാടോടിവാമൊഴക്കങ്ങളും അതിൽ നിറഞ്ഞു നിൽക്കുന്നു.

'കയറി'ൽ നാടൻപാട്ടുകൾ, പഴഞ്ചൊല്ലുകൾ, നാടൻവേഷഭൂഷാദികൾ, നാട്ടുവിശേഷങ്ങൾ, നാട്ടാരാധന തുടങ്ങി ഒട്ടേറെ ഫോക് അംശങ്ങൾ ഇതിവൃത്തവുമായി ബന്ധപ്പെട്ട് വരുന്നുണ്ട്. തകഴിയിലെ പ്രത്യേകമായ അന്തരീക്ഷവും കയറിന്റെ നാടോടിത്തനിമ വർദ്ധിപ്പിക്കുന്നുണ്ട്. മുൻതലമുറയിലെ ആളുകളുടെ സംസാരത്തിൽ കടന്നു വരാറുള്ള പഴഞ്ചൊല്ലുകൾ, കെന്ത്രോൻ പാട്ടിനെപ്പറ്റിയുള്ള പരാമർശങ്ങൾ തുടങ്ങിയവ ഇത് സൂചിപ്പിക്കുന്നു. കൂടാതെ പഴമയെ കുറിയ്ക്കുന്ന നാടൻപേരുകൾ കയറിൽ സുലഭമാണ്. ആച്ചോമകുറുപ്പ്, കൊച്ചുമിച്ചാർ, ഇരവിപിള്ള, നങ്ങ അവര്, ഉണ്ണൂലി, മാണി, കുഞ്ഞക്കി തുടങ്ങിയ പേരുകൾ നായർ സമുദായക്കാരും ഇട്ട്യാതി, ഒലോമ്പി, തിരുവഞ്ചാൻ, ചേന്നൻ, ചോതി വട്ടത്താൻ, ഉലകി, കൊച്ചീര തുടങ്ങിയ നാമങ്ങൾ പുലയരും പറയരുമെല്ലാം ഇനു വിളിയ്ക്കാൻ സാധ്യതയില്ല.

നഷ്ടപ്പെട്ടുപോയ കാർഷികസമൃദ്ധിയെ അടയാളപ്പെടുത്തുന്ന കയറിൽ നാടൻപാട്ടുകൾക്ക് സവിശേഷസ്ഥാനമാണ് ഉള്ളത്. നാടോടിപ്പാട്ടുകളിൽ തന്നെ പ്രചുര പ്രചാരം നേടിയ കൃഷിപ്പാട്ടുകളിൽ കേരളപ്പഴമയുടെ സവിശേഷതകൾ കൂടുതലായി കടന്നുവരുന്നു. നമ്മുടെ കാർഷികമേഖലയിലെ മണ്ണിന്റെ മക്കളായപുലയരുടെയും പറയരുടെയും ജീവിതഘട്ടങ്ങളിൽ നാടൻപാട്ടുകൾ സ്വാധീനം ചെലുത്തുന്നുണ്ട്. കുട്ടനാടൻ നെൽവയലുകളിൽ പണിയെടുത്തു ജീവിച്ചിരുന്ന പറയ – പുലയ ജാതി സമ്പ്രദായങ്ങൾ വാമൊഴിയായി കൈമാറ്റം ചെയ്യപ്പെട്ട നാടൻപാട്ടുകൾക്ക് ഉദാഹരണങ്ങളാണ് കയറിൽ പരാമർശിക്കപ്പെടുന്ന ചക്രപ്പാട്ടുകളും പുലയപ്പാട്ടുകളും. വേണ്ടത്ര വിദ്യാഭ്യാസമില്ലാത്ത അടിയാളവിഭാഗം ചൂഷണവിധേയരായിരുന്നു. പുലയരുടെ ജീവിതം എത്രമാത്രം ദുസ്സഹമായിരുന്നുവെന്ന് ഇത്തരം പാട്ടുകൾ സൂചന നൽകുന്നു. പകൽ മുഴുവൻ വയലോലകളിൽ ചോരനീരാക്കി പണിയെടുക്കുന്ന അവർക്കു അർഹിയ്ക്കുന്നത് കിട്ടുന്നില്ല. അധ്വാനവേളകളിലും വിശ്രമവേളകളിലും

അവരുടെ ജീവിതത്തിൽ ഇത്തരം പാട്ടുകൾ നിറഞ്ഞുനിന്നു. "ദേവസ്വം വരമ്പിനകം പാടത്തിന്റെ വരമ്പത്തു രാത്രിയിലെ ഇളംകാറ്റും നെല്ലോലകൾ ആടിക്കളിയ്ക്കുമ്പോൾ അത്യുച്ചത്തിലുള്ള പുലപ്പാട്ടും ആർപ്പുവിളിയും കേൾക്കാം. നെല്ല് നല്ലതാണ്, പാട്ട് താനേ വന്നുപോന്നതാണ്." (കയർ, പുറം 184) അധ്വാനഭാരം മറക്കുവാനായി പാടുന്ന ഇത്തരം പാട്ടുകൾ പുലയവിഭാഗത്തിന്റെ ജീവിതഭാഗമായിരുന്നു.

പതിനാറാം അദ്ധ്യായത്തിൽ സൂചിപ്പിയ്ക്കുന്ന ശീതങ്കന്റെയും പുലകികളുടെയും വിശ്രമവേളകളിലെ സംവാദങ്ങളും പാട്ടുകളും കൃഷിയുമായുള്ള അവരുടെ ബന്ധത്തെ കുറിയ്ക്കുന്നു. ആ പാട്ടുകളിലെ ഉള്ളടക്കം പായൽ ഇടുക, നിലം ഒരുക്കുക, പറിച്ചു നടുക തുടങ്ങിയവയാണെന്നു നോവലിൽ പറയുന്നു. ശീതങ്കനെ പോലെ ചേന്നനും ഭാര്യമാരും ചക്രപ്പാട്ട് കേട്ട് ഒരു നിമിഷം അതിന് കാതോർക്കുന്നതും ചേന്നൻ ചക്രപ്പാട്ട് പാടുമ്പോൾ ഭാര്യമാർ ആരവമിടുന്നതും അതിനുദാഹരണാണ്. തന്റെ ജീവിതത്തിലെ അവസാന ചക്രപ്പാട്ട് കരുത്തോടെ ചേന്നൻ പാടുന്നു.

''തൈതൈയ്തോ കർകു തകതത്തൈ കർകു
തിത്തൈതോ തകതത്തൈതോം"

"ചക്രപ്പാട്ടാണ്, ചക്രപ്പാട്ടിനെ പോലെ ഉച്ചത്തിൽ പാടുവാൻ തക്ക മറ്റൊരു പാട്ടില്ല" (പുറം 345). കർഷകരുടെ ദുരിതജീവിതത്തിന് ആശ്വാസമുതകുന്ന ഇത്തരം പാട്ടുകളിൽ ജീവിതം മാത്രമല്ല കൃഷിയുമായി ബന്ധപ്പെട്ടതെന്തും വിഷയമായിരുന്നു. അത്തരത്തിലുള്ളതാണ് വട്ടത്രത്തറവാട്ടുകാർ തങ്ങളുടെ കൃഷിയുടെ മേന്മയെപ്പറ്റി പറയുന്നതുമായി ബന്ധപ്പെട്ടുണ്ടായ കൃഷിപ്പാട്ട്. നൂറ്റിപ്പതിനാറാം അദ്ധ്യായത്തിൽ, മോട്ടോർ വരുന്നതിനു മുൻപ് വിറകിട്ട് കത്തിയ്ക്കുന്ന എഞ്ചിൻ മുണ്ടംപാടത്ത് കൊണ്ടുവെച്ചാൽ വട്ടത്രയിലെ വല്യപ്പന്റെ കഥയെച്ചൊല്ലിയുള്ള പാട്ടിനെപ്പറ്റി പരാമർശിക്കുന്നുണ്ട്.

"കണ്ടങ്ങളിലെന്തോരം നെല്ലുവിളയുമെന്നു
മുണ്ടംപാടം കണ്ടു പഠിച്ചിടടി പെൺമണിയെ" (പുറം 791)

കാർഷികജീവിതത്തെപ്പറ്റി പരാമർശിക്കുന്ന ഇത്തരം പാട്ടുകളെ കൂടാതെ 'മണ്ണാരുപ്പാട്ടിനെ'പ്പറ്റിയും കയറിൽ സൂചനയുണ്ട്. പെൺകുട്ടികൾ ഋതുമതിയാകുമ്പോൾ നടത്തിയിരുന്ന തിരണ്ടുകല്യാണം എന്ന ആചാരവുമായി ബന്ധപ്പെട്ടുണ്ടായതാണ് 'മണ്ണാരുപ്പാട്ട്'.

' 'ഓമത്തോതൊള്ളോരു തമ്പ്രാട്ടീടെ
തുടപിളർന്നിറങ്ങട്ടെ മൂശേട്ട"

"കിണ്ണം കൊട്ടി മണ്ണാന്മാർ അവയവങ്ങളായി മൂശേട്ടയെ പാടിയിറക്കി" (പുറം 236) എന്ന ഭാഗത്ത് നിന്ന് തിരണ്ടുകല്യാണം ആഘോഷിച്ചിരുന്ന

ഒരു ജനതയുടെ സവിശേഷആചാരങ്ങളെപ്പറ്റി മനസ്സിലാക്കാവുന്നതാണ്.

നാടൻപാട്ടുകളെ പോലെ പ്രചുരപ്രചാരം നേടിയ പഴഞ്ചൊല്ലുകളുടെ സാന്നിദ്ധ്യം കയറിലുമുണ്ട്. സന്ദർഭത്തിനനുസരിച്ച് കൃത്യമായ അർത്ഥം വ്യഞ്ജിപ്പിക്കുവാൻ കഴിയുന്ന നാടൻചൊല്ലുകൾ കയറിലെ ഭാഷയെ കൂടുതൽ ലാളിത്യമുള്ളതാക്കുന്നു. പഴയതലമുറയുടെ സംസ്കാരത്തിന്റെ ഭാഗമായിരുന്ന ഇത്തരം ചൊല്ലുകൾ തകഴി ആവർത്തിച്ചുപയോഗിക്കുന്നു. മൂന്നാമത്തെ അദ്ധ്യായത്തിൽ "കഷ്ടം കാണിച്ചാൽ തിട്ടമൊക്കും" (പുറം 42) എന്ന് പ്രയോഗിക്കുന്നു. അതു പോലെ തന്നെ ചിരുതക്കുഞ്ഞമ്മയുടെ മരണശേഷം സംബന്ധക്കാരൻ പോകുന്ന വേളയെ പ്രതിപാദിക്കുന്നത് "പഴുത്ത ഇലപൊഴിയുമ്പോൾ വിവരമുള്ള പച്ചില വിറകൊള്ളുംപോലെ" (പുറം 423) എന്നാണ്. ആർക്കും വന്നുചേരാവുന്ന അവസ്ഥയെ കൃത്യമായി പറയാൻ ആ ചൊല്ലിനു കഴിയുന്നു. ദേവസ്വം സ്വത്ത് കൊള്ളയടിക്കുന്നവരോടുള്ള ശീതങ്കന്റെ അമർഷം "കക്ക കക്ക മുടിക, മുടിക മുടിക കക്ക" (പുറം 250) എന്ന ചൊല്ലിൽ ഉണ്ട്. യഥാസമയം, എന്താ വേണ്ടതെന്നു അറിയാതെ ചിന്തിച്ചിരിക്കുന്ന കുഞ്ഞൻപിള്ളയോട് ഇട്ടുണ്ണാൻ പറയുന്ന ഭാഷയിലും ഗ്രാമ്യഭാഷയുടെ തനിമയുണ്ട്. "താനെന്താഡോ കണ്ണിക്കാ തേങ്ങ തിന്ന കാക്കയെപ്പോലെ" (പുറം 250) എന്നീ വാക്കുകൾ ഉദാഹരണം.

തറവാട്ടുമഹിമ മുറുകെപ്പിടിക്കുന്ന കുടുംബക്കാർ ദാരിദ്ര്യത്തിലും തലകുനിയ്ക്കുന്നില്ല. കോന്നോത്ത് കുഞ്ഞമ്മമാർ കടുത്ത പട്ടിണിയിലും തങ്ങളുടെ ആഭിജാത്യം കൈവിടുന്നില്ല. തദവസരത്തിൽ "ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടുമോ ?" (പുറം 266) എന്ന് കുഞ്ഞമ്മ ചോദിക്കുന്നത് അവരുടെ സ്ഥിതിയെപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ പ്രയുക്തമാണ്. ജാതിഭ്രഷ്ട് നിലനിന്നിരുന്ന ആ കാലയളവിൽ നായൻമാരും ഈഴവന്മാരും ഒരുമിച്ചിരുന്നുള്ള വിദ്യാഭ്യാസം നിഷിദ്ധമായിരുന്നു. എന്നാൽ കാലത്തിനനുസരിച്ചു മാറണമെന്നുള്ള ചിന്താഗതിക്കാരും അക്കൂട്ടത്തിലുണ്ടായിരുന്നു. കാലം പുരോഗമിക്കുമ്പോൾ തന്റെ മകനെയും പള്ളിക്കൂടത്തിലേയ്ക്കു അയയ്ക്കാൻ ചേന്നാട്ട് കുഞ്ചുനായരോട് കലഹിയ്ക്കുന്ന ഭാര്യ തന്റെ യുക്തി സമർത്ഥിയ്ക്കുവാൻ "നാടോടുമ്പോ നടുവേ"(പുറം 475) എന്ന നാടൻചൊല്ല് സന്ദർഭത്തിന് ഉതകും വിധം പ്രയോഗിക്കുന്നു. അവരറിയാതെ തന്നെ അവരുടെ നാവിലേക്ക് എത്തിച്ചേരുന്ന ഇത്തരം ചൊല്ലുകൾ ഗ്രാമീണസംസ്കാരത്തിന്റെ ഭാഗമാണ്. എഴുപത്തിയാറാം അദ്ധ്യായത്തിൽ പ്രതിപാദിയ്ക്കുന്ന "ഊടുള്ളവനേ ഓല വായിക്കൂ" (പുറം 530) എന്ന കുട്ടനാടൻ ചൊല്ലും വ്യഞ്ജിപ്പിയ്ക്കുന്നത് ഇതേ അർത്ഥതലമാണ്. അതുപോലെ തന്നെ സമൂഹത്തിൽ ഉയർച്ചതാഴ്ചകൾ സ്ഥിരമല്ല എന്ന് ദ്യോതിപ്പിക്കുന്ന "കുന്നു കുഴി

യാകും; കുഴി കുന്നാകും" (പുറം 676) എന്ന പ്രയോഗമവും സന്ദർഭ ത്തിന് അനുയോജ്യമാണ്. മഞ്ചേരി തറവാടിനുണ്ടായ അഭിവൃദ്ധിയെ പ്പറ്റി പരാമർശിക്കുമ്പോഴാണ് ഈ ചൊല്ല് പ്രയോഗിക്കുന്നത്.

പള്ളിയെയും പട്ടക്കാരനെയും നിന്ദിച്ചുകൊണ്ടു തങ്ങളുടെ വിപ്ല വാദർശങ്ങൾ പറയുന്ന ചെറുവാല്യക്കാരെ നിലയ്ക്കു നിർത്താൻ ശ്രമി യ്ക്കുന്ന മുൻതലമുറയുടെ പ്രതിഷേധസ്വരത്തിലും ചൊല്ലുകൾ ഇടം പിടിയ്ക്കുന്നു. "പൊല്ലാപിള്ളയെക്കാളും നന്ന് ഇല്ലാപിള്ളയാണ്" (പുറം 727) എന്ന ചൊല്ലിലൂടെ അവരുടെ മനോഭാവം വെളിവാകുന്നു. ഇത്തര ത്തിൽ ഗ്രാമീണരുടെ തനതായ ജീവിതവും ഭാഷയും ആവിഷ്കരിക്കുന്ന കയറിൽ പഴഞ്ചൊല്ലുകളെ കൂടാതെ ഗ്രാമീണമായ ഒട്ടേറെ നാടൻപദ പ്രയോഗങ്ങളും കടന്നുവരുന്നുണ്ട്. കണ്ണുവാട്ടം കാണിയ്ക്കുക, എലുക പറയുക, കണ്ണും താവലും കിട്ടും, ഉഷപ്പായസത്തിന്റെ ശൂർമയാ, കാക്ക യിട്ടാൽ കൊത്താത്ത പരട്ട, ചക്രശ്വാസം വലിക്കുക തുടങ്ങിയവ ഇതി നുദാഹരണാണ്.

സംസ്കാരപഠനത്തിൽ വ്യക്തികളുടെ വേഷഭൂഷകളും സവി ശേഷ പ്രാധാന്യമർഹിക്കുന്നവയാണ്. വസ്ത്രധാരണരീതി, ആഭരണ ങ്ങൾ തുടങ്ങിയവയിലൂടെ ഓരോ വർഗ്ഗക്കാരെയും തിരിച്ചറിയാൻ കഴി യുന്ന സ്ഥിതിവിശേഷം കേരളത്തിലുമുണ്ടായിരുന്നു. അത്തരത്തിൽ 'കയ റി'ൽ പരാമർശിക്കപ്പെടുന്ന സവിശേഷസംസ്കാരത്തെ തിരിച്ചറിയാനും നഷ്ടപ്പെട്ടുപോയ ആ സസ്കൃതിയുടെ അടയാളങ്ങൾ മനസ്സിലാക്കു വാനും ഇത്തരം പഠനത്തിലൂടെ കഴിയുന്നതാണ്. മതവിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ആരാധന, ഉത്സവം, ജാതിവർഗ്ഗ വ്യത്യാ സങ്ങൾ, തൊഴിൽ ഭേദങ്ങൾ, സാമൂഹിക പദവി തുടങ്ങിയവയനുസരിച്ചു വസ്ത്ര ആഭരണാദികളിൽ വ്യത്യാസമുണ്ടായിരുന്നു. ഒന്നാം അദ്ധ്യായ ത്തിൽ, പൊന്നുതമ്പുരാന്റെ എഴുന്നള്ളത്ത് വർണിക്കുന്ന ഭാഗത്ത് തക ഴി തമ്പുരാന്റെ വസ്ത്ര ആഭരണാദികൾ പ്രതിപാദിക്കുന്നുണ്ട്. ക്ലാസി പേരുടെ വേഷം അതിലും ഭിന്നമായും അവതരിപ്പിക്കുന്നുണ്ട്. വരേണ്യ വർഗ്ഗക്കാരായ സ്ത്രീകളുടെ ആഭരണങ്ങളായ പവൻമാല, കുമളത്താ ലി, കണ്ഠശരം, നിറകൊണ്ടി എന്നിവയും യഥോചിതം പ്രതിപാദിയ്ക്ക പ്പെടുന്നുണ്ട്. കുട്ടികളുടെ വസ്ത്രധാരണവും ഇന്നത്തേതിൽ നിന്ന് ഭിന്ന മായിരുന്നു. കുട്ടികൾ കുമ്പളയുടുക്കുകയോ കോണാനുടുക്കുകയോ ചെയ്തിരുന്നതായി തകഴി നോവലിൽ പറയുന്നു. ബാല്യത്തിലെ ത്രിപു രസുന്ദരിയുടെയും കേശവന്റെയും വേഷധാരണം ഇതിനുദാഹരണമാ ണ്. ബാലന്മാർ കാതിൽ കടുക്കനിടുമ്പോൾ പെൺകുട്ടികൾ കഴുത്തിൽ നൂലിൽ കെട്ടിയ പവൻ കുഴകൾ ധരിച്ചിരുന്നു. ഇന്ന് ഇവയെല്ലാം സ്ഥാനാ ന്തരം ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു. നഷ്ടപ്പെട്ടുപോയ ഇത്തരം

സംസ്കാരത്തനിമ കയറിൽ പ്രകടമാണ്.

ഗ്രാമ്യജീവിതത്തിന്റെ തുടിപ്പുകളായി നിലനിൽക്കുന്ന ചില വിശ്വാസങ്ങളും കയറിൽ കാണുവാൻ കഴിയും. അവ ഹൈന്ദവസമൂഹത്തിലെ വിവിധ ജാതി വർഗ്ഗങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു. "ബ്രാഹ്മണശാപം കല്ലിനെ ഉരുക്കും", "അവലക്ഷണമൊത്ത ആനയെ വാങ്ങുന്നവൻ മുടിഞ്ഞുപോകും" എന്നിങ്ങനെയുള്ള വിശ്വാസങ്ങളെ കൂടാതെ പുലയ പറയ സമുദായവുമായി ബന്ധപ്പെട്ട് അറുകൊല, നീറ്റുകൊല, തിരുവഞ്ചാൻ തുടങ്ങിയ ദുഷ്ടശക്തികളുമായി ബന്ധപ്പെട്ട വിശ്വാസങ്ങളും കയറിലുണ്ട്. മനുഷ്യത്വത്തിനു എതിരായി യാതൊരു പ്രവൃത്തിയും ചെയ്യാതിരിക്കാൻ ജനങ്ങൾക്ക് ഇത്തരം വിശ്വാസങ്ങൾ പ്രേരകങ്ങളായിരുന്നു. ദുഷ്കർമ്മങ്ങൾ ചെയ്യുന്നവന് അതിന്റെ ഫലം കിട്ടുമെന്നുള്ള ഭയം മനുഷ്യനെ അത്തരം പ്രവൃത്തികളിൽനിന്ന് പിന്തിരിപ്പിക്കും. പഴമക്കാരുടെ സംസ്കാരത്തിന്റെ തന്നെ ഭാഗമായി നിലനിന്നവയായിരുന്നു ഇത്തരം വിശ്വാസങ്ങളെല്ലാം. കാലം മാറിയപ്പോൾ അവയ്ക്കു കാര്യമായ മാറ്റങ്ങളുണ്ടായെങ്കിലും പഴമയുടെ തനിമ മനസ്സിലാക്കുവാൻ സാഹിത്യകൃതികളിലെ അവയുടെ സാന്നിദ്ധ്യം സഹായിക്കുന്നു.

നാടിന്റെ സംസ്കാരം ജനജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ നാട്ടാചാരങ്ങളെ പോലെ ഒഴിവാക്കാനാകാത്തതാണ് നാട്ടാഹാരങ്ങളും. കാർഷിക സംസ്കൃതിയോട് അടുത്ത് നിൽക്കുന്ന 'കയറി'ൽ അക്കാലത്തെ ഭക്ഷ്യസംസ്കാരവും കടന്നുവരുന്നുണ്ട്. ഭക്ഷണത്തിനുപയോഗിക്കുന്ന വസ്തുക്കൾ, അവയുടെ ചേരുവകൾ, ഉണ്ടാക്കുന്ന രീതി എന്നിവയെല്ലാം നാട്ടാഹാരത്തിന്റെ പരിധിയിൽപ്പെടുന്നവയാണ്. അരിയും പയറും കിഴങ്ങും കാച്ചിലും കായും എല്ലാം നാട്ടിൽത്തന്നെ ലഭ്യമായിരുന്നു. അക്കാലത്ത് പൊന്നുതമ്പുരാന്റെ അമൃതേത്ത് ഒരുക്കുവാൻ ആനക്കൊമ്പു പോലുള്ള ഏത്തക്കുലകൾ, പതിയൻ ശർക്കര, വെളിച്ചെണ്ണ, ചെറുകറിക്കോപ്പുകൾ, വരിയരി, കാക്കകയറാത്ത വാഴയില, എന്നിവയൊക്കെ നാട്ടിൽത്തന്നെ സുലഭമായിരുന്നു. ഇവകൂടാതെ മാമ്പഴത്തിര, ചാമക്കഞ്ഞി, കൊഴുപ്പതോരൻ, ചേമ്പ് കൊണ്ടുണ്ടാക്കുന്ന അസ്ത്രം തുടങ്ങിയ ഒട്ടേറെ വിഭവങ്ങളും പരാമർശിക്കപ്പെടുന്നുണ്ട്.

മുൻകാലങ്ങളിൽ നിലനിന്നിരുന്നതും ഇന്ന് ഉപയോഗിക്കാത്തതുമായ ചില നാണയങ്ങളും അളവുകളും 'കയറി'ൽ കടന്നുവരുന്നുണ്ട്. രാശി, എഴുപത് രാശി, നാഗരാശി, വെള്ളിക്കട്ട, കുതിരപ്പവൻ എന്നിവ അവയിൽ ചിലതാണ്. കൂടാതെ 'പുലപ്പേടി' എന്ന ഒരാചാരവും പരാമർശിക്കപ്പെടുന്നുണ്ട്. മകരസംക്രമദിവസമായ ഉച്ചാര മുതൽ പത്താം ഉദയം വരെ താഴ്ന്ന ജാതിക്കാർ ഉയർന്ന ജാതിയിലെ സ്ത്രീകളെ കാണു

കയോ തൊടുകയോ ചെയ്താൽ സ്ത്രീകളെ കുടുംബത്തിൽ നിന്ന് പുറത്താക്കിയിരുന്നു ഇതാണ് 'പുലപ്പേടി'. 'തീണ്ടൽ', 'തൊടീൽ' എന്നിവ നിലനിന്നിരുന്ന കാലത്തെ 'ഇരുപത്തെട്ടിച്ചാരം' എന്ന ആചാരമാണ് ഇതിനു പിന്നിലുള്ളത്. "ഇരുപത്തെട്ടിച്ചാരം ആയാൽ പറപ്പേടിയാണ്" (പുറം 282) എന്ന് കയറിൽ പ്രതിപാദിക്കുന്നുണ്ട്.

നാടൻപാട്ടുകൾ, നാടൻ വിശ്വാസങ്ങൾ, നാടോടി ആചാരങ്ങൾ തുടങ്ങിയുള്ള ഫോക് രൂപങ്ങളുടെ ശക്തമായ സ്വാധീനം 'കയറിൽ' കാണുന്നു. ഇവയ്ക്കൊപ്പം പഴഞ്ചൊല്ലുകൾ, ശൈലീവിശേഷങ്ങൾ എന്നീ നാടോടിവാങ്മയങ്ങളും 'കയറി'നെ ഘടനാത്മകമായി സ്വാധീനിച്ചിട്ടുണ്ട്. നാടോടി വഴക്കങ്ങളുടെ ആധാരം ജീവിതമാണ്. അവ കാലികമായ മാറ്റങ്ങളോടെ, തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നു. അവയ്ക്കു ലിഖിതരൂപങ്ങളില്ല. അതുകൊണ്ടുതന്നെ കാലാന്തരത്തിൽ മണ്മറഞ്ഞുപോയേക്കാവുന്ന ഇത്തരം വാങ്മയവിശേഷങ്ങളെ തലമുറകളിലേക്ക് കൈമാറുവാനുള്ള ഉപാധിയായി സാഹിത്യം വർത്തിക്കുന്നു. ഈ അർത്ഥത്തിൽ വിലയിരുത്തുമ്പോൾ കുട്ടനാടൻ ജനതയുടെ ഇടയിൽ ശക്തമായി സ്വാധീനം ചെലുത്തിയിരുന്ന പല ആചാരവിശേഷങ്ങളെയും ആഗോളവത്കരണഫലമായി പ്രചാരലുപ്തമായി പോകാമായിരുന്ന പല നാട്ടുഭക്ഷണപാനീയങ്ങളെയും വിശ്വാസങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ കാത്തുസൂക്ഷിച്ചു വരും തലമുറയ്ക്ക് കൈമാറുന്ന ഫോക്‌ലോറിന്റെ അക്ഷയഖനിയായി 'കയർ' എന്ന രചന മാറുന്നു.

**ഗ്രന്ഥസൂചി**

1. പരമേശ്വരൻപിള്ള എരുമേലി, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കോട്ടയം, കറന്റ് ബുക്സ്, 2015.
2. ബഞ്ചമിൻ ഡി, നോവൽ സാഹിത്യപഠനങ്ങൾ, തിരുവനന്തപുരം: മാളൂബൻ പബ്ലിക്കേഷൻസ്, 2010.
3. രാഘവൻ പയ്യനാട്, ഫോക്‌ലോർ, തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1997.
4. രാജേഷ് ചിറപ്പാട് (എഡി. ) തകഴി വായനയും പുനർവായനയും, തിരുവനന്തപുരം, ചിന്ത പബ്ലിക്കേഷൻസ്, 2012.
5. വിഷ്ണുനമ്പൂതിരി, എം.വി, നാടോടിവിജ്ഞാനീയം, കോട്ടയം, ഡി. സി ബുക്സ്, 2011.
6. വിഷ്ണുനമ്പൂതിരി, എം.വി, ഫോക്‌ലോർ ചിന്തകൾ, കോഴിക്കോട്, പൂർണ പബ്ലിക്കേഷൻസ്, 2005
7. ശിവശങ്കരപ്പിള്ള തകഴി, കയർ, കോട്ടയം, ഡി. സി. ബുക്സ്, 1995
8. റീജ, വി, തൃക്കോട്ടൂർ തായ്‌വഴി, തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

# ഗോത്രകാർഷികസംസ്കൃതി നാരായന്റെ നോവലുകളിൽ

**ബിന്ദു ജെ. പി**

ലോകത്തിലെ തന്നെ ഏറ്റവും മഹത്തായ സംസ്കാരം എന്ന് വിശ്വസിക്കപ്പെടുന്ന ഭാരതിയസംസ്കാരം നദീതടങ്ങളെ ആശ്രയിച്ച് ഉടലെടുത്തതാണ്. ഇതിൽ തന്നെ ആര്യ-ദ്രാവിഡ സംസ്കാരങ്ങളുടെ ഒത്തുചേരലാണ് കേരളത്തിൽ കാണാൻ കഴിയുന്നത്. കേരളീയ സംസ്കാരത്തിന്റെ മുഖമുദ്ര തന്നെ കൃഷിയാണെന്നു പറയാം. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ കാലാവസ്ഥ കൃഷിക്ക് ഏറെ അനുയോജ്യമാണ്. ലോഹയുഗത്തിന്റെ ആരംഭത്തിലാണ് കേരളത്തിൽ കൃഷിരീതികൾ ആരംഭിച്ചത് എന്നു കരുതുന്നു.

കാലിവളർത്തലും അനുബന്ധതൊഴിലുകളുമാണ് ആദ്യകാല ത്തുണ്ടായിരുന്നത്. ഗോവിനെ ത്രാണനം ചെയ്യുക എന്നതായിരുന്നു ഗോത്രം എന്ന പദത്തിന് ആദ്യകാലത്തുണ്ടായിരുന്ന അർത്ഥം. പിൽക്കാലത്ത് അത് അർത്ഥപരിണാമം സംഭവിച്ച് ഒരേ ജീവിതരീതി പുലർത്തുന്ന ഒരു കൂട്ടം ജനസമൂഹത്തിനെ സൂചിപ്പിക്കുന്നതായി മാറി. നവീന ശിലായുഗത്തിന്റെ പരിവർത്തനദശയിൽ കൃഷിപ്പണിക്ക് ഉപയുക്തമായ ഏതെങ്കിലും ഉപകരണം കണ്ടുപിടിച്ചിട്ടുണ്ടാവാം എന്നും കേരളത്തിലെ പല പ്രാകൃതവർഗ്ഗക്കാരും കുഴിവടി എന്ന ഒരു ഉപകരണം ഉപയോഗിച്ചു കാണുന്നു എന്നും പി. കെ. ഗോപാലകൃഷ്ണൻ പറയുന്നു.[1] കൃഷി ആരംഭിച്ചതോടെ സംസ്കാരം തന്നെ മാറുന്ന ഒരു അവസ്ഥയാണ് പിന്നീടു കാണുന്നത്.

കേവലം ഒരു ഉല്പാദനപ്രക്രിയയല്ല കൃഷി, മറിച്ച് ഒരു സാമൂഹ്യ പ്രക്രിയയാണ്. സംഘകാലത്തു തന്നെ കൃഷിപ്രധാനമായ ഒരു സമ്പദ്വ്യവസ്ഥ രൂപം കൊണ്ടിരുന്നു എന്നു ചരിത്രം പറയുന്നു.

ഫലഭൂയിഷ്ഠമായ നദീതടങ്ങളിലാണ് ആദ്യമായി കൃഷി ആരംഭിച്ചത്. 'മരുതം ' എന്നു വിളിച്ചിരുന്ന ഈ പ്രദേശങ്ങളിൽ താമസിച്ചിരുന്നവർ ' ഉഴവർ ' എന്നറിയപ്പെട്ടു. സംഘം കൃതികളിൽ കലപ്പ ഉപയോഗിക്കുന്ന കർഷകൻ, കാളകളെക്കൊണ്ട് നിലം ഉഴുന്ന ഉഴവൻ എന്നെല്ലാമുള്ള പ്രയോഗമുള്ളതു കൊണ്ട് ഈ വക പ്രത്യേക വൈദഗ്ദ്ധ്യം സിദ്ധിച്ചവരായിരുന്നു ഉഴവർ എന്നു പറയുന്നു. പുൽമേടുകളും കുറ്റിക്കാടുകളും നിറഞ്ഞ സ്ഥലം 'മുല്ലൈ ' എന്നറിയപ്പെട്ടു. ആടുമാടുകളെ മേയ്ക്കലായിരുന്നു ഈ പ്രദേശത്തെ മുഖ്യതൊഴിൽ എങ്കിലും വരക്, മുതിര മുതലായ കൃഷിയും ഇവിടുണ്ടായിരുന്നു. മലകൾ നിറഞ്ഞ കാട്ടുപ്രദേശം കുറിഞ്ഞി എന്ന പേരിലറിയപ്പെട്ടു. ഈ പ്രദേശത്തു താമസിച്ചിരുന്ന ' കുറവർ ' മൃഗങ്ങളെ വേട്ടയാടിയും ഭക്ഷ്യധാന്യങ്ങൾ സംഭരിച്ചും ജീവിച്ചിരുന്നവരാണ്. മഴ കുറഞ്ഞ ' പാലൈ 'നിലത്തിൽ വസിച്ചിരുന്നവർ ' മറവർ ' എന്നറിയപ്പെട്ടു. സമർത്ഥരായ പോരാളികളായിരുന്നുവെങ്കിലും കൊള്ളക്കാരുമായിരുന്നു അവർ. സമുദ്രതീരദേശങ്ങൾ ' നെയ്തൽ ' എന്നാണറിയപ്പെട്ടത്. മീൻ പിടിച്ചും ഉപ്പുണ്ടാക്കിയും ജീവിച്ച അവർ ' മീനവർ ' എന്നറിയപ്പെട്ടു.

ഗുഹാന്തർഭാഗങ്ങളിലും മറ്റും താമസിച്ചിരുന്ന ആദിമമനുഷ്യൻ പരിഷ്കൃതലോകത്തിന്റെ പകിട്ടിൽ മയങ്ങി നഗരങ്ങളിലേക്ക് ജീവിതം പറിച്ചു നട്ടു. അപ്പോഴും അതിലൊന്നും വീഴാതെ സ്വന്തം സ്വത്വം കാത്തുസൂക്ഷിച്ച് വനാന്തർഭാഗങ്ങളിൽ തന്നെ താമസിച്ചിരുന്ന ജനവിഭാഗമായിരുന്നു ആദിവാസികൾ എന്നറിയപ്പെടുന്ന ഗോത്രജനത. ഹിന്ദുമതവിശ്വാസത്തോട് അടുപ്പമുണ്ടെങ്കിലും തങ്ങൾക്കും മീതേയുള്ള ശക്തി എന്നവർ കരുതിയ പ്രകൃതിയെയാണ് അവർ ആരാധിച്ചത്. മണ്ണും മരവും പ്രകൃതിശക്തികളും എല്ലാം അവരുടെ ആരാധനയ്ക്ക് വിഷയമായി. തങ്ങൾ ജീവിക്കുന്ന ഇടത്ത് നടക്കുന്ന ഏതൊരു കർമ്മത്തിനും അവർ പ്രകൃതിശക്തികളോട് അനുവാദം ചോദിച്ചിരുന്നു. അധ്വാനവും കൂട്ടായ്മയും സംഗീതവും കലയും ആരാധനയും എല്ലാം ചേർന്ന ഒരു സംസ്കാരമായിരുന്നു അവർക്ക് കൃഷി.

ആദിവാസികൾ എന്നറിയപ്പെടുന്ന ഗോത്രജനതയ്ക്കും സ്വന്തമായൊരു കാർഷിക സംസ്കൃതിയുണ്ടായിരുന്നു. കാട്ടുകായ്കനികളും കാട്ടുമൃഗങ്ങളുടെ പച്ചയിറച്ചിയും കാട്ടാറിലെ തെളിനീരും ആദിമമനുഷ്യന്റെ ആഹാരപാനീയങ്ങളായിരുന്നു. ഇവയ്ക്ക് ദൗർലഭ്യം നേരിട്ടതോടെയാവാം കൃഷി കണ്ടുപിടിച്ചത്. അതു മാത്രമല്ല സ്ഥിരമായി എവിടെയും താമസിക്കാതെ അലഞ്ഞുതിരിഞ്ഞു നടന്നിരുന്ന ആദിമ ജനത കൃഷിയുടെ കണ്ടുപിടിത്തത്തോടെ ഒരു സ്ഥലത്ത് സ്ഥിരതാമസം തുടങ്ങി. ആദ്യകാലങ്ങളിൽ ' മാറ്റകൃഷി ' എന്ന സമ്പ്രദായമായിരുന്നു

ഉണ്ടായിരുന്നത്. ' പുനംകൃഷി ' എന്നും ഇതറിയപ്പെടുന്നു. അതായത് വനഭൂമിയിലോരോ സ്ഥലം തീയിട്ട് കുറച്ചു വർഷങ്ങൾ അവിടെ കൃഷി ചെയ്യും. അവിടെ വിളവു കുറയുമ്പോൾ മറ്റെവിടെയെങ്കിലും കാടു വെട്ടിത്തെളിച്ച് തീയിട്ട് കൃഷി ചെയ്യും. വനസംരക്ഷണനിയമം കർക്കശമായതോടെയാണ് ഒരു സ്ഥലത്തു തന്നെ സ്ഥിരതാമസമുറപ്പിച്ച് കൃഷി ചെയ്യുന്ന പതിവ് തുടങ്ങിയത്. ഇന്നും ചില ഗോത്രവിഭാഗങ്ങളിൽ പുനംകൃഷി കാണുന്നുണ്ട്.

ഏതു കൃഷി തുടങ്ങുന്നതിനു മുമ്പായും ഓരോ ഗോത്രവിഭാഗവും അവരിലെ മൂപ്പന്റെ നേതൃത്വത്തിൽ ഭൂമിപൂജ നടത്തിയിരുന്നു. ഗോത്രവിഭാഗക്കാർക്കിടയിലെ കൃഷിരീതിയും അതോടനുബന്ധിച്ചുള്ള അനുഷ്ഠാനങ്ങളും എങ്ങനെയൊക്കെ സാഹിത്യത്തിൽ പരാമർശിക്കപ്പെടുന്നു എന്നാണ് ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കുന്നത്. മലയാളസാഹിത്യത്തിലെ ആദ്യത്തെ ആദിവാസിസാഹിത്യകാരൻ എന്നറിയപ്പെടുന്ന നാരായൻ സ്വന്തം ഗോത്രമായ മലയരയരെക്കുറിച്ചു പറയുന്ന ' കൊച്ചരേത്തി ' ഊരാളിമാരെക്കുറിച്ചു പറയുന്ന ' ഊരാളിക്കുടി ' മുതുവാന്മാരെക്കുറിച്ചു പറയുന്ന ' ചെങ്ങാറും കുട്ടാളും ' എന്നീ നോവലുകളാണ് പഠനത്തിനു സ്വീകരിച്ചിരിക്കുന്നത്.

**കൊച്ചരേത്തി**

മലയരയർ ആദിവാസിഗോത്രത്തിലെ പരിഷ്കൃതരാണ് എന്നു പറയാം, " ഞങ്ങളെ അപരിഷ്കൃതരെന്നു വിളിച്ചത് മറ്റുള്ളവരാണ്. പരിഷ്കാരം അങ്ങനെയാണല്ലോ" [2]എന്ന് നാരായൻ 'കൊച്ച രേത്തി' യുടെ ആമുഖത്തിൽ പറയുന്നുണ്ട്. സിനിമയിലും ടി.വിയിലും ചില പ്രസിദ്ധീകരണങ്ങളിലുമൊക്കെ കാണുന്ന ആദിവാസിക്കഥകൾക്ക് സത്യത്തിന്റെ പുലബന്ധം പോലുമില്ലെന്ന മുഖവുരയോടെ മലയരയർ എന്ന ഗോത്രവിഭാഗത്തിന്റെ യഥാർത്ഥജീവിതം കാട്ടിത്തരികയാണു നാരായൻ. നോവലിന്റെ പല ഭാഗത്തും ഗോത്രജനതയുടെ കൃഷി സമ്പ്രദായങ്ങളും അതോടനുബന്ധിച്ച് അവർ നടത്തിയ ഉർവ്വരാരാധനയും പറയുന്നുണ്ട്.

നെൽകൃഷിയാണ് മലയരയർ ചെയ്തിരുന്നത്. കൃഷി നശിപ്പിക്കുന്നതിനു വരുന്ന ആനയെയും പന്നിയെയും ഓടിക്കാനായി കൊച്ചുരാമനും മറ്റും നടത്തുന്ന തയ്യാറെടുപ്പുകളെക്കുറിച്ച് നോവലിൽ പറയുന്നുണ്ട്.[3] കൊയ്ത്തിനു മുമ്പായി ധാന്യദേവത, സൂര്യചന്ദ്രന്മാർ എന്നിവരെ മനസ്സിലോർത്ത് ഇട്യാതി നടത്തുന്ന ധ്യാനം ഗോത്രജനതയുടെ സംസ്കാരം വെളിപ്പെടുത്തുന്നതാണ്. കതിരുകൾ മുറിക്കുന്ന അപരാധം പൊറുക്കണമെന്നാണു പ്രാർത്ഥന. ആദ്യത്തെ കൊയ്ത്തു കഴിഞ്ഞ്

കിട്ടിയ കതിര് പുരയിൽ തൂശനില വച്ച് വിളക്കു കൊളുത്തി ചന്ദനം പുരട്ടി മുകളിൽ കെട്ടിത്തൂക്കുന്നു. ഈ ചടങ്ങു കഴിഞ്ഞാലേ ബാക്കി നെല്ല് കൊയ്യൂ. പ്രകൃതി നൽകുന്ന കനിവാണ് വിളവെന്നും പ്രകൃതി യോടു മനുഷ്യർ ചെയ്യുന്ന ദ്രോഹമാണ് കൊയ്ത്ത് എന്നും മനസ്സിൽ കരുതിയ ഗോത്രജനത പ്രകൃതിശക്തികളെ ബഹുമാനിച്ചതിനു ശേഷം മാത്രമേ വിള കൊയ്യാറുണ്ടായിരുന്നുള്ളൂ. മാത്രമല്ല, ആദ്യകൊയ്ത്തു കഴിഞ്ഞ നെല്ലു കുത്തിയ അരി കൊണ്ടുണ്ടാക്കുന്ന ചോറ്, കഞ്ഞി ഇവ കാരണവന്മാർക്കു നേദിച്ചതിനു ശേഷം മാത്രമേ മറ്റുള്ളവർ ഭക്ഷിക്കാറുണ്ടായിരുന്നുള്ളൂ.[4]

പൂണ്ടൻകിളയെക്കുറിച്ചും ഏറെ വിശദമായിട്ടല്ലെങ്കിലും നോവലിൽ പറയുന്നുണ്ട്. കൂട്ടായി കൃഷി നടത്തിയിരുന്ന കാലത്താണ് പൂണ്ടൻകിളയ്ക്ക് പ്രസക്തിയുണ്ടായിരുന്നത്. പാട്ടിന്റെ അകമ്പടി യോടെയുള്ള കാർഷികനൃത്തമാണത്. നേരത്തേ നിശ്ചയിച്ചുവച്ചിരിക്കുന്ന സ്ഥലത്തിന്റെ ഇരുവശത്തും മണ്ണിളക്കി പാകപ്പെടുത്താനുള്ള ആയുധ ങ്ങളോടെ ആളുകൾ നിരന്നു നിൽക്കും. മൂപ്പന്റെ ആജ്ഞ കിട്ടുമ്പോഴാണ് പണിയാരംഭിക്കുന്നത്. ഉച്ചത്തിൽ കിളപ്പാട്ട് പാടും. നോവലിൽ ഇട്യാതിമൂപ്പന്റെ അനുവാദം കിട്ടിയപ്പോൾ രണ്ടു നിരക്കാരും വാശിയിൽ കിള തുടങ്ങുന്നതിനെപ്പറ്റി പറയുന്നുണ്ട്.

" താഴെ ഭാഗത്ത് പൂണ്ടൻകിളയ്ക്കൊരുങ്ങി നിൽക്കുന്ന പത്തു പതിനാറ് ആണും പെണ്ണും. എല്ലാവരുടെയും തലയിൽ വട്ടക്കെട്ട്. പാള ത്തൊപ്പി. പെണ്ണുങ്ങൾ പുറകോട്ടു വാലിട്ട് തലയിൽ തുണി കെട്ടി, തൂമ്പാക്കൈയ് പിടിച്ച് ഒരുങ്ങി നിൽപാണ്..

വിത്തു മൂടാനേ മണ്ണിളകാവൂ. തൂമ്പാ വീഴുന്നത് ഒരേ താളത്തിലും അകലത്തിലും വേണം. "[5]

## ഊരാളിക്കുടി

കൈവശഭൂമിയിൽ തന്നെ ആവർത്തിച്ചു കൃഷി ചെയ്തു ജീവിക്കാൻ നിർബന്ധിതരായപ്പോൾ നാണ്യവിളകൾക്കു പ്രാധാന്യമേറി എന്ന് നോവലിന്റെ ആമുഖത്തിൽ തന്നെ എഴുത്തുകാരൻ പറയുന്നുണ്ട്. കൃഷിയുടെ ചരിത്രം പരിശോധിച്ചാലും നമുക്കതു മനസ്സിലാക്കാനാവും. മാറി മാറി കൃഷി ചെയ്തുകൊണ്ടിരുന്നപ്പോൾ നെല്ലും മറ്റു ധാന്യവർഗ്ഗങ്ങളും കൃഷി ചെയ്യുകയും പിന്നീട് റബ്ബർ പോലുള്ള നാണ്യവിളകൾക്കു വഴിമാറുകയും ചെയ്തു. ആമുഖത്തിൽ തന്നെ നോവലിസ്റ്റ് കാലാകൃഷിയെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട്. ഒരു കൃഷി കഴിഞ്ഞാൽ ആ സ്ഥലത്തിനു പറയുന്ന പേരാണ് കാലാ. ഊരാളികൾ കാലാകൃഷി ചെയ്യാറില്ല. തനിക്കാവശ്യമില്ലാത്ത ആ സ്ഥലം ഊരാളികൾ

മറ്റുള്ളവർക്കു കൈമാറുന്നു. ഇതിനെ പുറത്തു നിന്നുള്ളവർ ചൂഷണം ചെയ്യുന്നു.

നെൽകൃഷിയോടൊപ്പം മറ്റു ധാന്യവർഗ്ഗങ്ങളുടെ കൃഷിയും ഊരാളിമാർ നടത്തിയിരുന്നതായി നോവലിൽ പറയുന്നുണ്ട്.

" നെല്ലിനോടൊപ്പം തിന, കുറുമ്പുല്ല്, ചേമ്പ്, കാച്ചിൽ, മത്ത ഒക്കെ നടണം. പഞ്ഞ കാലത്ത് കാടു തെണ്ടാതെ കഴിയാം. "[6]

മീനമാദ്യം വിത്തു വിതച്ച് കൃഷി ചെയ്യുന്നതിന്റെ വിവരണവും ഇവിടെത്തന്നെയുണ്ട്. അതിരുകൾ നിർണയിക്കാതെ അവർ കൃഷി ചെയ്യുന്നു, അതോടനുബന്ധിച്ച് പക്ഷിമൃഗാദികളുടെ ശല്യം ഉണ്ടാവാതിരിക്കാൻ പിലാത്തി മന്ത്രവാദവും ചെയ്യുന്നുണ്ട്. നെല്ല് കൊയ്യുമ്പോഴും ആചാരങ്ങളുണ്ട്. പ്രകൃതിശക്തികളെ ആരാധിക്കാതെ ഒരു ചടങ്ങും അവർ നടത്തില്ല.

" ശുദ്ധിയോടെ തീയുമായി വന്ന കൂർമ്മൻ, തെള്ളി പുകച്ചു. മന്ത്രം ജപിച്ച് ഒരു പിടി കതിരുകൾ കൂട്ടിപ്പിടിച്ചു കൊയ്ത്, ചെറിയൊരു കറ്റ കെട്ടി, കല്ലിൽ വച്ചു. പെരിയാറ്റയ്യപ്പന്. മലമുത്തിക്ക് നേർച്ച്"[7] തുടർന്നാണ് കൊയ്ത്തു നടക്കുന്നത്. കൊയ്ത നെല്ല് ഇടിച്ച് അവിലും പൊടികളുമാക്കി അതും ദേവതമാർക്കും കാരണവന്മാർക്കും നേദി ക്കുന്നു. അതോടൊപ്പം തെണ്ണം– സുഖക്കേട്– ഉള്ളവനായി എല്ലാവരും ഒരു പങ്ക് മാറ്റിവയ്ക്കുകയും ചെയ്യുന്നു. ദാരിദ്ര്യത്തിൽ മുഴുകി കഴിയുന്നവരായാൽ പോലും ഉള്ളതിൽ പങ്ക് തന്നേക്കാൾ കഷ്ടപ്പാടനുഭവിക്കുന്ന ഒരുവന് നൽകാനുള്ള ഗോത്രജനതയുടെ ഹൃദയവിശാലതയാണ് ഇതിലൂടെ വെളിവാകുന്നത്.

**ചെങ്ങാറും കുട്ടാളും**

നാരായന്റെ മറ്റു രണ്ടു നോവലുകളിൽ നിന്നും വ്യത്യസ്തമായി ഈ നോവലിൽ കാർഷികസംസ്കൃതിയെക്കുറിച്ചു പരാമർശിക്കുന്നതേയില്ല. മധുരയിൽ നിന്നും വന്ന മുതുവാന്മാർ കാർഷികസംസ്കൃതിയിൽ നിന്നും അകലം പ്രാപിച്ചിരുന്നു എന്നു കരുതാം. ഏലം തുടങ്ങിയവ കൃഷി ചെയ്യാറുണ്ടെന്നുള്ള സൂചനകൾ മാത്രമേ നോവലിൽ നിന്നും ലഭിക്കുന്നുള്ളൂ.

**ഉപസംഹാരം**

ഗോത്രസംസ്കാരം വനാന്തർഭാഗങ്ങളിൽ പുഷ്ടി പ്രാപിച്ചതാണ്. വനവിഭവങ്ങൾ ശേഖരിച്ച് അലഞ്ഞു തിരിഞ്ഞു ജീവിച്ചിരുന്നവർ കൃഷിയുടെ കണ്ടുപിടിത്തത്തോടെ ഒരിടത്തു തന്നെ പാർപ്പുറപ്പിക്കാൻ തുടങ്ങി. ആദ്യകാലങ്ങളിൽ പുനംകൃഷിയാണ് നിലവിലുണ്ടായിരുന്നത്. വിരിപ്പുകൃഷിയും കാലാകൃഷിയും ചില ഗോത്രവിഭാഗങ്ങൾക്കിടയിൽ നിലനിന്നിരുന്നു. വയനാട്ടിലെ ഗോത്രവിഭാഗങ്ങൾ വയലിൽ കൃഷി

ചെയ്തപ്പോൾ വനപ്രദേശങ്ങൾ കൂടുതലുള്ള ഇടുക്കിയിലെ ഗോത്രവിഭാഗക്കാർ കാട് വെട്ടിത്തെളിച്ച് കൃഷി ചെയ്തു. നെല്ലിനു പുറമേ റാഗി, ചോളം, തിന തുടങ്ങിയ കൃഷികളും ഇവർക്കുണ്ടായിരുന്നു. ഗോത്രസമൂഹത്തിനെ ഒരുമിപ്പിച്ചു നിർത്തുന്നതിന് കൃഷി ഏറെ സഹായിച്ചു. കൃഷിയുമായി ബന്ധപ്പെട്ട ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രകൃതിയുമായി ഗോത്രസമൂഹം എത്രത്തോളം താദാത്മ്യം പ്രാപിച്ച് ജീവിച്ചിരുന്നു എന്നതിന്റെ തെളിവായിരുന്നു. എന്നാൽ ഇന്ന് ഗോത്രപ്പെരുമയും കൂട്ടായ ജീവിതവും മാറി അവരും ഒറ്റയ്ക്ക് ജീവിക്കാൻ തുടങ്ങിയിരിക്കുന്നു. വിദ്യാഭ്യാസം നേടിയ പുതിയ തലമുറ കൃഷിയിൽ നിന്നും കാർഷികസംസ്കൃതിയിൽ നിന്നും അകന്നു പോയിരിക്കുന്നു, ഊരാളി, കുറിച്യർ തുടങ്ങിയ വിഭാഗങ്ങളാണ് ഇന്നും കുറച്ചെങ്കിലും പഴയ സംസ്കാരം പിന്തുടരുന്നത്. നഷ്ടപ്പെട്ട ഒരു സംസ്കാരം വീണ്ടെടുക്കുക ബുദ്ധിമുട്ടാണെങ്കിലും ആ പഴയ സംസ്കാരത്തിന്റെ പെരുമ നാരായന്റെ നോവലുകളിലൂടെ നിലനിൽക്കും.

**കുറിപ്പുകൾ**

1. ഗോപാലകൃഷ്ണൻ, പി. കെ., കേരളത്തിന്റെ സാംസ്കാരികചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1974, പുറം. 35.
2. നാരായൻ, കൊച്ചരേത്തി, ഡി സി ബുക്സ്, കോട്ടയം, 1998, പുറം. 7.
3. അതേ പുസ്തകം, പുറം. 24.
4. അതേ പുസ്തകം, പുറം. 29.
5. അതേ പുസ്തകം, പുറം. 39.
6. നാരായൻ, ഊരാളിക്കുടി, നാഷണൽ ബുക് സ്റ്റാൾ, കോട്ടയം, 1999, പുറം. 25
7. അതേ പുസ്തകം, പുറം.27.

**ഗ്രന്ഥസൂചി**

1. നാരായൻ, കൊച്ചരേത്തി, ഡി. സി. ബുക്സ്, കോട്ടയം
2. ..........., ഊരാളിക്കുടി, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം
3. .........., ചെങ്ങാറും കുട്ടാളും, മാതൃഭൂമി പബ്ളിഷേഴ്സ്, കോഴിക്കോട്.
4. പി. കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരികചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. നാരായൻ, എം. കെ. നാരായണൻ, മലയിലെ അരചനും അരയനും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

# കാർഷിക സമൂഹങ്ങളുടെ പാരിസ്ഥിതിക വീക്ഷണം

**സി.കെ. സുജിത്കുമാർ**

മാനവസാംസ്കാരിക ചരിത്രത്തിലെ ഏറ്റവും സുപ്രധാന ചുവടുവെപ്പായിരുന്ന കൃഷി. കൃഷി തന്നെ ഒരു സംസ്കാരമായാണല്ലോ (Agriculture) അറിയപ്പെടുന്നത്. പരിസ്ഥിതിബോധമെന്നത് ആഴത്തിലുള്ള പ്രകൃതിബോധമാണ്. പ്രകൃതിയുടെ സാധ്യതകളെ കുറിച്ചും അതിന്റെ പരിമിതികളെ സംബന്ധിച്ചുമുള്ള അഗാധമായ സാംസ്കാരികവിവേകമാണത്. സ്ഥായിയായി ദീർഘകാലം നിലനിന്ന കാർഷികസമൂഹങ്ങളുടെ നിലനിൽപ്പ് അവരുടെ പരിസ്ഥിതിബോധത്തെയും പ്രകൃതിബോധത്തെയും ആശ്രയിച്ചാണിരുന്നത്.[1]

കൃഷി ഒരിക്കലും നൂറു ശതമാനം സ്വാഭാവികമല്ല. അതിനാൽതന്നെ പാരിസ്ഥിതികവുമല്ല. മനുഷ്യവ്യാപാരമാണെന്നതുകൊണ്ടുതന്നെ അത് സാധ്യവുമല്ല. മനുഷ്യനല്ലാതെ മറ്റൊരു ജീവിയും കൃഷി ചെയ്യുന്നുമില്ല. ആവുന്നത്രയും പരിസ്ഥിതി സൗഹാർദ്ദപരമാവുക എന്നതുമാത്രമാണ് സാധ്യമായിട്ടുള്ളത്.[2] ഈ രീതിയിൽ ചിന്തിക്കുമ്പോൾ ആദിവാസികളുടെ കൃഷിയും പരമ്പരാഗതകൃഷിയും പരിസ്ഥിതി സൗഹാർദ്ദപരമായിരുന്നു എന്ന് കാണാൻ സാധിക്കും. ആദിമനിവാസികളുടെയും വൈദിക കാർഷിക സമൂഹങ്ങളുടെയും പരമ്പരാഗത കാർഷിക സമൂഹങ്ങളുടെയും പാരിസ്ഥിതിക അവബോധത്തെ അവലോകനം ചെയ്യാനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്.

**2. പാരിസ്ഥിതികാവബോധം പ്രാക്തന കാർഷികസമൂഹങ്ങളിൽ**

നനവാർന്ന ഉഷ്ണമേഖലാ പ്രദേശങ്ങളിലെ ആദിമഗോത്രങ്ങളുടെ തനിമയേറിയ കൃഷിസമ്പ്രദായമാണ് മാറ്റകൃഷി അഥവാ പുനംകൃഷി (Jhum or Shifting Cultivation). കാടു വെട്ടിത്തെളിച്ച് കത്തിച്ചാണ് പുനംകൃഷി ചെയ്തിരുന്നത്.[3] കാടു ചുട്ടെരിച്ച് ചെയ്യുന്ന കൃഷി എങ്ങനെ പരി

സ്ഥിതിസൗഹാർദ്ദപരമാകും എന്ന് സ്വാഭാവികമായും സംശയമുദിക്കാം. ആ ഒരു മാനത്തിൽ മാത്രം വിശകലനംചെയ്യുകയാണെങ്കിൽ അതും പരിസ്ഥിതിവിരുദ്ധം തന്നെ. ഒരു സ്ഥലത്ത് തുടർച്ചയായി കൃഷിചെയ്യാതെ ഒരൊറ്റ പ്രാവശ്യംമാത്രം കൃഷിയിറക്കുന്നു എന്നതാണ് പുനംകൃഷിയുടെ പ്രത്യേകത. ഒരിക്കൽ കൃഷിയിറക്കിയശേഷം ആ സ്ഥലം ഉപേക്ഷിക്കുന്നു. അവിടെ വീണ്ടും കാട് തഴച്ചുവളർന്നുവരും. പിന്നീട് പ്രസ്തുത സ്ഥലത്തേക്കു തിരികെവരുന്നത് വർഷങ്ങൾക്കുശേഷമായിരിക്കും. ഭക്ഷണം ഉൽപാദിപ്പിച്ചശേഷം പ്രകൃതിയെ സ്വയം നിർമ്മിക്കാൻവിട്ട് അടുത്ത ഇടം തേടിപോകുന്നു. ഒരേ ഭൂമിയിൽതന്നെ അടുത്തടുത്ത രണ്ടുവിളകൾ തമ്മിലുള്ള ദൈർഘ്യം പുനംകൃഷിയിൽ പരമപ്രധാനമാണ്. രണ്ടു വിളകൾക്കിടയിലുള്ള ഈ ഇടവേള മണ്ണിന് നഷ്ടപ്പട്ട ഓജസ്സു വീണ്ടെടുക്കുന്നതിനും കാടിന്റെ പുനരുജ്ജീവനത്തിനും സഹായകമാകുന്നു. ഈ അർത്ഥത്തിലാണ് പുനംകൃഷി പരിസ്ഥിതിസൗഹാർദ്ദപരമാകുന്നത്.

പുനംകൃഷിയിടങ്ങൾ വിളവൈവിധ്യത്തിന്റെ സ്രോതസ്സുകളാണ് എന്നതും ശ്രദ്ധേയമാണ്. 2–2.5 ഹെക്ടർ മാത്രം വിസ്തൃതിയുള്ള ഒരു ചെറിയ പ്ലോട്ടിൽ 8 മുതൽ 35 വരെ ഭക്ഷ്യയോഗ്യമായ സ്പീഷീസുകൾ ഒരേസമയം പുനംകർഷകർ കൃഷിചെയ്തുവന്നിരുന്നതായി പഠനങ്ങൾ പറയുന്നു.[4]

ഭക്ഷ്യജൈവവൈവിധ്യത്തിന്റെ സൂക്ഷിപ്പുകാർ എന്ന നിലയിലുള്ള ആദിവാസി കർഷകരുടെ പ്രധാന്യവും എടുത്തു പറയേണ്ടതുണ്ട്. വയനാട്ടിലെ ആദിവാസികൾക്കിടയിൽ എം. എസ്. സ്വാമിനാഥൻ ഫൗണ്ടേഷൻ നടത്തിയ ഒരു പ്രാഥമിക പഠനം 350–ൽ അധികം വനഭക്ഷ്യവിഭവങ്ങൾ ഇവർ ആഹാരത്തിനായി ഉപയോഗിക്കുന്നതായി കണ്ടെത്തുകയുണ്ടായി. ഇതിൽ 100–ൽ അധികം ഇലക്കറികളും 27–ഓളം കൂൺ വർഗങ്ങളും 16 ഇനം കാച്ചിൽ വർഗത്തിൽപെട്ട കിഴങ്ങുകളും ഉൾപ്പെടുന്നു.[5] ഉപയോഗപ്രദമെന്ന് തിരിച്ചറിഞ്ഞ 500–ഓളം ഔഷധസസ്യങ്ങളും 25–ഓളം പഴവർഗങ്ങളും ആദിവാസികൾ ഉപയോഗിച്ചിരുന്നതായി മറ്റൊരു പഠനവും പറയുന്നു.[6]

### 3. പാരിസ്ഥിതികാവബോധം വൈദിക കാർഷികസമൂഹങ്ങളിൽ

വേദകാലത്തെ കാർഷികവൃത്തിയെ സംബന്ധിച്ച് ഔദ്യോഗികമായ ചരിത്രരേഖകൾ ലഭ്യമല്ലാത്തതിനാൽ സംഹിതയിലെ ചില സൂക്തങ്ങളെ അവലംബിച്ചുകൊണ്ട് അക്കാലത്തെ കാർഷികസമൂഹങ്ങളുടെ പാരിസ്ഥിതികവീക്ഷണത്തെ കുറിച്ച് ഒരു പ്രഥമിക നിഗമനം നടത്താൻ മാത്രമേ ഇവിടെ ശ്രമിക്കുന്നുള്ളൂ.

യജുർവേദം 12-ാം അധ്യായത്തിൽ കൃഷിസൂക്തം എന്ന പേരിൽ ഒരു സൂക്തം തന്നെയുണ്ട്. ഈ സൂക്തത്തിലെ ആദ്യ മന്ത്രത്തിൽ[7] പറയുന്നത് നാം കവിയായി കൃഷിചെയ്യണമെന്നാണ്. മനോഹരമായ ഒരു മാലയിലെ മുത്തുമണികളെപ്പോലെ അക്ഷരങ്ങൾ അനുയോജ്യമായ ഛന്ദസ്സിലോ വൃത്തത്തിലോ ഭാവാത്മകമായി അടുക്കി ഒരു ക്രാന്തദർശിയെ (കവിയ്ക്ക് ക്രാന്തദർശി എന്നൊരു അർത്ഥമുണ്ട്) കണക്കെ അർത്ഥസമ്പുഷ്ടവും ലക്ഷണമൊത്തതുമായ കവിതരചിക്കുന്ന കവിയെപ്പോലെയാകണം കൃഷിക്കാരൻ എന്ന് ആഹ്വാനംചെയ്യുമ്പോൾ കൃഷി കവിതയായിരിക്കണമെന്ന് പറയാതെ പറയുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. ആ കൃഷിക്കാരൻ മാതൃകയാക്കേണ്ടതോ പ്രകൃതിയെന്ന ബൃഹത്തായ കവിതയെയും.

ഭാരതീയ പരിസ്ഥിതിദർശനം ആഴത്തിൽ അവതരിപ്പിക്കുന്ന അഥർവവേദത്തിലെ പൃഥ്വീസൂക്തത്തിലെ 12-ാമത്തെ മന്ത്രത്തിൽ **'മാതാ ഭൂമിഃ പുത്രോ അഹം പൃഥിവ്യാഃ'** എന്ന് പ്രസ്താവിക്കുന്നു. അതായത് 'ഭൂമി അമ്മയാണെന്നും ഞാൻ ആ ഭൂമിമാതാവിന്റെ പുത്രനാണെന്നും' താത്പര്യം. കൃഷിക്കാരനും പുത്രസമാനം മാതാവായ ഭൂമിയെ കഴിവതും മുറിപ്പെടുത്താതെ കാർഷികവൃത്തിയിൽ ഏർപ്പെടണമെന്ന് ഈ വരിയിൽനിന്ന് വായിച്ചെടുക്കാം. പ്രസ്തുത സൂക്തത്തിലെ 35-ാമത്തെ മന്ത്രത്തിൽ[8] കൃഷിയുൾപ്പെടെയുള്ള മനുഷ്യൻ ഭൂമിയിൽ ചെയ്യുന്ന പ്രവർത്തികൾ ഹിംസാത്മകമാകരുതെന്ന് ദർശനം ചെയ്യുകയും ചെയ്യുന്നുണ്ട്. മന്ത്രം പറയുന്നു, "അല്ലയോ ഭൂമീ, അവിടുത്തെ ഗർഭത്തിൽനിന്നും ഞാൻ കുഴിച്ചെടുക്കുന്നതെന്തും വേഗത്തിൽ വളർന്നുവരട്ടെ. അല്ലയോ പാവനമായവളേ, എന്റെ പ്രവൃത്തികൾ അവിടുത്തെ മർമങ്ങളെ ഹനിക്കാതിരിക്കട്ടെ, അവിടുത്തെ ഹൃദയത്തെ പിളർക്കാതിരിക്കട്ടെ", എന്ന്.

## 4. പാരിസ്ഥിതിക അവബോധം പരമ്പരാഗത കാർഷികാധിഷ്ഠിത സമൂഹങ്ങളിൽ

പ്രകൃതിയെ മുറിപ്പെടുത്താതെ അല്ലെങ്കിൽ പ്രകൃതിയിൽ ഏതെങ്കിലും വിധത്തിലുള്ള ആഘാതമേൽപ്പിക്കാതെ കൃഷിചെയ്യുക സാധ്യമല്ലതന്നെ. ഈ ആഘാതം എത്രമാത്രം കുറയ്ക്കാൻ സാധിക്കുമോ അത്രയും പ്രകൃതിസൗഹാർദ്ദപരവും അത്രതന്നെ സ്ഥായിയുമായിരിക്കും കൃഷി.

കൃഷിയെ ഒരു സാംസ്കാരിക പ്രക്രിയയായി അവലംബിച്ച പരമ്പരാഗത കാർഷികസമൂഹങ്ങൾ ഒട്ടുമിക്കവയും ഒഴിച്ചുകൂടാൻ സാധിക്കാത്ത ഈ ആഘാതം കഴിവതും ലഘൂകരിക്കാൻ ശ്രമിച്ചിരുന്നു എന്ന് ദീർഘകാലം സ്ഥായിയായി നിലനിന്ന ലോകത്തെ അത്തരം കാർഷി

കാധിഷ്ഠിത സമൂഹങ്ങളുടെ സമീപനങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും നമ്മെ ബോധ്യപ്പെടുത്തുന്നു. കൃഷി ഒറ്റപ്പെട്ടൊരു പ്രക്രിയ അല്ലെന്നും പ്രകൃതിയിലെ നിരവധി ഘടകങ്ങളുടെ സഹായത്താലല്ലാതെ കൃഷി പ്രായോഗികമാകില്ലെന്നും അവർ മനസ്സിലാക്കിയിരുന്നു. കേരളത്തിലെ പരമ്പരാഗത കാർഷിക സമൂഹങ്ങളുടെ പാരിസ്ഥിതിക അവബോധത്തെ, അവർ പിൻതുടർന്നുപോന്ന ചില സമീപനങ്ങളുടെയും വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും വെളിച്ചത്തിൽ ഇവിടെ അവതരിപ്പിക്കുന്നു.

കൃഷിയുമായി ബന്ധപ്പെട്ട് ഒട്ടനവധി ആചാരങ്ങളും അനുഷ്ഠാനങ്ങളും കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്നു. കാർഷികസംരക്ഷണത്തെയും കാർഷികസമൃദ്ധിയെയും ലാക്കാക്കി ആചാരിക്കുകയും അനുഷ്ഠിക്കുകയും ചെയ്തിരുന്ന ഇവയിൽ പലതും അന്ധവിശ്വാസങ്ങളും ശാസ്ത്രീയ അടിത്തറയില്ലാത്തവയുമാണെന്ന് ഒരുപക്ഷേ തോന്നാമെങ്കിലും, പ്രകൃതിയോടും ഭൂമിയോടും മണ്ണിനോടും ജീവജാലങ്ങളോടുമുള്ള കർഷകരുടെ ആരാധനയും വിധേയത്വവും ആദരവും ഇവയിൽ ഉൾച്ചേർന്നിരിക്കുന്നതു കാണാനാകും. അന്നം വിളയുന്നത് മണ്ണിലാണ്. വിതച്ച് വിളവ് കൊയ്തെടുക്കുന്നതുവരെയുള്ള കാർഷികപ്രവർത്തനങ്ങളിൽ മനുഷ്യനോടൊപ്പം ഒട്ടേറെ ജീവികളും പങ്കാളികളാകുന്നുണ്ട്. പ്രകൃതിയുടെ അനുകൂലത കൃഷിയുടെ വിജയത്തിൽ അത്യന്താപേക്ഷിതമാണ്. പ്രകൃതിനിയമങ്ങളാൽ ബന്ധിതമായ ജൈവആവാസവ്യവസ്ഥകളിലാണ് അഥവാ അവയെ പരിവർത്തനം ചെയ്താണ് നാം കൃഷിചെയ്യുന്നത്. അതിനാൽത്തന്നെ പ്രകൃതിനിയമങ്ങൾ അനുസരിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. ഒരർത്ഥത്തിൽ പ്രകൃതിയുടെ അനുകൂലതയാണ് നാം വിളവിന്റെ രൂപത്തിൽ ഏറ്റുവാങ്ങുന്നത്. പ്രകൃതിയുടെ കാരുണ്യമായും വരദാനമായുമൊക്കെയാണ് പരമ്പരാഗത കാർഷികസമൂഹങ്ങൾ അതിനെ കണ്ടത്. കാർഷിക മിത്തുകളിലും വിളവെടുപ്പുൽസവങ്ങളിലും കൃഷിയുമായി ബന്ധപ്പെട്ട നാടൻ പാട്ടുകളിലും നാടൻ കലാരൂപങ്ങളിലുമെല്ലാം പക്വമായ ഈ തിരിച്ചറിവ് നിറഞ്ഞുനിൽക്കുന്നതായി നിരീക്ഷിക്കാം.

വിത്ത് വിൽക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിരുന്നതും കൃഷിയാരംഭിക്കുന്നതിനുമുമ്പ് മണ്ണിനോടും കാളകളോടും മാപ്പപേക്ഷിച്ചിരുന്നതും ഭൂമിയെ പൂജിച്ചിരുന്നതും കീടജീവികളോടുപോലും പലപ്പോഴും ഒരുപരിധിവരെ സൗഹാർദ്ദത്തോടെ പെരുമാറിയിരുന്നതുമെല്ലാം, പഴയ കർഷകരുടെ സാംസ്കാരികവും ധാർമ്മികവുമായ ഉച്ചാവസ്ഥയെ വെളിപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങളാണെന്നതോടൊപ്പം പാരിസ്ഥിതികവിവേകത്തെക്കൂടി പ്രതിഫലിപ്പിക്കുന്ന ഉദാഹരണങ്ങൾ കൂടിയാണ്.

പരമ്പരാഗത കാർഷികസമൂഹങ്ങൾ വിത്തിന് വലിയ മൂല്യമാണ് കൽപ്പിച്ചിരുന്നത്. വിത്തിനെ അവർ ആദരവോടെ കണ്ടിരുന്നു. അന്നത്തിനുള്ള മനുഷ്യരുടെ എല്ലാ പ്രത്യാശകളും വിത്തിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. തലമുറകളിൽനിന്ന് തലമുറകളിലേക്ക് ഭക്ഷണത്തിന്റെ കൈമാറ്റം സാധ്യമാകുന്നത് വിത്തിലൂടെയാണ്. അങ്ങനെയുള്ള വിത്ത് കച്ചവടംചെയ്യുന്നത് ആശാസ്യമല്ലെന്ന് അവർ കരുതി. വിത്തിന്റെ സമാരാധ്യത അടിവരയിട്ടുകൊണ്ട് വിത്തുപിറന്നാളും മറ്റും അവർ ആഘോഷപൂർവം കൊണ്ടാടി.

കൃഷി ആരംഭിക്കുന്നതിനുമുമ്പ് മണ്ണിനോടും മണ്ണിലെ ജീവജാലങ്ങളോടും കാളകളോടും മാപ്പപേക്ഷിച്ചിരുന്ന ഒരു നാട്ടുവഴക്കം പഴയ കർഷകർ പാലിച്ചിരുന്നു. ഭൂമിയെ മാതാവായിക്കണ്ട അവർ അമ്മയുടെ നെഞ്ചിൽ മുറിവേൽപ്പിച്ചാണ് കൃഷിചെയ്യുന്നത് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടിരുന്നു. എന്നു മാത്രമല്ല ആ ഭൂമി സൂക്ഷ്മവും സ്ഥൂലവുമായ ജീവകോടികളുടെ വാസസ്ഥാനം കൂടിയാണെന്നും അവർ തിരിച്ചറിഞ്ഞിരുന്നു. അവിടെ അതിക്രമിച്ചുകൊണ്ടാണ് കൃഷി നടത്തുന്നതെന്ന ബോധം അവർക്കുണ്ടായിരുന്നു. ആ അതിക്രമത്തിന് മാപ്പപേക്ഷ ഒരു പരിഹാരമാകില്ലെങ്കിൽക്കൂടിയും, കൃഷി എന്ന കർമ്മം ഒഴിച്ചുകൂടാനാവാത്തതായതുകൊണ്ട്, ധാർമ്മികമായ തങ്ങളുടെ കടമ എന്ന നിലയിൽ ആചാരമായിത്തന്നെ അവർ അങ്ങനെ ചെയ്തുപോന്നു. അതുപോലെ കാളകളുംമറ്റും അവയ്ക്ക് ആവശ്യമില്ലെങ്കിൽക്കൂടിയും കൃഷിക്കാരനുവേണ്ടി പാടത്ത് പണിയെടുക്കുകയാണ്. ഒരർത്ഥത്തിൽ അവ ത്യാഗംചെയ്യുകയാണ്. ഈ തിരിച്ചറിവ് കാളകളോടും മാപ്പപേക്ഷ നടത്തുന്നതിന് കർഷകരെ പ്രേരിപ്പിച്ചിരുന്നു.

ജീവജാലങ്ങളോടുള്ള സൗഹാർദ്ദപരമായ പെരുമാറ്റവും പാരിസ്ഥിതികവിവേകത്തിന്റെ ലക്ഷണമായി വിലയിരുത്തേണ്ടിയിരിക്കുന്നു. പണ്ട് വയനാട്ടിലെ ചില പ്രദേശങ്ങളിൽ കലപ്പയുണ്ടാക്കുന്നതിന് 'ഉങ്ങ്' മരം (Pongamia pinnata) ഉപയോഗിക്കാറില്ലായിരുന്നു. ഉങ്ങ്മരത്തിന്റെ അണുനാശകശേഷി മണ്ണിരകൾക്കും മണ്ണിലെ സൂക്ഷ്മാണുജീവികൾക്കും ദോഷമാകും എന്നു കണ്ടാണ് അവർ പ്രസ്തുത മരം ഒഴിവാക്കിയിരുന്നത്. .

നെല്ലിൽ ചാഴിയുടെ ആക്രമണം ഉണ്ടായാൽ പണ്ട് കേരളത്തിൽ പലയിടത്തും 'തീൻ' കൊടുത്താണ് അവയെ ഒഴിപ്പിച്ചിരുന്നത്. കീടജീവികൾ ഭക്ഷണം തേടിയാണ് വരുന്നത് എന്നതിനാൽ അവയെ തീറ്റി (ഭക്ഷണം) കൊടുക്കാതെ ഒഴിപ്പിക്കുന്നത് ദുഷ്പ്രവൃത്തിയായിട്ടാണ് കണക്കാക്കിയിരുന്നത്. തൃശ്ശൂർ ജില്ലയിലെ ചില സ്ഥലങ്ങളിൽ പാടശേഖരത്തിലെ ഒന്നോ രണ്ടോ കണ്ടം 'ചാഴിക്കണ്ട'മായി പ്രഖ്യാപിച്ച് ചാഴി

കൾക്കായി മാറ്റിവെക്കുകകൂടി ചെയ്തിരുന്നത്രെ!

കൃഷിയിൽ ഉന്മൂലനം ചെയ്യപ്പെടേണ്ടതായ ശത്രുക്കളില്ല എന്ന് കരുതിയവരായിരുന്നു പരമ്പരാഗത കൃഷിക്കാർ. അവരുടെ ഒരു പ്രവർത്തിയും ഒന്നിന്റേയും ഉന്മൂലനത്തിന് കാരണമായിരുന്നില്ല. കീടങ്ങളുടെ ആക്രമണമുണ്ടാകുമ്പോൾ അവയെ ഫലപ്രദമായി നിയന്ത്രിച്ചിരുന്നു എന്നത് ശരിതന്നെ. വിളകൾ തിന്നാനെത്തിയിരുന്ന വന്യമൃഗങ്ങളെയും പക്ഷികളെയും അകറ്റിനിർത്തുന്നതിനും മാർഗങ്ങൾ അവലംബിച്ചിരുന്നു. എങ്കിലും സഹജീവികളോടവർക്ക് സൗഹാർദ്ദപരമായ സമീപനമുണ്ടായിരുന്നു.

പക്ഷിവർഗത്തിൽ കൃഷിക്ക് നാശമുണ്ടാക്കുന്ന ചുരുക്കം ഇനങ്ങളിൽ ഒന്നാണ് ആറ്റക്കുരുവികൾ (weaver birds). ഇവ ഏറെ ഉപദ്രവകാരികളാണ് എന്നാണ് ആധുനിക കൃഷിക്കാരുടെ പക്ഷം. എന്നാൽ നെല്ലു വിളഞ്ഞുനിൽക്കുന്ന ഒന്നോരണ്ടോ ആഴ്ചക്കാലം മാത്രമാണ് ഇവ നെല്ല് ഭക്ഷണമാക്കുന്നത്. മറ്റു സമയങ്ങളിൽ പുൽവിത്തുകളും ചെറിയ കീടങ്ങളുമാണ് ഇവയുടെ പ്രധാന ഭക്ഷണം. അതിനാൽത്തന്നെ കീടനിയന്ത്രണത്തിലും കളനിയന്ത്രണത്തിലും ഇവ പ്രധാന പങ്കു വഹിക്കുന്നുണ്ട്. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞിരുന്ന പരമ്പരാഗത കർഷകർ, കൂട്ടത്തോടെ വന്നിറങ്ങുന്ന ആറ്റക്കുരുവികളെ ഉറക്കെ ശബ്ദങ്ങളുണ്ടാക്കിയും കല്ലെറിഞ്ഞും താൽക്കാലികമായി അകറ്റിയിരുന്നുവെങ്കിലും അവയോടുപോലും വിവേകത്തോടെ പെരുമാറിയിരുന്നു. ഇതിനു തെളിവാണ്, വിളഞ്ഞ നെല്ലു തിന്നാൻ വരുന്ന ആറ്റക്കുരുവികളെ ആട്ടിയകറ്റാൻ പോകുന്ന കുട്ടികളും മുതിർന്നവരും പാടിയിരുന്ന ഈ പാട്ട്:

"ആറ്റേം മക്കളും പൊക്കോളെ
നാളെ വെളുപ്പിന് വന്നോളെ
പടിക്കലെ കണ്ടം കൊയ്തോളെ."

ആറ്റക്കുരുവിപ്പറ്റത്തോട് തൽക്കാലം പാടത്തു നിന്നുപോകാനും അടുത്ത ദിവസം രാവിലെ പടിക്കലെ കണ്ടത്തിൽവന്ന് നെല്ല് തിന്നുകൊള്ളാനുമാണ് അനുമതികൊടുക്കുന്നത്.

### 5. പരിസ്ഥിതി അവബോധം – കാർഷിക ഉർവരാതാനുഷ്ഠാനങ്ങളിൽ

സൃഷ്ടിയെ ആഘോഷിക്കുന്നവയാണ് ഉർവരാതാനുഷ്ഠാനങ്ങൾ. കൃഷിയാകട്ടെ സൃഷ്ടിയുടെ ആവിഷ്കാരവും. കൃഷിയെന്ന സൃഷ്ടിപ്രക്രിയയിൽ, പ്രതീകാത്മകമായി, ഭൂമി സ്ത്രീയും (അമ്മ) വിത്ത് ബീജവും കൃഷിക്കാരൻ ബീജാവാപം ചെയ്യുന്നവനുമാണ്. ഈ അർത്ഥത്തിൽ കാർഷികപ്രക്രിയ തന്നെയും ഒരു ഉർവരതാനുഷ്ഠാനമാണ്.

കാർഷിക ഉർവരതാനുഷ്ഠാനങ്ങളിൽ പലതിലും ആഴത്തിലുള്ള പരിസ്ഥിതി അവബോധം ഇഴചേർന്നിരിക്കുന്നു. കാർഷിക കേരളത്തിൽ പ്രചാരത്തിലിരുന്ന ചില ഉർവരാതാനുഷ്ഠാനങ്ങൾ ദൃഷ്ടാന്തമായെടുത്ത് ഇക്കാര്യം വിശദമാക്കാം.

**5.1. ഇരുപത്തെട്ടുചാൽ**

മകരം 28 നാണ് ഇരുപത്തെട്ടുചാൽ ആഘോഷിക്കുന്നത്. ഇത് മണ്ണുമായി ബന്ധപ്പെട്ട ഉർവരാതാനുഷ്ഠാനമാണ്. അന്ന് ഭൂമിക്ക് ആർത്തവമുണ്ടാകുന്ന ദിവസമാണെന്നാണ് സങ്കൽപ്പം. അന്ന് ഭൂമിയിൽ കൊത്ത്, കിള, ഉഴമ തുടങ്ങിയ കൃഷിപ്പണികളൊന്നും ചെയ്യുക പതിവില്ല. ഈ വേള വിശിഷ്യാ മണ്ണിന്റെ മക്കളായ പുലയർക്ക് ദിവ്യമാണ്. മണ്ണിലിറങ്ങിയുള്ള, മണ്ണിനെ നോവിക്കുന്ന ഒരു പ്രവർത്തിയിലും അന്ന് പുലയർ ഏർപ്പെടുകയില്ല. അന്നേ ദിവസം അവർ ഉത്സവമായി കൊണ്ടാടുന്നു. കാവുകളിലും തറകളിലും പണികളിൽ പങ്കാളിയായ കാളയുടെ കോലവും തോളിലേന്തി അവർ ആഘോഷിക്കുന്നു.

**5.2. ചാലിടൽ**

ഒരു വർഷത്തെ കൃഷിപ്പണിയുടെ ആരംഭം കുറിക്കുന്ന ചടങ്ങാണ് ചാലിടൽ. വിഷു രണ്ടിനോ മൂന്നിനോ നാലിനോ സൂര്യോദയത്തിൽ ചാലിടൽ നടത്തും. അന്ന് കന്നിനെ എണ്ണതേച്ച് കുളിപ്പിച്ച് അലങ്കരിച്ച് കണ്ടത്തിൽ പോയി ചാലിടും. തേച്ചുകഴുകി ചന്ദനം തൊട്ടുവെച്ച കരിയും നുകവുംകൊണ്ട് കന്നിനെ കൂട്ടിക്കെട്ടും. കരിപ്പിടി പിടിച്ച് കിഴക്കുതിരിഞ്ഞ് ഉദിച്ചുവരുന്ന സൂര്യനെ നോക്കി ഇത്തിരിനേരം കണ്ണടച്ച്, ശേഷം കന്നിനെ തെളിച്ച് വരണ്ടുകിടക്കുന്ന കണ്ടം കുറച്ചുഭാഗം ഉഴും. ഒരുപിടി വിത്തുവാരി നെഞ്ചോട് ചേർത്തുപിടിക്കും. അത് കരിച്ചാലിൽ വിതയ്ക്കും. അതോടൊപ്പം അവിലും മലരും അരിയും മണ്ണിൽ വിതറും. അതെല്ലാം എറുമ്പുകൾക്കും കിളികൾക്കുമാണ്. തീറ്റലഭിച്ച് സംതൃപ്തരായ ജീവികൾ കണ്ടത്തിൽ കൂടുതൽ വിളയാനായി ദൈവത്തോടു പറയുമെന്നാണ് സങ്കൽപം.

**5.3. പൊങ്കൽ**

കേരളത്തിലെ തമിഴ്സ്വാധീനമുള്ള പ്രദേശങ്ങളിൽ തൈ മാസത്തിൽ പൊങ്കൽ ആഘോഷിക്കുന്നു. ഇത് അഞ്ചു ദിവസം നീണ്ടുനിൽക്കുന്ന വിളവെടുപ്പുത്സവമാണ്. രണ്ടാം ദിവസമാണ് പൊങ്കൽ. പ്രഭാതത്തിൽ പുതുതായി കൊയ്തുമെതിച്ചു കുത്തിയ അരി മൺകലങ്ങളിൽ വേവിക്കും. അരി തിളച്ച്, വെന്ത് പതയുമ്പോൾ അരിക്കലവുമെടുത്ത്

കുടുംബാംഗങ്ങൾ പൊങ്കൽ, അല്ലയോ പൊങ്കൽ, അല്ലയോ പൊങ്കൽ, അല്ലയോ പൊങ്കൽ എന്ന് സൂര്യന് അഭിമുഖമായി നിന്നുകൊണ്ട് ഉറക്കെ പറയും. പാകംചെയ്ത ചോറ് സൂര്യദേവനെ കാണിച്ച് നല്ല വിളവുതന്ന് അനുഗ്രഹിച്ചതിന് സൂര്യനോട് നന്ദിപറയുന്ന ചടങ്ങാണിത്. കൃഷിയുപകരണങ്ങളും മറ്റും മഞ്ഞൾകൊണ്ടും കുങ്കുമംകൊണ്ടും അലങ്കരിച്ചിട്ടുണ്ടാവും. അവയെയും ആരാധിക്കുന്നു. മൂന്നാം ദിവസം മാട്ടുപൊങ്കലാണ്, കാർഷികപ്രവർത്തനങ്ങളിൽ സഹകരിച്ച കന്നുകാലികളെ ആരാധിക്കുന്ന ചടങ്ങ്.

**6. ഉത്തരകേരളത്തിലെ കാർഷികചക്രവും ആചാരാനുഷ്ഠാനങ്ങളും പരിസ്ഥിതിവീക്ഷണവും**

തെയ്യക്കാലം സമാപ്തമാവുകയും തെയ്യപ്പറമ്പുകളിൽനിന്ന് ആളുകൾ കൃഷിക്കായി പോവുകയും ചെയ്യുന്നതായിരുന്നു വടക്കൻ കേരളത്തിലെ പരമ്പരാഗത സമ്പ്രദായം. ഇടവം പതിനഞ്ചാം തീയതിയോടെ തെയ്യക്കാലത്തിന് തിരശ്ശീലവീഴും. തുടർന്ന് കനത്ത മഴക്കാലമാണ്. മറ്റുള്ളവരോടൊപ്പം തെയ്യപ്പറമ്പുകളിൽ ആടിത്തിമർത്തിരുന്ന കാർഷികസമൂഹം കാർഷികവൃത്തിയിൽ സജീവമാകും. എടവം, മിഥുനം, കർക്കിടകം എന്നീ മൂന്നു മാസങ്ങൾ ആളുകൾ കൃഷിക്കു മാത്രമായി മാറ്റിവെച്ചിരുന്ന കാലം. ഈ കാലത്ത് ആരുംതന്നെ അന്തിത്തിരിവെക്കാൻപോലും കാവുകളിൽ കയറുകയില്ല. കാവിന്റെ സ്വാഭാവികത പുനഃസ്ഥാപിക്കുന്നതിനുള്ള (eco-restoration) കാലയളവാണിത്.കാവിനു മാത്രമല്ല ഭൂമിക്കും.

കർക്കിടകം 18 കഴിഞ്ഞാൽ തിമർത്തുപെയ്തുകൊണ്ടിരുന്ന മഴയ്ക്ക് ശമനം വരും. കാർഷികസമൂഹം അതോടെ ആദ്യത്തെ ചടങ്ങ് നടത്തുകയായി. മാരിമാറ്റൽ എന്ന് അതിന് പേര്. എല്ലാ കാവുകളിലും കർക്കിടകം 18-ാം തീയതി രാത്രി തന്നെ മാരിമാറ്റുന്ന ചടങ്ങ് നടത്തും. ‘മാരി’ എന്നതിന് പെരുംമഴ, മഹാരോഗങ്ങൾ, കൊടും വിപത്തുകൾ, തിന്മകൾ എന്നെല്ലാം അർത്ഥം കൽപിക്കാം. ഇവയെല്ലാം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഈ ചടങ്ങ് നടത്തുന്നത്.

അടുത്ത പ്രധാന ചടങ്ങ് ‘നിറ’യാണ്. കർക്കിടക വാവ് കഴിഞ്ഞാൽ നിറയ്ക്ക് കൽപിക്കുന്നു. കാവുകളിലും ക്ഷേത്രങ്ങളിലും വീടുകളിലും നിറ നടത്തും. ‘നിറ നിറ പൊലി പൊലി’എന്നുരുവിട്ടുകൊണ്ട് കതിരിനെ ആനയിച്ചു കൊണ്ടുവരുന്നത് ‘നിറ’യുടെ പ്രധാന അങ്ഗമാണ്. നിറയുകയും പൊലിയുകയും ചെയ്യുക എന്നത് വർദ്ധിക്കുന്നതിന്റെയും സമൃദ്ധിയുടെയും പ്രതീകമാണ്. ‘നിറയുക, പൊലിയുക, വർദ്ധിക്കുക’ എന്ന സങ്കൽപത്തിന് ആഴത്തിലുള്ള അർത്ഥമാണുള്ളത്. നാടും

ക്ഷേത്രവും കാവും വീടും തൊഴുത്തും വയലും പുഴയും കുന്നും കടലും അഴിയും നിറഞ്ഞ് പൊലിഞ്ഞ് വരണമെന്നുള്ളതിന്റെ പ്രതീകാത്മകമായ ആവിഷ്കാരമാണത്. ഭൂമിയിൽ ഒന്നിനു മാത്രമായി വർദ്ധിക്കാനോ നിറയാനോ സാധിക്കുകയില്ല. എല്ലാം മറ്റോരോന്നിന്റെയും ഭാഗമായിക്കൊണ്ടുള്ള പാരസ്പര്യത്തിലേ പ്രകൃതിക്ക് നിലനിൽപ്പുള്ളൂ എന്ന ദർശനവും ഇതിനകത്ത് കാണാനാവും.[9]

താഴെ ഉദ്ധരിച്ചിരിക്കുന്ന പൊലിപ്പാട്ട് ശ്രദ്ധിക്കുക:

*"കുന്നു പൊലിക, പുഴ പൊലിക*
*കുളം പൊലിക കന്നു പൊലിക*
*മണ്ണു പൊലിക നാടു പൊലിക."*

കുന്നുകളും പുഴകളും കുളങ്ങളും കൃഷിക്ക് സഹായിക്കുന്ന മൃഗങ്ങളും മണ്ണും നിറഞ്ഞുപൊലിഞ്ഞ് സമൃദ്ധമായാലേ നാട് സമൃദ്ധമാവുകയുള്ളൂ എന്ന തിരിച്ചറിവ് പരമ്പരാഗത കാർഷികസമൂഹങ്ങൾക്കുണ്ടായിരുന്നു എന്ന് ഈ പൊലിപ്പാട്ട് സാക്ഷ്യപ്പെടുത്തുന്നതോടൊപ്പം അവരുടെ പാരിസ്ഥിതികാവബോധത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു.

നിറയ്ക്കുള്ള കതിര് പൊതിഞ്ഞുകെട്ടാൻ ഉപയോഗിക്കുന്ന സസ്യങ്ങളുടെ പട്ടിക വിശകലനം ചെയ്യുകയാണെങ്കിൽ ഈ പാരിസ്ഥിക വിവേകം ഒന്നുകൂടി വ്യക്തമാകും. മാവ്, പ്ലാവ്, ആൽ, അരയാൽ, കാഞ്ഞിരം, നെല്ലി, കായൽ, വട്ടപ്പലം, സൂത്രവള്ളി, പൊലിവള്ളി... എന്നിങ്ങനെയുള്ള സസ്യങ്ങളുടെ ഇലകൾക്കു നടുവിൽ കതിര് വെച്ച് പൊതിഞ്ഞുകെട്ടുന്നത്. ഈ സസ്യങ്ങൾക്ക് എന്തെങ്കിലും പ്രത്യേകതയുണ്ടോ, ബോധപൂർവമാണോ അവ തിരഞ്ഞെടുത്തത്? ഈ സസ്യങ്ങളുടെ പ്രത്യേകത പരിശോധിക്കുമ്പോൾ ബോധപൂർവമായിതന്നെയാണ് അവ തിരഞ്ഞെടുത്തത് എന്ന തീർപ്പിലെത്താനേ സാധിക്കുകയുള്ളൂ. ജീവപരിണാമവുമായി ബന്ധപ്പെട്ട് പ്രതീകാത്മമായ ചില മാനങ്ങൾ ഈ സസ്യങ്ങൾക്കുണ്ട്. നേക്കുക: കായൽ എന്നാൽ മുള. നെല്ലുൾപ്പെടെയുള്ള ധാന്യം ഉൽപ്പാദിപ്പിക്കുന്ന സസ്യങ്ങളെ ഉൾക്കൊള്ളുന്ന പുൽവർഗത്തിലെ ഏറ്റവും വലിയ അംഗം. പൊലിവള്ളി ഒരു പന്നൽച്ചെടിയാണ്. പുഷ്പിക്കാത്ത സസ്യവർഗങ്ങളുടെ പ്രതിനിധി. സൂത്രവള്ളിയാണെങ്കിൽ അപുഷ്പികളായ ചെടികൾക്കും പുഷ്പിക്കുന്ന ചെടികൾക്കും ഇടയിലുള്ള ഒരു രൂപാന്തരം. മറ്റുള്ളവയെല്ലാം പുഷ്പിക്കുന്ന സസ്യങ്ങളും. ഇലകളുടെ നടുവിലാണ് കതിര് വെക്കുന്നത്. ഇത്തരം ഇലകളുടെ സമൃദ്ധിയിൽ മാത്രമേ അഥവാ ഈ സസ്യവൈവിധ്യങ്ങളുടെ നിറവിൽ മാത്രമേ കതിര് നിറയുകയും പൊലിയുകയും അങ്ങനെ കൃഷിയും മനുഷ്യനും നിലനിൽക്കുകയും ചെയ്യുകയുള്ളൂ എന്ന് തിരിച്ചറിഞ്ഞ വിവേകമുള്ള ഒരു ജനതയുടെ സമൂർത്തമായ ആവിഷ്കാരം.

നിറയ്ക്കുശേഷം കർക്കിടകമാസം ഒടുവിൽ പുത്തരി എന്ന ചടങ്ങ് നടത്തും. പുത്തരിയുടെ സമയമാവുമ്പോഴേക്ക് നെല്ല് കതിരായി കഴിഞ്ഞിട്ടുണ്ടാവും. തുടർന്ന് ചിങ്ങമാസത്തിൽ ഓണം വന്നണയുന്നു. ഓണമാവുമ്പോഴേക്ക് നെല്ല് പൂർണമായും വിളഞ്ഞുകഴിഞ്ഞിട്ടുണ്ടാവും അഥവാ ഭക്ഷണമാക്കാൻ കഴിയുന്ന രൂപത്തിലേക്ക് പരിണമിച്ചുകഴിഞ്ഞിരിക്കും. ഓണസമയം ചെറുപൂക്കളുടെ വസന്തകാലമാണ്. പുഷ്പാരാധന ഓണാഘോഷത്തിന്റെ അവിഭാജ്യഘടകമാണ്. കന്നി മാസത്തിൽ മകംകൊള്ളൽ അഥവാ വിത്തുപിറന്നാൾ കൊണ്ടാടുന്നു. തുലാമാസത്തിൽ തെയ്യക്കാലത്തിന് വിണ്ടും ആരംഭമാകുന്നു. ധനുമാസത്തിൽ തിരുവാതിര ആഘോഷിക്കുന്നു. തിരുവാതിര കിഴങ്ങുവിളകളുടെ വിളവുത്സവമാണ്. തിരുവാതിരയ്ക്ക് ദശപുഷ്പങ്ങൾ ചൂടുന്നതും പുഷ്പങ്ങളെ ആരാധിക്കുന്നതും പ്രധാനമാണ്. കുംഭം, മീനം മാസങ്ങൾ അത്യുത്തര കേരളത്തിന്റെ തനതു പൂരഉത്സവത്തിന്റെ കാലമാണ്. അതിലും പൂക്കൾക്ക് വലിയ പ്രാധാന്യമുണ്ട്. ഏറ്റവുമൊടുവിൽ വിഷു ആഗതമാകുന്നു. വിഷു, വേനൽക്കാല പച്ചക്കറികളുടെയും ഫലവൃക്ഷങ്ങളുടെയും വിളവെടുപ്പുത്സവമാണ്. വിഷുവിന് ചക്കയും മാങ്ങയും തേങ്ങയും മറ്റു ഫലങ്ങളും കണിവെക്കുന്നു. സമൃദ്ധിയെ ആഘോഷിക്കുന്നു. സമൃദ്ധി കണികാണുന്നു. വിഷു കഴിയുന്നതോടെ ഒരു ചക്രം പൂർത്തിയാവുന്നു. ഋതുഭേദത്തെ വരവേറ്റുകൊണ്ട് തെയ്യപ്പറമ്പകളിൽനിന്ന് വീണ്ടും കൃഷിയിടത്തിലേക്ക്...

**ഉപസംഹാരം**

പരിസ്ഥിതിശോഷണത്തിന്റെ ബഹുവിധങ്ങളായ പ്രത്യാഘാതങ്ങൾ അതിതീക്ഷ്ണതയോടെ ലോകം ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ശോഷണത്തിനു വിധേയമായ ജൈവആവാസവ്യവസ്ഥകളെ പുനരുജ്ജീവിപ്പിച്ചുകൊണ്ട് പരിസ്ഥിതിവിനാശത്തിന്റെ ആഘാതങ്ങൾ എങ്ങനെ ലഘൂകരിക്കാം എന്ന ചിന്തയും ഇതോടൊപ്പം സജീവമാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ് പരിസ്ഥിതിശോഷണത്തെ സംബന്ധിച്ച ഗൗരവകരമായ ആശങ്കകൾ ലോകം ചർച്ചചെയ്യാൻ ആരംഭിക്കുന്നത്. അതാണെങ്കിൽ വ്യാവസായികവിപ്ലവത്തെ തുടർന്ന് പാശ്ചാത്യരാജ്യങ്ങളിൽ ഉണ്ടായ വിനാശകരമായ വികസനത്തിന്റെ തിക്തമായ അനുഭവങ്ങളിൽനിന്ന് അവിടങ്ങളിൽ അങ്കുരിച്ച വീണ്ടുവിചാരങ്ങളിൽനിന്നാണുതാനും. എന്നാൽ പരിസ്ഥിതിപ്രശ്നങ്ങൾ ഇന്നത്തെപ്പോലെ ഇല്ലാതിരുന്ന കാലത്തുപോലും നമ്മുടെ പൂർവിക സമൂഹങ്ങൾ ഉൾക്കാഴ്ചയോടെ പ്രകൃതിയിൽ ഇടപെട്ടിരുന്നു എന്നതും തങ്ങളെ ഉൾക്കൊള്ളുന്ന ജൈവആവാസവ്യവസ്ഥകളെ വിവേകത്തോടെ പരി

പാലിച്ചിരുന്നു എന്നതും അത്യന്തം ശ്രദ്ധേമമാണ്. ആധുനിക സമൂഹത്തിന് ഇവരിൽനിന്ന് പലതും പഠിക്കാനും പകർത്താനുമുണ്ട്.

**ഗ്രന്ഥസൂചികയും കുറിപ്പുകളും:**


1. സുജിത്കുമാർ, സി., കെ., (1999) കൃഷിമലയാളം, അക്ഷരസംസ്കൃതി, കണ്ണൂർ
2. അതേ പുസ്തകം
3. അതേ പുസ്തകം
4. Ramakrishnan, P.,S., & Patnaik, Suprava , Jhum-Slash and Burn Cultivation, Indigenous Visions, Geethi Sen (Ed.), Sage India.
5. ബാലകൃഷ്ണൻ, വി., നാരായണൻ, രതീഷ്, എം., കെ., ഡോ. അനിൽകുമാർ, എൻ.,(2004), കാട്ടറിവു കൾ ഭക്ഷ്യസുരക്ഷയ്ക്ക്, കാട്ടറിവുകൾ, ഉണ്ണികൃഷ്ണൻ, ഇ., (എഡി.), ഡി.സി. ബുക്ക്സ്, കോട്ടയം.
6. ദിരാർ, വി.എച്ച്., (2004), പരന്നഭൂമിയിലെ മനുഷ്യർ, കാട്ടറിവുകൾ, ഉണ്ണികൃഷ്ണൻ, ഇ., (എഡി.), ഡി.സി. ബുക്ക്സ്, കോട്ടയം, പേജ് 30-41.
7. സീരാ യുഞ്ജന്തി കവയോ യുഗാ വിതന്വതേ പൃഥക്.
   ധീരാ ദേവേഷു സുമ്നയാ." (യജുർവേദം 12.67)
8. യത്തേ ഭൂമേ വിഖനാമി ക്ഷിപ്രം തദപി രോഹതു.
   മാ തേ മര്മ വിമഗ്വരി മാ തേ ഹൃദയമര്പിപമ്.
   (അഥർവവേദം 12.1.35)
9. പത്മനാഭൻ, ടി.പി., നിറ നിറ പൊലി പൊലി, ഹിരണ്യ മാസിക, കോഴിക്കോട്, പുസ്തകം 5, ലക്കം 54, 2013 സെപ്തംബർ.

# സാഹിത്യലോകം കാർഷിക സംസ്കൃതിൽ ചെലുത്തിയ സ്വാധീനം

സ്വാതി കൃഷ്ണ ആർ.

മനുഷ്യനും പ്രകൃതിയും ജീവജാലങ്ങളും തമ്മിലുള്ള ബന്ധം മലയാള സാഹിത്യ രൂപങ്ങളിൽ വളരെ ശക്തമായി ആവിഷ്കരിച്ചിട്ടുണ്ട്. പ്രകൃതിയെ സ്നേഹിക്കുകയും. പ്രകൃതിയാൽ സ്നേഹിക്കപ്പെടുകയും ചെയ്യുന്ന കാർഷിക പാരമ്പര്യവും മാനവ ജീവിതവും അഭേദ്യമായ ബന്ധത്താൽ ഇണങ്ങി നിൽക്കുന്നതാണ്. ഉപജീവനത്തിനായി കൃഷിയെ ആശ്രയിക്കുന്ന സാധാരണ ജനങ്ങൾ പ്രകൃതിയുമായി വൈകാരികമായി ബന്ധപ്പെട്ടിരിക്കുന്നു. ആധുനിക സമൂഹത്തിൽ ഇത്തരം വൈകാരിക തയ്ക്ക് സ്ഥാനമില്ല എന്നും കാണാം. സമൂഹത്തിലെ സാധാരണ കർ ഷകർ നേരിടുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുന്ന നിരവധിയായ കൃതികളിൽ നിന്നും പൊൻകുന്നം വർക്കിയുടെ ആ വാഴവെട്ട് നാരായന്റെ തേൻവരിക്ക എന്നീ കൃതികൾ മലയാള സാഹിത്യലോകത്തെ കാർഷിക സംസ്കൃതിയും ചെലുത്തിയ സ്വാധീനം പരിശോദിക്കുകയാണ് ഇവിടെ.

കർഷകർ അനുഭവിക്കേണ്ടിവരുന്നതും ഈവിതത്തിൽ നേരിടേണ്ടിവരുന്നതുമായ കാര്യങ്ങളാണ് വാഴവെട്ടിലൂടെ തെളിഞ്ഞു കാണുന്നത്. അതിന് സമൂഹവും സർക്കാരും എപ്രകാരം കാരണ മാകുന്നു എന്നും കാണാം. ഒരു കർഷക കുടുംബത്തിന്റെ പശ്ചാത്ത ലമല്ലെങ്കിലും ഭക്ഷ്യവിളയിൽ നിന്ന് നാണ്യ വിളകയിലേക്ക് കടക്കുന്ന പുതിയ തലമുറയുടെ ചിന്താഗതിയെ തുറന്നു കാട്ടാനാണ് തേൻ വരിക്കയിലൂടെ ശ്രമിക്കുന്നത്. ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് എത്തുമ്പോൾ പ്രകൃതിയോടും മണ്ണിനോടുമുള്ള മനുഷ്യന്റെ ആഭിമുഖ്യം എപ്രകാരം വ്യത്യസ്തപ്പെട്ടിരിക്കുന്നു എന്ന പറയാൻ ശ്രമിക്കുന്നു. കർഷകർ നേരിടേണ്ടിവരുന്ന വെല്ലുവിളികളെ

തരണം ചെയ്യാൻ ശ്രമിക്കുന്നതും പ്രകൃതിയും മനുഷ്യനുമായുള്ള ദൈവീകമായ ബന്ധം നിലനിർത്തുന്നതും സമൂഹത്തിലെ ഇടപെടലുകൾ സാധാരണ കർഷകനിൽ ഏല്പിക്കുന്ന ആഘാത ത്തിനേയും ആ വാഴവെട്ടിലൂടെ കാണാം. പുത്തൻ പരിസ്ഥിതിയിൽ ഈ രണ്ട് കഥകളുടേയും വായാനാ പ്രാധാന്യം അർഹിക്കുന്നു. അതിനാൽ തന്നെ ഈ പ്രബന്ധം കാലിക പ്രശക്തമാണ്.

സവിശേഷമായ തൊഴിൽ മേഖലകളെ കേന്ദ്രീകരിച്ച് എഴുതിയ ആഖ്യാത്മക സാഹിത്യ കൃതികൾ പലതുമുണ്ട്. അത്തരം കൃതികളിൽ കഥാപാത്രങ്ങളുടെ വ്യക്തിത്വാവിഷ്കാരത്തിൽ അവരുടെ തൊഴിലിന് ഏറെ പ്രാധാന്യം ഉണ്ട്. പ്രശ്ന നിർഭരമായ തൊഴിൽ മേഖലകളിലെ മനുഷ്യൻ നേരിടേണ്ടിവരുന്ന വെല്ലുവുളുകൾ സമൂഹ ശ്രദ്ധിയിലേക്ക് കൊണ്ട് വരാൻ അത്തരം കൃതികൾക്ക് കഴിഞ്ഞിട്ടുണ്ട്. അത്തരത്തിൽ ഒരു കർഷ കുടുംബത്തിന്റെ കഥയായി 'ആ വാഴവെട്ട്' എന്ന കഥയെ കാണാം. കൃഷിയെ ജീവശ്വാസം പോലെ സ്നേഹിച്ച മാർക്കോസ് ചേട്ടന്റെ കഥയാണ് ആ വാഴവെട്ട്. 1940 കളിലെ കർഷകരുടെ ജീവിതമാണ് ഈ കഥയുടെ പശ്ചാത്തലം. മനുഷ്യത്വമില്ലാത്ത നിയമ വ്യവസ്ഥയേയും കഥാകൃത്ത് വിമർശിക്കുന്നു.

കുംഭ വെയിലിലെ വിയർപ്പിൽ കുളിച്ച് നിലമൊരുക്കുന്ന മാർക്കോസ് ചേട്ടനിലൂടെ കഥ ആരംഭിക്കുന്നു. എന്നാൽ അയാളുടെ മുഖം ഒട്ടും പ്രസന്നമല്ല. ഒരു കർഷകന്റെ മുഖത്തെ പ്രസന്നതയന്വേഷിക്കാൻ കേരളത്തിനു നേരമില്ല എന്നാണ് കഥാകൃത്ത് പറയുന്നത്. വെയിലിന്റെ ചൂട് വല്ലാതെ തളർത്തിയ മാർക്കോസിനും മകൾ റാഹേൽ കഞ്ഞിവെള്ളം കൊടുക്കുന്നു. അതിന്റെ അരുചിയുള്ള മറുപടിയായി റേഷൻ കടയിൽ നിന്നും കിട്ടുന്ന പച്ചരിയും നെല്ലും പൊടിയും കൂടാതെ പുഴുക്കളുമുണ്ടെന്നു പറയുന്നു. ദരിദ്ര കർഷകരും സാധാരണക്കാരും അനുഭവിക്കുന്ന ദാരിദ്ര്യത്തിലേക്കും ഭക്ഷ്യവസ്തുക്കളുടെ ലഭ്യതക്കുറവിലേക്കുമാണ് ഇത് വിരൽ ചൂണ്ടുന്നത്. ഇക്കാലമത്രയും അധ്വാനിച്ചിട്ടും പുഴുവരിച്ച റേഷനരിച്ചോറാണ് അയാളുടെ ആഹാരം. നല്ലപോലെ കൃഷിചെയ്താൽ സർക്കാർ സമ്മാനം തരുമെന്ന് അയൽക്കാരൻ പറഞ്ഞതിനും കൃഷി ചെയ്യുന്നതിനും മുമ്പ് വല്ലതും തന്നാൽ നന്നായിരുന്നു എന്നായിരുന്നു മാർക്കോസിന്റെ മറുപടി.

കൃഷിയെ ആത്മാർത്ഥമായി സ്നേഹിക്കുന്നവരാണ് മാർക്കോസും മകൾ റാഹേലും. ഒരേക്കർ സ്ഥമാണ് അവർക്കുള്ളത്. അവിടെ അത്യധ്വാനം കൊണ്ടാണ് അവർ വാഴകൾ വെച്ച് പിടിപ്പിച്ചത്.

അവരുടെ പുരയിടത്തിന്റെ പച്ചപ്പും തണലും ആ വാഴകളാണ്. അതിൽ നിന്നും കിട്ടുന്ന വരുമാനംകൊണ്ടാണ് ആ കുടുംബം ജീവിക്കുന്നത്. നാട്ടിലൊക്കെ വാഴയ്ക്ക് രോഗം പടർന്ന് പിടിച്ചപ്പോൾ മാർക്കോസിന്റെ വാഴത്തോട്ടത്തിലെ കുലച്ചതും കുലയ്ക്കാത്തതുമായ വാഴകൾ വെട്ടിക്കളയണമെന്ന് ആവശ്യപ്പെട്ട് ഉദ്യോദസ്ഥർ എത്തി. എന്നാൽ വാഴകൾക്ക് രോഗമുണ്ടെന്ന് പറയേണ്ടത് കൃഷിക്കാരനാണെന്ന നിലപാടിലായിരുന്നു മാർക്കോസ്. നല്ല കൃഷിക്കാരന് കൃഷിക്കളത്തിലെ രോഗങ്ങൾ തിരിച്ചറിയാൻ കഴിയും എന്ന തരത്തിലുള്ള മാർക്കോസിന്റെ പരാമർശം മനുഷ്യനും പ്രകൃതിയുമായുള്ള വൈകാരികമായ തലങ്ങളിലേക്കു കൂടി വിരൽ ചൂണ്ടുന്നു. എങ്കിലും ഉദ്യോഗസ്ഥരുടെ നിർബന്ധത്തിനു മുന്നിൽ ആ കൃഷിക്കാരൻ നിശബ്ദനാവുകയാണ്. വാഴകൾക്ക് രോഗമൊന്നുമില്ലെന്ന് തനിക്കറിയാമെന്ന് ഒരു കൃഷിക്കാരന്റെ അനുഭവ ജ്ഞാനത്തോടെ മാർക്കോസ് പറയുന്നു. തന്റെ ജീവിതത്തിന്റെ രക്ത ധമനികളായാണ് അയാൾ ഓരോ ചെടിയേയും കണ്ടത്. നട്ടുവളർത്തിയ വാഴകൾ വെട്ടുന്നത് തന്റെ കഴുത്ത് വെട്ടി കൊല്ലുന്നതിനു തുല്യമായി അയാൾ കരുതി. താങ്ങാനാവാത്ത ഹൃദയഭാരം അയാൽ അനുഭവിക്കുന്നു. അന്നുവരെ ജലവും വിയർപ്പ് തുള്ളികളും ഒഴിച്ച വാഴച്ചുവട്ടിൽ അയാൾ കണ്ണീർ പൊഴിക്കുകയാണ്. ഉദ്യോഗസ്ഥരും മാർക്കോസും രണ്ട് കാഴ്ച്ചപാടുകളുടെ പ്രതിനിധികളാണ്. അധികാരികളുടേത് കർഷകർക്കനുകൂലമായ നിലപാടല്ല കൃഷിക്കാരന്റെ കാഴ്ച്ചപ്പാട്. മണ്ണിനോടും കൃഷിയോടുമുള്ള സ്നേഹത്തിൽ നിന്നും ഉണ്ടാകുന്നതാണ് രോഗം വന്നവയും വരാത്തവയുമായ വാഴകൾ വെട്ടിക്കളയണമെന്ന് അധികാര വർഗ്ഗത്തിന്റെ നിലപാടാണ് കർഷനെ തളർത്തുന്നത്.

നാട്ടിലെ വാഴകൾ 'ബഞ്ചിടോപ്പ് ' രോഗബാധിതമായപ്പോൾ പ്രതിവിധികളെപ്പറ്റി ചിന്തിക്കാതെ വാഴകളെല്ലാം വെട്ടിക്കളയാൽ കല്പന പുറപ്പെടുവിക്കുകയാണ് കൃഷി വകുപ്പുകാർ ചെയ്തത്.

"ഭാഷാ സാഹിത്യത്തിലെ ഒരു ഉത്തമ ചെറുകഥയും ശ്രീ വർക്കിയുടെ പ്രതിഭയ്ക്കുമകുടോദാഹരണവുമാണ് 'ആ വാഴവെട്ട്'(സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ പേജ്: 49) എന്നത്" എന്ന് എ. ബാലകൃഷ്ണപിള്ളയുടെ പ്രശംസാപത്രവും ഇദ്ദേഹം കരസ്ഥമാക്കിയിട്ടുണ്ട്. ഇതിൽ താൻ അതീവ താൽപര്യത്തോടു വളർത്തിയതും രോഗ ബാധിതമല്ലാത്തതുമായ വാഴകൾ വെട്ടിക്കളയേണ്ടിവരുന്ന മാർക്കോസ് ചെട്ടന്റെ ദു:ഖവും ദൈന്യവും മനസിലാക്കി ആ വാഴകൾ അദ്ദേഹത്തെ ആശ്വസിപ്പിക്കാൻ അൽപ്പം വിപ്ലവവേശം പകർന്നു കൊടുക്കുന്നു.

"അല്ലയോ ഉദാരനായ കർഷകാ ഞങ്ങൾ പോകട്ടെ നമ്മെ ഭിന്നിപ്പിച്ചും നിർത്തുകയും വെട്ടി മുറിവേൽപ്പിക്കുകയും ചെയ്യുന്ന ഇന്നത്തെ ഭരണ രീതിയ്ക്ക് ഉടനേ മാറ്റംമുണ്ടാകും. നിങ്ങളുടെ രാജ്യവും വരുന്നു. ആ നിതാന്ത സ്വതന്ത്രമായ ഭൂമിയിൽ വച്ച് നമുക്ക് വീണ്ടും കാണാം. നമസ്കാരം".( ആ വാഴവെട്ട്) ഭൂമിയിൽ വച്ച് നമുക്ക് വീണ്ടും കാണാം. നമസ്കാരം, എന്ന് വാഴകളോട് എഴുത്തുകാരൻ സംസാരിപ്പിക്കുന്നു. പ്രകൃതിക്കുമേലുള്ള മനുഷ്യന്റെ സ്വാധീനത്തേയും ബന്ധത്തേയും മനുഷ്യേതര കഥാപാത്രമായ. വാഴവെട്ടിലൂടെ സമൂഹത്തോട് പറയാൻ ശ്രമിക്കുകയാണ്. നട്ടും നനച്ചും വളർത്തിയ വാഴകൾ സ്വന്തം കൈകൾകൊണ്ടുതന്നെ വെട്ടികളയുക എന്ന കാര്യം ഏതൊരു കർഷകനും കഴിയുന്നത് അതിനും കഴിയാതെ മാർക്കോസ് ചേട്ടൻ കൃഷിയിടത്തിൽ തളർന്ന് വീഴുകയാണ്.

ആ വാഴവെട്ട് എന്ന കഥയിലെ മാർക്കോസ് ചേട്ടനെപ്പോലെ തന്നെ പ്രാധാന്യമുള്ള കഥാപാത്രമാണ് റാഹേൽ. പിതാവി ന്റെകാര്യത്തിലും കൃഷിയുടെ കാര്യത്തിലും ആത്മാർത്ഥത പുലർത്തുന്നു. എന്നാൽ കഥാന്ത്യത്തിൽ പുരയിടത്തിലെ വാഴകൾ മുഴുവനും വെട്ടി തരിശായി കിടക്കുന്ന ഭൂമി കണ്ട് അവൾ ഒരു സിംഹിയെപ്പോലെ അലറുന്നു. അത് സമൂഹത്തിനും അധികാരത്തിനും നേരെയുള്ള കർഷകരുടെ ചോദ്യമാണ്. ഓരോ ദിവസവും കഴിയാൻ പോലും കഷ്ടപ്പെടുന്നവർക്ക് അധികാരികളിൽ നിന്നും ലഭിക്കുന്ന മോശമായ അനുഭവങ്ങളുടേയും കർഷക കുടുംബത്തിന്റെ ദയനീയതേയും ഈ കഥയിലൂടെ കാട്ടിത്തരുന്നു.

അന്നന്നത്തേടം കഴിഞ്ഞുകൂടാനായി വാഴകൃഷിയെ ആശ്രയിച്ചു നിൽക്കുന്ന മാർക്കോസ് ചേട്ടന്റെ ജീവിതമാണ് 'ആ വാഴവെട്ടിൽ'. എന്നാൽ ഒരു കുടുംബത്തിൽ തേൽവരിക്ക പ്ലാവ് എത്രത്തോളം സ്വാധീനെ ചെലുത്തുന്നുണ്ട് എന്നു പറയുന്ന കഥയാണ് തേൻവരിക്ക. അയ്യപ്പൻ എന്ന ഗൃഹനാഥനേയും തേൻവരിക്കപ്ലാവിനേയും മുൻനിർത്തിയാണ് കഥ പുരോഗമിപ്പിക്കുന്നത്. തേൻവരിക്ക പ്ലാവിലും ഒരു കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ കണ്ടെത്താം.

വൃദ്ധനായ അയ്യപ്പനും മുറ്റത്തെ തേൻ വരിക്ക പ്ലാവും തമ്മിലുള്ള സ്നേഹത്തോടെയാണ് കഥ ആരംഭിക്കുന്നത്. എന്നാൽ തടിക്കച്ചവടക്കാരനായ രണ്ടുപേർക്കൊപ്പം മകൻ സുരേന്ദ്രൻ വീട്ടിൽ വരുന്നതോടെ കഥയിൽ പുതിയ ഭാവങ്ങൾ വന്നുചേരുന്നു. തലമുറകളായി ജീവിതത്തിന്റെ ഭാഗമായി മാറിയ വരിക്ക പ്ലാവും അത് വിറ്റാൽ കിട്ടുന്ന പണത്തേയും കുറിച്ച് സുരേന്ദ്രന്റെ ചിന്താഗതിയും രണ്ട്

തലമുറകളുടെ മനോഭാവത്തെക്കൂടിയാണ് കാട്ടിത്തരുന്നത്. അയ്യപ്പന്റെ ചിന്തയിൽ പ്ലാവ് എങ്ങനെയെല്ലാമാണ് തങ്ങളെ സംരക്ഷിച്ചതെന്നതാണ്. എന്നാൽ സുരേന്ദ്രൻ ഒരു പ്ലാവല്ലേപോട്ടെ എന്നാണ് ഭാവം. പ്രകൃതിയും അതുമായി ബന്ധപ്പെട്ട ജൈവ വൈവിദ്യത്തേയും ഈ കഥയിലൂടെ വ്യക്തമാക്കുന്നു. മാത്രമല്ല അയ്യപ്പനും വരിക്ക്പ്ലാവുമായുള്ള വൈകാരികത കൂടുതൽ വ്യക്തമാക്കുവാനായി വരിക്കപ്ലാവിന് അയ്യപ്പന്റെ ചിന്തയിലൂടെ സംഭാഷണങ്ങളും നൽകുന്നു. ചക്ക ഇടാൻ ചെല്ലുമ്പോൾ അയാൾ അനുവാദം ചോദിക്കുന്നുണ്ട്. ഇതെല്ലാം നിങ്ങൾക്കുള്ളതല്ലേ ഇഷ്ടമുള്ളത് മുറിച്ചെടുക്കാം എന്നിങ്ങനെ പ്ലാവ് അനുവാദം നൽകുന്നു. പ്രകൃതി മനുഷ്യ ബന്ധത്തിന്റേയും തല മുറകളുടെ കാർഷിക സംസ്കാരത്തിന്റേയും ചിത്രം ഇതിലൂടെ കണ്ടെ ത്തുന്നു. അവ പരസ്പരം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. തേൻവരിക്ക പ്ലാവ് മുറിച്ച് പകരം റബ്ബർ തൈകൾ വയ്ക്കാം എന്ന് പറയുന്ന മകനിലൂടെ ഭക്ഷ്യവിളയിൽ നിന്നും നാണ്യ വിളകളിലേക്കുള്ള തലമുറയുടെ മാറ്റത്തേയും കാർഷിക ജീവിത ത്തോടുള്ള താല്പര്യമില്ലായ്മയുമാണ് കാട്ടിത്തരുവാൻ ശ്രമിക്കുന്നത്.

താൻ ഏറെ സ്നേഹിക്കുന്ന വരിക്ക പ്ലാവ് മുറിക്കാനുള്ള തീരുമാനം മകനെടുത്തു എന്നതിൽ വിഷമിച്ച് വരിക്ക പ്ലാവിനോട് തലയിൽ ഒരു കൊമ്പ് ഒടിച്ചിട്ടെങ്കിലും ആ ദുഷ്ടനെ ഇല്ലാതാക്കാൻ കഴിയില്ലേ എന്ന് അയ്യപ്പൻ ചോദിക്കുന്നു. പ്ലാവ് വെട്ടരുതെന്ന് വിലക്കിയിട്ടും തന്റെ വാക്കുകേൾക്കാതെ പ്ലാവ് വെട്ടാൻ തീരുമാനിച്ച സ്വന്തം മകനെ കുറിച്ചാണ് ഇപ്രകാരം ചിന്തിക്കുന്നത്. എന്നാൽ വെട്ടാൻ അടുക്കുന്നവരോടു പോലും മരത്തിനുള്ള കാരുണ്യം പ്ലാവിന്റെ വാക്കു കളിൽ ഉണ്ട്. വൃക്ഷങ്ങൾക്ക് ആരോടും പകയില്ലായെന്ന് വെട്ടിമുറിക്കു മ്പോൾ ഉണ്ടാകുന്ന വേദന പൊറുക്കണമെന്ന് വെട്ടാൻ വരുന്നവർ അപേക്ഷിച്ചാൽ നിരസ്സിക്കാൻ കഴിയില്ലാ എന്നുമാണ് പ്ലാവ് പറയുന്നത്. മരത്തിന്റെ അല്ലെങ്കിൽ പ്രകൃതിയുടെ മനോഭാവമാണിത്.

തേൻവരിക്ക എന്ന കഥയിൽ സ്വാഭാവികമായാണ് പ്ലാവ് എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. മനുഷ്യനെപ്പോലെ ചിന്തി ക്കുകയും സങ്കടപ്പെടുകയും ഉത്കണ്ഠപ്പെടുകയും ചെയ്യുന്നു. കഥയിലെ പ്ലാവ് ഒരു മരം വെട്ടി കളയുന്നത് വഴി അവ പ്രകൃതിയെ ഏൽപ്പിക്കുന്ന ആഘാതത്തിനേയും മണ്ണിനേയും പ്രകൃതിയേയും അത് വഴി മനുഷ്യന്റെ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തേയുമാണ് കഥയിലൂടെ വെളിപ്പെടുത്താൻ ശ്രമിക്കുന്നത്. മരം മുറിച്ച് കളഞ്ഞതിന് ശേഷം വെള്ളത്തിന്റെ ഉറവകൾ വറ്റുന്നതും കുടിക്കാൻ പോലും വെള്ളമില്ലാതെ കുടുംബം മറ്റ് വീടുകളെ ആശ്രയിക്കുന്നും കഥയിൽ കാണാം. വരിക്ക

പ്ലാവിന് പകരം വച്ച റബ്ബർ തൈകൾ വെള്ളമില്ലാതെ കരിഞ്ഞുണങ്ങുന്നതും കഥയിൽ പറയുന്നു. പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന ആവാസ വ്യവ്സ്ഥകളേയും ഭക്ഷ്യ വിഭവങ്ങളിൽ നിന്ന് നാണ്യ വിളകളിലേക്ക് മാറാനുള്ള മനോഭാവത്തേയും ഈ കഥയിൽ പരാമർശിക്കുന്നു. സമൂഹത്തിൽ നൽകുന്ന ഒരു മറുപടി കൂടിയാണ് 'തേൻ വരിക്ക'. ലളിതമായ ശൈലി ആശയത്തെ വ്യക്തമാക്കി കാണിക്കുവാൻ ഇതിലൂടെ കഴിയുന്നു.

**ഉപസംഹാരം.**

കാർഷിക മേഖലയുടെ വ്യത്യസ്തമായ അടയാളപ്പെടുത്തലുകളാണ് 'ആ വാഴവെട്ട്', 'തേൻ വരിക്ക' എന്നീ രണ്ട് കഥകളിലൂടെ നമുക്ക് കാണാൻ കഴിയുന്നത്. അത്യാധ്വാനം ചെയ്യുന്ന കർഷകന് ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന കടുത്ത ദാരിദ്ര്യത്തിന്റേയും മാനിസിക സംഘർഷങ്ങളുടേയും കഥയാണ് പൊൻകുന്നം വർക്കിയുടെ ആ വാഴവെട്ടിലൂടെ കാണുന്നത്. എക്കാലവും നിലനിന്നിരുന്ന കർഷ പ്രശ്നങ്ങളാണ് കഥാകാരൻ ഇതിൽ ഊന്നൽ നൽകിയിരിക്കുന്നത്. അത്യാധ്വാനം ചെയ്ത് ഇല്ലാത്ത പൈസ കടം വാങ്ങിയും കൃഷിചെയ്യുന്ന കർഷകന്റെ ദയനീയതിയിൽ രോഗം വന്ന വാഴകൾ വെട്ടി കൃഷി നശിപ്പിക്കണം എന്ന അവസ്ഥയിൽ നേരിടേണ്ടിവരുന്ന മാനസികവും സാമ്പത്തികവുമായ വ്യഥയും ഇതിൽ കാട്ടിത്തരുന്നു. അതിനു ശേഷം കർഷകർ എങ്ങനെ ജീവിക്കുന്നു എന്ന് ആരും ശ്രദ്ധിക്കുന്നില്ല. സമൂഹത്തിലെ കർഷകർ നേരിടേണ്ടിവരുന്ന വെല്ലുവിളികളെ യാഥാർത്ഥ്യത്തോടെ അവകരിപ്പിക്കുകയും ചിന്തിപ്പിക്കുകയുമാണ് ഈ ചെറുകഥയിൽ.

ഒരു മരം നഷ്ടപ്പെട്ടാൽ അതിന് നാശം സംഭവിച്ചാൽ അത് ഒരു തലമുറയേയും കുടുംബത്തേയും പ്രകൃതിയേയും എപ്രകാരം ബാധിക്കുന്നു എന്നും കാട്ടിതരികയാണ് നാരായന്റെ തേൻവരിക്ക എന്ന ചെറുകഥ. സാധാരണ കുടുംബത്തിനെ ദാരിദ്ര്യത്തിൽ നിന്നും രക്ഷപെടുത്താൻ ഒരു മരത്തിന് കഴിയും എന്ന് കാട്ടിത്തരുന്നു. തേൻവരിക്ക പ്ലാവിനു മാനുഷിക ഭാവങ്ങൾ നൽകുക വഴി പ്രകൃതിയിൽ മനുഷ്യർ നടത്തുന്ന ചൂഷണത്തേയും അവർ മണ്ണിനും ജൈവ ഘടനയ്ക്കും വരുത്തുന്ന തകരാറുകളും അതിന്റെ അനന്തര ഫലങ്ങളും തുറന്ന് കാട്ടുന്നു. പണത്തിന് പിന്നാലെ പോകുന്ന പുതുതലമുറ കൃഷിയേയപം പ്രകൃതിയേയും മറക്കുന്നു എന്നും അത് വരുന്ന

കാലത്തെ എപ്രകാരം ബാധിക്കുന്നു എന്നും ഈ കഥകളിൽ വ്യക്തമാണ്. കാർഷിക സംസ്കൃതിയേയും പ്രകൃതി മനുഷ്യബന്ധ ത്തിന്റെ വിവിധ വശങ്ങളേയും ഈ കഥകൾ പ്രതിനിധാനം ചെയ്യുന്നു. കാർഷിക പാരമ്പര്യവും സാംസ്കാരിക സാമൂഹിക മാറ്റങ്ങളും പ്രകൃതി യോടും കൃഷിയോടുമുള്ള മനുഷ്യന്റെ വ്യത്യസ്ഥ സമീപനങ്ങളും ഈ കഥകളിലൂടെ മനസിലാക്കാം.

## ഗ്രന്ഥസൂചി

രമേഷ് ചന്ദ്രൻ.വി. പ്രൊഫ : പൊൻകുന്നം വർക്കിയുടെ കഥകൾ ,നാഷണൽ ബുക്ക് സ്റ്റോൾ സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 2000

ജോർജ്ജ് അലക്സ്.കെ. : ആഗോള വൽക്കരണം സ്ത്രീ, പ്രകൃതി-2007 ഫെബിയൻ ബുക്സ് ആലപ്പുഴ

രവികുമാർ.കെ.എസ്.ഡോ. : വിത്തും വിളയും, ഗ്രന്ഥലോകം,കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആഗസ്റ്റ് 2019

# കാർഷിക സംസ്ക്കാരവും ഫോക്‌ലോറും

സിനീഷ് വേലിക്കുനി

ജനകേന്ദ്രീകൃതമായ ഒരു ജ്ഞാനവിഷയമാണ് ഫോക് ലോറിസ്റ്റിക്സ്. സമൂഹജീവിതവുമായി നേരിട്ട് ബന്ധമുള്ള ഈ പഠനവിഷയം പ്രാദേശികതയെ തിരിച്ചറിയാനും,അടയാളപ്പെടുത്താനും ഉപകരിക്കും. ഒപ്പംതന്നെ ജീവിതത്തിന്റെ ബഹുസ്വരതയെ പഠിച്ചു വിലയിരുത്തിയും സുസ്ഥിര വികസനത്തിന്റെ ചാലകശക്തിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഒരു അക്കാഡമിക്ക് വിഷയമെന്ന നില യിൽ കൂട്ടായ്മ ജീവിതത്തെ കുറിച്ചും വികാസത്തെക്കുറിച്ചും അവ രുടെ സങ്കല്പത്തെ കുറിച്ചും ആഴത്തിൽ മനസ്സിലാക്കുകയും വിക സനോന്മുഖമായ സമൂഹത്തിന്റെ സൃഷ്ടിക്കാവശ്യമായ അറിവ് നിർമ്മിക്കുകയും ചെയ്യുന്ന തിലാണ് ഈ വിഷയം പ്രസക്തമാകുന്നത്. സമൂഹം സ്വയം കൊണ്ടും കൊടുത്തും പരിണമി ക്കുന്നതിന്റെ അടയാളങ്ങളായ സാംസ്ക്കാരികഘടകങ്ങളാണ് ഫോക്‌ലോറിസ്റ്റിക ്സിന്റെ അന്വേഷണമേഖല.

മനുഷ്യജീവിതവും മനുഷ്യാനുഭവങ്ങളുമായും പാരമ്പര്യത്തിനും കലകൾക്കുമുള്ള ബന്ധത്തെ സൂക്ഷ്മമായി തിരിച്ചറിയാനും അതു വഴി അതിന്റെ ജൈവികമായ സവിശേഷബന്ധം തിരിച്ചറിയാനും ഫോക്‌ലോർ പഠനം ശ്രമിക്കുന്നു. പാരമ്പര്യത്തെ അംഗീകരിക്കുകയും സ്വതബോധവും സ്വാശ്രയത്വവുമുള്ള ഒരു ജനതയെ സൃഷ്ടിക്കാൻ പര്യാപ്തമായ അവബോധമാറ്റത്തിന് പ്രേരണനല്കുകയും ചെയ്യുന്ന പഠനവിഷയമാണ് ഫോക്‌ലോറിസ്റ്റിക്സ്. സാമൂഹ്യമനസ്സിനെ പഠിക്കാൻ ഒരു രീതിശാസ്ത്രം രൂപപ്പെടുത്തുകയും അതുവഴി സാമൂഹ്യമനസ്സിനെ ആഴത്തിൽ മനസ്സിലാക്കാനും അവരുടെ ലോകവീക്ഷണത്തെ

തിരിച്ചറിയാനുമുള്ള വികസനസങ്കല്പനം മുന്നോട്ടുവയ്ക്കാനുള്ള പ്രവർത്തനങ്ങളും ഈ ജ്ഞാനവിഷയം മുന്നോട്ടുവയ്ക്കുന്നു. അറിവ് തന്നെ ആധിപത്യമായി മാറുന്ന പുതിയ കാലത്ത് വിശകലനാത്മക ജ്ഞാനത്തെ ഫോക്‌ലോറിസ്റ്റിക്സ് മുന്നോട്ട് നയിക്കുന്നു.

പാരമ്പര്യത്തെക്കുറിച്ച് പ്രധാനമായും മൂന്ന് വാദങ്ങൾനിലനില്ക്കുന്നു.

പാരമ്പര്യം വേണ്ടേ വേണ്ട എന്ന് പറയുന്ന ഒരു വിഭാഗം.

പാരമ്പര്യം മാത്രം മതി എന്ന് പറയുന്ന വിഭാഗം.

പാരമ്പര്യം വേണം എന്ന് പറയുന്ന വിഭാഗം.

മേൽ സൂചിപ്പിച്ചവയിൽ പാരമ്പര്യം വേണ്ടേ വേണ്ട എന്ന് പറയുന്നവാദത്തേയും , പാരമ്പര്യം മാത്രം മതി എന്ന വാദത്തേയും ഒരു ഫോക്‌ലോറിസ്റ്റിന് അംഗീകരിക്കാൻ സാധിക്കില്ല. പാരമ്പര്യം വേണ്ട എന്ന് പറയുന്നതിനിടയിലും പാരമ്പര്യം മാത്രം മതിയെന്നും പറയുന്നതിനുമിടയിൽ ഒരു സ്പെയ്സ് ഉണ്ട്. പാരമ്പര്യത്തിൽ നിന്നും തള്ളേണ്ടതിനെതള്ളിയും കൊള്ളേണ്ടതിനെകൊണ്ടും ആധുനിക ജീവിതത്തോട് കൂട്ടി ഇണക്കികൊണ്ടുപോകുക എന്നത് വളരെ പ്രധാനമാണ്. ഇത്തരമൊരു പരിപ്രേ ഷ്യത്തിൽ നിന്നുവേണം കാർഷിക സംസ്കാരവും ഫോക്‌ലോറും എന്ന വിഷയത്തെ സമീപിക്കുവാൻ.

'മണ്ണില്ലേൽ മരത്തിലില്ല'എന്ന പഴഞ്ചൊല്ല് നല്ല മണ്ണില്ലെങ്കിൽ കൃഷിയുണ്ടാവില്ല എന്ന വസ്തുതയെയാണ് ചൂണ്ടികാണിക്കുന്നത്. 'കാവു വെട്ടല്ലേ കുളം വറ്റും' എന്ന പഴഞ്ചൊല്ല് പാരിസ്ഥിതിക വിവേകത്തിന്റെ ദർശനമാണ് നല്കുന്നത്. മണ്ണും ജലവും കിണറുകളും കാടും ജീവജാലങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യ ബന്ധത്തിൽ നിന്നാണ് ഫോക്‌ലോർ ജനുസ്സുകളിൽ ഭൂരി ഭാഗവും രൂപപ്പെട്ടുവന്നിട്ടുള്ളത്. മണ്ണിന്റെയും, മനുഷ്യന്റെയും നില നില്പിന് അടിസ്ഥാനം ഫെർട്ടിലിറ്റി ആണ്. (ഉർവരത) ഇതിനെ നാച്ചർ ഫെർട്ടിലിറ്റി , ഹ്യൂമൺ ഫെർട്ടിലിറ്റി – പ്രകൃതി ഉർവരത, മനുഷ്യ ഉർവരത എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. ആദ്യത്തേത് ഉർവ രമായ മണ്ണ്, വിളവിന്റെ വർദ്ധന, പ്രകൃതിയുടെ സുഭിക്ഷത, ഐശ്വര്യം തുടങ്ങിയവയുമായി ബന്ധപ്പെട്ട പരികല്പനയാണ്. മനുഷ്യ ഉർവരതയുണ്ടെങ്കിലേ വംശവർദ്ധനവ് ഉണ്ടാകും. സമൂഹത്തിന്റെ നിലനിൽപ്പിന് സന്താനോല്പാദനം വളരെ പ്രധാനപ്പെട്ട ഘടകമാണ്. പ്രകൃതി ഉർവരത യും മനുഷ്യ ഉർവരതയും പാരമ്പര്യത്തോടുകൂടി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതാണ്. ഇതിന് മറ്റൊന്നിനുമേൽ സ്വാധീനം ചെലുത്താൻ കഴിയും എന്ന് പ്രാചീനജനത വിശ്വസിച്ചിരുന്നു.

അതിനുതകുന്ന രീതിയിലുള്ള നിരവധി അനുഷ്ഠാനങ്ങൾ അവർ അനുഷ്ഠിക്കുകയും ചെയ്തിരുന്നു.

പ്രകൃതിയുടെ ഉർവരത മനുഷ്യ നന്മയ്ക്ക് സഹായിക്കുമെന്ന വിശ്വാസത്തിന്റെ ഭാഗമായി 'പുളികുടി' പോലുള്ള അനുഷ്ഠാനങ്ങൾ രൂപപ്പെട്ടുവന്നത്. നമ്മുടെ ഉത്സവങ്ങളിലും, ആഘോഷങ്ങളിലും, അനുഷ്ഠാനങ്ങളിലും കാർഷിക സംസ്കൃതി കേന്ദ്രസ്ഥാനത്ത് നിലനിൽക്കുന്നതായി കാണാം. ഉർവരത ഉത്സവങ്ങളായ ഇല്ലംനിറ , പുത്തരി ചേട്ടയേ ഉച്ചാടനം ചെയ്യൽ , ആടിവേടൻ തുടങ്ങിയവ കാർഷിക പാരമ്പര്യബന്ധം വ്യക്തമാക്കുന്നതാണ്.

പുത്തനരി (പുതുനെല്ല്) വീടിനകത്തേക്ക് ആദ്യമായി കയറ്റുന്ന ദിവസമാണ്. വടക്കെ മലബാറിലെ ക്ഷേത്രങ്ങളിലും , വീടുകളിലും ആദ്യകാലങ്ങളിൽ പുത്തരി ആചരിച്ചുവന്നിരുന്നു. ചിങ്ങസംക്രമദിവസം ചേട്ടയെ ഉച്ചാടനം ചെയ്യുന്ന ഒരു അനുഷ്ഠാനമാണ് ചേട്ടയെ അകറ്റൽ, വീടും പരിസരവും അടിച്ച് തളിച്ച് ചേട്ടയുടെ പ്രതീകങ്ങൾ എന്ന് കരുതപ്പെടുന്ന കുറ്റിചൂല് , ഉണങ്ങിയ ഈർക്കിൽ, മാറാല, തലമുടി, നഖം തുടങ്ങിയ മോശപ്പെട്ട വസ്തുക്കൾ പൊട്ടിയ കലത്തിൽ ചൂടാക്കിയ കാടിവെള്ളത്തിൽ ഇട്ട് കള്ളകർക്കിടക മാസമേ പോ മാണിക്ക ചിങ്ങമാസേ വാ എന്ന് ചൊല്ലിക്കൊണ്ട് തെക്ക് കിഴക്ക് സ്ഥിതി ചെയ്യുന്ന മരത്തിന്റെ ചുവട്ടിൽ മറിക്കുന്ന ദാര്യദ്ര്യത്തിന്റെ പ്രതീകമായ കർക്കിടകത്തെ ആട്ടിപ്പായിച്ച് സമൃദ്ധിയുടെ പ്രതീകമായ ചിങ്ങത്തെ വരവേല്ക്കുന്ന ചടങ്ങാണിത്. വടക്കെ മലബാറിൽ ഇന്നും നിലവിലുള്ള ഉച്ചാടനചടങ്ങാണ് ആടി വേടൻപാട്ട് മലയൻ ഉൾപ്പെടുന്നത് ആടിപ്പാട്ടും, വണ്ണാൻ ഉൾപ്പെടുന്നത് വേടൻപാട്ടും ആണ്. കിരാതം കഥയാണ് രണ്ടിലേയും ഇതിവൃത്തം. വനത്തിന്റെ ഭൂമി ചുട്ടെരിച്ച് കൃഷി ചെയ്യുന്നതിനും നായാട്ട് നടത്തു ന്നതിനുമൊക്കെ ഇതിവൃത്തത്തിന്റെ ഭാഗമായി പാടി വരുന്നുണ്ട്. അങ്ങനെയാണ് ആടിപ്പാട്ടും,വേടൻപാട്ടും കാർഷികസംസ് ക്കാരത്തിന്റെ ഭാഗമായി വന്നത്.

പാലക്കാട്ടെ കതിരുവേല, നെൽക്കതിരിന്റെ മാഹാത്മ്യം വ്യക്തമാക്കുന്നതിനുമാണ്. തെയ്യവും തിറയും പടയണിയും , മുടിയേറ്റും , കാളിയൂട്ടും ,കാളക്കളിയും മലവാഴിയാട്ടവും ഒക്കെ കാർഷിക സംസ്ക്കാരത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന അനുഷ്ഠാന കലകളാണ്. കാർഷികസംസ്ക്കാരം നിറഞ്ഞുനിൽക്കുന്ന വടക്കെ മലബാറിലെ അവതരണകലകളിലും കോതാമൂരി, പൂരക്കളി, ചിമ്മാനക്കളി, തുടങ്ങിയവ. ദേവലോകത്തുള്ള കാമധേനുവിനെ മനുഷ്യർക്ക് നന്മ ചെയ്യാനായി ഭൂമിയിലേക്ക് കൊണ്ടുവന്നുവെന്ന

വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ട പുരാവൃത്തമാണ് കോതാമൂരിക്ക് അടിസ്ഥാനം. പശുവിന്റെ രൂപമുണ്ടാക്കി അതുമെടുത്ത് ഒരു കുട്ടി വീടുകൾ തോറും കയറി നൃത്തം ചെയ്യുന്നു. കൃഷിയുടെ മാഹാത്മ്യം വിളിച്ചോതുന്ന ഒരു കാർഷിക അനുഷ്ഠാനമാണിത്. ഉർവരതയെ ഇല്ലാതാക്കുന്ന എല്ലാ ദോഷങ്ങളും ഇതിലൂടെ അകറ്റാൻ സാധിക്കുമെന്ന വിശ്വാസമാണ് കൂട്ടായ്മക്കുള്ളത്. വിശ്വാസത്തോടെ കറുപ്പ് , ചുവപ്പ് എന്നീ ഗുരുതികൾ തയ്യാറാക്കി , ഗോദാവരിയുടെ സാനിധ്യത്തിൽ കമഴ്ത്തുന്നു. അവസാനം, 'ഗോദാവരി പശു വന്നിടമെല്ലാം അടിച്ചുതളിച്ച് വിളക്ക് വെച്ച് ശുദ്ധി വരുത്തിയാൽ നെല്ലും പൊന്നും വർദ്ധിച്ച് കുഞ്ഞുകുട്ടി പൈതങ്ങളും വർദ്ധിച്ച് ഓരാലക്കന്നിനെ ഏഴാലയായി വർദ്ധിച്ച് ഏറിയൊരു ഗുണം വരുത്തും' എന്ന് വീട്ടുകാർക്ക് ആശംസയർപ്പിക്കുന്നതോടെ കോത മൂരിപ്പാട്ടിന്റെ ചടങ്ങുകൾ അവസാനിക്കുന്നു. കൊയ്ത്തുകഴിഞ്ഞ ശേഷം തുലാമാസത്തിൽ നടക്കുന്ന അനുഷ്ഠാനമാണിത്.

പുലയസമുദായത്തിന്റെ ഉച്ചാടനമന്ത്രവാദകർമ്മമായ കെന്ത്രോൻ പാട്ടിന്റെ ഭാഗമായി നടത്തിവരുന്ന അവതരണ കലയായ ചിമ്മാന കളിയുടെ തുടക്കവും ഒരർത്ഥത്തിൽ കാർഷിക നാടകമാണ്. പുനംകൃഷി (കുന്നിൻചെരിവിൽ നടത്തുന്ന കൃഷി) നടത്തുന്നതിന്റെ വിശദാംശങ്ങൾ ഇതിൽ ദൃശ്യവൽക്കരിക്കുന്നുണ്ട്. കൂടാതെ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തിന്റെ പ്രാധാന്യം വെളിവാക്കുന്ന മരം മുറിക്കലിന് തൊട്ടുമുമ്പുള്ള പ്രാർത്ഥന, ചടങ്ങുകൾ എന്നിവ സവിശേഷ ശ്രദ്ധ പതിയേണ്ട ഭാഗമാണ്. പൂരക്കളിയിലെ ആണ്ടും പള്ളും എന്ന ഭാഗത്ത് ശിവനും പാർവ്വതിയും ഭിക്ഷാടനം ചെയ്തിരുന്ന കാലത്ത് പള്ളന്റെയും , പള്ളത്തിയുടേയും വേഷം പൂണ്ട് കാർഷിക വൃത്തിയിൽ ഏർപ്പെടുന്നതായി ചിത്രീകരിക്കുന്നുണ്ട്. പള്ള് നാടകം എന്ന പേരിലാണ് അറിയപ്പെടുന്നത്. കൃഷിയുടേയും അദ്ധ്വാനത്തിന്റെയും മഹത്വം വെളിവാക്കുന്ന ഒരു നാടകമാണ് ഇത്. ഇവിടെ ശിവ പാർവ്വതിമാർ , പെരിയ പള്ളാർ അഥവാ കർഷകരും മറ്റ് ദേവാർ സഹായികളുമായി മാറുന്നു. കൃഷിക്കാവശ്യമായ വിത്തും പണിയായുധങ്ങളും എവിടെ നിന്ന് ലഭിക്കുമെന്ന് ശിവൻ ആരാഞ്ഞപ്പോൾ പാർവ്വതി അവയുടെ ലഭ്യത വ്യക്തമാക്കി. ഇന്ദ്രന്റെ കയ്യിൽ നിന്ന് നെൽവിത്തും ശിവന്റെ വാഹനമായ കാളയ്ക്ക് പുറമെ യമരാജന്റെ മഹിഷവും , ബലരാമന്റെ ലാംഗലവും കിട്ടുമെന്ന് പാർവ്വതി പറഞ്ഞു. ഭൂതഗണങ്ങളെ കർഷക തൊഴിലാളികളാക്കി കാവലിന് ഗുഹഗണേശാരെ ഏല്പിച്ചു. എല്ലാവരും ഒരുമിച്ചുള്ള കൂട്ടുകൃഷി ചെയ്യാൻ മൂത്തപള്ളാർ കല്പിക്കുന്നു. ഇതാണ് പുരാവൃത്തം. മുപ്പതിൽപരം

നെൽവിത്തു കളെക്കുറിച്ച് ഈ കാർഷിക നാടകത്തിൽ പറയുന്നുണ്ട്. കോതാമൂലിയിൽ 18 നെൽവിത്തുകളെക്കുറിച്ചേ സൂചിപ്പിക്കുന്നുള്ളൂ. കന്നിക്കൊയ്ത്തിന് ശേഷം കൊയ്ത്തുകഴിഞ്ഞ നെൽവയലുകളിൽ ചെന്ന് വടക്കെ മലബാറിലെ പുള്ളുവാർ ചെറുവീണ ഉപയോഗിച്ച് കറ്റപാട്ട് പാടുന്ന പതിവ് ഉണ്ടായിരുന്നു. നൂറോളം നെൽവിത്തുകളെകുറിച്ച് പാട്ടിൽ പ്രതിപാദിക്കുന്നുണ്ട്. ഇവയിൽ പലത് പഴമക്കാർക്ക് പരിചിതമായവയാണ്. ചിലത് ഇന്നും ഉപയോഗിച്ച് വരുന്നുണ്ട്. നെല്ലും തെങ്ങും തമ്മിലുള്ള ഒരു സാങ്കല്പിക വാദ പ്രതിപാദത്തെക്കുറിച്ചും കറ്റപാട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

ഓണം, വിഷു, തിരുവാതിര വടക്കെ മലബാറിലെ പൂരം തുടങ്ങിയവയെല്ലാം ഉർവരതയുടെ പ്രാധാന്യം പ്രകടമാക്കുന്നതും പ്രകൃതിയുടെ പ്രതിഫലനം ഉൾക്കൊള്ളുന്നതുമായ ആഘോഷങ്ങളാണ് ഇവയിൽ കേന്ദ്രസ്ഥാനത്ത് നിൽക്കുന്നത് പൂക്കളും ഇലകളുമാണ്. ഓണത്തിന്റെ പൂക്കളം , വിഷുക്കണി , എന്നിവ പ്രകൃതിയുടെ പുനവ താരമാണെന്നും പറയാം. തിരുവാതിരയുടെ പാതിരാപ്പൂചൂടൽ , ഊഞ്ഞാ ലാടൽ, തുടിച്ചുകുളി എട്ടങ്ങാടിചുടൽ, കൂവനൂറ് തയ്യാറാക്കൽ, മൂന്നും കൂട്ടി മുറുക്കൽ, തുടങ്ങിയ അനുഷ്ഠാനങ്ങൾക്ക് പ്രകൃതിയുമായുള്ള ബന്ധം പ്രത്യേകം എടുത്തുപറയേണ്ട തില്ലല്ലോ. ഇങ്ങനെ പ്രകൃതിയെ സ്നേഹിക്കാനും , ഭൂമിയെ അമ്മയായി കാണാനും അനുഷ്ഠാന ങ്ങളിലൂടെയും അവതരണങ്ങളിലൂടെയും നമ്മെ പഠിപ്പിച്ചത് ഫോക്ലോർ ആണ്. കൃഷിയെ മഹത്വൽക്കരിക്കാനും അതൊക്കെ സംസ്ക്കാരമായി കാണാനും നമ്മെ പ്രേരിപ്പിച്ചതും ഫോക്ലോർ ആണ്. ഈ ശീലത്തിൽ നിന്നും വിട്ട് നാഗരികസംസ ്കൃതിയിലേക്ക് ചേക്കേറിയ നമ്മുടെ മനസ്സി നേയും കൃഷിയേയും പ്രകൃതിയേയും നാമാവശേഷമാക്കാനും , ഉർവരതയുടെ പ്രഭവ കേന്ദ്രമായ മണ്ണിലെ കുന്നിൽ നിന്നും എത്ര ലോഡ് മണ്ണ് ലഭിക്കും ഒരു പുഴ കണ്ടാൽ എത്ര ലോഡ് മണൽ ലഭിക്കും , ഒരു കാട് കണ്ടാൽ എത്ര ലോഡ് തടി ലഭിക്കും എന്ന ആധുനികതയുടെ കമ്പോ ളയുക്തിയിലൂടെ സമീപിക്കുമ്പോൾ ഇതിനെതിരെ ഫോക്ലോറിലൂടെ പ്രതിരോധത്തിന്റെ രാഷ്ട്രീയം തീർത്ത് മുന്നോട്ട്പോകാൻ ജനതയ്ക്ക് സാധിക്കണം.

## ഗ്രന്ഥസൂചി

1. രാഘവൻ പയ്യനാട് ഡോ.1997 , ഫോക്‌ലോർ , കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം.
2. വിഷ്ണുനമ്പൂതിരി. എം.വി, ഡോ.2000, ഫോക്‌ലോർ നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം.
3. ദിലീപ് കുമാർ.കെ.പി, 2004, മലവാഴിയാട്ടം , കാളിസങ്കല്പം , കേരളീയ പരിസരത്തിൽ (ജന: എഡി: എം.പി.വിഷ്ണുനമ്പൂതിരി) കേരള ഫോക്‌ലോർ അക്കാദമി കണ്ണൂർ.

# കൃഷിയടയാളങ്ങൾ മലയാള ചലച്ചിത്രഗാനങ്ങളിൽ

സ്നേഹ ജോസ്

കേരളത്തിന്റെ ആധുനിക സംഗീതമാണ് ചലച്ചിത്രഗാനം. മലയാളം എന്ന ദേശത്തെയും മലയാളി എന്ന ദേശജനതയെയും നിർവചിച്ച വാങ്മയ സംഗീതമായി ഇതിനെ കണക്കാക്കാം. വ്യത്യസ്തകാരണങ്ങളാൽ ലോകമെമ്പാടും സവിശേഷമായ സംഗീത പാരമ്പര്യം സൃഷ്ടിക്കപ്പെട്ടു. അത്തരം നിരവധി സംഗീതരൂപങ്ങളിൽ മലയാളത്തിൽ ഏറ്റവും ജനപ്രിയ സംഗീതരൂപമായ ചലച്ചിത്രഗാനങ്ങളുടെ സാംസ്കാര സ്വരൂപമെന്തെന്ന് അന്വേഷിക്കുന്നത് മലയാളത്തിന്റെ, മലയാളിയുടെ സ്വത്വത്തെക്കുറിച്ചുള്ള അന്വേഷണം കൂടിയാണ്. മലയാളിയുടെ പ്രാദേശിക ജീവിതത്തിലെ നിർണ്ണായക ഘടകങ്ങളിലൊന്നായിരുന്നു നിശ്ചയമായും ഈ ഗാനങ്ങൾ.

പ്രാദേശിക ചരിത്രങ്ങൾ അതിനപ്പുറവും കടന്ന് സാമൂഹ്യബോധത്തിലേക്കും ദേശബോധത്തിനുമുണ്ടാകുന്ന വ്യത്യസ്താനുഭവങ്ങളും അനുഭൂതികളുമായി പരിണാമം തേടുന്നു സിനിമാഗാനങ്ങളിൽ. ഭൂപ്രകൃതി, കൃഷിയറിവുകൾ, കാർഷിക സംസ്കൃതി എന്നിങ്ങനെ ഓരോ പ്രദേശത്തെയും സമാനതകളില്ലാത്ത ഘടകങ്ങൾ സിനിമാപ്പാട്ടുകളിൽ പ്രത്യക്ഷമാവുന്നു. കൃഷിയെയും കാർഷിക വിളവുകളെയും പറ്റിയുള്ള അറിവുകൾ മലയാളിയെ സംബന്ധിച്ച് സ്വത്വപരമായ അതിജീവനങ്ങളായിരുന്നു. കൃഷി നമ്മുടെ സംസ്കാരമാണ്. പല ജീവിതങ്ങളും കെട്ടിപ്പടുത്തിരുന്നത് പൊന്നുവിളയുന്ന മണ്ണിൽ നിന്നും, ചേറ്റുപാട്ടിൽ നിന്നും, മണ്ണിനോട് അലിഞ്ഞുചേരുന്ന ഓരോ വിയർപ്പുകണങ്ങളിൽ നിന്നുമായിരുന്ന ഇന്നലെകൾ നമുക്കുണ്ടായിരുന്നു. മലയാള സാഹിത്യം സാമൂഹ്യപരമായ കൃഷിപ്പാട്ടുകളാൽ സമ്പന്നമാണെങ്കിലും ഇവിടെ ചലച്ചിത്രഗാനങ്ങളിലെ കാർഷികാംശങ്ങളെയാണ് സവിശേഷമായി എടുത്തു

പഠിക്കുവാൻ ശ്രമിച്ചിരിക്കുന്നത്. ഇത്തരം ഗാനങ്ങളെല്ലാം ആസ്വാദനം എന്നതിലുപരി കഴിഞ്ഞകാല കേരളീയ കാർഷിക സമൃദ്ധിയുടെ ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണ്.

കേരളീയ ഭൂപ്രകൃതിയേയും ഭൂമിശാസ്ത്രപരമായ സവിശേഷതകളെയും ഉൾക്കൊണ്ട് രചിക്കപ്പെട്ട ഗാനങ്ങൾ പ്രകൃതിയുടെ വൈവിദ്ധ്യാത്മകതയെയാണ് സ്ഫുരിപ്പിക്കുന്നത്. 'കരുമാടിക്കുട്ടൻ' എന്ന ചലച്ചിത്രത്തിലെ

"സഹ്യസാനുശ്രുതി ചേർത്തുവെച്ച
മണിവീണയാണെന്റെ കേരളം
നീലസാഗരമതിന്റെ തന്ത്രിയി–
ലുണർത്തിടുന്നു സ്വരസാന്ത്വനം
ഇളകിയാടുന്ന ഹരിതമേഖലയി–
ലലയിടുന്നു കളനിസ്വനം" എന്ന ഗാനം കേരളീയതയുടെ മനോഹാരിതയെയാണ് കോറിയിടുന്നത്.

"ഹരിതഭംഗി കളിയാടിടുന്ന
വയലേലകൾക്ക് നീർക്കുടവുമായി
നാട്ടിലാകെ നടമാടുന്നിതാ
പാട്ടുകാരികള് ചോലകൾ
ശ്യമകേദാരമേ...
ശാന്തി നിലയമായി നില്ക്ക നീ..." കാർഷിക സംസ്കൃതിയുടെയും ഹരിതാഭമായ കേരളീയ ഭൂപ്രകൃതിയുടെയും നേർചിത്രമാണ് ഈ വരികളിലൂടെ അനാവൃതമാകുന്നത്.

'മേഘം' എന്ന ചിത്രത്തിലെ
"തുമ്പയും തുളസിയും കുടമുല്ലപ്പൂവും
തൊഴുകയ്യായ് വിരിയണ മലനാട്
വേലയും പൂരവും കൊടിയേറും കാവിൽ
വെളിച്ചപ്പാടുറയണ വള്ളുവനാട്
ഒരു വേളിപ്പെണ്ണായ് ചമഞ്ഞൊരുങ്ങും
നല്ലൊരു നാട്—" എന്ന ഗാനവും
'ജലോത്സവം' എന്ന സിനിമയിലെ
"കേരനിരകളാടും ഒരു ഹരിതചാരുതീരം
പുഴയോരം  കളമേളം കവിത പാടും തീരം" എന്ന ഗാനവും കേരളീയ പ്രകൃതിനിറവിന്റെ മറ്റുദാഹരണങ്ങളാണ്. തുടർവരികൾ ഇപ്രകാരമാണ്.

"പൊന്നാര്യൻ കതിരിടും സ്വർണ്ണമണി നിറമോ
കണ്ണിനു കണിയാകും നിറപറയോ

പെണ്ണാളു കൊയ്തുവരും കറ്റനിറപൊലിയായ്
നെല്ലറ നിറയേണം മനസ്സുപോലെ" ഇതിലൂടെ പൊന്നണിഞ്ഞു നിൽക്കുന്ന വയലേലകളുടെ സൗന്ദര്യാത്മകത നയനാനന്ദകരമാണന്ന വസ്തുതയും വെളിവാകുന്നു.

കൃഷിയിടങ്ങളും കിളികളും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ കുറിക്കുന്ന ചലച്ചിത്രഗാനങ്ങളും ശ്രദ്ധേയമാണ്.

"പച്ചപ്പനം തത്തേ പുന്നാര പൂമുത്തേ
പുന്നെല്ലിൻ പൂങ്കരളേ
ഉച്ചക്കു നീയെന്റെ കൊച്ചുവാഴത്തോപ്പിൽ
ഒന്നുവാ പൊന്നഴകേ
തെയ്യന്നം തെയ്യന്നം പാടുന്ന പാടത്ത്
നീയൊന്നു പാടകേ
കൊയ്യുന്ന കൊയ്ത്തരിവാളിന്നു കിക്കിളി
പെയ്യുന്ന പാട്ടു പാട്
അക്കാണും മാമല വെട്ടി വയലാക്കി
ആരിയൻ വിത്തെറിഞ്ഞു
അക്കാരിയം നിന്റെ ഓമനപാട്ടിന്റെ
ഈണമാണെൻ കിളിയേ" ( സിനിമ:നോട്ടം)

'മനസ്സിനക്കരെ' എന്ന ചലച്ചിത്രത്തിലെ 'മറക്കുടയാൽ മുഖം മറയ്ക്കും മാനല്ല' എന്ന ഗാനത്തിൽ "മുണ്ടകൻ പാടത്തെ മുത്തും പവിഴവും കൊയ്യാനെത്തണ പ്രാവാണ്" എന്ന വരികൾ, 'വജ്രം' എന്ന സിനിമയിലെ "മാടത്തക്കിളി മാടത്തക്കിളി പാടത്തെന്തു വിശേഷം" എന്ന ഗാനം ഇവയിലെല്ലാം തത്ത, പ്രാവ്, മാടത്ത എന്നീ കിളികളെ പരാമർശിക്കുന്നു. നെൽവയലുകളും അതിന്റെ ഗ്രാമീണ സൗന്ദര്യവും ആസ്വദിക്കാനെത്തുന്ന കിളിക്കൂട്ടങ്ങളും കേരളീയ കാർഷിക സംസ്കൃതിയുടെ ഉയിരടയാളങ്ങളാണ്.

'ജിലേബി' എന്ന ചിത്രത്തിലെ
"ഞാനൊരു മലയാളി എന്നും മണ്ണിൻ കൂട്ടാളി
എങ്ങും അതിരുകളില്ലാ മതിലുകളില്ലാ
സ്നേഹത്തേരാളി
മണ്ണാണ് ജീവൻ മണ്ണിലാണ് ജീവൻ
പൊന്നിൽ വിളകൾ കൊയ്തെടുത്തൊരു
സ്വർഗ്ഗം തീർക്കും ഞാൻ
ഇവിടൊരു സ്വർഗ്ഗം തീർക്കും ഞാൻ"

എന്ന ഗാനം കേരളീയനെ സംബന്ധിച്ച് മണ്ണ്, കൃഷി എന്നിവ എത്രത്തോളം അവന്റെ ജീവിതവുമായി ഇടകലർന്നു കിടന്നിരുന്നു എന്ന

ള്ളതിനു ദൃഷ്ടാന്തമാണ്. മണ്ണിനെ ജീവനായും മണ്ണിലുള്ളതും ജീവനായും കരുതുന്ന മലയാളിയുടെ കാർഷിക ജീവിതചര്യകളുടെ യാഥാസ്ഥിതികത്വത്തെ വെളിപ്പെടുത്തുന്നു ഈ ഗാനം.

'തൊമ്മനും മക്കളും' എന്ന ചലച്ചിത്രത്തിലെ

"നേരിനഴക് നേർവഴിയഴക്
നേരുവിളയും നാടിനൊരഴക്
ദൂരെ ദൂരെയാ നാട്ടഴക്
കാത്തു നിൽക്കുന്ന മണ്ണഴക്
പൊന്നുവിളയുന്ന മണ്ണഴക്
നൂറുമേനിയുടെ കതിരഴക്" എന്ന ഗാനവും ഇതിനോട് കൂട്ടിച്ചേർത്ത് വായിക്കാവുന്നതാണ്.

കേരളത്തിന്റെ കാർഷിക സംസ്കൃതിയുടെ, കാർഷിക സമൃദ്ധിയുടെ സമീപനരീതികളെ, മുന്നൊരുക്കങ്ങളെ മലയാള ചലച്ചിത്ര ഗാനങ്ങളിൽ ദർശിക്കാം.

'തൊമ്മനും മക്കളും' എന്ന ചലച്ചിത്രത്തിലെ 'വട്ടോലക്കുട ചൂടിയെത്തിയ' എന്ന ഗാനത്തിൽ "വെതച്ചു വെതച്ചു വെളവിറക്കണ്ടേ

മെതിച്ചു മെതിച്ചു കതിരെടുക്കണ്ടേ" എന്നീ വരികൾ കൂട്ടായ്മയുടെ ഏകീകൃതമായ കൃഷിയൊരുക്കങ്ങളെയാണ് വെളിവാക്കുന്നത്. "പെയ്തു പെയ്തു വീഴണം ഇടവപ്പാതി പെരുമഴ പാഴ്മണ്ണിനുള്ളമൊന്നു കുളിരണം" എന്ന വരികളിലൂടെ കേരളീയ കാലാവസ്ഥയുടെ ഉള്ളറിവുകൾ പ്രകടമാകുന്നു.

'ഏഴുപുന്ന തരകൻ' എന്ന സിനിമയിലെ

"തെക്ക് തെക്ക് തെക്കേപ്പാടം
മുത്ത് മുത്ത് മുണ്ടോർപ്പാടം
തൊട്ട് തൊട്ട് തൊട്ടേവായോ ഇളം തെന്നലേ
തുലാമഴത്തുള്ളിക്കൊപ്പം മിന്നും മിന്നൽ ചിലമ്പോടെ
തഞ്ചി തഞ്ചിക്കൊഞ്ചാൻ വായോ
വെയിൽ പ്രാക്കളേ" എന്ന ഗാനം മലയാളക്കരയുടെ കാർഷിക സംസ്കൃതയുടെ ഘടകങ്ങൾ വിളിച്ചോതുന്നതാണ്.

"ആരോ മണി പൂന്തുടി കൊട്ടി ആടിതിങ്കൾ കന്നും പൂട്ടി
കുളിർക്കാറ്റ് പാടുന്നേ തേക്കുപാട്ട്" എന്നതിലെ 'തേക്കുപാട്ട്' എന്ന സംജ്ഞ ഇന്നലെകളിലെ കേരളീയ കാർഷികവൃത്തിയുടെ അറിവടയാളങ്ങളാണ്.

'വിഷുക്കണി' എന്ന ചിത്രത്തിലെ 'പൂവിളി പൂവിളി പൊന്നോണമായി' എന്ന ഗാനം കേരളീയാഘോഷത്തിന്റെ പൊന്നിൻ ചിങ്ങ സമൃദ്ധിയുടെ നേർക്കാഴ്ചകളാണ്.

"പൂ കൊണ്ടുമൂടും പൊന്നിൻ ചിങ്ങത്തിൽ
പുല്ലാംങ്കുഴൽ കാറ്റത്തോടും ചെമ്പാവിൻ പാടം
ഇന്നേ കൊയ്യാം നാളെ ചെന്നാൽ അത്തം ചിത്തിര ചോതി
പുന്നെല്ലിൻ പൊന്മല പൂമുറ്റം തോറും" എന്ന വരികളിൽ ചിങ്ങ മാസത്തിലെ കാർഷിക സമൃദ്ധിയുടെ നിറവിന്റെ, ആഘോഷപ്പൊലി മയുടെ പ്രകടഭാവങ്ങൾ ആവിഷ്കൃതമാകുന്നു അതോടൊപ്പം 'ചെമ്പാവ്' എന്ന നെല്ലിനത്തെപ്പറ്റിയും പ്രതിപാദിക്കുന്നു.

കാർഷികമേഖല അദ്ധ്വാനവും അതോടൊപ്പം തന്നെ മാനസി കോല്ലാസവും നിറഞ്ഞതുമാണ്. വിളഞ്ഞു നിൽക്കുന്ന മണ്ണ് കൺനി റയെ കാണുമ്പോഴും അത് ഫലപ്രാപ്തിക്കുതകുമ്പോഴും ഓരോ കർഷ കന്റെയും മനസ്സ് നിറയുന്നു. അദ്ധ്വാന മഹിമയുമായി ബന്ധപ്പെട്ട ഗാന ങ്ങളും ഉണ്ട്. 'നായർ സാബ്' എന്ന ചലച്ചിത്രത്തിലെ 'പുഞ്ചവയലു കൊയ്യാൻ പോന്നവളേ' എന്ന ഗാനത്തിലെ

"ഹേ ചുണ്ടിലെ പുഞ്ചിരി വേർപ്പണിഞ്ഞു
തൂവേർപ്പു മഞ്ഞായി മണ്ണിൽ വീണു
കൊയ്തിട്ടും കൊയ്തിട്ടും തീരാത്ത പാടത്ത്
തനിയെ വാനിടത്തിൽ തളർന്നുവീണു പെണ്ണ്
നെല്ലു കൊയ്യാൻ നിന്റെയൊപ്പം ഞങ്ങളും പോരട്ടേ" ഈ
വരികളിലൂടെ കാർഷികവൃത്തിയിലെ ഗഹനമായ അദ്ധ്വാനഭാ രവും അതിനെ ലഘൂകരിക്കുവാനുള്ള കൂട്ടായ പരിശ്രമവുമാണ് അനാ വൃതമാകുന്നത്.

'വല്യേട്ടൻ' എന്ന സിനിമയിലെ 'മാനത്തെ മണിത്തുമ്പമൊട്ടിൽ' എന്ന ഗാനത്തിലെ

"നിറനാഴിപ്പൊന്നിൽ മണലാര്യൻ നെല്ലിൻ
മണ്ണ് തെളിയുന്നേ
തെളിമിന്നൽ തേവി മറുകണ്ടം പൂട്ടി
മനസ്സും കുളിരുന്നേ
പച്ചപ്പാടത്തെ വയൽവരമ്പിൽ
പനയോലക്കാടിന്റെ കുടത്തണലിൽ
കതിരെല്ലാം കൊയ്തും വെയിലേറ്റും വേർത്തും
കളമെല്ലാം നിറയ്ക്കാല്ലോ" എന്ന ഗാനത്തിൽ വിളവെടുപ്പു സമ യത്ത് കർഷക മനസ്സിലുണ്ടാകുന്ന ആത്മനിർവൃതിയും വെയിലേറ്റതിനും വിയർത്ത തിനും ഉള്ള ഫലമായി ലഭിക്കുന്ന കാർഷിക സമൃദ്ധിയും വെളിവാകുന്നു.

'വാത്സല്യം എന്ന ചിത്രത്തിൽ 'ഇന്നീ കൊച്ചു വരമ്പിലെ കൊയ്തെടുക്കണ കതിരോണ്ട്' എന്ന ഗാനത്തിൽ "താളത്തിൽ

കൊയ്യെടി കല്യാണി താഴ്ത്തി കൊയ്യെടി മാധേവി അത്താഴത്തിനൊരഞ്ചരപ്പറ കൊയ്തു നിറക്കെടി ശിങ്കാരി" എന്ന വരികൾ കൃഷിയിടങ്ങളിലെ ഗാനാത്മകതയെയും താളനിബദ്ധമായ കൃഷിപ്പാട്ടുകളുടെ സംസ്കൃതിയെയും പണിക്കാരുടെ ഒത്തൊരുമയെയും ദൃഷ്ടാന്തപ്പെടുത്തുന്നു. അതിലുപരി അത്താഴത്തിനുള്ള അഞ്ചരപ്പറ നീ കൊയ്തു നിറയ് ക്കണം എന്നതിലൂടെ നിത്യവൃത്തിക്കുള്ള ഉപജീവനമാർഗ്ഗമായി ഒരു കാലഘട്ടം കൃഷിയെ ആശ്രയിച്ചിരുന്നു എന്ന വസ്തുതയും 'അഞ്ചരപ്പറ' എന്ന നെല്ലളവുകോലിന്റെ സൂചനയും ഇതിലൂടെ ശ്രോതാക്കളിലേക്ക് എത്തിച്ചേരുന്നു. പഴയകാല കേരളീയ ഗ്രാമീണ കാർഷികസംസ്കാരത്തെ ഇത്തരം ഗാനങ്ങളിലൂടെ കണ്ടെത്തുവാൻ സാധിക്കും.

കർഷകത്തൊഴിലാളി ജീവിതപ്രശ്നങ്ങളെയും തൊഴിലാളി വർഗ്ഗത്തിനുമേലുള്ള ജന്മിത്വ അധീശത്വത്തെയും പ്രകടമാക്കുന്ന പാട്ടുകൾ ഒരു കാലഘട്ടത്തിന്റെ സവിശേഷമായ ചരിത്രമുഹൂർത്തങ്ങളടങ്ങിയ ഏടുകളാണ്. 'പല്ലാവൂർ ദേവനാരായണൻ' എന്ന ചിത്രത്തിലെ 'പൊലിയോ പൊലിയോ പൂക്കില നാക്കില' എന്നു തുടങ്ങുന്ന ഗാനത്തിലെ "ഒന്നാം കണ്ടം ഉഴുതു മറിച്ചത് വല്യാമ്പ്രാനല്ല ചെമ്പാവരി ചേറിയളന്നത് കുഞ്ഞാത്തോളല്ല" കരുമാടിച്ചെക്കനെണഞ്ഞാൽ കണ്ടം കാക്കണ്ടേ" എന്ന വരികളിൽ താഴേത്തട്ടിലുള്ള ഒരു ജനതയുടെ വിയർപ്പിന്റേയും അദ്ധ്വാനത്തിന്റെയും അശ്രാന്ത പരിശ്രമത്തിന്റെയും പരിണിതഫലമാണ് ഓരോ കാർഷിക അഭിവൃദ്ധിയും എന്ന ചരിത്രസൂചന വെളിവാകുന്നു.

'ബ്രേക്കിങ് ന്യൂസ് ലൈവ് മലയാളം' എന്ന ചിത്രത്തിലെ
"ചേറു ഉഴുതു മറിച്ചു ഞങ്ങ ഈ ചേറു കുഴച്ചു മറഞ്ഞു ഞങ്ങ
ചേറിലും ഞങ്ങടെ ചോര കണ്ടാ ഈ ചേറിലു ഞങ്ങാ നീരു കണ്ടാ
ചേറിലു ഞങ്ങ നിൽപ്പു കണ്ടാ ഈ ചേറിലെരിഞ്ഞ കനവുകണ്ടാ"

ഈ ഗാനത്തിലെ രംഗങ്ങൾ എല്ലാം തന്നെ പണ്ടത്തെ ജന്മിയുടെ പാടങ്ങളിൽ പണി എടുത്തിരുന്ന അടിയാന്മാരുടെ ദുരിതപൂർണ്ണമായ ജീവിതവും അവരുടെ കഠിനാദ്ധ്വാനവും കാണാൻ സാധിക്കുന്നു. വരികളിൽ സൂചിപ്പിക്കുന്നപോലെ താഴേത്തട്ടിലുള്ള തൊഴിലാളി വർഗ്ഗത്തിന്റെ ചോരയും നീരും വിയർപ്പും എല്ലാം ചേറിൽ പുരണ്ടതാണ്. അവരുടെ ജീവിതം മണ്ണിൽ ആകർഷിക്കപ്പെട്ടവയാണ്.

'രക്തസാക്ഷികൾ സിന്ദാബാദ്' എന്ന സിനിമയിലെ 'നമ്മളു കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ' എന്ന ഗാനം വരാനിരിക്കുന്ന നല്ല നാളെകളുടെ പ്രതീക്ഷകളുടെ ആഹ്വാനമാണ്.

"വിത്തു വിതച്ചതു നാമല്ലേ വിള കാത്തുകിടന്നതു നാമല്ലേ

പത്തരമേനി വിളഞ്ഞില്ലേ പുതുകറ്റകൾ കൊയ്തു മെതിക്കാനും
ഒത്തുമടച്ചില്ലേ നാമൊത്തുമടച്ചില്ലേ
കന്നിക്കുയിലേ കാർകുയിലേ ഈ മണ്ണിന്നുടമകളവരല്ലേ
നെന്മണി പൊന്മണി പൊന്നാര്യൻ മണി
നമ്മുടെയാവണതെങ്ങനെയെങ്ങനെ"– ഇത് ജന്മി കുടിയാൻ സമ്പ്രദായത്തിന്റെ തേർവാഴ്ചയും നിസ്സഹായതയും വെളിവാക്കുന്ന സൂചനകളാണ്. ഭൂമി പാട്ടത്തിനെടുത്ത് കൃഷിയുടെ തുടക്കം മുതൽ ഒടുക്കം വരെ വിയർപ്പൊഴുക്കി കഠിനാദ്ധ്വാനം ചെയ്ത് അവസാനം വിളവ് ജന്മിയുടെ അധീനതയിലാകുന്ന നഗ്നമായ ചരിത്രസത്യത്തെ നിസ്സഹായതയോടു കൂടി ഓർക്കുന്ന കുടിയാന്റെ തേങ്ങലാണ് പ്രസ്തുത വരികളിൽ തെളിഞ്ഞു കാണുന്നത്. ചരിത്രപരമായ കാലഘട്ടത്തിന്റെ ആവേഗങ്ങളെ ഇത്തരം ഗാനങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു.

മലയാളിയുടെ കാലാവസ്ഥയ്ക്കനുയോജ്യമാം വിധമുള്ള ഭക്ഷണരീതികളെ ക്കുറിച്ചുള്ള അറിവുത്പാദനങ്ങൾ 'ലൗഡ്സ്പീക്കർ' എന്ന ചലച്ചിത്രത്തിലെ 'ഒരു ചങ്ങഴി മുത്തുമായ്' എന്ന ഗാനത്തിൽ അടങ്ങിയിട്ടുണ്ട്.

"താളും തകരേം മൂമാസം
ചക്കേം മാങ്ങേം മൂമാസം
ചേനേം ചേമ്പും മൂമാസം
അങ്ങനേം പിന്നിങ്ങനേം മൂമാസം"–മലയാളിയുടെ ഭക്ഷണവിന്യാസത്തെപ്പറ്റി പൊതുവെയുള്ള ഒരു നാട്ടു ചൊല്ലാണിതെങ്കിലും ഗാനത്തിൽ ഈ വരികൾ സ്വീകരിച്ചിട്ടുണ്ട്. ചിങ്ങം, കന്നി, തുലാം എന്നീ ആദ്യ മൂന്നു മാസങ്ങളിൽ താളും തകരയും വൃശ്ചികം, ധനു, മകരം എന്നീ അടുത്ത മൂന്നു മാസങ്ങളിൽ ചക്കയും മാങ്ങയും കുംഭം, മീനം, മേടം എന്നീ മാസങ്ങളിൽ ചേനയും ചേമ്പും ഇടവം, മിഥുനം, കർക്കിടകം എന്നീ മാസങ്ങളിൽ പലവകകളായി, ഇലക്കറികളായി അങ്ങനേം ഇങ്ങനേം എന്നിങ്ങനെയാണ് ഭക്ഷണരീതി ക്രമീകരിച്ചിരിക്കുന്നത്. അതാത് മാസങ്ങളിൽ ലഭ്യമാകുന്ന കേരളീയ വിളകളെ സംബന്ധിച്ചുള്ള ഉത്തമമായ മലയാളീബോധമാണ് ഇതിലൂടെ പ്രകടമാകുന്നത്.

**ഉപസംഹാരം**

കാലങ്ങൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. കാർഷികമേഖലയും കാലഘട്ടാനുസൃതമായി പരിവർത്തനവിധേയമായിരിക്കുന്നു. ചലച്ചിത്രഗാനങ്ങൾ പോലെയുള്ള ജനപ്രിയ സങ്കേതങ്ങളിൽ കേരളീയ കാർഷിക സംസ്കൃതിയുടെ അടയാളങ്ങളെ ഇത്തരത്തിൽ നമുക്ക്

കണ്ടെത്താനാവുന്നു. കാർഷിക മേഖലയിലെ കൃഷിയറിവുകളെയും അദ്ധ്വാനമഹിമയെയും കേരളീയ ഭൂപ്രകൃതിയേയും കാലാവസ്ഥയേയും നാട്ടറിവുകളെയും കാർഷിക സംസ്കൃതിയേയും മലയാള ചലച്ചിത്രഗാനങ്ങളിൽ നമുക്ക് വായിച്ചെടുക്കാനാവുന്നു. ഇന്നലെകളുടെ കേരളീയ കാർഷിക സമൃദ്ധിയുടെ നിഴലടയാളങ്ങളായി ഇത്തരം ഗാനങ്ങളെ സമീപിക്കാവുന്നതാണ്.

**ഗ്രന്ഥസൂചി**


1. രാഘവൻ, പയ്യനാട്. *ഫോക്‌ലോർ.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം: 1997.
2. വിഷ്ണു നമ്പൂതിരി, എം.വി. *നാടോടി വിഞ്ജാനീയം.* ഡി.സി. ബുക്സ്, കോട്ടയം: 1996.
3. വിഷ്ണു നമ്പൂതിരി, എം.വി. *മലയാളത്തിലെ നാടൻ പാട്ടുകൾ.* ഡി.സി. ബുക്സ്, കോട്ടയം: 2009.
4. ശശി, കെ.വി (എഡി). *മലയാള ചലച്ചിത്രഗാനം കാമന ശരീരം ദേശം.* നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം: 2012.

# ‘അമ്മക്കിളി’യിലെ
# ഹരിതദർശനം :

**അനൂപ് കെ. ആർ.**

പ്രകൃതിയെക്കുറിച്ചുള്ള സങ്കല്പങ്ങളും പ്രകൃതിയുമായുള്ള മനുഷ്യന്റെ ബന്ധങ്ങളും ഓരോ കാലഘട്ടത്തിലും പലനിലയിലാണ് വികാസം പ്രാപിച്ചത്. പൗരാണിക സമൂഹങ്ങളിൽ സഹജമായ പ്രകൃതിബോധമാണ് നിലനിന്നിരുവെങ്കിൽ സമൂഹം നാടുവാഴിത്തത്തിലേക്ക് നീങ്ങുമ്പോൾ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിൽ ഘടനാപരമായ വ്യതിയാനം സംഭവിക്കുന്നു. പ്രകൃതിയെ അമിതമായി ചൂഷണംചെയ്യുന്ന വ്യാവസായികവിപ്ലവവും മുതലാളിത്തരീതിയിലുള്ള ഉത്പാദനത്തിലധിഷ്ഠിതമായ ഉപഭോഗസംസ്കാരവും നമ്മെ സർവ്വനാശത്തിലേക്കെത്തിക്കും എന്ന തിരിച്ചറിവിൽ നിന്നാണ് പാരിസ്ഥിതികവാദത്തെ സംബന്ധിക്കുന്ന ആലോചനകൾ തിടംവെയ്ക്കുന്നത്. ഇത് മനുഷ്യകേന്ദ്രിതമായ പ്രകൃതിബോധത്തിൽ നിന്നും വിഭിന്നമായ പരിസ്ഥിതിദർശനത്തിലേക്ക് വിഴിവെച്ചു. പ്രകൃതിയെ ഒന്നായി കാണുന്ന, മണ്ണിരയെയും മനുഷ്യനെയും കിളികളെയും സൂക്ഷ്മജീവികളെയുമെല്ലാം പ്രകൃതിയുടെ ഭാഗമായി കാണുന്ന സമീപനത്തിന് വൈകാതെ ഗതിവേഗം ലഭിച്ചു. ആധുനികാനന്തരം ആഗോളതലത്തിൽ ഉയർന്നുവന്ന പാരിസ്ഥിതികവബോധത്തിന്റെ പ്രതിഫലനം സൂഹത്തിന്റെ ചിന്താമണ്ഡലങ്ങളിലും പ്രകടമായി.

അമേരിക്കയിലെ റെഡ് ഇന്ത്യൻ വംശജരുടെ ഗോത്രത്തലവനായ സിയാറ്റിൽ മൂപ്പൻ 1854 ൽ നടത്തിയ പ്രസംഗം പരിസ്ഥിതിരാഷ്ട്രീയത്തിന്റെ ആദ്യ ശബ്ദങ്ങളിലൊന്നാണ്. സഹജമായ പ്രകൃതി ബോധത്തിലൂന്നിയാണ് മൂപ്പൻ പ്രസംഗം നിർവഹിച്ചത്. ഇന്ത്യാക്കാരുമായി ഉടമ്പടിയുണ്ടാക്കി അവരുടെ ഭൂമി വാങ്ങാനാണ് വാഷിങ്ടണിലെ പ്രസിഡന്റ് തന്നെ അയച്ചിരിക്കുന്നത് എന്ന വ

സ്തുത വെളിപ്പെടുത്തിയ ഗവർണർ സ്റ്റീവൻസിന് മൂപ്പൻ നൽകിയ മറുപടിയാണ് ലോകപ്രശസ്തമായ ആ പ്രസംഗം. 'ഹോം'(1970) എന്ന ഡോക്യുമെന്ററി തിരക്കഥയുടെ ഭാഗമായി സിയാറ്റിൽ മൂപ്പന്റെ പ്രഭാഷണത്തിന് ടെഡ് പെറി നല്കിയ പുനരാഖ്യാനത്തിൽ ഇപ്രകാരം പറക്കുന്നു.

'വെളുത്ത മനുഷ്യന്റെ മൃതർ നക്ഷത്രങ്ങൾക്കിടയിൽ നടക്കാനായി മറയുമ്പോൾ അവർ അവരുടെ ജന്മദേശത്തെ മറന്നു പോവുന്നു. ഞങ്ങളുടെ മൃതർ അഴകുള്ള ഈ ഭൂമിയെ ഒരിക്കലും മറക്കുകയില്ല. കാരണം ചുവന്ന മനുഷ്യന്റെ അമ്മമാണ് ഈ ഭൂമി . ഞങ്ങൾ ഭൂമിയുടെ ഭാഗവും , ഭൂമി ഞങ്ങളുടെ ഭാഗവുമാണ്. സുഗന്ധികളായ പുഷ്പങ്ങൾ ഞങ്ങളുടെ സഹോദരിമാരാണ്. കലമാനും കുതിരയും വൻ കഴുകനും ഞങ്ങളുടെ സഹോദരങ്ങളാണ്. കൊടുമുടിപ്പാറകളും പുൽത്തകിടികളിലെ നീരുറവകളും കോവർ കഴുതയുടെ മേനിയുടെ ചൂടും മനുഷ്യനും എല്ലാം ഒരു കുടുംബമാണ്'

'വായു ചുവന്ന മനുഷ്യന് അമൂല്യമാണ്. കാരണം, എല്ലാ ജീവികളും പങ്കുവെയ്ക്കുന്നത് ഒരേ ശ്വാസമാണ് - മൃഗവും മരവും മനുഷ്യനും ഒരേ ശ്വാസമാണ് ശ്വസിക്കുന്നത്.'

'മൃഗങ്ങൾക്ക് സംഭവിക്കുന്നതെന്തോ അതുതന്നെ താമസിക്കാതെ മനുഷ്യനും സംഭവിക്കും. സർവ്വതും പരസ്പരം ബന്ധിക്കപ്പെട്ടതാണ്.'

'ഇതു ഞങ്ങൾക്കറിയാം ഭൂമി മനുഷ്യന്റെയല്ല , മനുഷ്യൻ ഭൂമിയുടേതാണ്.'

തങ്ങളുടെ ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ച പ്രസിഡന്റിനെ സിയാറ്റിൻ മൂപ്പൻ പ്രതിരോധിച്ചത് തന്റെ വിശാലമായ പ്രപഞ്ച വീക്ഷണം പ്രഖ്യാപിച്ചാണ് . മണ്ണ് , ജലം, വായു തുടങ്ങിയ പ്രാപഞ്ചിക പരിസ്ഥിതികളോട് സഹവർത്തിത്വം പുലർത്തുന്ന സിയാറ്റിൽ മൂപ്പന്റെ ഗോത്രവീക്ഷണം അമേരിക്കൻ വ്യവസായ വികസന സങ്കല്പത്തിനെതിരെ നിൽക്കുന്നതാണ്. ഈ ഭൂമി ഏറ്റവും ആരാധ്യമായ രീതിയിൽ നോക്കിക്കാണേണ്ടതിനുതകുന്ന മനോഭാവം വളർത്തിയെടുക്കേണ്ടതിന്റെ പ്രാധാന്യം സിയാറ്റിൽ മൂപ്പൻ സാക്ഷ്യപ്പെടുത്തി.

ആധുനികാനന്തരം ആഗോളതലത്തിൽ പാരിസ്ഥിതികാവബോധത്തിന്റെ പരിണിതിയെന്നോണമാണ് സാഹിത്യം, ചിത്രരചന, ചലച്ചിത്രം, ഡോക്യുമെന്ററി തുടങ്ങിയവയിലെല്ലാം ഇത്തരമൊരു സൗന്ദര്യശാസ്ത്രം സൈദ്ധാന്തികമായി രൂപപ്പെടുന്നത്. മനുഷ്യകേന്ദ്രിതവും അധീശബോധത്തിലധിഷ്ഠിതവുമായ ആധുനിക ഭൗതിക പരിഷ്കൃതി ഏറ്റവും കൂടുതൽ മുന്നേറിയ പാശ്ചാത്യനാടുകളിൽ തന്നെയാണ് പരിസ്ഥിതിദർശനത്തെ ഉയർത്തിപ്പിടിക്കുന്ന ആഖ്യാ

നങ്ങളിൽ പലതും രൂപപ്പെട്ടത്. പ്രകൃതിയും മനുഷ്യന്റെ ആന്തരിക പ്രകൃതിയും തമ്മിലുള്ള ജൈവികബന്ധങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ ആവിഷ്കരിക്കുന്ന നിരവധി കഥ, കവിത, നോവൽ, ചലച്ചിത്രം, ഡോക്യുമെന്ററി എന്നിവയെല്ലാം കേരളീയ പശ്ചാത്തലത്തിലും രൂപപ്പെട്ടിട്ടുണ്ട്. ഈ ആശയമണ്ഡലത്തെ ഒരു ദർശന സ്വഭാവത്തോടെ ആവിഷ്കരിക്കുന്ന ബാബു കാമ്പ്രത്തിന്റെ 'മദർ ബേഡ്' (2010) എന്ന ഡോക്യുമെന്ററിയാണ് ഇവിട പഠനവിധേയമാക്കുന്നത്.

യാഥാർത്ഥ്യത്തിന്റെ വസ്തുനിഷ്ഠവും സത്യസന്ധവുമായ ആവിഷ്കാരമാണ് ഡോക്യുമെന്ററി. കഥാസിനിമകളെപ്പോലെ കേവലം വിനോദിപ്പിക്കലല്ല ഡോക്യുമെന്ററികളുടെ ലക്ഷ്യം. ദൃശ്യങ്ങളെയും സംഭവങ്ങളെയും ആളുകളെയും അവയുടെ സ്വാഭാവികപശ്ചാതലത്തിൽ ചമയമോ ചമത്കാരമോ ഇല്ലാതെ തനിമയിൽ ചിത്രീകരിക്കുന്ന ചലച്ചിത്രശൈലിയാണത്. 'യാഥാർത്ഥ്യത്തിന്റെ സർഗാത്മക പുനരാവിഷ്കരണം'(A good documentary film is the creative treatment of actuality) എന്നാണ് ചലച്ചിത്രകാരനായ ജോൺ ഗ്രിയേഴ്സൺ ഡോക്യുമെന്ററിക്ക് നല്കുന്ന നിർവചനം. ഈ നിർവചനപ്രകാരം സംവിധായകൻ ചിത്രീകരിക്കാൻ പോകുന്ന പ്രമേയത്തിൽ അന്തർലീനമായിരിക്കുന്ന യാഥാർത്ഥ്യത്തെ അറിയണം. ഗൗരവമേറിയ വസ്തുതകളും രാഷ്ട്രീയ-സാമൂഹിക യാഥാർഥ്യങ്ങളും ദൃശ്യരൂപത്തിൽ ചരിത്രത്തിൽ രേഖപ്പെടുത്തുക എന്ന ദൗത്യമായിരുന്നു ആദ്യകാലങ്ങളിൽ ഡോക്യുമെന്ററിയുടേതെങ്കിൽ പില്ക്കാലത്ത് സാമൂഹികമാറ്റത്തിനുതകുന്നതും അന്യവത്കരിക്കപ്പെട്ടവരുടെ ജീവിതകഥ ആഖ്യാനം ചെയ്യുന്നതുമായ മോണഗ്രാഫിയായും സംഭവങ്ങളുടെയും വിഷയങ്ങളുടെയും ദൃശ്യാത്മക വിശദീകരണമായും ഡോക്യുമെന്ററി വളർന്നു.സാമൂഹികമാറ്റത്തിനായുള്ള ജനകീയ പ്രതിരോധങ്ങൾ ഉയർത്തിക്കൊണ്ടുവരാനുള്ള ഡോക്യുമെന്ററിക്കുള്ള കരുത്ത് കേരളീയ ചലച്ചിത്രപ്രവർത്തകരും തിരിച്ചറിഞ്ഞു. സി. ശരത്ചന്ദ്രന്റെ 'സേവ് ദി വെസ്റ്റേൺ ഗാട്ട്സ് മാർച്ച് : ദി കേരള എക്സ്പീരിയൻസ്'(1987), ഭൂമിക്കുവേണ്ടി അവസാനത്തെ ബലി (To die for land - the ultimate sacrifice,2009), എം.എ.റഹ്മാൻ സംവിധാനം ചെയ്ത 'അരജീവിതങ്ങളുടെ സ്വർഗ്ഗ"(2005), ശരത്ചന്ദ്രനോടൊപ്പം ബാബുരാജ് സംവിധാനം ചെയ്ത 'ആയിരം ദിനങ്ങളും ഒരു സ്വപ്നവും ധപ്ലാച്ചിമടയെക്കുറിച്ച്' (1000 days and a Dream, 2006), 'ഒരു മഴുവിന്റെ ദൂരം മാത്രം' (Only an axe away,2004), 'കയ്പുനീര്'(2003), ബാക്കിപത്രം (Chaliyar - The Final Struggle,1999), കെ.പി. ശശി യുടെ 'Source of Life for Sale(2004), കെ.സതീഷ് കുമാറിന്റെ 'കറുത്ത ദൈവത്തെ തേടി

കാതിക്കുടം'(2013)തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങളെ പ്രശ്ന വത്കരിച്ചുകൊണ്ടുള്ള ഡോക്യുമെന്ററികളിലൂടെ സാമൂഹിക യാഥാർത്ഥ്യത്തെ തുറന്നുകാട്ടുവാനും സാമൂഹിക മാറ്റത്തിനായുള്ള ജനകീയ പ്രതിരോധങ്ങൾ ഉയർത്തിക്കൊണ്ടുവരാനുള്ള ഉപാധിയായി ഈ മാധ്യമത്തെ പ്രയോജനപ്പെടുത്തി. പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് വാചാലമാകുകയും ഒരു തരത്തിൽ ആക്ടിവിസത്തിലേക്ക് നീങ്ങുന്നുണ്ട് ഈ ഡോക്യുമെന്ററികൾ. ഇതിൽ നിന്നും തികച്ചും വ്യതിരിക്തമായ ഒരു സഞ്ചാര പാതയാണ് ബാബു കാമ്പ്രത്തിന്റേത്. പതിഞ്ഞ താളത്തിൽ ദൃശ്യങ്ങളിലൂടെ ധ്വന്യാത്മകമായി അവതരിപ്പിക്കുന്ന ഒരു ആഖ്യാനശൈലിയാണ് അദ്ദേഹം പിന്തുടരുന്നത്.

ബാബു കാമ്പ്രത്തിന്റെ ആദ്യ ഡോക്യുമെന്ററി 'കാനം'( kaanam - Life story of a Midland Hills,2008) ആണ്. വടക്കേ മലബാറിലെ ഇടനാടൻ ചെങ്കൽക്കുന്നുകളിലെ പ്രകൃതിദത്തമായ നീർച്ചാലാണ് കാനം. കുന്നുകളുടെയും നീർച്ചാലുകളുടെയും പാരിസ്ഥിതികമായ പ്രധാന്യം ബോധ്യപ്പെടുത്തുന്ന ഡോക്യുമെന്ററിയാണ് 'കാനം'. 'കൈപ്പാട്' (Kaippadu : The brackish water pady and prawns,2010) ആണ് അദ്ദഹത്തിന്റെ രണ്ടാമത്തെ ഡോക്യുമെന്ററി. പുഴ , കടലിൽ ചേരുന്ന അഴിമുഖതീരത്തിന് പിറകിലായി ഓരുജലം കയറി നിൽക്കുന്ന കായലുകളോടു ചേർന്ന ഏറ്റിറക്കങ്ങളിൽ പുഷ്ടിപ്രാപിക്കുന്ന ചെളിപുതഞ്ഞ ചതുപ്പുകളാണ് 'കൈപ്പാടു' നിലങ്ങൾ. വടക്കെ മലബാറുകാർക്ക് കൈപ്പാട് കൃഷി അവരുടെ ജീവിതത്തിന്റെ ഭാഗമാണ്. പ്രകൃതിയും മനുഷ്യനും പരസ്പരപൂരകങ്ങളാവുന്ന നാടൻ കൃഷി രീതിയാണ് കൈപ്പാട് കൃഷിയുടെ സൗന്ദര്യം. കാർഷികസംസ്കൃതി കുടിയൊഴിഞ്ഞുപോകുന്ന പുതിയ കാലത്ത് കൈപ്പാട് കൃഷി, ഏങ്ങിനെ ഒരു സമൂഹത്തിന്റെ ജീവിതതാളമാകുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു 'കൈപ്പാട്' എന്ന ഡോക്യുമെന്ററി. മൂന്നാറിലെ തോട്ടം തൊഴിലാളികളുടെ പരമ്പരാഗതമായി തുടരുന്ന അടിമജീവിതത്തിന്റെ നിസ്സഹായമായ നിലവിളികളുടെയും പൊള്ളുന്ന ജീവിതത്തിന്റെയും ദൃശ്യപാഠങ്ങളാണ് മൂന്നാമത്തെ ഡോക്യൂമെന്ററിയായ 'ബിഹൈൻഡ് ദി മിസ്റ്റ്' (2012)ന് പ്രമേയമായത്.

കാമ്പ്രത്തിന്റെ 'കാനം', 'കൈപ്പാട്', 'ബിഹൈൻഡ് ദി മിസ്റ്റ്' എന്നീ മൂന്ന് ഡോക്യൂമെന്ററികളിൽ നിന്നും വ്യതിരിക്തമായ ഒരു ഡോക്യൂമെന്ററിയാണ് 'മദർ ബേഡ്'(2018). 2018 ഫെബ്രുവരിയിൽ നടന്ന പയ്യന്നൂർ ഓപ്പൺ ഫ്രെയിം ഫിലിം സൊസൈറ്റിയുടെ ചലച്ചിത്രമേളയിലെ ഉദ്ഘാടന ചിത്രമായിട്ടായിരുന്നു 'മദർ ബേഡ്'ന്റെ ആദ്യ പ്രദർശനം. കേരളീയമായ പശ്ചാതലത്തിൽ പുറത്തുവിന്നിട്ടുള്ള മോണോഗ്രാഫുകളെല്ലാം ക്ലാസിക്കൽ കലാകാരന്മാർ, ചല

ച്ചിത്രകാരന്മാർ, രാഷ്ട്രീയ പ്രവർത്തകർ , കായിക താരങ്ങൾ തുടങ്ങിയവരുടെയും ലാറി ബേക്കറെപോലെ അന്താരാഷ്ട്ര ശ്രദ്ധ നേടിയിട്ടുള്ളവരെക്കുറിച്ചിട്ടുള്ളവയാണ് ( അടൂർ ഗോപാലകൃഷ്ണന്റെ 'കൃഷ്ണനാട്ടം', 'യക്ഷഗാനം', 'കൂടിയാട്ടം', 'മോഹിനിയാട്ടം' 'കലാമണ്ഡലം ഗോപി' 'ഗുരു ചെങ്ങന്നൂർ ', 'കലാമണ്ഡലം രാമൻകുട്ടി നായർ' ജി. അരവിന്ദന്റെ 'വി.ടി. ഭടതിരിപ്പാട്', 'ജെ.കൃഷ്ണമൂർത്തി', ഷാജി. എൻ. കരുണിന്റെ 'എ.കെ.ജി', 'ജി.അരവിന്ദൻ' കെ.പി. കുമാരന്റെ 'എം.ഡി. വാസുദേവൻ നായർ').എന്നാൽ അസാധാരണ ജീവിതം നയിക്കുന്ന സാധാരണക്കാരിയെയാണ് ബാബു കാമ്പ്രത്ത് അമ്മക്കിളിയി (Mother bird)ൽ പ്രമേയമാക്കുന്നത്. കണ്ണൂർ ജില്ലയിലെ പഴയങ്ങാടിക്കടുത്ത ചെമ്പല്ലിക്കുണ്ടിലെ തുളിശ്ശേരി എന്ന ചെറിയൊരു ദ്വീപിൽ ഒറ്റയ്ക്കു കഴിയുന്ന നാരായണിയമ്മ എന്ന സ്ത്രീയേയും ആ ദ്വീപിലെത്തുന്ന ദേശാടനപക്ഷികളേയും കുറിച്ചുള്ളതാണ് ഈ ഡോക്യുമെന്ററി. നാരായണിയമ്മയുടെ തെങ്ങിൻ തോപ്പിൽ ഓരോ കൊല്ലവും മഞ്ഞുമാസാരംഭത്തിൽ തന്നെ ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് ദേശാടനപ്പക്ഷികൾ വന്നു ചേക്കേറും. പ്രജനനകാലത്തിനുശേഷം അവ തിരിച്ചുപോകുകയും ചെയ്യുന്നു. ധാരാളം കൈപ്പാട് നിലങ്ങളുള്ള പ്രദേശമായിരുന്നു ചെമ്പല്ലിക്കുണ്ട്. എന്നാൽ, കൃഷി കുറയുകയും വയലുകൾ നികത്തുകയും ചെയ്തതോടെ പക്ഷികളുടെ അഭയസ്ഥാനങ്ങൾ ഓരോന്നായി ഇല്ലാതായി. നാരായണിയേച്ചിയുടെ വീട് മാത്രമായി ദേശാടനപ്പക്ഷികളുടെ താവളം.

ഈ അമ്മയ്ക്ക് പക്ഷികളോടുള്ള വാത്സല്യവും ഗ്രാമീണ ആവാസവ്യവസ്ഥയുടെ പ്രാധാന്യവുമാണ് ഈ ഡോക്യുമെന്ററിയിൽ പ്രതിപാദിക്കുന്നത്. ജനിതക ഓർമ്മകളുമായി ഓരോകൊല്ലവും ദേശങ്ങൾതാണ്ടിയെത്തുന്ന ദേശാടനപക്ഷികൾക്ക് അനിയോജ്യവും സുരക്ഷിതവുമായ ഇടങ്ങൾ അനുനിമിഷം അപഹരിക്കപ്പെടുന്നു. മനുഷ്യകേന്ദ്രിതമായ പ്രകൃതിബോധത്തിന്റെ ആസുരമായ ചെയ്‌വനകൾ മറ്റ് ജീവജാലങ്ങളുടെ എല്ലാത്തരത്തിലുമുള്ള നിലനില്പിനെയും അപകടത്തിലാക്കുന്നു. ഇത്തരമൊരു പ്രാപഞ്ചികബോധമല്ല തുളിശ്ശേരിയിലെ നാരായണിയമ്മയുടേത്. അതുകൊണ്ട് തന്നെ മറ്റുള്ളവർ ഒരു ശല്യമായികരുതി ആട്ടിയോടിക്കുകയും വെടിവെച്ചിടുകയും ചെയ്യുന്ന ദേശാടപക്ഷികൾക്കും തദ്ദേശീയമായ പക്ഷികൾക്കും അന്യഥാബോധമൊന്നുമില്ലതെ സ്വാസ്ത്യത്തോടെ വിഹരിക്കാൻ സാധിക്കുന്ന ഇടമാണ് നാരായണിയമ്മയുടെ പുരയിടം. പക്ഷിസങ്കേതമൊന്നുമല്ലാത്ത ഒരു സാധാരണ നാട്ടിൻപുറം പക്ഷികളിലൂടെ എങ്ങനെ ലോകത്തെ തിരിച്ചറിയുന്നു എന്നതിലാണ് സംവിധായകൻ ഊന്നുന്നത്. നീർത്തട ആവാസവ്യവ

സ്ഥയുടെ പ്രാധാന്യം എന്തെന്ന് ബോധ്യപ്പെടുത്തുന്നതിനോടൊപ്പം നാമൊക്കെ ജീവിക്കുന്ന സാധാരണ നാട്ടിടങ്ങൾ പക്ഷികളിലൂടെ ആഗോള സൗഹൃദത്തിന്റെ കൊടിയടയാളമാകുന്നതെങ്ങനെയെന്ന് സൂക്ഷ്മമായ ദൃശ്യശ്രാവ്യ സാധ്യതകളിലൂടെ പ്രേക്ഷകരെ ബോധ്യപ്പെടുത്തുന്നു. ദേശാടന പക്ഷികൾ തന്നിൽ നിന്ന് വേറിട്ട അസ്തിത്വമുള്ള ഒന്നായിട്ടല്ല നാരയണിയമ്മ പരിഗണിക്കുന്നത്. നാരായണിയമ്മയുടെ മരണശേഷമാണ് ഈ ഡോക്യൂമെന്ററി ചിത്രീകരണം പൂർത്തിയായത്. നാരായണിയമ്മയുടെ മരണശേഷം , വെള്ളംകെട്ടിനിന്ന ആ ചതുപ്പുകൾ വരണ്ടുണങ്ങുകയും ഒരു ക്രിക്കറ്റ് മൈതാനമായി തീർന്നതിതിന്റെ കാഴ്ചകളോടെയാണ് ഡോക്യൂമെന്ററി അവസാനിക്കുന്നത്. കാമ്പ്രത്തിന്റെ കാനം, കൈപ്പാട് എന്നീ ഡോക്യൂമെന്ററികൾ പോലെ നിരന്തരവും ഏകാഗ്രവുമായ കാത്തിരിപ്പിലൂടെയാണ് തുളിശ്ശേരി തുരുത്തിലെ ചാക്രിയമായ ഒരു കാലയളവിലെ സംഭവവികാസങ്ങൾ സൂക്ഷ്മതയോടെ ചിത്രീകരിച്ചിരിക്കുന്നത്. തന്റെ ജീവിതപരിസരങ്ങളിൽ നിന്ന് തന്നെയാണ് ബാബു കാമ്പ്രത്ത് ഓരോ പ്രമേയവും  കണ്ടെത്തുന്നത്. കേരളത്തിലെ പരിസ്ഥിതി ബോധവത്കരണ പ്രവർത്തനങ്ങൾക്കും നേച്ചർക്യാമ്പ് കൂട്ടായ്മയ്മകൾക്കും തുടക്കുംകുറിച്ചവരിൽ പ്രമുഖനായ ജോൺസി ജേക്കബിന്റെ നേതൃത്വത്തിലുള്ള 'സീക്ക്' എന്ന പ്രകൃതി സംരക്ഷണ പ്രസ്ഥാനത്തോട് ചേർന്ന് പ്രവർത്തിച്ച ബാബു കാമ്പ്രത്തിന്റെ ഓരോ ഡോക്യൂമെന്ററികളും അദ്ദേഹത്തിന്റെ പാരിസ്ഥിതിക രാഷ്ട്രീയ നിലപാടുകളുടെ ദിശാസൂചിയാണ്.

**ഫിലിമോഗ്രഫി**

വടക്കൻ കേരളത്തിലെ ഇടനാടൻ ചെങ്കൻക്കുന്നുകളിലെ പ്രകൃതിദത്ത മായ നീർച്ചാലുകളെക്കുറിച്ചുള്ള 'കാനം'(2008).

കണ്ണൂർ ജില്ലയിലെ കൈപ്പാട് നിലങ്ങിലെ കൃഷിരീതിയും അവിട വിരുന്നെത്തുന്ന ദേശാനപ്പക്ഷികളെയും മറ്റ് ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയെക്കുറിച്ചുമുള്ള 'കൈപ്പാട്' (2010).

മൂന്നാറിലെ തോട്ടം തൊഴിലാളികളുടെ പരമ്പരാഗതമായി തുടരുന്ന അടിമജീവിതത്തെക്കുറിച്ചുള്ള 'ബിഹൈൻഡ് ദി മിസ്റ്റ്' (2012).

ചെമ്പല്ലക്കുണ്ടിലെ തുളിശ്ശേരിയിലെ നാരായണിയമ്മയേയും ആ ദ്വീപിലെത്തുന്ന ദേശാടനപക്ഷികളേയും സംബന്ധിച്ച 'മദർ ബേഡ്'(2018).

**ഗ്രന്ഥസൂചി**

ഉമ്മർ ,ടി.കെ. 2019,ജൂലൈ. ക്യാമറയ്ക്കു പിന്നിലെ കാത്തിരിപ്പ്. സമകാലീനമലയാളം.

മുധുസൂദനൻ, ജി. 2002. ഹരിത നിരൂപണം മലയാളത്തിൽ. തൃശൂർ : കറന്റ് ബുക്സ്

സക്കറിയ.2014. ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ .കോട്ടയം : ഡി.സി.ബുക് സ്.

## ലേഖകപരിചയം

ഡോ. സി. ഗണേഷ്
അസോസിയേറ്റ് പ്രൊഫസർ
മലയാളം സർവകലാശാല
തിരൂർ

ഡോ. ഇന്ദുലേഖ കാവിള
പ്രൊഫസർ
ഭൗതികശാസ്ത്രവിഭാഗം
എം.ജി. സർവകലാശാല
കോട്ടയം

ഡോ. ആർ ഗീതാദേവി
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
സംസ്കൃത സർവകലാശാല
കാലടി

ഡോ. കെ. ശിശുപാലൻ,
ഗസ്റ്റ് ലക്ചറർ,
യൂ. ഐ. ടി. ഭരണിക്കാവ്,
കായംകുളം

ഡോ. ആനന്ദ് ദിലീപ്‌രാജ്
അസിസ്റ്റന്റ് പ്രൊഫസർ,
സംസ്കൃതവിഭാഗം,
സർക്കാർ വനിതാകോളേജ്
വഴുതക്കാട്

ഡോ. ബിജുലാൽ എം.വി.
അസിസ്റ്റന്റ് പ്രൊഫസർ
പൊളിറ്റിക്സ് വിഭാഗം
എം.ജി. സർവകലാശാല

ഡോ. കെ.എസ്. പ്രദീപ്കുമാർ
ഡെപ്യൂട്ടി ഡയറക്ടർ
കിർത്താസ് ഡിപ്പാർട്ട്മെന്റ്
കോഴിക്കോട്

ഡോ. ഉമൈബാൻ പി എ
അസിസ്റ്റന്റ് പ്രൊഫസർ
എം ഇ എസ് മമ്പാട് കോളേജ്
നിലമ്പൂർ

ഡോ. ബിന്ദു എ.സി.
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
ബി.എ.എം.കോളേജ്
തുരുത്തിക്കാട്

ഡോ. ടി. മധു
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
കെ.എസ്.എം.ഡി.എസ് കോളേജ്
ശാസ്താംകോട്ട

ഡോ. ആർ. രാജേഷ്
അസോസിയേറ്റ് പ്രൊഫസർ
എൻ.എസ്.എസ്. കോളേജ്
പന്തളം

ഡോ.സിബി കുര്യൻ
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
ദേവമാതാകോളേജ്
കുറവിലങ്ങാട്

സിദ്ധാർത്ഥ ശിവ
ഗവേഷകൻ
സ്കൂൾ ഓഫ് ലെറ്റേഴ്സ്
എം.ജി. യൂണിവേഴ്സിറ്റി

ഡോ. രേണു
മലയാളവിഭാഗം
ദേവസ്വം ബോർഡ് ഹൈസ്കൂൾ
കങ്ങഴ

സജിനി ഡീന മാത്യു
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
ബിഷപ് മൂർ കോളേജ്
മാവേലിക്കര

ശിവദത്ത് എം.കെ.
എം.എ. മലയാളം
സംസ്കൃത സർവകലാശാല
കാലടി

മഞ്ജു പി.
ഗവേഷക, മലയാളവിഭാഗം
സംസ്കൃത സർവകലാശാല
കാലടി

അനഘ വി.യു
എം.ഫിൽ സ്കോളർ
യൂണിവേഴ്സ്റ്റി കോളേജ്
തിരുവനന്തപുരം

മീര മുരളീധരൻ
എം. എ. മലയാളം
സ്കൂൾ ഓഫ് ലെറ്റേഴ്സ്
എം.ജി. സർവകലാശാല
കോട്ടയം

സൂര്യ ശ്രീധരൻ
എം,ഫിൽ സ്കോളർ
കാര്യവട്ടം കാമ്പസ്
കേരള സർവകലാശാല

വിശാൽ ജോൺസൺ
ഗവേഷകൻ
സ്കൂൾ ഓഫ് ലെറ്റേഴ്സ്
എം ജി യൂണിവേഴ്സിറ്റി

പ്രഹേഷ് ടി. പി.
ഗവേഷകൻ
കേരളസാഹിത്യ അക്കാദമി
തൃശൂർ

ഷീന ജി.
ഗവേഷക
സ്കൂൾ ഓഫ് ലെറ്റേഴ്സ്
എം.ജി. സർവകലാശാല
കോട്ടയം

ആർഷ സി.ജെ.
ഗവ.വനിതാ കോളേജ്
വഴുതക്കാട്
തിരുവനന്തപുരം

ഗായത്രി എസ്. ജി
എം.ഫിൽ സ്കോളർ
കാര്യവട്ടം കാമ്പസ്
കേരള സർവകലാശാല

ബിന്ദു ജെ.പി.
എച്ച്.എച്ച്.എസ്.ടി മലയാളം
ഗവ. എച്ച്.എസ്.എസ്. തട്ടത്തുമല
തിരുവനന്തപുരം

സി. കെ.സുജിത്കുമാർ
റിസേർച്ച് കോർഡിനേറ്റർ
സെന്റർ ഫോർ എക്കോളജി
ഡെവലപ്മെന്റ് ആൾട്ടർനേറ്റീവ്സ്
അഗ്രികൾച്ചർ & റിസേർച്ച്
തൃശൂർ

സ്വാതി കൃഷ്ണ. ആർ.
എം.ഫിൽ മലയാളം
യൂണിവേഴ്സിറ്റി കോളേജ്,
തിരുവനന്തപുരം

സിനീഷ് വേലിക്കുനി
അസ്സിസ്റ്റന്റ് പ്രൊഫസർ
സ്കൂൾ ഓഫ്
ഫോക്‌ലോർ സ്റ്റഡീസ്
കാലിക്കറ്റ് സർവകലാശാല

സ്നേഹ ജോസ്
മാർ സെവേരിയോസ് കോളേജ്
ഓഫ് ടീച്ചർ എഡ്യൂക്കേഷൻ
ചെങ്ങന്നൂർ

അനൂപ് കെ.ആർ
ഗവേഷകൻ
മലയാളവിഭാഗം
സി.എം.എസ്. കോളേജ്
കോട്ടയം



# കാർഷിക സംസ്കൃതിയും മലയാള സാഹിത്യവും

എഡിറ്റർ

**ജോസ് കെ. മാനുവൽ**

കാർഷികജീവിതശൈലി അന്യവത്ക്കരിക്കപ്പെടുന്ന സമകാലിക യാഥാർത്ഥ്യത്തിൽ നിന്നുകൊണ്ട് കൃഷിയുടെ നല്ലപാഠങ്ങൾ വീണ്ടെടുക്കുകയും അവയെ സാഹിതീയമായി പരിശോധിക്കുകയും ചെയ്യുന്ന പ്രബന്ധസമാഹാരം. ഭാവിയിലെ കാർഷികവൃത്തി ഏപ്രകാരമായിരിക്കണമെന്ന ഉൾക്കാഴ്ചയാണ് ഈ പുസ്തകത്തെ വേറിട്ടു നിർത്തുന്നത്. കൃഷിയും സാഹിത്യവും എന്ന പരികൽപനയെ മുൻനിർത്തിയുള്ള 31 പ്രബന്ധങ്ങൾ ഈ ഗ്രന്ഥത്തിൽ ഉൾച്ചേർത്തിരിക്കുന്നു.

Published by
**Department of Printing and Publishing**
**Mahathma Gandhi University**

ISBN 978-93-80419-51-0

9789380419510

Literary Studies